# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 20, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1076/21

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 29
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 29
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 90

**II. അടിയന്തരപ്രമേയം**

പോലീസ് മർദ്ദനം
(അവതരണാനുമതി നിഷേധിച്ചു) - 443

**III ശ്രദ്ധ ക്ഷണിക്കൽ**

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി
-ശ്രീ. മാണി സി. കാപ്പൻ - 459
(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**IV മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, 2 [ചട്ടം 47(2)]` - 461
പ്രകാരമുള്ള കടലാസുകൾ

**V ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

പരിഗണനയ്ക്കെടുത്തില്ല.) - 473

**VI നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

` താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന

പ്രമേയവും അനന്തരഘട്ടങ്ങളും - 473

i) 2019- ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ - 473

ii) 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ - 473

**അനുബന്ധം I, II & III** - 483

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 നവംബർ 20, ബുധൻ*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 2019 നവംബർ മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *511

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ കെ.എസ്.യു. പ്രവർത്തകരുടെ മാർച്ചിനുനേരെയുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിൽ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യ്ക്ക് മർദ്ദനമേറ്റതിൽ പ്രതിഷേധിച്ച് പ്ലക്കാർഡുകളും ബാനറും പിടിച്ചുകൊണ്ട് യു.ഡി.എഫ്. അംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

**മലയാളത്തിന്റെ പ്രയോഗം വിപുലപ്പെടുത്താൻ പ്രവർത്തനങ്ങൾ**

1 (*511) ശ്രീ. ജോൺ ഫെർണാണ്ടസ്:

പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. എം. മുകേഷ്:

ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക ഭാഷയെന്ന നിലയിലും അദ്ധ്യയന ഭാഷയായും മലയാളത്തിന്റെ പ്രയോഗം വിപുലപ്പെടുത്താൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ഡിജിറ്റൈസേഷൻ ഉൾപ്പെടെയുള്ള നവീന സങ്കേതങ്ങൾ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിജ്ഞാന വ്യാപനം വിപുലീകരിക്കുന്നതിന് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെയും പ്രസിദ്ധീകരണശാലകളുടെയും സഹകരണത്തോടെ അന്താരാഷ്ട്ര പുസ്തകോത്സവം നടത്താൻ സാംസ്കാരിക വകുപ്പ് തയ്യാറാകുമോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത്തരം പുസ്തകങ്ങൾ ആവശ്യക്കാരിലേയ്ക്കെത്തിക്കുന്നതിന് ഓൺലൈൻ പുസ്തക വിപണനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ;

(ഇ)പ്രവാസികളായ കേരളീയരുടെ കുട്ടികളെ മാതൃഭാഷയിൽ പ്രാവീണ്യമുള്ളവരാക്കുന്നതിന് മലയാളം മിഷൻ നടത്തുന്ന പ്രവർത്തനം നിലവിൽ എത്ര രാജ്യങ്ങളിൽ ഉണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത മിഷന്റെ പ്രവർത്തന നേട്ടം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) മലയാളത്തെ ഔദ്യോഗിക ഭാഷയാക്കാനുള്ള ശ്രമങ്ങൾ 1957-ലെ ഇ. എം. എസ്. സർക്കാരിന്റെ കാലത്ത് തുടങ്ങി. ഇതിനായി കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായ അഞ്ചംഗ സമിതി രൂപീകരിച്ചു. സമിതിയുടെ റിപ്പോർട്ടിലെ നിർദ്ദേശം നടപ്പിലാക്കാൻ അന്നത്തെ സർക്കാരിന് സമയം കിട്ടിയില്ല. മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പ്രയാസങ്ങളും അവ തരണം ചെയ്യാനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിലുണ്ടായിരുന്നു.

1969-ൽ കേരള നിയമസഭ ഔദ്യോഗിക ഭാഷ ആക്ട് പാസ്സാക്കി. നിയമനിർമ്മാണത്തിന് അവതരിപ്പിക്കുന്ന ബില്ലുകൾ മലയാളത്തിലുംകൂടി ആയിരിക്കണമെന്ന് നിശ്ചയിച്ചു. 1985-ൽ കോടതിഭാഷ മലയാളമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായി സമിതി രൂപീകരിച്ചു. ...(ബഹളം)....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.. നിങ്ങൾ ഉന്നയിക്കുന്ന വിഷയമാണ് അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ശ്രീ. വി. ടി. ബൽറാം നോട്ടീസ് നൽകിയിട്ടുള്ളത്. അതുകൊണ്ട് ചോദ്യോത്തരവേളയോട് ദയവായി സഹകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു അംഗത്തെ പോലീസ് ഇന്നലെ ക്രൂരമായി തല്ലിച്ചതയ്ക്കുകയുണ്ടായി. അദ്ദേഹത്തിന്റെ തലപൊട്ടി ചോരയൊലിച്ചിട്ടും ആശുപത്രിയിലെത്തിച്ചില്ല. ഇങ്ങനെയൊരു സംഭവമുണ്ടാകുമ്പോൾ സഭയിൽ പ്രതിഷേധമുയരുന്നത് സ്വാഭാവികമാണ്. ഈ സഭയിലെ ഒരു അംഗമാണ് പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുന്നത്. ഇത് ഗൗരവതരമായ വിഷയമാണ്. അതുകൊണ്ട് ചോദ്യോത്തരവേള നിർത്തിവച്ച് ശ്രീ. വി. ടി. ബൽറാം നോട്ടീസ് നൽകിയിട്ടുള്ള അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: നമ്മുടെ സഭയിലെ ഒരു അംഗത്തിന് പരിക്കുപറ്റിയതറിഞ്ഞ് ഞാൻ അദ്ദേഹത്തെ നേരിൽ സന്ദർശിച്ച് സുഖവിവരങ്ങൾ അന്വേഷിക്കുകയും ബന്ധപ്പെട്ട ഡോക്ടർമാരുമായി സംസാരിക്കുകയും ചെയ്തിരുന്നു. ആ വിഷയം അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്, അതിന്റെ ഭാഗമായി ചർച്ച ചെയ്യാം. പക്ഷേ ചോദ്യോത്തരവേള നിർത്തിവയ്ക്കണമെന്ന് അങ്ങ് ആവശ്യപ്പെടരുത്, ദയവായി സഹകരിക്കണം. അടിയന്തരപ്രമേയം പരിഗണനയ്ക്കെടുക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയാണെങ്കിൽ ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നില്ല. ഇത് ശരിയായ നടപടിയല്ല.

(ചോദ്യോത്തരവേളയിൽ പങ്കെടുക്കാതെ യു.ഡി.എഫ്. അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി.)

ശ്രീ. എ. കെ. ബാലൻ: സർ, ഈ സമിതി 1987-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഇതിനകം ഭരണ ശബ്ദാവലി, ഭാഷയും ഭരണഭാഷയും, ഭരണഭാഷാ പ്രയോഗങ്ങൾ, ഭരണഭാഷാ പ്രശ്നങ്ങൾ, ഭരണഭാഷാ നിഘണ്ടു എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം 'ശ്രേയസ്സ്' എന്ന പേരിൽ ഭരണഭാഷാ മൊബൈൽ ആപ് വികസിപ്പിച്ചു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് അദ്ധ്യയന മാധ്യമം മലയാളമാക്കുന്നതിനും വൈജ്ഞാനിക സാഹിത്യം വികസിപ്പിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള

സി.എസ്.റ്റി.റ്റി.-യുടെ (കമ്മീഷൻ ഫോർ സയന്റിഫിക് & ടെക്നിക്കൽ ടെർമിനോളജീസ്) സാമ്പത്തിക സഹായത്തോടെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1968-ൽ സ്ഥാപിച്ചു. ശാസ്ത്ര സാങ്കേതിക പദങ്ങൾ പ്രാദേശിക ഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനുവേണ്ടി ഒരു മാർഗ്ഗരേഖയും സി.എസ്.റ്റി.റ്റി. നൽകിയിരുന്നു. ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ച ഒന്നാമത്തെ പുസ്തകം "വിജ്ഞാന ശബ്ദാവലി" ആയിരുന്നു. ഇതുവരെ 27 ശബ്ദാവലികളും (ഗ്ലോസറി) 39 നിഘണ്ടുകളും (ഡിക്ഷണറി) ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവ ഉപയോഗപ്പെടുത്തി കേരളത്തിലെ എഴുത്തുകാർ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലും സാമൂഹിക ശാസ്ത്ര, മാനവിക വിഷയങ്ങളിലും എഴുതിയ നിരവധി ഗ്രന്ഥങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൃഷി ശാസ്ത്രം, ആരോഗ്യ ശാസ്ത്രം, ഇലക്ട്രിക്കൽ ട്രേഡ് തിയറി, കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ വിഷയങ്ങളിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 300 പുസ്തകങ്ങളുടെ ഒന്നാം പതിപ്പും 500 പുസ്തകങ്ങളുടെ രണ്ടാം പതിപ്പുമുൾപ്പെടെ ആകെ 800 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്(...(.ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ്... ദയവായി ഇരിക്കു. ശ്രീ. അൻവർ സാദത്ത്, ഇരിക്കു. നിങ്ങളുടെ പ്രതിഷേധം പ്രകടിപ്പിച്ചല്ലോ. ....(ബഹളം....).

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പ്രശസ്ത ചരിത്രകാരൻ ഇർഫാൻ ഹബീബിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച പീപ്പിൾസ് ഹിസ്റ്ററി ഓഫ് ഇന്ത്യ എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷ, ഭാരത ജനചരിത്രം എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്. ഇതുവരെ ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിച്ച് പ്രസിദ്ധീകരിച്ച സർവ്വവിജ്ഞാനകോശത്തിന്റെ 17 വാല്യങ്ങളിൽ 15-ഉം ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ വായിക്കാം. (www.sarva.kerala.gov.in)

കേരളത്തിനായുള്ള ഒരു സമഗ്ര ജനകീയ വിജ്ഞാനകേന്ദ്രമായി ഇൻസ്റ്റിറ്റ്യൂട്ടിനെ പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി എന്നീ സ്ഥാപനങ്ങൾ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും പ്രദർശന-വില്പന മേളകൾ നടത്തുകയും ചെയ്യുന്നുണ്ട്. മലയാളം മിഷൻ, ബുക്ക് മാർക്ക് എന്നീ സ്ഥാപനങ്ങൾ വഴിയും പുസ്തക പ്രദർശനവും വിൽപ്പനയും നടത്തിവരുന്നു. പ്രധാന അക്കാദമിക് പുസ്തകമേളകളിൽ ഈ സ്ഥാപനങ്ങൾ പങ്കെടുക്കുന്നുണ്ട്. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ഒരു അന്താരാഷ്ട്ര പുസ്തകോത്സവം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) വൈജ്ഞാനിക പുസ്തകങ്ങൾ ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിനായി ഓൺലൈൻ പുസ്തക വിപണനത്തിനുള്ള നടപടികൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ചുകൊണ്ട് ഓൺലൈൻ പേമെന്റ് ഗേറ്റ് വേ തുടങ്ങിയിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമിയും ഓൺലൈൻ പുസ്തക വില്പനയ്ക്കുള്ള നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(ഇ) മലയാളം മിഷൻ നടത്തുന്ന പ്രവർത്തനം നിലവിൽ ഇന്ത്യയിൽ 16 സംസ്ഥാനങ്ങളിലും 31 വിദേശ രാജ്യങ്ങളിലുമാണുള്ളത്. ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ വിദേശത്ത് സിങ്കപ്പൂർ, ബഹ്റിൻ എന്നിവിടങ്ങളിലും ഇന്ത്യയിൽ നാല് സംസ്ഥാനങ്ങളിലും മാത്രമാണ് ഓരോ പഠന കേന്ദ്രമുണ്ടായിരുന്നത്.

പ്രവാസി കേരളീയരുടെ കുട്ടികൾക്കായി മലയാളം മിഷൻ കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നിങ്ങനെ 4 മലയാള ഭാഷാ കോഴ്സുകൾ നടത്തുന്നുണ്ട്. പഠനകേന്ദ്രങ്ങളിലെ അദ്ധ്യാപകർ അവധിക്ക് നാട്ടിലെത്തുമ്പോൾ കേരളത്തിൽവച്ചും അല്ലാത്തപ്പോൾ വീഡിയോ കോൺഫറൻസ് വഴിയും പരിശീലനം നൽകിവരുന്നു. പഠനകേന്ദ്രങ്ങൾക്ക് പ്രതിവർഷം 3000 രൂപ ധനസഹായവും നൽകിവരുന്നു.

ഇന്ത്യയിലും വിദേശത്തുമായി ആകെ 300 ലൈബ്രറികൾ സ്ഥാപിച്ചു. പ്രവാസി മലയാളികൾക്കായി ഭൂമി മലയാളം വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നുണ്ട്. മലയാളം മിഷന്റെ ആഭിമുഖ്യത്തിൽ ഇന്റർനെറ്റ് വഴി 'റേഡിയോ മലയാളം' എന്ന ചാനൽ ജനുവരി ഒന്നിന് ആരംഭിക്കും. ബാലസാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവൃത്തികളും നടന്നുവരുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിര് മാസികയുടെ നാല് പേജുകൾ മലയാളം മിഷനാണ് കൈകാര്യം ചെയ്യുന്നത്. തളിര് മാസിക കേരളത്തിന് പുറത്തുള്ള മലയാളം മിഷൻ വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്.

മലയാളം പഠിച്ചുതുടങ്ങിയ കുട്ടികൾക്ക് സഹായകമായ തരത്തിൽ പ്രത്യേകം തയ്യാറാക്കിയ 200 ലേണിംഗ് കിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട പഠനകേന്ദ്രങ്ങളിൽ വിതരണം നടത്തിയിട്ടുണ്ട്.

മലയാളം മിഷൻ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ച് സാഹിത്യ സാംസ്കാരിക വിഷയങ്ങളുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

2020 ജനുവരിയിൽ നോർക്ക, ലോക കേരളസഭ, ടൂറിസം വകുപ്പ് എന്നിവയുമായി സഹകരിച്ച് ലോക പ്രവാസി സാഹിത്യ സമ്മേളനം നടത്താൻ പദ്ധതിയുണ്ട്. നിലവിൽ സന്നദ്ധസേവകരായി പ്രവർത്തിക്കുന്ന മലയാളം മിഷൻ അദ്ധ്യാപകരിൽ എട്ടുവർഷം പൂർത്തിയാക്കിയവരെ ആദരിക്കാനും 5000 രൂപ ഓണറേറിയമായി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

2018-ൽ കേരളം നേരിട്ട പ്രളയത്തിന് പ്രവാസി മലയാളികളുടെ കുട്ടികളുടെ സഹായമായ 28.5 ലക്ഷം രൂപ മലയാളം മിഷന്റെ ചങ്ങാതിക്കുടുക്ക എന്ന പദ്ധതിയിലൂടെ മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. 2019-ലും പ്രസ്തുത പദ്ധതി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, മലയാള ഭാഷയുടെ വളർച്ചയും വികാസവും അനേക വർഷത്തെ പ്രക്രിയയിലൂടെയാണുണ്ടായിട്ടുള്ളത്. കേരളത്തിന്റെ വളർച്ചയ്ക്ക് മലയാള ഭാഷ വലിയ സംഭാവന നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ അതിനുവേണ്ടി പ്രവർത്തിച്ച നിരവധി സാംസ്കാരിക നവോത്ഥാന നായകന്മാരുമുണ്ട്. എഴുത്തുകാരുടെയും സാംസ്കാരിക-നവോത്ഥാന നായകരുടെയും സ്മരണയ്ക്കായി എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. അവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്താണ് നടന്നുവരുന്നത്; അതിന്റെ പുരോഗതിയെന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, കേരളത്തിന്റെ സാംസ്കാരിക ഉന്നമനത്തിനും കേരളത്തെ ഈ രൂപത്തിൽ മാറ്റിയെടുക്കുന്നതിനും വലിയ സംഭാവന നൽകിയ പ്രതിഭകളുണ്ടായിരുന്നു. അവരുടെയെല്ലാം പേരിൽ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഒരു പദ്ധതിയുണ്ടായിരുന്നു. അതിന്റെ ഭാഗമായി പതിനാല് ജില്ലകളിലും, തിരുവനന്തപുരം-അയ്യങ്കാളി, കൊല്ലം-ശ്രീനാരായണ ഗുരു, പത്തനംതിട്ട-ചട്ടമ്പിസ്വാമി, ആലപ്പുഴ-പി. കൃഷ്ണപിള്ള, കോട്ടയം-ലളിതാംബിക അന്തർജ്ജനം, ഇടുക്കി-അക്കാമ്മ ചെറിയാൻ, എറണാകുളം-സഹോദരൻ അയ്യപ്പൻ, തൃശ്ശൂർ-വള്ളത്തോൾ നാരായണ മേനോൻ, പാലക്കാട്-വി. ടി. ഭട്ടതിരിപ്പാട്, മലപ്പുറം-അബ്ദു റഹിമാൻ സാഹിബ്, കോഴിക്കോട് - വൈക്കം മുഹമ്മദ് ബഷീർ, വയനാട്-എടച്ചേന കുങ്കൻ, കണ്ണൂർ-വാഗ്ഭടാനന്ദൻ, കാസർഗോഡ്-സുബ്രഹ്മണ്യൻ തിരുമുമ്പ് എന്നിവരുടെ പേരിലാണ് കൾച്ചറൽ കോംപ്ലക്സ് പണിയാൻ തീരുമാനിച്ചത്. സ്ഥലം കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നു. പിന്നെ കുറച്ച് സാങ്കേതിക പ്രശ്നങ്ങളുമുണ്ട്. മൂന്ന് ജില്ലകളിലെ പ്രശ്നം പരിഹരിച്ചുകഴിഞ്ഞു. പാലക്കാട്, കൊല്ലം, കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള സ്ഥലങ്ങളിലൊക്കെ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഞ്ച് ഏക്കർ ഭൂമി

നമുക്ക് ആവശ്യമാണ്. കോഴിക്കോട് ജില്ലയിൽ കേരളത്തിന്റെ സാംസ്കാരിക വകുപ്പും ഷാർജ ഭരണാധികാരിയും ചേർന്ന് ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ എന്നൊരു വലിയ സംരംഭത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഷാർജ ഭരണാധികാരിയുമായി സംസാരിച്ചതിന്റെ ഭാഗമായി ഒരു വലിയ കൾച്ചറൽ സെന്ററിനും നവോത്ഥാന സാംസ്കാരിക സമുച്ചയത്തിനുമായി മുപ്പത് ഏക്കർ ഭൂമിക്കുള്ള ഫണ്ട് കിഫ്ബിയിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ട്. അവിടെയും ഈ പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ പേരിലായിരിക്കും ഈ കൾച്ചറൽ കോംപ്ലക്സ് അറിയപ്പെടുന്നത്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ഉച്ചാരണത്തിനുശേഷം ഭാഷയെ പ്രായോഗിക തലത്തിലേയ്ക്ക് എത്തിക്കുന്നത് അതിന്റെ ലിപി രൂപീകരണത്തോടെയായിരുന്നു. ലിപിയുണ്ടാകുന്നതിനുമുമ്പ് ചിത്രങ്ങളായിരുന്നു ആശയ സംവേദനത്തിന് ഉപയോഗിച്ചിരുന്നത്. കേരളത്തിന് സമ്പന്നമായൊരു ചിത്രകലാ സംസ്കാരമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചിത്രകലയെ കൂടുതൽ പ്രോത്സാഹിപ്പിക്കാനും ചിത്രങ്ങൾ വരയ്ക്കുന്നവർക്ക് കൂടുതൽ ജീവിത സുരക്ഷ ഉറപ്പുവരുത്താനും കഴിയുംവിധം വീടുകളിൽ ഒരു ചിത്രമെങ്കിലും എന്ന രീതിയിൽ Art at Home പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ആശുപത്രികളടക്കമുള്ള സ്ഥലങ്ങളിൽ ഇത്തരത്തിൽ ചിത്രങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കേരള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ ചിത്രകലാ സംസ്കാരം സംരക്ഷിക്കുന്നതിനും ജനകീയമാക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കലാ-കരകൗശല രംഗത്ത് ലോകശ്രദ്ധ നേടിയ നിരവധി ഉല്പന്നങ്ങൾ പല ഗ്രാമങ്ങളിലും ഉല്പാദിപ്പിക്കുന്നുണ്ട്. ആറന്മുള കണ്ണാടി, കഥകളി കിരീടം തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടതാണ്. കരകൗശല പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന മിക്കവാറും ആളുകളുടെ ജീവിതം ദുരിതപൂർണ്ണമാണെന്ന് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ട്. ഇവരുടെ കരകൗശല പാരമ്പര്യങ്ങളെ സംരക്ഷിക്കുക, കലാകാരൻമാർക്ക് ഉപജീവന മാർഗ്ഗമുണ്ടാക്കിക്കൊടുക്കുക എന്നീ ഉദ്ദേശ്യത്തോടെയാണ് 'ഗ്രാമീണ കലാ കേന്ദ്രം അഥവാ കലാകാരൻമാരുടെ ഉപജീവനം' എന്ന പദ്ധതി നടപ്പിലാക്കുന്നത്. അതിനായി 20 പൈതൃക ഗ്രാമങ്ങളെയും രണ്ടായിരത്തിലധികം ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തിട്ടുണ്ട്. ത്രിപുര, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ദ്ധൻമാരുടെ നേതൃത്വത്തിൽ ഇവർക്ക് പരിശീലനം നൽകുകയാണ്. കാര്യശേഷി പരിപോഷണം നടത്തുക, കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക, ഉല്പന്ന പ്രദർശനം നടത്തുക ഇവയെല്ലാമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി മൂന്ന് കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. 17 പൈതൃക ഗ്രാമങ്ങളുടെ പ്രവർത്തനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

പ്രൊഫ. കെ. യു. അരുണൻ: സർ, KSFDC(Kerala State Film Development Corporation)-ക്ക് നിലവിൽ എത്ര തിയേറ്ററുകളാണുള്ളത്; പുതിയതായി എത്രയെണ്ണം നിർമ്മിക്കാനാണ് പദ്ധതിയിടുന്നത്? നാടകവും സിനിമയുമൊക്കെ വളരെ പെട്ടെന്ന് മനുഷ്യരെ ആകർഷിക്കാനും വിപ്ലവകരമായ ആശയങ്ങൾ അവരിലേയ്ക്ക് പകർത്തിക്കൊടുക്കാനും അതുവഴി സാമൂഹികമായ വിപ്ലവത്തിന് ചെറിയ രൂപത്തിലാണെങ്കിൽപ്പോലും നേതൃത്വം നൽകാനും ഉപകരിക്കുന്നവയാണ്. നമ്മുടെ സർക്കാർപോലും വാസ്തവത്തിൽ പഴയകാലത്തെ നാടകങ്ങളിൽനിന്ന് അങ്ങേയറ്റം ഊർജ്ജം ഉൾക്കൊണ്ടുകൊണ്ടുണ്ടായിട്ടുള്ളതാണ്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി', കെ. ദാമോദരന്റെ 'പാട്ട ബാക്കി', പഴയകാലത്തെ കൊച്ചീപ്പൻ തരകന്റെ 'മറിയാമ്മ' എന്നീ നാടകങ്ങൾ മലയാളികളിൽ സാംസ്കാരിക അവബോധം സൃഷ്ടിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. നാടകങ്ങൾക്കുള്ള തിയേറ്റർ എന്ന രൂപത്തിലല്ല; അത് ഷേക്സ്പിയർ തിയേറ്ററാകാം അല്ലെങ്കിൽ സിനി തിയേറ്ററാകാം. അത്തരത്തിൽ ഉൾനാടൻ പ്രദേശങ്ങളിൽ തിയേറ്ററുകൾ സ്ഥാപിക്കാനോ നിലവിലുള്ള തിയേറ്ററുകളിൽ പ്രദർശനങ്ങൾ സംഘടിപ്പിക്കാനോ സർക്കാരിന് പദ്ധതിയുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഗ്രാമങ്ങളിലെ പഴയ തിയേറ്ററുകൾ ഗ്രാമീണ കൂട്ടായ്മയുടെ കേന്ദ്രങ്ങളായിരുന്നു. സിനിമ കാണാൻ ആളുകൾ ഇല്ലാത്തതുകൊണ്ടല്ല, മറ്റുപല കാരണങ്ങളാൽ ആ തിയേറ്ററുകൾ ഇല്ലാതായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ 17 തിയേറ്ററുകളാണുണ്ടായിരുന്നത്. അതിനുപുറമെ പത്ത് തിയേറ്ററുകൾകൂടി ഈ വർഷം ആരംഭിക്കാൻ പോകുകയാണ്. കായംകുളത്ത് മൂന്ന് സ്ക്രീനോടുകൂടിയ ഒരു തിയേറ്ററും തൃശ്ശൂർ അളഗപ്പ നഗർ, കോഴിക്കോട് പേരാമ്പ്ര, കണ്ണൂർ പയ്യന്നൂർ എന്നിവിടങ്ങളിൽ രണ്ട് സ്ക്രീനോടുകൂടിയ ഓരോ തിയേറ്ററും ആരംഭിക്കാൻ പോകുകയാണ്. ഇതുപോലെയുള്ള അഞ്ച് തിയേറ്ററുകളുടെകൂടി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ചെങ്ങന്നൂർ, ഒറ്റപ്പാലം, താനൂർ, നെയ്യാറ്റിൻകര, വൈക്കം എന്നിവിടങ്ങളിൽ രണ്ട് സ്ക്രീൻ വീതമുള്ള തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് 100 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ആരംഭിക്കും. എന്നാൽ കുറഞ്ഞത് 500 തിയേറ്ററുകളെങ്കിലും ഗ്രാമപ്രദേശങ്ങളിൽ ആവശ്യമാണ്. ഇതിന് വലിയ ഡിമാന്റാണുള്ളത്. നാടകത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ശക്തമായ നടപടികളാണ് സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടക്കുന്നത്. ഞാൻ അക്കാര്യങ്ങൾ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. മറ്റേതൊരു കാലഘട്ടത്തിലും കാണാൻ കഴിയാത്ത വിധത്തിൽ നാടകത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എം. മുകേഷ്: സർ, ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നത് കലാ-സാംസ്കാരിക പ്രവർത്തകരാണ്. ഒരു വരി കഥയെഴുതുന്നതിനോ ഒരു ഡയലോഗ് പറയുന്നതിനോ മുമ്പ് ഇത് ആരെയെങ്കിലും വ്രണപ്പെടുത്തുമോ, ഇതിന്റെ ഭാവിയെന്താകും എന്ന് നൂറുപ്രാവശ്യം അവർ ആലോചിക്കേണ്ടിവരുന്നു. ആ സാഹചര്യത്തിൽ വർഗ്ഗീയതയുടെ പേരിലുള്ള വിദ്വേഷവും അസഹിഷ്ണുതയും വളരുന്ന ഇക്കാലത്ത് അതിനെതിരായ പ്രചാരണത്തിന് സാംസ്കാരിക വകുപ്പിന് വലിയ പങ്കുവഹിക്കാൻ കഴിയും. വർഗ്ഗീയതയ്ക്കും അസഹിഷ്ണുതയ്ക്കുമെതിരെ ജനമനസ്സ് ഉണർത്താൻ സാംസ്കാരിക വകുപ്പ് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്?

ശ്രീ. എ. കെ. ബാലൻ: സർ, 'ജാതിയില്ലാ വിളംബര'ത്തിന്റെ നൂറാം വാർഷികത്തിൽ 6600 ലൈബ്രറികൾ മുഖേന ഏഴ് ലക്ഷം ജനങ്ങളിലേയ്ക്കാണ് ശ്രീനാരായണഗുരുവിന്റെ സന്ദേശമെത്തിച്ചത്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ടതാണ് 'രക്തസാക്ഷ്യം'. അതിന് വേണ്ടത്ര പ്രചാരണം ലഭിച്ചില്ലെങ്കിലും മഹാത്മാഗാന്ധി സന്ദർശിച്ച സ്ഥലങ്ങളിലെ ആയിരക്കണക്കിന് ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ടാണ് മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം ആചരിച്ചത്. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികവുമായി ബന്ധപ്പെട്ട് ശബരി ആശ്രമത്തിൽ, നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിനും നവോത്ഥാന പ്രക്രിയയിലും വളരെയധികം സംഭാവന നൽകിയ പാലക്കാട് ജില്ലയിലെ ഒലവക്കോടുള്ള ശബരി ആശ്രമത്തിൽ മൂന്ന് പ്രാവശ്യം മഹാത്മാഗാന്ധി വന്നിട്ടുണ്ട്. കസ്തൂർബാ ഗാന്ധിയോടൊപ്പം വന്ന് അവിടെ താമസിച്ചിട്ടുണ്ട്. അതൊക്കെ ചരിത്രത്തിന്റെ ഭാഗമായി തോന്നാത്ത രൂപത്തിൽ അസ്തമിച്ചുപോയിരിക്കുകയാണ്. അവിടെ 5 കോടി രൂപ ചെലവിൽ ഗാന്ധിസ്മൃതിക്ക് രൂപം കൊടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അതുപോലെ രബീന്ദ്രനാഥ ടാഗോറിന്റെ 'ഗീതാഞ്ജലി'യുടെ നൂറാം വാർഷികവുമായി ബന്ധപ്പെട്ട് സാംസ്കാരിക വിനിമയ പരിപാടി ശാന്തിനികേതന്റെ സഹായത്തോടുകൂടി നടത്തുകയാണ്. അവിടെയുള്ള കലാകാരൻമാർ ഇവിടെ വരികയും ഇവിടെയുള്ള കലാകാരൻമാർ അവിടെ പോകുകയും ചെയ്യും. ഈ രൂപത്തിൽ ഇത്തരം വേദികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ, ആശയതലത്തിൽ വർഗ്ഗീയതയ്ക്കും തെറ്റായ ചിന്താഗതിക്കുമെതിരായ പോരാട്ടം ശക്തിപ്പെടുത്തിയേ മതിയാകൂ. കേവലം രാഷ്ട്രീയ പ്രവർത്തനംകൊണ്ടുമാത്രം നേരിടാൻ കഴിയുന്ന പ്രശ്നങ്ങളും പ്രതിസന്ധികളുമല്ല നമ്മുടെ മുമ്പിലുള്ളതെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ വേദികളെ പരിപൂർണ്ണമായി ഉപയോഗിക്കുന്നതിന് അതിശക്തമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, മലയാള ഭാഷയുടെ പ്രചോദനത്തിനുവേണ്ടി മലയാളം മിഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സന്നദ്ധ സേവകരായി പ്രവർത്തിക്കുന്നവർക്ക് 5000 രൂപ ഓണറേറിയം നിശ്ചയിച്ചത് അഭിനന്ദനീയമാണ്. മലയാളം മിഷന്റെ നേതൃത്വത്തിൽ സ്കൂൾ മേഖലയിൽ വിപുലമായ പരിപാടികൾ നടത്താൻ ഉദ്ദേശമുണ്ടോ; ഗവൺമെന്റ് വളരെ മാതൃകാപരമായി ആവിഷ്കരിച്ച 'വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിലെ കലാകാരൻമാരെക്കൂടി മലയാള ഭാഷയുടെ പ്രചോദനത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയുമോ; അതിന് പദ്ധതിയുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, മലയാളം മിഷന്റെ പ്രവർത്തനം ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ നാല് സംസ്ഥാനങ്ങളിലും രണ്ട് വിദേശ രാജ്യങ്ങളിലും മാത്രമേ മലയാളം മിഷൻ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ഇന്ത്യയിലെ 16 സംസ്ഥാനങ്ങളിലും 31 വിദേശ രാജ്യങ്ങളിലും മലയാളം മിഷന്റെ പ്രവർത്തനം സജീവമായി നടക്കുകയാണ്. കാൽ ലക്ഷത്തോളം കുട്ടികളാണ് ഇപ്പോൾ അതിൽ പഠിതാക്കളായിട്ടുള്ളത്. വിദേശത്ത് ആവേശോജ്ജ്വലമായ സ്വീകരണമാണ് മലയാളം മിഷന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിന്റെ എല്ലാ ഭാഗത്തും, മലയാളി എവിടെയുണ്ടോ അവിടെയെല്ലാം മലയാളം മിഷന്റെ പ്രവർത്തനം ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വജ്ര ജൂബിലി ഫെലോഷിപ്പുമായി ബന്ധപ്പെട്ടുള്ള ഒരു പ്രശ്നം നമുക്കറിയാം. വിവിധ കലകളുമായി ബന്ധപ്പെട്ട പഠനം പൂർത്തിയാക്കി പുറത്തുവരുന്ന പ്രതിഭകളുടെ മാനസികാവസ്ഥ ഊഹിക്കാൻപോലും കഴിയാത്തതാണ്. ഒരുനേരത്തെ കഞ്ഞിക്കുള്ള വകപോലും അവർക്കില്ല. അത് മനസ്സിലാക്കിക്കൊണ്ട് ആയിരം കലാകാരൻമാരെ തെരഞ്ഞെടുത്ത് വജ്ര ജൂബിലി ഫെലോഷിപ്പ് നടപ്പിലാക്കി ഓരോരുത്തർക്കും 15,000 രൂപ വീതം ഓണറേറിയം നൽകുകയാണ്. ഏതാണ്ട് 46 കലാരൂപങ്ങളിൽ ഇവരിപ്പോൾ പരിശീലനം നൽകുന്നുണ്ട്. ആറ് പേരടങ്ങുന്ന 170 ക്ലസ്റ്ററുകളാക്കി വീതിച്ച് ഓരോ പ്രദേശത്തെയും ക്ലാസ്സിക്/ലളിതകലയുമായി ബന്ധപ്പെട്ട് താല്പര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുകയാണ്. അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് പാസ്സായിട്ടുള്ള കുട്ടികൾക്ക് വജ്ര ജൂബിലി ഫെലോഷിപ്പ് നൽകുന്ന പദ്ധതി ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അതുമായി ഗവൺമെന്റ് മുന്നോട്ടുപോകും. ഈ മേഖലയിലെ നിരാശരായ പ്രതിഭകൾക്ക് ഇത് വലിയ ആശ്വാസമായിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ഒരു നേട്ടമാണിത്. ഇന്ത്യയിൽ ഒരു സ്ഥലത്തും ഇത്തരത്തിലുള്ള ഫെലോഷിപ്പ് നൽകുന്നില്ല.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, മലയാള ഭാഷയുടെ പ്രയോഗം വിപുലപ്പെടുത്താൻ സർക്കാർ നടത്തുന്ന ശ്രമം വളരെ ശ്ലാഘനീയമാണ്. ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വിസ്മയകരമായ പുരോഗതി കൈവരിച്ചുകൊണ്ട് സമൂഹം മുന്നേറുകയാണ്. ഈ കാലഘട്ടത്തിൽ പ്രവാസികൾക്ക് മലയാള ഭാഷാ പഠനം എളുപ്പമാക്കുന്നതിന് ഒരു ലേണിംഗ് ആപ്പ് വികസിപ്പിച്ചെടുക്കുന്നതിന് മലയാളം മിഷൻ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ലേണിംഗ് ആപ്പുമായി ബന്ധപ്പെട്ട് പൂക്കാലം വെബ് മാഗസിൻ, ഭൂമി മലയാളം വാർത്താ പത്രിക, സുവനീർ ഷോപ്പ്, മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ്, റേഡിയോ മലയാളം എന്നിവയെല്ലാമടങ്ങുന്ന മൊബൈൽ ആപ്പ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത മാസംതന്നെ ബന്ധപ്പെട്ട എല്ലാവർക്കും ഉപയോഗിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതിന്റെ ഭാഗമായിത്തന്നെയാണ് ലേണിംഗ് ആപ്പിന് മലയാളം മിഷൻ ഇപ്പോൾ രൂപം നൽകിയത്. ഏറ്റവും ശ്രദ്ധേയമായ ഒരു സംരംഭമാണിത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, 1819-ൽ .....(ബഹളം.).... നിങ്ങൾ പറയുന്നത് ന്യായമാണ്. എന്നെയൊന്ന് പറയാൻ അനുവദിക്കു. ഞാൻ നിങ്ങൾക്ക് അനുകൂലമാണ്; മര്യാദകേടാണ് അവർ നടത്തിയത്. പോലീസിന്റെ ആക്രമണം തെറ്റാണ്; പക്ഷേ എന്നെ പറയാൻ അനുവദിക്കു.

<u>മി. സ്പീക്കർ</u>: ഉച്ചഭാഷിണി അങ്ങയുടെ കയ്യിലാണ്. അങ്ങ് പറയുന്നതാണ് കേൾക്കുന്നത്. അങ്ങ് പറയൂ.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, 1819-ലാണ് ആദ്യമായി കാർട്ടൂൺ മലയാളത്തിലുണ്ടായത്. ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ള കാർട്ടൂണിസ്റ്റുകളും നമ്മുടെ സഭയിലുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നും പറഞ്ഞില്ല. ഇവിടെ മലയാളം നന്നാക്കുന്നതിനുവേണ്ടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ട്. അതിൽ 'ഇൻസ്റ്റിറ്റ്യൂട്ട്' എന്നത് ഇംഗ്ലീഷ് വാക്കല്ലേ? വിജ്ഞാനവുമായി ബന്ധപ്പെട്ട് ഒട്ടേറെ സ്ഥാപനങ്ങൾ ഓരോ ഗവൺമെന്റും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇതെല്ലാംകൂടി ഒരു കുടക്കീഴിലാക്കാനുള്ള നടപടികളെപ്പറ്റി ആലോചിക്കണ്ടേ? മലയാളം വാക്കുകൾ ഏറ്റവും കൂടുതൽ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന ഒരാളാണ് ശ്രീ. എം. എ. ബേബി. അദ്ദേഹം 'സുഹൃത്ത്' എന്നതിന് 'സഹബഞ്ചൻ' എന്നും 'വണ്ടി' എന്നതിന് 'യന്ത്രശകടം' എന്നുമാണ് പറയുന്നത്. അതെന്ത് മലയാളമാണ്? നമുക്ക് പരിചിതമായ ഇംഗ്ലീഷ് വാക്കുകൾകൂടി മലയാളത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

മി. സ്പീക്കർ: ഇപ്പോൾത്തന്നെ അങ്ങനെയല്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, ഇപ്പോൾ ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ, ചിത്രകലയെയും വാസ്തുകലയെയും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള ശ്രദ്ധേയമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മലയാള ഭാഷാ വ്യാപനത്തിന്റെ ഭാഗമായി 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ. എം. എസ്.-ന്റെ ഗവൺമെന്റാണ് ആദ്യമായി ഔദ്യോഗിക ഭാഷാ സമിതിയെ ഇതിനുവേണ്ടി നിയമിച്ചത്. അതിനെത്തുടർന്നാണ് ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. ഇതുമായി ബന്ധപ്പെട്ട് കോടതി ഭാഷയും മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും അത് പൂർണ്ണതയിലെത്തിക്കാൻ സാധിച്ചിട്ടില്ല. എല്ലാ തലങ്ങളിലും മലയാള ഭാഷ എത്തിക്കുകയെന്നത് ശ്രമകരമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 343 പ്രകാരം ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഭാഷ ഇംഗ്ലീഷ് തന്നെയായിരിക്കണമെന്നത് നിർബന്ധമാണ്. പക്ഷേ സബോർഡിനേറ്റ് കോടതിയുടെ ഭാഷ മലയാളമാക്കുന്നതിന് യാതൊരു തടസ്സവുമില്ല. 1985-ൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ രൂപംകൊണ്ട് ഇത്രയും വർഷം കഴിഞ്ഞിട്ടും അത് നമുക്ക് പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇപ്പോൾ റിവ്യൂ നടത്തിക്കൊണ്ടിരിക്കുകയാണ്. സാങ്കേതിക പദങ്ങൾ മലയാളത്തിലാക്കുന്നതും ഔദ്യോഗിക ഭാഷാ സംരക്ഷണവുമായും ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പിന്റെ കീഴിൽ വലിയ പരിശ്രമം ആരംഭിച്ചിട്ടുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തുന്നത്.

മി. സ്പീക്കർ: ഉപയോഗിച്ചുപയോഗിച്ച് മലയാളമായിത്തീർന്ന ഇംഗ്ലീഷ് വാക്കുകളുണ്ട്. അത് ഇനി തിരിച്ചുവയ്ക്കാൻ കഴിയുമോ; 'switch' എന്നതിന് 'വൈദ്യുതഗമനാഗമനനിയന്ത്രണ യന്ത്രം' എന്നുപറയാൻ സാധിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ചില കാര്യങ്ങളിൽ ഇംഗ്ലീഷ് വാക്കുകളാണ് ഉപയോഗിക്കാൻ എളുപ്പം. മലയാളവൽക്കരണത്തിന്റെ പേരിൽ യാന്ത്രികമായ തീരുമാനങ്ങളെടുക്കാതെ യാഥാർത്ഥ്യബോധത്തോടുകൂടി നീങ്ങുന്നതായിരിക്കും നല്ലത്. നമുക്ക് പൊതുവിൽ സ്വീകരിക്കാൻ പറ്റുന്ന ചില വാക്കുകളെ ഡിസ്റ്റർബ് ചെയ്യാതിരിക്കുന്നതായിരിക്കും നല്ലത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട പി. സി. ജോർജിന്റെ ആശയക്കുഴപ്പം സംബന്ധിച്ച് പറയാനുണ്ട്. വാക്കുകൾ എല്ലാ ഭാഷകളിലുമുണ്ട്. ബഞ്ച്, ഡെസ്ക് തുടങ്ങിയ ഇംഗ്ലീഷ് വാക്കുകളെല്ലാം ഇപ്പോൾ മലയാളമാണ്. 'ശകടം' എന്നത് സംസ്കൃത വാക്കാണ്.

അതുകൊണ്ട് വാഹനം എന്നുപറഞ്ഞാൽ മതി. മലയാള ഭാഷയെ നമ്മൾതന്നെ ആക്ഷേപിക്കരുത്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട 60 ഭാഷകളിലൊന്നാണ് മലയാളം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുൾപ്പെടെ അദ്ധ്യയന മാധ്യമം മലയാളമാക്കുന്നതിനെക്കുറിച്ച് നേരത്തെതന്നെ ആലോചിച്ചെന്ന് പറഞ്ഞു. പക്ഷേ, നമ്മുടെ പൊതുവിദ്യാലയങ്ങളൊക്കെ നല്ലരീതിയിൽ മുന്നേറുമ്പോൾപ്പോലും അവ ഇംഗ്ലീഷ് മീഡിയത്തിലേയ്ക്ക് മാറാനുള്ള പ്രവണതയുണ്ട്. ലോകത്ത് സ്വന്തം മാതൃഭാഷയിലല്ലാതെ സ്കൂൾ വിദ്യാഭ്യാസം നടക്കുന്നത് പഴയ കൊളോണിയൽ ഭരണത്തിന്റെ ജീർണ്ണബോധം പേറുന്ന ഇന്ത്യയും അപ്പുറത്ത് പാകിസ്ഥാനും ബംഗ്ലാദേശും പോലുള്ള ചെറിയ രാജ്യങ്ങളിൽ മാത്രമാണ്. അങ്ങേയ്ക്കും അറിയാം. ലാറ്റിൻ അമേരിക്ക സന്ദർശിക്കാൻ നമ്മൾ ഒരുമിച്ച് ഒരു ഘട്ടത്തിൽ പോയിരുന്നു. അവിടത്തെ മുഴുവൻ ആളുകളുടെയും ഭാഷ സ്പാനിഷാണ്. ഇംഗ്ലീഷ് ഭാഷ കൊണ്ടൊന്നും ഒരു രക്ഷയുമുണ്ടായിട്ടില്ല. അതുപോലെ രണ്ടാം ലോക മഹായുദ്ധത്തിൽ തകർന്നുപോയ ജപ്പാൻ കുതിച്ചുയർന്നത് ജാപ്പനീസ് ഭാഷ ഉപയോഗിച്ചാണ്. ചൈന മുന്നേറുന്നത് ചൈനീസ് ഭാഷയിലാണ്. അമേരിക്കയിൽ അമേരിക്കൻ ഇംഗ്ലീഷാണ്. ഫ്രാൻസിൽ ഫ്രഞ്ച് ഭാഷയാണ്. ജർമനിയിൽ ജർമൻ ഭാഷയാണ്. എന്തുകൊണ്ടാണ് മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്യുന്നതെന്ന് നമുക്ക് അറിയാം. ചിന്തയുടെ മൗലികത എന്നുപറഞ്ഞാൽ മൗലികമായ ചിന്തയാണ്, അത് രൂപപ്പെടണമെങ്കിൽ നമ്മൾ സ്വപ്നം കാണുന്ന, ചിന്തിക്കുന്ന, ഇടപഴകുന്ന ചുറ്റുപാടുമുള്ള ഭാഷയിൽവേണം വിദ്യാഭ്യാസം നേടേണ്ടത്. മാതൃഭാഷയിലല്ലാതെ സ്കൂൾ വിദ്യാഭ്യാസം നടത്തുന്ന വൈകൃതം ഇവിടെയുണ്ട്. അതുകൊണ്ട് സ്കൂൾ വിദ്യാഭ്യാസത്തിൽ മാതൃഭാഷ നിർബന്ധമാക്കണം. ശാസ്ത്രം, സാങ്കേതികവിദ്യ, നിയമം എന്നിവയിലൊക്കെ മലയാളഭാഷയുടെ പദസമ്പത്ത് മെച്ചപ്പെടുത്തുന്നതിനാണ് സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. ആ മേഖലയിൽ അതിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം മുന്നോട്ടുപോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. അധിനിവേശത്തിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് വന്നതാണ് ഇംഗ്ലീഷ് ഭാഷ. മലയാളത്തെ എങ്ങനെയാണ് അത് നശിപ്പിച്ചതെന്ന് നമുക്കറിയാം. അതിന്റെ അർത്ഥം ഏതെങ്കിലുമൊരു ഭാഷയോട് വെറുപ്പുണ്ടെന്നല്ല. എല്ലാ ഭാഷകളും പഠിക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യണം. അതോടൊപ്പം മലയാളത്തെ നശിക്കാനും അനുവദിച്ചുകൂടാ. ഇതിന്റെ ഭാഗമായാണ് മലയാള ഭാഷാ സംരക്ഷണവുമായി ബന്ധപ്പെട്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധേയമായ പ്രവർത്തനം

നടത്തിക്കൊണ്ടിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് അദ്ധ്യയന മാധ്യമം മലയാളമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് വൈജ്ഞാനിക സാഹിത്യം ഉല്പാദിപ്പിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ നടപടികൾ ഇപ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നത്. ഇക്കാര്യങ്ങളൊക്കെ നേരത്തെ ഞാൻ വിശദീകരിച്ചതാണ്. സഭയിലെ ബഹളംകാരണം ബഹുമാനപ്പെട്ട അംഗം കേൾക്കാത്തതായിരിക്കും. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് 1961-ലാണ് ആരംഭിച്ചത്. 1972-ലാണ് അതിന്റെ ഒന്നാം വാല്യം പ്രസിദ്ധീകരിച്ചത്. ഇതുവരെ ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിച്ച് പ്രസിദ്ധീകരിച്ച സർവ്വവിജ്ഞാനകോശത്തിന്റെ 17 വാല്യങ്ങളിൽ 15 എണ്ണവും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. അവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ വായിക്കാൻ കഴിയും. സ്വരങ്ങളും വ്യഞ്ജനങ്ങളും കൂടി 56 അക്ഷരങ്ങളാണുള്ളത്. ഓരോ അക്ഷരത്തിന്റെയും പിരിവുകൾ ഉൾക്കൊണ്ടു കൊണ്ടുള്ള സർവ്വവിജ്ഞാനകോശം ഇപ്പോൾ പൂർത്തീകരിച്ചുകഴിഞ്ഞു. സ്വരങ്ങളുടേത് പൂർത്തിയായി, വ്യഞ്ജനവുമായി ബന്ധപ്പെട്ട് 'പ' വരെ എത്തിയിട്ടുണ്ട്. ശ്രമകരമായ ജോലിയാണ് ഇപ്പോൾ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് നടത്തിക്കൊണ്ടിരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവും ഏറ്റവും നന്നായി പോകുകയാണ്. അതുമായി ബന്ധപ്പെട്ട ആളുകൾ ഇതിൽ പരിപൂർണ്ണമായി കേന്ദ്രീകരിക്കുന്നുണ്ട്. ഇതിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ മലയാളീകരിക്കാത്ത മേഖലകളിലേയ്ക്ക് പ്രത്യേകിച്ച് ഐ.ടി., കമ്പ്യൂട്ടർ സയൻസ്, നാനോ ടെക്നോളജി, നിയമം എന്നീ മേഖലകളിൽ മലയാളത്തിന്റേതായ വാക്കുകളില്ല. അതുകൊണ്ട് അവ മലയാളീകരിക്കുന്നതിന് ഈ സ്ഥാപനങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, മലയാള ഭാഷയുടെയും കലകളുടെയും ഒരു സുവർണ്ണ കാലഘട്ടമാണിത്. ഇക്കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന സവിശേഷ താല്പര്യത്തിന് പ്രത്യേക അഭിനന്ദനം അറിയിക്കുകയാണ്. കേരളത്തിൽ പി.എസ്.സി. പരീക്ഷകൾ മലയാളത്തിൽ എഴുതാൻ സൗകര്യമുണ്ടാക്കുകയെന്നത് ഭാഷാപ്രേമികളുടെയും മലയാളികളുടെയും ആവശ്യമാണ്. ഏതൊക്കെ പി.എസ്.സി. പരീക്ഷകളാണ് മലയാളത്തിൽ എഴുതാൻ അവസരം കൊടുക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? കെ.എ.എസ്. ഉൾപ്പെടെയുള്ള എല്ലാ പരീക്ഷകളും മലയാളത്തിൽ എഴുതാനുള്ള അവസരമുണ്ടാകണം. ചില സാങ്കേതിക പദങ്ങൾക്ക് അനുയോജ്യമായ മലയാള വാക്ക് കണ്ടെത്താൻ കഴിയുന്നില്ല എന്നുപറഞ്ഞ് ചില പരീക്ഷകൾ ഇപ്പോഴും ഇംഗ്ലീഷിൽത്തന്നെ എഴുതണമെന്നൊരു വാശി പി.എസ്.സി.-യുടെ ഭാഗത്തുനിന്നുമുണ്ടാകുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പ്ലസ് ടു അടിസ്ഥാന യോഗ്യതയുള്ള പി.എസ്.സി. പരീക്ഷകളെല്ലാം ഇപ്പോൾ മലയാളത്തിൽത്തന്നെയാണ് നടത്തുന്നത്. ഗ്രാജുവേഷൻ അടിസ്ഥാന യോഗ്യതയുള്ള പരീക്ഷകൾ ഇപ്പോഴും ഇംഗ്ലീഷിലാണ് നടത്തുന്നത്. അതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പ്രശ്നങ്ങൾ ഗവൺമെന്റ് വളരെ ഗൗരവത്തിൽ പരിശോധിച്ചു. ഗ്രാജുവേഷൻ അടിസ്ഥാന യോഗ്യതയുള്ള പരീക്ഷകൾക്ക് മലയാളത്തിൽക്കൂടി ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. പോലെയുള്ള ഓട്ടോണമസ് സ്ഥാപനങ്ങളുടെമേൽ ഒന്നും അടിച്ചേൽപ്പിക്കാൻ നമുക്ക് സാധിക്കില്ല. അവർക്ക് അവരുടേതായ ന്യായങ്ങളുണ്ട്. പ്രത്യേകിച്ച്, വളരെ സ്വകാര്യമായി ചെയ്യേണ്ട ഒരു പ്രക്രിയയാണ് പി.എസ്.സി.-യുടെ ചോദ്യപേപ്പർ തയ്യാറാക്കൽ. അത് ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേയ്ക്ക് മാറ്റുമ്പോൾ സ്വാഭാവികമായും ട്രാൻസിലേഷൻ വേണ്ടിവരും. അതിന്റെ സ്വകാര്യത ഏതെല്ലാം രൂപത്തിൽ ചോദ്യം ചെയ്യപ്പെടുമെന്നുള്ള ആശങ്കയുണ്ട്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടുതന്നെ ഗ്രാജ്യുവേഷൻ അടിസ്ഥാന യോഗ്യതയുള്ള പരീക്ഷകൾ മലയാളത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വൈസ് ചാൻസലർമാരുടെയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ യോഗം വിളിച്ചുചേർത്തു. ഇതുസംബന്ധിച്ച് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള ശക്തമായ ഇടപെടലുകളാണ് ഇപ്പോൾ ഗവൺമെന്റ് നടത്തുന്നത്. ഇത് ഒറ്റയടിക്ക് യാന്ത്രികമായി നടപ്പിലാക്കാൻ കഴിയില്ല. ഘട്ടംഘട്ടമായി എല്ലാ പരീക്ഷകളും മലയാളത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കും.

<u>ശ്രീ. എം. സ്വരാജ്</u>: ബഹുമാനപ്പെട്ട സ്പീക്കർ, കൊളോണിയൽ വാഴ്ചയുടെ ചരിത്രമുള്ള എല്ലാ പ്രദേശങ്ങളിലും ഭാഷയിലെന്നപോലെ സ്ഥലനാമങ്ങളിലും കൊളോണിയൽ സ്പർശം കാണാൻ സാധിക്കും. എന്നാൽ ഈ പുതിയ കാലത്ത് അത്തരത്തിലുള്ള എല്ലാ രൂപഭാവങ്ങളെയും കഴുകിക്കളയാനാണ് ലോകത്തെല്ലായിടത്തും ശ്രമം നടക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണം ദക്ഷിണാഫ്രിക്ക തന്നെയാണ്. കൊളോണിയൽ കാലത്ത് ചാർത്തിക്കൊടുത്ത സ്ഥലപ്പേരുകളെല്ലാം മാറ്റി അവരുടെ യഥാർത്ഥ പേരുകൾ വീണ്ടെടുക്കുകയാണ്. നമ്മുടെ രാജ്യത്തും അത്തരത്തിലുള്ള ഒരുപാട് നീക്കങ്ങൾ നടന്നിട്ടുണ്ട്. സമീപ സംസ്ഥാനങ്ങളുടെയും തലസ്ഥാനങ്ങളുടെയുമെല്ലാം പേരിൽ നമ്മളത് കണ്ടതാണ്, കേരളത്തിലുമുണ്ടാകാം. 'കേരളം' എന്നത് ഇംഗ്ലീഷിൽ എഴുതുമ്പോൾ 'KERALA' ആണ്. 'M' ഇല്ല. ഹിന്ദിയിൽ എഴുതിയാലും അങ്ങനെതന്നെയാണ്.

സംസ്ഥാനത്തിന്റെ പേരെന്ന നിലയിൽ കേരളം, കേരളമായി നിലനിർത്താൻ സാധിക്കണം. Kerala-യെ 'Keralam' ആയി നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, Kerala-യെ Keralam എന്നാക്കി നിലനിർത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിലൊരു ആശങ്കയുടെയും ആവശ്യമില്ല. കൊളോണിയൽ സ്വാധീനത്തിന്റെ ഭാഗമായി സ്ഥലനാമങ്ങളിൽ കുറച്ച് മാറ്റങ്ങൾ വന്നിരുന്നു. ഇപ്പോൾ കണ്ണന്നൂർ കണ്ണൂരും കാലിക്കട്ട് കോഴിക്കോടും ക്വയിലോൺ കൊല്ലവും ട്രിവാൻഡ്രം തിരുവനന്തപുരവുമായി മാറിയിട്ടുണ്ട്. ദൈനംദിനം ഉപയോഗിക്കുന്ന വാക്കുകൾ പിന്നീട് സാർവ്വത്രികമാകും. കൊളോണിയൽ സ്വാധീനത്തിന്റെ ഭാഗമായി സ്ഥലനാമങ്ങളിലുണ്ടായ മാറ്റം കാലക്രമത്തിൽ മാറ്റിയെടുക്കാൻ സാധിക്കും. KERALAM എന്നുവേണമെന്നതാണ് ഗവൺമെന്റിന്റെ തീരുമാനം. അത് മാറ്റുന്നതിനുള്ള യാതൊരു നടപടിയുമുണ്ടാകില്ല.

## പട്ടികജാതി കോളനികളുടെ സമഗ്രവികസനം

2(*512) ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് പ്രാമുഖ്യമുള്ള ആയിരം കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആവശ്യകതയുടെ അടിസ്ഥാനത്തിൽ നടത്തിവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഓരോ കുടുംബത്തിനും വിദ്യാഭ്യാസവും തൊഴിലും ആവശ്യമായ അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തുമെന്ന വാഗ്ദാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) പട്ടികജാതി കുടുംബങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ?

`പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) അടിസ്ഥാന സൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി കോളനികളുടെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം മുതൽ അംബേദ്കർ ഗ്രാമം പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 255 കോളനികളെയും 2018-19 വർഷം പ്രളയ പുനരധിവാസത്തിന്റെ ഭാഗമായി 89 കോളനികളെയും 2019-20 സാമ്പത്തിക വർഷം 73 കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച 206 സ്വയംപര്യാപ്ത ഗ്രാമങ്ങളിൽ പൂർത്തീകരിക്കാതെയിരുന്നത് ഇപ്പോൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. 162 കോളനികളിലെ പ്രവൃത്തികൾ പൂർത്തിയാക്കി.

ഇതിനുപുറമെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 199 കോളനികളിൽ കുടിവെള്ള പദ്ധതികളും 157 കോളനികളിൽ റോഡും നിർമ്മിച്ചു.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പട്ടികജാതി വികസന വകുപ്പ് നിരവധി സ്ഥാപനങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

- 85 നഴ്സറി സ്കൂളുകൾ
- 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
- 44 ഐ.റ്റി.ഐ.- കൾ
- ഒരു മെഡിക്കൽ കോളേജ്
- ഒരു കമ്മ്യൂണിറ്റി കോളേജ്
- 87 പ്രീമെട്രിക് ഹോസ്റ്റലുകൾ
- 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

- സന്നദ്ധ സംഘടനകൾ നടത്തുന്ന 6 സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾകൂടിയുണ്ട്.

- പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ ടൂറിസം വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സംയുക്തസംരംഭമായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫുഡ് പ്രൊഡക്ഷൻ, ഫുഡ് & ബിവറേജസ് സർവ്വീസ് എന്നീ 2 കോഴ്സുകൾ നടത്തിവരുന്നു.

• തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിന്റെ അക്കാദമിക് സഹായത്തോടെ സിവിൽ സർവ്വീസ് പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പുതുതായി പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ-ഇൻ-ജേർണലിസം ഈ വർഷം ആരംഭിക്കും.

• അടുത്ത വർഷം 2 പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾകൂടി പ്രവർത്തനം ആരംഭിക്കും. (കോഴിക്കോട് ജില്ലയിലെ മരുതോങ്കര, കണ്ണൂർ ജില്ലയിലെ പെരിങ്ങോം)

• എട്ട് മുതൽ പ്ലസ് ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥലസൗകര്യം കുറഞ്ഞ വീടുകളോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്ന പദ്ധതി സർക്കാർ പുതുതായി ആരംഭിച്ചുകഴിഞ്ഞു. ഇന്ത്യയിലെതന്നെ ഏറ്റവും ശ്രദ്ധേയമായ സംരംഭമാണിത്. കേന്ദ്ര ഗവൺമെന്റും ഈ സംരംഭം ഇപ്പോൾ ഏറ്റെടുക്കുകയാണ്. ഇതുവരെ 13062 കുടുംബങ്ങൾക്ക് പഠനമുറി അനുവദിച്ചു. 7700 പഠനമുറികൾ പൂർത്തീകരിച്ചു.

• നീറ്റ് മെറിറ്റിൽ നിന്ന് എൻട്രൻസ് കമ്മീഷണർ പ്രവേശനം നൽകുന്ന സംസ്ഥാനത്തെ മുഴുവൻ കോളേജിലെയും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി.

• സയൻസ് വിഷയങ്ങളിൽ പ്ലസ് ടു ഉയർന്ന മാർക്കോടെ പാസ്സാകുന്ന 1000 വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് പുതിയ പദ്ധതി ആവിഷ്കരിച്ചു.

• വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 25 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഒന്ന് മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ 2000 രൂപ വീതം പ്രതിവർഷ ഗ്രാന്റ് നൽകുകയും വിദേശ പഠനത്തിന് 25 ലക്ഷം രൂപ വരെ അനുവദിക്കാൻ മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു.

• സ്വകാര്യ പ്രൊഫഷണൽ കോളേജുകളിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ചെലവിനുള്ള നിലവിലുള്ള ഗ്രാന്റായ 3500 രൂപയിൽ നിന്ന് 4500 രൂപയായും ഉയർത്തി.

തൊഴിൽ പരിശീലനം ഫലപ്രദമാക്കാനും തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്താനും ഗവൺമെന്റ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

- 44 ഐ.റ്റി.ഐ.-കൾ നവീകരിച്ചു. 7 ഐ.റ്റി.ഐ.-കൾ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.-കളാക്കി മാറ്റി. എല്ലാ ഐ.റ്റി.ഐ.-കളിലും പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും ഏർപ്പെടുത്തി.

- നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

- മണ്ണന്തല സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ 4 സെന്ററുകളിൽ 300 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനുപുറമെ 30 പേർക്ക് അവർക്ക് ഇഷ്ടമുള്ള സ്വകാര്യ പരിശീലന കേന്ദ്രങ്ങളിലും ഇപ്പോൾ പരിശീലനം നൽകുന്നു.

- മണ്ണന്തലയിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന് പരിശീലനം നൽകുന്നതിനായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പ്രോജക്റ്റ് പ്രവർത്തിച്ചു വരുന്നു.

- സെന്റർ ഓഫ് റിസർച്ച് & എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (ക്രസ്റ്റ്) മുഖേന ഇന്ത്യയിലെ മികച്ച സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് പ്രത്യേക പരിശീലന പരിപാടി ആരംഭിച്ചുകഴിഞ്ഞു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റി (എം.പി), ഡൽഹി യൂണിവേഴ്സിറ്റി, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, അസിംപ്രേംജി യൂണിവേഴ്സിറ്റി, കേന്ദ്ര സർവ്വകലാശാലകൾ എന്നിവയിൽ പ്രവേശനം നേടുവാൻ സൗകര്യം ഒരുക്കി.

- കമ്പ്യൂട്ടർ പരിശീലനത്തിന് കെൽട്രോൺ, ഇൻകാടെക്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമെ, സ്വകാര്യ മേഖലകളിലെ തൊഴിൽ നേടുന്നതിന് പട്ടികജാതി യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് വിപുലമായ നൈപുണ്യ വികസന പരിശീലനവും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓയിൽ & റിഗ്, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിൽ 248 പേർക്ക് വിദേശ കമ്പനികളിൽ തൊഴിൽ ലഭ്യമാക്കാൻ സാധിച്ചു. ഇപ്പോൾ നല്ല ജീവിത നിലവാരത്തിലാണ് ആ കുട്ടികളുള്ളത്. 42 പേർക്കുകൂടി വിസ നൽകുന്നതിന്റെ ഔപചാരികോദ്ഘാടനം ഈ മാസം 22-ാം തീയതി അങ്കമാലിയിൽ നടക്കാൻ പോകുകയാണ്.

പരിശീലനം പൂർത്തിയാക്കിയ 187 നഴ്സുമാർക്ക് 15,000 രൂപ പ്രതിമാസ ഓണറേറിയത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അധികം പരിശീലനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു.

തൊഴിലന്വേഷകർക്കായി ഒരു ഹാൻഡ് ഹോൾഡിംഗ് സെൽ പട്ടികജാതി വികസന ഡയറക്ടറേറ്റിൽ പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വൊക്കേഷണൽ, പ്രൊഫഷണൽ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് തൊഴിൽ സംരംഭങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകി വിവിധ മേഖലകളിൽ സ്വയംതൊഴിൽ നേടുന്നതിനും അധിക പരിശീലനത്തിനും താൽപ്പര്യമുള്ളവർക്ക് മൊബൈൽ ആപ് മുഖേന രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

സ്വയം തൊഴിൽ പദ്ധതിപ്രകാരം പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന കോർപ്പറേഷനും പ്രതിവർഷം ഒമ്പതിനായിരത്തോളം പേർക്ക് വായ്പയും സബ്സിഡിയും ലഭ്യമാക്കുന്നു.

(സി) ഉണ്ട്.

മാരകമായ രോഗങ്ങൾ പിടിപെട്ട് ചികിത്സയിൽ കഴിയുന്നവർക്ക് 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, കാൻസർ, പക്ഷാഘാതം, ഹീമോഫീലിയ എന്നീ രോഗങ്ങൾ ബാധിച്ച് ആശുപത്രിയിൽ കിടക്കുന്നവർക്ക് ഒരു ലക്ഷം രൂപവരെ അനുവദിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-10-2019 വരെ 71791 പേർക്ക് 127,67,73,376 രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്. കോളനികൾ കേന്ദ്രീകരിച്ച് 1339 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. കൂടാതെ പട്ടികജാതിക്കാർ കൂടുതലായി അധിവസിക്കുന്നതും 2.5 കി.മീ. ചുറ്റളവിൽ മറ്റ് ആരോഗ്യ കേന്ദ്രങ്ങളൊന്നും നിലവിലില്ലാത്തതുമായ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് സംസ്ഥാന ഹോമിയോ വകുപ്പിന്റെ കീഴിൽ 29 ഹോമിയോ ഡിസ്പെൻസറികളും പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിച്ചുവരുന്നു.

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ സമസ്ത മേഖലകളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തുന്ന വികസന പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യുന്നതോടൊപ്പം അങ്ങയെ അഭിനന്ദിക്കുകയാണ്. 2016-17 കാലയളവിലാണ് കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ പദ്ധതികൾക്ക് തുടക്കമിട്ടത്. എന്നാൽ ഇപ്പോഴും ശോചനീയാവസ്ഥയിലായ വീടുകളുള്ളതും ശുദ്ധജലം ലഭ്യമാകാത്തതും വൈദ്യസഹായമെത്താത്തതുമായ കോളനികളുണ്ട്. വിദ്യാഭ്യാസവും തൊഴിൽപരവുമായ പ്രതിസന്ധികളുൾപ്പെടെ അവ അഭിമുഖീകരിക്കുന്നുണ്ട്. 2016-17 കാലയളവിൽ ആരംഭിച്ചതും ഇപ്പോൾ 'അംബേദ്കർ ഗ്രാമം' എന്ന് പേര് നൽകിയതുമായ കോളനി വികസന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്.

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളെയാണ് ഇവയുടെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത്. എഫ്.ഐ.റ്റി. പോലുള്ള സ്ഥാപനങ്ങൾ ഒരേസമയം നിരവധി കോളനികളുടെ നിർമ്മാണച്ചുമതല ഏറ്റെടുത്തതിനാൽ പലയിടത്തും സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അത് സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ തുകയിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്ന് അറിയില്ല. ഇപ്പോൾ ജി.എസ്.ടി. വന്നതോടുകൂടി നല്ലൊരു ശതമാനം തുക ആ ഇനത്തിൽ പോകും. അതുകൊണ്ട് എം.എൽ.എ.-മാർക്ക് ഒരു കോടി രൂപയുടെ വികസന പദ്ധതി ഒരു കോളനിയിൽ നടപ്പിലാക്കണമെന്നുപറയുമ്പോൾ അത്രയും തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: അങ്ങ് എന്താണ് ശ്രദ്ധയിൽപ്പെടുത്തിയത്; എന്താണ് ചോദിച്ചത്; ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും മനസ്സിലായോ?

ശ്രീ. എ. കെ. ബാലൻ: സർ, 430 കോളനികളിലാണ് ഇപ്പോൾ വികസനപ്രവർത്തനങ്ങൾ ആരംഭിച്ചത്. അതിൽ ചിലത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ശരിയാണ്. അതിനുകാരണം എസ്റ്റിമേറ്റുകളിൽ പലതവണ ഭേദഗതി വരുത്തുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് നൽകിയാൽത്തന്നെ കുറച്ചുദിവസം കഴിയുമ്പോൾ അവിടെയല്ല വേണ്ടത്, കോളനി മാറ്റണം, എസ്റ്റിമേറ്റ് മാറ്റണം, ലൊക്കേഷൻ മാറ്റണം എന്നൊക്കെ പറയും. ചിലത് ഭൂമിതന്നെ ഉണ്ടാകില്ല. ഒരു പൊതുകിണർ കുഴിക്കണമെങ്കിൽ അതിന് സ്ഥലമുണ്ടാകില്ല. അതുപോലതന്നെ സ്ഥലം വിട്ടുകിട്ടാത്ത പ്രശ്നമുണ്ട്, പട്ടികജാതി വികസന വകുപ്പ് തയ്യാറാക്കിയ ലിസ്റ്റിൽപ്പെടാത്ത കോളനികൾ ശിപാർശ ചെയ്യുന്നുണ്ട്. ഇതിന്റെയൊക്കെ ഭാഗമായി പദ്ധതി പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുന്നുണ്ട്. കോളനി വികസന പദ്ധതി പ്രവർത്തനങ്ങൾ മുൻഗവൺമെന്റ് ചുമതലപ്പെടുത്തിയ ഏജൻസികളെ തന്നെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പക്ഷേ ആ ഏജൻസികൾ പലതും ഗവൺമെന്റിനുതന്നെ അപമാനമാണ്. ഒരു ഏജൻസിയുടെയും പേര് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ഏജൻസികളെ പണി ഏൽപ്പിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുപോയി. അതുകൊണ്ടുതന്നെ ഡയറക്ടറേറ്റ് തലത്തിലും മന്ത്രി തലത്തിലും റിവ്യൂ മീറ്റിംഗുകൾ വിളിച്ച് അവരെക്കൊണ്ടുതന്നെ നിർമ്മാണം നടത്തിക്കുകയാണ്. വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നൊരു സ്ഥാപനമായിരുന്ന കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം. പക്ഷേ, കുറെയധികം ജോലി വന്നതിനാൽ അവരും ഇപ്പോൾ പിന്നോക്കാവസ്ഥയിലാണ്. ജില്ലാ നിർമ്മിതി കേന്ദ്രം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, KITCO Ltd.

(Kerala State Industrial Technical Consultancy Organization), കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് തുടങ്ങിയ ഗവൺമെന്റ് അക്രഡിറ്റഡ് സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഫോളോ അപ് ഉണ്ടാകാത്തതുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസമുണ്ടായത്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ ആഴ്ചയിലും പ്രവർത്തനങ്ങൾ ഞാൻ റിവ്യൂ ചെയ്യുന്നുണ്ട്. ഒരു കോടി രൂപയാണ് കോളനികൾക്കായി അനുവദിച്ചിട്ടുള്ളത്. ഒരു കോളനിയിൽ അമ്പതിൽക്കൂടുതൽ വീടുകളുണ്ടാകണമെന്നതാണ് നിബന്ധന. അമ്പതിൽ താഴെ വീടുകളുള്ള കോളനികൾക്ക് അമ്പത് ലക്ഷം രൂപയാണ് നൽകുന്നത്.

ശ്രീ. ബി. സത്യൻ: സർ, തൊഴിൽ-വിദ്യാഭ്യാസ രംഗങ്ങളിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നഴ്സിംഗ്, ഐ.ടി. തുടങ്ങിയ തൊഴിലധിഷ്ഠിത മേഖലകളിലെ വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കുംവേണ്ടി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹാൻഡ് ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള പദ്ധതിക്ക് രൂപം നൽകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, സസ്റ്റെയിനബിൾ ഡെവലപ്മെന്റിന്റെ ഭാഗമായി മെച്ചപ്പെട്ട നൈപുണ്യ വിദ്യാഭ്യാസവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിനായി ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കണ്ടെത്തി അതിനാവശ്യമായ ട്രെയിനിംഗ് നൽകുന്നു. അതിന്റെ ഭാഗമായി ഇപ്പോൾ ഏകദേശം 25 ഏജൻസികളുടെ നേതൃത്വത്തിൽ തൊഴിലന്വേഷകർക്കായി നൈപുണ്യ വിദ്യാഭ്യാസം നൽകുന്നുണ്ട്. അതുകൊണ്ട് അപ്രന്റിസായി ജോലി നോക്കാതെതന്നെ നേരിട്ട് ജോലിയിൽ പ്രവേശിക്കാൻ സാധിക്കും. ഇവിടെ നിന്നുള്ള കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ നല്ല ഡിമാന്റാണ്. ട്രെയിനിംഗ് ലഭിച്ച 1000 ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ടെന്ന് പോളണ്ടിൽ നിന്ന് അറിയിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ 30 ഓളം ഏജൻസികളുമായി ചേർന്ന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് നൽകുന്നതിൽ സജീവമായി ഇടപെടുന്നുണ്ട്. ഹാൻഡ് ഹോൾഡിംഗ് സെല്ലിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ബിരുദാനന്തര ബിരുദധാരിയാണ്. അദ്ദേഹത്തിന്റെ സഹായത്തോടെ വിദഗ്ദ്ധ തൊഴിലാളികളെ കണ്ടുപിടിക്കുന്നതിനും അവർക്ക് ട്രെയിനിംഗ് നൽകുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഹാൻഡ് ഹോൾഡിംഗ് സെൽ ആരംഭിച്ചിട്ടുള്ളത്. ഇന്ത്യയിൽനിന്ന്

ഏറ്റവുമധികം അഭ്യസ്തവിദ്യരായ പട്ടികജാതി/ പട്ടികവർഗ്ഗക്കാരെ ജോലിക്കായി വിദേശരാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്ന സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. മുൻകാലങ്ങളിൽ ഈ വിഭാഗത്തിൽനിന്നുള്ള പ്രവാസികളുണ്ടായിരുന്നില്ല. അഥവാ ആരെങ്കിലും വിദേശത്തേയ്ക്ക് പോയാൽത്തന്നെ അതുപോലെ തിരിച്ചുവരുമായിരുന്നു. ഇപ്പോൾ അങ്ങനെയല്ല. വിദേശത്ത് പോയവരെ ഞാൻ നേരിൽ കണ്ടു. ഇപ്പോൾ അവരെല്ലാംതന്നെ തികഞ്ഞ സുരക്ഷിതബോധത്തോടെയും സന്തോഷത്തോടെയുമാണ് ജീവിക്കുന്നത്.

ശ്രീ. കെ. ആൻസലനുവേണ്ടി ശ്രീ. കെ. ഡി. പ്രസേനൻ: സർ, പട്ടികജാതി കോളനികൾക്കുവേണ്ടി ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഗുണഭോക്തൃ കമ്മിറ്റികളെയാണ് ഇതിന്റെ ചുമതല ഏൽപ്പിക്കുന്നത്. ചില പട്ടികജാതി കോളനികളിൽ താമസിക്കുന്നവർക്ക് ഇതിന്റെ ഇലക്ട്രിസിറ്റി/ മെയിന്റനൻസ് ചാർജ്ജ് വഹിക്കാൻ സാധിക്കാത്തതുകൊണ്ട് പലപ്പോഴും അത് നിന്നുപോകുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇലക്ട്രിസിറ്റി/മെയിന്റനൻസ് ചാർജ്ജ് ഗവൺമെന്റ് നൽകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ? എസ്.സി. പോപ്പുലേഷൻ കൂടുതലുള്ള കോളനികൾ സ്ഥിതിചെയ്യുന്ന മണ്ഡലങ്ങളെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കേണ്ടതുണ്ട്. എല്ലാ മണ്ഡലങ്ങളിലും ഒരുപോലെ എന്ന് തീരുമാനിച്ചിരിക്കുന്നതിലൂടെ അനീതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ കൂടുതൽ എസ്.സി. കോളനികളെ സമഗ്ര വികസനത്തിന് തെരഞ്ഞെടുക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അക്കാര്യം പരിശോധിക്കാം. പക്ഷേ, ഇലക്ട്രിസിറ്റി ചാർജ്ജും മെയിന്റനൻസും ഗുണഭോക്താക്കൾതന്നെ വഹിക്കണം. കാരണം ഇലക്ട്രിസിറ്റിയും ശുദ്ധജലവും എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിലെ ഗുണഭോക്താക്കളെ ഉപയോഗപ്പെടുത്തി ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിച്ച് കൺവീനറെ നിയമിച്ച് ഈ പ്രവർത്തനം യാഥാർത്ഥ്യമാക്കാം. എല്ലാം സർക്കാർതന്നെ നൽകുമെന്നുള്ള ഒരു സന്ദേശം നമ്മൾ നൽകരുത്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട ജനപ്രതിനിധികൾ അങ്ങനെ ചെയ്യരുത്. ഉപയോഗിക്കുന്ന വൈദ്യുതിക്കും ജലത്തിനും ചാർജ്ജ് നൽകണമെന്നുള്ള തോന്നൽ ഗുണഭോക്താക്കൾക്കുണ്ടാകണം. അതിനുപകരം ഇത് ഗവൺമെന്റ് കൊടുക്കുമെന്നൊരു സന്ദേശം നമ്മൾ നൽകിയാൽ വലിയൊരു ബാദ്ധ്യത നമുക്കുണ്ടാകുകയും ഈ പദ്ധതി പൊളിയുകയും ചെയ്യും. അതുകൊണ്ട് അത് ഗുണഭോക്താക്കളോ ബെനിഫിഷ്യറി കമ്മിറ്റികളോതന്നെ നൽകണം. ഏതെങ്കിലും ദുർബല ആദിവാസി മേഖലകൾ, പ്രത്യേകിച്ചും പ്രാക്തന വിഭാഗത്തിൽപ്പെട്ട ആദിവാസികൾ വസിക്കുന്ന കോളനികളിലെ ഇത്തരം ചാർജ്ജുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എസ്.സി.എസ്.പി. (Scheduled Caste Sub Plan), റ്റി.എസ്.പി. (Tribal Sub Plan) ഫണ്ട് മുഖേന നൽകാൻ കഴിയും. അങ്ങനെയുള്ളവരുണ്ടെങ്കിൽ സ്പെഷ്യൽ ഓർഡറായി നൽകാം.

ശ്രീ. മുരളി പെരുനെല്ലിക്കുവേണ്ടി ശ്രീ. യു. ആർ. പ്രദീപ്: സർ, പട്ടികജാതി കുടുംബങ്ങളെ സഹായിക്കാൻവേണ്ടി പട്ടികജാതി വികസന വകുപ്പ് നിരവധി പദ്ധതികൾ സത്യസന്ധവും സുതാര്യവുമായ രീതിയിൽ നടത്തുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ കോൺട്രാക്ടർമാർ കൊണ്ടുവരുന്ന പദ്ധതികളാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ ഇന്ന് വളരെ സുതാര്യമായ രീതിയിലാണ് വകുപ്പ് ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. പട്ടികജാതി കുടുംബങ്ങളെ പ്രത്യേകിച്ച്, ആ വിഭാഗത്തിലെ ചെറുപ്പക്കാരെ സഹായിക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾ വഴി സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുകയാണ്. ഏതെല്ലാം മേഖലകളിൽ, ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഇതിനാവശ്യമായ ട്രെയിനിംഗ് നൽകുന്നതെന്ന് പറയാമോ?

ശ്രീ. എ. കെ. ബാലൻ: സർ, 25-ഓളം വരുന്ന സ്വകാര്യ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി അവിടെ പഠിക്കുന്ന കുട്ടികൾക്ക് ഒരു പ്രത്യേക തുക കൊടുക്കുകയാണ്. ട്രെയിനിംഗ് ആന്റ് പ്ലേസ്മെന്റ് അടക്കമാണ് ഗവൺമെന്റ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. അതിൽത്തന്നെ വിദേശത്ത് ഏറ്റവും സാധ്യതയുള്ള തൊഴിൽ ഏതാണോ അതിനനുസരിച്ചുള്ള ട്രെയിനിംഗാണ് കൊടുക്കുന്നത്. റിംഗിംഗ്, ഹൗസിംഗ്, ഫുഡ് എന്നീ മേഖലകളിൽ വളരെയധികം ആളുകളെ ആവശ്യമുണ്ട്. ഇറച്ചിവെട്ടുകാരെയാണ് പോളണ്ട് ആവശ്യപ്പെട്ടിരിക്കുന്നത്. അതുപോലെ ഞാൻ ഈയിടെ യു.എ.ഇ.-യിൽ പോയപ്പോൾ തയ്യൽക്കാരെയാണ് അവർക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ളതെന്നാണ് മനസ്സിലാക്കിയത്. ഒരു ബിൽഡിംഗ് നിർമ്മിക്കുന്നതിനാവശ്യമായ മെറ്റീരിയലിന്റെ ക്വാണ്ടിറ്റി സംബന്ധിച്ച് പരിശീലനം കൊടുക്കുന്ന കോഴ്സ് മലേഷ്യയിൽ മാത്രമാണുള്ളത്. അവരുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള ട്രെയിനിംഗ് കൂടി ഇവിടെ നൽകാനാണ് ശ്രമിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ഇത്രയും കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് കേൾക്കുമ്പോൾ സന്തോഷമുണ്ട്. കലാ കേരളത്തിന്റെ സംസ്കാരവും ചരിത്രവും നവോത്ഥാന ചിന്തകളും ജനങ്ങളെ പഠിപ്പിക്കുന്ന പീഡിത സമൂഹത്തിനും പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങൾക്കുമിടയിൽ വലിയ ഉണർവ്വുണ്ടാക്കിയതിന് തെളിവാണ് ഗോത്രവർഗ്ഗത്തിന്റെ ഒരു പ്രദർശനം നിയമസഭാ സമുച്ചയത്തിൽ നടക്കുന്നുവെന്നത്. അവർ ബ്രാൻഡഡ് മെറ്റീരിയലുകളാണ് വിൽപ്പനയ്ക്കായി വച്ചിരിക്കുന്നത്. അത് അത്ഭുതമല്ലേ? എന്റെ മണ്ഡലത്തിൽ ബഹുമാനപ്പെട്ട മന്ത്രി തറക്കല്ലിട്ട എൻ. എൻ. കക്കാട് സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഒരു കോടി അൻപത് ലക്ഷം രൂപയാണ് അതിനായി വകയിരുത്തിയിട്ടുള്ളത്. അതിൽ 75 ലക്ഷം രൂപ

അനുവദിച്ചു. ബാക്കി 75 ലക്ഷം രൂപ എന്ന് അനുവദിച്ചുതരും; ഉന്നത വിദ്യാഭ്യാസ രംഗത്ത് എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നതിനായി ക്രസ്റ്റ് നടത്തുന്ന പ്രവർത്തനങ്ങൾകൂടി വിശദമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, 'കെടാട്ടുപ്പിൽ വച്ച് പതപ്പിക്കുക' എന്ന മലബാറിലെ ഒരു പ്രയോഗമുണ്ട്, യഥാർത്ഥത്തിൽ എൻ. എൻ. കക്കാട് സ്മാരകവുമായി ബന്ധപ്പെട്ട ചോദ്യം ചോദിക്കേണ്ടത് സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട എന്റെ ആദ്യത്തെ ചോദ്യത്തിനാണ്. അത് ബഹുമാനപ്പെട്ട മെമ്പർ മറന്നുപോയതുകൊണ്ടായിരിക്കും ഇപ്പോൾ ചോദിച്ചത്. പ്രസ്തുത സ്മാരകത്തിന് 75 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ഏതാണ്ട് ഒന്നരക്കോടിയോളം രൂപ അതിന് വേണ്ടിവരും. മറ്റുകാര്യങ്ങൾ പരിശോധിക്കാം. ബ്രാൻഡഡ് ഐറ്റംസിന്റെ വിതരണത്തിനായി ശക്തമായ നടപടിയെടുത്തിട്ടുണ്ട്. 10 ദിവസം നീണ്ടുനിൽക്കുന്ന 'ഗദ്ദിക' ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിൽ നടത്തിയിരുന്നു. ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുത്ത ആ പരിപാടിയിൽ ലക്ഷക്കണക്കിന് രൂപയുടെ ഉല്പന്നങ്ങൾ വിൽക്കാൻ സാധിച്ചു. കൃഷി വകുപ്പും സാംസ്കാരിക വകുപ്പും സംയുക്തമായി കൂടുതൽ ബ്രാൻഡഡ് ഉല്പന്നങ്ങളുണ്ടാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട സ്പീക്കർ നേതൃത്വം കൊടുത്തതുകൊണ്ടാണ് ഇടുക്കിയിലെയും അട്ടപ്പാടിയിലെയും ആദിവാസി മേഖലകളിലെ ഉൽപ്പന്നങ്ങൾ ഇവിടെ പ്രദർശിപ്പിക്കാൻ സാധിച്ചത്. അതിന് നല്ല ഡിമാന്റുണ്ട്. അതിന് പ്രോത്സാഹനം കൊടുക്കും. ക്രസ്റ്റിന്റെ ഭാഗമായ നടപടി ആരംഭിച്ചുകഴിഞ്ഞു. ഗ്രാജ്വേഷൻ കഴിഞ്ഞ കുട്ടികൾക്ക് മെച്ചപ്പെട്ട ട്രെയിനിംഗ് കൊടുക്കുന്ന ഒരു കോഴ്സാണിത്. അത് ഫലപ്രദമായി നടക്കുന്നുണ്ട്.

## കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി

3(*513) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാൻ സാധ്യമായ പ്രദേശങ്ങൾ പരിശോധനയിലൂടെ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മൈക്രോ ഇറിഗേഷനുമായി ബന്ധപ്പെട്ട ഡ്രിപ്പ് ഫെർട്ടിഗേഷൻ, പ്രിസിഷൻ ഫാമിംഗ് എന്നീ സാങ്കേതിക വിദ്യകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ പ്രവൃത്തികൾ എവിടെയൊക്കെ നടപ്പാക്കുന്നുവെന്ന് അറിയിക്കുമോ;

(ഇ) ജലവിനിയോഗക്ഷമത കൂടിയ ഇത്തരം സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ പ്രവൃത്തികൾ കൂടുതലായി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) നിലവിലുള്ള ജലസേചന സംവിധാനത്തിന്റെ ജലവിനിയോഗ ക്ഷമത വർദ്ധിപ്പിച്ച് ജലസേചനം കാര്യക്ഷമമായി നടത്തുന്നതിനുള്ള നൂതന മാർഗ്ഗമാണ് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ. കൂടാതെ, കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് ജലത്തിന്റെ ഉറവിടമുള്ള സ്ഥലങ്ങളിൽ കുറഞ്ഞ ചെലവിൽ കൃഷി ചെയ്യുന്നതുമൂലം സ്വന്തമായി പമ്പുവച്ച് വെള്ളം കൊണ്ടുവന്ന് കൃഷി നടത്താൻ സാമ്പത്തികമായി സാധ്യമല്ലാത്ത കൃഷിക്കാർക്ക് കുറഞ്ഞ ചെലവിൽ ജലസേചനം നടത്തി ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) വെള്ളത്തിന്റെ ഉറവിടമുള്ള സ്ഥലങ്ങളിൽ പച്ചക്കറികൾ ഉൾപ്പെടെയുള്ള മറ്റ് വിളകൾ നനയ്ക്കാനുദ്ദേശിച്ചുള്ള ഈ പദ്ധതിയിൽ കർഷകരും ജലസേചന-കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് പ്രസ്തുത സ്ഥലങ്ങൾ തീരുമാനിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഞാനും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും സംയുക്തമായി 16-1-2019-ൽ ചേർന്ന യോഗത്തിൽ കൃഷി-ജലസേചന വകുപ്പുകൾ ചേർന്ന് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ കൂടുതൽ സ്ഥലങ്ങളിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി കൃഷി-ജലസേചന വകുപ്പുകൾ ചേർന്ന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു *.

(സി) തുള്ളി നനയിൽ ഉപയോഗിക്കുന്ന ജലത്തോടൊപ്പം കൃത്യമായ അളവിൽ ആവശ്യമായ വളംകൂടി ചേർത്ത് നനയ്ക്കുന്ന രീതിയാണ് ഡ്രിപ്പ് ഫെർട്ടിഗേഷൻ. ഇത്തരത്തിൽ നനയ്ക്കുന്നതുമൂലം ഓരോ വിളയ്ക്കും കൃത്യമായ അളവിൽ വേണ്ട വെള്ളം, വളം എന്നിവ കൃത്യമായ ഇടവേളകളിൽ കൃഷിയിടങ്ങളിൽ ലഭിക്കുന്നതിനാൽ ചെലവ് കുറച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കും.

(ഡി) പാലക്കാട് ജില്ലയിൽ കരടിപ്പാറയിൽ 3.1 കോടി രൂപയ്ക്ക് ഏകദേശം

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

302 ഏക്കർ ഭൂമിയിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ആയക്കെട്ട് ഏരിയയിൽ മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) അനുയോജ്യമായ സ്ഥലങ്ങളിൽ ഈ പദ്ധതി ജലസേചന വകുപ്പും കർഷകക്ഷേമ വകുപ്പും നടപ്പിലാക്കാനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. കൂടാതെ മൈക്രോ ഇറിഗേഷൻ 2020-2021 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി കാർഷിക മേഖലയ്ക്ക് നേട്ടമുണ്ടാക്കിയെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കാർഷികോല്പന്നങ്ങളിൽ പ്രത്യേകിച്ച്, നാളികേര ഉല്പാദനത്തിൽ എത്രത്തോളം വർദ്ധനവുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; ഇക്കാര്യത്തിൽ ഗൗരവമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സാധാരണഗതിയിൽ ഇറിഗേറ്റ് ചെയ്യാത്ത സ്ഥലത്ത് 40 മുതൽ 50 വരെ നാളികേരം ലഭിക്കും. ഫ്ലഡ് ഇറിഗേഷൻ പ്രയോഗിച്ചാൽ 70 മുതൽ 80 വരെയും മൈക്രോ ഇറിഗേഷനിൽ പ്രിസിഷൻ ഫാമിംഗ് എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാൽ ഏകദേശം 150 മുതൽ 200 വരെയും നാളികേരം ലഭിക്കും. ഞങ്ങൾ ചില പ്രദേശങ്ങളിൽ ഇത്തരം കൃഷിരീതി പ്രയോഗിക്കുകയും അതിന്റെ ഗുണങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഈ പദ്ധതിക്ക് കേന്ദ്രസഹായമുണ്ടോ?

ശ്രീ കെ. കൃഷ്ണൻകുട്ടി: സർ, അതെ. വ്യക്തികൾക്ക് കൃഷി വകുപ്പിൽ നിന്നാണ് സഹായം നൽകുന്നത്. കമ്മ്യൂണിറ്റി ഇറിഗേഷന് ഇപ്പോൾ കേന്ദ്രഗവൺമെന്റ് സഹായം ചെയ്യുന്നുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 'More crop per drop' എന്നൊരു സ്കീം P.M.K.S.Y. (Pradan Mantri Krishi Sinchayee Yojana) നടപ്പാക്കുന്നുണ്ട്. സബ്സിഡി നോംസിൽ മാറ്റം വരുത്തി ഇത് വ്യാപകമാക്കാനാവശ്യമായ നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കേരളത്തിൽ ഏതാണ്ട് 23 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ടെങ്കിലും ഏകദേശം രണ്ട് ലക്ഷം ഹെക്ടർ സ്ഥലത്ത്

മാത്രമേ നനയ്ക്കുന്ന പദ്ധതി കൊണ്ടുവന്നിട്ടുള്ളൂ. കർഷകരുടെയും കൃഷി, ജലസേചനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിൽ സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് കൂടുതൽ ഉല്പന്നം ലഭ്യമാക്കാനാവശ്യമായ പദ്ധതി നടപ്പിലാക്കുമെന്ന് അങ്ങ് പറഞ്ഞു. എം.എൽ.എ.-മാരെ വിശ്വാസത്തിലെടുത്ത് അവരുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റിയുണ്ടാക്കി സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത് പദ്ധതികൾ നടപ്പാക്കാനുള്ള സംവിധാനം ആലോചിക്കുമോ; ഏതെല്ലാം ജില്ലകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്; കൂടുതലായി ഏതൊക്കെ ജില്ലകളിൽ ഇത് ആവശ്യമുണ്ടെന്ന് മനസ്സിലാക്കി പദ്ധതി നടപ്പാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും. എം.എൽ.എ.-മാരെ വിശ്വാസത്തിലെടുത്ത്, അവരുടെ നേതൃത്വത്തിൽ രണ്ടുമൂന്ന് വകുപ്പുകൾ ഒത്തൊരുമിച്ചുകൊണ്ടുള്ള പദ്ധതികളായിരിക്കും ആവിഷ്കരിക്കുന്നത്. പക്ഷേ സോഴ്സും വിളകളും കണ്ടുപിടിക്കേണ്ട ബാധ്യത കൃഷി/ഇറിഗേഷൻ വകുപ്പുകൾക്കാണ്. വിശദമായ കാര്യങ്ങൾ ഇപ്പോൾ പറയുന്നില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, എം.എൽ.എ.-മാരുടെ മേൽനോട്ടത്തിൽ അത്തരമൊരു കമ്മിറ്റിയുണ്ടാക്കേണ്ടതാണ്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റാണ് സോഴ്സുകൾ കണ്ടെത്തുന്നത്. കർഷകരുടെ കൂട്ടായ്മകളുണ്ടാക്കുന്നതിനും സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്യുന്നതിനുമാവശ്യമായ സംയുക്ത യോഗങ്ങൾ ചേർന്നുകൊണ്ടിരിക്കുകയാണ്. കമ്മിറ്റികൾ രൂപീകരിക്കുന്ന ഘട്ടത്തിൽ തീർച്ചയായും എം.എൽ.എ.-മാരുടെ സഹകരണത്തോടുകൂടി നടത്താനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കൃഷിക്ക് ഉപയോഗിക്കുന്ന ജലത്തോടൊപ്പം വളംകൂടി ചേർത്ത് നനയ്ക്കുന്ന പദ്ധതിയാണ് ഡ്രിപ്പ് ഫെർട്ടിഗേഷൻ. എന്താണ് പ്രിസിഷൻ ഫാമിംഗ്; അത് കേരളത്തിൽ എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രിസിഷൻ ഫാമിംഗ് നടപ്പാക്കിയത് പാലക്കാട് ജില്ലയിലെ വടകരപ്പതി, കൊഴിഞ്ഞാംപാറ, പെരുമാട്ടി തുടങ്ങിയ പഞ്ചായത്തുകളിലാണ്. പച്ചക്കറിയും അൾട്രാ ഹൈ ഡെൻസിറ്റിയിൽ മാവ്, തെങ്ങ്, കരിമ്പ് ഇവയെല്ലാം അതിൽ കൃഷി ചെയ്യുന്നുണ്ട്. പ്രിസിഷൻ ഫാമിംഗിന്റെ പ്രത്യേകത വളരെ സൂക്ഷ്മമായ രീതിയിലാണ് ഇത് ചെയ്യുന്നത് എന്നുള്ളതാണ്. ആദ്യം മണ്ണ് പരിശോധിച്ച് ഏതെല്ലാം മണ്ണിൽ എന്തെല്ലാം കൃഷികൾ ചെയ്യണമെന്ന് തീരുമാനിക്കും. അനുയോജ്യമായ കൃഷികൾ ഏതൊക്കെയാണെന്നത് സംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകളുമുണ്ട്. മണ്ണ് പരിശോധനയിലൂടെ മൂലകങ്ങളെ സംബന്ധിച്ച് മനസ്സിലാക്കാൻ സാധിക്കും. ഇല അനലൈസ് ചെയ്യണം, നടീൽ വസ്തുക്കൾ പരിശോധിക്കണം. വാട്ടർ സൊല്യൂബിൾ ഫെർട്ടിലൈസറാണ് അതിൽ ഉപയോഗിക്കുന്നത്, സാധാരണ വളം

ഉപയോഗിക്കാൻ സാധിക്കില്ല. ഒരു ചെടിക്ക് ഒരു ദിവസം ആവശ്യമായ വെള്ളം, വളം, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവ എത്രയാണെന്ന് പരിശോധിച്ച് ആവശ്യമായ അളവിൽ മാത്രമേ അവ കൊടുക്കുകയുള്ളൂ. അങ്ങനെ ശരിയായ രീതിയിൽ ചെടികളെ വളർത്തിയെടുക്കാൻ സാധിക്കും. അനാവശ്യമായി വളം ഉപയോഗിക്കാത്തതിനാൽ നൈട്രേറ്റ് പോലുള്ള മൂലകങ്ങൾ കുടിവെള്ളത്തിൽ കലരുന്നില്ല. മാത്രമല്ല, സാധാരണ വിളവിന്റെ എത്രയോ ഇരട്ടി ലഭിക്കുകയും ചെയ്യും. ഫ്ലഡ് ഇറിഗേഷൻ ഉപയോഗപ്പെടുത്തി തക്കാളി കൃഷി ചെയ്താൽ സാധാരണ മൂന്നുനാല് ടണ്ണാണ് ലഭിക്കുന്നത്. എന്നാൽ ഞാൻ പറഞ്ഞതുപോലെയുള്ള കൃഷിരീതി ഉപയോഗപ്പെടുത്തിയാൽ ഏകദേശം 30 ടൺ വരെ ലഭിക്കും. വടകരപ്പതി പഞ്ചായത്തിൽ .മോഹൻരാജ് എന്ന കൃഷിക്കാരന് നാല് മാസംകൊണ്ട് 52 ടൺ വരെ വിളവ് കിട്ടിയിട്ടുണ്ട്. കിലോയ്ക്ക് 20 രൂപയായാൽത്തന്നെ ഏകദേശം 10 ലക്ഷം രൂപ വരുമാനം ലഭിക്കുമെന്നതാണ് അതിലെ നേട്ടം. എല്ലാ കൃഷിക്കും ഇതുപോലെ തന്നെ വരുമെന്നതാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ഓർഡർ, ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### തൊഴിൽ മേഖലയിലെ പ്രതിസന്ധി

4 (*514) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് സർക്കാർ അവകാശപ്പെടുമ്പോഴും അസംഘടിത മേഖലയിൽ തൊഴിലവസരങ്ങൾ കുത്തനെ കുറയുന്നുവെന്നത് വസ്തുതയല്ലേ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ലായെന്ന് മാത്രമല്ല നിലവിലുള്ള തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) സ്ഥിരം നിയമനത്തിന് പകരം കോൺട്രാക്ട് നിയമനവും ദിവസവേതന നിയമനവും നടത്തുന്നത് തൊഴിലാളികളുടെ സ്ഥിരവരുമാനത്തെയും കുടുംബഭദ്രതയെയും ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥിതിവിശേഷത്തിന് അറുതി വരുത്തുവാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) അസംഘടിത മേഖലയിൽ തൊഴിലവസരങ്ങൾ കുത്തനെ കുറയുന്ന സ്ഥിതി വിശേഷം സംസ്ഥാനത്ത് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആഗോള തൊഴിൽ കമ്പോളത്തിലെ സാദ്ധ്യത കണ്ടറിഞ്ഞ് ഐ.ടി/നൈപുണ്യ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും സൃഷ്ടിക്കുന്നതിനും സർക്കാർ ബോധപൂർവ്വമായ ഇടപെടലുകൾ നടത്തിവരുന്നു. ജോബ് ഫെയറുകൾ, പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ സംസ്ഥാനവ്യാപകമായി സംഘടിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കരാർ തൊഴിലാളികൾക്കും സ്ഥിരം തൊഴിലാളികൾക്കും തുല്യവേതനം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവർക്ക് നൽകേണ്ട വേതനം സംബന്ധിച്ച് ധനവകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചുവരുന്നു. സ്ഥിരം തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ കർശനനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ സ്ഥാപനങ്ങളിൽ വിവിധ തൊഴിൽ നിയമപ്രകാരം സ്ഥാപന പരിശോധന നടത്തുമ്പോൾ തുല്യവേതനം നൽകുന്നുവെന്ന് ഉറപ്പുവരുത്താറുമുണ്ട്.

## ചെറുകിട ജലസേചന പദ്ധതികളുടെ പുരോഗതി

5 (*515) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല വിനിയോഗത്തിന്റെ പ്രയോജനക്ഷമത കൂടിയ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; സംസ്ഥാനത്തെ കുളങ്ങളാകെ നവീകരിക്കുന്നതിനായി പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത ചെറുകിട ജലസേചന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) ക്ലാസ് I, II ചെറുകിട ജലസേചന പദ്ധതി പ്രകാരമുള്ള റെഗുലേറ്ററുകൾ, തടയണകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(ഡി) ജലനിധി പദ്ധതി പ്രകാരം ഭൂജല പരിപോഷണ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; എല്ലാ പഞ്ചായത്തിലും ജലസുരക്ഷാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) ജലസേചിത പ്രദേശങ്ങളുടെ വിസ്തൃതി വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം നടത്തി വരുന്ന പ്രവൃത്തികളെക്കുറിച്ച് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയും കുളങ്ങൾ നവീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി ഹരിത കേരളം മിഷൻ ഐ.ഐ.ഐ.ടി.എം.കെ.യുടെ സഹകരണത്തോടെ 'ഹരിത ദൃഷ്ടി' എന്ന പേരിൽ ഒരു മോണിട്ടറിംഗ് സോഫ്റ്റ്‌വെയറും മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ നടക്കുന്ന പ്രവൃത്തികളുടെ പുരോഗതി പ്രസ്തുത സോഫ്റ്റ്‌വെയറും മൊബൈൽ ആപ്ലിക്കേഷനും വഴി ബന്ധപ്പെട്ട വകുപ്പുകളുടെ ഫീൽഡ് ലെവൽ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളിലെ മുഴുവൻ ഫീൽഡ് ലെവൽ ജീവനക്കാർക്കും ഈ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പ്രവൃത്തികളുടെ പുരോഗതി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനതലത്തിലും വകുപ്പുതലത്തിലും ജില്ലാ സംസ്ഥാന തലത്തിലും വിലയിരുത്താൻ കഴിയും. കൂടാതെ പൂർത്തിയായ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാകും. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകിട ജലസേചന പദ്ധതിയുടെ കീഴിൽ കുളങ്ങളുടെ നവീകരണം, തടയണകൾ, ആർ.സി.ബി.വി.സി.ബി.-കൾ, എസ്.ഡബ്ല്യൂ.ഇ.സി.ബി.-കൾ റഗുലേറ്ററുകൾ, ഏലാകളുടെ പുനരുദ്ധാരണം, എൽ.ഐ. പദ്ധതികൾ എന്നിവയുടെ നിർമ്മാണവും പുനരുദ്ധാരണവും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തികവർഷം വരെ ഹരിതകേരളം മൈനർ ഇറിഗേഷൻ ക്ലാസ്-I പദ്ധതിയിൽ ഉൾപ്പെടുത്തി 38 പ്രവൃത്തികൾക്കായി 2237.85 ലക്ഷം രൂപയുടെയും ഹരിത കേരളം മൈനർ ഇറിഗേഷൻ ക്ലാസ്-II

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിയിലുൾപ്പെടുത്തി 55 പ്രവൃത്തികൾക്കായി 1764.19 ലക്ഷം രൂപയുടെയും അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. പ്ലാൻ ഫണ്ടിലുൾപ്പെട്ട പ്രവർത്തനങ്ങളുടെ അവലോകനം നടത്തിവരുന്നു.

2016-17 സാമ്പത്തിക വർഷം മുതൽ 2019-2020 സാമ്പത്തിക വർഷം വരെ മൈനർ ഇറിഗേഷൻ ക്ലാസ്-I, മൈനർ ഇറിഗേഷൻ ക്ലാസ് II പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം 56 തടയണകൾ, വി.സി.ബി.കൾ/SWECB-കൾ/1 റെഗുലേറ്റർ എന്നിവ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകി. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ഡി) ഉണ്ട്. ജലനിധിയുടെ പദ്ധതികൾ നടപ്പിലാക്കുന്ന 115 ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ഈ രൂപരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

(ഇ) ജലസേചിത പ്രദേശങ്ങളുടെ വിസ്തൃതി വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**കടൽഭിത്തി നിർമ്മാണ പുനരുദ്ധാരണ പദ്ധതികൾ**

6 (*516) ശ്രീ. എം. നൗഷാദ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. വി. ജോയി:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർഷവും മൺസൂൺ കാലങ്ങളിൽ സംസ്ഥാനത്തിന്റെ തീരപ്രദേശത്തുണ്ടാകുന്ന കടലാക്രമണത്തിൽ നൂറുകണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരാകുകയും കര കടലെടുക്കുകയും ചെയ്യുന്നത് കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി കൂടുതൽ രൂക്ഷമായിട്ടുള്ള സാഹചര്യത്തിൽ അതിന് പരിഹാരമായുള്ള കടൽ ഭിത്തി നിർമ്മാണ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(ബി) 576 കിലോമീറ്റർ വരുന്ന സംസ്ഥാനത്തെ തീരത്ത് എത്രദൂരം കടൽ ഭിത്തി നിർമ്മിക്കേണ്ടി വരുമെന്നതു സംബന്ധിച്ച് നടത്തിയ പഠനങ്ങളെക്കുറിച്ച് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ കടൽഭിത്തി നിർമ്മിച്ചിട്ടുള്ള സ്ഥലങ്ങളിൽ എത്ര ദൂരം അടിയന്തര പുനരുദ്ധാരണം ആവശ്യമുണ്ടെന്ന് അറിയിക്കാമോ;

(ഡി) കടൽഭിത്തിക്ക് ആവശ്യമായ പാറക്ഷാമം കണക്കിലെടുത്ത് അവലംബിക്കാനുദ്ദേശിക്കുന്ന പരിസ്ഥിതി സൗഹൃദ ബദൽ രീതികൾ എന്തൊക്കെയാണെന്നും ഇവയുടെ ആപേക്ഷിക ചെലവും വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കടലാക്രമണം രൂക്ഷമാകാൻ സാധ്യതയുള്ള ജൂൺ-ജൂലൈ മാസങ്ങളിൽ തീരദേശ നിവാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും തീരസംരക്ഷണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള Rubble mount seawall നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കിവരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽ തീരത്തെ സംരക്ഷിച്ചുവരുന്നു.

കടലാക്രമണം അതിശക്തമായ ആലപ്പുഴ ജില്ലയിലെ വട്ടച്ചാൽ, ആറാട്ടുപുഴ, പതിയാങ്കര, കാട്ടൂർ, അമ്പലപ്പുഴ എന്നിവിടങ്ങളിലെ പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 184.01 കോടി രൂപയുടെ ഭരണാനുമതി KIIFB വഴി നൽകിയിട്ടുണ്ട്. കാലവർഷം കനത്തതോടെ കടലോരമേഖലകളിലെ ജനജീവിതം ദുസ്സഹമായ സാഹചര്യത്തിൽ കടലാക്രമണം നേരിടാനായി അടിയന്തരമായി താൽക്കാലിക പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി 22.5 കോടി രൂപ 15-6-2019-ലെ സ.ഉ.(എം.എസ്) നമ്പർ 21/2019/ജ.വി.വ പ്രകാരം അനുവദിച്ചിട്ടുണ്ട്.

കൂടാതെ 27-5-2019-ലെ സ.ഉ(എം.എസ്) നമ്പർ 20/2019/ജ.വി.വ. പ്രകാരം പൊന്നാനി, പരപ്പനങ്ങാടി, ആലപ്പുഴ എന്നിവിടങ്ങളിലായി 12 കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 862.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനമൊട്ടാകെ അടിയന്തര തീരസംരക്ഷണ പ്രവൃത്തികൾക്ക് നോൺ പ്ലാൻ ഹെഡ്ഡിൽ നിന്നും 10.97 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ജലസേചന വകുപ്പിന്റെ കീഴിലുള്ള കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസിന്റെ പഠനപ്രകാരം 576 കിലോമീറ്റർ വരുന്ന സംസ്ഥാനത്തെ കടൽത്തീരത്തിൽ ഏകദേശം 370 കിലോമീറ്റർ നീളം വിവിധ കടൽ സംരക്ഷണമാർഗ്ഗങ്ങളായ കടൽഭിത്തി, പുലിമുട്ട് എന്നീ മാർഗ്ഗങ്ങളാൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ഏകദേശം 162 കിലോമീറ്റർ നീളം കടൽഭിത്തിക്ക് അടിയന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. സംരക്ഷിക്കപ്പെടാത്ത 206 കിലോമീറ്ററിൽ ഏകദേശം 34 കിലോമീറ്ററോളം അടിയന്തരമായി സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

(ഡി) കരിങ്കല്ലുകളുടെ ലഭ്യതയില്ലായ്മയും ഫണ്ടിന്റെ അപര്യാപ്തതയും കടൽ സംരക്ഷണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. വലിയ കരിങ്കല്ലുകൾക്ക് പകരം ഉപയോഗിക്കാവുന്ന കൃത്രിമ ആർമർ യൂണിറ്റുകളുടെ ഉപയോഗം വ്യാപകമാക്കിയും പരമ്പരാഗത മാർഗ്ഗങ്ങളായ കടൽഭിത്തി, പുലിമുട്ടുകളുടെ ശ്രേണി എന്നിവയ്ക്ക് ഉപരിയായി തീരസംരക്ഷണത്തിന്റെ ബദൽ മാർഗ്ഗങ്ങളായ കൃത്രിമ തീരപരിപോഷണം (Artificial Beach Nourishment) ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചും ഇത് പരിഹരിക്കാവുന്നതാണ്. എന്നാൽ ഈ മാർഗ്ഗങ്ങൾ താരതമ്യേന ചെലവേറിയതാണ്.

കേരളത്തിലുണ്ടാകുന്ന കടലാക്രമണത്തെ ഫലപ്രദമായി തടയുന്നതിനും നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനും പുതിയൊരു കര സൃഷ്ടിച്ച് വികസനം സാധ്യമാക്കുന്നതിനുമായി ഡോക്ടർ വി. വി. വേലുക്കുട്ടി അരയൻ വിഭാവനം ചെയ്ത ലാൻഡ് റെക്ലമേഷൻ സ്കീം എന്ന പദ്ധതിയും പരിശോധിക്കാവുന്നതാണ്. പരമ്പരാഗത കടൽ സംരക്ഷണ പ്രവർത്തനങ്ങളുടെ ബദൽ മാർഗ്ഗങ്ങളും അവ കേരളതീരത്തിന് അനുയോജ്യമായി നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള കൂടുതൽ പഠനങ്ങൾ നടത്തേണ്ടതുണ്ട്.

കൂടാതെ കരിങ്കല്ലിന്റെ ലഭ്യതക്കുറവുള്ളതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചും ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽ തീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ എടുത്തുവരുന്നു. ജിയോട്യൂബ് ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമ്മിക്കാൻ ഏകദേശം ഒരു മീറ്ററിന് 75000 രൂപയും ജിയോബാഗ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കാൻ ഏകദേശം 13000 രൂപ ചെലവാകുമെന്ന് കണക്കാക്കുന്നു. തീരദേശത്തിന്റെ പ്രത്യേകതയനുസരിച്ച് ടി തുകയിൽ വ്യത്യാസം വന്നേക്കാം.

## മൃഗസംരക്ഷണ മേഖലയിലെ പ്രളയാനന്തര പുനരുദ്ധാരണം

7 (*517) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരള നിർമ്മാണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലയെ കെട്ടിപ്പെടുക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി സമർപ്പിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) നാഷണൽ ലൈവ് സ്റ്റോക്ക് മിഷനിൽ (എൻ.എൽ.എം.) ഏതെല്ലാം പദ്ധതികൾ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മൃഗസംരക്ഷണ മേഖലയിലെ വായ്പകൾക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി പ്രസ്തുത വകുപ്പ് മുഖാന്തരം നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ഇതുവരെ എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭ്യമായെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ)

1. മേഖല അടിസ്ഥാനത്തിൽ 2 മൊബൈൽ ടെലി വെറ്റിനറി യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി - 2.21 കോടി രൂപ
2. കന്നുകാലി ഇൻഷ്വറൻസ് മാസ്റ്റർ പോളിസി - 25 കോടി രൂപ
3. ജി.ഐ.എസ്- ആർ.ഐ.ഡി.എഫ്. ടെക്നോളജി പദ്ധതി - 20.8 കോടി രൂപ.

(ബി) നാഷണൽ ലൈവ്സ്റ്റോക്ക് മിഷനുകീഴിൽ താഴെ പറയുന്ന പദ്ധതികളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

1. കന്നുകാലി ഇൻഷ്വറൻസ്
2. പിന്നാമ്പുറ ആട്ടുവളർത്തൽ വികസന പദ്ധതി (റൂറൽ ബാക്യാർഡ് ഗോട്ട് ഡെവലപ്മെന്റ് പ്രോജക്റ്റ്)
3. സെന്റർ ഓഫ് എക്സലൻസ് ഇൻ ഗോട്ട്

4. മെച്ചപ്പെട്ട പന്നി ജനിതക ദ്രവ്യത്തിന്റെ (ജെം പ്ലാസം) കൃത്രിമ ബീജസങ്കലനം വഴിയുള്ള വ്യാപനം-കേരള ലൈവ് സ്റ്റോക്ക് ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതി.

(സി&ഡി) മൃഗസംരക്ഷണാവശ്യങ്ങൾക്കായി കർഷകരെടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി (ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം) മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ മേഖലയിൽ കർഷകരെടുക്കുന്ന ലോണുകൾ ദീർഘകാല ലോണുകളായാണ് ബാങ്കുകൾ പരിഗണിക്കുന്നത്. ഈ ലോണുകൾക്ക് 10 മുതൽ 12.5% വരെ പലിശയും ബാങ്കുകൾ ഈടാക്കുന്നു. ഈ ലോണുകൾക്ക് പലിശയിനത്തിൽ 5000 രൂപ വരെ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 2019-20 സാമ്പത്തിക വർഷം 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുറഞ്ഞത് 3778 പേർക്ക് ഇതുവഴി സഹായം ലഭിക്കും. 2018-19-ൽ സംസ്ഥാനമൊട്ടാകെ 6291 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

## വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ ശൃംഖല

8 (*518) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ.എൻ. ജയരാജ്:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ ശൃംഖല കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ വേണ്ടി പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഭൂമിക്കടിയിലൂടെ പോകുന്ന കുടിവെള്ള വിതരണ പൈപ്പുകൾ ഉപരിതലത്തിലെ മർദ്ദം താങ്ങാനാവാതെ പൊട്ടുന്നതുമൂലം അടിക്കടിയുണ്ടാകുന്ന ജലവിതരണ തടസ്സങ്ങളും റോഡുകൾ കുത്തിപ്പൊളിക്കുന്നത് മൂലമുള്ള സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് ഇതിന് ബദൽ സംവിധാനം ആവിഷ്കരിക്കുമോ;

(സി) റോഡുകൾ കുത്തിപ്പൊളിക്കുന്നത് ഒഴിവാക്കാനായി റോഡിന്റെ ഇരുവശങ്ങളിലും പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ സാധ്യമാകുമോയെന്ന് പരിശോധിക്കുമോ;

(ഡി) സംസ്ഥാനത്തൊട്ടാകെയുള്ള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ സംവിധാനം ഭാവിയിലെ വികസന സാധ്യതകൾ കൂടി കണക്കിലെടുത്ത് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കേരള വാട്ടർ അതോറിറ്റി രൂപകൽപ്പന ചെയ്തുവരുന്ന വിതരണശൃംഖലകൾ കാര്യക്ഷമവും കുറ്റമറ്റതാക്കുന്നതിനുംവേണ്ടി വിവിധ സോണുകളായി തിരിച്ച് എല്ലാ പ്രദേശങ്ങളിലും ആവശ്യമായ മർദ്ദവും ജലലഭ്യതയും ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ നിലവിലുള്ള പൈപ്പ് പോളിസിക്കനുസൃതമായാണ് വിതരണശൃംഖല രൂപകല്പന നടത്തുന്നത്. വിതരണശൃംഖലയിലെ കാലപ്പഴക്കംചെന്ന പൈപ്പുകളിലും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിലും ഉണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുവേണ്ടി അറ്റകുറ്റപ്പണികൾക്ക് വാർഷിക കരാറുകൾ നൽകിയിട്ടുണ്ട്. പ്രധാന ലൈനുകളിലും ഉപലൈനുകളിലുമുണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവ്വയലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ അടിയന്തരഘട്ടങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ (ഗ്രൗണ്ടഡ് മൈക്രോഫോൺ) ഉപയോഗിച്ചും ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുമുള്ള മെഷർമെന്റുകളും ഉപയോഗപ്പെടുത്തി പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ കണ്ടെത്താറുണ്ട്. വിതരണനഷ്ടം കുറയ്ക്കുന്നതിനുവേണ്ടി ലൈനുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ പ്രഷർ റിലീസിംഗ് വാൽവുകളും പ്രഷർ ഗേജുകളും സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ കണ്ടെത്തുന്നു. ഓരോ ഡിവിഷനിലും ഉത്പാദിപ്പിക്കുന്ന ശുദ്ധജലത്തിന്റെ അളവും വിതരണം ചെയ്യുന്ന ജലത്തിന്റെ അളവും കണക്കാക്കാനും വരവുചെലവ് കണക്കാക്കാനും ചെലവുകുറച്ച് വരവ് കൂട്ടാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പമ്പ് സെറ്റുകളും മറ്റ് ഇലക്ട്രിക് സാമഗ്രികളും അറ്റകുറ്റപ്പണികൾ നടത്തിയും അവശ്യഘട്ടങ്ങളിൽ പുതിയവ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലപ്പഴക്കംചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 91 പ്രവൃത്തികൾക്ക് 6652.54 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലായി (തിരുവനന്തപുരം, കൊല്ലം,

പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) 382.64 കോടി രൂപയുടെ വിവിധ പ്രവൃത്തികൾ കിഫ്ബി വഴി നടപ്പിലാക്കുന്നുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി നൽകിയ 1050.86 കോടി രൂപയുടെ പ്രവൃത്തികളിൽ 143.45 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജല ചോർച്ച ഒഴിവാക്കാൻ വേണ്ടിയുള്ളതാണ്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ജലമോഷണം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് രാത്രികാലങ്ങളിലുൾപ്പെടെ പരിശോധന നടത്തുകയും മീറ്റർ ചെയ്യപ്പെടാതെ പോകുന്ന അനധികൃത കണക്ഷനുകൾ കണ്ടെത്തുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

നെടുമങ്ങാട് അർബൻ വാട്ടർ സപ്ലൈ സ്കീമിൽ ജലവിതരണ ശൃംഖല മേഖലകളായി തിരിച്ച് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനോടൊപ്പം നിലവിൽ ബില്ലിംഗിനുപയോഗിക്കുന്ന സോഫ്റ്റ്‌വെയർ പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഘട്ടങ്ങളിലായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ദക്ഷിണ മേഖലയുടെ കീഴിൽ നടന്നുവരുന്നു. ഒന്നാംഘട്ടം പ്രവൃത്തികൾ 50% പൂർത്തീകരിച്ചു ഇന്റർ ലിങ്കിംഗ് സോഫ്റ്റ്‌വെയറിന്റെ പ്രവൃത്തികൾ ഉൾപ്പെടെയാണ് ഒന്നാംഘട്ടത്തിൽ ഇനി പൂർത്തിയാകാനുള്ളത്. രണ്ടാം ഘട്ടം പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

ഭൗതികനഷ്ടവും വാണിജ്യനഷ്ടവും കുറച്ച് വരുമാന രഹിത ജലത്തിന്റെ അളവ് 20% കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 2500 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന 24x7 പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്.

ഉത്പാദന ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതും വിതരണശൃംഖല ഇല്ലാത്തതുമായ 128 പദ്ധതികൾക്ക് മുഖ്യ പ്രാധാന്യം നൽകി വിതരണശൃംഖല സ്ഥാപിച്ച് നിലവിലുള്ള

ശുദ്ധീകരണശാലകളിൽനിന്നും ജനങ്ങൾക്ക് ജലമെത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാനുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി പൈപ്പ് വഴി കുടിവെള്ളം വിതരണം ചെയ്യുന്നത് ഏകദേശം 50 ശതമാനത്തിൽനിന്നും 75 ശതമാനമായി ഉയർത്താൻ കഴിയുന്നതാണ്.

(ബി) ഭൂമിക്കടിയിലൂടെ ജലവിതരണക്കുഴലുകൾ സ്ഥാപിക്കുന്നത് നിലവിലെ മാനദണ്ഡമനുസരിച്ച് ഉപരിതലത്തിൽനിന്നും സാധാരണ റോഡുകളിൽ പൈപ്പിന്റെ മുകൾഭാഗം വരെ 0.90 മീറ്റർ താഴ്ചയിലും ഉന്നതനിലവാരത്തിലുള്ള റോഡുകളിൽ 1.20 മീറ്റർ താഴ്ചയിലുമാണ്. എന്നാൽ റോഡിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായും മറ്റ് യൂട്ടിലിറ്റികൾ സ്ഥാപിക്കുന്ന പ്രവൃത്തികളാലും പൈപ്പിന് മുകളിലുള്ള എർത്ത് കുഷ്യൻ കുറയുന്നതിനോടൊപ്പം വലിയ വാഹനങ്ങൾ കടന്നുപോകുന്നതും പൈപ്പുകൾ പൊട്ടുന്നതിന് കാരണമാകാറുണ്ട്. അടിക്കടിയുണ്ടാകുന്ന ജലവിതരണ തടസ്സങ്ങളും റോഡുകൾ കുത്തിപ്പൊളിക്കുന്നതുമൂലമുള്ള സാമ്പത്തികനഷ്ടവും കണക്കിലെടുത്ത് ബദൽ സംവിധാനമായി റോഡിന് ഇരുവശത്തും യൂട്ടിലിറ്റി കോറിഡോറുകളും ക്രോസ്സിംഗ് ഡക്ടുകൾ നിർമ്മിച്ച് ജലവിതരണ പൈപ്പുകൾ അതിനുള്ളിൽ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

പൊതുമരാമത്ത് ഉന്നതനിലവാരത്തിൽ ചെയ്യുന്ന റോഡുകൾ ഭാവിയിൽ വീണ്ടും കേരള വാട്ടർ അതോറിറ്റി മുഖാന്തരം വെട്ടിപ്പൊളിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി പുതിയ റോഡ് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ റോഡിനിരുവശത്തും വാട്ടർ അതോറിറ്റിക്ക് പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനുവേണ്ടി യൂട്ടിലിറ്റി ഡക്ടുകൾ സ്ഥാപിച്ച് തരികയോ, ആയതിന് വേണ്ട സ്ഥലം റോഡിന് ഇരുവശത്തും നൽകുകയോ ചെയ്ത് ഭാവിയിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട റോഡ് മുറിക്കൽ ഒഴിവാക്കാവുന്നതാണ്.

(സി) പുതിയ വിതരണശൃംഖല രൂപകൽപ്പന ചെയ്യുന്ന ഘട്ടത്തിലും നിലവിലുള്ള ശൃംഖലാ ശാക്തീകരണ ഘട്ടത്തിലും സാധ്യമാകുന്ന ഇടങ്ങളിലെല്ലാം റോഡിനിരുവശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് പരിഗണിക്കാറുണ്ട്. ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ സംവിധാനം ജനസംഖ്യയ്ക്ക് ആനുപാതികമായി അടുത്ത 30 വർഷത്തെ വികസന സാധ്യതകൾകൂടി കണക്കിലെടുത്ത് ജലലഭ്യത കണ്ടെത്തിയാണ് തയ്യാറാക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള നൂതന സാങ്കേതികവിദ്യകൾ കേരളത്തിലെ ജനവിതരണ പദ്ധതികളിൽ ഉൾക്കൊള്ളിക്കുന്നതിനായി വിവിധ മേഖലകളിൽ

പ്രവർത്തിക്കുന്ന എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ഇന്നവേഷൻ ഹബ്ബ് രൂപീകരിച്ചു. NRW, വിവരസാങ്കേതികവിദ്യയുടെ പ്രയോജനപ്പെടുത്തൽ ജി.ഐ.എസ്. അധിഷ്ഠിത മാനേജ്മെന്റ്, ഇൻഫർമേഷൻ സിസ്റ്റം എന്നീ മേഖലകളിലാണ് അടിയന്തര പ്രാധാന്യം നൽകിവരുന്നത്. ജലനഷ്ടത്തിന്റെ കണക്കുകൾ കൃത്യമായി കണ്ടെത്തിയശേഷം നഷ്ടം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി അത് പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതും ഈ പഠനത്തിന്റെ ലക്ഷ്യമാണ്.

## സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

9 (*519) ശ്രീ. എൽദോ എബ്രഹാം:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികൾക്ക് ജീവഹാനി സംഭവിക്കുന്നതുമൂലം കർഷകർക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കാൻ കർഷകർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന വിധത്തിൽ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുമോ; വ്യക്തമാക്കുമോ;

(സി) കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര മൃഗചികിത്സാ സേവനം നല്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി കൂടുതൽ ബ്ലോക്കുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കേരളത്തിലെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനായി 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ എൻ.എൽ.എം. എന്ന പദ്ധതിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് ഗോസമൃദ്ധി 2017-18 എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി. ഈ പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതികളിൽ ഉരുവിന്റെ പ്രീമിയം നിരക്ക് 1 വർഷത്തേയ്ക്ക് മതിപ്പുവിലയുടെ 3% ആയിരുന്നു.

2018-19 സാമ്പത്തിക വർഷം ഉരുവിനും ഉരുവിന്റെ ഉടമയായ കർഷകനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ നിലവിൽ വന്നു. കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയായ ഗോസമൃദ്ധി പ്ലസ് 2018-19, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയായ എൻ.എൽ.എം. പ്ലസ് 2017-18 എന്നിവയാണ് പ്രസ്തുത പദ്ധതികൾ. ഈ പദ്ധതികൾപ്രകാരം ഉരുക്കളുടെ മരണം/ഉല്പാദന പ്രത്യുല്പാദനക്ഷമതാനഷ്ടം എന്നിവ സംഭവിച്ചാൽ ഇൻഷ്വർ ചെയ്യുന്ന മതിപ്പുവില ക്ലെയിമായി കർഷകന് ലഭിക്കുന്നു. സബ്സിഡി നിരക്കിൽ ഇൻഷ്വർ ചെയ്യാനുള്ള പരമാവധി മതിപ്പുവില 50,000 രൂപയായി നിജപ്പെടുത്തിയിരുന്നു. ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.8 ശതമാനവും മൂന്ന് വർഷത്തേയ്ക്ക് 6.54 ശതമാനവുമായിരുന്നു പ്രീമിയം നിരക്ക്. ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50 ശതമാനവും എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70 ശതമാനവും സബ്സിഡിയായി നൽകുന്നു. 50,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സബ്സിഡി നൽകുന്നതാണ്. 50,000 രൂപയ്ക്ക് മുകളിൽ മതിപ്പുവിലയ്ക്ക് ഉരുക്കളെ ഇൻഷ്വർ ചെയ്യേണ്ടവർക്ക് അഡീഷണൽ പോളിസി എടുക്കാനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. 1 വർഷത്തേയ്ക്ക് 4 ശതമാനവും 3 വർഷത്തേയ്ക്ക് 9 ശതമാനവുമായിരുന്നു അഡീഷണൽ പോളിസിയെടുക്കാനുള്ള പ്രീമിയം നിരക്ക്. ആയത് പൂർണ്ണമായും ഗുണഭോക്തൃ വിഹിതമായിരുന്നു.

2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ 'ഗോസമൃദ്ധി-എൻ.എൽ.എം.-2019-20' എന്ന പേരിലുള്ള പുതിയ പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. കേരള സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ ഗോസമൃദ്ധി 2019-20, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ എൻ.എൽ.എം 2018-19 എന്നിവയാണ് പ്രസ്തുത പദ്ധതികൾ. സബ്സിഡി നിരക്കിൽ ഇൻഷ്വർ ചെയ്യാനുള്ള പരമാവധി മതിപ്പുവില 65,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.15 ശതമാനവും മൂന്ന് വർഷത്തേയ്ക്ക് 5.419 ശതമാനവുമാണ് പ്രീമിയം നിരക്ക്. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50 ശതമാനവും എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70 ശതമാനവും സർക്കാർ സബ്സിഡിയായി നൽകുന്നു. ഈ പദ്ധതികൾ പ്രകാരം ഇൻഷ്വർ ചെയ്യുന്ന ഉരുവിന് മരണം/ഉല്പാദന പ്രത്യുല്പാദന ക്ഷമതാനഷ്ടം എന്നിവ സംഭവിച്ചാൽ കർഷകന് ക്ലെയിം ലഭിക്കുന്നു. പദ്ധതിയിൽ അംഗമാകുന്ന കർഷകന് അപകടമരണമോ പൂർണ്ണമോ/ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി 2 ലക്ഷം രൂപ വരെ ക്ലെയിമായി നൽകുന്നു. പദ്ധതിയിൽ 65,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സർക്കാർ സബ്സിഡി

നൽകുന്നതാണ്. 1 ലക്ഷം രൂപ വരെ മതിപ്പുവിലയുള്ള ഉരുവിനെ ഇതേ പ്രീമിയം നിരക്കിൽ ഇൻഷ്വർ ചെയ്യാമെന്നുള്ളത് ഈ പദ്ധതിയുടെ നേട്ടമാണ്. 65,000 രൂപയ്ക്ക് മുകളിലുള്ള ഉരുവിന്റെ പ്രീമിയം പൂർണ്ണമായും ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി തികച്ചും സുതാര്യമായി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി നടപ്പിലാക്കുന്നു. ഇതുമൂലം പദ്ധതിയുടെ പ്രീമിയം ഗണ്യമായി കുറയുകയും കർഷകരുടെ ഇടയിൽ സ്വീകാര്യത വളരെയേറെ കൂട്ടുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ആരംഭിക്കുന്ന പദ്ധതിയുടെ നിർവ്വഹണം, ക്ലെയിം ലഭ്യമാക്കൽ എന്നിവ പൂർണ്ണമായും വകുപ്പിന്റെ പോർട്ടലിലൂടെ ഓൺലൈനായി നടത്തപ്പെടും.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിൻജൻസി ഫണ്ടിൽനിന്നും വിവിധ കാരണങ്ങളാൽ മരണപ്പെടുന്ന പക്ഷിമൃഗാദികൾക്ക് ധനസഹായം നൽകിവരുന്നു. കൃഷി (മൃഗസംരക്ഷണ ജി) വകുപ്പിന്റെ 4-8-2014-ലെ സ.ഉ. (സാധാ) നമ്പർ 1374/2014/കൃഷി എന്ന ഉത്തരവിലെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ധനസഹായം നൽകിവരുന്നത്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(സി) മൃഗസംരക്ഷണ വകുപ്പ് അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ചുവടെപ്പറയുന്ന 105 ബ്ലോക്കുകളിൽ നിലവിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

തിരുവനന്തപുരം - നേമം, അതിയന്നൂർ, വെള്ളനാട്, തിരുവനന്തപുരം കോർപ്പറേഷൻ, പെരുങ്കടവിള, നെടുമങ്ങാട്, വാമനപുരം, പോത്തൻകോട്, നെയ്യാറ്റിൻകര, ചിറയിൻകീഴ്.

കൊല്ലം-കൊട്ടാരക്കര, ശാസ്താംകോട്ട, കൊല്ലം കോർപ്പറേഷൻ, പുനലൂർ, ഇത്തിക്കര, അഞ്ചൽ. ചടയമംഗലം, ഓച്ചിറ, വെട്ടിക്കവല.

പത്തനംതിട്ട-പന്തളം, കോയിപുരം, കോന്നി, റാന്നി, പറക്കോട്, മല്ലപ്പള്ളി, ഏലന്തൂർ.

ആലപ്പുഴ-ഭരണിക്കാവ്, ആര്യാട്, ചെങ്ങന്നൂർ, അമ്പലപ്പുഴ, തൈക്കാട്ടുശ്ശേരി

ഇടുക്കി-കട്ടപ്പന, നെടുങ്കണ്ടം, അടിമാലി, തൊടുപുഴ, അഴുത, ഇടുക്കി, ദേവികുളം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോട്ടയം-ഏറ്റുമാനൂർ, ലാലം, വാഴൂർ, മടപ്പള്ളി, കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, പള്ളം, വൈക്കം.

എറണാകുളം-മൂവാറ്റുപുഴ, നോർത്ത് പറവൂർ, കോതമംഗലം, അങ്കമാലി, വാഴക്കുളം, കൊച്ചി കോർപ്പറേഷൻ, കൂവപ്പടി, മുളന്തുരുത്തി.

തൃശ്ശൂർ-ചാലക്കുടി, മാള (കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി ഉൾപ്പെടെ), പഴയന്നൂർ, അന്തിക്കാട്, തളിക്കുളം, മതിലകം, ചൊവ്വന്നൂർ, കൊടകര.

പാലക്കാട്-ചിറ്റൂർ, ആലത്തൂർ, പാലക്കാട്, ശ്രീകൃഷ്ണപുരം, മലമ്പുഴ, പട്ടാമ്പി, അട്ടപ്പാടി, ഒറ്റപ്പാലം, മണ്ണാർക്കാട്, നെന്മാറ.

മലപ്പുറം-കൊണ്ടോട്ടി, പെരിന്തൽമണ്ണ, നിലമ്പൂർ, പൊന്നാനി, മലപ്പുറം, തിരൂർ, വണ്ടൂർ.

കോഴിക്കോട്-പേരാമ്പ്ര, കുന്നമംഗലം, ചേളന്നൂർ, കോഴിക്കോട് കോർപ്പറേഷൻ, പന്തലായനി, തൂണേരി, തോടന്നൂർ, കുന്നമ്മൽ.

വയനാട് - മാനന്തവാടി, സുൽത്താൻ ബത്തേരി, പനമരം, കൽപ്പറ്റ.

കണ്ണൂർ-കൂത്തുപറമ്പ്, ഇരിട്ടി, കണ്ണൂർ, തലശ്ശേരി, പേരാവൂർ, പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, പാനൂർ.

കാസർഗോഡ്-പരപ്പ, മഞ്ചേശ്വരം, കാഞ്ഞങ്ങാട്, നീലേശ്വരം, കാസർഗോഡ്

(ഡി) ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്ന പദ്ധതി നിലവിൽ 105 ബ്ലോക്കുകളിലെ മൃഗാശുപത്രികളിലാണ് നടപ്പിലാക്കിവരുന്നത്. 2020-21 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ ബാക്കിയുള്ള 47 ബ്ലോക്കുകളിൽകൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്.

## കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവം

10 (*520) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകശ്രദ്ധയാകർഷിച്ച കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി എന്തെല്ലാം ഒരുക്കങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് ഈ സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ചിട്ടുണ്ടോ;

(സി) കലാമൂല്യമുള്ള സിനിമകളും ലോകസിനിമകളും സാധാരണ തീയറ്ററുകളിലും ചാനലുകളിലും പ്രദർശിപ്പിക്കുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ അത്തരം സിനിമകൾ ആസ്വാദകരിലേയ്ക്ക്, പ്രത്യേകിച്ച് ഗ്രാമീണ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഫിലിം സൊസൈറ്റികൾ വഹിക്കുന്ന പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്ററുകൾ അംഗീകൃത ഫിലിം സൊസൈറ്റികൾക്ക് ചലച്ചിത്രോത്സവത്തിനായി സുതാര്യമായ വ്യവസ്ഥയിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) 24-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവം 2019 ഡിസംബർ 6 മുതൽ 13 വരെ തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഇതിനായി 14 തിയേറ്ററുകൾ ബുക്ക് ചെയ്തിട്ടുണ്ട്. ഉദ്ഘാടന സമാപന ചടങ്ങുകൾ നിശാഗന്ധി ഓഡിറ്റോറിയത്തിലാണ് നടക്കുക. 180 ഓളം ചിത്രങ്ങൾ പ്രദർശനത്തിന് എത്തിക്കാനുള്ള സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. മുതിർന്ന പൗരന്മാർക്കായി ഓഫ്‌ലൈൻ രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. മൂന്നാംലോക സിനിമ എന്ന വിപ്ലവകരമായ ചലച്ചിത്ര പ്രസ്ഥാനത്തിന്റെ മുന്നണിപോരാളിയായ അർജന്റീനിയൻ സംവിധായകൻ ഫെർണാണ്ടോ സൊളാനസിനാണ് ഇത്തവണ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് സമ്മാനിക്കുന്നത്. മേളയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തിക്കഴിഞ്ഞു. പ്രശസ്ത നടി ശാരദയാണ് ഉദ്ഘാടന ചടങ്ങിലെ മുഖ്യാതിഥി. മേളയുടെ വിജയകരമായ നടത്തിപ്പിന് 2019 നവംബർ 6-ന് വൈകിട്ട് 6 മണിക്ക് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം കോംപ്ലക്സിലെ ഭാഗ്യമാല ആഡിറ്റോറിയത്തിൽ വിപുലമായ സംഘാടക സമിതി രൂപീകരണയോഗം വിളിച്ചുചേർത്തിരുന്നു. യോഗത്തിൽ രൂപീകരിച്ച സബ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് അക്കാദമി പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ- കേരള ഘടകത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 150-ൽ അധികം ഫിലിം സൊസൈറ്റികൾ കേരളത്തിൽ എല്ലായിടത്തും കലാമൂല്യമുള്ള ലോകസിനിമകളും ഇന്ത്യൻ ഭാഷാ ചിത്രങ്ങളും പ്രദർശിപ്പിച്ചുവരുന്നു. തിയേറ്ററുകളിൽ ഇടംകിട്ടാതെ പോയ നല്ല മലയാളം സിനിമകളും ഫിലിം സൊസൈറ്റികൾ പ്രദർശിപ്പിക്കുന്നുണ്ട്.

നാട്ടിൻപുറങ്ങളിലെ ഫിലിം സൊസൈറ്റികൾ കലാമൂല്യമുള്ള സിനിമകൾ കൂടുതൽ ജനങ്ങളിലേയ്ക്കെത്തിക്കുന്നുണ്ട്. നല്ല വിദേശ ഭാഷാ ചിത്രങ്ങൾ മലയാളത്തിൽ സബ് ടൈറ്റിൽ ചെയ്ത് നാട്ടിൻപുറങ്ങളിൽ പ്രദർശിപ്പിക്കാൻ തുടങ്ങിയത് ഫിലിം സൊസൈറ്റികളാണ്. ചലച്ചിത്ര അക്കാദമിയുടെ കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം മേഖലാ കേന്ദ്രങ്ങളിലെ ടൂറിംഗ് ടാക്കീസ് സംവിധാനം വഴി മികച്ച സിനിമകൾ ഗ്രാമീണ ജനങ്ങളിലേയ്ക്കെത്തിക്കുന്നുണ്ട്. ഫിലിം സൊസൈറ്റികളുമായി സഹകരിച്ചാണ് അക്കാദമി ടൂറിംഗ് ടാക്കീസ് വഴി ചലച്ചിത്ര പ്രദർശനം നടത്തുന്നത്.

(ഡി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്ററുകൾ അംഗീകൃത ഫിലിം സൊസൈറ്റികൾക്ക് ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നതിനായി നിലവിൽ കുറഞ്ഞ നിരക്കിൽ അനുവദിച്ച് നൽകുന്നുണ്ട്.

## വനസംരക്ഷണത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

11 (*521) <u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. യു. ആർ. പ്രദീപ്:</u>
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂവിസ്തൃതിയുടെ മൂന്നിലൊന്നോളം വരുന്ന വനത്തിന്റെ സംരക്ഷണത്തിന് നൽകുന്ന പ്രാധാന്യത്തെക്കുറിച്ച് അറിയിക്കാമോ; ഇതിനായുള്ള കേന്ദ്രാവിഷ്കൃതപദ്ധതികൾ എന്തെല്ലാമാണെന്നും കേന്ദ്ര സഹായമായി ഈയിനത്തിൽ എത്ര തുക ലഭിക്കുന്നുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) വന്യജീവി ആവാസ മേഖലകളുടെ സംയോജിത പദ്ധതി പ്രകാരം നടത്തുന്ന വന്യജീവി ആവാസ മേഖലയുടെ സംരക്ഷണം, നിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾക്ക് ജനപിന്തുണ ലഭിക്കുന്നതിനായി വന്യമൃഗങ്ങൾ സൃഷ്ടിക്കുന്ന ശല്യം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വന്യമൃഗശല്യം കാരണം വാസസ്ഥലം മാറാൻ തയ്യാറാകുന്നവർക്ക് ന്യായമായ പ്രതിഫലം നൽകി ഭൂമി ഏറ്റെടുക്കാനുള്ള പദ്ധതി എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തിന്റെ പരിസ്ഥിതിയുടെ മുഖ്യഭാഗമായ സ്വാഭാവിക വനങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഇവയുടെ സംരക്ഷണവും സുസ്ഥിരതയും ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങളാണ് വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 17 വന്യജീവി സങ്കേതങ്ങളുടെയും 5 ദേശീയോദ്യാനങ്ങളുടെയും ഒരു കമ്മ്യൂണിറ്റി റിസർവിന്റെയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് സ്കീമും കടുവകളുടെ ആവാസവ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് ടൈഗർ സ്കീമും വനാശ്രിത സമൂഹത്തിന്റെ വികസനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ റിസർവ് (ABR) നീലഗിരി ബയോസ്ഫിയർ റിസർവ് (NBR) എന്നിവയും നടപ്പിലാക്കിവരുന്നു.

പ്രോജക്ട് ടൈഗർ ഒഴികെ മറ്റു പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റെക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60 ശതമാനവും റെക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50 ശതമാനവുമാണ് കേന്ദ്രവിഹിതം.

2019-20 സാമ്പത്തികവർഷത്തിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസഹായമായി ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.:

| | | |
|---|---|---|
| 1 | ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH) | 718.8504 ലക്ഷം |
| 2 | പ്രോജക്ട് എലിഫന്റ് | 599.292 ലക്ഷം |
| 3 | പ്രോജക്ട് ടൈഗർ<br>• പെരിയാർ ടൈഗർ റിസർവ്<br>• പറമ്പിക്കുളം ടൈഗർ റിസർവ് | <br>405.42 ലക്ഷം<br>327.41 ലക്ഷം |

വനേതര സ്ഥലങ്ങളിലെ വനവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ

സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം കണ്ടൽത്തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ് എന്നിവ ഉത്പ്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും പൊതുജനങ്ങൾക്ക് അവ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ കണ്ടൽ വളരുന്ന പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും വാട്ടർ ടാങ്കുകൾ, ബയോഗ്യാസ് യൂണിറ്റ് എന്നിവ വിതരണം ചെയ്യുകയും ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുമാനവർദ്ധനവിന് സഹായം ചെയ്യുകയും ചെയ്തുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് ഈ പദ്ധതിയിൽ 392 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നതിനായി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

വനാതിർത്തിയിൽ സ്ഥിരം ജണ്ടകൾ നിർമ്മിച്ച് കയ്യേറ്റത്തിൽനിന്ന് വനങ്ങളെ സംരക്ഷിക്കുകയും വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ പശ്ചാത്തലസൗകര്യം ഒരുക്കൽ എന്നിവ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഫോറസ്റ്റ് ഫയർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് സ്കീം' നടപ്പിലാക്കിവരുന്നു. കാട്ടുതീ പ്രതിരോധ പ്രവർത്തനം, പ്രത്യേക ആവാസവ്യവസ്ഥകളുടെയും മറ്റു സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും സംരക്ഷണം, മണ്ണ്-ജലസംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനും ഈ പദ്ധതി ഉപയോഗിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം കേന്ദ്ര സഹായമായി 2018-19 സാമ്പത്തികവർഷത്തിൽ 262.50 ലക്ഷം രൂപയും ഈ സാമ്പത്തികവർഷത്തിൽ 240 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനനപാതകളുടെ നിർമ്മാണവും പരിപാലനവും, അടിസ്ഥാന സൗകര്യങ്ങളായ ആന്റിപോച്ചിംഗ് ഷെഡ്ഡുകൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വാർത്താവിനിമയ സൗകര്യങ്ങൾ, വയർലെസ് സെറ്റുകൾ, സോളാർ വേലികളുടെ നിർമ്മാണം, കരിങ്കൽഭിത്തി നിർമ്മാണം, ആനകളുടെ ആക്രമണത്തിൽനിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകളുടെ നിർമ്മാണം, വന്യമൃഗാക്രമണത്തിന് വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ജൈവവൈവിദ്ധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും, വനത്തിനുള്ളിലെ ചതുപ്പ് വയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം അധിനിവേശ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി ക്യാമ്പുകൾ, സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകളുടെ അച്ചടിയും വിതരണവും വന്യമൃഗങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട്

ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധികളായ നല്ലയിനം കന്നുകാലികളെ നൽകൽ, തൊഴിൽ പരിശീലനങ്ങൾ, സൗരോർജ്ജ വിളക്കുകൾ നൽകൽ മുതലായ പ്രധാന പ്രവർത്തനങ്ങളാണ് മേൽ പരാമർശിച്ചിട്ടുള്ള പരിപാടികളിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധകിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാനിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന്

ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കാനുമുള്ള നടപടികൾ.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

12. ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തരം അറിയിപ്പുനൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

ജനപങ്കാളിത്തത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ഒരു സമിതിയാണ് ടി ജനജാഗ്രതാ സമിതി. 204 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്തൊട്ടാകെ ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വന്യജീവികളുടെ ആവാസവ്യവസ്ഥയായ വനപ്രദേശങ്ങളെ മനുഷ്യർ അധിവാസത്തിനും ഉപജീവനത്തിനുമായി ആശ്രയിക്കേണ്ടിവരുന്നത്, വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകുന്നുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലയിൽ വയനാട് വന്യജീവി സങ്കേതത്തിൽ വനത്തിനുള്ളിൽ വസിക്കുന്ന ഓരോ കുടുംബത്തിനും പുനരധിവാസ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ വീതം ധനസഹായം നൽകി നടപ്പാക്കിവരുന്ന സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം വനപ്രദേശങ്ങളിൽനിന്നും മാറ്റിപാർപ്പിക്കുകയാണ് ചെയ്യുന്നത്.

വയനാട് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയുടെ ഭാഗമായി 800 കുടുംബങ്ങളെ വനത്തിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇപ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹകരണത്തോടെ നടന്നുവരുന്നത്. മുന്നൂറോളം കുടുംബങ്ങളെ ഇതിനോടകം പുനരധിവസിപ്പിച്ചു കഴിഞ്ഞു. നൂറിൽപ്പരം കുടുംബങ്ങളുടെ പുനരധിവാസം അന്തിമഘട്ടത്തിലാണ്.

അവശേഷിക്കുന്ന 400 കുടുംബങ്ങളെക്കൂടി പുനരധിവസിപ്പിച്ച് കഴിഞ്ഞാൽ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കപ്പെടുകയും പ്രദേശത്തെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ കാര്യമായ കുറവുണ്ടാകുകയും ചെയ്യും.

**ദേശീയ വേതന നിയമ ഭേദഗതി**

12 (*522) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതനത്തിന് താഴെ അടിസ്ഥാന വേതനം (ഫ്ളോർ വേജ്) എന്ന തട്ട് കൂടി ഉൾപ്പെടുത്തി ദേശീയ വേതന നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര തൊഴിൽ മന്ത്രാലയം നടപടി സ്വീകരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം മിനിമം വേതനത്തിന് താഴെ ഒരു തലം കൂടി ഉൾപ്പെടുത്തുന്നതുവഴി ശമ്പളം കുറയാൻ ഇടയാകുമെന്ന തൊഴിലാളികളുടെ ആശങ്കകൾ വിലയിരുത്തി വകുപ്പ് എന്തെങ്കിലും തുടർനടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) തൊഴിലാളിയുടെ മിനിമം ജീവിതനിലവാരമനുസരിച്ചും ഭൂമിശാസ്ത്രപരമായി വ്യത്യസ്ത മേഖലകൾക്കുവേണ്ടിയും പ്രത്യേകം ഫ്ളോർ വേജസ് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്നതാണെന്ന് 2019-ലെ കോഡ് ഓൺ വേജസ് നിയമത്തിലെ വകുപ്പ് 9 വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ഫ്ലോർ വേജിനുതാഴെ മിനിമം വേതനം നിശ്ചയിക്കാൻ പാടില്ലെന്നും നിലവിൽ ഫ്ലോർ വേജിനേക്കാൾ കൂടുതൽ മിനിമം വേതനം നൽകിവരുന്നുണ്ടെങ്കിൽ ആയത് കുറയ്ക്കാൻ പാടില്ലെന്നും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഫ്ലോർ വേജസ് നിശ്ചയിക്കുന്നതിന് മുമ്പായി സംസ്ഥാന ഗവൺമെന്റുകളുമായി കൂടിയാലോചിക്കണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മെച്ചപ്പെട്ട വേതന നിരക്കുകൾ നിലവിലുള്ളതിനാൽ ഈ വ്യവസ്ഥ സംസ്ഥാനത്തെ തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

## ക്ഷീരകർഷകർക്ക് വായ്പ

13 (*523) ശ്രീ. അനിൽ അക്കര:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർ അതീവ പ്രതിസന്ധി നേരിടുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ക്ഷീരകർഷകർക്ക് ക്ഷേമനിധി ബോർഡുവഴി നിലവിൽ നൽകുന്ന പെൻഷൻ എത്രയാണ്; അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കർഷകർക്ക് ലഭിക്കുന്നതുപോലെ ക്ഷീരകർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീരകർഷകർ അതീവ പ്രതിസന്ധി നേരിടുന്നില്ല. കർഷകർക്ക് ഉല്പാദന ചെലവിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് 2019 ആഗസ്റ്റ് മാസത്തിൽ പാൽ വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ ഉല്പാദകന് 3.35 രൂപ വർദ്ധനവ് ലഭ്യമാകുന്നത് ഉറപ്പുവരുത്തിയിരുന്നു. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ബഹുഭൂരിഭാഗം പഞ്ചായത്തുകളിലും വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി ഉൾപ്പെടെ ആകെ ലിറ്ററിന് 4 രൂപ വരെ അധിക പാൽവില ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

ക്ഷീരകർഷകർക്ക് ആശ്വാസമാകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുക വഴി കർഷകരിൽ കൂടുതൽ ആത്മവിശ്വാസം വളർത്തി ഈ മേഖലയിൽ അവരെ നിലനിർത്തുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളുടെ ഭാഗമായി 2016-17-ൽ ക്ഷീരസംഘങ്ങളുടെ പാലുല്പാദനം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2018-19 ആയപ്പോഴേക്കും 18.64 ലക്ഷം ലിറ്ററായി ഉയർത്തുന്നതിനും നമ്മുടെ ആവശ്യകതയനുസരിച്ച് ഏകദേശം 80 ശതമാനത്തിനും മുകളിൽ പാൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ 1200 രൂപയാണ്. പെൻഷൻ തുക ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 500 രൂപ ആയിരുന്നതാണ് 1200 രൂപയായി വർദ്ധിപ്പിച്ചത്. കൂടാതെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുകയും പെൻഷൻ തുകയായ 1200 രൂപയിൽ 900 രൂപ സർക്കാർ നൽകുകയും ചെയ്യുന്നു. ബാക്കി 300 രൂപ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽനിന്നും നൽകുന്നു.

(സി) ക്ഷീരകർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യം പരിശോധിച്ചുവരികയാ ണ്.

**മിൽമയെ കൂടുതൽ മത്സരക്ഷമതയുള്ളതാക്കുന്നതിന് നടപടി**

14 (*524) ശ്രീ. രാജു എബ്രഹാം:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദകരുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുന്നതിന് അയൽസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തിനകത്തു തന്നെയുള്ള ക്ഷീര വിതരണ സംരംഭകരിൽ നിന്നും നേരിടുന്ന വിപണി മത്സരത്തെ അതിജീവിക്കാൻ മിൽമയെ കൂടുതൽ മത്സരക്ഷമതയുള്ളതാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ സാധ്യമാണോ;

(ബി) അത്തരം സംരംഭകർ വിപണനം നടത്തുന്ന പാലും പാലുല്പന്നങ്ങളും നിശ്ചിത നിലവാരം പുലർത്തുന്നവയാണെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) മേഖലാ യൂണിയനുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനുവേണ്ട ഇടപെടൽ നടത്തുമോ;

(ഡി) മലബാർ മേഖലയിൽ സംഭരിക്കുന്ന പാൽ മിച്ചമായിട്ടും മറ്റു മേഖലാ യൂണിയനുകൾ ഇതര സംസ്ഥാനത്ത് നിന്നും പാൽ കൊണ്ടുവന്ന് മിൽമയെ ദുർബ്ബലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മിൽമയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമതയുള്ളതാക്കി ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കിയും ഉപഭോക്താക്കൾക്ക്

ഗുണമേന്മയുള്ള പാലിന്റെ ലഭ്യത ഉറപ്പുവരുത്തിയും സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമുള്ള പാൽ വിതരണ സംരംഭകരിൽ നിന്നുള്ള വിപണി മത്സരങ്ങൾ അതിജീവിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സഹകരണ മേഖലയുടെ പ്രാധാന്യം കർഷകരിലെത്തിച്ച് കൂടുതൽ കർഷകരെ സഹകരണശൃംഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതും ലക്ഷ്യമിട്ട് സമഗ്ര സഹകരണ പ്രചരണപരിപാടി നടപ്പിലാക്കുന്നുണ്ട്.

ഇന്ത്യയിൽ ക്ഷീരകർഷകന് ഏറ്റവും കൂടിയ പാൽ വില നൽകുന്നത് കേരളമാണ്. ക്ഷീരകർഷകന് ആവശ്യമായ കാലിത്തീറ്റ ഉൽപ്പാദനത്തിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ എല്ലാംതന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. ആയതിനാൽ കേരളത്തിലെ പാലുല്പാദന ചെലവ് വളരെ കൂടുതലാണ്. എന്നിരുന്നാലും വിപണി മത്സരത്തെ അതിജീവിക്കാൻ മിൽമ കഠിനപ്രയത്നം നടത്തുന്നുണ്ട്. നിശ്ചിത ഗുണനിലവാരവും മേന്മയും ഉറപ്പുവരുത്തിയാണ് മിൽമ പാലും പാലുത്പ്പന്നങ്ങളും വിപണിയിലെത്തിക്കുന്നത്. വിപണിയിൽ ലഭിക്കുന്ന അന്താരാഷ്ട്ര ബ്രാൻഡുകളോട് കിടപിടിക്കുന്ന ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളാണ് മിൽമ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നത്. ആയതിനാൽ മിൽമ, എന്ന ജനപ്രിയ ബ്രാൻഡിൽ ഉപഭോക്താക്കൾ വിശ്വാസമർപ്പിക്കുന്നു. മിൽമ വിപണനം ചെയ്യുന്ന പാലും പാലുല്പന്നങ്ങളെയും പ്പറ്റിയുള്ള പരസ്യങ്ങൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ ഉപഭോക്താക്കളിൽ എത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് വിപണനം നടത്തുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടേയും ഗുണമേന്മ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ഓഫീസുകൾ മുഖേനയും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന NABL അക്രഡിറ്റേഷനുള്ള സ്റ്റേറ്റ് ഡെയറി ലാബ് മുഖേനയും ഉറപ്പുവരുത്തുന്നുണ്ട്.

കൂടാതെ അതിർത്തി ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക് പോസ്റ്റ് സംവിധാനംവഴി ഇതര സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പാലിന്റേയും പാലുല്പന്നങ്ങളുടേയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(സി) മേഖലാ യൂണിയനുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സർക്കാർ ഇടപെടൽ നടത്തുന്നുണ്ട്.

ഇതിന്റെ ഭാഗമായാണ് കേരളത്തിലെ ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠിക്കുന്നതിനായി ശ്രീമതി ലിഡ ജേക്കബ് IAS (Rtd.) അദ്ധ്യക്ഷയായി വിദഗ്ദ്ധസമിതിയെ നിയോഗിച്ചത്.

മേഖലാ യൂണിയനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനുമായി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സംസ്ഥാന ക്ഷീര വിപണന ഫെഡറേഷൻ നിയമനങ്ങൾ പി.എസ്.സി.യാണ് നടത്തുന്നതെങ്കിലും മേഖലാ യൂണിയനുകളിലെ നിയമങ്ങൾ നടത്തുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ട അവസരത്തിൽ നിയമനങ്ങൾക്കായി ഒരു റിക്രൂട്ടിംഗ് കമ്മിറ്റിയെ നിയമിച്ചതിലൂടെ നിയമനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലബാർ മേഖലയിൽ വിപണനത്തേക്കാൾ കൂടുതൽ പാൽ സംഭരിക്കുന്നതായും എന്നാൽ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകൾ മലബാർ മേഖലയിലെ അധികരിച്ച പാൽ പൂർണ്ണമായും സ്വീകരിക്കാതെ ഇതര സംസ്ഥാനങ്ങളിൽനിന്നും പാൽ കൊണ്ടുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ലഭ്യമായ പാൽ പൂർണ്ണമായും സംഭരിച്ചതിനുശേഷം ആവശ്യമുണ്ടെങ്കിൽ മാത്രം മറ്റ് സംസ്ഥാനങ്ങളിൽനിന്നും പാൽ കൊണ്ടുവരേണ്ടതുള്ളൂവെന്ന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ**

15 (*525) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായതോ ആയ തോട്ടങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് സർക്കാരിന്റെ

ധനസഹായത്തോടെ പ്രവർത്തിപ്പിക്കുകയോ സന്നദ്ധതയുള്ള സ്വകാര്യ കമ്പനികൾക്ക് കൃത്യമായ മാനദണ്ഡങ്ങളോടെ കൈമാറി പ്രവർത്തിപ്പിക്കുകയോ ചെയ്യാൻ സാധിക്കുംവിധം നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ പാട്ടക്കരാർ പുതുക്കി നൽകുന്നതിനുള്ള തടസ്സങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായതോ ആയ തോട്ടങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തോട്ടം ഉടമകളുമായും തൊഴിലാളി സംഘടനാനേതാക്കളുമായും തൊഴിൽ വകുപ്പുമന്ത്രി നിരവധിഘട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർന്ന് പൂട്ടിക്കിടക്കുന്ന ഈ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാനേജ്മെന്റുകളോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റുകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകളിൽ ഇനം നമ്പർ (11)-ൽ, ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണമെന്ന വിഷയത്തിൽ ആവശ്യമായ നിയമനിർമ്മാണം (initiate proposal for legal frame work) നടത്തുന്ന കാര്യം പരിശോധിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. കൂടാതെ റവന്യൂ വകുപ്പ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന ലാൻഡ് ലീസ് ആക്ടിന്റെ പരിധിയിൽ ഇക്കാര്യംകൂടി കൊണ്ടുവരുന്ന കാര്യം പരിഗണിക്കാവുന്നതാണ്, എന്നത് സംബന്ധിച്ച് സർക്കാരോ തൊഴിലാളികളുടെ സഹകരണ സംഘങ്ങളോ സന്നദ്ധരായ സ്വകാര്യ കമ്പനികളോ വ്യക്തമായ മാനദണ്ഡത്തോടെ തോട്ടങ്ങൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുകയാണെങ്കിൽ തോട്ടത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തരുതെന്ന വ്യവസ്ഥയോടെ അംഗീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ പാട്ടകരാർ പുതുക്കി നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കരാർ വ്യവസ്ഥകൾ ലംഘിച്ച നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ**

16 (*526) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നെല്ലിയാമ്പതിയിലുള്ള ചെറുനെല്ലി എസ്റ്റേറ്റ് കരാർ ലംഘനം കാരണം സർക്കാർ ഏറ്റെടുത്തുവെങ്കിലും പിന്നീട് വിട്ടുകൊടുക്കേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നടപടിക്രമങ്ങളിലെ വീഴ്ച പരിഹരിച്ച് പ്രസ്തുത എസ്റ്റേറ്റ് വീണ്ടും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ;

(സി) പ്രസ്തുത വിഷയത്തിലുള്ള കോടതി നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) നെല്ലിയാമ്പതിയിലെ മണലാരു, വിക്ടോറിയ തുടങ്ങിയ എസ്റ്റേറ്റുകളിൽ കരാർ വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത എസ്റ്റേറ്റുകൾ ഏറ്റെടുക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(എഫ്) എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തിക്കൊണ്ട് കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുക്കുമോ; വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ.രാജു):

(എ) പാലക്കാട് നെല്ലിയാമ്പതിയിലുള്ള ചെറുനെല്ലി എസ്റ്റേറ്റിൽ പാട്ടക്കരാർ ലംഘനം കണ്ടെത്തിയതിനെത്തുടർന്ന് എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് പ്രസ്തുത എസ്റ്റേറ്റിന്റെ പാട്ടക്കരാർ 8-6-2012-ലെ G.O.(Ms) No.64/2012/FWLD-പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെറുനെല്ലി എസ്റ്റേറ്റ് വനം വകുപ്പ് ഏറ്റെടുക്കുന്നതിന് മുമ്പുതന്നെ ടി എസ്റ്റേറ്റിന്റെ നിലവിലെ കൈവശക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അഞ്ച് റിട്ട്

പെറ്റീഷനുകൾ ഫയൽ ചെയ്യുകയും പ്രസ്തുത കേസ്സുകൾ പരിഗണിച്ച് ടി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള മേൽ പറഞ്ഞ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി 13-7-2012-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാലും കേസ്സുകളിൽ അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതിനാലും നിലവിൽ ടി എസ്റ്റേറ്റ് സ്വകാര്യ വ്യക്തികളുടെ കൈവശം തന്നെയാണുള്ളത്. പാട്ടക്കരാർ റദ്ദ് ചെയ്ത് സർക്കാർ ഉത്തരവായെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ളതിനാൽ ചെറുനെല്ലി എസ്റ്റേറ്റ് സർക്കാരിന് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

(ബി) നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് ചെറുനെല്ലി എസ്റ്റേറ്റിന്റെ പാട്ടക്കരാർ റദ്ദ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ നിലനിൽക്കുന്നതിനാൽ ആയതിന്മേലുള്ള അന്തിമവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) ടി കേസ്സുകളെല്ലാംതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി 'weekly list' ൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ ടി കേസിന്റെ വിചാരണയ്ക്ക് കാലതാമസം നേരിടുന്നുണ്ട്. ടി എസ്റ്റേറ്റുകൾ സർക്കാരിലേയ്ക്ക് എറ്റെടുക്കുന്നതിന് വിഘാതമായ ഹൈക്കോടതി സ്റ്റേ ഒഴിപ്പിച്ച് നടപടികൾ വേഗത്തിലാക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചെറുനെല്ലി എസ്റ്റേറ്റുമായി ബന്ധപ്പെട്ട അഞ്ച് റിട്ട് പെറ്റീഷനുകളുടെ 'Early Posting'ന് വേണ്ട നടപടികൾ സ്വീകരിച്ച് എസ്റ്റേറ്റ് സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനാവശ്യമായ ത്വരിത നടപടികൾ സ്വീകരിക്കണമെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് &റിസോഴ്സ്) അഡ്വക്കേറ്റ് ജനറലിനോട് അപേക്ഷിച്ചിട്ടുള്ളതുമാണ്. പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് 18-9-2019-ന് വിളിച്ചുചേർത്ത യോഗത്തിൽ പാട്ടക്കരാർ ലംഘനവുമായി ബന്ധപ്പെട്ട് കോടതിയിൽ സ്റ്റേ നിലവിലുള്ള കേസ്സുകളിൽ സ്റ്റേ നീക്കം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി. കൂടാതെ പാട്ടക്കരാർ ലംഘനവുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് അഡീഷണൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗംകൂടി വിളിച്ചുചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി&ഇ) നെല്ലിയാമ്പതിയിലെ മണലാരു, വിക്ടോറിയ തുടങ്ങിയ എസ്റ്റേറ്റുകളിൽ പാട്ടക്കരാർ വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്ന് നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചുകൊണ്ട് ടി എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന്റെ ആദ്യ നടപടിയായി ടി എസ്റ്റേറ്റുകളുടെ നിലവിലെ കൈവശക്കാർക്ക് നോട്ടീസ് നൽകുകയും ഹിയറിംഗ് (preliminary hearing) നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തിക്കൊണ്ട് കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് 18-9-2019-ന് ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുവാനും ഇത്തരം എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന വേളയിൽ ടി എസ്റ്റേറ്റുകളിലെ തൊഴിലാളി പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടും അവർക്ക് തൊഴിൽ ഉറപ്പാക്കിക്കൊണ്ടും മാത്രമേ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ പൂർത്തിയാക്കാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കാനുള്ള ഇടപെടലുകൾ

17 (*527) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം സംസ്ഥാനത്ത് ഗുരുതരമായ ഒരു സാമൂഹിക വിപത്തായി മാറിയെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഈ വിപത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടലുകൾ ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തലങ്ങളിലെന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മദ്യം സംസ്ഥാനത്ത് ഗുരുതരമായ ഒരു സാമൂഹിക വിപത്തായി മാറിയിട്ടില്ല. മദ്യവർജ്ജനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സർക്കാർ ലഹരിവർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ഉണ്ട്. മദ്യവർജ്ജനത്തിനും ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനും വേണ്ടി സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും കാര്യക്ഷമമായ രീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തേക്കാൾ വളരെയേറെ ശക്തിപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കോളേജുതലത്തിൽ 507-ഉം സ്കൂൾ തലത്തിൽ 3438-ഉം ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ലഹരി വിരുദ്ധ ക്ലബ്ബുകൾക്കായി വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പി.റ്റി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുമായി നിരന്തര ആശയ വിനിമയം നടത്തിവരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി. എന്നിവയുമായി സഹകരിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു.

വിദ്യാർഥികളിൽ ലഹരിവിരുദ്ധ ചിന്തപകരുന്നതായ വിഷയങ്ങൾ ഉൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, പ്രസംഗം എന്നിവ വടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊണ്ട ഹ്രസ്വചിത്ര മത്സരം സംഘടിപ്പിച്ചിട്ടുണ്ട്.

'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പ്രത്യേക പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളെയും അണിനിരത്തി അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരികയാണ്. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളും കേന്ദ്രീകരിച്ച് വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ലഹരിവർജ്ജന പ്രചരണ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

## പൈപ്പ്‌ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുന്ന സംഭവങ്ങൾ

18 (*528) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവാരമില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതാണ് നിരന്തരം പൈപ്പ് പൊട്ടാൻ കാരണമെന്ന് അതോറിറ്റിയുടെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇരുപത്തിനാല് മണിക്കൂറും ഗുണനിലവാരമുള്ള ജലവിതരണത്തിന് വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്, പൈപ്പ്‌ലൈനുകൾ പൊട്ടുന്ന വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ സമയബന്ധിതമായി പരിഹരിക്കുവാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

(ബി) ഇല്ല, പൈപ്പുകളുടെ ഗുണനിലവാരം വിവിധ ടെസ്റ്റുകൾ വഴി പരിശോധിച്ച് ഉറപ്പാക്കിയശേഷമാണ് കേരള വാട്ടർ അതോറിറ്റി പൈപ്പുകൾ ഉപയോഗത്തിനായി പരിഗണിക്കുന്നത്.

(സി)

- ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ തിരുവനന്തപുരം എറണാകുളം നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലുണ്ട്.
- കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം IS 10500-2012 പ്രകാരം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയശേഷമാണ് വിതരണം ചെയ്യുന്നത്.
- കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ

കുടിവെള്ള പദ്ധതികൾ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ അവ പരിശോധിക്കുകയും ആവശ്യമായ തുടർ നടപടികൾക്കായി ബന്ധപ്പെട്ട വിതരണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

**വന സംരക്ഷണത്തിനായുള്ള പദ്ധതികൾ**

19 (*529) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനസംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) 1977-ന് ശേഷം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വനം കയ്യേറ്റം നടന്നിട്ടുള്ളത് ഏതുമേഖലയിലാണ്; എത്ര ഹെക്ടർ വനമാണ് ഇപ്രകാരം കയ്യേറിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ജണ്ടകെട്ടി വനം സംരക്ഷിക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിലുണ്ടായ വീഴ്ചയാണ് വനം കയ്യേറ്റങ്ങൾക്ക് കാരണമെന്നതിനാൽ ഇത് സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജണ്ട കെട്ടുന്നതിന് പ്രാദേശികമായ എതിർപ്പുള്ള സ്ഥലങ്ങളിൽ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുടെ യോഗം വിളിച്ച് പ്രശ്നം പരിഹരിക്കുന്നതിനും ഭാവിയിൽ കൂടുതൽ കയ്യേറ്റങ്ങൾ ഉണ്ടാകാതെ തടയുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് വനസംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു:

1. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും നടത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. 2016-17-ൽ 12500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18-ൽ 14416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14618

സ്ഥിരം ജണ്ടകളും നിർമ്മിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഉദ്ദേശം 660 കി.മീ. വനാതിർത്തിയിൽ 14000 സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

2. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർച്ച് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.

3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സാങ്കേതിക റിമോട്ട് സെൻസിംഗ് വിദ്യയുടെ സഹായത്തോടെ ഊർജ്ജിതമായി നടപ്പിലാക്കൽ.

4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ. 2018-19 സാമ്പത്തിക വർഷത്തിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് 2015-16 വർഷം മുതൽ നാളിതുവരെ 30 പേരടങ്ങുന്ന 8 ബാച്ചുകളിലായി 240 പേർക്ക് സർവ്വേ ട്രെയിനിംഗ് പരിശീലനം നൽകിയിട്ടുണ്ട്.

6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതനരേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റെക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുണ്ട്. 2018 സെപ്റ്റംബർ മുതൽ ടി റെക്കോർഡ് റൂമിന്റെ പ്രവർത്തനം നടന്നുവരുന്നുണ്ട്.

7. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വന വിഭവങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം.

8. ആധുനിക സാങ്കേതികവിദ്യകളുടെ സഹായവും വനസംരക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ട്. കേന്ദ്രീകൃത കാൾ സെന്റർ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ജി.പി. എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കിവരുന്നു. ജി.ഐ.എസ്.-ന്റെ സഹായത്തോടെ M-STrIPES (Monitoring System for Tigers-Intensive Protection and Ecological Status) എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള പട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പിലാക്കിവരുന്നു.

(ബി) വനം വകുപ്പ് 2015-16 സാമ്പത്തികവർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കും. ജണ്ടകെട്ടി വനം സംരക്ഷിക്കുന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമയബന്ധിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 15533 കിലോമീറ്ററോളം വനാതിർത്തി 31-3-2019 വരെ ജണ്ടകെട്ടി വേർതിരിച്ചു കഴിഞ്ഞിട്ടുണ്ട്. 1-4-2019-ൽ ജണ്ടകെട്ടിതിരിക്കാനായി ഉദ്ദേശം 1313 കി.മീ. അവശേഷിക്കുന്നു. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായി. 2016-17 ൽ 12500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18-ൽ 14416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19-ൽ 14618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. ഈ വർഷം (2019-20), 14000 ജണ്ടകൾ (ഉദ്ദേശം 660 കി.മീ.) സ്ഥാപിച്ച് വനാതിർത്തി വേർതിരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1-4-2020-ൽ അവശേഷിക്കുന്നതായി കണക്കാക്കുന്ന 653 കി.മീ. വനാതിർത്തികളിൽ കോടതി സ്റ്റേകളില്ലാത്ത ഭാഗങ്ങളിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ജണ്ട കെട്ടുന്നതിന് പ്രാദേശികമായ എതിർപ്പുള്ള സ്ഥലങ്ങളിൽ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുടെ യോഗം വിളിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. ഭാവിയിൽ കൂടുതൽ കയ്യേറ്റങ്ങൾ ഉണ്ടാകാതെ തടയുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾത്തന്നെ തടയുകയും ഒഴിപ്പിക്കുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## പട്ടികഗോത്ര പുനരധിവാസവും വികസനവും മിഷൻ

20 (*530) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ പട്ടികഗോത്ര കുടുംബങ്ങളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പട്ടികഗോത്ര പുനരധിവാസവും വികസനവും മിഷൻ (ടി.ആർ.ഡി.എം.) പ്രകാരം നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) വികസന ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പട്ടികഗോത്രത്തിൽപ്പെട്ടവർക്ക് പങ്കാളിത്തം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) വിവിധ തലങ്ങളിലുള്ള ടി.ആർ.ഡി.എം. മിഷനുകളുടെ പ്രവർത്തനം അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ചും അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വതോമുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് 9-11-2001-ലെ 6301/പ.ജ.പ.വ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്.

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം 2006 പ്രകാരം കൈവശരേഖ നൽകൽ എന്നീ പ്രധാന പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ ആറളം മേഖലയിൽ ഭൂമി കൈപ്പറ്റാത്തവരുടെ ഭൂമിയും ലഭ്യമായ മറ്റ് റവന്യൂ ഭൂമിയും അർഹരായ ഭൂരഹിതർക്ക് വിതരണം നടത്തിവരുന്നു. മിഷൻ മുഖേന ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

നിക്ഷിപ്ത വനഭൂമി വിതരണം

1. കാസർഗോഡ് (37.2). കണ്ണൂർ (83), വയനാട് (3008.0879), മലപ്പുറം (203.64), പാലക്കാട് (4360.8972) ജില്ലകളിലായി ആകെ 7692.825 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനാണ് കേന്ദ്രാനുമതിയും തുടർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും അനുമതി ലഭിച്ചത്. ആയതിൽ മിഷൻ പ്രവർത്തന ഫലമായി 3569.25 ഹെക്ടർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. അതിൽ 958.717 ഹെക്ടർ വനാവകാശ നിയമപ്രകാരവും 2610.53 ഹെക്ടർ ഭൂമിക്ക് കൈവശാവകാശരേഖയും നൽകിയിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വനം, റവന്യൂ, പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും നിരവധി യോഗങ്ങൾ ചേരുകയും തുടർന്ന് കാസർഗോഡ് (30.36 ഹെക്ടർ), മലപ്പുറം (10 ഹെക്ടർ),

പാലക്കാട് (499.78 ഹെക്ടർ) എന്നിവിടങ്ങളിൽ ആകെ 540.14 ഹെക്ടർ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ 211 പേർക്ക് 68.46 ഹെക്ടർ വിതരണം ചെയ്യുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. മലപ്പുറം ജില്ലയിൽ 111 ഹെക്ടർ, വയനാട് ജില്ലയിൽ 48 ഹെക്ടർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള സംയുക്ത പരിശോധന സർവ്വേ പ്രവർത്തനം എന്നിവ അന്തിമഘട്ടത്തിലാണ്. പാലക്കാട് ജില്ലയിൽ സംയുക്തതല പരിശോധന നടന്നുവരികയാണ്. നടപ്പുസാമ്പത്തികവർഷം മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിൽ വിതരണയോഗ്യമായി കണ്ടെത്തുന്ന മുഴുവൻ ഭൂമിയും വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഭൂമി വാങ്ങി നൽകുന്ന പദ്ധതി

ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 3-3-2018-ലെ 21/2018/പ.ജ.പ.വ.വി.വ. ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരം ഭൂമി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തിയതിൽ ആദ്യഘട്ട ഫീൽഡ് പരിശോധനയ്ക്കുശേഷം 747.42 ഏക്കർ ഭൂമി ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. ഒരിക്കൽക്കൂടി ഫീൽഡുതല പരിശോധനയും വിലനിർണ്ണയവും നടത്തി ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ 64.91 ഏക്കർ ഭൂമിയുടെ വില നിർണ്ണയം കഴിഞ്ഞിട്ടുണ്ട്. അതിൽ വയനാട് (19.18 ഏക്കർ), പാലക്കാട് (8 ഏക്കർ), മലപ്പുറം (5.27 ഏക്കർ) എന്നിവിടങ്ങളിലെ ഭൂമിയുടെ വില നിർണ്ണയം സർക്കാർ അംഗീകരിച്ച് ഭൂമി വിതരണം അന്തിമഘട്ടത്തിലാണ്. വാസയോഗ്യമെന്ന് കണ്ടെത്തുന്ന മുഴുവൻ ഭൂമിയും വില നിർണ്ണയം പൂർത്തീകരിച്ച് വാങ്ങി നൽകുന്ന നടപടി പുരോഗമിക്കുന്നു.

വനാവകാശ നിയമം 2006

വനാവകാശ നിയമം 2006 പ്രകാരം ഭൂമിയുടെ കൈവശാവകാശം നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഇതുവരെ 25913 പേർക്ക് 34623.98 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ 4982 അപേക്ഷകൾ ഗ്രാമസഭ, SDLC, DLC എന്നിവിടങ്ങളിൽ പെൻഡിംഗിലാണ്. ടി അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. 8-8-2019-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിനുശേഷം SDLC, DLC എന്നിവ ഒരാഴ്ചയ്ക്കൊരിക്കൽ ചേർന്ന് അപേക്ഷകൾ തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വനാവകാശ കൈവശരേഖ തയ്യാറാക്കുന്നത് NIC തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മുഖേനയാണ്. നിലവിൽ ടി വെബ്‌സൈറ്റ് പ്രവർത്തനക്ഷമമല്ലാത്തത്

പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് (MOTA) അപേക്ഷിച്ചിട്ടുണ്ട്. വെബ്സൈറ്റിന്റെ തകരാർ കാരണം വിവരങ്ങൾ എന്റർ ചെയ്ത് കൈവശരേഖ നൽകാൻ കഴിയാത്തവ മാന്വലായി തയ്യാറാക്കി വിതരണം ചെയ്യാനും വെബ്സൈറ്റ് പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് രേഖപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വേ നടപടികൾക്ക് താമസം നേരിടുന്നത് ഒഴിവാക്കുന്നതിനായി പ്രത്യേക ഫണ്ട് നൽകി. ആവശ്യമെങ്കിൽ സ്വകാര്യ/റിട്ടയേർഡ് സർവ്വേയർമാരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. പെന്റിംഗിലുള്ള എല്ലാ അപേക്ഷകളും തീർപ്പാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ആറളത്ത് ഭൂമി അനുവദിച്ചിട്ട് കൈപ്പറ്റാത്തവരുടെ പട്ടയം റദ്ദ് ചെയ്ത് അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ഭൂമി വാങ്ങി നൽകൽ നിക്ഷിപ്ത വനഭൂമി വിതരണം വനാവകാശ നിയമം നടപ്പാക്കൽ എന്നിവയിലൂടെ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) വികസനത്തിലും ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പട്ടികവർഗ്ഗക്കാർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി പദ്ധതികൾ ഊരുകൂട്ടത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയശേഷമാണ് നടപ്പിലാക്കുന്നത്. ഊരുകൂട്ടത്തിൽ ആവശ്യപ്പെടുന്ന പ്രകാരമാണ് ഓരോ കോളനികളിലും നടപ്പിലാക്കേണ്ട പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതികൾ തയ്യാറാക്കുന്നത്. പദ്ധതികൾ മോണിട്ടറിംഗ് ചെയ്യുന്നതിന് രൂപീകരിക്കുന്ന കമ്മിറ്റികളിൽ പട്ടികവർഗ്ഗ പ്രതിനിധികളായി ഊരുമൂപ്പൻമാർ, പട്ടികവർഗ്ഗ പ്രതിനിധികളായി ഊരു മൂപ്പൻമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർ എന്നിവരെയും ഉൾപ്പെടുത്താറുണ്ട്. ജില്ലാമിഷൻ യോഗത്തിലും ഊരുമൂപ്പന്മാരെ പങ്കെടുപ്പിക്കാറുണ്ട്. ഇത്തരത്തിൽ പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വികസന ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും ലഭ്യമാകുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളുംവഴി നടപ്പാക്കുന്ന പദ്ധതികൾ ഊരുകൂട്ടങ്ങളുടെ തീരുമാനപ്രകാരമാണ് നടപ്പിലാക്കുന്നത്.

(സി) ജില്ലാ മിഷനുകൾ ഭൂമി വിതരണം, വിതരണം ചെയ്ത ഭൂമിയിൽ അടിസ്ഥാനസൗകര്യ വികസനം എന്നിവയുടെ പ്രോജക്ടുകൾ തയ്യാറാക്കി ശിപാർശ ചെയ്യുന്നു. സംസ്ഥാന മിഷന്റെയും ഉന്നതാധികാര സമിതിയുടെയും അംഗീകാരത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നു. 25 ലക്ഷം വരെയുള്ള പ്രോജക്ടുകൾ (റോഡ്, പാലം 10 ലക്ഷം) ജില്ലാ മിഷൻ തന്നെ ഭരണാനുമതി നൽകി പദ്ധതി നിർവ്വഹണം നടത്തുന്നു.

## പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സെന്ററുകൾ

21 (*531) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളെ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിനുവേണ്ടി പ്രത്യേക കോച്ചിംഗ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോച്ചിംഗ് സെന്ററുകളിലൂടെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടാക്കാനായ നേട്ടങ്ങളെന്തൊക്കെയാണ്; ഇത്തരം കോച്ചിംഗ് സെന്ററുകൾ പുതുതായി സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ അതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങളും ആയതിലേക്കുള്ള വിദ്യാർത്ഥി പ്രവേശനരീതിയും വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിൽ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനത്തിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി മുഖേന ഒരു സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു. കൂടാതെ പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട 30 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികളെ കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങളിലയച്ച് പരിശീലനം നൽകുന്നതിനായി ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പദ്ധതി 2019-20 മുതൽ ICSETS മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) യിലൂടെ 2002 മുതൽ നാളിതുവരെ 13 പേർക്ക് പ്രവേശനം നേടാൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | പേര് | സർവ്വീസ് |
|---|---|---|---|
| 1 | 2002 | വി. കെ. പ്രശാന്ത് | IRS |
| 2 | 2003 | കെ. ഇ. സേതുരാമൻ | IPS |
| 3 | 2003 | അനിൽ കുമാർ | IRTS |
| 4 | 2004 | കെ. കെ. സുജ | IRTS |
| 5 | 2005 | സാജു സുരേന്ദ്രൻ | IES |
| 6 | 2010 | ലൈനാ ബാലൻ | IRS |
| 7 | 2010 | പ്രദീപ് കെ. എസ്. | IFOS |
| 8 | 2010 | വിസ്മിജു വിശ്വനാഥ് | IFOS |
| 9 | 2011 | മിഥുൻ ടി. ആർ. | IFS |
| 10 | 012 | ഡോ. ലില്ലി. ജി | IFS |
| 11 | 2016 | മിഥുൻ വി. സോമരാജ് (2010-11 ബാച്ച്) | IRTS |
| 12 | 2016 | വിജീഷ് കുമാർ റ്റി. ജി. (2007-08 ബാച്ച്) | IRTS (Central Excise & Customs) |
| 13 | 2019 | ശ്രീധന്യ സുരേഷ് (2016-17 ബാച്ച്) | IAS |

നിലവിൽ പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പുതിയ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) ബാധകമല്ല.

**പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം ഭവന പദ്ധതി**

22 (*532) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാസയോഗ്യമായ വീടില്ലാതിരുന്നിട്ടും ലൈഫ് പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെടാതെപോയ പട്ടികവിഭാഗങ്ങൾക്ക് വീട് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്രപേരുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതി വഴി ഇത് നടപ്പിലാക്കാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നേരത്തെ നടപ്പിലാക്കിയതുപോലെ വകുപ്പ് മുഖാന്തരം ഭവന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) ഭവനരഹിതരായ മുഴുവൻ ആളുകൾക്കും വീട് അനുവദിക്കുകയെന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ലൈഫ് മിഷൻ പദ്ധതി. ടി പദ്ധതി പ്രകാരമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ വീടുകൾ അനുവദിച്ചുവരുന്നത്. ലഭ്യമായ കണക്കുകൾപ്രകാരം വാസയോഗ്യമായ വീടില്ലാതിരുന്നിട്ടും ലൈഫ് പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെടാതെപോയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 39902 പേരുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 9143 ഭൂമിയുള്ള ഭവനരഹിതരും 10944 ഭൂരഹിത ഭവനരഹിതരുമുണ്ട്.

ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ഉപകുടുംബങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ആയതുപ്രകാരം ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷനിലുൾപ്പെടുത്തി വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പണി പൂർത്തിയാകാത്ത വൻകിട ജലസേചന പദ്ധതികൾ**

23 (*533) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പി. ഉണ്ണി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല്പത് വർഷം മുമ്പ് 7.6 കോടി രൂപ മതിപ്പുചെലവിൽ ആരംഭിച്ച കാരാപ്പുഴ പദ്ധതിയുടെ വിതരണ ചാലുകൾ (ഡിസ്ട്രിബ്യൂട്ടറി) നിർമ്മിക്കാത്തത് കാരണം പദ്ധതി ഇതുവരെ പ്രയോജനപ്രദമാക്കാൻ സാധിക്കാതെ പോയത് സത്വരമായി പരിഹരിക്കാൻ പരിപാടിയുണ്ടോ;

(ബി) വയനാട് ജില്ലയിലെ കാർഷിക മേഖലയ്ക്ക് ഏറെ പ്രയോജനപ്രദമായ ബാണാസുര സാഗർ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) സമാനരീതിയിൽ ദീർഘകാലമായി നിക്ഷേപത്തിൽ നിന്നും പ്രയോജനം ലഭിക്കാത്ത വൻകിട പദ്ധതികളായ മൂവാറ്റുപുഴ, ഇടമലയാർ ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്. കാരാപ്പുഴ ജലസേചന പദ്ധതിയുടെ Head works-ന്റെയും ഇടതുകര-വലതുകര കനാലുകളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശാഖാ കനാലുകളുടെ 47.26 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50 ശതമാനവും പൂർത്തിയായിട്ടുണ്ട്. 15.305 കി.മീ. ഇടതുകര കനാലിലൂടെയും 7.02 കി.മീ. വലതുകര കനാലിലൂടെയും ജലവിതരണം നടത്തുക വഴി നിലവിൽ 601 ഹെക്ടർ സ്ഥലത്ത് ജലവിതരണം നടത്തിവരുന്നു.

പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാരാപ്പുഴ ജലസേചന പദ്ധതി 2020-21 വർഷത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് ത്വരിതഗതിയിൽ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ മെയിൻ കനാൽ 84 ശതമാനവും പ്രധാന കനാലിനെ ബ്രാഞ്ച് കനാലുകളുമായി യോജിപ്പിക്കുന്ന ഡൈവേർഷൻ ചേമ്പർ പ്രവൃത്തി 100 ശതമാനവും പൂർത്തിയായിട്ടുണ്ട്. മെയിൻ കനാലിൽ പണി പൂർത്തിയാകാതിരുന്ന അക്വഡക്ടിന്റെയും (ചെ.1130 മീ. മുതൽ ചെ. 1150 മീ. വരെ) വെണ്ണിയോട് ബ്രാഞ്ച് കനാലിന്റേയും ഡിസ്ട്രിബ്യൂട്ടറികളുടെയും പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശപ്രകാരം ബാണാസുരസാഗർ ജലസേചന പദ്ധതി 2021-22 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനായി ലക്ഷ്യമിടുന്നു.

(സി) മൂവാറ്റുപുഴവാലി ജലസേചന പദ്ധതി

മൂവാറ്റുപുഴവാലി ജനസേചന പദ്ധതിയിലെ പൂർത്തീകരിക്കാനുള്ള ഡിസ്ട്രിബ്യൂട്ടറികളായ മടക്കത്താനം ഡിസ്ട്രിബ്യൂട്ടറി, കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി, ആനിക്കാട് ഈസ്റ്റ് (നടുക്കര), ഇടയാർ ഡിസ്ട്രിബ്യൂട്ടറികളുടെയും ബാക്കി പ്രവൃത്തികൾ 2020 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് നിശ്ചയിച്ചിരിക്കുന്നത്.

ഇടമലയാർ ജലസേചന പദ്ധതി

ഇടമലയാർ ജലസേചന പദ്ധതിയുടെ ലിങ്ക് കനാലിന്റെ നിർമ്മാണം പ്ലാനിംഗ് ബോർഡിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയിലാണ്. ആയതിന്റെ

നിർമ്മാണത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു. കൂടാതെ ലോ ലെവൽ കനാലിലെ കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാൽ 7 കി.മീ. 2022-ഓടുകൂടി പണി പൂർത്തിയാകും.

**പട്ടികജാതിയിൽപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ**

24 (*534) ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർദ്ധന പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് നൽകിവരുന്ന വിവാഹ ധനസഹായ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നഴ്സിംഗ് പഠനം പൂർത്തീകരിച്ച ഈ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പട്ടികജാതി കുടുംബത്തിലെ വരുമാനദായകനായ വ്യക്തി മരിച്ചാൽ മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്ന ധനസഹായത്തിന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) പട്ടികജാതിക്കാർക്കുള്ള ചികിത്സാസഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായ തുക 50,000 രൂപയിൽനിന്നും 75,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ജനറൽ നഴ്സിംഗ്, ബി.എസ്.സി നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് താലൂക്കാശുപത്രികളിൽ ഒരാൾക്കും ജില്ല/ജനറൽ ആശുപത്രികളിൽ 3 പേർക്കും പ്രതിമാസം 15,000 രൂപ നിരക്കിൽ കരാറടിസ്ഥാനത്തിൽ 2 വർഷത്തേയ്ക്ക് നിയമനം നൽകിവരുന്നു.

(സി) ഏകവരുമാനദായകൻ മരണപ്പെടുമ്പോൾ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായത്തുക 50,000 രൂപയിൽനിന്ന് 2,00,000 (രണ്ട് ലക്ഷം രൂപ) രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പട്ടികജാതിക്കാർക്കുള്ള ചികിത്സാ സഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ചികിത്സാ ധനസഹായ പദ്ധതി ടി-ഗ്രാന്റ്സ് എന്ന ഓൺലൈൻ സംവിധാനംവഴി നടപ്പിലാക്കിവരുന്നു.

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ**

25 (*535) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിരന്തരമായുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്, ഫ്ലഡ് വാണിംഗ് സമ്പ്രദായം എന്നിവ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;

(ബി) വെള്ളപ്പൊക്ക നിവാരണ പദ്ധതിയിലുൾപ്പെടുത്തി കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി നടത്തിയ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ;

(സി) കുട്ടനാട് പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്.

(ബി & സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കന്നുകാലികളുടെ എണ്ണത്തിലുണ്ടായ കുറവ്**

26 (*536) ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണത്തിൽ വർഷംതോറും ഉണ്ടാകുന്ന കുറവ് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2018-ലെ പ്രളയത്തിൽ കന്നുകാലികൾ ചത്തൊടുങ്ങിയതുമൂലം ഉണ്ടായ എണ്ണക്കുറവ് പരിഹരിക്കുന്നതിന് സംസ്ഥാനത്തിന് പുറത്തുനിന്നും അവയെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രളയത്തിൽ ക്ഷീരസംഘങ്ങൾക്കുണ്ടായ നഷ്ടം എത്രയാണ്; അത് നികത്തുവാൻ എന്തൊക്കെ സഹായങ്ങളാണ് അവർക്ക് നൽകിയത്; വ്യക്തമാക്കുമോ?

(ഡി) 2019-ലെ പ്രളയത്തിൽ ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരമായി എന്ത് തുകയാണ് ഇതിനകം വിതരണം ചെയ്തത് എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കന്നുകാലികളുടെ എണ്ണത്തിൽ വർഷംതോറും ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ.

1. ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം.
2. കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി, Calf Adoption Programme)
3. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി, NLM).
4. വെറ്ററിനറി സേവനം.
5. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി.
6. മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ.
7. ഊർജ്ജിത കന്നുകാലി വികസന പദ്ധതി.
8. രോഗപ്രതിരോധ പദ്ധതികൾ.
9. കർഷകർക്ക് നഷ്ടപരിഹാരം
10. കർഷക പരിശീലന പരിപാടികൾ
11. ക്രോസ് ബ്രീഡിംഗ്
12. കറവയന്ത്രം വിതരണം ചെയ്യുന്ന പദ്ധതി

സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിനും പാലുല്പാദന വർദ്ധനവും ലക്ഷ്യം വച്ചാണ് അന്യസംസ്ഥാനത്തുനിന്നും കറവപ്പശുക്കളെയും കിടാരിയെയും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

കൂടാതെ നമ്മുടെ സംസ്ഥാനത്തുതന്നെ ഉല്പാദനക്ഷമതയുള്ള നല്ല കറവപശുക്കളെ വാർത്തെടുക്കുന്നതിന് കിടാരി പാർക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) നടപടി സ്വീകരിച്ചിരുന്നു. 2018-ലെ പ്രളയത്തിൽ കന്നുകാലികൾ ചത്തൊടുങ്ങിയതുമൂലമുണ്ടായ എണ്ണക്കുറവ് പരിഹരിക്കുന്നതിന് സംസ്ഥാനത്ത് പുറത്തുനിന്നും കിടാരികളെ കൊണ്ടുവന്ന് വളർത്താൻ വെള്ളപ്പൊക്ക ബാധിതമായ 7 ജില്ലകളിൽ 2019-20 വർഷം മൃഗസംരക്ഷണ വകുപ്പുവഴി കിടാരി വളർത്തൽ പദ്ധതി നടപ്പിലാക്കും.

ക്ഷീര വികസന വകുപ്പ് പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവരെ സഹായിക്കുന്നതിനായി കറവപശുക്കളെ വാങ്ങുന്നതിന് ഫ്ലഡ് റിലീഫ് പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു.

ഈ പദ്ധതിയുടെ ഭാഗമായി 2838 കറവപശുക്കളെ സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ക്ഷീരസംഘങ്ങളുടെ കെട്ടിടം പൂർണ്ണമായോ ഭാഗികമായോ നാശം സംഭവിച്ചതിന്റെയും പരിശോധനാ ഉപകരണങ്ങൾ, ഫർണിച്ചർ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ശീതീകരണ മുറികൾ തുടങ്ങിയ മറ്റ് അടിസ്ഥാനസൗകര്യങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതിന്റെയും ഭാഗമായി ഏകദേശം 365 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. കൂടാതെ പാൽ സംഭരണം നടത്തി വിപണനം നടത്താൻ കഴിയാത്തതിനാൽ 384 ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. ക്ഷീര സംഘങ്ങൾക്കുള്ള നാശനഷ്ടങ്ങൾ നികത്തുന്നതിന് ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിലും ഫ്ലഡ് റീഹാബിലിറ്റേഷൻ പദ്ധതിയും സഹായം നൽകിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾക്ക് നൽകിയ വിവിധ സഹായങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനവിവരം | ധനസഹായം |
|---|---|---|
| (1) | (2) | (3) |
| 1 | പാൽ സംഭരണ മുറി/ ഗോഡൗൺ | 3,75,000 |
| 2 | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ | 5,25,000 |
| 3 | AMC യൂണിറ്റ് | 1,10,000 |
| 4 | ട്രാൻസ്പോർട്ടേഷൻ മിൽക്ക് റൂട്ടിനുള്ള ധനസഹായം | 35,000 |
| 5 | പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സഹായം | 61,500 |

| (1) | (2) | (3) |
|---|---|---|
| 6 | പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ധനസഹായം | 61,500 |
| 7 | ക്ഷീരസംഘങ്ങൾക്ക് ഇൻഫർമേഷൻ കിയോസ്ക് | 1,10,000 |
| 8 | ആവശ്യാധിഷ്ഠിത സഹായം | 1,20,000 |
| 9 | FSSA ധനസഹായം | 45,000 |
| 10 | ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി പച്ചപ്പുല്ല്, വയ്ക്കോൽ വിതരണം | 1,00,000 |

(ഡി) പ്രളയംമൂലം മൃഗസംരക്ഷണ മേഖലയിൽ 294 പശുക്കൾ, 101 കിടാരികൾ, 60 എരുമ, 475 ആടുകൾ, 381723 കോഴികൾ, 6466 താറാവുകൾ, 66 മുയലുകൾ എന്നിവയും 847 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 3693 തൊഴുത്തുകൾ ഭാഗികമായും നഷ്ടപ്പെട്ടു. 87 കോഴി ഷെഡ്ഡുകളും 32 ആട് ഷെഡ്ഡുകളും നഷ്ടപ്പെട്ടിട്ടുണ്ട്. മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ 41.74 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019-ലെ പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ധനസഹായം നൽകാൻ ദുരന്തനിവാരണ ഫണ്ട് ലഭിക്കുന്നതിനായുള്ള നടപടികൾ പൂർത്തിയായിവരുന്നു.

ക്ഷീര വികസന വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 2.8 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 117 ലക്ഷം രൂപയുടെ 450 മെട്രിക് ടൺ കാലിത്തീറ്റ വിതരണം ചെയ്യുകയും പാൽ വിപണനത്തിന് കഴിയാതെ വന്ന സ്ഥലങ്ങളിൽ ക്ഷീരസംഘങ്ങളിൽ സംഭരിച്ച പാൽ, മേഖലാ യൂണിയന്റെ റൂട്ടുകളിലെത്തിക്കുന്നതിനും മൃഗങ്ങളെ മാറ്റിപാർപ്പിക്കുന്നതിനും കന്നുകാലികൾക്ക് മറ്റ് തീറ്റവസ്തുക്കൾ എത്തിക്കുന്നതിനും അനുബന്ധ തീറ്റകൾ ലഭ്യമാക്കുന്നതിനും 163 ലക്ഷം രൂപ ഉൾപ്പെടെ ആകെ 280 ലക്ഷം രൂപ അടിയന്തര സഹായമായി ലഭ്യമാക്കി.

ക്ഷീരവികസന വകുപ്പിന്റെ 2019-20 വാർഷിക പദ്ധതിയിൽ 2018, 2019 വർഷത്തിൽ പ്രളയവും പ്രകൃതിക്ഷോഭവും നടന്ന പ്രദേശങ്ങളിലെ കർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ ഫ്ലഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാമും നടപ്പിലാക്കുന്നുണ്ട്.

അടിയന്തര സഹായമായി 600 പേർക്ക് കണ്ടിൻജൻസി ഫണ്ടായി ഒരാൾക്ക് 15000 രൂപ വീതം ആകെ 90 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് കർഷകർ/സന്നദ്ധ സംഘടന മുഖേനയും ക്ഷീരസഹകരണ സംഘങ്ങൾ നേരിട്ടും ദുരിതം വിതച്ച മേഖലയിലെ കർഷകർക്ക് കാലിത്തീറ്റയും വയ്ക്കോലും പച്ചപ്പുല്ലും വിതരണം നടത്തിയിട്ടുണ്ട്. ജയിൽ വകുപ്പ് ക്ഷീരവികസന വകുപ്പിന്റെ അപേക്ഷപ്രകാരം പ്രളയബാധിത പ്രദേശത്തെ കർഷകർക്ക് പച്ചപ്പുല്ല് വിതരണം നടത്തുകയും ചെയ്തു.

**കുടിവെള്ള പദ്ധതികൾ**

27 (*537) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ജനങ്ങളിൽ കുടിവെള്ളം നേരിട്ട് എത്തിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) ജല അതോറിറ്റി പൈപ്പുകൾ വഴി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് തുടർച്ചയായ പരിശോധനകൾ നടത്താറുണ്ടോ; എങ്കിൽ പരിശോധനാ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൂടുതൽ പേരിലേയ്ക്ക് കുടിവെള്ള പൈപ്പ്ലൈൻ എത്തിക്കുന്നതനുസരിച്ച് കൂടുതൽ സ്ഥലങ്ങളിൽ കുടിവെള്ള പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) കുടിവെള്ള സ്രോതസ്സുകളിലും വിതരണ ശൃംഖലകളിലും മലിന ജലം കലരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലായി 416 ദശലക്ഷം ലിറ്ററോളം കുടിവെള്ളം അധികമായി ഉൽപ്പാദിപ്പിക്കുകയും 6,06,880 പുതിയ വാട്ടർ കണക്ഷനുകൾ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുമുണ്ട്. നിലവിൽ കേരള വാട്ടർ അതോറിറ്റി ആകെ

25,39,959 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ കൂടുതൽ ജനങ്ങളിൽ കുടിവെള്ളം നേരിട്ട് എത്തിക്കുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്ന വൻകിട കുടിവെള്ള പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

ജനനിധി രണ്ടാം ഘട്ട പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ 2167 കുടിവെള്ള പദ്ധതികളിൽ 1011 കുടിവെള്ള പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കുകയും അതുവഴി 1.81 ലക്ഷം കുടുംബങ്ങളിലെ 8.11 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നൽകുകയും ചെയ്തു. പൂർണ്ണമായോ ഭാഗികമായോ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുഴൽക്കിണർ അടിസ്ഥാനമാക്കി 25 മുതൽ 100 കുടുംബങ്ങൾക്ക് പ്രയോജനം കിട്ടുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ ഭൂജലവകുപ്പും നടപ്പിലാക്കിവരുന്നു.

(ബി) ജല അതോറിറ്റി പൈപ്പ്ലൈനുകൾ വഴി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് തുടർച്ചയായ പരിശോധനകൾ നടത്താറുണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെതന്നെ പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് പദവിയോടുകൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറി, പതിനാല് ജില്ലാ ലാബുകളും ഉൾപ്പെടുന്നതാണ് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം. വാട്ടർ അതോറിറ്റി സ്കീമുകളിൽനിന്നും കൃത്യമായ ഇടവേളകളിൽ പരിശോധന വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ ഈ ലാബുകളിൽ പരിശോധന നടത്തി പരിശോധനാ ഫലങ്ങൾ ബന്ധപ്പെട്ട ഓഫീസുകളെ അറിയിക്കുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് 2013 മുതൽ LMS സോഫ്റ്റ്‌വെയർ കേരള വാട്ടർ അതോറിറ്റി ഉപയോഗിച്ചുവരുന്നു. പ്രസ്തുത സോഫ്റ്റ്‌വെയറിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തി പരിശോധനാ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ പദ്ധതികൾവഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലാബ് പ്രവർത്തിച്ചുവരുന്നു. പ്രളയാനന്തര പുനർനിർമ്മാണത്തോടനുബന്ധിച്ച് കേരള വാട്ടർ അതോറിറ്റി 5 വർഷത്തേയ്ക്കുള്ള 25832 കോടി രൂപയുടെ 189 പ്രൊപ്പോസലുകൾ ഉൾപ്പെട്ട ഒരു പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ജലവിതരണ രംഗത്തെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വിപുലീകരണത്തിനുമായി 22727 കോടി രൂപയുടെ 180 പ്രൊപ്പോസലുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി വിതരണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനും ക്വാളിറ്റി കൺട്രോൾ ലാബുകളുടെ നവീകരണത്തിനും ആധുനികവത്ക്കരണ പ്രവൃത്തികൾക്കുമായി 34 കോടി രൂപയുടെ പ്രൊപ്പോസൽ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാരിൽനിന്നും ജില്ലാ ലാബുകൾക്ക് "IS/ISO/IEC 17025" എന്നിവയുടെ അംഗീകാരം ലഭിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. മേൽ പ്രവൃത്തികൾക്ക് ഫണ്ടും ഭരണാനുമതിയും ലഭിക്കുന്നതിനനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. നിലവിലുള്ള ലാബുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എല്ലാ ലാബുകൾക്കും NABL അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) കുടിവെള്ള സ്രോതസ്സുകളിൽ മലിനജലം കലരുവാൻ കൂടുതലും സാധ്യതയുള്ളത് തോട്ടുകളിലൂടെയും മറ്റ് കൈവഴികളിലൂടെയുമാണ്. ഇത് തടയാനുള്ള മുൻകരുതൽ നടപടികൾ കൈക്കൊള്ളുന്നതും ജനാവബോധം സൃഷ്ടിക്കേണ്ടതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ജല അതോറിറ്റി ഫലപ്രദമായ നിരീക്ഷണങ്ങളിലൂടെ ഇത്തരം മാലിന്യ നിക്ഷേപ സാധ്യത മുൻകൂട്ടിക്കണ്ട് ആയത് തടയുന്നതിനുള്ള മുൻകൂർ നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനായി ജലസാക്ഷരത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്താറുണ്ട്. കൂടാതെ സ്രോതസ്സുകളായ കിണർ, ഇൻടേക്ക് വെൽ എന്നിവയിലേയ്ക്ക് ഒഴുകിവരുന്ന പദാർത്ഥങ്ങൾ എത്തുന്നത് തടയുന്നതിനുള്ള സംവിധാനങ്ങളുമുണ്ട്. ജലവിതരണ പൈപ്പുകളിൽ ഉയർന്ന മർദ്ദത്തിലാണ് ജലം ഒഴുകുന്നത്. ആയതിനാൽ അതിലേയ്ക്ക് മലിനജലം കയറുന്നതിനുള്ള സാധ്യത വിരളമാണ്. എന്നാൽ അറ്റകുറ്റപ്പണികൾ നടത്തുന്ന സമയത്തും ഇടവിട്ടിടവിട്ട് ജലവിതരണം നടത്തുന്ന ശൃംഖലയിലും മലിനജലം കയറാൻ സാധ്യതയുള്ളതിനാൽ സ്കവർ വാൽവ് പ്രവർത്തിപ്പിച്ചും റസിഡ്യൂൽ ക്ലോറിന്റെ ഉൾപ്പെടെയുള്ള ജല ഗുണനിലവാര ഘടകങ്ങളുടെ അളവ് ഇടയ്ക്കിടെ പരിശോധന നടത്തിയും മലിനജലം കലരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കാറുണ്ട്. കൂടാതെ വിതരണ ശൃംഖലയിലെ ലീക്കുകൾ സമയബന്ധിതമായി തീർത്തും കുടിവെള്ള വിതരണ പൈപ്പുകൾ, സ്വീവറേജ് ലൈനുകളും ഓടകളിലെ ക്രോസിംഗ് പോയിന്റുകൾ എന്നിവ നിരന്തര നിരീക്ഷണത്തിന് വിധേയമാക്കിയും മലിനജലം കയറുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

ജലനിധി പദ്ധതികൾ ഗ്രാമീണ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള ജലവിതരണ പദ്ധതികളാണ്. ടി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുമ്പോൾത്തന്നെ ജലസ്രോതസ്സുകളിൽ മാലിന്യം കലരാതിരിക്കുന്നതിനുള്ള മുൻകരുതലെടുക്കാറുണ്ട്. ടി പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കി ജനങ്ങളാൽ പരിപാലിച്ചുവരുന്നു. ആയതിനാൽ ജലസ്രോതസ്സുകളിലും ജലവിതരണ ശൃംഖലയിലും മലിനജലം കലരാതിരിക്കാനുള്ള പ്രത്യേക ശ്രദ്ധ ഗുണഭോക്താക്കളിൽനിന്നുതന്നെ ഉണ്ടാകുന്നുണ്ട്.

## പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ

28 (*538) ശ്രീ. കെ. ബാബു:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഊരുവികസനം ലക്ഷ്യമിട്ടുള്ള അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം എത്ര ഊരുകളിലാണ് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നത്; ഈ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഭക്ഷ്യോല്പാദനത്തിൽ സ്വാശ്രയത്വം കൈവരിക്കാൻ സഹായിക്കുന്നതി നായി സ്വന്തമായി ഭൂമി ഉള്ളവർക്കും ഇല്ലാത്തവർക്കും കൃഷി സാധ്യമാക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(സി) പരമ്പരാഗത തൊഴിൽ മേഖലയ്ക്കുപരിയായി ആധുനിക തൊഴിൽ രംഗത്ത് പട്ടികഗോത്ര വർഗ്ഗക്കാരെ പ്രാപ്തരാക്കിത്തീർക്കുന്നതിനും പി.എസ്.സി, ബാങ്ക് തുടങ്ങി വിവിധ മത്സരപരീക്ഷയിൽ വിജയം കൈവരിക്കുന്നതിന് പരിശീലന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ;

(ഡി) സാമൂഹ്യ പഠനമുറി നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇവ ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഇ) പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരെ ഉൾച്ചേർക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 101 കോളനികളെ തെരഞ്ഞെടുത്തിരുന്നു. അവയിൽ 4 കോളനികൾ ഫീസിബിളല്ലാത്തതിനാൽ ടി കോളനികളെ ഒഴിവാക്കി ശേഷിക്കുന്ന 97 കോളനികളിൽ 84 കോളനികളുടെ വികസന പ്രവർത്തനങ്ങൾക്കായി മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. ഇവയിൽ 59 കോളനികളുടെ പ്രവൃത്തികൾ ആരംഭിക്കുകയും 2 കോളനികളുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ കോളനി തിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. ആയതിനുപുറമേ സംസ്ഥാനത്തുള്ള ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം കൈവശരേഖ, ഭൂമി വാങ്ങി നൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി ലഭ്യമാക്കുന്നതിലൂടെ അവരുടെ ഭൂവുടമസ്ഥത വർദ്ധിപ്പിച്ച് പട്ടികവർഗ്ഗക്കാരുടെ മുഴുവൻ കൈവശഭൂമിയിലും കൃഷി പ്രോത്സാഹിപ്പിച്ച് ജീവനോപാധി പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം വച്ച് വകുപ്പ് 2019-20-ൽ 'വരുമാനദായക കാർഷിക ഉദ്യമം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രികൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നുവരുന്നു. പട്ടികവർഗ്ഗക്കാർ കൂടുതൽ തൊഴിലെടുക്കുന്ന ഫാമുകളുടെ നവീകരണം ടി പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നു.

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തികവർഷം വകുപ്പിന്റെ ഫണ്ടുൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. 6.87 കോടി രൂപ ചെലവഴിച്ച് അഗളി, ഷോളയൂർ, പുതൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 70 ഊരുകളിലായി 760 ഹെക്ടർ കൃഷി ഇറക്കി രണ്ടാം വിളവ് നടപ്പിലാക്കിവരുന്നു. ചെറുധാന്യങ്ങൾ വിവിധ ഊരുകളിൽ നിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പരമ്പരാഗത തൊഴിൽ മേഖലയ്ക്കുപരിയായി ആധുനിക തൊഴിൽ രംഗത്ത് പട്ടിക ഗോത്രവർഗ്ഗക്കാരെ പ്രാപ്തരാക്കിത്തീർക്കുന്നതിനും പി.എസ്.സി., ബാങ്ക് തുടങ്ങിയ വിവിധ മത്സരപരീക്ഷയിൽ വിജയം കൈവരിക്കുന്നതിന് പരിശീലനം നൽകുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാദ്ധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പുവരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1725 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഇറാം ടെക്നോളജീസ് എന്ന സ്വകാര്യ സ്ഥാപനം മുഖേന ടിഗ് & ആർക്ക് വെൽഡിംഗ് കോഴ്സ് കഴിഞ്ഞ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ 8 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് നേടുവാൻ കഴിഞ്ഞു. ഇതിന്റെ യാത്രാച്ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുകയുണ്ടായി.

കരിയർ ഗൈഡൻസ് ജോബ് ഫെയർ:

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപ്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ., നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:

2018-19-ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണത്തിനായി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഗോത്രജീവിക:

2016-17 വർഷം ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനവും

പ്രവർത്തന മൂലധനവും നൽകി 53 സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും പട്ടികവർഗ്ഗ മേഖലകളിലേതുൾപ്പെടെയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

സെന്റർ ഓഫ് സ്കിൽ എക്സലൻസ്:

2017-18-ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക്ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്‌വെയർ ആന്റ് സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ലക്ഷ്യംവയ്ക്കുന്നു. ഇതിന്റെ ആദ്യബാച്ചിൽ 70 കുട്ടികൾ പരിശീലനം പൂർത്തിയാക്കിവരുന്നു.

സർക്കാർ മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

പട്ടികവർഗ്ഗകുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പ്, തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, വനം-വന്യജീവി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് മുതലായ വകുപ്പുകളുമായി ചർച്ച നടത്തുകയും സർക്കാർ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ ഓഫീസുകൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിന് തൊഴിൽ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയതിനുപുറമെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2745 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. കൂടാതെ വനം വകുപ്പിൽ 500 പട്ടികവർഗ്ഗക്കാരെ ട്രൈബൽ വാച്ചുമാന്മാരായി നിയമിക്കുന്നതിന് വനം വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സരപരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കുകയും ഗവൺമെന്റ് ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി. പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.

നൈപുണ്യ വികസനത്തിനും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിനുമാണ് പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായി ഊന്നൽ നൽകുന്നത്. സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ചുവരുന്നു.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ 2017-18 സാമ്പത്തികവർഷം ഊരുകൾ കേന്ദ്രീകരിച്ച് 100 സാമൂഹ്യ പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന 150 സാമൂഹ്യ പഠനമുറികളിൽ 54 സാമൂഹ്യ പഠനമുറികൾ നടപ്പുസാമ്പത്തികവർഷം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ 23 സാമൂഹ്യ പഠനമുറികളുടെ നിർമ്മാണപ്രവൃത്തി നടന്നുവരുന്നു.

സാമൂഹ്യ പഠനമുറികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ പട്ടികവർഗ്ഗ വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുമായുള്ള അവലോകനയോഗങ്ങളിൽ സാമൂഹ്യ പഠനമുറിയുടെ പ്രവർത്തനം പ്രത്യേക അജണ്ടയായി വിലയിരുത്തിവരുന്നു. സാമൂഹ്യ പഠനമുറി പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെട്ടതായി സ്കൂൾ അധികൃതരിൽനിന്നും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാനും ടി പദ്ധതി സഹായകമായിട്ടുണ്ട്. സാമൂഹ്യ പഠനമുറികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ടി.ഇ.ഒ.മാരുടെ യോഗം വിളിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ ഡയറക്ടറേറ്റ് തലത്തിൽ നൽകുകയും ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യ പഠനമുറികളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുമുള്ള അഭ്യസ്തവിദ്യരായ തെരഞ്ഞെടുക്കപ്പെട്ട യുവതീയുവാക്കളെ പരിശീലനം നൽകി വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിനായി നിയമിച്ചിട്ടുള്ളതിനാൽ വിദ്യാർത്ഥികളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സഹായകമാകുന്നുണ്ട്.

(ഇ) പട്ടികവർഗ്ഗ വിഭാഗത്തിൽതന്നെ സാമുദായികമായും സാമ്പത്തികമായും വിദ്യാഭ്യാസപരവുമായെല്ലാംതന്നെ ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പ്രാക്തന ഗോത്രവിഭാഗക്കാർ. ടി വിഭാഗക്കാരുടെ പ്രധാന വരുമാനമാർഗ്ഗം വനവിഭവ ശേഖരണത്തിലൂടെയും കൂലിപണിയിലൂടെയുമാണ്. അമിത മദ്യപാനാസക്തിയും ലഹരി വസ്തുക്കളുടെ ഉപയോഗവും വിദ്യാഭ്യാസത്തോടുള്ള വിമുഖതയും ടി വിഭാഗത്തിന്റെ ഉന്നമനത്തിന് പലപ്പോഴും വിലങ്ങുതടിയാകാറുണ്ട്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പുതലത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വകുപ്പ് വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാരെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിവരുന്നുണ്ട്. ഇതുകൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യം വച്ച് അടിയൻ-പണിയൻ, പ്രാക്തന ഗോത്രവർഗ്ഗക്കാർ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിനായി രണ്ട് ജോഡി യൂണിഫോം, ചെരുപ്പ്, ബാഗ്, കുട മുതലായ പഠനോപകരണങ്ങളും സൗജന്യമായി നൽകിവരുന്നു. സ്കൂളിലെത്താത്ത കുട്ടികളെ കോളനികളിൽ പ്രൊമോട്ടർമാരും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ടെത്തി സ്കൂളിലെത്തിക്കാറുണ്ട്. കൂടാതെ ഈ വിഭാഗത്തിന്റെ സാമൂഹികോന്നമനത്തിനായി സ്വയംതൊഴിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആട്, കറവപശു എന്നിവ വിതരണം നടത്തിവരുന്നു. കാർഷികവൃത്തികളിൽ പുരോഗതി കൈവരിക്കുന്നതിന് ധനസഹായവും അനുവദിച്ചുവരുന്നു.

മദ്യപാനം, ലഹരി ഉപയോഗം ഇവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉൾവനങ്ങളിൽ താമസിക്കുന്നവർ പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളും റോഡ്, വാഹനം തുടങ്ങിയവയുടെ അഭാവം, വന്യമൃഗശല്യം എന്നീ പ്രശ്നങ്ങളും പൊതുവായി നേരിടേണ്ടിവരുന്നു. ആയത് പരിഗണിച്ച് ടി വിഭാഗങ്ങൾക്ക് ഗതാഗത സൗകര്യം, വന്യമൃഗ ജീവികളിൽനിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും ടി.ആർ.ഡി.എം. മുഖേനയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഉൾക്കാടുകളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നടപ്പുസാമ്പത്തികവർഷം ടി പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പ്രാക്തന ഗോത്രവർഗ്ഗവിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കും വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി. പ്രോജക്ടിനായി (2011-2016)

133.20 കോടി രൂപ കേന്ദ്ര ധനസഹായവും 7.83 കോടി രൂപ സംസ്ഥാന സഹായവും ഉൾപ്പെടെ ആകെ 141.03 കോടി രൂപ ലഭിച്ചിരുന്നു. കൂടാതെ ടി വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിന്റെ 100 ശതമാനം ധനസഹായത്തിൽ ഉൾപ്പെടുത്തി പി.വി.ടി.ജി. പ്രോജക്ടിന്റെ ഭാഗമായി നടപ്പിൽ വരുത്തിയ സി.സി.ഡി. (കൺസർവേഷൻ കം ഡെവലപ്മെന്റ്) പദ്ധതിക്കായി 12.10 കോടി രൂപയും ലഭിച്ചിരുന്നു. പ്രത്യേക ദുർബ്ബല ഗോത്രവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതിയെന്ന നിലയിൽ ഭവനനിർമ്മാണം, ഭക്ഷ്യസുരക്ഷ, റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ്-ജല സംരക്ഷണം, കോളനികളുടെ വൈദ്യുതീകരണം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അങ്കണവാടികൾ, പെരിപ്പറ്ററ്റിക് സെന്ററുകൾ തുടങ്ങിയവയാണ് പി.വി.ടി.ജി. പ്രോജക്ടിനായുള്ള ഫണ്ടുപയോഗിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള പദ്ധതികൾ. ഇതോടൊപ്പം സി.സി.ഡി. പ്രോജക്ടിനുകീഴിൽ വീട് നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള പദ്ധതി, കാർഷിക ജീവനോപാധി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പി.വി.ടി.ജി. പദ്ധതിയിലൂടെ 7 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം, ഏകാദ്ധ്യാപക സ്കൂളുകളിലൂടെ പി.വി.ടി.ജി. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം, ഹെൽത്ത് വോളണ്ടിയർമാർ മുഖേന അവശ്യമരുന്നുകളുടെ വിതരണം, പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സഹായത്തോടെ 611 കോളനികളിൽ 2134 മെഡിക്കൽ ക്യാമ്പുകളുടെ സംഘാടനം തുടങ്ങിയവ ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രധാന നേട്ടങ്ങളാണ്. ഗോത്രവിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായും നിശ്ചിത അളവിൽ ഭക്ഷ്യധാന്യങ്ങളും മറ്റും വിതരണം നടത്താൻ കഴിഞ്ഞുവെന്നതാണ് പദ്ധതിയുടെ മറ്റൊരു നേട്ടം. ഈ സ്കീമുകളിലൂടെയെല്ലാം സംസ്ഥാനത്തെ പ്രാക്തന ഗോത്ര വിഭാഗങ്ങളിൽപ്പെട്ട 8101 കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിച്ചിട്ടുണ്ട്.

## ഐ.ടി.ഐ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

29 (*539) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. കെ. ശശി:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐകളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം എൻ.എസ്.ക്യൂ.എഫ് നിബന്ധനകൾ പ്രകാരം കൂടുതൽ തൊഴിൽ സാധ്യതയുള്ള നൂതന ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പഠന മികവ് പുലർത്തുന്ന ട്രെയിനികൾക്ക് വിദേശ രാജ്യങ്ങളിൽ പ്രത്യേക പരിശീലനം ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) എല്ലാ വനിത ഐ.ടി.ഐ.-കളിലും പട്ടികജാതി, പട്ടികവർഗ്ഗക്കാർ കൂടുതലായി പഠിക്കുന്ന ഐ.ടി.ഐ.-കളിലും സൗജന്യ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ.കൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) പ്രളയാനന്തര നിർമ്മിതിയുടെ ഭാഗമായി ഐ.ടി.ഐ.-കളിൽ നൈപുണ്യ കർമ്മ സേന രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം എന്തെന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഐ.ടി.ഐ.-കളിൽ കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കുന്നതും എൻ.എസ്.ക്യൂ.എഫ്. നിബന്ധനകൾ പ്രകാരം പാഠ്യപദ്ധതി പരിഷ്കരിക്കുന്നതും തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതും ന്യൂഡൽഹി ആസ്ഥാനമായുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.ടി.) ആണ്. ഡി.ജി.ടി. കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പ്രകാരം തൊഴിൽ സാധ്യതയുള്ള നൂതന ട്രേഡുകൾ ആരംഭിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 2018-19 വർഷം പഠനമികവ് പുലർത്തിയ 57 ട്രെയിനികളെ (41 ആൺകുട്ടികളും 16 പെൺകുട്ടികളും) പ്രത്യേക പരിശീലനത്തിനായി സിംഗപ്പൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എഡ്യൂക്കേഷൻ സർവ്വീസ് (ITEES) എന്ന ലോകോത്തര നിലവാരത്തിലുള്ള പരിശീലനകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും ടി ട്രെയിനികൾ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. നടപ്പുവർഷവും ഏകദേശം 70 ഓളം ട്രെയിനികളെ പ്രത്യേക പരിശീലനത്തിനായി സിംഗപ്പൂർ, ജർമ്മനി എന്നീ രാജ്യങ്ങളിൽ അയയ്ക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) ഐ.ടി.ഐ.കളിലെ ട്രെയിനികൾക്ക് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള 14 വനിതാ ഐ.ടി.ഐ.കളിലും പട്ടികജാതി പട്ടികവർഗ്ഗക്കാർ കൂടുതലായി പഠിക്കുന്ന ആര്യനാട്, അട്ടപ്പാടി, നിലമ്പൂർ എന്നീ 3 ഐ.ടി.ഐ.കളിലും അടക്കം ആകെ 17 ഐ.ടി.ഐ.കളിൽ സൗജന്യ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 44 ഐ.ടി.ഐ.കളിലും ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഐ.ടി.ഐ.കളുടെ പ്രവർത്തനമികവ്, ട്രെയിനികളുടെ വിജയശതമാനം സ്ഥാപനത്തിലെ അടിസ്ഥാനസൗകര്യം, ശുചിത്വം, വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ, മറ്റ് മികവാർന്ന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെട്ട മാനദണ്ഡങ്ങൾ പ്രകാരം 2017-18-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐ.-കളെയും പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രളയാനന്തര നിർമ്മിതിയുടെ ഭാഗമായി സർക്കാർ ഐ.ടി.ഐ.-കളിൽ നൈപുണ്യ കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 2018-ൽ കേരളം അഭിമുഖീകരിച്ച മഹാപ്രളയത്തിൽ തകർന്ന വീടുകൾക്കുണ്ടായ ഇലക്ട്രിക്കൽ, പ്ലമ്പിംഗ്, കാർപ്പെന്ററി സംബന്ധമായ കേടുപാടുകൾ പരിഹരിക്കുന്നതിന് വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരെയും ഐ.ടി.ഐ.കളിലെ ട്രെയിനികളെയും ഉൾപ്പെടുത്തി ഹരിത കേരളം മിഷന്റെ സഹകരണത്തോടെ രൂപീകരിച്ച നൈപുണ്യം കർമ്മസേന സ്തുത്യർഹമായ സേവനം നിർവ്വഹിച്ചിരുന്നു. 2019-ലെ പ്രളയത്തിലും ടി സേനയുടെ പ്രവർത്തനം ലഭ്യമാക്കിയിരുന്നു. നൈപുണ്യ കർമ്മസേനയെ ഐ.ടി.ഐ.-കളിലെ ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപടി**

30 (*540) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ഇടയിലുള്ള തൊഴിലില്ലായ്മയുടെ നിരക്ക് പരിശോധിച്ചിട്ടുണ്ടോ;

(ബി) യുവജനങ്ങളുടെ തൊഴിൽശേഷിയും തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അതിന്റെ ഭാഗമായി വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി ഈ മേഖലയിലെ തൊഴിൽ സംരംഭകരെ ഉൾപ്പെടുത്തി ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) യുവജനങ്ങളുടെ തൊഴിൽശേഷിയും തൊഴിൽസാധ്യതകളും വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തികവർഷം മുതൽ കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു.

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.-കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കാൻ സഹായിക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആധുനികമായ സാങ്കേതികവിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്. നാളിതുവരെയായി കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ 13333 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| നടത്തിയ വ്യക്തിഗത മാർഗ്ഗ നിർദ്ദേശങ്ങൾ | - | 5190 |
| കരിയർ ഗൈഡൻസ് ക്ലാസ്സുകളുടെ എണ്ണം | - | 174 |
| പങ്കെടുത്തവരുടെ എണ്ണം | - | 15709 |
| മത്സരപരീക്ഷ പരിശീലനങ്ങളുടെ എണ്ണം | - | 28 |
| പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | - | 1636 |

നടത്തിയ സൈക്കോമെടിക് ടെസ്റ്റുകളുടെ എണ്ണം - 525

തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനം ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൈവല്യ, വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയംതൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളടങ്ങിയ പ്രസ്തുത പദ്ധതി 2016-ൽ ആരംഭിച്ചു.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ടി പദ്ധതിക്ക് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിച്ച് കരിയർ ടോക്ക് കരിയർ സെമിനാർ, കരിയർ എക്സിബിഷൻ മത്സരപരീക്ഷാ പരിശീലന പരിപാടികൾ, മൃദുനൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ കരിയർ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി വർഷംതോറും  മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഉദ്യോഗാർത്ഥികളുടെ നൈപുണ്യ/കരിയർ വികസനം ലക്ഷ്യമിട്ടുകൊണ്ട് എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി ഈ മേഖലയിലെ തൊഴിൽ സംരംഭകരെ ഉൾപ്പെടുത്തി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജോബ്ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി വർഷംതോറും മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ വകുപ്പ് നടപ്പിലാക്കിവരുന്ന എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികൾ മുഖേന നിശ്ചിത ഇടവേളകളിൽ ജോബ് ഡ്രൈവുകൾ/പ്ലേസ്മെന്റ് ഡ്രൈവുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് വകുപ്പ് അതിജീവനം എന്ന പേരിലൊരു തൊഴിൽമേളയും സംഘടിപ്പിച്ചുവരുന്നു.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശ തൊഴിൽ

1 (6074) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ചതുമായ പട്ടികജാതി/പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടാൻ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; ഈ സഹായം ലഭിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അഭ്യസ്തവിദ്യരും ഏതെങ്കിലും മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ചതുമായ പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽതേടി പോകുന്നതിനുള്ള യാത്രാസംബന്ധമായ ചെലവുകൾക്ക് വകുപ്പ് ഒരു ലക്ഷം രൂപ ധനസഹായം നൽകിവരുന്നുണ്ട്. ഇതിനായുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദേശത്ത് തൊഴിൽ ചെയ്യാൻ താല്പര്യമുള്ള യുവതീയുവാക്കളായിരിക്കണം.
2. വിദഗ്ദ്ധ ജോലിക്ക് (Skill Labour) പോകുന്നവർ അവർക്ക് ലഭിച്ചിട്ടുള്ളതും കൈവശമുള്ളതുമായ സർട്ടിഫിക്കറ്റുകൾ അംഗീകൃത ബോർഡ്, യൂണിവേഴ്സിറ്റി, സാങ്കേതിക സ്ഥാപനങ്ങളിൽനിന്നുള്ളവയായിരിക്കണം.
3. അപേക്ഷകർ ഇന്ത്യൻ പാസ്പോർട്ട് ലഭിച്ചിട്ടുള്ളവരായിരിക്കണം.
4. വിദേശത്ത് ജോലി ചെയ്യുന്നതിനാവശ്യമായ വിസ ലഭിച്ചിരിക്കണം.
5. എമിഗ്രേഷൻ ആവശ്യമുള്ളപക്ഷം ആയത് നേടുന്നതിന് നടപടി സ്വീകരിച്ചിരിക്കണം.
6. അവിദഗ്ദ്ധ തൊഴിലവസരം തേടുന്നവരെയും പരിഗണിക്കും.
7. വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരെ ഈ പദ്ധതിപ്രകാരം പരിഗണിക്കും.
8. ഈ പദ്ധതിപ്രകാരം ഒരു ഗുണഭോക്താവിന് ഒരു പ്രാവശ്യം മാത്രമേ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

കൂടാതെ പട്ടികജാതിക്കാർക്ക് വിദേശത്ത് ഓയിൽ & റിഗ് മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ

കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഫുഡ് പ്രൊഡക്ഷൻ കോഴ്സ്, നഴ്സിംഗ് മേഖലയിൽ വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് സാധ്യതയൊരുക്കുന്ന NEP/FNEP/IELTS, ANEP, OET മുതലായ പരിശീലനങ്ങളും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കിവരുന്നു.

**ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള നടപടികൾ**

2 (6075) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ അറിവുകളുടെയും വിജ്ഞാന സമ്പത്തിന്റെയും ഉടമകളായ വനമേഖലകളെ ആശ്രയിച്ച്, വനമേഖലകളിൽ കഴിയുന്ന ഗോത്രവർഗ്ഗക്കാരെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) വനവിഭവ ശേഖരണങ്ങൾക്കും വനസംരക്ഷണങ്ങൾക്കും അവരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) അവരിലെ ആദിവാസി സമൂഹത്തിൽ എത്ര പേർ വനമേഖലകളിലുണ്ട്; വ്യക്തമാക്കുമോ;

(ഡി) അവരുടെ ക്ഷേമത്തിനും സംരക്ഷണങ്ങൾക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും അതിനായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തുക വിനിയോഗത്തിലും തുടർ പ്രവർത്തനങ്ങളിലും വീഴ്ച വരുത്തിയതായി എത്ര കേസ്സുകൾ കണ്ടെത്തി എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വനമേഖലയിലെ ഗോത്രവിഭാഗക്കാരെക്കുറിച്ചും പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ താമസിക്കുന്ന ഇരുള സമുദായത്തിന്റെ ഭൂവിനിയോഗവും വിഭവങ്ങളിലുള്ള നിയന്ത്രണവും സാധ്യതയെയും കുറിച്ചും വിവിധ പട്ടികവർഗ്ഗ സമുദായങ്ങളുടെ ഭാഷയെക്കുറിച്ചും കേരളത്തിലെ പ്രത്യേക ദുർബ്ബല ഗോത്രവിഭാഗങ്ങളായ കാട്ടുനായ്ക്കൻ, കുറുമ്പർ, ചോലനായ്ക്കൻ, കാടർ, കൊറഗർ എന്നീ പട്ടികവർഗ്ഗ സമുദായങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട വിലയിരുത്തൽ പഠനവും അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ പരമ്പരാഗതമായ കൃഷിയെ സംബന്ധിച്ച പഠനവും കിർത്താഡ്സ് നടത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം മുൻനിർത്തി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി 2008-ൽ സാമൂഹ്യ/സാമ്പത്തിക സർവ്വേ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. പദ്ധതി ആസൂത്രണത്തിന് നിലവിലെ സ്ഥിതി വിവരങ്ങൾ അനിവാര്യമായതിനാൽ പ്രസ്തുത റിപ്പോർട്ട് പുതുക്കുന്നതിന് ജി.ഐ.എസ്. അടിസ്ഥാനമാക്കി ആൻഡ്രോയ്ഡ് സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രത്യേക സോഫ്റ്റ്‌വെയറിൽ 2018-19 മുതൽ സോഷ്യോ-ഇക്കണോമിക് സർവ്വേയിലൂടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ആയതിന്റെ ഡാറ്റ വാലിഡേഷൻ പുരോഗമിച്ചുവരുന്നു.

(ബി) വനവിഭവശേഖരത്തിനുള്ള അനുമതി പട്ടികവർഗ്ഗക്കാർക്കാണ് നൽകിയിട്ടുള്ളത്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുഖേനയും വനസംരക്ഷണ സമിതി മുഖേനയുമാണ് വനവിഭവങ്ങൾ ശേഖരിച്ചുവരുന്നത്. നിലവിൽ 30 പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വനവിഭവങ്ങൾ ശേഖരിച്ച് സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻവഴി വിപണനം നടത്തിവരുന്നു.

(സി) 2013-ൽ പ്രസിദ്ധീകരിച്ച സോഷ്യോ ഇക്കണോമിക് സർവ്വേ പ്രകാരം വനമേഖലകൾക്കുള്ളിൽ 1518 സെറ്റിൽമെന്റിൽ 43466 പേർ താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) വനമേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ളവരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- ഭവനനിർമ്മാണ പദ്ധതി
- ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതി
- അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി
- തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി
- സാമൂഹ്യപഠനമുറി
- തൊഴിലുറപ്പിൽ കേരള ട്രൈബൽ പ്ലസ്
- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
- മില്ലറ്റ് വില്ലേജ് പദ്ധതി
- കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി
- ഗോത്രവാത്സല്യനിധി
- ഗോത്രസാരഥി
- അട്ടപ്പാടി അപ്പാരൽ പാർക്ക്

ഈ സർക്കാർ അധികാരത്തിൽവന്നശേഷം പട്ടികവർഗ്ഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 66746.40 ലക്ഷം | 57775.03 ലക്ഷം |
| 2017-18 | 71349.02 ലക്ഷം | 55095.40 ലക്ഷം |
| 2018-19 | 65399.99 ലക്ഷം | 52806.29 ലക്ഷം |

(ഇ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം തുക വിനിയോഗത്തിലും തുടർപ്രവർത്തനങ്ങളിലും വീഴ്ചവരുത്തിയ രണ്ടുപേർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം**

3 (6076) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ എത്രയാണ്; കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി ഇരുപതിനായിരം കോടിയോളം രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇവർക്കായി ചെലവഴിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) ഈ തുക ഇവർക്കിടയിൽ വീതിച്ചിരുന്നെങ്കിൽ ഒരാൾക്ക് അമ്പതിനായിരം രൂപയിലധികം ലഭിക്കുമായിരുന്നുവെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഇവർക്കായി അനുവദിച്ച തുകകൾ പൂർണ്ണമായും ഇവരിലേയ്ക്ക് എത്തിയതായി സർക്കാർ കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ഉറപ്പുവരുത്താൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2011 സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി ജനസംഖ്യ 3039573-ഉം പട്ടികവർഗ്ഗ ജനസംഖ്യ 484839-ഉം ആണ്. പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയുമായി 19233.99 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

പട്ടികവർഗ്ഗ വികസന വകുപ്പ് 5123.32 കോടി രൂപയും ചെലവഴിക്കുകയുണ്ടായി.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഈ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി വകയിരുത്തുന്ന തുക ഇവർക്കിടയിൽ വീതിച്ചുനൽകിയാൽ സമഗ്രമായ ഉന്നമനം സാധ്യമാകില്ല. ആയതിനാൽ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ, സാമ്പത്തിക, വിദ്യാഭ്യാസ, തൊഴിൽദായക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളും/വ്യക്തിഗത ആനുകൂല്യങ്ങളും ഇവർക്കുതന്നെ ലഭ്യമാകുന്ന കാര്യം ജില്ല/ബ്ലോക്ക് തലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് അനുവദിക്കുന്നത്.

## ഹാൻഡ് ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനം

4 (6077) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച ഹാൻഡ് ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെൽ വഴി പട്ടിക വിഭാഗങ്ങൾക്ക് ലഭ്യമാവുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മൊബൈൽ ആപ്പിന് രൂപം നൽകിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടത്തിവരുന്ന വിവിധ പദ്ധതികളുടെയും പ്രോജക്ടുകളുടെയും പ്രയോജനം പരമാവധി ഗുണഭോക്താക്കളിൽ എത്തിച്ചേരുന്നതിന് സഹായകരമാക്കുക എന്ന ഉദ്ദേശത്തോടെയാണ് പട്ടികജാതി വികസന വകുപ്പ് ഹാൻഡ് ഹോൾഡിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളത്. 2018 ജനുവരിയിലാണ് ഈ സെൽ നിലവിൽ വന്നത്. ഒരു അഡ്മിനിസ്ട്രേറ്ററും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുമാണ് നിലവിൽ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നത്.

(ബി) എസ്.സി./എസ്.ടി. സംരംഭകരുടെ ഉൽപ്പന്നങ്ങൾ ആഗോള വിപണിയിൽ വിറ്റഴിക്കുന്നതിനുവേണ്ടി ഗദ്ദിക എന്ന പേരിൽ Amazon online portal-ൽ ഫോൾഡർ ആരംഭിച്ചിട്ടുണ്ട്. നൂറിലധികം ഉൽപ്പന്നങ്ങൾ ഈ പോർട്ടലിൽ ഇപ്പോൾത്തന്നെ ലഭ്യമാണ്. പോർട്ടലിലൂടെ വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മികച്ച ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പട്ടികജാതി സംരംഭകർക്കായി ശില്പശാലകൾ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുയോജ്യമായ തൊഴിലുകളിൽ ക്രിയാത്മകമായ പരിശീലനം നടത്തി തൊഴിൽ നൈപുണ്യം വികസിപ്പിച്ച് അവരെ തൊഴിലിന് പ്രാപ്തരാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് ഈ സെല്ലിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ട്രെയിനിംഗ് & എംപ്ലോയ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷക്കാലമായി വിവിധ കോഴ്സുകളിലായി 7159 പേർക്ക് പരിശീലനം നൽകുകയും അതിൽ 2376 പേർക്ക് തൊഴിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തൊഴിൽ ലഭിച്ചവരിൽ 248 പേർ വിദേശരാജ്യങ്ങളിലാണ് ജോലി നേടിയിട്ടുള്ളത്.

ഇതിനുപുറമെ വിവിധ തരത്തിലുള്ള ശില്പശാലകളും ബോധവൽക്കരണ പരിപാടികളും ഹാൻഡ് ഹോൾഡിംഗ് സെൽ മുഖേന നടത്തിവരുന്നു. ഈ വകുപ്പ് നടത്തിവരുന്ന വിവിധയിനം പദ്ധതികൾ, പരിപാടികൾ, ട്രെയിനിംഗ് & എംപ്ലോയ്മെന്റ് പ്രോഗ്രാം മുതലായവ ഗുണഭോക്താക്കളിലെത്തിക്കുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി മുപ്പതിലധികം ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചു. പ്ലസ് ടു വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് വർക്ക്ഷോപ്പുകൾ വിവിധ ജില്ലകളിൽ സംഘടിപ്പിച്ച് അവരുടെ നൂതനമായ കോഴ്സുകൾ പരിചയപ്പെടുത്തുകയും ആ കോഴ്സുകൾവഴി എത്തിച്ചേരാൻ കഴിയുന്ന തൊഴിൽ മേഖലകളെ പരിചയപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസ ഉന്നമനത്തിനുള്ള ദിശാബോധം നൽകുകയും ചെയ്യുന്നു.

ഈ വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ്മെട്രിക് ആൻഡ് പ്രീമെട്രിക് ഹോസ്റ്റലുകളിൽ ശുചിത്വവും വൃത്തിയും ഉറപ്പാക്കുന്നതിനായി ഹോസ്റ്റലുകളിലെ ബന്ധപ്പെട്ട കിച്ചൻ സ്റ്റാഫുകൾക്കായി വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ച് അതുവഴി ഹോസ്റ്റൽ അന്തരീക്ഷം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുന്നു.

(സി) സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു മൊബൈൽ ആപ്പിന് രൂപം നൽകി. 14-6-2018 മുതൽ മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

ഹാൻഡ് ഹോൾഡിംഗ് സെൽ എന്ന പേരിൽ ഗൂഗിൾ പ്ലേ സ്റ്റോറിൽ ഈ ആപ്പ് ലഭ്യമാണ്. ഇപ്പോൾത്തന്നെ മൂവായിരത്തോളം പേർ ഈ ആപ്പിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

## പട്ടികജാതി ക്ഷേമവകുപ്പിൽനിന്നും വിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ

5 (6078) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമവകുപ്പിൽ വിവാഹ ധനസഹായത്തിനായി 2018-19-ൽ എത്ര അപേക്ഷകളാണ് ലഭിച്ചത്;

(ബി) അതിൽ എത്രപേർക്ക് ധനസഹായം ഇതിനകം വിതരണം ചെയ്തു;

(സി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) വിവാഹ ധനസഹായ അപേക്ഷകൾ കാലവിളംബം കൂടാതെ അനുവദിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ വിവാഹ ധനസഹായത്തിനായി 2018-19-ൽ ആകെ 9000 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അർഹതയുണ്ടായിരുന്ന 8989 പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വിവാഹ ധനസഹായ അപേക്ഷകൾ കാലവിളംബം കൂടാതെ അനുവദിക്കുന്നുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ധനസഹായം

6 (6079) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സർക്കാർ എന്തെല്ലാം ധനസഹായം നല്കുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതരസംസ്ഥാനങ്ങളിൽ പഠിക്കുന്ന ഈ വിഭാഗം നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ ഫീസ് റീ-ഇംബേഴ്സ്മെന്റ് വിഷയത്തിൽ യഥാസമയം തീരുമാനങ്ങൾ എടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ/എയ്ഡഡ് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ വഴി പ്രവേശനം നേടി ബി.എസ്.സി./ജനറൽ നഴ്സിംഗ് കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ അംഗീകൃത ഫീസുകളും ലംപ്സംഗ്രാന്റും ഡേ സ്കോളേഴ്സിന് പ്രതിമാസ സ്റ്റൈപ്പന്റും ഹോസ്റ്റലേഴ്സിന് നിശ്ചിത നിരക്കിൽ ഹോസ്റ്റൽ ചെലവും പോക്കറ്റ് മണിയും അനുവദിച്ചുവരുന്നു.

സംസ്ഥാനത്തിനകത്ത് സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ വഴി നഴ്സിംഗ് പഠനത്തിന് അഡ്മിഷൻ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സ്വാശ്രയ സ്ഥാപനങ്ങളിൽ കേന്ദ്രീകൃത അലോട്ട്മെന്റിലൂടെ മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ അഡ്മിഷൻ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വരുമാന പരിധിയില്ലാതെ സർക്കാർ അല്ലെങ്കിൽ യൂണിവേഴ്സിറ്റികൾ നിശ്ചയിക്കുന്ന ട്യൂഷൻ ഫീ, എക്സാം ഫീ, സ്പെഷ്യൽ ഫീ, നിശ്ചിത നിരക്കിൽ ഹോസ്റ്റൽ ഫീ എന്നിവ നൽകുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റും ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപന്റും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പോക്കറ്റ് മണിയും നൽകുന്നു.

നാഷണൽ എൻട്രൻസ് ടെസ്റ്റിലൂടെ സംസ്ഥാനത്തിനുപുറത്ത് വിവിധ സ്ഥാപനങ്ങളിൽ നഴ്സിംഗ് പഠനത്തിന് അഡ്മിഷൻ ലഭിക്കുന്നവർക്കും ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, എക്സാം ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ നൽകിവരുന്നു.

സംസ്ഥാനത്തിനകത്തെ സ്വാശ്രയ സ്ഥാപനങ്ങളിൽ കേന്ദ്രീകൃത അലോട്ട്മെന്റിലൂടെയല്ലാതെ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നവർക്കും അന്യസംസ്ഥാനത്ത് നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേനയല്ലാതെ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നവർക്കും ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് മാർഗ്ഗരേഖപ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നു. ഇതിന് വിദ്യാർത്ഥിയുടെ കുടുംബവാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇത്തരം വിദ്യാർത്ഥികൾക്ക് സർക്കാർ അല്ലെങ്കിൽ യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുള്ള ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, എക്സാം ഫീ, നിശ്ചിത നിരക്കിലുള്ള മെയിന്റനൻസ് അലവൻസ് എന്നിവ നൽകുന്നു.

(ബി) ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽ നഴ്സിംഗ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നുണ്ട്.

നാഷണൽ എൻട്രൻസ് ടെസ്റ്റിലൂടെ സംസ്ഥാനത്തിന് പുറത്ത് വിവിധ സ്ഥാപനങ്ങളിൽ നഴ്സിംഗ് പഠനത്തിന് അഡ്മിഷൻ ലഭിക്കുന്നവർക്കും കുടുംബ വാർഷിക വരുമാന പരിധിയില്ലാതെ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം നൽകുന്നു.

അന്യസംസ്ഥാനത്ത് നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേനയല്ലാതെ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നവർക്കും ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിക്കുന്നു. ഇതിന് വിദ്യാർത്ഥിയുടെ കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് മാർഗ്ഗരേഖപ്രകാരം ആവശ്യമായ രേഖകൾ സഹിതം ലഭ്യമാകുന്ന അപേക്ഷകളിന്മേൽ യഥാസമയം ഫീസ് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്.

## പിറവം മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

7 (6080) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം പിറവം മണ്ഡലത്തിൽ നടപ്പാക്കുന്ന കോളനി നവീകരണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളനി നവീകരണ പദ്ധതികളുടെ നടപടിക്രമങ്ങളും നിർവ്വഹണവും ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) 2016-17-ൽ പുളിക്കമാലി, കീഴൂറി കോളനികളെയും 2019-20-ൽ കുറ്റത്തിനാൽ കോളനിയെയും പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

പുളിക്കമാലി, കീഴ്മുറി കോളനികളുടെ നിർമ്മാണപ്രവൃത്തികൾ 31-3-2020-നകം പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റത്തിനാൽ കോളനിയുടെ നിർമ്മാണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

## ഭൂരഹിത പുനരധിവാസ പദ്ധതി

8 (6081) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിനുകീഴിൽ നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഭൂമിയും ഭവനവും എത്രപേർക്ക് അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച അർഹരായ എത്രപേർക്ക് പ്രസ്തുത നിയോജകമണ്ഡലത്തിൽ ആനുകൂല്യം നൽകാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) അർഹരായ എല്ലാ അപേക്ഷകർക്കും പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികജാതി വികസന വകുപ്പ് മുഖേന 76 പട്ടികജാതി കുടുംബത്തിന് ഭൂമിയും 187 പട്ടികജാതി കുടുംബത്തിന് ഭവനവും അനുവദിച്ചു.

| വർഷം | ഭൂമി | ഭവനം |
|---|---|---|
| 2016-17 | 27 | 128 |
| 2017-18 | 24 | 59 |
| 2018-19 | 22 | ഇല്ല |
| 2019-20 (നാളിതുവരെ) | 3 | ഇല്ല |
| ആകെ | 76 | 187 |

(ബി&സി) ലൈഫ് മിഷന്റെ ഗുണഭോക്തൃലിസ്റ്റിൽ 331 ഭൂരഹിത കുടുംബങ്ങൾ നിലവിലുണ്ട്. അർഹരായ എല്ലാവർക്കും വീട് നൽകുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്.

## കൊച്ചി മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾ

9 (6082) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കൊച്ചി നിയോജകമണ്ഡല പരിധിയിൽപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർക്കാരിൽ നിന്നും വീടിനായുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രയെണ്ണം ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വാത്സല്യ ക്ഷേമനിധി ആനുകൂല്യങ്ങൾ എത്രപേർക്ക് ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കാമോ;

(സി) നടപ്പു സാമ്പത്തികവർഷം പ്ലാൻ ഫണ്ടിൽ നിന്നും പ്രസ്തുത മണ്ഡലത്തിന് വകുപ്പ് ലഭ്യമാക്കിയ പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾ എന്തെല്ലാമെന്നും ആയത് ഈ സർക്കാർ കാലയളവിലെ മുൻവർഷങ്ങളിൽ എന്തെല്ലാമാണെന്നും പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭവനനിർമ്മാണ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച 190 പട്ടികജാതിക്കാർക്കും പ്രളയത്തിൽ തകർന്ന വീടിനായുള്ള അപേക്ഷ സമർപ്പിച്ച 3 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) 24 പട്ടികജാതി ഗുണഭോക്താക്കൾ പദ്ധതിയിൽ അംഗമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(സി) അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

## പട്ടാമ്പി നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനികളുടെ തെരഞ്ഞെടുക്കൽ

10 (6083) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി നിയോജകമണ്ഡലത്തിൽ അംബേദ്കർ കോളനികളായി തെരഞ്ഞെടുക്കാൻ സാധിക്കുന്ന എത്ര കോളനികളാണുള്ളത് എന്നറിയിക്കാമോ; എറ്റവും മോശം അവസ്ഥയിലുള്ള രണ്ട് കോളനികൾ ചേർത്തുകൊണ്ട് അംബേദ്കർ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോയെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

പട്ടാമ്പി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കാൻ സാധിക്കുന്ന 26 കോളനികളുണ്ട്. ലിസ്റ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.* 2019-20-ൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം ഒരു നിയോജകമണ്ഡലത്തിൽനിന്നും ഒരു കോളനിയെയാണ് തെരഞ്ഞെടുക്കുന്നത്.

## പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഡ്രീംസ് പദ്ധതി

11 (6084) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ സംരംഭകർക്ക് പരിചയപ്പെടുന്ന തരത്തിലുള്ള പരിപാടികൾ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ എത്ര സംരംഭകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; എത്രപേർക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി പെരിന്തൽമണ്ണയിൽ നടപ്പിലാക്കിയിട്ടില്ലെങ്കിൽ സംരംഭകർക്ക് പദ്ധതി പരിചയപ്പെടുത്തുന്നതിനാവശ്യമായ പരിപാടികൾ സംഘടിപ്പിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി നടപ്പാക്കുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പരിപാടികളൊന്നുംതന്നെ സംഘടിപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽനിന്നും കേരള സ്റ്റാർട്ടപ്പ് മിഷന് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(സി) കേരള സ്റ്റാർട്ടപ്പ് മിഷൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നില്ല. സംസ്ഥാനതലത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചുവരുന്നത്.

## അംബേദ്കർ ഗ്രാമം പദ്ധതി

12 (6085) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പതോ അതിൽ അധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളതും അടിസ്ഥാന

സൗകര്യവികസനം അത്യാവശ്യമുള്ളതുമായ കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ. സമർപ്പിച്ച പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. എം.എൽ.എ. ശിപാർശ ചെയ്ത ഓർണ കോളനിയെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ (2019-20) ഉൾപ്പെടുത്തി നിർവ്വഹണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനം

13 (6086) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ എണ്ണം, അവിടെ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം എന്നിവ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഓരോ കോളനികളിൽ, വിവിധ മേഖലകളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ വെളിപ്പെടുത്താമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഒരു കർമ്മപദ്ധതി തയ്യാറാക്കാൻ സർക്കാർ തയ്യാറാവുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി&സി) അംബേദ്കർ ഗ്രാമം പദ്ധതി 2016-17-ൽ ഉൾപ്പെടുത്തി ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ കരിങ്കാളിമ്മൽ കോളനിയിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിൽ ഏകദേശം 90% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതി 2019-20-ൽ ഉൾപ്പെടുത്തി ബാലുശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും നേരാടിമല എസ്.സി. കോളനി 50 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനുപുറമെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം വികസന പദ്ധതിയിലുൾപ്പെടാത്തതും എന്നാൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മണ്ഡലത്തിലെ കോളനികളുടെ സമഗ്ര വികസനത്തിനുതകുന്നതുമായ പദ്ധതികൾ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഗോത്രബന്ധു പദ്ധതി**

14 (6087) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗത്തിൽപ്പെട്ടവരിൽ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന വിഭാഗങ്ങളിൽപ്പെടുന്നവർ ആരൊക്കെയാണ്; അറിയിക്കുമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ ഏതൊക്കെയാണ്;

(സി) അവരെ സാമൂഹികമായും സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും മുന്നേറുവാൻ സഹായകമായ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഗോത്രബന്ധു പദ്ധതി നടപ്പാക്കിയതിലൂടെ ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തിൽ ഉന്നമനം ഉണ്ടായിട്ടുണ്ടോ; അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് അറുപത് ശതമാനത്തിലധികം പട്ടിക വിഭാഗക്കാർ താമസിക്കുന്ന വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പട്ടികവർഗ്ഗ വിഭാഗത്തിൽ കാടർ, കുറുമ്പർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ എന്നീ പ്രത്യേക ദുർബ്ബല ഗോത്രവിഭാഗങ്ങളും ഈ വിഭാഗങ്ങളോടൊപ്പംതന്നെ പരിഗണിക്കപ്പെടേണ്ട അടിയർ, പണിയർ, മലപണ്ടാരം, അരനാടർ, ഹിൽപുലയൻ എന്നീ വിഭാഗങ്ങളുമാണ് ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ.

പട്ടികജാതിയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നത് വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്ലിയാർ എന്നീ വിഭാഗങ്ങളാണ്.

(സി) ഉണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങളായ കുറുമ്പർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കാടർ എന്നീ വിഭാഗങ്ങൾക്കും സാമൂഹ്യമായി വളരെയധികം പിന്നോക്കം നിൽക്കുന്ന അടിയർ, പണിയർ, മലപണ്ടാരം, അരനാടർ, ഹിൽപുലയൻ എന്നീ വിഭാഗങ്ങൾക്കും മുൻഗണന നൽകുന്നു. കൂടാതെ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായുള്ള അടിയ-പണിയ പാക്കേജ് പദ്ധതിയിൽപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളുടെ വിതരണം, ആട്, കറവപശു എന്നിവയുടെ വിതരണം, കാർഷിക പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. ഈ സാമ്പത്തികവർഷം 5 കോടി രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികജാതി വികസന വകുപ്പിൽ സമഗ്ര കോളനി വികസനം, പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം, സാമൂഹിക പഠനമുറി, നൈപുണ്യ വികസനം ഉൾപ്പെടെയുള്ള പരിശീലനവും തൊഴിലും, പ്രത്യേക ട്യൂഷൻ എന്നീ പരിപാടികൾ അടങ്ങിയ പ്രത്യേക പാക്കേജ് നടപ്പിലാക്കിവരുന്നു. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വാർത്താവിനിമയ സൗകര്യങ്ങൾ ഏർപ്പെടുത്തുക, വിദ്യാഭ്യാസം, ചികിത്സ, കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ സൗകര്യങ്ങൾ ദുർബ്ബല വിഭാഗങ്ങൾക്ക് ലഭ്യമാക്കുക, സർക്കാർ മാനദണ്ഡമനുസരിച്ച് അഞ്ച് സെന്റ് ഭൂമി വാങ്ങുന്നതിന് ധനസഹായം, ഭവനനിർമ്മാണത്തിനുള്ള സഹായം എന്നിവ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിവരുന്നു.

(ഡി) സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗവിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ഡി.എഡ്./ബി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി. ടി പദ്ധതിപ്രകാരം വയനാട് ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 2017-18 അധ്യയനവർഷം മുതൽ 241 പേരെയും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 2018-19 അധ്യയനവർഷം മുതൽ 26 പേരെയും മെന്റർ ടീച്ചർമാരായി ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുണ്ട്.

വയനാട്, പാലക്കാട് ജില്ലകളിൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) പട്ടികവിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായിട്ടുള്ള തുക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വകയിരുത്താറുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി വിദ്യാഭ്യാസം, കൃഷി, അടിസ്ഥാനസൗകര്യ വികസനം, തൊഴിൽ എന്നീ മേഖലകളിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**കൊട്ടാരക്കര മണ്ഡലത്തിലെ വാത്സല്യനിധി പദ്ധതി**

15 (6088) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി -പട്ടിക വർഗ്ഗ വകുപ്പ് നടപ്പാക്കി വരുന്ന വാത്സല്യനിധി. ഗോത്ര വാത്സല്യനിധി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ബന്ധപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കൂടുതൽ പ്രചരണത്തിനായി എന്തെല്ലാം കാര്യങ്ങൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽനിന്നും 66 അപേക്ഷകൾ വാത്സല്യനിധി പദ്ധതിയുമായി ബന്ധപ്പെട്ട് കൊട്ടാരക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽനിന്നും ഗോത്ര വാൽസല്യനിധിയിൽ ആനുകൂല്യത്തിനായി അപേക്ഷകളൊന്നുംതന്നെ ലഭ്യമായിട്ടില്ല.

(ബി) ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ലാ പട്ടികജാതി വികസന ഓഫീസ്, എസ്.സി. പ്രൊമോട്ടർമാർ, അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ, ആശാവർക്കർമാർ എന്നിവർ മുഖാന്തരവും പട്ടികജാതി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള പടവുകൾ എന്ന മാസിക മുഖാന്തരവും പ്രചരണം നൽകുന്നുണ്ട്. കൂടാതെ സർക്കാർതന്നെ പൊതുജന വിവരസമ്പർക്ക വകുപ്പുമായി ബന്ധപ്പെട്ട് പ്രചരണം നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള പ്രൊമോട്ടർമാർ/ ഹെൽത്ത് പ്രൊമോട്ടർമാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ മുഖേന പദ്ധതി സംബന്ധിച്ച് വ്യാപകമായ പ്രചരണം നടത്തി അർഹരായ അപേക്ഷകരെ കണ്ടെത്തി അപേക്ഷ സ്വീകരിച്ച് ഗുണഭോക്താക്കളെ ഇൻഷ്വർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാവർഷവും പദ്ധതിയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് കൈപ്പുസ്തകം, ബ്രോഷർ എന്നിവ അച്ചടിച്ച് പട്ടികവർഗ്ഗ മേളകളിൽ പ്രചരിപ്പിക്കുന്നുണ്ട്.

## പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി

16 (6089) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽപ്പെട്ട ആദിവാസി കോളനികളിലെ പട്ടികവർഗ്ഗക്കാർക്ക് ജനന സർട്ടിഫിക്കറ്റ്, ആധാർകാർഡ്, റേഷൻ കാർഡ് അടക്കമുള്ള രേഖകൾ ലഭ്യമാക്കുന്നതിന് ലീഗൽ സർവ്വീസ് അതോറിറ്റിയുമായി ചേർന്ന് 2018-ൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നെങ്കിലും പങ്കാളിത്ത കുറവുമൂലം പ്രസ്തുത രേഖകൾ പൂർണ്ണമായും ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശേഷിക്കുന്ന പട്ടികവർഗ്ഗക്കാർക്കായി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് തുടർ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇവർക്ക് ജനന സർട്ടിഫിക്കറ്റ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഒക്ടോബർ മാസത്തിൽ കുട്ടമ്പുഴയിൽ വച്ച് ആധാർ ലഭ്യമാക്കുന്നതിനുള്ള ക്യാമ്പ് സംഘടിപ്പിക്കുകയും 128 പേർക്ക് ആധാർ കാർഡ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കുഞ്ചിപ്പാറ, തലവച്ചപ്പാറ കോളനികളിലെ പട്ടികവർഗ്ഗക്കാർക്കായി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് കുട്ടമ്പുഴ പഞ്ചായത്തിലെ കല്ലേലിമേട്ടിൽ വച്ച് ആധാർ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കുട്ടമ്പുഴ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്ക് ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ഹെൽത്ത് പ്രൊമോട്ടർമാർ എന്നിവർ മുഖേന അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് ധനസഹായം**

17 (6090) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖാന്തരം എത്ര തുക ധനസഹായമായി ലഭ്യമാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിച്ച മിശ്ര വിവാഹ ധനസഹായ തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 7,77,25,000 |
| കൊല്ലം | 4,13,00,000 |
| പത്തനംതിട്ട | 1,40,45,000 |
| ആലപ്പുഴ | 3,69,35,000 |
| കോട്ടയം | 2,55,00,000 |
| ഇടുക്കി | 2,15,25,000 |

| | |
|---|---|
| എറണാകുളം | 3,57,75,000 |
| തൃശ്ശൂർ | 4,14,00,000 |
| പാലക്കാട് | 4,96,70,000 |
| മലപ്പുറം | 1,36,00,000 |
| കോഴിക്കോട് | 3,31,50,000 |
| വയനാട് | 75,00,000 |
| കണ്ണൂർ | 3,16,50,000 |
| കാസർഗോഡ് | 73,50,000 |
| ആകെ | 43,71,25,000 (നാല്പത്തിമൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം |

**പട്ടികവിഭാഗക്കാർക്കിടയിലെ കൃഷി അനുബന്ധ പ്രവർത്തനങ്ങൾ**

18 (6091) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവിഭാഗക്കാർക്കിടയിൽ കൃഷി അനുബന്ധ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന് വകുപ്പ് എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; ഇതിനായി നടപ്പുവർഷം പ്ലാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ബി) ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രാവർത്തികമാക്കുക വഴി ഈ വിഭാഗക്കാർക്കിടയിൽ സുസ്ഥിരമായ പുതിയ വരുമാനമാർഗ്ഗങ്ങൾ സൃഷ്ടിക്കാമെന്നുള്ളതിനാൽ ഈ രീതിയിലുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവരും കൃഷി ചെയ്യുന്നതിൽ കുറഞ്ഞത് 10 സെന്റ് സ്ഥലമെങ്കിലും ഉള്ളവരുമായ 100 ഗുണഭോക്താക്കൾക്ക് ഓർഗാനിക് ഫാമിംഗിൽ സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം നടത്തി ഇവർക്ക് കൃഷിക്കായി 50% സബ്സിഡിയോടുകൂടി 50,000 രൂപ എസ്.സി./എസ്.റ്റി. കോർപ്പറേഷനുമായി ബന്ധപ്പെട്ട് നൽകുന്ന തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. നടപ്പുവർഷം ടി പദ്ധതിക്കായി PROWI Agri. Systems Pvt.

Ltd എന്ന സ്ഥാപനത്തിന് 68.804 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

i. ദുർബ്ബല വിഭാഗത്തിൽ കുറഞ്ഞത് 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ അനുവദിക്കുന്നതാണ്. 55 വയസ്സിൽ താഴെ പ്രായമുള്ളവരും കാർഷികവൃത്തിയിൽ മുൻപരിചയമുള്ളവർക്കും മുൻഗണന കൊടുക്കുന്നതാണ്.

ii. SCA to SCP പദ്ധതി പ്രകാരം ജില്ലകൾക്ക് അനുവദിക്കുന്ന ഫണ്ട് വിനിയോഗിച്ച് കൃഷി അനുബന്ധ വരുമാനദായക പദ്ധതികൾക്ക് ആനുകൂല്യം നൽകിവരുന്നു.

പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി 15 കോടി രൂപ അനുവദിച്ച് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി കണ്ണൂർ ജില്ലയിലെ ആറളം ഫാം, വയനാട് ജില്ലയിലെ സുഗന്ധഗിരി, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പും കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് ആറളം, അട്ടപ്പാടി, ചീങ്ങേരി ഫാമുകൾ നവീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 'വരുമാനദായക കാർഷിക ഉദ്യമം' എന്ന പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ 600 കുടുംബങ്ങൾക്കായി 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കർ ഹോംസ്റ്റഡ് അഗ്രികൾച്ചറൽ പദ്ധതിയായ ന്യൂട്രീഷൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ ഇൻട്രൊഡക്ഷൻ ഓഫ് അഗ്രോ ഇക്കോളജി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

<u>മില്ലറ്റ് വില്ലേജ്-</u> അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗമേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. പരമ്പരാഗത വിളകളായ റാഗി, ചോളം, തിന, ചാമ എന്നിവയും മുതിര, തുവര, അമര മുതലായ പയർ വർഗ്ഗങ്ങളും പച്ചക്കറികളും കൃഷിചെയ്യുന്നു. 2017-18 സാമ്പത്തികവർഷത്തിൽ 45 ഊരുകളിൽ 1287.5 ഏക്കർ സ്ഥലത്തും 2018-19-ൽ 55 ഊരുകളിലായി 1732.5 ഏക്കർ സ്ഥലത്തും 2019-20 സാമ്പത്തികവർഷത്തിൽ 70 ഊരുകളിലായി ഒന്നാം വിളയായി 1900 ഏക്കർ സ്ഥലത്തും കൃഷി ചെയ്ത് വിളവെടുക്കുകയും രണ്ടാം വിളയായി 1200 ഏക്കർ സ്ഥലത്തുകൂടി കൃഷി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ വൻതോതിലുള്ള നെല്ലുൽപ്പാദനം പ്രയോജനപ്പെടുത്തി അനുബന്ധ പ്രവൃത്തിയെന്ന നിലയിൽ ഒരു മോഡേൺ റൈസ് മിൽ സ്ഥാപിച്ച് ഇതുവഴി പട്ടികവിഭാഗത്തിൽപ്പെട്ട 59 പേർക്ക് നേരിട്ടും 41 പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന പദ്ധതിക്ക് KELPALM ശിപാർശ സമർപ്പിച്ചിരുന്നതും ആയതിന് 28-12-2018-ലെ G.O. (Rt)No.1284/ 18/പ.ജ.പ.വ.വി.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. പാലക്കാട്, തരൂർ കല്ലേപ്പുള്ളിയിൽ റൈസ് മിൽ സ്ഥാപിക്കാനുള്ള പ്രസ്തുത പദ്ധതി നിർവ്വഹണഘട്ടത്തിലാണ്.

പട്ടികവർഗ്ഗക്കാരുടെ മുഴുവൻ കൈവശഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിച്ച് ജീവനോപാധി പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം വച്ചാണ് 2019-20 'വരുമാനദായക കാർഷിക ഉദ്യമം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. കൂടാതെ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ലഭിക്കുന്ന ഭൂമിയിലും ഈ പദ്ധതി നടപ്പിലാക്കാൻ പദ്ധതി ലക്ഷ്യംവയ്ക്കുന്നു.

## പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

19 (6092) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആകെ പട്ടികവർഗ്ഗവിഭാഗം ജനസംഖ്യയിൽ എത്രശതമാനം പേർ വയനാട് ജില്ലയിൽ അധിവസിക്കുന്നുണ്ട്;

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(സി) കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള വയനാട് ജില്ലയിൽ വിദ്യാർത്ഥികളുടെ ഉപരിപഠന സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

### ഉത്തരം

(എ) 2011-ലെ സെൻസസ് പ്രകാരം ആകെ പട്ടികവർഗ്ഗ വിഭാഗം ജനസംഖ്യയുടെ 31.24% പേർ വയനാട് ജില്ലയിൽ അധിവസിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ ആകെ ജനസംഖ്യ 484839 ആണ്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 16 പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഡോ. എ.വി.എൻ. സി.ബി.എസ്.ഇ. സ്കൂൾ, ഞാറനീലി
2. എം.ആർ.എസ്., കട്ടേല
3. എം.ആർ.എസ്., കുളത്തുപ്പുഴ
4. എം.ആർ.എസ്., വടശ്ശേരിക്കര
5. എം.ആർ.എസ്., മൂന്നാർ
6. എം.ആർ.എസ്., ചാലക്കുടി
7. എം.ആർ.എസ്., മലമ്പുഴ
8. എം.ആർ.എസ്., അട്ടപ്പാടി
9. എം.ആർ.എസ്., നിലമ്പൂർ
10. എം.ആർ.എസ്., കണിയാമ്പറ്റ
11. എം.ആർ.എസ്., നല്ലൂർനാട്
12. എം.ആർ.എസ്., നൂൽപ്പുഴ
13. എം.ആർ.എസ്., കണ്ണൂർ
14. എം.ആർ.എസ്., കാസർഗോഡ്
15. ഐ.റ്റി.ഐ., നാടുകാണി (ഇടുക്കി)
16. ഐ.റ്റി.ഐ., കുട്ടമല (തിരുവനന്തപുരം)

(സി) വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്.-കളിൽ മൂന്ന് എം.ആർ.എസ്.കളിൽ ഹയർ സെക്കണ്ടറി കോഴ്സ് നിലവിലുണ്ട്. ഹയർ സെക്കണ്ടറി കോഴ്സ് നിലവിലില്ലാത്ത തിരുനെല്ലി, പൂക്കോട് എന്നീ എം.ആർ.എസ്.കളുടെ കെട്ടിടം പണി പൂർത്തിയാകുന്നമുറയ്ക്ക് ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്ന കാര്യം പിന്നീട് പരിഗണിക്കുന്നതാണ്.

## പട്ടികവർഗ്ഗമേഖലകളുടെ സ്ഥിതിവിവര റിപ്പോർട്ട്

20 (6093) ശ്രീ. കെ. രാജൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകൾ സംബന്ധിച്ചും ആദിവാസി സ്ഥിതി സംബന്ധിച്ചുമുള്ള സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇത്തരം സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കുന്നതിനും അവ ഡിജിറ്റലായി സൂക്ഷിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥിതിവിവര റിപ്പോർട്ട് ആദിവാസി സംഘടനകൾ, സിവിൽ സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ആദിവാസി ഊരുകളുടെ പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്യുന്നതിനും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(ഡി) പട്ടികവർഗ്ഗ മേഖലകളിലെ പദ്ധതിച്ചെലവുകളും തന്മൂലമുള്ള ഭൗതിക നേട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പട്ടികവർഗ്ഗ മേഖലകളിൽ ആദിവാസിക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികളിലെ ദൗർബ്ബല്യങ്ങളും കോട്ടങ്ങളും പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം മുൻനിർത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 2008-ൽ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പുതുക്കുന്നതിന് ജി.ഐ.എസ്. അടിസ്ഥാനമാക്കി ആൻഡ്രോയ്ഡ് സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രത്യേക സോഫ്റ്റ്‌വെയറിൽ 2018-19 മുതൽ സോഷ്യോ-ഇക്കണോമിക് സർവ്വേയിലൂടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ആയതിന്റെ ഡാറ്റ വാലിഡേഷൻ പുരോഗമിക്കുകയാണ്.

(ബി) വിവരശേഖരണം ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്താലാണ് ചെയ്തുവരുന്നത്. ആൻഡ്രോയ്ഡ് അടിസ്ഥാനമാക്കിയുള്ള ടാബ്‌ലറ്റുകളിൽ പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് സർവ്വേ നടത്തുന്നത്. പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് പ്രത്യേക പരിശീലനം നൽകിയാണ് വിവരശേഖരണം നടത്തിവരുന്നത്. സർവ്വേയിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റ വാലിഡേഷൻ നടപടികൾ പുരോഗമിക്കുന്നു. ശേഖരിച്ച വിവരങ്ങൾ കേരള സർക്കാരിന്റെ ഡാറ്റ സെന്ററിൽ സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്നു.

(സി) ശേഖരിച്ച വിവരങ്ങളുടെ സൂക്ഷ്മ പരിശോധനാ നടപടികൾ പുരോഗമിക്കുന്നു. വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ ഊരുമൂപ്പന്മാരെ സന്ദർശിച്ച് അവരുടെ അഭിപ്രായം

കൂടി കണക്കിലെടുത്ത് ആദിവാസി കുടുംബങ്ങളുടെ വിവരശേഖരണം ആധികാരികമാക്കുന്നു. സർവ്വേയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനുവേണ്ടി സർവ്വേ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ വിദഗ്ദ്ധ കമ്മിറ്റി പരിശോധിച്ചശേഷമാണ് സർവ്വേ റിപ്പോർട്ടുകൾ അന്തിമമായി പ്രസിദ്ധീകരിക്കുന്നത്. സംസ്ഥാന ആസൂത്രണ ബോർഡിലെ വിദഗ്ദ്ധരും സർവ്വേ റിപ്പോർട്ട് പരിശോധിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കുവേണ്ടി പട്ടികവർഗ്ഗക്കാർ തന്നെ സർവ്വേ നടത്തുന്നതിനാൽ സ്ഥിതിവിവരക്കണക്കുകൾ യഥാർത്ഥമായിരിക്കും.

(ഡി&ഇ) ഉണ്ട്. പട്ടികവർഗ്ഗമേഖലയിലെ പദ്ധതി ചെലവുകളും തന്മൂലമുള്ള ഭൗതിക നേട്ടങ്ങളും വിലയിരുത്തുന്നതിനും ആദിവാസി ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളിലെ ദൗർബല്യങ്ങളും കോട്ടങ്ങളും പരിഹരിക്കുന്നതിനുമായി ചുവടെ പറയുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

- സംസ്ഥാന ആസൂത്രണ ബോർഡ് മുഖേന രൂപീകരിക്കുന്ന പഞ്ചവൽസര പദ്ധതി, വാർഷിക പദ്ധതി എന്നിവയുടെ രൂപീകരണവേളയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് ചേരുകയും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതികൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തശേഷമാണ് സംസ്ഥാനത്തെ പട്ടികവർഗ്ഗവിഭാഗവുമായി ബന്ധപ്പെട്ട വാർഷിക പദ്ധതികൾ സർക്കാർ അംഗീകരിക്കുന്നത്.

- പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്രദമായതും സർക്കാർ മാനദണ്ഡപ്രകാരം തയ്യാറാക്കിയതുമായ പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകുകയും പട്ടികവർഗ്ഗ വികസന വകുപ്പും വകുപ്പിന്റെ ജില്ലാ ഓഫീസുകളും വഴി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു.

- എല്ലാ ജില്ലകളിലും പട്ടികവർഗ്ഗവിഭാഗത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെക്കൂടി ഉൾപ്പെടുത്തി ജില്ലാ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളും വഴി നടപ്പിലാക്കുന്ന നവീകരണ പദ്ധതികൾ ഊരുകൂട്ടങ്ങളുടെ തീരുമാനപ്രകാരമാണ് നടപ്പിലാക്കുന്നത്.

- ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഊരുകൂട്ടം സംഘടിപ്പിക്കുന്നുണ്ട്. ഊരുകൂട്ടത്തിന്റെ കൺവീനർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരോ അല്ലെങ്കിൽ

അതത് ജില്ലാ കളക്ടർമാർ നിർദ്ദേശിക്കുന്ന ഒരു ഓഫീസറോ ആയിരിക്കും. ഊരുകൂട്ട യോഗം എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ട്രൈബൽ പ്രൊമോർട്ടർമാർ വഴി അറിയിക്കുന്നതാണ്.ഊരുകൂട്ട തീരുമാനപ്രകാരം മുൻഗണനാടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

- ഗുണഭോക്തൃ പട്ടിക ആവശ്യമായ പദ്ധതികൾക്ക് ആവശ്യത്തിനുള്ള പ്രചരണം ട്രൈബൽ പ്രൊമോട്ടർമാർ മുഖേന കോളനികളിൽ നൽകുകയും അപേക്ഷ സ്വീകരിക്കുകയും ചെയ്യുന്നു. മാനദണ്ഡങ്ങളുടെയും മുൻഗണനയുടെയും അടിസ്ഥാനത്തിൽ ട്രൈബൽ പ്രൊമോട്ടർമാരും ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന ഒരു സമിതിയാണ് ഓരോ പദ്ധതിയിലുമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങളും ഊരുകൂട്ടത്തിൽ ചർച്ച ചെയ്താണ് തീരുമാനിക്കുന്നത്.

- അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പദ്ധതികളിൽ അത്യാവശ്യ ഘടകമാണ് സോഷ്യൽമാപ്പ്. സോഷ്യൽമാപ്പിൽ പട്ടികവർഗ്ഗകുടുംബങ്ങളുടെ വിവരം വ്യക്തമായി സൂചിപ്പിച്ചിരിക്കണം. സോഷ്യൽമാപ്പും ഊരുകൂട്ടം വഴി ചർച്ച ചെയ്ത് അംഗീകരിക്കണം.

- ഊരുകൂട്ടം അംഗീകരിക്കുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ-ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പട്ടികവർഗ്ഗ സമിതിയിലെ മൂന്ന് അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട സമിതി -അംഗീകരിച്ചിരിക്കണം.

- പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ടവർക്ക് ഉപയോഗപ്രദമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർ വരെ പ്രവർത്തിച്ചുവരുന്നു.

- നിലവിൽ പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.

- പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.മാർ

ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു.

- 17-7-2012-ലെ സ.ഉ.(സാധാ)നമ്പർ 1013/2012/പ.ജ.പ.വ.വി.വ. പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നു.

- പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുന്നു. കൂടാതെ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതിയോഗവും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും ഇക്കാര്യം വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണോദ്യോഗസ്ഥരും എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡികൾ

21 (6094) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ട്; അതിന്റെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ നൽകുമോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ ഇനിയും സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ രണ്ട് വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ട്. 2010-ൽ നടന്ന വർക്ക് സ്റ്റഡിയുടെ റിപ്പോർട്ടിന്റെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. നിലവിൽ 2018 മുതൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് രണ്ടാമത്തെ വർക്ക് സ്റ്റഡി നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) 2010-ലെ വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ അടിമാലി കേന്ദ്രമാക്കി ഒരു ട്രൈബൽ ഡെവലപ്മെന്റ് ഓഫീസും അഞ്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ തസ്തികകളും 27 ക്ലാർക്ക് തസ്തികകളും അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപടികൾ

22 (6095) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) അഭ്യസ്തവിദ്യരായ ഈ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി ഏതെല്ലാം വകുപ്പുകളിലേയ്ക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഇവർക്ക് നൈപുണ്യ വികസന പരിശീലനത്തിലൂടെ സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ വിഭാഗക്കാർക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നൂറ് ദിവസത്തെ തൊഴിലിനുപുറമേ നൂറ് ദിവസത്തെ അധിക തൊഴിൽ നൽകുന്നതിന് ട്രൈബൽ പ്ലസ് എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാരുടെ കടം എഴുതി തള്ളുന്നതിനായി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നൈപുണ്യ വികസനത്തിനും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിനും പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനുമാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. സംരംഭക രംഗത്തും തൊഴിൽ മേഖലയിലും

പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് അനവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലേയ്സ്മെന്റ് ഉറപ്പുവരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലേയ്സ്മെന്റും ഉറപ്പുവരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിന് തൊഴിൽ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സരപരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കി ഗവൺമെന്റ് ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി. പാസ്സായ ഏഴ് പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇതിൽ നാല് പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.

<u>കേരള ട്രൈബൽ പ്ലസ് പദ്ധതി</u> - എം.ജി.എൻ.ആർ.ഇ.ജി.എസ്. (Mahatma Gandhi National Rural Employment Guarantee Scheme) ഉറപ്പുവരുത്തിയിട്ടുള്ള നൂറ് ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി നൂറ് തൊഴിൽദിനങ്ങൾകൂടി ലഭ്യമാക്കുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവ സംയുക്തമായി നടപ്പാക്കിവരുന്നു.

<u>മില്ലറ്റ് വില്ലേജ് പദ്ധതി</u>- അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം - കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനായുള്ള "പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം" പദ്ധതിയിലൂടെ ഫാമുകളുടെ നവീകരണം ലക്ഷ്യംവയ്ക്കുന്നു.

കുടുംബശ്രീ സുസ്ഥിര വികസന പദ്ധതി- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് മുഖേന ആരംഭിച്ച കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ അയൽക്കൂട്ടങ്ങൾ വഴി കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മിൽമ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ- മിൽമയുടെ സഹകരണത്തോടെ മലപ്പുറം, എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിൽ ക്ഷീര വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

കരിയർ ഗൈഡൻസ് ജോബ് ഫെയർ- 2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ., നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ ഇരുന്നൂറോളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്- 2018-19-ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണത്തിനായി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഗോത്രജീവിക - 2016-17 വർഷം ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണമേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനവും പ്രവർത്തന മൂലധനവും നൽകി 53 സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് പട്ടികവർഗ്ഗ മേഖലകളിലേതുൾപ്പെടെയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

സെന്റർ ഓഫ് സ്കിൽ എക്സലൻസ് - 2017-18-ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ലക്ഷ്യംവയ്ക്കുന്നു. ഇതിന്റെ ആദ്യബാച്ചിൽ 70 കുട്ടികൾ പരിശീലനം പൂർത്തിയാക്കിവരുന്നു.

(ബി) പോലീസിലും എക്സൈസിലും നൂറ് പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയതിനുപുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2745 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നിയമനം നൽകിയിട്ടുണ്ട്. ഈ വർഷം പോലീസിൽ 125 പേരെ നിയമിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പുവരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1725 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഇറാം ടെക്നോളജീസ് എന്ന സ്വകാര്യ സ്ഥാപനം മുഖേന ടിഗ്ഗ് & ആർക്ക് വെൽഡിംഗ് കോഴ്സ് കഴിഞ്ഞ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ 8 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലേസ്മെന്റ് നേടാൻ കഴിഞ്ഞു. ഇതിന്റെ യാത്രാച്ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തികസഹായം നൽകുകയുണ്ടായി.

(ഡി) എം.ജി.എൻ.ആർ.ഇ.ജി.എസ്. (Mahatma Gandhi National Rural Employment Guarantee Scheme) ഉറപ്പുവരുത്തിയിട്ടുള്ള നൂറ് ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി നൂറ് തൊഴിൽദിനങ്ങൾകൂടി ലഭ്യമാക്കുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവ സംയുക്തമായി നടപ്പാക്കിവരുന്നു. ഇതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ്. സംസ്ഥാന മിഷന് 14.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിനുമുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2019-20-ൽ നാളിതുവരെ 100 ദിവസം തൊഴിൽ പൂർത്തീകരിച്ച 3944 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആഴ്ചയിലൊരിക്കൽ വേതനം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ടായി പട്ടികവർഗ്ഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ അട്ടപ്പാടി, വയനാട്, ആറളം (കണ്ണൂർ) എന്നീ പ്രദേശങ്ങളിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2469 ഗുണഭോക്താക്കളുടെ 2.63 കോടി രൂപയുടെ കടം എഴുതിത്തള്ളിയിട്ടുണ്ട്.

**സ്വകാര്യമേഖലയിൽ പട്ടിക വിഭാഗങ്ങൾക്ക് തൊഴിൽ സംവരണം**

23 (6096) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക തൊഴിൽ മേഖലയിൽ പട്ടികവിഭാഗങ്ങളുടെ പങ്കാളിത്തം വളരെ കുറവാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്വകാര്യമേഖലയിൽ ഈ വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താത്തത് ആധുനിക തൊഴിൽമേഖലയിൽ പങ്കാളിത്തം കുറയുവാൻ ഇടയായിട്ടുണ്ടോ;

(സി) സ്വകാര്യമേഖലയിൽ പട്ടികവിഭാഗങ്ങൾക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിവിധ തൊഴിൽ മേഖലയിലെ പ്രവർത്തനങ്ങൾ പഠിച്ചും വൻകിട കോർപ്പറേറ്റുകളുമായി ധാരണയിലെത്തിയും പട്ടികവിഭാഗങ്ങൾക്ക് ആവശ്യമായ നൈപുണ്യം നൽകി പ്രസ്തുത സ്ഥാപനങ്ങളിൽ പ്ലേയ്സ്മെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) ഇത്തരത്തിൽ നൈപുണ്യവികസനം ഉറപ്പ് വരുത്തുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആധുനിക തൊഴിൽ മേഖലയിൽ പട്ടിക വിഭാഗങ്ങളുടെ പങ്കാളിത്തം വളരെ കുറവാണെന്ന വസ്തുത പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

(ബി) സ്വകാര്യ മേഖലയിൽ ഈ വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താത്തത് ആധുനിക തൊഴിൽ മേഖലയിൽ പങ്കാളിത്തം കുറയ്ക്കാൻ ഇടയായിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വിവിധ തൊഴിൽ മേഖലയിലെ പ്രവർത്തനങ്ങൾ പഠിച്ച് കോർപ്പറേറ്റുകളുമായി ധാരണയിലെത്താൻ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്കുവേണ്ടി വിവിധങ്ങളായ സ്കിൽ ഇംപ്രൂവ്മെന്റ് പരിശീലന കോഴ്സുകൾ നടത്തി സ്വകാര്യമേഖലയിൽ ജോലി ഉറപ്പുവരുത്തുന്ന പ്ലേയ്സ്മെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതിക്കാർക്ക് ഓയിൽ & റിഗ് മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, ഫുഡ് പ്രൊഡക്ഷൻ കോഴ്സ്, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽ സാധ്യതയുള്ള NEP/FNEP/IELTS, ANEP, OET പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേയ്സ്മെന്റ് ലഭ്യമാക്കി വരുന്നു. എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് മുഖേനയാണ് പരിശീലനത്തിന് യോഗ്യരായ ഏജൻസികളെ കണ്ടെത്തുന്നത്.

2019-20 സാമ്പത്തികവർഷം പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി എന്ന ലക്ഷ്യം നേടുന്നതിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും കേരളത്തിന് പുറത്തുമുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി 1725 വിദ്യാർത്ഥികൾക്ക് വിവിധ അംഗീകൃത സ്ഥാപനങ്ങളായ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിൽ, സെക്ടർ സ്കിൽ കൗൺസിൽ, ഗ്രാഫിക് & വെബ് ഡിസൈനിംഗ്, സി.എൻ.സി. ഓപ്പറേറ്റർ, മെഷീൻ ടെക്നീഷ്യൻ, എണ്ണകമ്പനികളിലും റിഗ്ഗുകളിലും ആവശ്യമുള്ള സാങ്കേതിക പരിശീലനം, റ്റിങ്കറിംഗ് & പെയിന്റിംഗ്, ജനറൽ നഴ്സിംഗ്, നഴ്സുമാരുടെ കരിയർ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം, ജെറിയാട്രിക് അസിസ്റ്റന്റ്, ഫാർമസി

അസിസ്റ്റന്റ്, ഫുഡ് & ബിവറേജസ്, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ഹൗസ് കീപ്പിംഗ്, സ്പാതെറാപ്പി, പ്ലാസ്റ്റിക് നിർമ്മാണം, ക്വാളിറ്റി കൺട്രോൾ മോഡേൺ ഇലക്ട്രീഷ്യൻ & പ്ലംബിംഗ്, മോഡേൺ മെയ്സൺറി & ടൈൽ ഫിറ്റിംഗ്, ജൈവ കൃഷി, ഫാഷൻ ടെക്നോളജി എന്നിങ്ങനെ 26 ട്രേഡുകളിലായി വൈവിദ്ധ്യമാർന്നതും തൊഴിൽ സാധ്യതയുള്ളതുമായിട്ടുള്ള മേഖലകളിൽ ആധുനികവും അന്തർദ്ദേശീയ നിലവാരമുള്ളതുമായ പരിശീലനം നൽകി പ്ലേയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

(ഇ) സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് നൈപുണ്യ വികസനം ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു:

1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ, Digseotech, incaetek എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു.

2. പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആൻഡ് ബിവറേജസ് സർവ്വീസ് പരിശീലനം, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോഡയഗ്ണോസിസ് ആൻഡ് റിപ്പയർ പരിശീലനം, റ്റിങ്കറിംഗ് & പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, എയർ കണ്ടീഷൻ ടെക്നീഷ്യൻ, കമ്പ്യൂട്ടിംഗ് ആൻഡ് പെരിഫെറൽസ് ടെക്നീഷ്യൻ, സി.സി.ടി.വി. ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പുവരുത്തി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.

3. പട്ടികജാതിക്കാർക്ക് വിദേശത്ത് ഓയിൽ & റിഗ് മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, ഫുഡ് പ്രൊഡക്ഷൻ കോഴ്സ്, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽ സാധ്യതയുള്ള NEP/FNEP/IELTS, ANEP, OET പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേയ്സ്മെന്റ് ലഭ്യമാക്കിവരുന്നു.

4. പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിന്റിംഗ് ആൻഡ് ഗ്ലാസ് ആർട്ട് പരിശീലനം, ആയുർവേദ നഴ്സിംഗ്/ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആൻഡ് വെബ് ഡിസൈനിംഗ് കോഴ്സ്, ട്രാവൽ & ടൂറിസം കോഴ്സ്, സ്പാ തെറാപ്പി കോഴ്സ്, ജെറിയാട്രിക് അസിസ്റ്റന്റ്, എയർലൈൻ കസ്റ്റമർ സർവ്വീസ്, സെക്യൂരിറ്റി ഗാർഡ്, ഫാഷൻ ഡിസൈനിംഗ് കോഴ്സ് എന്നിങ്ങനെ വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

5. നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി യുവതീയുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15,000 രൂപ പ്രതിമാസം ഓണറേറിയവും 1500 രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനോടകം 759 പട്ടികജാതി യുവാക്കൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു. ഇവർക്ക് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്ന നടപടി സ്വീകരിച്ചുവരികയാണ്. 5431 പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകാൻ നടപടി സ്വീകരിച്ചു. ഇതിൽ 1725 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഇറാം ടെക്നോളജീസ് എന്ന സ്വകാര്യ സ്ഥാപനം മുഖേന ടിഗ്ഗ് & ആർക്ക് വെൽഡിംഗ് കോഴ്സ് കഴിഞ്ഞ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ 8 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലേയ്സ്മെന്റ് നേടാൻ കഴിഞ്ഞു.

<u>കരിയർ ഗൈഡൻസ് ജോബ് ഫെയർ</u>- 2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു.

<u>അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്</u> - 2018-19-ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

**പ്രൊമോട്ടർമാരുടെ അലവൻസ് വർദ്ധിപ്പിക്കുന്നതിന് നടപടി**

24 (6097) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ അലവൻസ് ഒൻപതിനായിരത്തി അഞ്ഞൂറ് രൂപയിൽ നിന്നും പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപയായി വർദ്ധിപ്പിക്കുമെന്ന് ബജറ്റ് പ്രഖ്യാപനം ഉണ്ടായിരുന്നുവെങ്കിലും ആയത് പ്രൊമോട്ടർമാർക്ക് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ വർദ്ധിപ്പിച്ച അലവൻസ് ഉടൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന പ്രൊമോട്ടർമാരുടെ ഓണറേറിയം പ്രതിമാസം 9,000 രൂപയായിരുന്നത് 2019 നവംബർ ഒന്ന് പ്രാബല്യത്തിൽ 12,500 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള പുതിയ പദ്ധതികൾ**

25 (6098) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും അവർക്ക് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) നിലവിലുണ്ടായിരുന്ന ഏതെങ്കിലും പദ്ധതികളുടെ പേര് മാറ്റി പുതിയ പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സങ്കേതങ്ങളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിനായി 2019-20 ൽ എത്ര തുകയാണ് അനുവദിച്ചത്; അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സാമൂഹ്യ പഠനമുറി
2. ഗോത്രബന്ധു
3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

(എ) കോളനികളുടെ സമഗ്ര വികസനം

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

(സി) പി. കെ. കാളൻ കുടുംബ പദ്ധതി

4. ഗോത്രവാത്സല്യ നിധി

5. വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം

6. സമ്പൂർണ്ണ വൈദ്യുതീകരണം

7. കിഫ്ബി മുഖേന നടപ്പിലാക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ

8. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ

9. ഗോത്രജീവിക

10. സമഗ്ര -ആദിവാസി സാക്ഷരതാ പരിപാടി

11. ഗോത്രരശ്മി-സാമൂഹിക ശാക്തീകരണ പരിപാടി

12. മില്ലറ്റ് വില്ലേജ് -അട്ടപ്പാടി

13. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

14. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിര വികസന പദ്ധതി

15. മിൽമ മുഖേന നടപ്പിലാക്കിവരുന്ന ജീവനോപാധി പദ്ധതികൾ

16. കരിയർ ഗൈഡൻസ് ജോബ് ഫെയർ

17. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്

18. ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് നടപടികൾ

(ബി) നിലവിലുണ്ടായിരുന്ന പദ്ധതികളുടെ പേരുമാറ്റി പുതിയ പേരിൽ പദ്ധതി ആരംഭിച്ചിട്ടില്ല.

(സി) പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് പഠനസൗകര്യമൊരുക്കുന്നതിനുമായി 2017-18 വർഷത്തിൽ ഇന്റർനെറ്റ് ഉൾപ്പെടെയുള്ള എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടുത്തി 'സാമൂഹ്യ പഠനമുറി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ 606 ലക്ഷം രൂപ ചെലവഴിച്ച് 2922 കുട്ടികൾക്ക് 100 പഠനമുറികൾ ഊരുകളിൽ ആരംഭിച്ചിട്ടുണ്ട്.

(ഡി) 2019-20 സാമ്പത്തികവർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിനായി 14.27 കോടി രൂപ അനുവദിച്ചതിൽ 6.64 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം**

26 (6099) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിഭാഗങ്ങളുടെ ചികിത്സാ ധനസഹായത്തിനായി ഇതിനകം എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും അതിൽ എത്ര അപേക്ഷകളിൽ തീരുമാനമെടുത്തുവെന്നും വ്യക്തമാക്കുമോ;

ഉത്തരം

ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിഭാഗങ്ങളുടെ ചികിത്സാ ധനസഹായത്തിനായി 70364 അപേക്ഷകൾ ലഭിച്ചതിൽ 65712 എണ്ണത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

**പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടനിർമ്മാണം**

27 (6100) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് അക്കാദമിക് ബ്ലോക്ക്, ഹോസ്റ്റൽ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിൽ സമർപ്പിച്ച 371 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) 60 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും 20 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും പഠിക്കുന്ന പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രൊപ്പോസൽ (DEVC3-1881/17) പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ലഭിച്ചതെപ്പോഴാണ്;

(സി) ഇതുസംബന്ധിച്ച് SCSTDD-B2/36/2017 നമ്പർ ഫയലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വർക്കിംഗ് ഗ്രൂപ്പിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി

(രണ്ടാംഘട്ടം) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 371 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ SCSTDD/B2/36/17 നമ്പർ ഫയലായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) 31-7-2017-ൽ.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ എസ്റ്റിമേറ്റ് സംബന്ധിച്ച് 31-3-2017-ൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറോട് ഒരു റിപ്പോർട്ട് ആരായുകയുണ്ടായി. ആയത് സർക്കാരിൽ ലഭിച്ചിരുന്നില്ല. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

## പട്ടാമ്പി മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റൽ

28 (6101) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ ഉപയോഗമില്ലാതെ നാശത്തിന്റെ വക്കിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാത്ഥികൾക്ക് പ്രഥമ പരിഗണന നൽകികൊണ്ട് പ്രസ്തുത കെട്ടിടത്തിൽ പോളിടെക്നിക്കോ മറ്റു സമാന രീതിയിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ടി കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി

29 (6102) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുവാൻ 2018-19 -ലെ ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് എത്ര ഏക്കർ ഭൂമി വാങ്ങി ; ഏതൊക്കെ ജില്ലകളിൽ; ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനും പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാർക്ക് വികസന പ്രവർത്തനങ്ങൾക്കുമായി 2018-19 ബഡ്ജറ്റിൽ 55 കോടി രൂപ വകയിരുത്തിയിരുന്നു. Plan cut ചെയ്തതിനുശേഷം 20 കോടി രൂപയാണ് 2018-19 സാമ്പത്തികവർഷം അവശേഷിച്ചിരുന്നത്.

(ബി) പ്രസ്തുത തുകയിൽനിന്നും ഭൂമി വാങ്ങുന്നതിന് മാത്രം ചെലവഴിച്ച തുക, ഭൂമിയുടെ അളവ്, വിതരണം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഭൂമിയുടെ അളവ് | ചെലവഴിച്ച തുക |
|---|---|---|---|
| വയനാട് | 147 | 15.68 ഏക്കർ | 3,38,61,941 |
| കാസർഗോഡ് | 25 | 15.07 ഏക്കർ | 2,21,19,635 |
| കൊല്ലം | 1 | 34.95 സെന്റ് | 10,00,000 |
| ആകെ | 173 | 31.9 ഏക്കർ | 5.69 കോടി |

**കോഴിക്കോട് ജില്ലയിൽ നവീകരണത്തിനായി തെരഞ്ഞെടുത്ത കോളനികൾ**

30 (6103) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക പിന്നോക്ക വിഭാഗങ്ങൾ താമസിക്കുന്ന കോളനികൾ മെച്ചപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ വർഷം നവീകരണത്തിനായി തെരഞ്ഞെടുത്ത പട്ടികജാതി കോളനികളുടെയും കുംഭാര കോളനികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പിന്നാക്ക വിഭാഗങ്ങളിലെ ദുർബ്ബല വിഭാഗങ്ങളായ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിക്ക് 2018-19 മുതൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് കുംഭാര കോളനി അടിസ്ഥാനസൗകര്യ വികസന പദ്ധതി. ഒരു കോളനിക്ക്/സങ്കേതത്തിന് പരമാവധി ഒരു കോടി രൂപ ചെലവഴിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(ബി) 2019-20 സാമ്പത്തികവർഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികജാതി കോളനികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോളനിയുടെ പേര് | നിയോജകമണ്ഡലം |
|---|---|---|
| 1 | നേരാടിമല കോളനി | ബാലുശ്ശേരി |
| 2 | തിയ്യത്ത് താഴം കോളനി | ബേപ്പൂർ |
| 3 | ഏളോത്ത്കണ്ടി എ.കെ.ജി. കോളനി | കൊടുവള്ളി |
| 4 | ചിത്തിൽ താര എസ്.സി. കോളനി | കൊയിലാണ്ടി |
| 5 | കള്ളാടിചോല | കുന്ദമംഗലം |
| 6 | എടത്തുംകര IHDP കോളനി | കുറ്റ്യാടി |
| 7 | വലിയപറമ്പ് കോളനി | പേരാമ്പ്ര |
| 8 | നെല്ലിക്കാപോയിൽ കോളനി | തിരുവമ്പാടി |

കോഴിക്കോട് ജില്ലയിലെ കുംഭാര കോളനികളൊന്നും നാളിതുവരെ നവീകരണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

## പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനം

31 (6104) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ബി. സത്യൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി നടപ്പിലാക്കിയിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി കോളനികളിലെ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് വികസിപ്പിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഒരു നിയമസഭാ നിയോജകമണ്ഡലത്തിൽ നിന്നും എത്ര കോളനികളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) നടപ്പ് സാമ്പത്തികവർഷം എത്ര കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടെന്നും എത്ര കോളനികളുടെ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് അംബേദ്കർ ഗ്രാമവികസന പരിപാടി. അടിസ്ഥാനസൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് 2016-17-ൽ പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. 2019-20 മുതൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് പദ്ധതിയിലുൾപ്പെടുത്തുന്നത്.

(ബി) പദ്ധതി പ്രകാരമുള്ള വികസന പ്രവൃത്തികൾ

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. കുടിവെള്ള പദ്ധതി
3. ആശയവിനിമയ സൗകര്യം
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിട്ടേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യനിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി)

(സി) 2016-17-ൽ ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും രണ്ട് കോളനികളെയാണ് ഉൾപ്പെടുത്തിയിരുന്നത്. 2019-20 മുതൽ ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും ഒരു കോളനി എന്ന ക്രമത്തിൽ തെരഞ്ഞെടുക്കുന്നു.

(ഡി) നാളിതുവരെയായി 73 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. അവയുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

32 (6105) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി, ഭവനം, വൈദ്യുതി ഇവ ഇല്ലാത്തവർ, ശുദ്ധമായ കുടിവെള്ളം ലഭിക്കാത്തവർ, ജനിതക രോഗങ്ങൾ ബാധിച്ചവർ, ഗതാഗത സൗകര്യമില്ലാത്തവർ ഇങ്ങനെ കഷ്ടത അനുഭവിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ഒരു സമഗ്ര ഉന്നമന പാക്കേജ് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കാതെ ചൂഷണത്തിന് ഇരയാകുന്ന സാഹചര്യം ഒഴിവാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയിലൂടെ സമഗ്ര ഉന്നമനമാണ് ലക്ഷ്യമിടുന്നത്. പട്ടികവിഭാഗങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള നിരവധി പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്നു. സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമപദ്ധതിയും സമ്പൂർണ്ണ ഭവനനിർമ്മാണത്തിനായി ലൈഫ് മിഷനും നടപ്പാക്കിവരുന്നു.

(സി) പട്ടികജാതി വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കൃത്യമായും പട്ടികജാതി വിഭാഗത്തിന് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തിയശേഷമാണ് അനുവദിക്കുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പട്ടികവർഗ്ഗക്കാർ മാത്രം ഉൾപ്പെടുന്ന ഗുണഭോക്തൃ സമിതി മുഖേനയാണ്. അത്തരത്തിൽ അനുവദിക്കുന്ന ധനസഹായങ്ങൾ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (Direct Benefit Transfer) നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനാൽ യാതൊരുവിധ ചൂഷണത്തിനും ഇവർ ഇരയാകുന്നില്ല.

## കുന്നത്തുനാട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കോളനികൾ

33 (6106) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കോളനികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത കോളനികളിൽ നടപ്പിലാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയിൽ ഇനിയും കൂടുതൽ കോളനികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) പദ്ധതികളിലുൾപ്പെടുത്തിയ കോളനികളുടെയും നിർമ്മാണ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ഇപ്രകാരമാണ്.

| പദ്ധതി | കോളനിയുടെ പേര് | നടപ്പിലാക്കിയ പ്രവൃത്തികൾ |
|---|---|---|
| സ്വയംപര്യാപ്ത ഗ്രാമം പദ്ധതി (2012-13) | ഐരാപുരം കോളനി | 1. ഭവന പുനരുദ്ധാരണം<br>2. ബയോഗ്യാസ് പ്ലാന്റ്<br>3. പൈപ്പ് കമ്പോസ്റ്റ്<br>4. കാന നിർമ്മാണം<br>5. റോഡ് കോൺക്രീറ്റിംഗ്<br>6. കുടിവെള്ള പദ്ധതി<br>7. കമ്മ്യൂണിറ്റി ഹാൾ നവീകരണം<br>8. കളിസ്ഥലം നവീകരണം |

| | | |
|---|---|---|
| സ്വയംപര്യാപ്ത ഗ്രാമം പദ്ധതി (2013-14) | ഫാക്ട് I കോളനി | 1. മണ്ണാർക്കുഴി റോഡ് നിർമ്മാണം<br>2. കാന സൈഡ് കെട്ടൽ<br>3. റോഡ് നവീകരണം<br>4. ഭവനപുനരുദ്ധാരണം<br>5. ഇടയത്തേരി നടപ്പാത നവീകരണം<br>6. മിനിമാസ്റ്റ് സിസ്റ്റം സ്ഥാപിക്കൽ<br>7. കരിമുകൾ കോളനി ആർച്ച് റോഡ് റീടാറിംഗ് വർക്ക് |
| | ഫാക്ട് II കോളനി | 1. കൊട്ടൻകാവ് പീച്ചിങ്ങചിറ കോളനി-ലിങ്ക് റോഡ് നിർമ്മാണം<br>2. വാലോത്തികരോട്ടെ കനാൽ റോഡ് നിർമ്മാണം<br>3. കുടിവെള്ള പദ്ധതി നവീകരണം |
| അംബേദ്കർ ഗ്രാമം പദ്ധതി (2016-17) | കുറ്റ കോളനി | 1. തൊണ്ടങ്ങൽമൂല റോഡ് റീടാറിംഗ്<br>2. സാംസ്കാരിക സമിതി കെട്ടിട നിർമ്മാണം<br>3. ടി.വി., അലമാര വിതരണം<br>4. ഭവന നവീകരണം<br>5. ചിറ നവീകരണം |
| | പള്ളിമുകൾ കോളനി | 1. വാട്ടർ ടാങ്ക് നിർമ്മാണം<br>2. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>3. പമ്പ്സെറ്റ്, പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| അംബേദ്കർ ഗ്രാമം പദ്ധതി (2019-20) | വീട്ടൂർ കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. | |

## സിവിൽ സർവ്വീസ് പരീക്ഷാ കോച്ചിംഗ് സെന്ററുകൾ

34 (6107) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള കോച്ചിംഗ് സെന്ററുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്; അവയിലോരോന്നിലും പഠിക്കുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്ററുകൾ നിലവിലുണ്ടെങ്കിൽ ഇവയിലെ പഠിതാക്കളിൽ എത്രപേർക്ക് കഴിഞ്ഞ കാലയളവിൽ സിവിൽ സർവ്വീസ് നേടാനായിയെന്ന് അറിയിക്കുമോ;

(സി) ഇത്തരം കോച്ചിംഗ് സെന്ററുകൾ ഇനിയും സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; സെന്ററുകൾ പുതുതായി തുടങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സെന്ററുകളിലേയ്ക്കുള്ള അപേക്ഷാരീതിയും അഡ്മിഷന്റെ മാനദണ്ഡവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പിന് കീഴിൽ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയുടെ (ICSETS) മേൽനോട്ടത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിക്ക് കീഴിൽ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, പൊന്നാനി, കല്ല്യാശ്ശേരി, കോഴിക്കോട് എന്നീ ആറ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മേൽപ്രകാരമുള്ള സെന്ററുകളിൽ 2019 ജൂൺ, സെപ്റ്റംബർ ബാച്ചുകളിലായി ആകെ 320 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾ പരിശീലനം നേടിവരുന്നു. അവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ബാച്ച് | സെന്റർ | എസ്.സി. | എസ്.റ്റി. | ആകെ |
|---|---|---|---|---|
| 2019-20 ജൂൺ ബാച്ച് | തിരുവനന്തപുരം | 133 | 28 | 161 |
| | കൊല്ലം | 23 | 1 | 24 |
| | പാലക്കാട് | 17 | 3 | 20 |
| | പൊന്നാനി | 8 | 2 | 10 |
| | കല്ല്യാശ്ശേരി | 5 | 0 | 5 |
| | കോഴിക്കോട് | 10 | 4 | 14 |
| | ആകെ | | | 234 |
| ബാച്ച് | സെന്റർ | എസ്.സി. | എസ്.റ്റി. | ആകെ |
| 2019-20 സെപ്റ്റംബർ ബാച്ച് | തിരുവനന്തപുരം | 30 | 6 | 36 |

| | | | | |
|---|---|---|---|---|
| | കൊല്ലം | 10 | 1 | 11 |
| | പാലക്കാട് | 15 | 0 | 15 |
| | പൊന്നാനി | 6 | 1 | 7 |
| | കല്ല്യാശ്ശേരി | 6 | 0 | 6 |
| | കോഴിക്കോട് | 11 | 0 | 11 |
| | ആകെ | | | 86 |

(ബി) പ്രസ്തുത കോച്ചിംഗ് സെന്ററിലൂടെ 2002 മുതൽ നാളിതുവരെ 13 പേർക്ക് വിവിധ സർവ്വീസുകളിൽ പ്രവേശനം നേടാൻ കഴിഞ്ഞിട്ടുണ്ട്. അവയുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | പേര് | സർവ്വീസ് |
|---|---|---|---|
| 1 | 2002 | വി. കെ. പ്രശാന്ത് | IRS |
| 2 | 2003 | കെ. ഇ. സേതുരാമൻ | IPS |
| 3 | 2003 | അനിൽ കുമാർ | IRTS |
| 4 | 2004 | കെ. കെ. സുജ | IRTS |
| 5 | 2005 | സാജു സുരേന്ദ്രൻ | IES |
| 6 | 2010 | ലൈനാ ബാലൻ | IRS |
| 7 | 2010 | പ്രദീപ് കെ. എസ്. | IFOS |
| 8 | 2010 | വിസ്മിജു വിശ്വനാഥ് | IFOS |
| 9 | 2011 | മിഥുൻ റ്റി. ആർ. | IFS |
| 10 | 2012 | ഡോ. ലില്ലി ജി. | IFS |
| 11 | 2016 | മിഥുൻ വി. സോമരാജ് (2010-11 ബാച്ച്) | IRTS |
| 12 | 2016 | വിജീഷ് കുമാർ റ്റി. ജി. (2007-08 ബാച്ച്) | IRTS (Central Excise & Customs) |
| 13 | 2019 | ശ്രീധന്യ സുരേഷ് (2016-17 ബാച്ച്) | IAS |

(സി) നിലവിൽ പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പുതിയ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

(ഡി) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. അംഗീകൃത സർവ്വകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

35 (6108) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 9 എം.ആർ.എസ്.-കൾ പ്രവർത്തിച്ചുവരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ, സ്പോർട്സ് സ്കൂൾ (മിക്സഡ്), വെള്ളായണി, തിരുവനന്തപുരം ജില്ല
2. ഗവൺമെന്റ് എം.ആർ.എസ്., പുന്നപ്ര (പെൺകുട്ടികൾക്കായി), ആലപ്പുഴ ജില്ല
3. ഗവൺമെന്റ് എം.ആർ.എസ്., പീരുമേട് (മിക്സഡ്), ഇടുക്കി ജില്ല
4. ഗവൺമെന്റ് എം.ആർ.എസ്., കീഴ്മാട് (ആൺകുട്ടികൾക്കായി), ആലുവ, എറണാകുളം ജില്ല
5. ഗവൺമെന്റ് എം.ആർ.എസ്., വടക്കാഞ്ചേരി (ആൺകുട്ടികൾക്കായി), തൃശ്ശൂർ ജില്ല
6. ഗവൺമെന്റ് എം.ആർ.എസ്., ചേലക്കര (ആൺകുട്ടികൾക്കായി), തൃശ്ശൂർ ജില്ല

7. ഗവൺമെന്റ് എം.ആർ.എസ്., കുഴൽമന്ദം (ആൺകുട്ടികൾക്കായി), പാലക്കാട് ജില്ല
8. ഗവൺമെന്റ് എം.ആർ.എസ്., തൃത്താല (പെൺകുട്ടികൾ), പാലക്കാട് ജില്ല
9. ഗവൺമെന്റ് എം.ആർ.എസ്., വെള്ളച്ചാൽ (ആൺകുട്ടികൾക്കായി), കാസർഗോഡ് ജില്ല

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിലെ പെരിങ്ങോമിൽ ഒരു എം.ആർ.എസ്. ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷം മുതൽ അദ്ധ്യയനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കിഫ്ബിയുടെ ധനസഹായത്തോടെയുള്ള സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിലെ കൊറഗ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ കണ്ണൂർ ജില്ലയിലെ പെരിങ്ങോം എം.ആർ.എസ്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ എന്നിവിടങ്ങളിൽ എം.ആർ.എസ്. ആരംഭിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് വരുംവർഷങ്ങളിൽ ടി സ്ഥലങ്ങളിൽ എം.ആർ.എസ്. ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കോഴിക്കോട് ജില്ലയിലെ ഉള്ള്യേരിയിൽ പ്രവർത്തനം നിലച്ച എം.ആർ.എസ്.-ന് പകരമായി മരുതോങ്കരയിൽ പുതിയൊരു എം.ആർ.എസ്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ അട്ടപ്പാടിയിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളും സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളും ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ആറളത്ത് കിഫ്ബി ഫണ്ട് വിനിയോഗിച്ച് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം

36 (6109) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം ഉറപ്പു വരുത്തുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്കൂളിലെ കുട്ടികളുടെ സുരക്ഷാസംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത സ്കൂളിൽ നിന്നും കുട്ടികളെ കാണാതായ സംഭവങ്ങൾ ഈയിടെയുണ്ടായിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ വ്യക്തിത്വവികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; 2018-19 ലെ ബജറ്റിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്.-കൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് 'തെളിമ' എന്ന പരിപാടിയിലൂടെ ക്ലാസ് സമയത്തിനുപുറമെ മലയാളം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ASAP പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി പ്രകാരം നടത്തപ്പെടുന്ന എല്ലാ പദ്ധതികളും എം.ആർ.എസ്.-ൽ നടക്കുന്നുണ്ട്. ഓരോ വിദ്യാർത്ഥിയുടെയും പഠന നിലവാരം വിഷയാടിസ്ഥാനത്തിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന ക്ലാസ്സുകൾ നടത്തുകയും രാത്രികാല ക്ലാസ്സുകൾക്കായി റസിഡന്റ് ട്യൂട്ടർമാരെ കരാർ അടിസ്ഥാനത്തിൽ ഓരോ അദ്ധ്യയനവർഷവും നിയമിക്കുകയും ചെയ്യുന്നു. മുഴുവൻ

വിദ്യാർത്ഥികളെയും വിജയത്തിലെത്തിക്കാൻ ഇതുവഴി സാധ്യമാകുന്നു. കൂടാതെ സർക്കാർ ഏജൻസികളുടെ സഹായത്തോടെ മോറൽ വാല്യു ക്ലാസ്സുകൾ, മോട്ടിവേഷൻ ക്ലാസ്സുകൾ, വ്യക്തിത്വ വികസന ക്ലാസ്സുകൾ, ലിറ്റിൽ കൈറ്റ്, ഹലോ ഇംഗ്ലീഷ് പ്രോഗ്രാം എന്നിവ നൽകിവരുന്നു. മാനേജർ കം റസിഡന്റ് ട്യൂട്ടർ വിദ്യാർത്ഥികളുടെ പഠനത്തിന് മേൽനോട്ടം വഹിക്കുന്നു. വിദ്യാർത്ഥികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനായി കലാകായിക വിനോദങ്ങളിൽ പങ്കാളികളാക്കുന്നു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ, കലോത്സവങ്ങൾ എന്നിവ സംഘടിപ്പിച്ച് അവരെ സാമൂഹികമായ ഇടപെടലുകൾക്ക് പ്രാപ്തരാക്കുന്നു. ഭാരതത്തിന്റെ ഭൂമിശാസ്ത്രം നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി ദക്ഷിണേന്ത്യൻ പര്യടനം നടപ്പിലാക്കുന്നു. എല്ലാ എം.ആർ.എസ്.-കളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മുഴുവൻ എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികൾക്കും താമസിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഹോസ്റ്റൽ സൗകര്യം നിലവിലുണ്ട്. സ്കൂളും ഹോസ്റ്റലും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്ക് എല്ലാ സൗകര്യങ്ങളോടുംകൂടിയ സ്കൂൾ സംവിധാനമാണ് എം.ആർ.എസ്.-കളിൽ ഒരുക്കിയിട്ടുള്ളത്. എല്ലാ എം.ആർ.എസ്.-കളും ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് ആവശ്യമായ ഫർണിച്ചറുകൾ, കമ്പ്യൂട്ടർ ലാബുകൾ, ലൈബ്രറി, സോളാർ സിസ്റ്റം, സി.സി.ടി.വി. എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ എം.ആർ.എസ്.-കളിലും കൊതുകുവലകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ടോയ്‌ലെറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ബഞ്ച്, കട്ടിൽ, ഡസ്ക് തുടങ്ങിയ ഫർണിച്ചറുകൾ നൽകൽ, മറ്റ് അവശ്യ ഉപകരണങ്ങളായ കമ്പ്യൂട്ടർ, എൽ.സി.ഡി. ടി.വി. എന്നിവയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ റസിഡൻഷ്യൽ സ്കൂളുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, നാപ്കിൻ വെന്റിംഗ് മെഷീൻ, ജല ശുദ്ധീകരണ പദ്ധതി, ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാചാലകം, മിനിമാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി.ടി.വി., സ്റ്റീം ബേയ്സ്ഡ് കിച്ചൻ, വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിനുകീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി ഹോസ്റ്റൽ കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. വാച്ച്മാൻ ക്യാബിൻ, ഗേറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനായി മാനേജർ കം റസിഡന്റ് ട്യൂട്ടറെ (MCRT) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. കൂടാതെ രണ്ട് ആയമാരുടെ സേവനവും ലഭ്യമാണ്. അനാവശ്യമായി പുറത്തേയ്ക്ക് കടന്നുപോകാതിരിക്കാൻ വാച്ച്മാൻ ശ്രദ്ധിക്കുന്നുണ്ട്. ഹോസ്റ്റൽ സ്കൂൾ പരിസരങ്ങളിൽ സി.സി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഏതെങ്കിലും അസുഖം ബാധിച്ചാൽ ജീവനക്കാർ/അദ്ധ്യാപകർ ആശുപത്രിയിൽ കുട്ടികളെ എത്തിക്കുന്ന സംവിധാനമുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി അഗ്നിപ്രതിരോധ സംവിധാനം, മിന്നൽരക്ഷാ ചാലകം, മിനിമാസ്റ്റ് ലൈറ്റ്, സി.സി.ടി.വി. എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾ സ്ഥാപന മേധാവിയുടെ മുൻകൂർ അനുവാദമില്ലാതെ സ്വന്തം വീടുകളിലേയ്ക്ക് പോകുന്നതിന് ശ്രമിക്കുകയും ആയത് ശ്രദ്ധയിൽപ്പെട്ട ഉടൻ ടി വിദ്യാർത്ഥികളെ സ്ഥാപനത്തിലേയ്ക്ക് മടക്കി കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

(ഇ) പട്ടികജാതി വികസന വകുപ്പിന് കീഴിലെ എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനായി കൗൺസലിംഗ് ക്ലാസ്സുകളും മോട്ടിവേഷൻ ക്ലാസ്സുകളും നിലവിൽ നൽകിവരുന്നുണ്ട്. ടി വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. എം.ആർ.എസ്.-കളുടെ പ്രവർത്തനങ്ങൾക്കായി 2018-19 വർഷം 15 കോടി രൂപ വകയിരുത്തിയിരുന്നു. 13.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലെ എം.ആർ.എസ്.-കളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2018-19 സാമ്പത്തികവർഷം മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിനായി 2225-02-277-49-Management cost for the Running Model Residential Schools/Ashramam Schools - 34-Oc (Plan) എന്ന ശീർഷകത്തിൽ 47,82,20,000 രൂപ വകയിരുത്തിയിരുന്നു. ആയതിൽ 42,91,23,186 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കൊട്ടാരക്കര മണ്ഡലത്തിലെ വിജ്ഞാൻവാടികൾ**

37 (6110) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ സഹായത്തോടെയുള്ള വിജ്ഞാൻവാടികൾ കൊട്ടാരക്കര മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിജ്ഞാൻവാടികൾക്ക് വകുപ്പുവഴി നൽകുന്ന സഹായങ്ങളും വിജ്ഞാൻവാടികൾ വഴി ലക്ഷ്യമിടുന്ന കാര്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉമ്മന്നൂർ പഞ്ചായത്തിലെ പറപ്പള്ളിക്കോണം കാര്യാട്ട് കോളനി, കുളക്കട പഞ്ചായത്തിലെ പാത്തല ലക്ഷംകോളനി എന്നിവിടങ്ങളിൽ വിജ്ഞാൻവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) നിലവിലുള്ള പൊതുകെട്ടിടങ്ങളിൽ സൗകര്യങ്ങൾ ഒരുക്കിയും സ്ഥലം ലഭ്യമായ ഇടങ്ങളിൽ പുതിയ കെട്ടിടം നിർമ്മിച്ചും വിജ്ഞാൻവാടികൾ പ്രവർത്തിക്കുന്നു. വിജ്ഞാൻവാടികളുടെ സുഗമമായ പ്രവർത്തനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളെ കെയർടേക്കർമാരായി നിയമിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ഷനോടുകൂടിയ കമ്പ്യൂട്ടർ, വിജ്ഞാനദായകമായ പുസ്തകങ്ങൾ, ദിനപത്രങ്ങൾ, തൊഴിൽ പ്രസിദ്ധീകരണങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലൈബ്രറി-കം റീഡിംഗ് റൂം സജ്ജീകരിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെയും യുവതീയുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഉൾപ്പെടെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള കോളനി നിവാസികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനും വിജ്ഞാൻവാടികൾ ലക്ഷ്യമിടുന്നു.

## ഗവൺമെന്റ് ഐ.ടി.ഐ. മാടായിയിൽ പുതിയ ട്രേഡുകൾ

38 (6111) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഗവ.ഐ.ടി.ഐ. മാടായിയിൽ ഏതൊക്കെ ട്രേഡുകളാണ് നിലവിലുള്ളത്; പുതുതായി ട്രേഡുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ച മുന്നൂറ്റിപ്പത്ത് ലക്ഷം രൂപയുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മാടായി ഐ.ടി.ഐ.-ൽ നിലവിൽ പ്ലംബർ, പെയിന്റർ (ജനറൽ) എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നു. ഏകവർഷ കോഴ്സായ പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ ബാച്ച് കൂടി പുതുതായി ആരംഭിക്കുന്നതിന് സർക്കാരിൽ ശിപാർശ ലഭിച്ചിട്ടുണ്ട്. കൂടാതെ പുതിയ രണ്ട് ട്രേഡുകൾ കൂടി തുടങ്ങുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കെട്ടിടംപണി പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ പുതിയ ട്രേഡുകൾ തുടങ്ങാൻ സാധിക്കുകയുള്ളൂ.

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടില്ല. ടി പ്രവൃത്തിയുടെ സാങ്കേതിക അനുമതി (ടെക്നിക്കൽ സാംങ്ഷൻ) പി.ഡബ്ല്യൂ.ഡി. കെട്ടിടം വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ നൽകേണ്ടതുണ്ട്. സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ ഓഫീസിൽ സ്വീകരിച്ചുവരുന്നുണ്ട്.

## പട്ടികവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ നിയമനം

39 (6112) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ നിയമനം നടത്താതെ ഒഴിച്ചിടുന്ന സ്ഥിതിവിശേഷത്തിനെതിരെ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) കമ്മീഷൻ സർക്കാരിൽ നിന്നും എന്തെങ്കിലും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ സർക്കാർ നൽകിയ വിശദീകരണം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പട്ടികവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകൾ നിയമനം നടത്താതെ ഒഴിഞ്ഞുകിടക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ 5405/A1/2019/TVM(SM)/KSCSC & ST നമ്പർ പ്രകാരം സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിലെ വിവിധ വകുപ്പുകളിൽനിന്നും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ച് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ടിന്മേൽ നിശ്ചിത പ്രൊഫോർമയിൽ അധികവിവരം ലഭ്യമാക്കാൻ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## പട്ടികവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികയിലെ ഒഴിവുകൾ

40 (6113) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ വകുപ്പുകൾ വീഴ്ചവരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നവംബർ 30-നകം റിപ്പോർട്ട് ചെയ്യണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) നിശ്ചിത സമയത്തിനുള്ളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് സെക്രട്ടറിമാരെ നേരിട്ട് വിളിച്ചുവരുത്തി വിശദീകരണം തേടുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രസ്തുത വിഭാഗങ്ങൾക്കായി ഭരണഘടനാനുസൃതമായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾപോലും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് അദ്ധ്യക്ഷന്മാരിൽ നിന്നും വിശദീകരണം ആരായുമോ?

ഉത്തരം

(എ - ഡി) പട്ടികവിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകൾ നിയമനം നടത്താതെ ഒഴിഞ്ഞുകിടക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ 5405/A1/2019/TVM(SM)/KSCSC&ST നമ്പർ പ്രകാരം കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിശ്ചിത പ്രൊഫോർമയിൽ വിവരങ്ങൾ ലഭ്യമാക്കാൻ ചീഫ് സെക്രട്ടറിയോട് 12-11-2019-ലെ 5405/A1/2019/TVM(SM)/KSCSC&ST നമ്പർ കത്തുപ്രകാരം കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**പട്ടികവിഭാഗക്കാർക്കായി ഒഴിച്ചിട്ട തസ്തികകൾ**

41 (6114) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗക്കാർക്കായി സർക്കാർ സർവീസിൽ സംവരണം ചെയ്തിട്ടുള്ള എത്ര തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പട്ടികവിഭാഗക്കാർക്കായി നീക്കിവച്ച ഒഴിവുകളിൽ വേണ്ടത്ര ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത വേളയിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് യോഗ്യതയിൽ ഇളവ് നൽകി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ പി.എസ്.സി. അനുമതി നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2019 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ പ്രതിമാസ പുരോഗതി പട്ടികയുടെ അടിസ്ഥാനത്തിൽ നടത്തിയ ത്രൈമാസ അവലോകന പ്രകാരം സർക്കാർ സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 1149 ഒഴിവുകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാത്രം 1227 ഒഴിവുകളും നിലവിലുണ്ട്.

(ബി&സി) വിവിധ സർക്കാർ/അർദ്ധസർക്കാർ/കമ്പനി/ കോർപ്പറേഷൻ/ ബോർഡ് തുടങ്ങിയ വകുപ്പുകളിലേയ്ക്ക് ഒരു തസ്തികയ്ക്ക് ഒരു സ്പെഷ്യൽ റൂൾ മാത്രമാണ് നിലവിലുള്ളത്. പ്രസ്തുത സ്പെഷ്യൽ റൂൾ അടിസ്ഥാനമാക്കിയാണ് ഓരോ തസ്തികയും വിജ്ഞാപനം ചെയ്യുന്നതും തുടർന്ന് അനുബന്ധ തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നതും. പട്ടികവിഭാഗക്കാർക്കായി നീക്കിവച്ച ഒഴിവുകളിൽ വേണ്ടത്ര ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ യോഗ്യതയിൽ ഇളവ് വരുത്തി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കേണ്ട വകുപ്പുകളും തസ്തികകളും സംബന്ധിച്ച് പി.എസ്.സി. വിശദാംശങ്ങൾ ലഭ്യമാക്കിയിരുന്നു. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകളായ ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, വ്യവസായ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വിവരസാങ്കേതികവിദ്യാ വകുപ്പ്, ധനകാര്യ വകുപ്പ്, റവന്യൂ വകുപ്പ്, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്, പിന്നാക്ക സമുദായ വികസന വകുപ്പ്, ഗതാഗത വകുപ്പ്, പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി.-ഹിസ്റ്ററി തസ്തികയിൽ എസ്.റ്റി. വിഭാഗത്തിനായി സംവരണം ചെയ്ത ഒഴിവുകളിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി നൽകുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് നിലവിൽ ഹയർ സെക്കണ്ടറി വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്.

## കിർത്താഡ്സിലെ നിയമനങ്ങൾ

42 (6115) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിർത്താഡ്സ് വകുപ്പിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നിരസിച്ച ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് അന്തർവകുപ്പ് സ്ഥലം മാറ്റം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട 264/ഇ 2/2016/ എസ്.സി.എസ്.ടി.ഡി.ഡി.നമ്പർ ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) കിർത്താഡ്സ് വകുപ്പിൽ താൽക്കാലികം/കരാർ നിയമനം നടത്തിയ ജീവനക്കാരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥിരപ്പെടുത്തി മുൻകാല പ്രാബല്യത്തിൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കിർത്താഡ്സ് വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ സ്പെഷ്യൽ റൂളിൽ വ്യക്തമായ യോഗ്യത നിശ്ചയിച്ചിട്ടുള്ള കിർത്താഡ്സ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ, യോഗ്യത ഇവ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ഇ) വ്യവസ്ഥകൾക്ക് വിരുദ്ധമായി ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ എറണാകുളം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽനിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ കിർത്താഡ്സ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി നിയമിതയായ ശ്രീമതി നിജ കെ.ഐ.യുടെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലേയ്ക്കുള്ള അന്തർ വകുപ്പ് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ നിരസിച്ചിട്ടുള്ളതാണ്. എന്നാൽ ശ്രീമതി നിജ കെ.ഐ.യുടെ അപേക്ഷ പരിഗണിച്ചും കിർത്താഡ്സ് ഡയറക്ടറുടെ 13-7-2018-ലെ ബി.-3053/2018 നമ്പർ കത്ത് പ്രകാരവും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 7-3-2019-ലെ ED2/30047/18/DTE നമ്പർ നടപടിക്രമ മനുസരിച്ച് അന്തർ വകുപ്പ് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിർത്താഡ്സ് വകുപ്പിൽ താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഡി) 11-10-2007-ലെ G.O.(P) No.60/2007/SCSTDD പ്രകാരം സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം കിർത്താഡ്സ് ഡയറക്ടർ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഇല്ല.

## കൊല്ലം ജില്ലയിലെ കോർപ്പസ് ഫണ്ടിൽനിന്നുള്ള റോഡുകൾ

43 (6116) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2018-19, 2019-20 വർഷങ്ങളിൽ പട്ടികജാതി കോളനികളിലേയ്ക്കുള്ള ഏതെല്ലാം റോഡുകൾക്ക് എത്ര രൂപയുടെ ഭരണാനുമതി നൽകിയെന്ന് വിശദീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഈ ഇനത്തിൽ ഏതെങ്കിലും പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2018-19 വർഷത്തിൽ പട്ടികജാതി കോളനികളിലെ ഭരണാനുമതി ലഭ്യമായ റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* 2019-20-ൽ ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല.

(ബി) അനുമതി നൽകിയിട്ടില്ല.

(സി)

1. കുടിവെള്ള വിതരണം - പട്ടികജാതി വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗക്കാർക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽമാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.

2. ഗതാഗതസൗകര്യ വികസനം-കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം

3. വൈദ്യുതീകരണം-പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിയിലേക്കുള്ള വഴിവിളക്കുകൾ

4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന പ്രോജക്ടുകൾ (DIET)

5. തദ്ദേശഭരണ സ്ഥാപനങ്ങൾ/പട്ടികജാതി വികസന വകുപ്പ് എന്നിവ നടപ്പിലാക്കിയ പ്രോജക്ടുകളിൽ പൂർത്തീകരിക്കാത്തവയ്ക്ക് ടി തുക വിനിയോഗിക്കാം.

6. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മഞ്ചേരി നിയോജകമണ്ഡലത്തിലെ കോർപ്പസ് ഫണ്ട്**

44 (6117) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് പ്രകാരം മഞ്ചേരി നിയോജകമണ്ഡല പരിധിയിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

(ബി) അനുബന്ധമായി ചേർക്കുന്നു.*

**കോർപ്പസ് ഫണ്ടിൽനിന്ന് അനുമതി ലഭ്യമായ പാലക്കാട് ജില്ലയിലെ പ്രവൃത്തികൾ**

45 (6118) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ടിൽ നിന്ന് എസ്.റ്റി. വിഭാഗത്തിലും എസ്.സി. വിഭാഗത്തിലും 1-4-2019 മുതൽ 31-10-2019 വരെ അനുമതി ലഭ്യമായ പാലക്കാട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിനയച്ച പാലക്കാട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ 1-4-2019 മുതൽ 31-10-2019 വരെ 36 പ്രവൃത്തികൾക്ക് ജില്ലാതല സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു:

1. പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും വിവിധ ഓൺലൈൻ സൗകര്യങ്ങൾ നൽകിവരുന്ന രണ്ട് സഹായകേന്ദ്രങ്ങളിലേയ്ക്കായി ഒരു കമ്പ്യൂട്ടർ ടേബിൾ, മൂന്ന് ചെയർ എന്നിവ വിതരണം ചെയ്തു.

2. ശ്രീമതി പാർവ്വതി W/o മുരുകൻ, സർക്കാർപതി കോളനി, ശ്രീമതി പരക്കാടി W/o ചെമ്പൻ, ഞാറക്കാട് എന്നിവരുടെ വീട്ടിന് മുകളിലൂടെ പോകുന്ന ഇലക്ട്രിക് ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് ഫണ്ട് നൽകി.

3. ചെല്ലങ്കാവ് കോളനിയിലെ നാല് കുടുംബങ്ങൾക്ക് വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിന് വൈദ്യുത പോസ്റ്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് ഫണ്ട് നൽകി.

4. 294 ഗുണഭോക്താക്കൾക്ക് മേൽക്കൂര മറയ്ക്കുന്നതിനായി ടാർപോളിൻ ഷീറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

5. കണ്ണമ്പ്ര പഞ്ചായത്തിലെ രണ്ടുപേർക്ക് ജീവനോപാധിയായി രണ്ട് മരംമുറി യന്ത്രം വിതരണം ചെയ്തു.

6. കുണ്ടലക്കുളമ്പ് കോളനിയിലെ 28 ഗുണഭോക്താക്കൾക്ക് കുടിവെള്ളം ശേഖരിക്കുന്നതിന് പ്ലാസ്റ്റിക് ഡ്രം വിതരണം ചെയ്തു.

7. പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ രണ്ട് പേർക്ക് ജീവനോപാധിയായി രണ്ട് തയ്യൽ മെഷീൻ വിതരണം ചെയ്തു.

8. മുതലമട ഗ്രാമപഞ്ചായത്തിലെ തേക്കടി അല്ലിമൂപ്പൻ കോളനി കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് ഫർണിച്ചറുകൾ വിതരണം ചെയ്തു.

9. മുതലമട ഗ്രാമപഞ്ചായത്തിലെ പരുത്തിക്കാട് താമസക്കാരിയായ ഒരാൾക്ക് കുടിവെള്ളം, പൈപ്പ് കണക്ഷൻ നൽകുന്നതിന് വാട്ടർ അതോറിറ്റിക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

10. പറമ്പിക്കുളം തേക്കടി അല്ലിമൂപ്പൻ കോളനിയിലെ ശ്രീ. കണ്ണൻ ഗവൺമെന്റ് ചിറ്റൂർ കോളേജിൽ എം.എ. ഫിലോസഫി വിദ്യാർത്ഥിയും ദേശീയ കായികമത്സരങ്ങളിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവച്ച ഇവർക്ക് സ്പൈക്ക് ഷൂ വാങ്ങി നൽകി.

11. വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോയി വരുന്നതിന് വാഹന സൗകര്യമേർപ്പെടുത്തി.

12. മാത്തൂർ ഹോസ്റ്റൽ അന്തേവാസികൾക്ക് കരാട്ടെ പരിശീലനം നൽകി.

13. പറമ്പിക്കുളം സുങ്കം കോളനി നിവാസികളുടെ മാനസിക ആരോഗ്യനിലയും സാമൂഹിക സാമ്പത്തിക നിലവാരവും ഉയർത്തൽ പദ്ധതിക്ക് ജില്ലാ മെഡിക്കൽ ഓഫീസർക്ക് തുക അനുവദിച്ചുനൽകി.

14. തെങ്കര ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽദിനം നൽകുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷൻ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

15. പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ അമ്മൻ കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ 36 പദ്ധതികൾ ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. 2019-20-ലെ 1/3 കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 33 പ്രവൃത്തികൾ ജില്ലാതലത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി നിലവിൽ പദ്ധതി പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല.

**പത്തനംതിട്ട ജില്ലയിൽ കോർപ്പസ് ഫണ്ട്**

46 (6119) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പസ് ഫണ്ടിൽ പത്തനംതിട്ട ജില്ലയ്ക്ക് എത്ര രൂപ അനുവദിച്ചു; ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചത്; ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; അറിയിക്കുമോ;

(സി) പുതിയ പദ്ധതികൾക്ക് പണം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും എത്ര രൂപയുടെ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വകുപ്പ് - ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 വർഷത്തിൽ 2,90,65,986 രൂപയും 2017-18 വർഷത്തിൽ 1,11,51,509

രൂപ സ്പിൽ ഓവർ ഇനത്തിലും 2018-19 വർഷത്തിൽ 36,84,193 രൂപയും 2019-20 വർഷത്തിൽ 99,91,030 രൂപ സ്പിൽ ഓവർ ഇനത്തിലും കോർപ്പസ് ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ 179 ലക്ഷം രൂപ 1/3 കോർപ്പസ് ഫണ്ട് പ്രകാരം 2019-20-ൽ അനുവദിക്കുന്നതാണ്. ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പട്ടികവർഗ്ഗ വികസന വകുപ്പ്- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പസ് ഫണ്ടിൽ പത്തനംതിട്ട ജില്ലയ്ക്ക് 2,42,18,799 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദവിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| 2016-17 | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതി | തുക |
| (1) | (2) | (3) |
| 1 | അട്ടത്തോട് ഗവൺമെന്റ് എൽ.പി. സ്കൂളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഭക്ഷണം, ആയയുടെ വേതനം | 2,75,472 |
| 2 | മൂഴിയാർ എൽ.പി. സ്കൂളിലെ കുട്ടികൾക്ക് ഭക്ഷണം | 63,000 |
| 3 | വലിയപതാൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 7,06,500 |
| 4 | കുറുമ്പൻമൂഴി കോളനി കിണർ പുനരുദ്ധാരണം | 1,35,575 |
| 5 | അടിച്ചിപ്പുഴ കോളനി പൈപ്പ്ലൈൻ നീട്ടൽ | 2,20,000 |
| 6 | കുറുമ്പൻമൂഴി കോളനി നടപ്പാലം | 1,13,520 |
| 7 | ചിപ്പൻകുഴി കോളനി വൈദ്യുതീകരണം | 6,72,165 |
| 8 | പി.എം.എച്ച്. ചിറ്റാർ വിവിധ പ്രവൃത്തികൾ | 26,36,000 |
| 9 | എം.ആർ.എസ്., വടശ്ശേരിക്കര വിവിധ പ്രവൃത്തികൾ | 8,45,000 |
| 2017-18 | | |
| ക്രമ നമ്പർ | പദ്ധതി | തുക |
| 1 | മലമ്പണ്ടാര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ജീവനോപാധി | 5,00,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) |
|---|---|---|
| 2 | അട്ടത്തോട് ഗവൺമെന്റ് എൽ.പി. സ്കൂളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഭക്ഷണം, ആയയുടെ വേതനം | 5,44,000 |
| 3 | കിണർ മെയിന്റനൻസ് | 67,670 |
| 4 | ഒളികല്ല് കോളനി സംരക്ഷണഭിത്തി നിർമ്മാണം | 10,27,000 |
| 5 | അടിച്ചിപ്പുഴ കോളനി പൈപ്പ്ലൈൻ നീട്ടൽ | 3,75,000 |
| അടിച്ചിപ്പുഴ കോളനി പൈപ്പ്ലൈൻ നീട്ടൽ, ഒളികല്ല് കോളനി സംരക്ഷണഭിത്തി നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടില്ല. മറ്റ് പദ്ധതികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. | | |
| 2018-19 | | |
| ക്രമ നമ്പർ | പദ്ധതി | തുക |
| 1 | അട്ടത്തോട് ഗവൺമെന്റ് എൽ.പി. സ്കൂളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഭക്ഷണം, ആയയുടെ വേതനം | 6,70,571 |
| 2 | എസ്.റ്റി. പ്രൊമോട്ടർമാർക്ക് ഐ.ഡി. കാർഡ് | 6,050 |
| 3 | ഓൺലൈൻ സഹായി കേന്ദ്രം | 1,32,016 |
| 4 | ആവണിപ്പാറ പട്ടികവർഗ്ഗസങ്കേതം വൈദ്യുതീകരണം | 1,57,00,000 |

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

പട്ടികവർഗ്ഗ വികസന വകുപ്പ് 2016-17 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ അടിച്ചിപ്പുഴ കോളനി പൈപ്പ്ലൈൻ നീട്ടൽ, ഒളികല്ല് കോളനി സംരക്ഷണഭിത്തി നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടില്ല. മറ്റ് പദ്ധതികളെല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷത്തിൽ ആവണിപ്പാറ പട്ടികവർഗ്ഗ സങ്കേത വൈദ്യുതീകരണം, ഓൺലൈൻ സഹായി കേന്ദ്രം എന്നിവ നടപ്പിലാക്കി വരികയാണ്. മറ്റെല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ ജില്ലയിലെ എല്ലാ മണ്ഡലങ്ങളിലും കോർപ്പസ് ഫണ്ട് മാനദണ്ഡ പ്രകാരം ചെയ്യാവുന്ന എല്ലാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തികൾക്കും മുൻഗണനാക്രമത്തിൽ തുക അനുവദിക്കുന്നതാണ്. 2019-20 വർഷത്തിൽ 3,00,50,900 രൂപയുടെ 33 പുതിയ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 'അംബേദ്കർ കോളനി വികസന പദ്ധതി' പ്രകാരം പുതിയ കോളനികൾ തെരഞ്ഞെടുക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

## ഭൂമിയില്ലാത്ത ഗോത്രവർഗ്ഗ കുടുംബങ്ങൾ

47 (6120) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയില്ലാത്ത എത്ര ഗോത്രവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഭൂമിയില്ലാത്ത ഗോത്രവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; മുൻ സർക്കാരിന്റെ കാലത്ത് 2011-2016 കാലയളവിൽ എത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകിയത്; അറിയിക്കാമോ;

(സി) ബഹു.സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ വിതരണത്തിന് വിട്ടുകിട്ടിയ വനഭൂമിയിൽ വിതരണയോഗ്യമാണെന്ന് കണ്ടെത്തിയ ഭൂമി പൂർണ്ണമായും ഗോത്രവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2018-ൽ വകുപ്പിലെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്തെ ഭൂരഹിതരായ 10944 പട്ടികവർഗ്ഗക്കാരുള്ളതായി കണക്കാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഭൂരഹിതരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 3-3-2018-ലെ 21/2018/പ.ജ.പ.വ.വി.വ ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി കണ്ടെത്തിയതിൽ ആദ്യഘട്ട ഫീൽഡ് പരിശോധനയ്ക്കുശേഷം 747.42 ഏക്കർ ഭൂമി ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. ഒരിക്കൽക്കൂടി ഫീൽഡുതല പരിശോധനയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിലനിർണ്ണയവും നടത്തി ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ 87.43 ഏക്കർ ഭൂമിയുടെ വിലനിർണ്ണയം കഴിഞ്ഞിട്ടുണ്ട്. അതിൽ വയനാട് (19.18 ഏക്കർ), പാലക്കാട് (8 ഏക്കർ), മലപ്പുറം (5.27 ഏക്കർ) എന്നിവിടങ്ങളിലെ ഭൂമിയുടെ വിലനിർണ്ണയം സർക്കാർ അംഗീകരിച്ച് ഭൂമി വിതരണം അന്തിമഘട്ടത്തിലാണ്. വാസയോഗ്യമെന്ന് കണ്ടെത്തുന്ന മുഴുവൻ ഭൂമിയും വിലനിർണ്ണയം പൂർത്തീകരിച്ച് വാങ്ങി നൽകുന്ന നടപടി പുരോഗമിക്കുന്നു. 2011-2016 കാലയളവിൽ ഭൂമി നൽകിയ കുടുംബങ്ങളുടെ വിവരം ജില്ലാതല ഉദ്യോഗസ്ഥർ ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു*.

(സി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവുപ്രകാരം പുനരധിവസിപ്പിക്കുന്നതിനായി 7693.2257 ഹെക്ടർ വനഭൂമിയാണ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. അതിൽ ഇതിനകം (കാസർഗോഡ് - 75 ഏക്കർ, മലപ്പുറം-25 ഏക്കർ, വയനാട് - 5954.75 ഏക്കർ (സുഗന്ധഗിരി, പൂക്കോട് പ്രോജക്ട് ഭൂമി ഉൾപ്പെടെ), പാലക്കാട്- 2625.26 ഏക്കർ (പൊതുആവശ്യങ്ങൾക്ക് നൽകിയത് ഉൾപ്പെടെ) ആകെ 8680 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കാസർഗോഡ് 150 പേർക്കും മലപ്പുറത്ത് 34 പേർക്കും പാലക്കാട് ജില്ലയിൽ (1738 ഏക്കർ) 1625 പേർക്കും വയനാട് ജില്ലയിൽ (4298.54 ഏക്കർ) 1379 പേർക്കുമായി ആകെ 3301 പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ വനാവകാശ നിയമപ്രകാരവും ടി ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

അവശേഷിക്കുന്ന ഭൂമിയിൽ കാസർഗോഡ് 16.89 ഏക്കർ, കണ്ണൂർ 205 ഏക്കർ എന്നിവ വാസയോഗ്യമല്ല. മലപ്പുറം ജില്ലയിൽ 341.60 ഏക്കർ ഭൂമിയിൽ സംയുക്ത പരിശോധന പൂർത്തീകരിച്ചതിൽ 274.91 ഏക്കർ വാസയോഗ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി വനം വകുപ്പ് റവന്യൂ വകുപ്പിന് കൈമാറുന്ന നടപടി നടന്നുവരികയാണ്. ടി നടപടി പൂർത്തീകരിച്ച് ഭൂമി വിതരണം ചെയ്യുന്നതാണ്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ 211 പേർക്ക് 169.12 ഏക്കർ ഭൂമി സബ് ഡിവിഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മറ്റുള്ള പ്രദേശങ്ങളിൽ സംയുക്ത പരിശോധന നടന്നുവരികയാണ്. വയനാട് ജില്ലയിൽ 249 ഏക്കറിൽ സംയുക്ത പരിശോധന പൂർത്തീകരിച്ച് സർവ്വേ പ്രവർത്തനം നടന്നുവരുന്നു.

## ആദിവാസി സ്വാതന്ത്ര്യ സമരപോരാളികളുടെ സ്മരണക്കായി മ്യൂസിയം

48 (6121) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സ്വാതന്ത്ര്യ സമരപോരാളികളുടെ സ്മരണക്കായി മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത മ്യൂസിയം ആദിവാസി മേഖലയായ വയനാട്ടിൽ വേണമെന്ന് കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം രേഖാമൂലം ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;

(സി) ഈ നിർദ്ദേശം കിർത്താഡ്സ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; കിർത്താഡ്സ് നിലവിൽ മ്യൂസിയത്തിന് കണ്ടെത്തിയ സ്ഥലം എവിടെയാണ്; അറിയിക്കുമോ;

(ഡി) സ്ഥലം കണ്ടെത്തുന്നതിനുമുമ്പ് മ്യൂസിയത്തിനായി അനുവദിച്ച ഫണ്ടിൽ നിന്നും കിർത്താഡ്സ് പണം ചെലവഴിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് കിർത്താഡ്സിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇല്ല. 25-1-2017-ലെ D.O. No. 15025/2016/ NCSTR&M നമ്പർ കത്തിൽ കേന്ദ്രഗോത്ര മന്ത്രാലയ സെക്രട്ടറി ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൽ സ്വാതന്ത്ര്യസമര സേനാനികൾ ജീവിച്ചിരുന്നതും സ്വാതന്ത്ര്യസമര പോരാട്ടങ്ങൾ നടന്നതുമായ പ്രദേശങ്ങൾ മ്യൂസിയം നിർമ്മാണത്തിനായി തെരഞ്ഞെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ മ്യൂസിയം കോഴിക്കോട് നിർമ്മിക്കുന്നതിന് കേന്ദ്രമന്ത്രാലയം 14-3-2018-ൽ F.No. 11024/14/2017-PA നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. കിർത്താഡ്സിന്റെ വിശദീകരണം തേടിയശേഷം കിർത്താഡ്സ് നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾ ഗോത്രവർഗ്ഗക്കാരായതുകൊണ്ട് കിർത്താഡ്സ് മ്യൂസിയം സമുച്ചയ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് (സെറ്റിംഗ് അപ്പ് ഓഫ് മ്യൂസിയം/

മെമ്മോറിയൽസ് ഫോർ ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് ഇൻ ദി സ്റ്റേറ്റ് ഓഫ് കേരള എന്ന പദ്ധതിക്കായി) 2225-80-001-94 എന്ന ശീർഷകത്തിൽനിന്നും 13,90,627 രൂപ ചെലവഴിച്ച കിർത്താഡ്സ് ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ടും നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് ചെയ്യുന്നതിനുമുള്ള അനുമതി നൽകിക്കൊണ്ടും 30-10-2019-ലെ സ.ഉ. (സാധാ) നമ്പർ 1174/ 2019/ പ.ജ.പ.വ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഡെപ്യൂട്ടേഷൻ കാലയളവ് ക്രമീകരിക്കുന്നതിന് നടപടി

49 (6122) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി സെക്രട്ടറിയായി ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുകയും തുടർന്ന് 7-2-2017 മുതൽ ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറായി സേവനം അനുഷ്ഠിച്ചുവരുകയും ചെയ്യുന്ന ഇ.ആർ. സന്തോഷ് കുമാറിന്റെ ഡെപ്യൂട്ടേഷൻ കാലയളവ് ക്രമീകരിക്കുന്നതിനും ശമ്പള കുടിശ്ശിക അനുവദിച്ചുനൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശ്രീ. ഇ. ആർ. സന്തോഷ് കുമാറിന്റെ ഡെപ്യൂട്ടേഷൻ കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## പിറവം മണ്ഡലത്തിലെ പഠനമുറി പദ്ധതി

50 (6123) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പഠനമുറി പദ്ധതി പ്രകാരം പിറവം മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ആർക്കൊക്കെയാണ് പ്രസ്തുത ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ് 94 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി)

| | |
|---|---|
| പിറവം മുനിസിപ്പാലിറ്റി | 26 |
| രാമമംഗലം പഞ്ചായത്ത് | 20 |
| ഇലഞ്ഞി പഞ്ചായത്ത് | 9 |
| തിരുമാറാടി പഞ്ചായത്ത് | 20 |
| പമ്പാക്കുട പഞ്ചായത്ത് | 8 |
| കൂത്താട്ടുകുളം മുനിസിപ്പാലിറ്റി | 11 |
| ആകെ | 94 |

ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

## കൊല്ലം ജില്ലയിൽ അംബേദ്കർ ഗ്രാമം പദ്ധതി

51 (6124) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്രവികസനം സാധ്യമാക്കാനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളിൽ കൊല്ലം ജില്ലയിലെ എത്ര കോളനികൾ നിർമ്മിതി കേന്ദ്രയെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്; അവയുടെ ലിസ്റ്റ് നൽകുമോ;

(ബി) അതിൽ എത്ര കോളനികളുടെ പണി ആരംഭിച്ചിട്ടുണ്ട്; പണി തുടങ്ങാനുള്ളത് എത്ര എണ്ണം; ഇവയുടെ വിശദാംശം അടങ്ങിയ ലിസ്റ്റ് നൽകുമോ;

(സി) പണി ആരംഭിച്ച കോളനികളിൽ എത്ര ശതമാനം പണി പൂർത്തിയാക്കിയെന്നും ഓരോ കോളനിയിലും നിർമ്മാണം ആരംഭിച്ച തീയതിയും അറിയിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ 11 കോളനികളിലെ നിർമ്മാണപ്രവൃത്തികൾ കൊല്ലം ജില്ലാ നിർമ്മിതി കേന്ദ്രവും 6 കോളനികളിലെ നിർമ്മാണപ്രവൃത്തികൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവുമാണ് നിർവ്വഹിക്കുന്നത്. ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ജില്ലാ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുള്ള 11 കോളനികളിൽ 9 കോളനികളിൽ നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. സംസ്ഥാന നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുള്ള 6 കോളനികളിൽ 2 കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 4 കോളനികളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| നിർവ്വഹണ ഏജൻസി | കോളനി | നിർമ്മാണ പുരോഗതി |
|---|---|---|
| ജില്ലാ നിർമ്മിതി കേന്ദ്രം | ഇടക്കുന്നം തിക്കാനിക്കൽ കോളനി | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| | ഇടയ്ക്കാട്ടുതറ കോളനി | |
| | ശാസ്താംപൊയ്ക കോളനി | |
| | പുല്ലാംകുഴി കോളനി | |
| | മന്ദിരംകുന്ന് കോളനി | |
| | വറട്ടുച്ചിറ കോളനി | |
| | ആൽത്തറമൂഗൾ കോളനി | |
| | മുഴത്താങ്ങ് കോളനി | |
| | അമ്പൂരി പുള്ളിപച്ച കോളനി | |
| | പാണയം IHDD കോളനി | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | നീലമ്മാൾ കോളനി | |
| സംസ്ഥാന നിർമ്മിതി കേന്ദ്രം | പിണറ്റിൻമൂട് കൊതുമ്പിൽ തെക്കേക്കര കോളനി | നിർമ്മാണം പൂർത്തീകരിച്ചു |
| | താമരക്കുഴി ഇരവിക്കോട് | |
| | വാറൂൽ പുറ്റമൺകര സെറ്റിൽമെന്റ് കോളനി | നിർമ്മാണ പ്രവൃത്തി ആരംഭിച്ചു |
| | വാരിക്കോലിൽ കോളനി | |
| | അംബേദ്കർ കോളനി | |
| | അമ്പുവിള കോളനി | |

(സി) വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോന്നി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

52 (6125) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ ഏതെല്ലാം പദ്ധതികളാണ് കോന്നി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന കോന്നി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഭവന നിർമ്മാണം (സ്പിൽ ഓവർ)
2. പഠനമുറി
3. ദുർബ്ബലവിഭാഗ പുനരധിവാസം
4. വീട് പുനരുദ്ധാരണം
5. വിവാഹധനസഹായം
6. മിശ്രവിവാഹ ധനസഹായം
7. ചികിത്സാധനസഹായം
8. വാത്സല്യനിധി
9. സ്വയംതൊഴിൽ പദ്ധതി
10. പ്രത്യേക പ്രോത്സാഹന സമ്മാനം
11. ഭൂരഹിത ഭവനരഹിത പുനരധിവാസം
12. അയ്യൻകാളി സ്കോളർഷിപ്പ്
13. ഏകവരുമാനദായകന്റെ മരണം ധനസഹായം
14. കോർപ്പസ് ഫണ്ട് പദ്ധതി
15. അംബേദ്കർ സ്വാശ്രയഗ്രാമം (2016-17, 2019-20)
16. സ്വയംപര്യാപ്തഗ്രാമം (2013-14)

പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ

വിഭാഗത്തിന്റെ ഉന്നമനത്തിനായി നൊമാഡിക് ജീവിതശൈലി പിന്തുടരുന്ന മലമ്പണ്ടാര കുടുംബങ്ങൾക്ക് ഭക്ഷ്യസഹായ പദ്ധതി, താൽക്കാലിക ഷെഡ് നിർമ്മാണത്തിനുള്ള വാട്ടർ പ്രൂഫ് സിൽപ്പോളിൻ പ്രീമിയം ഷീറ്റുകൾ വിതരണം, ഭവനനിർമ്മാണം, വനാവകാശ നിയമപ്രകാരമുള്ള കൈവശ രേഖകൾ ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് കൈവശരേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. കൂടാതെ ഭവന പുനരുദ്ധാരണം, ആവണിപ്പാറ കോളനി വൈദ്യുതീകരണം എന്നിവയും നടപ്പിലാക്കുന്നു. പട്ടികവർഗ്ഗ സങ്കേതം സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി കൈതക്കാര പട്ടികവർഗ്ഗ സങ്കേതത്തിൽ ഒരു കോടി രൂപയുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അംബേദ്കർ വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതികൾ | ആകെ എണ്ണം |
|---|---|---|
| 1 | ഭവനനിർമ്മാണം | 129 |
| 2 | പഠനമുറി | 155 |
| 3 | ദുർബല വിഭാഗ പുനരധിവാസം | 1 |
| 4 | വീട് പുനരുദ്ധാരണം | 92 |
| 5 | വിവാഹ ധനസഹായം | 279 |
| 6 | മിശ്രവിവാഹ ധനസഹായം | 39 |
| 7 | ചികിത്സാധനസഹായം | 591 |
| 8 | വാത്സല്യനിധി | 28 |
| 9 | സ്വയംതൊഴിൽ പദ്ധതി | 5 |
| 10 | പ്രത്യേക പ്രോത്സാഹന സമ്മാനം | 363 |
| 11 | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി | 148 |
| 12 | അയ്യങ്കാളി സ്കോളർഷിപ്പ് | 8 |
| 13 | ഏകവരുമാനദായകന്റെ മരണം ധനസഹായം | 1 |

കോന്നി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം റോഡ് കോൺക്രീറ്റിംഗ്, കുടിവെള്ള വിതരണം, സംരക്ഷണഭിത്തി നിർമ്മാണം,

റോഡ് നിർമ്മാണം എന്നീ ഇനങ്ങളിലായി 18 പ്രവൃത്തികൾക്കായി 1,62,76,000 രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികൾ പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

സ്വയംപര്യാപ്തഗ്രാമ പദ്ധതി (2013-14) പ്രകാരം കോന്നി നിയോജകമണ്ഡലത്തിലെ വാഴമുട്ടം, പട്ടികജാതി കോളനി (വള്ളിക്കോട്), കട്ടച്ചിറ കോളനി (ചിറ്റാർ ഗ്രാമപഞ്ചായത്ത്) എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കോന്നി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസനം 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന നാല് കോളനികൾ തെരഞ്ഞെടുത്ത് ഓരോ കോടി രൂപ വീതം ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. തലയറ കോളനി -പണി പൂർത്തീകരിച്ചു
2. കണ്ണൻമല പയ്യനാമൺ -90% പണി പൂർത്തീകരിച്ചിട്ടുണ്ട്.
3. മണിയൻപാറ കോളനി-പ്രാരംഭ നടപടികൾ ആരംഭിച്ചു.
4. പൂവള്ളി മുരുപ്പേൽ കോളനി-പ്രാരംഭ നടപടികൾ ആരംഭിച്ചു.

അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി (2019-20) പ്രകാരം മുല്ലനൂ എച്ച്.എസ്.എസ്. വട്ടവിള കോളനി വികസന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് വികസന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. ഒരു കോടിയുടെ വികസന പദ്ധതിക്ക് 20% തുക മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. സിൽപ്പോളിൻ ഷീറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

**ആറന്മുള മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

53 (6126) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി പ്രകാരം സംസ്ഥാനത്ത് മൊത്തം എത്ര കോളനികൾ ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം ആറന്മുള മണ്ഡലത്തിലെ എഴിക്കാട്, പറയനാലി, പന്നിവേലിച്ചിറ കോളനികളുടെ നിർമ്മാണപുരോഗതി ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ചെറുപ്പക്കാർക്ക് ഏതെങ്കിലും തൊഴിൽ/ഇതര പ്രവർത്തനങ്ങൾക്ക് വകുപ്പ് മുൻകയ്യെടുക്കുന്നുണ്ടോ; ഇതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇവരെ മുഖ്യധാരയിലേയ്ക്ക് നയിക്കാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ)

| വർഷം | തെരഞ്ഞെടുത്ത കോളനികളുടെ എണ്ണം |
|---|---|
| 2016-17 | 255 |
| 2018-19 | 90 (പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണം) |
| 2019-20 | 73 (ഒക്ടോബർ വരെ) |

(ബി) ഏഴിക്കാട് കോളനി - റീഡിംഗ് റൂമിന്റെ ഒന്നാം നില പ്ലാസ്റ്ററിംഗ്, ഗാലറി നിർമ്മാണം, ഓപ്പൺ സ്റ്റേജ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. വോളിബോൾ & ബാഡ്മിന്റൺ കോർട്ട് 90% പൂർത്തിയായി. കമ്മ്യൂണിറ്റി ഹാളിന്റെ വികസനം പുരോഗമിക്കുന്നു.

പറയനാലി കോളനി-സംരക്ഷണ ഭിത്തി നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നിവ പൂർത്തീകരിച്ചു. കമ്മ്യൂണിറ്റി ഹാളിന്റെ പുനരുദ്ധാരണം, വാട്ടർ ടാങ്കിന്റെ പുനരുദ്ധാരണം, ഡിജിറ്റൽ ലൈബ്രറി എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

പന്നിവേലിച്ചിറ കോളനി - ഭവന പുനരുദ്ധാരണം 39 വീടുകൾ പൂർത്തീകരിച്ചു.

(സി) അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽമേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി വിഭാഗം യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും ആരംഭിക്കുന്നതിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് മൂന്ന് ലക്ഷം വരെയുള്ള വായ്പകൾക്ക് വായ്പത്തുകയുടെ 1/3 സബ്സിഡി നൽകുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്കിൽ ട്രെയിനിംഗ് നൽകി ജോലി ഉറപ്പുവരുത്തുന്നതിലേയ്ക്കായി 2016-17 മുതൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/സ്വകാര്യ

ഏജൻസികൾ മുഖേന വിവിധ സ്കിൽ കോഴ്സുകൾ നടത്തി വിദേശത്തും സംസ്ഥാനത്തും ജോലി ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികളും വകുപ്പ് വഴി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സ്വയംതൊഴിൽ പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന കോർപ്പറേഷനും പ്രതിവർഷം ഒമ്പതിനായിരത്തോളം പേർക്ക് വായ്പയും ലഭ്യമാക്കുന്നു.

## അങ്കമാലി മണ്ഡലത്തിലെ അംബേദ്കർ കോളനി നവീകരണ പദ്ധതി

54 (6127) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനി നവീകരണ പദ്ധതി പൂർത്തിയാക്കാൻ ഇനി എത്ര മാസം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതി ആരംഭിച്ചിട്ട് എത്ര മാസമായെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള കാലതാമസം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) നിയോജകമണ്ഡലത്തിലെ വേങ്ങൂർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ ഒരു മാസത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്. മലയാറ്റൂർ വെസ്റ്റ് കോളനിയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

(ബി) പ്രവൃത്തികൾ 27-8-2019-ന് ആരംഭിച്ചിട്ടുണ്ട്.

(സി) നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം

55 (6128) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്രപേർക്ക് ധനസഹായം

അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂപയുടെ ധനസഹായം നൽകിയെന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായ പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ 5458 പേർക്കായി ആകെ 33,06,80,000 (മുപ്പത്തിമൂന്ന് കോടി ആറ് ലക്ഷത്തി എൺപതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെചേർക്കുന്നു:

| ക്രമ നമ്പർ | നിയോജകമണ്ഡലം | എണ്ണം | തുക |
|---|---|---|---|
| 1 | മലമ്പുഴ | 800 | 4,63,25,000 |
| 2 | ചിറ്റൂർ | 591 | 3,86,75,000 |
| 3 | തരൂർ | 362 | 2,23,50,000 |
| 4 | ആലത്തൂർ | 344 | 2,19,95,000 |
| 5 | പാലക്കാട് | 359 | 2,29,25,000 |
| 6 | മണ്ണാർക്കാട് | 405 | 2,58,75,000 |
| 7 | കോങ്ങാട് | 442 | 2,57,00,000 |
| 8 | ഒറ്റപ്പാലം | 449 | 2,75,75,000 |
| 9 | പട്ടാമ്പി | 339 | 1,80,75,000 |
| 10 | തൃത്താല | 246 | 1,19,25,000 |
| 11 | ഷൊർണ്ണൂർ | 426 | 2,54,50,000 |
| 12 | നെന്മാറ | 695 | 4,38,10,000 |
| | ആകെ | 5458 | 33,06,80,000 |

**ആലത്തൂർ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതികൾ**

56 (6129) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; 2016 മുതലുള്ള പദ്ധതികളുടെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അതിന്റെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിലെ പദ്ധതി വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമ നമ്പർ | കോളനി | വർഷം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കുട്ടാല കറവപ്പുറ | 2016-17 | ഏജൻസി ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ ന്യൂനതകള ഉള്ളതിനാൽ അംഗീകരിച്ചിട്ടില്ല. |
| 2 | പറക്കുന്നം കോളനി | 2016-17 | എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| 3 | നെടുങ്ങരൻ കാട് | 2016-17 | റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണ ഭിത്തി, ഭവന പുനരുദ്ധാരണം (26) പൂർത്തീകരിച്ചു. |
| 4 | പനമ്പഴക്കാട് | 2016-17 | സ്കൂൾ ചുറ്റുമതിൽ, ഭവന പുനരുദ്ധാരണം (15) പൂർത്തീകരിച്ചു. റോഡ് നിർമ്മാണം പുരോഗമിക്കുന്നു. |

(ബി) എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള മലയ്ക്കാട്ടുകുന്ന് കോളനിയെ പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണച്ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

**ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി**

57 (6130) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലെ ജീവിതനിലവാരം ഉയർത്തുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് എന്നറിയിക്കാമോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലാണ് അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും നേരത്തെ തെരഞ്ഞെടുത്ത കോളനികളിൽ പദ്ധതിയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) പട്ടികജാതി കോളനികളിലെ ജീവിതനിലവാരം ഉയർത്തുന്നതിനായി 2016-17 സാമ്പത്തികവർഷം മുതൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി കോളനികളിൽ ഫീസിബിലിറ്റി ഉറപ്പാക്കി താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

1. കുടിവെള്ള വിതരണം - പട്ടികജാതി വിഭാഗക്കാർക്ക് വ്യക്തിഗത കണക്ഷൻ
2. ഗതാഗത സൗകര്യ വികസനം - കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണഭിത്തി, കലുങ്ക് നിർമ്മാണം.
3. വൈദ്യുതി വിതരണം -പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനികൾക്കുള്ളിലെ വഴി വിളക്കുകൾ
4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് വിദ്യാഭ്യാസം/സാംസ്കാരികം/കായികം തുടങ്ങിയവയുൾപ്പെടുന്ന DIET തയ്യാറാക്കുന്ന പ്രോജക്ടുകൾ
5. നിലവിൽ പട്ടികജാതിക്ഷേമത്തിനായി വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നു.

പട്ടികവർഗ്ഗ കോളനികളിലെ ജീവിതനിലവാരം ഉയർത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സാമൂഹിക പഠനമുറി
2. ഗോത്രബന്ധു
3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

   എ) കോളനികളുടെ സമഗ്രവികസനം

   ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

   സി) പി.കെ കാളൻ കുടുംബപദ്ധതി
4. ഗോത്രവാത്സല്യ നിധി
5. വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം

6. സമ്പൂർണ്ണ വൈദ്യുതീകരണം

7. കിഫ്ബി മുഖേന നടപ്പാക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ

8. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ

9. ഗോത്രജീവിക

10. സമഗ്ര-ആദിവാസി സാക്ഷരത പരിപാടി

11. ഗോത്രരശ്മി-സാമൂഹിക ശാക്തീകരണ പരിപാടി

12. മില്ലറ്റ് വില്ലേജ്-അട്ടപ്പാടി

13. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

14. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിര വികസന പദ്ധതി

15. മിൽമ മുഖേന നടപ്പിലാക്കിവരുന്ന ജീവനോപാധി പദ്ധതികൾ

16. കരിയർഗൈഡൻസ് ജോബ് ഫെയർ

17. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്

18. ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് നടപടികൾ

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ 2019-20 അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം ചാലക്കുടി നിയോജകമണ്ഡലത്തിൽ നിന്നും കുറ്റിച്ചിറ വെസ്റ്റ് കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

2016-17 അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

I. <u>പുലിപ്പാറക്കുന്ന് കോളനി</u>

1. പൊതുകിണറുകളുടെ നവീകരണം - പൂർത്തീകരിച്ചു.
2. കമ്മ്യൂണിറ്റി ഹാളിനുവേണ്ടിയുള്ള കുഴൽക്കിണർ നിർമ്മാണം, 5,000 ലിറ്റർ ഓവർ ഹെഡ് ടാങ്ക് നിർമ്മാണം - 50% പൂർത്തീകരിച്ചു.
3. ഭവന പുനരുദ്ധാരണം - പൂർത്തീകരിച്ചു.
4. പട്ടികജാതി വിഭാഗം വീടുകളിലേയ്ക്ക് പി.വി.സി. വാട്ടർ ടാങ്കും വാട്ടർ

കണക്ഷനം നൽകുന്നതിന് മുഴുവൻ പട്ടികജാതി വിഭാഗം വീടുകളിലേയ്ക്കും 500 ലി. പി.വി.സി. വാട്ടർ ടാങ്ക് നൽകി. വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

5. വനിതാ വ്യവസായ വിപണന കേന്ദ്രത്തിന്റെ നിർമ്മാണം - 40% പൂർത്തീകരിച്ചു.
6. കോൺക്രീറ്റ് റോഡ് നിർമ്മാണം - പൂർത്തീകരിച്ചു.

II. <u>കുറ്റിച്ചിറ (അംബേദ്കർ വെസ്റ്റ്)</u>

1. ഭവന പുനരുദ്ധാരണം - പൂർത്തീകരിച്ചു.
2. കാനാ നിർമ്മാണം - 95% പൂർത്തീകരിച്ചു.
3. കോൺക്രീറ്റ് റോഡ് - 75% പൂർത്തീകരിച്ചു.
4. പി.വി.സി. ടാങ്കുകളുടെ വിതരണം - 118, പിവിസി വാട്ടർ ടാങ്കുകൾ (500 ലി.) വിതരണം ചെയ്തു. ആയതിന്റെ പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിച്ചു.
5. പൊതു കിണറിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

III. കാലിക്കൽ കുന്ന് കോളനി, കാഞ്ഞിരപ്പിള്ളി കോളനി എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം ചുവടെ പറയുന്ന കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

1. രണ്ടുകൈ
2. മാരംകോട്
3. പെരിങ്ങൽക്കുത്ത്
4. ആനക്കയം

ഇതിൽ പ്രളയവും ഉരുൾപ്പൊട്ടലും കാരണം ആനക്കയം കോളനി നിവാസികൾ ഒഴിഞ്ഞ് പോയതിനാൽ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. ശേഷിക്കുന്ന കോളനികളുടെ പുരോഗതി വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വികസന പദ്ധതികൾ

58 (6131) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലാണ് അംബേദ്കർ പദ്ധതിയടക്കം വികസനപദ്ധതികൾ നടപ്പിലാക്കിയെന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഓരോ കോളനിയിലെയും പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) വാതിൽമട ഭ്രദാൻ കോളനിയിൽ നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇരിക്കൂർ മണ്ഡലത്തിൽ നിന്നും നിർദ്ദേശിച്ചിരുന്ന മുണ്ടാന്നൂർ കോളനി അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കാൻ അനുയോജ്യമല്ല. പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഇപ്രകാരമാണ്.

1. പുളിയിലംകുണ്ട് പട്ടികജാതി സങ്കേതം - നിർമ്മാണം പൂർത്തീകരിച്ചു.
2. ശ്രീകണ്ഠാപുരം പ്രീ മെട്രിക് ഹോസ്റ്റലിലേയ്ക്ക് ത്രീ-ഫേസ് ലൈൻ കണക്ഷൻ - പൂർത്തീകരിച്ചു.
3. ശ്രീകണ്ഠാപുരം പ്രീ-മെട്രിക് ഹോസ്റ്റലിലേയ്ക്ക് കുടിവെള്ളം - പൂർത്തീകരിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹാംലറ്റ് വികസന പദ്ധതിയിൽ വാതിൽമട കോളനി, കോട്ടയം തട്ട് എന്നീ കോളനികളിലും അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതിയിൽ കപ്പണ, പാറേമൊട്ട, തലത്തണ്ണി, വള്ള്യാട് വളപ്പ്, കോക്കാട് കോളനികൾ, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം കരയത്തുംചാൽ, ചെമ്പുവച്ചമൊട്ട, പെരുവട്ടം, തോപ്പിലായി, മാവുംതട്ട് എന്നീ പട്ടികവർഗ്ഗ കോളനികളിലും വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു*.

(സി) നിർവ്വഹണ ഏജൻസിയായ FIT പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഏജൻസിയുടെ റിസ്ക് ആൻഡ് കോസ്റ്റിൽ പദ്ധതി അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി**

59 (6132) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം കോളനികളിലാണ് വികസനം നടപ്പിലാക്കുന്നതെന്നും ഓരോ കോളനിയുടെയും പദ്ധതി നിർവ്വഹണ ചുമതല ഏത് ഏജൻസിക്കെന്നും വിശദമാക്കുമോ;

(ബി) പൂർത്തീകരിക്കാനുള്ള പദ്ധതികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) ഈ കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ വള്ളിക്കുന്ന് ഐ.കെ.എസ്. കോളനിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ)

| തെരഞ്ഞെടുക്കപ്പെട്ട കോളനികൾ | | നിർവ്വഹണ ഏജൻസി |
|---|---|---|
| 1 | ആയിക്കമെത്തുവിള | KAICO |
| 2 | ഐ.കെ.എസ് .കോളനി | |

(ബി) എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടിവന്നതിനാലാണ് കാലതാമസമുണ്ടായത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും കൃത്യമായ ഇടവേളകളിൽ ജില്ലാ-സംസ്ഥാന തലത്തിൽ അവലോകന യോഗം ചേർന്ന് പുരോഗതികൾ വിലയിരുത്തുന്നുമുണ്ട്.

(ഡി) എസ്റ്റിമേറ്റ് ലഭ്യമാകുന്നതനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ**

60 (6133) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) പദ്ധതികളുടെ പേര്, ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക, ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ എത്ര ശതമാനം വീതം ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ ഇനി പൂർത്തീകരിക്കാനുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതികളുടെ പൂർത്തീകരണത്തോടെ കൈവരിക്കാൻ കഴിയുമെന്ന് കരുതുന്ന പ്രധാന നേട്ടങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം ഭരണാനുമതി ലഭിച്ചെങ്കിലും ഇനിയും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ മണ്ഡലത്തിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാനാകും; വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം സമഗ്രവികസന പദ്ധതി 2016-17 ൽ ഉൾപ്പെടുത്തി 4 എസ്.സി. കോളനികളും, 2019-20-ൽ ഉൾപ്പെടുത്തി ഒരു കോളനിയും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) അംബേദ്കർ ഗ്രാമം പദ്ധതി 2016-17-ൽ ഉൾപ്പെട്ട 4 കോളനി വികസന പദ്ധതികൾക്കായി 50 ലക്ഷം രൂപ വീതം നിർവ്വഹണ ഏജൻസിക്ക് (ജില്ലാ നിർമ്മിതി കേന്ദ്രം, കോഴിക്കോട്) അനുവദിച്ചിട്ടുണ്ട്. 2019-20-ലെ ഒരു കോളനി വികസന പദ്ധതിക്ക് 10 ലക്ഷം രൂപ ഏജൻസിക്ക് (ജില്ലാ നിർമ്മിതി കേന്ദ്രം, കോഴിക്കോട്) അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) വെള്ളൂക്കര കോളനിയിലെ അവശേഷിക്കുന്ന പ്രവൃത്തികൾ 2019 നവംബർ 30-നകവും മീനത്തുകര കോളനിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ 2019 ഡിസംബർ 30-നകവും പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. പാലയാട് കോളനി മണിയൂർ, തുരുത്തി കോളനി, തിരുവള്ളൂർ, എടുത്തുംകര, ഐ.എച്ച്.ഡി.പി. കോളനി, മണിയൂർ എന്നീ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ഇ) പദ്ധതി പൂർത്തീകരണത്തിലൂടെ പട്ടികജാതി ജനവിഭാഗങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം, പാർപ്പിടം, ജീവനോപാധി, വിദ്യാഭ്യാസ നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതാണ്.

(എഫ്) പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ മണ്ഡലത്തിലുണ്ട്. പാലയാട്, തുരുത്തി, എടുത്തുംകര ഐ.എച്ച്.ഡി.പി. കോളനികളിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

**കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

61 (6134) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും അനുവദിക്കപ്പെട്ട തുക എത്രയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2019-20 സാമ്പത്തികവർഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഷൊർണ്ണൂർ മണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | പദ്ധതിയുടെ പേര് | പഞ്ചായത്ത് | പ്രോഗ്രസ് | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | 2019-20 | ചെമ്മംകുന്ന് എസ്.സി. കോളനി കുടിവെള്ള പദ്ധതി | ഷൊർണ്ണൂർ നഗരസഭ | ജില്ലാസമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട് | 5 ലക്ഷം രൂപ |
| 2 | 2019-20 | കിഴക്കേക്കര എസ്.സി. കോളനി റോഡ് പുനരുദ്ധാരണം | ഷൊർണ്ണൂർ നഗരസഭ | ജില്ലാസമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട് | 20 ലക്ഷം രൂപ |

## കാസർഗോഡ് മണ്ഡലത്തിലെ പട്ടികവിഭാഗ കോളനികളിൽ നടപ്പിലാക്കിയ പദ്ധതികൾ

62 (6135) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കാസർഗോട് അസംബ്ലി നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും തുക മുഴുവൻ ചെലവഴിച്ച് കഴിഞ്ഞോ എന്നും വ്യക്തമാക്കാമോ;

(സി) എന്തൊക്കെ പ്രവൃത്തികളാണ് ഓരോ കോളനിയുടെയും എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നതെന്നും എസ്റ്റിമേറ്റിൽ പറഞ്ഞ പ്രവൃത്തികൾ മുഴുവൻ ചെയ്തു തീർന്നോ എന്നും വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ കാലവിളംബത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്തത് എപ്പോഴാണെന്നും കരാറുകാർ ആരൊക്കെയാണെന്നും കരാർ ഉടമ്പടിയിൽ ഒപ്പുവച്ചത് എപ്പോഴാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ്

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

i. ഗാന്ധിഗ്രാമം പദ്ധതി 2013- ഗോളിയടുക്ക പട്ടികജാതി കോളനി

ii. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി 2012-13- അമെയ് കോളനി

iii. അംബേദ്കർ ഗ്രാമം പദ്ധതി 2016-17

1. കല്ലക്കട്ട കോളനി
2. ബാറടുക്ക കോളനി

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2014-15 വർഷം കാസർഗോഡ് നിയോജകമണ്ഡലത്തിൽ കാറഡുക്ക പഞ്ചായത്തിലെ മായിലാംകോട്ട എസ്.ടി. കോളനിയിൽ ഹാംലറ്റ് വികസന പദ്ധതിയിലുൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 2017-18 വർഷം പിലിക്കുട്ലു കോളനിയിൽ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ജലസേചന പദ്ധതി, റോഡ് നിർമ്മാണം, ടോയ്‌ലെറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതി എന്നീ പദ്ധതികളാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്.

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

1. ഗോളിയടുക്ക പട്ടികജാതി കോളനി
   അനുവദിച്ച തുക - 1,00,00,000
   ചെലവഴിച്ച തുക - 63,11,930

2. അമെയ് കോളനി
   അനുവദിച്ച തുക - 60,48, 636
   ചെലവഴിച്ച തുക - 60,48,636

3. കല്ലക്കട്ട കോളനി
   അനുവദിച്ച തുക - 50,00,000
   ചെലവഴിച്ച തുക - 50,00,000 (അഡ്വാൻസ് തുക)

4. ബാറടുക്ക കോളനി
   അനുവദിച്ച തുക - 50,00,000
   ചെലവഴിച്ച തുക - 50,00,000 (അഡ്വാൻസ് തുക)

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ഓരോ പദ്ധതിക്കും അനുവദിച്ചതും, ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോളനി | പദ്ധതികൾ | അനുവദിച്ച തുക | ചെലവഴിച്ച തുക | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| മായിലാംകോട്ട കോളനി, കാറഡുക്ക പഞ്ചായത്ത് | ഭവന നിർമ്മാണം | 15,00,000 | 12,50,000 | നിർമ്മിതി കേന്ദ്ര കാസർഗോഡ് | പണി പൂർത്തിയായ. ബാക്കി തുക തിരിച്ചടച്ചു. |
| | ഭവന പുനരുദ്ധാരണം | 4,00,000 | 0 | | പ്രവൃത്തി ഉപേക്ഷിച്ചു. |
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 47,50,000 | 0 | | സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായില്ല. തുക തിരിച്ചടച്ചു. |

ടി പ്രവൃത്തികളിൽ ഭവന നിർമ്മാണം മാത്രമാണ് പൂർത്തിയാക്കിയത്. ശേഷിക്കുന്ന 2 പ്രവൃത്തികൾ ഉപേക്ഷിച്ചു.

ഈ സർക്കാരിന്റെ കാലത്ത് 2017-18 വർഷം ചെങ്കള പഞ്ചായത്തിലെ പീലിക്കുട്‌ലു കോളനിയിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. :

| കോളനി | പദ്ധതികൾ | അനുവദിച്ച തുക | ചെലവഴിച്ച തുക | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| പീലിക്കുട്‌ലു | ഭവന നിർമ്മാണം | 20,00,000 | 16,42,387 | നിർമ്മിതി കേന്ദ്ര കാസർഗോഡ് | |
| | ഭവന പുനരുദ്ധാരണം | | | | |
| | റോഡ് നിർമ്മാണം | | | | |
| | ജലസേചന പദ്ധതി | | | | |
| | ടോയ്‌ലെറ്റ് നിർമ്മാണം | | | | |
| | കുടിവെള്ള പദ്ധതി | | | | |

(സി) പട്ടികജാതി വകുപ്പ്

I ഗോളിയടുക്ക പട്ടികജാതി കോളനി

| എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ച പ്രവൃത്തി | റിമാർക്സ് |
|---|---|
| റോഡ് നിർമ്മാണം | പൂർത്തീകരിച്ചു. |
| കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു. |
| രണ്ട് സ്ഥലത്ത് കൾവർട്ടും ഡ്രൈയിനേജും | പൂർത്തീകരിച്ചു. |
| ഓപ്പൺ ഓഡിറ്റോറിയം സ്റ്റേജ് | ആരംഭിച്ചിട്ടില്ല. |
| മൂന്ന് അമ്പലങ്ങൾ നിർമ്മിക്കൽ | ആരംഭിച്ചിട്ടില്ല. |

II അമെയ് കോളനി

| എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ച പ്രവൃത്തി | റിമാർക്സ് |
|---|---|
| 43 വീടുകളുടെ പുനരുദ്ധാരണം | പൂർത്തീകരിച്ചു. |
| കോൺക്രീറ്റ് സ്ലാബ് | പൂർത്തീകരിച്ചു. |
| റോഡ് ടാറിംഗ് | പൂർത്തീകരിച്ചു |
| ഡ്രൈയിനേജ് | ഭാഗികമായി പൂർത്തീകരിച്ചു |
| കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | പൂർത്തീകരിച്ചു |
| കൃഷ്ണമഠത്തിന്റെ ചുറ്റുമതിൽ | ഭാഗികമായി പൂർത്തീകരിച്ചു |

III അംബേദ്കർ ഗ്രാമം പദ്ധതി (2016-17)

1. കല്ലക്കട്ട കോളനി

| എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ച പ്രവൃത്തി | | റിമാർക്സ് |
|---|---|---|
| (1) | (2) | (3) |
| 1 | ജലസംഭരണി, പമ്പ് സെറ്റ് കുടിവെള്ള സംവിധാനം | ആരംഭിച്ചിട്ടില്ല |
| 2 | ഓഡിറ്റോറിയം നിർമ്മാണം | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 3 | നടപ്പാലവും കൾവർട്ടും | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 4 | കമ്മ്യൂണിറ്റി ഹാളിന്റെ നവീകരണം | പൂർത്തീകരിച്ചു |
| 5 | നിലവിലുള്ള റോഡിന്റെ അറ്റകുറ്റപ്പണി | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 6 | കിണറുകളുടെ ചുറ്റുമതിൽ | പൂർത്തീകരിച്ചു |

| (1) | (2) | (3) |
|---|---|---|
| 7 | ബംബർമൂല റോഡ് നിർമ്മാണം | പൂർത്തീകരിച്ചു |
| 8 | മണിച്ചന്റെ വീട് മുതൽ ഓവ് ചാൽ നിർമ്മാണം | പൂർത്തീകരിച്ചു |
| 9 | ബംബർ കുടിവെള്ള നിർമ്മാണം | പമ്പ് ഹൗസിന്റെ പ്ലാസ്റ്ററിംഗ് പൂർത്തീകരിച്ചു. |
| 10 | പൈപ്പ് കമ്പോസ്റ്റ് നിർമ്മാണം | പൂർത്തീകരിച്ചു |
| 11 | കിണർ, കുഴൽക്കിണർ റിപ്പയറിംഗ് | കിണർ റിപ്പയറിംഗ് പൂർത്തീകരിച്ചു. ബോർവെൽ റിപ്പയറിംഗ് ആരംഭിച്ചിട്ടില്ല |
| 12 | അടുപ്പുകളുടെ നവീകരണം | ക്വട്ടേഷൻ സ്വീകരിച്ചു. |

2. ബാറടുക്ക കോളനി

| എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ച പ്രവൃത്തി | റിമാർക്സ് |
|---|---|
| 57 വീടുകളുടെ പുനർ നിർമ്മാണം | പൂർത്തീകരിച്ചത് -40<br>പ്രവൃത്തികൾ നടന്നുവരുന്നത് - 9<br>പ്രവൃത്തികൾ ആരംഭിക്കാത്തവ - 8 |
| കയ്യാല കെട്ടി സംരക്ഷിക്കൽ | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| കമ്മ്യൂണിറ്റി ഹാൾ നവീകരണം | |
| കുഴൽക്കിണർ പമ്പ് സെറ്റ് സ്ഥാപിക്കൽ | |

പട്ടികവർഗ്ഗ വികസന വകുപ്പ്

| കോളനി | എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന പദ്ധതികൾ | റിമാർക്സ് |
|---|---|---|
| (1) | (2) | (3) |
| മായിലാംകോട്ട | 1. ഭവന നിർമ്മാണം | പൂർത്തിയായി |
| | 2.ഭവന പുനരുദ്ധാരണം | പ്രവൃത്തി ഉപേക്ഷിച്ചു. |
| | 3. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തി ഉപേക്ഷിച്ചു. |
| പീലിക്കുട്ല് | 1. ഭവന നിർമ്മാണം | 6 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു |

| (1) | (2) | (3) |
|---|---|---|
| | 2.ഭവന പുനരുദ്ധാരണം | 9 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയായി |
| | 3. റോഡ് നിർമ്മാണം | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | 4. കുടിവെള്ള പദ്ധതി | |
| | 5. ജലസേചന പദ്ധതി | |
| | 6. ടോയ്ലെറ്റ് നിർമ്മാണം | ആരംഭിച്ചു. |

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മായിലാംകോട്ട കോളനിയിലെ അനുവദിച്ച പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിലുള്ള മുഴുവൻ പ്രവൃത്തികളും നടപ്പിലാക്കിയിട്ടില്ല. ഭവന നിർമ്മാണം ഒഴികെയുള്ള 2 പ്രവൃത്തികൾ ഉപേക്ഷിച്ചു.

(ഡി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഗാന്ധിഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഗോളിയടുക്ക കോളനിയിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള ചില പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ഇ) പട്ടികജാതി വികസന വകുപ്പ്

1. ഗോളിയടുക്ക പട്ടികജാതി കോളനി

നിർവ്വഹണ ഏജൻസി - സിഡ്കോ

കരാർ ഒപ്പുവച്ചത് - 16-3-2015

2. അമെയ് കോളനി

നിർവ്വഹണ ഏജൻസി - FIT

കരാർ ഒപ്പുവച്ചത് - 14-2-2015

3. കല്ലക്കട്ട കോളനി

നിർവ്വഹണ ഏജൻസി - കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രം

കരാർ ഒപ്പുവച്ചത് - 21-7-2018

4. ബാറടുക്ക കോളനി

നിർവ്വഹണ ഏജൻസി - കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രം

കരാർ ഒപ്പുവച്ചത് - 13-8-2018

പട്ടികവർഗ്ഗ വികസന വകുപ്പ്

2014-15 വർഷം തെരഞ്ഞെടുത്ത മായിലാംകോട്ട കോളനിയിലെ

പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രമാണ്. ടി ഏജൻസിയുമായി 2014-15 വർഷം കരാർ ഒപ്പുവച്ചാണ് ടി പ്രവൃത്തി നടപ്പിലാക്കിയത്.

2017-18 വർഷം തെരഞ്ഞെടുത്ത പിലിക്കുട്ട്ലു കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണ ഏജൻസി കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രമാണ്. ടി ഏജൻസിയുമായി 2017-18 വർഷം കരാർ ഒപ്പുവച്ച് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## ചെങ്ങന്നൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം

63 (6136) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിൽ ഒരു കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് ഏത് ഏജൻസി വഴിയാണെന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് ഈ പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളായ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രങ്ങൾ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, സിഡ്കോ, എഫ്.ഐ.റ്റി., കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്നിവയാണ് പദ്ധതി നടത്തിപ്പിന് പരിഗണിക്കുന്ന ഏജൻസികൾ.

(ബി) 2016-17-ൽ ചെറുമിക്കാട്, മണ്ണാറത്തറ എന്നീ കോളനികളും, 2018-19-ൽ പ്രളയാനന്തര കോളനികളുടെ പുനഃനിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കോളനികളും തെരഞ്ഞെടുത്തിട്ടുണ്ട്.

1. പ്രവട്ടക്കര കോളനി
2. ചാത്തമേൽകുറ്റി കോളനി
3. ചെല്ലപൂഞ്ചയിൽ കോളനി
4. പുപ്പറത്തിൽ കോളനി
5. കിളക്കെത്തുരുത്തി കോളനി

6. മാവേലിത്തറ കോളനി
7. ചിത്തിരപ്പുറം കാരിക്കുഴി കോളനി
8. പ്ലാക്കാത്തറ കോളനി
9. പേരിശേരി കോളനി
10. കൊല്ലത്തറ കോളനി

2019-20 അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കിണറുവിള കോളനിയും തെരഞ്ഞെടുത്തിട്ടുണ്ട്.

(സി)

1. മണ്ണാറത്തറ കോളനി

ഭവന പുനരുദ്ധാരണം, സംരക്ഷണഭിത്തി, കോൺക്രീറ്റ് റോഡ്, കമ്മ്യൂണിറ്റി ഹാൾ നവീകരണം, ശ്മശാന പുനരുദ്ധാരണം, കിണർ പുനരുദ്ധാരണം

2. ചെറുമിക്കാട് കോളനി

1. കോൺക്രീറ്റ് റോഡ്
2. കുടിവെള്ള പദ്ധതി
3. സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ചിത്തിരപുരം കാരിക്കുഴി കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. മറ്റ് കോളനികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ആരംഭിച്ചിട്ടുണ്ട്.

3. പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണം:- പ്രളയത്തിൽ തകർന്ന കോളനികളിലെ ഭവനങ്ങളുടെ പുനരുദ്ധാരണം/റോഡ് കോൺക്രീറ്റിംഗ്/സംരക്ഷണ ഭിത്തി നിർമ്മാണം.

4. കിണറുവിള കോളനി: ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

**ഇരിങ്ങാലക്കട നിയോജകമണ്ഡലത്തിലെ പുനരധിവാസ പദ്ധതി**

64 (6137) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള ദുർബ്ബല വിഭാഗക്കാരുടെ പുനരധിവാസ പദ്ധതി പ്രകാരം ഇരിങ്ങാലക്കട നിയോജകമണ്ഡലത്തിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇരിങ്ങാലക്കുട മണ്ഡലത്തിൽ എത്രപേർക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ഫണ്ട് ലഭിക്കുന്നത് ഏതെല്ലാം വിഭാഗത്തിലുള്ളവർക്കാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) അപേക്ഷകൾ ലഭിക്കാത്ത സാഹചര്യത്തിൽ ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) വേടൻ, നായാടി, കള്ളാടി, ചക്ലിയൻ, അരുന്ധതിയാർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്കാണ് ദുർബ്ബല വിഭാഗം പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്.

## പിണവൂർക്കുടിയിലെ ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം

65 (6138) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പിണവൂർക്കുടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണത്തിന് വേണ്ടിയുള്ള ഡി.പി.ആർ. ഏത് ഏജൻസിയാണ് തയ്യാറാക്കുന്നതെന്നും ഡി.പി.ആർ.തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വെളിപ്പെടുത്താമോ ;

(സി) തുടർനടപടികൾ വേഗത്തിലാക്കി പ്രസ്തുത ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ പിണവൂർക്കുടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണത്തിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി തെരഞ്ഞെടുത്തിരുന്നു. ടി സ്ഥാപനം ഡി.പി.ആർ. തയ്യാറാക്കി 18-1-2019-ന് കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിന് അനുമതിയും ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സാമൂഹിക സാമ്പത്തിക ജാതി സർവ്വേ

66 (6139) ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ കമ്മീഷൻ നിയമ പ്രകാരം പത്ത് വർഷം കൂടുമ്പോൾ സാമൂഹിക, സാമ്പത്തിക, ജാതി സർവ്വേ നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരം സർവ്വേ നടത്താനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് അറിയിക്കുമോ;

(സി) അനർഹർ ആനുകൂല്യം പറ്റുന്നതായുള്ള സംശയങ്ങൾ ഒഴിവാക്കുന്നതിനും അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുന്നതിനും, പിന്നോക്ക കമ്മീഷൻ ആക്ട് പ്രകാരം സാമൂഹിക, സാമ്പത്തിക, ജാതി സർവ്വേ നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) സാമൂഹിക സാമ്പത്തിക ജാതി സർവ്വേ 2011-ൽ കേന്ദ്ര സർക്കാർ നടത്തിയിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇന്ദ്രാ സാഹ്നി കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട മുന്നോക്കക്കാരെ കണ്ടെത്തുന്നതിനും അത്തരം അനർഹരെ സംവരാണാനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനും ക്രീമിലെയർ വ്യവസ്ഥകൾ നിലവിലുണ്ട്.

## പിന്നോക്ക വിഭാഗങ്ങളിലെ നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള ധനസഹായങ്ങൾ

67 (6140) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന നഴ്സിംഗ് വിദ്യാർത്ഥികൾക്കായി എന്തൊക്കെ ധനസഹായങ്ങൾ സർക്കാർ നൽകുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതരസംസ്ഥാനങ്ങളിൽ പഠിക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന നഴ്സിംഗ് വിദ്യാർത്ഥികൾക്ക് എന്തെല്ലാം ധനസഹായങ്ങൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സർക്കാർ എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന മെറിറ്റിലോ സംവരണത്തിലോ പ്രവേശനം നേടിയ ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത വാർഷിക വരുമാനമുള്ള എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് നിയമാനുസൃതമായ ഫീസ്, സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയും അനുവദിക്കുന്നു. സർക്കാർ, സർക്കാർ അംഗീകൃത ഏജൻസികളുടെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടുന്ന, മറ്റ് പിന്നോക്ക വിഭാഗത്തിലുൾപ്പെടുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധി ഇല്ലാതെയും 23-5-2014-ലെ സ.ഉ.(കൈ) നമ്പർ 10/2014/പി.സ.വി.വ, പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാനപരിധിക്ക് വിധേയമായി നിയമാനുസൃത ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ് എന്നിവയും നൽകിവരുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് നിയമാനുസൃത ഫീസും സ്റ്റൈപ്പന്റിന് പകരം പോക്കറ്റ് മണിയും അനുവദിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലും, കേന്ദ്ര യൂണിവേഴ്സിറ്റികളിലും നഴ്സിംഗ് ഉൾപ്പെടെയുള്ള കോഴ്സുകളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിലധികരിക്കാത്ത മറ്റ് പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്ക് നോൺ റീഫണ്ടബിൾ ഫീസ്, മെയിന്റനൻസ് അലവൻസ് എന്നിവ അനുവദിക്കുന്നുണ്ട്.

ടി സ്ഥാപനങ്ങളിൽ പഠിക്കുന്ന മറ്റ് പിന്നോക്ക വിഭാഗത്തിലുൾപ്പെടുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ലാതെയും 23-5-2014-ലെ സ.ഉ.(കൈ)നമ്പർ 10/2014/പി.സ.വി.വ, പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 30

സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ആറ് ലക്ഷം രൂപ വാർഷിക വരുമാനപരിധിക്ക് വിധേയമായി നിയമാനുസൃതമായ എല്ലാ ഫീസുകളും, ലംപ്സം ഗ്രാന്റും, ഹോസ്റ്റൽ ഫീസും കേരള സംസ്ഥാനത്തെ നഴ്സിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന അതേനിരക്കിലും അനുവദിക്കുന്നു.

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

68 (6141) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്;

(സി) ഒ.ബി.സി. വിഭാഗത്തിന് വേണ്ടിയും മതന്യൂനപക്ഷ വിഭാഗത്തിന് വേണ്ടിയും നടപ്പിലാക്കുന്ന പദ്ധതികൾക്ക് മറ്റേതെങ്കിലും വിധത്തിൽ ധനസഹായം ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) 2018-19 -ൽ ഇപ്രകാരം ലഭ്യമായ സാമ്പത്തിക സഹായം എത്രയാണ്; അതിൽ എത്ര തുക ചെലവഴിച്ചു;

(ഇ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം ധനകാര്യ വകുപ്പ് വിലയിരുത്താറുണ്ട്. കൂടാതെ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവർ ഓരോ സാമ്പത്തിക വർഷവും മോണിറ്റർമാർ മുഖേന കോർപ്പറേഷന്റെ പ്രവർത്തനവും ഫണ്ട് വിനിയോഗവും വിലയിരുത്താറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷന്റെ (NBCFDC) 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും മികച്ച സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിക്കുള്ള രജതജൂബിലി പുരസ്കാരം കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളായുള്ള കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ (C&AG) ആഡിറ്റിൽ പരാമർശ രഹിത

റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്. മാത്രമല്ല, കോർപ്പറേഷന്റെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റും സമയബന്ധിതമായി (2018-19 വരെ)പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പലിശ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്. കേന്ദ്ര ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ഏജൻസികളുടെ സംസ്ഥാന ചാലക ഏജൻസിയാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, പ്രസ്തുത ഏജൻസികളിൽ നിന്നും ലഭിക്കുന്ന വായ്പയും കോർപ്പറേഷന്റെ വിഹിതവും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നു.

(ഡി) 2018-19 സാമ്പത്തികവർഷം ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷനിൽ (NBCFDC) നിന്നും 130 കോടി രൂപയും, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ (NMDFC) നിന്നും 109.5 കോടി രൂപയും കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ സ്വന്തം വിഹിതമായ 236.5 കോടി രൂപയും ചേർത്ത് മൊത്തം 476 കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചു.

(ഇ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ വായ്പാ പദ്ധതികൾക്ക് പുറമെ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതുതായി ആവിഷ്കരിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് കോളേജുകളിൽ സംവരണം

69 (6142) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രൊഫഷണൽ കോഴ്സുകൾക്ക് ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി മൂന്ന് ശതമാനം സംവരണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ചതുപോലെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കും മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്കും ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് സംവരണം അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 23-5-2014-ലെ സ.ഉ.(കൈ) നമ്പർ 10/2014/പി.സ.വി.വ. ഉത്ത j വുപ്രകാരമാണ് ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിന് ലാറ്റിൻ കാത്തോലിക്ക വിഭാഗത്തിനോടൊപ്പം 3% സംവരണം അനുവദിച്ചിട്ടുള്ളത്. ഗവൺമെന്റ് കോളജുകളിലെ ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ എസ്.ഇ.ബി.സി. സംവരണം ബാധകമാക്കിയത് 2-2-2006-ലെ സ.ഉ.(പി) നമ്പർ 08/2006/പ.ജ.പ.വ.വി.വ, 27-2-2006-ലെ സ.ഉ.(കൈ) നമ്പർ 37/2006/ഉ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ്. ആയതിൽ ആംഗ്ലോ ഇന്ത്യൻ സമുദായം ഉൾപ്പെട്ടിട്ടില്ല. ആർട്സ് & സയൻസ് കോഴ്സുകളിലെയും മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലെയും പ്രവേശനത്തിന് ലാറ്റിൻ കാത്തലിക് സമുദായത്തിനൊപ്പം ആംഗ്ലോ ഇന്ത്യൻ വിഭാഗത്തെ ഉൾപ്പെടുത്തി സംവരണം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത കാലഹരണപ്പെട്ട നിയമങ്ങൾ

70 (6143) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും നിയമം പരിഷ്ക്കരിക്കുന്നതിനും അഞ്ച് വർഷ കാര്യപരിപാടി നിയമ വകുപ്പ് തയ്യാറാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) കാലഹരണപ്പെട്ട എത്ര നിയമങ്ങൾ റദ്ദാക്കണമെന്നാണ് നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തതെന്ന് അറിയിക്കുമോ; അതിൽ എത്ര

നിയമങ്ങൾ ഇതിനകം റദ്ദാക്കിയെന്ന് അറിയിക്കുമോ?

(സി) നിയമപരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത എത്ര നിയമങ്ങൾ ഈ സർക്കാർ കാലയളവിൽ നിയമമാക്കിയെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും, കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ചുമുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായി സർക്കാർ 9-3-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 45/20174/നിയമം, പ്രകാരം ബഹുമാനപ്പെട്ട ജസ്റ്റിസ് (റിട്ട) കെ.റ്റി.തോമസ് ചെയർമാനായി കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളതാണ്.

കേരള നിയമ പരിഷ്കരണ കമ്മീഷൻ നാളിതുവരെ 6 റിപ്പോർട്ടുകളിലായി 12 ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

<u>കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ബില്ലുകൾ</u>

1. THE KERALA VAXATIOUS LITIGATION (PREVENTION) BILL, 2018
2. THE KERALA KHADI AND VILLAGE INDUSTRIES BOARD (AMENDMENT) BILL, 2018
3. THE KERALA NURSES AND MIDWIVES (AMENDMENT) BILL, 2018
4. THE TRAVANCORE COCHIN PUBLIC HEALTH (AMENDMENT) BILL, 2018
5. THE KERALA PREVENTION AND ERADICATION OF INHUMAN EVIL PRACTICES, SORCERY AND BLACK MAGIC BILL, 2019
6. THE KERALA REGULATION OF PROCEDURE FOR PREVENTING PERSON TO PERSON TRANSMISSION OF INFECTIOUS ORGANISMS BILL, 2019

7. THE KERALA EMERGENCY MEDICAL CARE AND PROTECTION OF GOOD SAMARITANS BILL, 2019

8. THE PREVETION OF DAMAGE TO PUBLIC PROPERTY (KERALA AMENDMENT) BILL, 2019

നിലവിലെ ചട്ടങ്ങളിൽ ഭേദഗതിക്കുള്ള ശിപാർശകൾ

1. KERALA PLACES OF PUBLIC RESORT (AMENDMENT) RULES, 2018

2. KERALA HABITUAL OFFENDERS (AMENDMENT) RULES, 2018

3. KERALA FISHERMEN WELFARE SOCIETIES (DETERMINATION OF STRENGTH OF COMMITTEES AND CONDUCT OF ELECTION) RULES, 1980

4. KERALA DOCUMENT WRITERS LICENCE (AMENDMENT) RULES, 2018

(ബി) നിലവിലെ നിയമപരിഷ്കരണ കമ്മീഷൻ കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യണമെന്ന് സർക്കാരിന് ശിപാർശയൊന്നും സമർപ്പിച്ചിട്ടില്ല.

(സി) കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബില്ലുകളൊന്നും ഇതുവരെ നിയമമാക്കിയിട്ടില്ല.

**പൗരാവകാശ സംരക്ഷണ നിയമം**

71 (6144) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരാവകാശ സംരക്ഷണ നിയമം പാസ്സാക്കുമെന്ന പ്രകടനപത്രികയിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ സമഗ്ര നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## സാംസ്കാരിക കേരളം ത്രൈമാസിക പുനഃപ്രസിദ്ധീകരിക്കുന്നതിന് നടപടി

72 (6145) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തിലെ മികച്ച നിലവാരമുള്ള സാഹിത്യ പ്രസിദ്ധീകരണമായിരുന്ന സാംസ്കാരിക കേരളം ത്രൈമാസിക നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാംസ്കാരിക കേരളം ത്രൈമാസിക പുനഃപ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റാക്കി 2005-ൽ പുനഃസംഘടിപ്പിച്ചതോടെ പ്രസിദ്ധീകരണങ്ങളുടെ ചുമതല കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനും കേരള സാഹിത്യ അക്കാദമിക്കും കൈമാറി നൽകി. പ്രസ്തുത സാഹചര്യത്തിൽ 'സാംസ്കാരിക കേരളം' ത്രൈമാസിക പ്രസിദ്ധീകരിക്കുന്ന കാര്യം ഇപ്പോൾ സാംസ്കാരിക വകുപ്പിന്റെ പരിഗണനയിലില്ല.

## സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

73 (6146) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വിശദവിവരം ജില്ല തിരിച്ച് നൽകുമോ;

(ബി) സാംസ്കാരിക വകുപ്പിന് ജില്ലകൾ തോറും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ എപ്രകാരമാണ് ക്രോഡീകരിക്കപ്പെടുന്നത്;

(ഡി) സാംസ്കാരിക വകുപ്പിന് സ്വന്തമായി നിലവിൽ ആസ്ഥാനമുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി&സി) സാംസ്കാരിക വകുപ്പിന് ജില്ലാ തലത്തിൽ ആഫീസുകളൊന്നുമില്ല. വകുപ്പിന്റെ വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ തിരുവനന്തപുരത്തുള്ള സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം നേരിട്ടാണ് നിർവ്വഹിക്കുന്നത്.

(ഡി) സാംസ്കാരിക വകുപ്പിന് സ്വന്തമായി നിലവിൽ ആസ്ഥാനമില്ല. തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള അനന്തവിലാസം കൊട്ടാരത്തിൽ വാടകയ്ക്കാണ് നിലവിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം പ്രവർത്തിക്കുന്നത്.

**അവശകലാകാരന്മാർക്കുള്ള സഹായങ്ങൾ**

74 (6147) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക വകുപ്പ് മുഖേന അവശകലാകാരൻമാർക്ക് ലഭ്യമാക്കിവരുന്ന സഹായങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

സാമ്പത്തിക പ്രയാസവും ശാരീരിക അവശതയും അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന പ്രതിമാസം 1500 രൂപ (ആയിരത്തിയഞ്ഞൂറ് രൂപ) സംസ്ഥാന കലാകാര പെൻഷൻ അനുവദിക്കുന്നു. കൂടാതെ അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം, അവരുടെ അപേക്ഷകളും ചികിത്സാ രേഖകളും പരിഗണിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി 1,00,000 രൂപ (ഒരു ലക്ഷം രൂപ)വരെ ചികിത്സാ ധനസഹായം അനുവദിക്കാറുണ്ട്. ഈ പദ്ധതി പ്രകാരം ഒരിക്കൽ ചികിത്സാ ധനസഹായം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി അർഹരായവർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

അവശകലാകാരന്മാർക്ക് അവരുടെ അസുഖത്തിന്റെ കാഠിന്യം, ചികിത്സാ ചെലവിന്റെ തോത് എന്നിവ പരിഗണിച്ച് കേരള ഫോക് ലോർ അക്കാദമി ചികിത്സാ സഹായം നൽകാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള സംഗീത നാടക അക്കാദമി കലാകാരന്മാർക്കായി അപകട-വൈദ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ പ്രീമിയം അടയ്ക്കുകയും ചെയ്യുന്നുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള സഹായം ഈ പദ്ധതിയിലൂള്ള കാലകാരന്മാർക്ക് ലഭിക്കുന്നുണ്ട്.

കേരള ലളിതകലാ അക്കാദമിയുടെ കലാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ളവരും പ്രവർത്തിച്ചുവരുന്നവരുമായ കലാകാരന്മാർക്ക് അവരുടെ രോഗതീവ്രത കണക്കിലെടുത്ത്, അക്കാദമി നിർവ്വാഹകസമിതിയുടെ അംഗീകാരത്തിന് വിധേയമായി 10,000 രൂപ (പതിനായിരം രൂപ) മുതൽ 30,000 രൂപ (മുപ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ സഹായം അനുവദിച്ചുനൽകാറുണ്ട്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പ്രതിമാസം 1000 രൂപ (ആയിരം രൂപ) വീതം അവശകലാകാരന്മാർക്ക് പെൻഷനായും പരമാവധി 25,000 രൂപ (ഇരുപത്തയ്യായിരം രൂപ) വരെ പെട്ടെന്നുണ്ടാകുന്ന അപകടങ്ങൾമൂലവും മാരകമായ രോഗങ്ങൾമൂലവും കഷ്ടപ്പെടുന്ന കലാകാരന്മാർക്ക് ചികിത്സാ സഹായമായും അനുവദിക്കുന്നുണ്ട്.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, ക്ഷേമനിധിയിൽ നിന്നും പെൻഷന് അർഹനാകുന്ന കലാ സാംസ്കാരിക പ്രവർത്തകന് പ്രതിമാസം 3000 രൂപ പെൻഷൻ അനുവദിക്കുന്നുണ്ട്. ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ടിട്ടുള്ള അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റ് ഏതെങ്കിലും ഗുരുതരമായ മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1,50,000 രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ ചികിത്സാ സഹായമായി അനുവദിക്കുന്നുണ്ട്.

### എറണാകുളം ജില്ലയിലെ സാംസ്കാരിക സമുച്ചയ നിർമ്മാണം

75 (6148) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലാണ് നവോത്ഥാന നായകരുടെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുള്ളത്;

(ബി) എറണാകുളം ജില്ലയിൽ എവിടെയാണ് ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്നും സമുച്ചയ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ, പ്രമുഖ നവോത്ഥാന സാംസ്കാരിക നായകരുടെ പേരിൽ എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുകയെന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടി പൂർത്തിയായി. ഇടുക്കി ജില്ലയിൽ പ്രസ്തുത സമുച്ചയ നിർമ്മാണത്തിന് ഭൂമി കൈമാറി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആറ് ജില്ലകളിൽ (ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ) അനുയോജ്യമായ ഭൂമി കണ്ടെത്തുകയും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലുമാണ്. ബാക്കിയുള്ള നാല് ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, വയനാട്) അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി ജില്ലാ ഭരണകൂടങ്ങളുമായി ബന്ധപ്പെട്ടുവരുന്നു.

(ബി) എറണാകുളം ജില്ലയിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സർക്കാർ ഭൂമി ലഭ്യമല്ലാത്തതിനാൽ ആയതിനായി വിവിധ സ്വകാര്യ ഭൂമികൾ പരിഗണിച്ചെങ്കിലും അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിച്ചിട്ടില്ല. എറണാകുളം ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അമച്വർ നാടകങ്ങൾക്ക് ധനസഹായം**

76 (6149) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-6-2019 ലെ സ.ഉ (സാധാ) നമ്പർ 229/2019/സാം.കാ.വ. ഉത്തരവ് പ്രകാരം പ്രാദേശികമായി അവതരിപ്പിക്കുന്ന അമച്വർ നാടകങ്ങൾക്കുള്ള ധനസഹായത്തിനായി അമ്പത് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രാദേശികമായി അവതരിപ്പിക്കുന്ന അമച്വർ നാടകങ്ങൾക്കുള്ള ധനസഹായം നൽകുന്ന പദ്ധതി കേരള സംഗീത നാടക അക്കാദമി മുഖാന്തരം

നടപ്പിലാക്കുന്നതിനായി 7-6-2019-ലെ സ.ഉ.(സാധാ) നമ്പർ 229/2019/ സാം.ക.വ. ഉത്തരവുപ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുക സംഗീത നാടക അക്കാദമിക്ക് ലഭ്യമാക്കുന്ന രീതി സംബന്ധിച്ച് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചുവരുന്നു.

(ബി) തുക ലഭ്യമാകുന്ന മുറയ്ക്ക് കേരള സംഗീത നാടക അക്കാദമി മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതാണ്.

**കലാകാരന്മാരുടെ അനന്തരാവകാശികൾക്കുള്ള വാർഷിക പെൻഷൻ**

77 (6150) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖകലാകാരന്മാരുടെ അനന്തരാവകാശികൾക്കുള്ള വാർഷിക പെൻഷൻ പദ്ധതിയിൽ എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കലാ, സാംസ്കാരിക സാഹിത്യ രംഗത്തെ പ്രശസ്തരും പ്രമുഖരുമായ വ്യക്തികളുടെ വിധവകൾക്കും/ആശ്രിതർക്കും പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന 4,000 (നാലായിരം രൂപ) രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്.

കേരള ചലച്ചിത്ര അക്കാദമി അർഹരായവർക്ക് പ്രതിമാസം 1000 (ആയിരം രൂപ) വീതം പെൻഷൻ അനുവദിക്കുന്നു. വിധവ, വിഭാര്യൻ, മാതാവ്, പിതാവ്, അവിവാഹിതനായ പുത്രി, പ്രായപൂർത്തിയാകാത്ത പുത്രൻ എന്നിവർക്കാണ് അനന്തരാവകാശികൾ എന്ന നിലയിൽ പെൻഷന് അർഹതയുള്ളത്.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് 1100 രൂപ കുടുംബപെൻഷൻ അനുവദിക്കുന്നുണ്ട്. കുറഞ്ഞത് 2 വർഷം അംശദായം അടച്ച ഒരു അംഗമോ, പദ്ധതിപ്രകാരം പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബപെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. മുൻഗണനാ ക്രമത്തിൽ പെൻഷന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. അവിവാഹിതരായ മക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ ഈ ആനുകൂല്യത്തിന്

അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ പ്രായപൂർത്തിയാകുകയോ സ്വന്തമായി ഉപജീവനം ലഭിക്കുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതോടുകൂടി അവർ പെൻഷന് അർഹരല്ലാതായി തീരുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസിന്റെ പരിപാടികൾ

78 (6151) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി നടത്തുന്ന വിവിധ പരിപാടികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പരിപാടികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ പാർലമെന്ററി അവബോധം വർദ്ധിപ്പിക്കുന്നതിനായി ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാറുകൾ എന്നിവയും കോളേജ് തലത്തിൽ മോഡൽ പാർലമെന്റ്, സെമിനാറുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു. കൂടാതെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി പാർലമെന്ററി ഡെമോക്രസിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രശ്നോത്തരി/ഉപന്യാസം/പ്രസംഗ മത്സരങ്ങളും സംഘടിപ്പിക്കുന്നു. ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(ബി)

1. സ്കൂൾ സെമിനാർ

- ബോയ്സ് എച്ച്.എസ്.എസ്. കരുനാഗപ്പള്ളി
- ഗവൺമെന്റ് മോഡൽ എച്ച്.എസ്.കെ.എസ്.പുരം
- ബി.ജെ.എസ്.എം.എച്ച്.എസ്.എസ് &വി.എച്ച്.എസ്.എസ്.മഠത്തിൽ തഴവ
- ജെ.എഫ്.കെ.എം.എച്ച്.എസ്.എസ്. അയണിവേലികുളങ്ങര

2. സ്കൂൾ യൂത്ത് പാർലമെന്റ് മത്സരം

- ഗവൺമെന്റ് ഫിഷറീസ് എച്ച്.എസ്.എസ്. കുഴിത്തുറ
- ഗവൺമെന്റ് എച്ച്.എസ്.എസ്.തഴവ

3. പാർലമെന്ററി ലിറ്ററസി ക്ലബ്ബ്

- തൊടിയൂർ ഗവൺമെന്റ് എച്ച്.എസ്.എസ്.
- എസ്.വി.എച്ച്.എസ്.എസ്. ക്ലാപ്പന

4. ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്

- ഗവൺമെന്റ് എച്ച്.എസ്.എസ് .&വി.എച്ച്.എസ്.എസ്. കരുനാഗപ്പള്ളി
- ഗവൺമെന്റ് എച്ച്.എസ്.എസ്. ഓച്ചിറ

5. കോളേജ് മോഡൽ പാർലമെന്റ്

- ഐ.എച്ച്.ആർ.ഡി.എഞ്ചിനീയറിംഗ് കോളേജ്, കരുനാഗപ്പള്ളി

(സി&ഡി) ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ.-യുടെ ഓഫീസിൽ നിന്നും ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങൾക്കും പരിപാടികൾ നടത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അയച്ചുകൊടുത്തിട്ടുണ്ട്. പരിപാടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

79 (6152) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്ററികാര്യ വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ;

(ബി) പാർലമെന്ററി പ്രക്രിയയെ കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും മതേതര മൂല്യങ്ങളെക്കുറിച്ചും കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സെമിനാർ സംഘടിപ്പിക്കുന്നുണ്ടോ; കഴിഞ്ഞ വർഷം എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കി; വ്യക്തമാക്കുമോ;

(സി) ഭരണഘടനാ തത്വങ്ങൾ കുട്ടികളിലെത്തിക്കുന്നതിന് എന്ത് പദ്ധതിയാണ് നടപ്പിലാക്കിയത് എന്ന് അറിയിക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിനായി ബജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ;

(ഇ) ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി പദ്ധതി തയ്യാറാക്കുമ്പോൾ സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെയും മലയോര പ്രദേശങ്ങളിലെയും കുട്ടികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളെപ്പറ്റിയും അത് ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും അവരെ ബോധവൽക്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂൾ തലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാറുകൾ എന്നിവയും കോളേജ് തലത്തിൽ മോഡൽ പാർലമെന്റ്, സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കുന്നു. കൂടാതെ സ്കൂൾ/കോളേജ് തലത്തിൽ പാർലമെന്ററി ഡെമോക്രസിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രശ്നോത്തരി/ഉപന്യാസം/പ്രസംഗ മത്സരങ്ങളും സംഘടിപ്പിക്കുന്നു. ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(ബി) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 117 സ്കൂളുകളിൽ സെമിനാർ നടത്തി.

(സി) ഭരണഘടനാ തത്വങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് സെമിനാറുകൾ നടത്തുകയും പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു.

(ഡി) ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം, ദ്വിദിന കോളേജ് സെമിനാർ എന്നീ പുതിയ പദ്ധതികൾ സംഘടിപ്പിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പദ്ധതികൾക്കുമായി 2019-20 സാമ്പത്തികവർഷം ബഡ്ജറ്റിൽ ഗ്രാന്റ് ഇൻ എയ്ഡിൽ ഉൾപ്പെടുത്തി ആകെ 91,61,000 രൂപ (തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി അറുപത്തിയൊന്നായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

(ഇ) നിലവിൽ പരിഗണനയിലില്ല.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ

80 (6153) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്, സ്കൂൾ സെമിനാറുകൾ എന്നിവയും കോളേജ് തലത്തിൽ മോഡൽ പാർലമെന്റ്, സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കുന്നു. കൂടാതെ സ്കൂൾ/കോളേജ് തലത്തിൽ പ്രശ്നോത്തരി/ഉപന്യാസം/പ്രസംഗ മത്സരങ്ങളും സംഘടിപ്പിക്കുന്നു. ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിൽ പാർലമെന്ററികാര്യ വിഷയങ്ങളിൽ അവബോധം വർദ്ധിപ്പിക്കാനും ഭരണഘടന, ജനാധിപത്യ മൂല്യങ്ങൾ, മനുഷ്യാവകാശം എന്നിവയിൽ അടിസ്ഥാനപരമായ ധാരണകൾ സൃഷ്ടിക്കുന്നതിനും പൗരബോധവും മൂല്യബോധവുമുള്ള പൗരന്മാരാക്കുന്നതിനും വഴിയൊരുക്കുന്നു.

## സാംസ്കാരിക കേന്ദ്രങ്ങൾക്ക് അനുവദിച്ച തുക

81 (6154) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ ഏതെല്ലാം സംഘടനകൾക്കും സാംസ്കാരിക കേന്ദ്രങ്ങൾക്കും എത്ര തുക അനുവദിച്ചുവെന്നും അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ;

(ബി) ജില്ലയിലെ കലാ സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സംഘടനകൾക്ക് ആവർത്തന ഗ്രാന്റ് -അനാവർത്തന ഗ്രാന്റ് എന്നിവ അനുവദിച്ചെന്നും എത്ര തുക വീതമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾക്ക്/സ്ഥാപനങ്ങൾക്ക്/ സമിതികൾക്ക് സ്മാരകങ്ങൾക്ക് അനുവദിച്ച ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. പ്രസ്തുത ധനസഹായങ്ങൾ പ്രകാരമുള്ള ധന വിനിയോഗ സാക്ഷ്യപത്രങ്ങൾ ടി സംഘടനകൾ/സ്ഥാപനങ്ങൾ/ സമിതികൾ/സ്മാരകങ്ങളിൽ നിന്ന് ശേഖരിച്ചുവരികയാണ്.

## സിനിമ വ്യവസായത്തിന്റെ പുരോഗതിക്ക് നടപടികൾ

82 (6155) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിനിമാ വ്യവസായത്തിന്റെ പുരോഗതിയ്ക്ക് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമാ വ്യവസായത്തിന്റെ പുരോഗതിക്കായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ ഇന്റർമീഡിയറ്റ് (കളർ കറക്ഷൻ), സൗണ്ട് റെക്കോർഡിംഗ്, എഡിറ്റിംഗ്, മിക്സിംഗ്, ഗ്രീൻമാറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പുറംവാതിൽ ചിത്രീകരണത്തിനുള്ള ശീതീകരിച്ച ഔട്ട്ഡോർ വാഹനങ്ങൾ, സെറ്റുകൾ, ലൈറ്റുകൾ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ചിത്രാഞ്ജലി പാക്കേജിൽ രജിസ്റ്റർ ചെയ്ത് സ്റ്റുഡിയോയുടെ സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗിച്ച് നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് ചലച്ചിത്ര സബ്സിഡി അനുവദിക്കുന്നുണ്ട്. നിലവിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 17 റിലീസിംഗ് തിയേറ്ററുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സിനിമാ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ചിത്രാഞ്ജലി സ്റ്റുഡിയോയെ ഫിലിംസിറ്റിയാക്കി നവീകരിക്കുന്നതിനായുള്ള ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് തിയേറ്റർ

83 (6156) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജ് ജംഗ്ഷനിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അമ്പത് സെന്റ് ഭൂമി അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തിയേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. 2-11-2019-ലെ സ.ഉ.(എം.എസ്) നമ്പർ 331/2019/റവ. ഉത്തരവുപ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിക്കായി കണ്ണൂർ ചെറുതാഴം വില്ലേജിലെ റീസർവ്വേ 658/1 സി-യിൽപ്പെട്ട 50 സെന്റ് മിച്ചഭൂമി കമ്പോളവിലയുടെ 2% നിരക്കിൽ 30 വർഷത്തേയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് തിയേറ്റർ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

## ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്റ്റുഡിയോ കോംപ്ലക്സും ഷൂട്ടിംഗ് ലൊക്കേഷനും

84 (6157) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോ സ്ഥിതിചെയ്യുന്ന സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റുഡിയോ കോംപ്ലക്സും ഷൂട്ടിംഗ് ലൊക്കേഷനും മറ്റും നിർമ്മിക്കുവാൻ ഈ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഇതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ബി) ഈ പദ്ധതി തുടങ്ങുന്നതിന് കാലതാമസം ഉണ്ടാകാൻ കാരണമെന്താണ്; എന്നത്തേയ്ക്ക് തുടങ്ങാൻ സാധിക്കും; വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബി ഫണ്ടിൽ നിന്നും 150 കോടി രൂപ കണ്ടെത്തി. തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആധുനിക രീതിയിലുള്ള ഒരു ഫിലിംസിറ്റി നിർമ്മിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(ബി & സി) ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**വന്യജീവി ആക്രമണം തടയുന്നതിന് നടപടി**

85 (6158) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തുന്നതിന് നടപടി സ്വികരിക്കുമോ;

(ബി) വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുമ്പോൾ അവയെ തിരികെ കാട്ടിലേക്ക് തുരത്തിയോടിക്കുന്നതിന് ഏതെല്ലാം സ്ഥലങ്ങളിൽ ദ്രുതകർമ്മസേനയുടെ സേവനം ലഭ്യമാണ് എന്നറിയിക്കാമോ;

(സി) വന്യജീവി സംഘർഷം നേരിടുന്നതിന് ദ്രുതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ പ്രയോജനം ചെയ്യുന്നുണ്ടോ; അവയുടെ ശാക്തീകരണത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(ഡി) വന്യജീവി ആക്രമണം തടയുന്നതിന് കുങ്കി ആനകളുടെ സേവനം ഫലപ്രദമാണോ; ആണെങ്കിൽ അവയുടെ സേവനം പ്രയോജനപ്പെടുത്തുമോ;

(ഇ) വന്യജീവി സങ്കേതങ്ങളോട് ചേർന്ന് കിടക്കുന്നതും വന്യജീവി ആക്രമണം രൂക്ഷമായിട്ടുള്ളതുമായ മേഖലകളിൽ നിന്ന് ആളുകളെ മാറ്റിപ്പാർപ്പിക്കുന്നുണ്ടോ; അത് സംബന്ധിച്ച നടപടികൾ അറിയിക്കുമോ;

(എഫ്) വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിലേക്ക് ഇറങ്ങുമ്പോൾ പ്രദേശവാസികളെ അറിയിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വന്യജീവികളുടെ പ്രത്യേകിച്ചും ആനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി ഭിന്നിച്ചുപോയ വനഭാഗങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് വന്യജീവി ഇടനാഴികൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വന്യജീവി വിഭാഗത്തിനുകീഴിൽ പെരിയാൻ കൺസർവേഷൻ ഫൗണ്ടേഷനും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും ചേർന്ന് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ശാസ്ത്രീയമായ പഠനം നടത്തി വരുന്നു. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) കൊല്ലം സതേൺ സർക്കിളിന് കീഴിൽ റാന്നി, പുനലൂർ, പേപ്പാറ എന്നിവിടങ്ങളിലും ഹൈറേഞ്ച് സർക്കിളിന് കീഴിൽ മൂന്നാറിലും ഫീൽഡ് ഡയറക്ടർ, കോട്ടയത്തിന്റെ കീഴിൽ പീരുമേടും നോർതേൺ സർക്കിളിന് കീഴിൽ താമരശ്ശേരി, കണ്ണൂർ, കാസർഗോഡ്, കൽപ്പറ്റ എന്നിവിടങ്ങളിലും ഈസ്റ്റേൺ സർക്കിളിന് കീഴിൽ നിലമ്പൂർ, പാലക്കാട്, മണ്ണാർക്കാട് എന്നിവിടങ്ങളിലും വയനാട് വന്യജീവി സങ്കേതത്തിനുകീഴിൽ സുൽത്താൻ ബത്തേരിയിലും തൃശ്ശൂർ സർക്കിളിനുകീഴിൽ ചാലക്കുടിയിലും ദ്രുതകർമ്മസേന പ്രവർത്തിക്കുന്നുണ്ട്.

(സി) വന്യജീവി സംഘർഷം നേരിടുന്നതിന് ദ്രുതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പ്രയോജനം ചെയ്യുന്നുണ്ട്. കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങിയാൽ അവയെ കാട്ടിലേയ്ക്കുതന്നെ തിരിച്ചുവിടുന്നതിന് ദ്രുതകർമ്മസേനയുടെ സ്ഥിരം ഉദ്യോഗസ്ഥരും താൽക്കാലിക ജീവനക്കാരും കൃത്യമായി പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സേനയുടെ ശാക്തീകരണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളെ പിടിക്കുന്നതിനായി മെറ്റാലിക് കേജുകൾ, സ്നേക്ക് ക്യാച്ചിംഗ് ഉപകരണങ്ങൾ, ടോർച്ചുകൾ, വലകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ നൽകിവരികയും ഇതിന്റെ ശാക്തീകരണത്തിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ദ്രുതകർമ്മസേനയിലെ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകിവരികയും ചെയ്യുന്നുണ്ട്.

(ഡി) വന്യജീവി ആക്രമണം തടയുന്നതിന് കുങ്കി ആനകളുടെ സേവനം ഫലപ്രദമാണ്. അവശ്യഘട്ടങ്ങളിൽ അവയുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ഇ) സതേൺ സർക്കിളിന്റെ പരിധിയിൽ തിരുവനന്തപുരം ഡിവിഷനിൽ കുളത്തൂപ്പുഴ റേഞ്ചിലെ ഡാലി, മാത്രക്കരിക്കകം, ചണ്ണമല എന്നീ സ്ഥലങ്ങളിലെ ആളുകളെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നോർത്തേൺ സർക്കിളിന്റെ പരിധിയിലുള്ള നോർത്ത് വയനാട് ഡിവിഷനിലെ 130.1068 ഹെക്ടറിൽ (എസ്റ്റേറ്റുകൾ ഉൾപ്പെടെ) മാറ്റിപാർപ്പിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നടപടി തുടർന്നുവരുന്നു. കൂടാതെ, സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയ്ഞ്ചിൽ മടാപ്പറമ്പ്, കൊല്ലിവയൽ, ചുള്ളിക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ താമസിക്കുന്നവരെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റിപാർപ്പിക്കുന്നതിനും കണ്ണൂർ ഡിവിഷനിൽ വന്യജീവി ആക്രമണം രൂക്ഷമായ മേഖലകളിൽ ഭൂമി വനം വകുപ്പിന് വിട്ടുതരാൻ തയ്യാറായ കുടുംബങ്ങളെ പ്രതിഫലം നൽകി മാറ്റിപാർപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതുപ്രകാരം കൊട്ടിയൂർ റെയ്ഞ്ചിൽ 133 കുടുംബങ്ങളുടെ കൈവശമുള്ള 72.86 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ഡിവിഷനിൽ വന്യജീവി ആക്രമണം രൂക്ഷമായ വനാതിർത്തി പ്രദേശങ്ങളിലെ സ്ഥലം ഉടമസ്ഥർ അപേക്ഷിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി നിലവിൽ 35 കുടുംബാംഗങ്ങളുടെ സ്ഥലം അർഹമായ വില നൽകി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹൈറേഞ്ച് സർക്കിളിനുകീഴിൽ മറയൂർ ഡിവിഷനിൽ ഉൾപ്പെടെ വന്യജീവി ആക്രമണം രൂക്ഷമായ വനാതിർത്തി പ്രദേശങ്ങളിലെ കുടുംബങ്ങളെ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റിപാർപ്പിക്കുന്നതിനും കൂടാതെ, ഇത്തരം സ്ഥലങ്ങൾ കണ്ടെത്തുന്നതിന് വിവരശേഖരണവും നടന്നുവരുന്നു. വയനാട് വന്യജീവി സങ്കേതത്തിൽ വനാന്തർഭാഗത്തുനിന്നും വന്യജീവി ആക്രമണം രൂക്ഷമായ മേഖലകളിൽനിന്നും കേന്ദ്രസഹായ സ്വയം സന്നദ്ധ പദ്ധതിപ്രകാരമാണ് ആളുകളെ മാറ്റിപാർപ്പിക്കുന്നത്. ഇതുവരെ 10 സെറ്റിൽമെന്റുകളിൽനിന്നും 366 അർഹതാ കുടുംബങ്ങളെ ഈ പദ്ധതിപ്രകാരം മാറ്റിപാർപ്പിച്ചുകഴിഞ്ഞു.

(എഫ്) വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്കിറങ്ങുന്ന പ്രദേശങ്ങളിൽ പട്രോളിംഗ് നടത്തുന്നതിനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുമായി ദ്രുതകർമ്മസേന, എലിഫന്റ് ഇൻഫർമേഷൻ ഗ്രൂപ്പ്, സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിങ്ങനെ വിവിധ സംഘങ്ങളെ ചുമതലപ്പെടുത്തുകയും വന്യജീവി സംഘർഷസാദ്ധ്യതയുള്ള പ്രദേശങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എസ്.എം.എസ്. അലെർട്ട് സംവിധാനം, വാട്ട്സ് ആപ് സന്ദേശങ്ങൾ എന്നിവ മുഖേന വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്കിറങ്ങുന്ന വിവരം പ്രദേശവാസികളെ അറിയിക്കുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ അനൗൺസ്മെന്റുകളിലൂടെയും പ്രാദേശിക കേബിൾ ശൃംഖലവഴിയും വിവരം അറിയിക്കുന്നുണ്ട്. പെരിയാർ ഈസ്റ്റ് ഡിവിഷന് കീഴിൽ പ്രൈമറി റെസ്പോൺസ് ടീം പ്രവർത്തിക്കുന്നു. മൂന്നാർ വന്യജീവി വിഭാഗത്തിനുകീഴിൽ ഏർപ്പെടുത്തിയിട്ടുള്ള 'Early Warning Elephant Alert System' എന്ന സംവിധാനത്തിൽ 2426 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ,

" Red Light Indicator for Elephant Movement" എന്ന മുന്നറിയിപ്പ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. വിവിധ സ്ഥലങ്ങളിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ പഞ്ചായത്തുതലത്തിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(ജി) നിലമ്പൂർ നോർത്ത് ഡിവിഷനിൽ കാട്ടാനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിന് വനത്തോട് ചേർന്നുകിടക്കുന്ന വഴിക്കടവ് റെയ്ഞ്ചിലെ 24 ഹെക്ടറോളം സ്ഥലം ഏറ്റെടുത്ത് അപ്പൻകാപ്പ് വന്യജീവി ഇടനാഴി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിലും പാലക്കാട് ഡിവിഷനുകീഴിൽ തുണ്ടുകളായി കിടക്കുന്ന വനഭാഗങ്ങളെ ബന്ധിപ്പിക്കുന്നതിനും ആനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി ഭൂമി ലഭ്യമാക്കുന്നതിനുമായി വനഭൂമിയോട് ചേർന്നുകിടക്കുന്ന ഏകദേശം 50 ഹെക്ടറോളം വരുന്ന ഭൂമി കൈവശക്കാരിൽ നിന്നും ഏറ്റെടുക്കുന്നതിനായി കിഫ്ബി മുഖേനയുള്ള പ്രൊപ്പോസലിലും നടപടി സ്വീകരിച്ചുവരുന്നു. മൂന്നാർ ഡിവിഷൻ പരിധിയിൽ ആനയിറങ്കൽ കേന്ദ്രീകരിച്ച് ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് വന്യജീവി വിഭാഗത്തിൻകീഴിൽ വന്യജീവി ഇടനാഴികൾ സൃഷ്ടിക്കുന്നതിന് വനാന്തർഭാഗത്തുള്ള സ്വകാര്യ എസ്റ്റേറ്റുകളും ജനവാസ കേന്ദ്രങ്ങളും ഏറ്റെടുക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം പദ്ധതി തയ്യാറാക്കിവരുന്നു.

## കാട്ടുതീയും അതുമൂലമുണ്ടാകുന്ന വനനശീകരണവും

86 (6159) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനും അതിനുവേണ്ട ബോധവൽക്കരണങ്ങൾക്കുമായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഇതിനായി ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) വനത്തിലുണ്ടാകുന്ന കാട്ടുതീയും അതുമൂലമുണ്ടാകുന്ന വനനശീകരണവും എപ്രകാരമെല്ലാം സംഭവിക്കുന്നു എന്നും ആയതിൽ മനുഷ്യ ഇടപെടൽ വഴി സംഭവിക്കുന്നത് എപ്രകാരമാണെന്നും ആയതു തടയുവാൻ എന്തു നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ കഴിഞ്ഞ 10 വർഷത്തിനകം കാട്ടുതീമൂലം എത്ര ഹെക്ടർ വനം നശിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കാട്ടുതീ വനസമ്പത്തിനും മേൽമണ്ണിനും മഴവെള്ളം സംഭരിക്കുന്ന പുൽമേടുകൾക്കും വരുത്തുന്ന നാശം സമൂഹത്തെ എത്തരത്തിൽ ബാധിക്കുന്നു എന്നും ആയതുമൂലമുണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം, സൂര്യാഘാതം, കാലാവസ്ഥ വ്യതിയാനം എന്നീ പ്രതിഭാസങ്ങളെ എത്തരത്തിൽ തരണം ചെയ്യാമെന്നും ആയതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പ് പ്രധാനമായും ഊന്നൽ നൽകുന്ന പദ്ധതികൾ വനസംരക്ഷണം, വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും ഉൾപ്പെടുന്ന സംരക്ഷിത മേഖലയുടെ പരിചരണം, ശുഷ്കിച്ച പ്രദേശങ്ങളിലെ വനവൽക്കരണം, തോട്ടങ്ങൾ വച്ചുപിടിപ്പിക്കൽ, വനേതര ഭൂമിയിൽ സാമൂഹ്യവനവത്കരണ പദ്ധതികൾ നടപ്പിലാക്കുക, തടിയേതര വിഭവങ്ങളുടെ തൈ നട്ടുപിടിപ്പിക്കൽ, വനസംരക്ഷണത്തിനും വനപരിപാലനത്തിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുക, മണ്ണ്-ജല സംരക്ഷണത്തിന് ഉതകുന്ന തടയണ നിർമ്മാണം, വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ട, കയ്യാല, വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിന് സൗരോർജ്ജവേലി നിർമ്മാണം, കിടങ്ങ് കുഴിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ വനസംബന്ധമായ റിസർച്ച് എന്നിവയാണ്. കൂടാതെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളും ജീവനക്കാർക്കുള്ള ട്രെയിനിംഗും നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ വനമേഖലയുടെ മെച്ചപ്പെട്ട പരിപാലനം (വന സംരക്ഷണം) ലക്ഷ്യമാക്കി വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ എന്നീ പ്രവൃത്തികൾ ചെയ്തുവരുന്നു. വനാതിർത്തികളുടെ സർവ്വേ, അതിർത്തി വേർതിരിക്കൽ, സർവ്വേ നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങൽ ജണ്ടകളുടെയും ബണ്ടുകളുടെയും അറ്റകുറ്റപ്പണികൾ, വനാതിർത്തികളിൽ ബെൽറ്റ് പ്ലാന്റിംഗ് നടപ്പിലാക്കൽ എന്നീ പ്രവൃത്തികളാണ് വനാതിർത്തികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്. വനമേഖലയ്ക്ക് കാട്ടുതീയിൽ നിന്നും സംരക്ഷണം നൽകൽ, കളകൾ പറിച്ചുമാറ്റൽ, കഞ്ചാവുകൃഷി തടയൽ, വനമേഖലയിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ, വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്ക് സഹായം നൽകൽ മുതലായ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ചെക്ക് ഡാമുകളുടെയും കുളങ്ങളുടെയും നിർമ്മാണം, വനമേഖലയിലുള്ള വലിയ ജലാശയങ്ങളുടെ സംരക്ഷണം, ജൈവരീതികൾ ഉപയോഗിച്ചുള്ള നദീതടങ്ങളുടെ സംരക്ഷണം എന്നിവയാണ് ജലസംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന മറ്റ് പരിപാടികൾ.

വനസംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികളുടെ ഭാഗമായി വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. കൂടാതെ മറ്റ് പ്രോഗ്രാമുകളായ റാലികൾ, തെരുവ് നാടകങ്ങൾ, ഫിലിംഷോകൾ, എഫ്.എം. റേഡിയോയിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ, നോട്ടീസുകൾ തുടങ്ങിയവയുടെ വിതരണവും നടത്താറുണ്ട്.

മേൽ പ്രവൃത്തികൾക്കെല്ലാംകൂടി ഏകദേശം 26,055.41 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ വനമേഖലകളിൽ കാട്ടുതീ ഉണ്ടാകാനുള്ള പ്രധാന കാരണങ്ങൾ താഴെ വിവരിക്കുന്നവയാകുന്നു.

- ഫെബ്രുവരി മുതൽ മേയ് വരെയുള്ള ഒരു നീണ്ട കാലയളവിലെ അതിശക്തമായ ഉഷ്ണ കാലാവസ്ഥ.
- വേനൽക്കാലമായാൽ വനമേഖലയിലെ അടിക്കാടുകളും പുൽമേടുകളും ഉണങ്ങി തീ കത്താനുള്ള ഇന്ധനമായി മാറുന്നത്.
- ഏപ്രിൽ-മേയ് കാലയളവിൽ ലഭിക്കാറുള്ള വേനൽ മഴയുടെ അഭാവം.
- ജനവാസ സ്ഥലങ്ങളാൽ ഇടകലർന്ന് കിടക്കുന്ന വനപ്രദേശങ്ങളും വാസസ്ഥലങ്ങളുടെ സാമീപ്യവും
- ഇഴജന്തുക്കളിൽ നിന്നും രക്ഷനേടാൻ താമസസ്ഥലത്തിനടുത്തുള്ള ഉണങ്ങിയ കാട് കത്തിക്കുന്നത്.
- കൃഷി സ്ഥലങ്ങളിലേയ്ക്ക് കാട്ടുതീ പടരുന്നത് ഒഴിവാക്കുന്നതിന് മുൻകൂർ വനമേഖലയിൽ തീ ഇടുന്നത്.
- ചില പ്രാണികൾ പരത്തുന്ന രോഗങ്ങളിൽ നിന്നും രക്ഷനേടുന്നതിന് വനം കത്തിക്കുന്നത്. കാലിമേയ്ക്കുന്നതിന് പുതിയ പുല്ലിന്റെ നാമ്പ് ലഭ്യമാക്കാൻ വനമേഖലയ്ക്ക് സമീപമുള്ള കൃഷി സ്ഥലങ്ങളിലെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ചാരം ലഭ്യമാക്കുന്നതിന്.
- വനവിഭവങ്ങൾ ശേഖരിക്കുന്നതിലേയ്ക്ക് പരിസരം വൃത്തിയാക്കുന്നതിന് അടിക്കാട് കത്തിക്കുന്നത്.
- വനത്തിനുള്ളിലും സമീപത്തുംകൂടി സഞ്ചരിക്കുന്ന വ്യക്തികളുടെ അശ്രദ്ധമായ പ്രവൃത്തികൾ.
- മതപരമായ ആചാരങ്ങളുടെ ഭാഗമായി കാടുകത്തിക്കുന്നത്.

- വനം വകുപ്പ് ജീവനക്കാരോടുള്ള വിദ്വേഷം.

- പ്രതികാര ബുദ്ധിയോടെയുള്ള പ്രവൃത്തികൾ എന്നിവയാണ് പ്രധാനമായും കാട്ടുതീ ഉണ്ടാകാനുള്ള കാരണങ്ങൾ.

സംസ്ഥാനത്തെ കാട്ടുതീ തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു:

- വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യുന്ന 'ഫയർ മാനേജ്മെന്റ് പ്ലാൻ 'സർക്കിൾ തലത്തിൽ തയ്യാറാക്കുന്നുണ്ട്.

- കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരംതിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യുന്നു.

- കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവൃത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning), ഫയൽലൈൻ തെളിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഫയർ സീസണുമുമ്പായി ചെയ്യുന്നു.

- കാട്ടുതീയുണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ രൂപീകരിച്ചിട്ടുള്ള ഫയർ അലർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

- സ്ഥിരമായുള്ളതും താൽക്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവ്വറുകൾ സ്ഥാപിക്കുന്നു.

- കാട്ടുതീ തടയുന്നതിനും ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി നിയന്ത്രിക്കുന്നതിന് ഫയർ ഗ്യാങ്ങുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നതാണ്.

- കാട്ടുതീയുണ്ടായാൽ അടിയന്തരമായി എത്തുന്നതിന് വാഹന സൗകര്യം, വിവരം കൈമാറാൻ വയർലെസ്സ് സംവിധാനം, ടെലിഫോൺ, റോഡ് നെറ്റ്‌വർക്ക് എന്നിവ പ്രയോജനപ്പെടുത്തുന്നു.

- സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെ ബോധവാന്മാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവു നാടകങ്ങൾ,

ഫിലിം ഷോകൾ, എഫ്.എം. റേഡിയോയിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്.

- ജനപങ്കാളിത്തത്തോടുകൂടിയ കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിന് വി.എസ്.എസ്/ഇ.ഡി.സി. തുടങ്ങിയവയുടെ സഹായം ഉറപ്പുവരുത്തുന്നു.
- ഫ്രണ്ട് ലൈൻ സ്റ്റാഫുകൾക്ക് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകാറുണ്ട്.
- ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി ചെക്ക് ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തിവരുന്നു.
- കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- അഗ്നി പ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ ലഭ്യമാക്കുന്നതാണ്.
- കാട്ടുതീ പ്രതിരോധ പ്രതിരോധ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ വനം വകുപ്പ് ആസ്ഥാനത്ത് ഫയർ സീസണിൽ പ്രവർത്തിപ്പിക്കാറുണ്ട്.
- സ്റ്റേറ്റ് തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ & റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ, രൂപീകരിച്ച് പ്രവൃത്തികൾ വിലയിരുത്തുന്നു.

(സി) കേരളത്തെ സംബന്ധിച്ച് വനമേഖലയിൽ കാട്ടുതീ ഒരു ഭയാനക രീതിയിൽ ബാധിക്കാറില്ല. അടിക്കാടുകളും, പുൽമേടുകളും കത്തുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 24535 ഹെക്ടർ വനമേഖലയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്.

(ഡി) വനം വകുപ്പ് നേരിടുന്ന കത്തുന്ന പ്രശ്നങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കാട്ടുതീ. കേരളത്തിലെ കാലാവസ്ഥ, കാലവർഷം ദാനം ചെയ്യുന്ന

അതിശക്തമായ മഴയാൽ നനവാർന്ന ഉഷ്ണമേഖലാ കാലാവസ്ഥയാകുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെ ലഭിക്കുന്ന കാലവർഷമഴയും ഒക്ടോബർ മുതൽ ഡിസംബർ വരെ ലഭിക്കുന്ന തുലാവർഷ മഴയും ചേർന്ന് ശരാശരി ലഭിക്കുന്ന 3000 മില്ലീമീറ്റർ മഴ കേരളത്തെ സമ്പൽസമൃദ്ധമാക്കുന്നു. ചരിത്രപരമായി നോക്കിയാൽ കേരളത്തിലെ വനമേഖലകളെ കാട്ടുതീ ഒരു ഭയാനക രീതിയിൽ ബാധിക്കാറില്ല. അടിക്കാട്ടുകളും പുൽമേട്ടുകളും മാത്രം കത്തുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത്. 115 വർഷത്തിനിടയിൽ കേരളം കണ്ട അതികഠിനമായ വരൾച്ചയാണ് 2017-ലേത്. ടി വരൾച്ചയുമായി ബന്ധപ്പെട്ട് 28-10-2017-ൽ കൂടിയ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മീറ്റിംഗ് കേരളത്തിലെ 14 ജില്ലകളും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചു. 2018-ലും 2019-ലും കേരളത്തിൽ ഉണ്ടായ പ്രളയകെടുതി ഭയാനകമായിരുന്നു.

കേരളത്തിലെ വനമേഖലയും ജൈവവൈവിദ്ധ്യ സമ്പത്തും നേരിടുന്ന അതീവ ഗുരുതരമായ ഒരു വിപത്താണ് കാട്ടുതീ. കേരളത്തിൽ ഫെബ്രുവരി മുതൽ മേയ് വരെയാണ് ഏറ്റവും കൂടുതൽ ഉഷ്ണം അനുഭവപ്പെടുന്നത്. ടി കാലയളവാണ് കാട്ടുതീയെ സംബന്ധിച്ച് ഭീഷണിയുള്ള സമയം. കാട്ടുതീ മേൽമണ്ണ് ഒഴുകിപ്പോകുന്നതിന് ഇടവരുത്തുന്നുണ്ട്. ഇതുമൂലം മണ്ണിന്റെ ഫലഭൂയിഷ്ഠത, ജല ആഗിരണ ശേഷി, ജൈവ വൈവിദ്ധ്യങ്ങളുടെ വ്യാപ്തി എന്നിവയും കുറയുന്നു.

കാട്ടുതീയുടെ പ്രത്യാഘാതമായി ഉണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം, സൂര്യാഘാതം കാലാവസ്ഥാവ്യതിയാനം എന്നിവ നേരിടാനായി താഴെപ്പറയുന്ന നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നു.

വനമേഖലയിലെ ജലലഭ്യത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യമിട്ട് ചെക്ക് ഡാമുകൾ, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ് തുടങ്ങിയ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു.

പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽ കാട്ടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവത്കരണവും സംരക്ഷണവും നടപ്പിലാക്കിവരുന്നു.

വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വനസംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നു.

സ്വാഭാവികമായും കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം വനങ്ങളുടെ വളർച്ചയേയും പുനരുദ്ധാരണത്തെയും വനമേഖലയിലെ ജലലഭ്യതയേയും മറ്റും പ്രതികൂലമായി ബാധിക്കാനിടയുണ്ട്. ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി മേൽപ്പറഞ്ഞപോലെ ചെക്ക് ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും പ്രത്യേക മേഖലകളിൽ നടത്താറുണ്ട്. സ്വാഭാവിക വനങ്ങളുടെ ഉന്നമനത്തിനായി പുതിയ തൈകൾ വച്ചുപിടിപ്പിക്കലും നിലവിലുള്ളവയുടെ പരിപാലനവും നടത്തപ്പെടുന്നു.

**സംസ്ഥാനത്തെ വനവിസ്തൃതി**

87 (6160) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി എത്രയാണ്; ഇത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വനാതിർത്തികൾ വേർതിരിക്കുന്നതിന് ജണ്ടകൾ ആവശ്യമായ സ്ഥലങ്ങളിൽ കെട്ടുന്നതിനും, വനം കയ്യേറ്റം തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2017-18-ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുപ്രകാരം കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി 11521.813 ചതുരശ്ര കിലോമീറ്ററാണ്. ഇത് കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.65 ശതമാനമാണ്. ഇത് ദേശീയ ശരാശരിയായ 23.24 ശതമാനത്തേക്കാൾ കൂടുതലാണ്.

(ബി) സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനും ജൈവസംരക്ഷണത്തിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആറ് നാഷണൽ പാർക്കുകളും 17 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവ്വും നിലവിലുണ്ട്. ടി നാഷണൽ പാർക്കുകളിലും വന്യജീവി സങ്കേതങ്ങളിലും കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടി പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ജൈവവൈവിദ്ധ്യ

സംരക്ഷണമാണ് ടി പദ്ധതികളുടെയെല്ലാം മുഖ്യലക്ഷ്യം. കൂടാതെ കൺസർവേഷൻ ഓഫ് ബയോ ഡൈവേഴ്സിറ്റി എന്ന പദ്ധതിയും സംസ്ഥാനത്ത് നിലവിലുണ്ട്. പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ, നീലഗിരി ബയോസ്പിയർ റിസർവ്, അഗസ്ത്യമല ബയോസ്പിയർ റിസർവ് തുടങ്ങിയ പദ്ധതികളുടെ കീഴിലും ജൈവവൈവിദ്ധ്യ സംരക്ഷണം നടപ്പാക്കിവരുന്നു. ടെറിട്ടോറിയൽ ഡിവിഷനുകളിൽ ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഗ്രീൻ ഇന്ത്യ മിഷന്റെ കീഴിൽ വനസംരക്ഷണ സമിതികളുടെ സഹായത്തോടുകൂടി ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ചെയ്തു വരുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ വനമേഖലകളിലും കാട്ടുതീ സംരക്ഷണപ്രവർത്തനങ്ങളും നടപ്പാക്കുന്നു. ശോഷിത വനമേഖലകളിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങളും ചെയ്യുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ജണ്ടകെട്ടി വനം സംരക്ഷിക്കുന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമയബന്ധിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 15533-കിലോമീറ്ററോളം വനാതിർത്തി 31-3-2019 വരെ ജണ്ടകെട്ടി വേർതിരിച്ച് കഴിഞ്ഞിട്ടുണ്ട്.1-4-2019-ൽ ജണ്ട കെട്ടി തിരിക്കാനായി ഉദ്ദേശം 1313 കി.മീ.അവശേഷിക്കുന്നു. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായി, 2016-17-ൽ 12500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി) 2017-18 ൽ 14416 ജണ്ടകളും (ഉദ്ദേശം 680 കി.മീ.വനാതിർത്തി) 2018-19-ൽ 14618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. ഈ വർഷം (2019-20), 14000 ജണ്ടകൾ (ഉദ്ദേശം 660 കി.മീറ്റർ) സ്ഥാപിച്ച് വനാതിർത്തി വേർതിരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1-4-2020-ൽ അവശേഷിക്കുന്നതായി കണക്കാക്കുന്ന 653 കി.മീറ്റർ വനാതിർത്തികളിൽ കോടതി സ്റ്റേകളില്ലാത്ത ഭാഗങ്ങളിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വനം കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവത്കരണ പരിപാടികൾ

സംഘടിപ്പിച്ചും വനാതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ/കയ്യാലകൾ നിർമ്മിച്ചും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനാതിർത്തി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം 46.98696 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| വനം സർക്കിൾ | ഒഴിപ്പിച്ച വനഭൂമിയുടെ വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| സതേൺ സർക്കിൾ | 0.81 |
| ഹൈറേഞ്ച് സർക്കിൾ | 3.86 |
| സെൻട്രൽ സർക്കിൾ | 0.0234 |
| ഈസ്റ്റേൺ സർക്കിൾ | 22.8395 |
| നോർത്തേൺ സർക്കിൾ | 18.24 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 0 |
| വൈൽഡ് ലൈഫ് പാലക്കാട് | 1.21406 |
| ആകെ | 46.98696 |

## വനം-റവന്യൂ അതിർത്തികൾ വേർതിരിക്കൽ

88 (6161) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം - റവന്യൂ അതിർത്തികൾ തിരിക്കാത്തതുമൂലം നിരവധി സ്ഥലങ്ങളിൽ നികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് വനം - റവന്യൂ വകുപ്പുകൾ തമ്മിൽ പ്രശ്നങ്ങൾ ഉള്ളത്; വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ 1-1-1977-ന ശേഷം സ്വകാര്യ വ്യക്തികൾ വനഭൂമി കയ്യേറിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ ആലപ്ര, പൊന്തൻപുഴ എന്നീ പ്രദേശങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന MSA 1/81 കേസ്സിൽ ഏതെല്ലാം സ്ഥലങ്ങൾ/സർവ്വേ നമ്പരുകൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ.എഫ്.എൽ. നിക്ഷിപ്തവനം ഉൾപ്പെടെ വനഭൂമി സംബന്ധമായി വിവിധ കോടതികളിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിലും വനം കയ്യേറ്റം നിലനിൽക്കുന്ന സ്ഥലങ്ങളിലും വനം-റവന്യൂ സംയുക്ത പരിശോധന പൂർത്തിയാകാത്ത സ്ഥലങ്ങളിലും വന അതിർത്തി നിർണ്ണയിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്.

(ബി) നോർത്ത് വയനാട് ഡിവിഷനിലെ പേര്യ, കാഞ്ഞിരങ്ങാട്, തൊണ്ടർനാട്, മാനന്തവാടി, തൃശ്ശിലേരി വില്ലേജുകളിൽ ഇ.എഫ്.എൽ. നിയമപ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയുമായി അതിര് പങ്കിടുന്ന സ്ഥലങ്ങളിൽ ഇത്തരത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. സൗത്ത് വയനാട് ഡിവിഷനുകീഴിലെ കൽപ്പറ്റ റെയ്ഞ്ചിൽ കൽപ്പറ്റ സെക്ഷൻ പരിധിയിൽവരുന്ന വൈത്തിരി താലൂക്ക്, കുന്നത്തിടവക വില്ലേജിലെ മണ്ടമലഭാഗത്ത് ഇ.എഫ്.എൽ. വനാതിർത്തികളിലും പടിഞ്ഞാറെത്തറ സെക്ഷൻ പരിധിയിൽ വരുന്ന പടിഞ്ഞാറെത്തറ വില്ലേജിലെ കാപ്പിക്കളം, നായ്മൂല ഭാഗത്തെ നിക്ഷിപ്ത വനാതിർത്തികളിലും മേൽപ്പടി റെയ്ഞ്ചിലെ കോട്ടപ്പടി, മൂപ്പയിനാട്, വെള്ളരിമല, തൃക്കൈപ്പറ്റ എന്നീ വില്ലേജുകളിലും ചെതലത്ത് റെയ്ഞ്ചിലെ ഇരുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന ഇരുളം വില്ലേജിലെ അങ്ങാടിശ്ശേരിയിലും നികുതി സ്വീകരിക്കാത്ത പ്രശ്നം നിലനിൽക്കുന്നുണ്ട്. കാസർഗോഡ് ഡിവിഷനിലെ കാഞ്ഞങ്ങാട് റെയ്ഞ്ചിൽപ്പെട്ട സർവ്വേ നമ്പർ 588/2- ൽ പ്പെട്ട വി.എഫ്.സി.ഐറ്റം നമ്പർ 54 പ്രാക്കാൽ എന്ന സ്ഥലത്തും ഇത്തരത്തിൽ പ്രശ്നം നിലനിൽക്കുന്നുണ്ട്.

സൈലന്റ് വാലി ഡിവിഷനിലെ സൈലന്റ് വാലി റെയ്ഞ്ചിലെ ഉപ്പുകുളം, അമ്പലപ്പാറ, കൽക്കുണ്ട് എന്നീ സ്ഥലങ്ങളിൽ വനം-റവന്യൂ അതിർത്തി പങ്കിടുന്നുണ്ട്. ടി സ്ഥലങ്ങളിൽ വനം-റവന്യൂ അതിർത്തികൾ തിരിക്കാത്തതുമൂലം വനഭൂമിയോട് ചേർന്ന് കിടക്കുന്നതും വനഭൂമി ഉൾപ്പെടുന്ന സർവ്വേ നമ്പരിൽപ്പെട്ടതുമായ സ്വകാര്യ സ്ഥലങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിനും നികുതി സ്വീകരിക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെട്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾക്ക് നികുതി സ്വീകരിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമായി വനം വകുപ്പിൽ നിന്നും നിരാക്ഷേപപത്രം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചുവരികയും ആയതിൽ യഥാസമയത്ത് തീർപ്പുകല്പിക്കുകയും ചെയ്യുന്നുണ്ട്.

കൂടാതെ നിലമ്പൂർ നോർത്ത് ഡിവിഷൻ പരിധിയിലുള്ള ഊർങ്ങാട്ടിരി, എടവണ്ണ, വെറ്റിലപ്പാറ, പെരകമണ്ണ, പുള്ളിപ്പാടം, വഴിക്കടവ് എന്നീ വില്ലേജുകളിലെ ചില പ്രദേശങ്ങളിലും നികുതി സ്വീകരിക്കുന്നതിൽ പ്രശ്നങ്ങളുണ്ട്.

(സി) 1-1-1977-നുശേഷം 31-3-2017 വരെ ടി സ്ഥലങ്ങളിൽ വനഭൂമി കയ്യേറിയിട്ടുള്ളതിന്റെയും ഒഴിപ്പിച്ചിട്ടുള്ളതിന്റെയും ഇനിയും ഒഴിപ്പിക്കാനുള്ള തിന്റെയും ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | ഡിവിഷൻ | കയ്യേറിയ വനവിസ്തൃതി (ഹെക്ടറിൽ) | കയ്യേറ്റം ഒഴിപ്പിച്ചവ (ഹെക്ടറിൽ) | ഒഴിപ്പിക്കേണ്ട വനവിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | മണ്ണാർക്കാട് | 2789.2233 | 88.8882 | 2700.3351 |
| 2 | നിലമ്പൂർ നോർത്ത് | 713.3659 | 30.8408 | 682.5251 |
| 3 | വയനാട് നോർത്ത് | 271.7400 | 99.8200 | 171.9200 |
| 4 | വയനാട് സൗത്ത് | 1259.2606 | 57.7633 | 1201.4973 |
| 5 | കണ്ണൂർ | 12.7484 | 1.7244 | 11.0240 |

(ഡി) എം.എസ്.എ. 1/81 കേസിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല വില്ലേജിൽപ്പെട്ട ആലപ്ര പ്രൊപ്പോസ്ഡ് റിസർവ് വനത്തിന്റെ ഭാഗങ്ങളും പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിൽപ്പെട്ട വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ് വനത്തിന്റെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

## വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ

89 (6162) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് നിലവിൽ തീർപ്പാകാതെ കിടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കൃത്യമായ വനാതിർത്തി നിർണയിക്കപ്പെടാത്തതുകാരണം പൊതുജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിൽ വനഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുമായി ബന്ധപ്പെട്ട 1367 കേസുകളാണ് നിലവിൽ തീർപ്പാകാതെ കിടക്കുന്നത്. സർക്കിൾ തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

| സർക്കിൾ | തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം |
|---|---|
| സതേൺ സർക്കിൾ | 35 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 60 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 63 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 832 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 288 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 76 |
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | 11 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 2 |
| ആകെ | 1367 |

(ബി) വനാതിർത്തി കൃത്യമായ നിർണ്ണയിക്കപ്പെടാത്ത സ്ഥലങ്ങളിൽ സമീപത്ത് ഭൂമി ഉള്ളവർക്ക് പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ.എഫ്.എൽ. നിക്ഷിപ്തവനം ഉൾപ്പെടെ വനഭൂമി സംബന്ധമായി വിവിധ കോടതികളിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിലും, വനം കയ്യേറ്റം നിലനിൽക്കുന്ന സ്ഥലങ്ങളിലും വനം-റവന്യൂ സംയുക്ത പരിശോധന പൂർത്തിയാകാത്ത സ്ഥലങ്ങളിലും വനാതിർത്തി നിർണ്ണയിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇത്തരം വനാതിർത്തികൾ പുനർനിർണ്ണയം ചെയ്ത് അതിർത്തിയിൽ ജണ്ടകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതു ജനങ്ങളുടെ അപേക്ഷകളിൽ വനം വകുപ്പിൽനിന്നും സ്ഥലം പരിശോധിച്ച് എൻ.ഒ.സി. നൽകിവരുന്നുമുണ്ട്.

(സി) വനഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേസുകളുമായി ബന്ധപ്പെട്ട് കോടതികളിൽ സമർപ്പിക്കേണ്ട കാര്യവിവരണ പത്രികകളും രേഖകളും യഥാസമയം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കോടതി നിർദ്ദേശിക്കുന്ന തീരുമാനങ്ങളും ഉത്തരവുകളും യഥാസമയം നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ കൺവീനർമാർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

90 (6163) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് പ്രദേശങ്ങളിൽ ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ കൺവീനർമാർ മുഖേന നടപ്പിലാക്കുന്നത്;

(ബി) അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ കൺവീനർ മുഖേനയാണോ നടപ്പിലാക്കുന്നത്;

(സി) പ്രസ്തുത കൺവീനർമാരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ഫോറസ്റ്റ് റേഞ്ചിന് കീഴിലും നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സ്ഥിരമായി ഒരേ കൺവീനർ തന്നെ തുടരുന്നത് അഴിമതിക്ക് കാരണമാകുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് എന്ത് പരിഹാരമാണ് കാണാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വനം വകുപ്പിൽ നിലവിൽ കൺവീനർ മുഖേന യാതൊരു പ്രവൃത്തിയും നടപ്പിലാക്കുന്നില്ല.

## മലയോര ഹൈവേ

91 (6164) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയിൽ കൂടി കടന്നു പോകുന്ന മലയോര ഹൈവേയുടെ നിർമ്മാണത്തിന് മുഖ്യ തടസ്സമായി നിൽക്കുന്നത് വനഭൂമി വിട്ടുനൽകുന്നതിനുള്ള തടസ്സമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലയോര ഹൈവേയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സം നിൽക്കുന്ന വനം വകുപ്പിന്റെ കടുംപിടുത്തം അവസാനിപ്പിച്ച് പണി പൂർത്തിയാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനഭൂമി വിട്ടുകിട്ടുന്നതിനായി ബന്ധപ്പെട്ട യൂസർ ഏജൻസി ഓൺലൈനായി അപേക്ഷിച്ച് 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ട്. പരിഹാര

വനവൽക്കരണത്തിനായി തത്തുല്യമായ വനേതരഭൂമിയും യൂസർ ഏജൻസി വനം വകുപ്പിനെ ഏൽപ്പിക്കേണ്ടതും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. എന്നാൽ, ഇതുവരെ പരിഹാര വനവൽക്കരണത്തിനായി തത്തുല്യമായ ഭൂമി കണ്ടെത്തി വനം വകുപ്പിനെ ഏൽപ്പിക്കുന്നതിന് യൂസർ ഏജൻസി ശ്രമിച്ചിട്ടില്ലാത്തതാണ്.

(ബി) വനം വനേതരാവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിന് ഭാരത സർക്കാരിന്റെ വന (സംരക്ഷണ) നിയമം 1980 പ്രകാരം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല മുതൽ കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് വരെ നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 66.20 ഹെക്ടർ വനഭൂമി വകമാറ്റേണ്ടിവരുമെന്ന് പൊതുമരാമത്ത് വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ആയതിൽ 38.342 ഹെക്ടർ വനഭൂമി വിട്ടു കിട്ടുന്നതിനായി 12 പ്രൊപ്പോസലുകൾ ഭാരത സർക്കാരിന്റെ www.parivesh.nic.in എന്ന വെബ്പോർട്ടലിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ തുടർച്ചയായ വനമേഖലയിൽ ഭാരത സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി (Hand Book 2019 Para 2.2 (iii))ഒന്നിലധികം പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളതിൽ ന്യൂനതകൾ പരിഹരിച്ച് പ്രൊപ്പോസൽ തിരികെ സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ 12 പ്രൊപ്പോസലുകളിൽ ന്യൂനത പരിഹരിച്ച് തിരികെ സമർപ്പിച്ച രണ്ട് പ്രൊപ്പോസലുകളിൽ വന (സംരക്ഷണ) നിയമം 1980 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരികയാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആവശ്യമായ തിരുത്തലുകൾ പ്രൊപ്പോസലിൽ വരുത്തി, ന്യൂനതകൾ പരിഹരിച്ച പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മലയോര ഹൈവേയുമായി ബന്ധപ്പെട്ട് വനഭൂമി വിട്ട് നൽകുന്ന പ്രക്രിയ

92 (6165) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുമായി ബന്ധപ്പെട്ട് വനഭൂമി വിട്ട് നൽകുന്ന പ്രക്രിയയുടെ നടപടിക്രമം ഏത് വരെയായി; പ്രസ്തുത നടപടിക്രമം വേഗത്തിലാക്കാൻ സ്വീകരിച്ച കാര്യങ്ങൾ വിശദമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിലൂടെ കടന്ന് പോകുന്ന മലയോര ഹൈവേയുമായി ബന്ധപ്പെട്ട് വനഭൂമി വിട്ട് നൽകുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകൾ അറിയിക്കാമോ?

**ഉത്തരം**

(എ) കേരള സംസ്ഥാനത്ത് മലയോര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. ദൂരത്തിൽ നിർമ്മിക്കുവാൻ നിശ്ചയിച്ചിട്ടുള്ള നിർദ്ദിഷ്ട മലയോര ഹൈവേയ്ക്ക് ആവശ്യമായ വനഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് Forest (Conservation) Act 1980 പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥ മന്ത്രാലയത്തിന്റെ അനുമതി തേടുന്നതിനുള്ള പ്രൊപ്പോസൽ ഓൺലൈനായി സമർപ്പിക്കുകയും, പ്രാഥമിക പരിശോധനയിൽ തുടർച്ചയായ വനമേഖലയിത്തന്നെ ഒന്നിലധികം അപേക്ഷകൾ സമർപ്പിച്ചതിനാൽ കേന്ദ്ര സർക്കാരിന്റെ Hand Book Para 2.2(iii) പ്രകാരമുള്ള ഭേദഗതി വരുത്തി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട മലയോര ഹൈവേയ്ക്കായി 66.2 ഹെക്ടർ വനഭൂമി ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുള്ളതും, നാളിതുവരെ കേന്ദ്ര അനുമതിക്കായി 12 പ്രൊപ്പോസലുകളിലായി 38.342 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. കോമ്പൻസേറ്ററി അഫോറസ്റ്റേഷനായി തത്തുല്യമായ വിസ്തൃതിയിലുള്ള ഭൂമി യൂസർ ഏജൻസി കണ്ടെത്തി വനം വകുപ്പിന് നൽകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം തത്തുല്യമായ വിസ്തൃതിയിലുള്ള ഭൂമി കണ്ടെത്തി നൽകുന്നതിൽ യൂസർ ഏജൻസിയുടെ ഭാഗത്തുനിന്നും നടപടികൾ ഇതുവരെയുമെടുത്തിട്ടില്ല.

(ബി) നിലമ്പൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ഓൺലൈനായി (FP/KL/R oad/ 38931/2019) 1.7651844 ഹെക്ടർ വനഭൂമി വിട്ടു നൽകുന്നതിനായി പ്രൊപ്പോസൽ നിയമപ്രകാരമുള്ള പരിശോധനയ്ക്കും റിപ്പോർട്ടിനുമായി നിലമ്പൂർ (നോർത്ത്/സൗത്ത്) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(സി) മേൽ പ്രൊപ്പോസൽ www.parivesh.nic.in വെബ് പോർട്ടലിൽ ഓൺലൈനിലാണ് സമർപ്പിച്ചിട്ടുള്ളത്. (FP/KL/Road/38931/2019)

**പട്ടാദാർമാർക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച ചർച്ച**

93 (6166) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ പട്ടയം ലഭിച്ചശേഷം കർഷകർ നട്ടുവളർത്തിയതും അല്ലാത്തതുമായ മരങ്ങൾ മുറിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് പട്ടാദാർമാർക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 3-9-2019-ന് വനം വകുപ്പുമന്ത്രിയുടെ ചേമ്പറിൽ റവന്യൂ വകുപ്പുമന്ത്രി, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ അടക്കം ചേർന്ന യോഗത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ബി) 1964-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം നൽകിയതിനുശേഷം പ്രസ്തുത പട്ടയ സ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചതും സ്വമേധയാ കിളിർത്തതുമായ മരങ്ങളുടെ ഉടമസ്ഥാവകാശം പട്ടാദാർമാർക്ക് നൽകുന്നതിനുവേണ്ടി വിശദീകരണ എസ്.ആർ.ഒ. റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മീറ്റിംഗിൽ 1964 -ലെ ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ചശേഷം കർഷകർ നട്ടുപിടിപ്പിച്ചതും സ്വമേധയാ കിളിർത്തതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർക്ക് നൽകുന്നതിന് കേരള ലാന്റ് അസൈൻമെന്റ് റൂൾസ് 1964- ലെ ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ റവന്യൂവകുപ്പിൽ നിന്നും സ്വീകരിക്കുന്നതിന് തീരുമാനമെടുത്തതിൽ വനം വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വനം-റവന്യൂ വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 18-7-2019-ലും 3-9-2019-ലും ചർച്ചകൾ നടത്തുകയും, ആയതിൽ പട്ടയസ്ഥലങ്ങളിൽ പട്ടയം ലഭ്യമായതിനുശേഷം പട്ടാദാർമാർ നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർക്ക് നൽകുന്നതിനായി തുടർനടപടി റവന്യൂ വകുപ്പ് സ്വീകരിക്കാൻ ധാരണയാകുകയുമുണ്ടായി.

(ബി) പട്ടയ ഭൂമിയിലെ മരംമുറി സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനായി 1964- ലെ കേരള ഭൂപതിവ് ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള കരട് നോട്ടിഫിക്കേഷൻ അടിയന്തരമായി തയ്യാറാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 1960-ലെ The Kerala Land Assignment Act-ന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിനുശേഷം ടി പട്ടയ സ്ഥലത്ത് നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർമാർക്ക് നൽകുന്നതിനായുള്ള വിഷയം പരിശോധിച്ച് ശിപാർശ സമർപ്പിക്കാൻ സർക്കാർ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മറയൂരിലെ ചന്ദനമരങ്ങൾ**

94 (6167) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂരിലെ ചന്ദനമരങ്ങൾ മോഷണം പോകുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; നിലവിൽ പ്രസ്തുത ഡിവിഷനിൽ എത്ര ജീവനക്കാരുണ്ട്; വ്യക്തമാക്കാമോ;

(സി) മറയൂരിലെ ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണോ; ഇല്ലെങ്കിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; അറിയിക്കാമോ;

(ഡി) മറയൂരിൽ ഈ വർഷം എത്ര ഒ.ആർ.കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര ലക്ഷം രൂപയുടെ ചന്ദന മരങ്ങളാണ് നഷ്ടപ്പെട്ടതെന്നും എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മറയൂരിലെ ചന്ദനമര സംരക്ഷണം പൊതുവെ തൃപ്തികരമാണെങ്കിലും ചന്ദനമരങ്ങളുടെ മോഷണം കുറഞ്ഞതോതിൽ സംഭവിക്കുന്നുണ്ട്. മറയൂർ സാൻഡൽ ഡിവിഷനിൽ ഈ വർഷം ഇതുവരെയായി 8 ചന്ദനമരങ്ങളും രണ്ട് ചന്ദന ശിഖരങ്ങളും 7 ചന്ദനക്കുറ്റികളും മോഷണം പോയിട്ടുള്ളതാണ്.

(ബി) 64.1578 ച.കി.മി. വിസ്തൃതിയുള്ള മറയൂർ സാൻഡൽ ഡിവിഷനിലെ ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിനായി നാല് ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുള്ളതാണ്. ചന്ദന റിസർവ്വുകളുടെ സംരക്ഷണത്തിനായി 20.05 കി.മീറ്റർ ദൂരത്തിൽ ചെയിൻ ലിങ്ക്ഡ് വേലി നിർമ്മിച്ചിട്ടുണ്ട്. ഫീൽഡ് ജീവനക്കാരും താൽക്കാലിക സംരക്ഷണ വാച്ചർമാരും രാവും പകലും പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ കേസന്വേഷണത്തിനായി ഡോഗ് സ്ക്വാഡിന്റെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു.

നിലവിൽ മറയൂർ ഡിവിഷനിൽ ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്ന് ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർ, നാല് ഡെപ്യൂട്ടി ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർ, 16 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 52 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 54 ട്രൈബൽ വാച്ചർമാർ, മൂന്ന് ഫോറസ്റ്റ് വാച്ചർമാർ, ഏഴ് ഡ്രൈവർമാർ കൂടാതെ ഓഫീസ് പ്രവർത്തനങ്ങൾക്കായി ഒരു സീനിയർ സൂപ്രണ്ട്, ഒരു ഹെഡ് അക്കൗണ്ടന്റ്, എട്ട് ക്ലാർക്കുമാർ, നാല് ഓഫീസ് അറ്റൻഡന്റുമാർ, ഒരു ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, ഏഴ് പാർട്ട് ടൈം സ്വീപ്പർമാർ എന്നിങ്ങനെ ആകെ 162 സ്ഥിരം ജീവനക്കാരുണ്ട്.

(സി) മറയൂരിലെ ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണ്. 64 ച.കി.മാത്രം വിസ്തൃതിയുള്ള മറയൂർ സാൻഡൽ ഡിവിഷനിൽ ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്ന് ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർ, നാല് ഡെപ്യൂട്ടി ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർ, 16 സെക്ഷൻ ഓഫീസർമാർ 52 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 54 ട്രൈബൽ വാച്ചർമാർ, മൂന്ന് ഫോറസ്റ്റ് വാച്ചർമാർ, ഏഴ് ഡ്രൈവർമാർ എന്നിങ്ങനെ സ്ഥിരം സ്റ്റാഫിന്റെ അനുവദിച്ച തസ്തികകളുണ്ട്.

ചന്ദനം കൂടുതലായതുകൊണ്ട് 1460 ഹെക്ടറിൽ മാത്രമാണ് താൽക്കാലിക വാച്ചർമാരെ നിയമിച്ചുവരുന്നുണ്ട്. കൂടാതെ വന സംരക്ഷണ സമിതികളും ചന്ദന സംരക്ഷണത്തിന് സഹായിക്കുന്നു.

(ഡി) മറയൂർ സാൻഡൽ ഡിവിഷനിൽ ഈ വർഷം ഇതുവരെയായി എട്ട് ചന്ദനമരങ്ങളും രണ്ട് ചന്ദനശിഖരങ്ങളും ഏഴ് ചന്ദനക്കുറ്റികളും മോഷണം പോയിട്ടുള്ളതാണ്. ആയതിൽ ആകെ 15 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 1,22,750 രൂപയുടെ സർക്കാർ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി കേസുകളുമായി ബന്ധപ്പെട്ട് 24 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 266 കിലോഗ്രാം ചന്ദനവും 323 കിലോഗ്രാം ചന്ദനപ്പൊടിയും 416 കിലോഗ്രാം ചന്ദന ചിപ്സും പിടിച്ചെടുത്തിട്ടുള്ളതാണ്.

## വനഭൂമിയുടെ വിസ്തീർണ്ണവും വനപരിപാലനവും

95 (6168) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം നിലവിൽ എത്രയാണെന്നും പത്ത് വർഷം മുമ്പ് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) സർക്കാർ കണക്കുകൾ പ്രകാരം എത്ര ഹെക്ടർ വനഭൂമി കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുണ്ടെന്നും, ഈ സർക്കാർ കാലയളവിൽ എത്രത്തോളം കയ്യേറ്റം കണ്ടെത്താൻ കഴിഞ്ഞുവെന്നും, ആയതിൽ ഭാഗഭാക്കായ എത്രപേരെ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) വനപരിപാലനത്തിനും വനാരോഗ്യം കാത്തുസൂക്ഷിക്കുന്നതിനും, ആയതുവഴി വനാശ്രിതരുടേയും സമീപസ്ഥരുടേയും ജീവിതാഭിവൃദ്ധിക്കുമായി വനം വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18-ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുപ്രകാരം കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി, 11521.813 ചതുരശ്ര കിലോമീറ്ററാണ്. പത്ത് വർഷം മുമ്പ് (31-3-2008) വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുപ്രകാരം കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി, 11033.3876 ചതുരശ്ര കിലോമീറ്ററാണ്.

(ബി) സർക്കാർ കണക്കുകൾപ്രകാരം 1977 ജനുവരി 1-ന് ശേഷം 31-3-2017 വരെ കയ്യേറിയ 11917.8952 ഹെക്ടർ വനഭൂമിയിൽ 4628.5575 ഹെക്ടർ ഒഴിപ്പിച്ചിട്ടുള്ളതും, ഒഴിപ്പിക്കുവാനുള്ളതായി 7289.3377 ഹെക്ടർ ഉള്ളതുമാണ്. ആയതിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി 1 ആയി ചേർക്കുന്നു*.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയ കയ്യേറ്റവും ആയതിൽ ഭാഗഭാക്കായവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി 2 ആയി ചേർക്കുന്നു*.

(സി) വനപരിപാലനത്തിനും വനാരോഗ്യം കാത്തുസൂക്ഷിക്കുന്നതിനും വനം വകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനും ജൈവ സംരക്ഷണത്തിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആറ് നാഷണൽ പാർക്കുകളും 17 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവ്വും നിലവിലുള്ളതാണ്. ടി നാഷണൽ പാർക്കുകളിലും വന്യജീവി സങ്കേതങ്ങളിലും കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ജൈവവൈവിദ്ധ്യ സംരക്ഷണമാണ് ടി പദ്ധതികളുടെയെല്ലാം മുഖ്യലക്ഷ്യം. കൂടാതെ കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി എന്ന പദ്ധതിയും സംസ്ഥാനത്ത് നിലവിലുണ്ട്. പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ, നീലഗിരി ബയോസ്ഫിയർ റിസർവ് അഗസ്ത്യാമല ബയോസ്പിയർ റിസർവ് തുടങ്ങിയ പദ്ധതികളുടെ കീഴിലും ജൈവവൈവിദ്ധ്യ സംരക്ഷണം നടപ്പാക്കിവരുന്നു. ടെറിട്ടോറിയൽ ഡിവിഷനുകളിൽ ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവത്തിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഗ്രീൻ ഇന്ത്യ മിഷന്റെ കീഴിൽ വനസംരക്ഷണ സമിതികളുടെ സഹായത്തോടുകൂടി ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ വനമേഖലകളിലും കാട്ടുതീ സംരക്ഷണപ്രവർത്തനങ്ങളും നടപ്പാക്കുന്നു. ശോഷിത വനമേഖലകളിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങളും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഉപയോഗിച്ച് പങ്കാളിത്ത വനപരിപാലനത്തിൻകീഴിൽ ജനപങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇങ്ങനെ നാഷണൽ അഫോറസ്റ്റേഷൻ & ഇക്കോ ഡെവലപ്മെന്റ് ബോർഡ്, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ്, നാഷണൽ ബാംബൂ മിഷൻ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് തുടങ്ങിയ ഏജൻസികളുടെ ധനസഹായത്തോടെയുള്ള വിവിധ വനപരിപാലന പരിപാടികൾ പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി കേരളത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി ടെറിട്ടോറിയൽ വനം ഡിവിഷനുകളിൽ വനസംരക്ഷണ സമിതികളും, വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടുന്ന സംരക്ഷിത മേഖലകളിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ 400 വനസംരക്ഷണ സമിതികളും 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ച് ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ വിഭാഗം വഴി നടപ്പാക്കുന്ന വനവത്കരണ പ്രവർത്തനങ്ങളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിലും കുറ്റകൃത്യങ്ങൾ തടയുന്ന പ്രവർത്തനങ്ങളിലും വനസംരക്ഷണ സമിതി/ഇ.ഡി.സി.-കളുടെ സജീവ പങ്കാളിത്തം ഉണ്ടാകുന്നുണ്ട്. കൂടാതെ വനത്തിനുള്ളിലെ വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനും വനത്തിനുള്ളിൽ നടക്കുന്ന നിയമവിരുദ്ധനടപടികൾ നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെയും ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ വനം, പോലീസ്, റവന്യൂ, ട്രൈബൽ ഡെവലപ്മെന്റ് എന്നീ വകുപ്പുകളും വനസംരക്ഷണ സമിതികളും പരിസ്ഥിതി സംരക്ഷണ സമിതികളും സർക്കാരിതര സംഘടനകളും ഉൾപ്പെടുന്ന വനമേഖല ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവഴി വനസംരക്ഷണവും ടി പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കാനും സാധിക്കുന്നു.

വന്യജീവികളിൽ നിന്നും കൃഷിനാശമുണ്ടാകുന്നത് കുറയ്ക്കാനായി അതിർത്തികളിൽ സോളാർ ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ നിർമ്മിച്ചുവരുന്നു. വന്യജീവികൾ മുഖേനയുള്ള ജീവഹാനിക്കും, കൃഷിനാശത്തിനും നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്.

## രാമഗിരി കോട്ടയിൽ ഇക്കോ ടൂറിസം പദ്ധതി

96 (6169) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ വനം വകുപ്പിന് കീഴിലുള്ള രാമഗിരി കോട്ട കേന്ദ്രീകരിച്ച് ഇക്കോ ടൂറിസം പദ്ധതികളുടെ സാദ്ധ്യതയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) ഈ കോട്ടയുടെ ഭൂമിയിൽ അനധികൃതമായ കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോട്ടയുടെ ചരിത്രപ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ആയത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ഡിവിഷൻ പരിധിയിൽ വരുന്ന ഒറ്റപ്പാലം റേഞ്ചിലെ പട്ടാമ്പി സെക്ഷനുകീഴിലുള്ള രാമഗിരികോട്ട കേന്ദ്രീകരിച്ച് ഇക്കോ ടൂറിസം പദ്ധതി പരിഗണനയിലില്ല.

(ബി) ഈ സ്ഥലത്ത് അനധികൃതമായ കയ്യേറ്റങ്ങൾ നിലവിലില്ല.

(സി) രാമഗിരികോട്ട മലവാരം നിക്ഷിപ്ത വനഭൂമിയായി സംരക്ഷിച്ചുവരുന്നുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയ്ക്ക് വനം വകുപ്പ് അനുമതി

97 (6170) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ കോതമംഗലം മണ്ഡലത്തിലൂടെ കടന്ന് പോകുന്ന തടസ്സപ്പെട്ട് കിടന്നിരുന്ന പണി പുനരാരംഭിച്ചെങ്കിലും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തടസ്സം സൃഷ്ടിച്ചിരിക്കുന്നതിനാൽ പ്രവൃത്തി മുന്നോട്ടുകൊണ്ട് പോകുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമൂലം ആറാം മൈൽ മുതൽ കുറത്തിക്കുടി വരെ വരുന്ന 16 കി.മീ ദൂരത്തിൽ 9 കി.മീ ദൂരം മാത്രമേ റോഡ് നിർമ്മാണം നടന്നിട്ടുള്ളൂ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ആറാം മൈൽ മുതൽ എളബ്ലാശ്ശേരി കമ്മ്യൂണിറ്റി ഹാൾ വരെയുള്ള 9 കി.മീ. ദൂരം കഴിഞ്ഞ് കുറത്തിക്കുടി വരെ വരുന്ന 7 കി.മീ. ദൂരത്തെ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണവും ഇതാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) കോതമംഗലം മണ്ഡലത്തിൽ ഇനി പൂർത്തീകരിക്കാനുള്ള എളബ്ലാശ്ശേരി മുതൽ കുറത്തിക്കുടി വരെയുള്ള നിർമ്മാണം കൂടി പൂർത്തീകരിച്ചാൽ പ്രസ്തുത മലയോര ഹൈവേ സഞ്ചാര യോഗ്യമാകുമെന്നത് കണക്കിലെടുത്ത്, സാങ്കേതിക പ്രശ്നങ്ങളും മറ്റ് തടസ്സങ്ങളും മാറ്റി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു വേണ്ട നടപടി വനം വകുപ്പ് സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം ഫോറസ്റ്റ് ഡിവിഷനിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയ്ക്കുവേണ്ടി പ്രൊപ്പോസ് ചെയ്തിരുന്ന വനത്തിലൂടെയുള്ള അലൈൻമെന്റ് അഭിലഷണീയമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. എൻ.എച്ച്-85 ഇതുവഴി കടന്നുപോകുന്നതിനാൽ 3.24 ഹെക്ടർ വനഭൂമി മറ്റൊരു റോഡിനുവേണ്ടി വിട്ടുനൽകേണ്ട ആവശ്യമില്ല. പ്രൊപ്പോസ് ചെയ്ത അലൈൻമെന്റ് എൻ.എച്ച് 85-ന്റെ ഒരു പോയിന്റിൽ നിന്നും മറ്റൊരു പോയിന്റിലേയ്ക്ക് ഒരു ലൂപ്പ് രൂപത്തിൽ ബന്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് ദൂരം കൂടുതലാകുന്ന അലൈൻമെന്റാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി&സി) ആറാം മൈൽ-കുറത്തിക്കുടി-എളബ്ലാശ്ശേരി മാങ്കുളം-കല്ലാർ അലൈൻമെന്റ് മലയോര ഹൈവേയ്ക്കായി പ്രൊപ്പോസ് ചെയ്തിരിക്കുന്നത് എൻ.എച്ച്.85-ന്റെ ആറാം മൈൽ പോയിന്റ് മുതൽ കല്ലാർ വരെ നിലവിലുള്ള റോഡിന് ബന്ധിപ്പിക്കാനായിട്ടാണ്. എൻ.എച്ച് 85 കുറഞ്ഞ ദൂരത്തിൽ നിലവിലുള്ളതിനാൽ ഈ വനത്തിലൂടെയുള്ള അലൈൻമെന്റ് അഭിലഷണീയമല്ല. നിർദ്ദിഷ്ട അലൈൻമെന്റിൽ റോഡ് പണികൾ പൂർത്തിയാക്കാനായി 22.40 ഹെക്ടർ വനഭൂമി ആവശ്യമാണ്. ഇടതൂർന്ന മഴക്കാടുകളും ഈറ്റക്കാടുകളും ഉൾക്കൊള്ളുന്ന പരിസ്ഥിതിലോല പ്രദേശവും ആനകൾ സ്ഥിരമായി കാണപ്പെടുന്ന വനഭൂമിയുമാണ്. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടംതട്ടുകയും അവയുടെ ആക്രമണംമൂലം അതിനുസമീപം താമസിക്കുന്ന ജനങ്ങളുടെ ജീവന് ഭീഷണിയാകാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ പ്രസ്തുത അലൈൻമെന്റ് അനുവദിക്കാൻ സാധിക്കുകയില്ലെന്ന് മലയോര ഹൈവേ നിർമ്മാണ ഏജൻസികളെ അറിയിച്ചിട്ടുള്ളതാണ്.

(ഡി) മേൽ മറുപടികളുടെ വെളിച്ചത്തിൽ, എളബ്ലാശ്ശേരി മുതൽ കുറത്തിക്കുടിവരെയുള്ള വനത്തിലൂടെയുള്ള ടി നിർദ്ദിഷ്ട റോഡ് അനുവദിക്കാൻ കഴിയുന്നതല്ല.

**മണിയാർ-കട്ടച്ചിറ-കുടപ്പന വഴി തേക്കുതോടിനുള്ള റോഡ്**

98 (6171) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മണിയാർ-കട്ടച്ചിറ-കുടപ്പന വഴി തേക്കുതോടിനുള്ള റോഡ് അവസാനമായി പുനരുദ്ധാരണം നടത്തിയത് എന്നാണ്; അറിയിക്കുമോ;

(ബി) ഈ റോഡ് എത്ര കിലോമീറ്റർ ആണ്; റോഡിന്റെ ഇപ്പോഴത്തെ ശോച്യാവസ്ഥ പരിഹരിക്കാൻ വനം വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര രൂപയാണ് റോഡ് പുനരുദ്ധാരണത്തിന് അനുവദിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) അവസാനമായി പുനരുദ്ധാരണം നടത്തിയത് 2009-10 വർഷത്തിലാണ്.

(ബി) ഈ റോഡിന്റെ ആകെ നീളം 10.5 കി.മീ.ആണ്. അതിൽ വനം വകുപ്പിന്റെ അധീനതയിൽ വരുന്നത് 3.1 കി.മീ.ആണ്. ഈ റോഡിന്റെ പുനരുദ്ധാരണ ജോലികൾക്കായി ചിറ്റാർ ഗ്രാമപഞ്ചായത്ത് 5 കോടി 90 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കിയിരുന്നു. 2019-ലെ പ്രളയത്തിൽ റോഡിന് കൂടുതൽ കേടുപാടുകൾ സംഭവിച്ചതിനാൽ പുതുക്കിയ അടങ്കൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ ഫണ്ട് അനുവദിച്ചിട്ടില്ല.

**വനസംരക്ഷണം**

99 (6172) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ സംരക്ഷണത്തിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) കോന്നി നിയോജകമണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് വനസംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും നടത്തുക. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. 2016-17 -ൽ 12500 ജണ്ടകളും (ഉദ്ദേശം 550 കി.മീ വനാതിർത്തി), 2017-18-ൽ 14416 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി), 2018-19 സാമ്പത്തികവർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14618 സ്ഥിരം ജണ്ടകളും നിർമ്മിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഉദ്ദേശം 660 കി.മീ; വനാതിർത്തിയിൽ 14000 സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

2. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടി.

3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സാങ്കേതിക റിമോട്ട് സെൻസിംഗ് വിദ്യയുടെ സഹായത്തോടെ ഊർജ്ജിതമായി നടപ്പിലാക്കൽ.

4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ. 2018-19 സാമ്പത്തികവർഷത്തിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ-മാരുടെ സർവ്വേ ട്രെയിനിംഗ് 2015-16 വർഷം മുതൽ നാളിതുവരെ 30 പേരടങ്ങുന്ന എട്ട് ബാച്ചുകളിലായി 240 പേർക്ക് സർവ്വേ ട്രെയിനിംഗ് പരിശീലനം നൽകിയിട്ടുണ്ട്.

6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റെക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുണ്ട്. 2018 സെപ്റ്റംബർ മുതൽ ടി റെക്കോർഡ് റൂമിന്റെ പ്രവർത്തനം നടന്നുവരുന്നുണ്ട്.

7. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം

8. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായവും, വനസംരക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ട്. കേന്ദ്രീകൃത കാൾ സെന്റർ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കിവരുന്നു. ജി.ഐ.എസ്-ന്റെ സഹായത്തോടെ M-STrIPES (Monitoring System for Tigers-Intensive Protection and Ecological Status) എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള പട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പാക്കിവരുന്നു.

(ബി) വനാതിർത്തി വേർതിരിക്കുന്നതിന് ജണ്ടകെട്ടി തിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ഉദ്ദേശം 7.5 കി.മീറ്റർ ദൂരത്തിൽ 467 ജണ്ടകൾ കെട്ടുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങളുടെ നവീകരണത്തിന് ഫോൺ, ഇ-മെയിൽ, വയർലെസ് തുടങ്ങിയ സംവിധാനങ്ങളും, കൂടാതെ M-StrIPES സോഫ്റ്റ്‌വെയർ സംവിധാനത്തോടെയുള്ള മൊബൈൽ ഫോണുകളും, വനം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളുടെ വിശദാംശങ്ങൾ അറിയുന്നതിനുള്ള HAWK സോഫ്റ്റ്‌വെയർ, കാട്ടുതീ മുൻകൂട്ടി അറിയുന്നതിനുള്ള FSI SMS അലെർട്ട് സംവിധാനങ്ങൾ എന്നിവയും ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. കോന്നി വനസംരക്ഷണ സമിതിയുടെ കീഴിലുള്ള നാല് ആദിവാസി വനസംരക്ഷണ സമിതികൾ ഉൾപ്പെടെ 23 വി.എസ്.എസ്.വഴി കേന്ദ്ര സർക്കാരിന്റെ ഹരിതഭാരത ദൗത്യം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രക്ഷീണ വനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി വനവൽക്കരണവും വനസംരക്ഷണവും കൂടാതെ സാമൂഹ്യക്ഷേമ പദ്ധതികളും സമിതി അംഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികളും ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ കോന്നി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

## കോങ്ങാട് മണ്ഡലത്തിലെ മീൻവല്ലം പദ്ധതി

100 (6173) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ 'മീൻവല്ലം' പദ്ധതിക്ക് അനുമതി ലഭിക്കുന്നതിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് വനം വകുപ്പ് അനുമതി നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രകൃതിരമണീയമായ ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ നിലവിലുള്ള മീൻവല്ലം, ഇക്കോ ടൂറിസം പദ്ധതിയുടെ വിവിധ വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 53 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ ചീഫ് പാലക്കാട് ഈസ്റ്റേൺ സർക്കിൾ, ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു.

## വനം വകുപ്പിനുകീഴിൽ പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിച്ചിട്ടുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ

101 (6174) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിൽ പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിച്ചിട്ടുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള പുതിയ സങ്കേതങ്ങൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിലെ സന്ദർശനത്തിന് മുൻകൂർ അനുമതി എവിടെയെല്ലാമാണ് ആവശ്യമുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിനുകീഴിൽ പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിച്ചിട്ടുള്ളത് അഞ്ച് നാഷണൽ പാർക്കുകളുടെയും 17 വന്യജീവി സങ്കേതങ്ങളുടെയും ടൂറിസം സോണുകളിലാണ്. കൂടാതെ മേൽപ്പറഞ്ഞവ ഉൾപ്പെടെ 60 കേന്ദ്രങ്ങളിൽ ഇക്കോ ടൂറിസവും അനുവദിച്ചിട്ടുണ്ട്. കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള പുതിയ സങ്കേതങ്ങളൊന്നും തുറന്നുകൊടുത്തിട്ടില്ല.

(സി) വനം വകുപ്പിന് കീഴിലുള്ള എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളും സന്ദർശിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമാണ്.

## നിലമ്പൂർ മണ്ഡലത്തിൽ വനം വകുപ്പിന് കീഴിലെ ടൂറിസം പദ്ധതികൾ

102 (6175) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; ഓരോ പദ്ധതിയുടേയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോഴേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കനോലി പ്ലോട്ടിലേക്കുള്ള തൂക്കുപാലം തകർന്നതിനാൽ പകരം ഗ്ലാസ്സ് പാലം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വനം വകുപ്പിന് കീഴിലെ നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിൽ 'കനോലി ഇക്കോ ടൂറിസം വികസന പ്രോജക്ട് ' എന്ന പേരിൽ കനോലി പ്ലോട്ടും വനം വകുപ്പിന്റെ അധീനതയിലുള്ള കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഭൂമിയും ഉൾപ്പെടുത്തി രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന 5.93 കോടി രൂപയുടെ വികസന പദ്ധതിക്കായി പാലക്കാട്, ഈസ്റ്റേൺ സർക്കിൾ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച രൂപരേഖ പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

**വനം വകുപ്പിന്റെ കീഴിലുള്ള വിവിധ കേന്ദ്രങ്ങൾ**

103 (6176) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ നിലവിൽ എത്ര ദിവസവേതനക്കാരും കോൺട്രാക്ട് ജീവനക്കാരും ജോലി നോക്കുന്നുണ്ട്; ഓഫീസ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഇവരിൽ 2010 ജനുവരി മുതൽ സ്ഥിരമാക്കിയ എത്ര ജീവനക്കാർ ഉണ്ട്; വ്യക്തമാക്കുമോ;

(സി) വനം വകുപ്പിന്റെ കീഴിൽ വിവിധ കേന്ദ്രങ്ങളിൽ വന സംരക്ഷണ സമിതി പോലുള്ള സംഘടനകൾ വിനോദസഞ്ചാരികളുടെ കൈയിൽ നിന്നും വാങ്ങുന്ന ഫീസിന്റെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; പ്രസ്തുത ഫീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുന്നത് വനം വകുപ്പിന്റെ ഏത് തലത്തിലുള്ള ഉദ്യോഗസ്ഥരാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തുക വനം വകുപ്പ് ആഡിറ്റ് ചെയ്യാറുണ്ടോ; ഓരോ കേന്ദ്രത്തിലും 2019 ജനുവരി മുതൽ ശേഖരിച്ച തുക എത്ര; ഓഫീസ് തിരിച്ച് ലഭ്യമാക്കുമോ; ഓരോ കേന്ദ്രത്തിലും എത്ര ജീവനക്കാർ ജോലി നോക്കുന്നു; വ്യക്തമാക്കാമോ;

(ഇ) ശേഖരിക്കുന്ന തുകയുടെ ചെറിയൊരു വിഹിതം പോലും അവിടങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് ഉപയോഗിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(എഫ്) ഇപ്രകാരമുള്ള ഓരോ കേന്ദ്രങ്ങളിലും 2019 ജനുവരി മുതൽ ചെലവാക്കിയ തുക എത്ര; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിൽ ജോലി നോക്കിവരുന്ന ദിവസവേതനക്കാരുടെയും കോൺട്രാക്ട് ജീവനക്കാരുടെയും സർക്കിൾ ഓഫീസ് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഓഫീസ് | ദിവസവേതനക്കാരുടെ എണ്ണം | കോൺട്രാക്ട് ജീവനക്കാരുടെ എണ്ണം |
|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | ഡ്രാഫ്റ്റ്സ്മാൻ -1 | ഇല്ല |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | ഇല്ല | ഇല്ല |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | ഇല്ല | ഇല്ല |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | ഡ്രൈവർ-5 | ഇല്ല |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | ഡ്രൈവർ-3 | ഇല്ല |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | ഇല്ല | 8 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | ഇല്ല | ഇല്ല |
| വൈൽഡ് ലൈഫ് സർക്കിൾ, തിരുവനന്തപുരം | ഇല്ല | ഇല്ല |
| ആകെ | 9 | 8 |

(ബി) ഇവരിൽ 2010 ജനുവരി മുതൽ അംഗീകൃത തസ്തികകളിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) വനം വകുപ്പിനുകീഴിൽ വിവിധ വനസംരക്ഷണ സമിതികൾ വിനോദസഞ്ചാരികളിൽനിന്നും വാങ്ങുന്ന ഫീസ് അതത് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾ (വനസംരക്ഷണ സമിതികളുടെ കൂട്ടായ്മ) -കമ്മിറ്റി കൂടി തീരുമാനിക്കുന്നതുപ്രകാരം സംസ്ഥാന വന വികസന ഏജൻസി ചെയർമാൻ അംഗീകരിക്കുന്ന തുകയാണ് ഈടാക്കിവരുന്നത്. ആയത് ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ വ്യാപ്തിയും സന്ദർശകരുടെ എണ്ണവും അടിസ്ഥാനമാക്കിയാണ് തീരുമാനിക്കാറുള്ളത്. ടി കാര്യങ്ങളിൽ അതത് വനവികസന ഏജൻസികളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരാണ് മേൽനോട്ടം വഹിക്കുന്നത്.

(ഡി) ടി തുക സി &എ.ജി. അംഗീകരിച്ച ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആഡിറ്റ് ചെയ്യാറുണ്ട്. വിവിധ സർക്കിളിന് കീഴിൽ 2019 ജനുവരി മുതൽ ശേഖരിച്ച തുകയും ജോലി ചെയ്യുന്ന ഗൈഡ്/വാച്ചർമാരുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ഓഫീസ് | 2019 ജനുവരി മുതൽ ശേഖരിച്ച തുക | ഗൈഡ്/വാച്ചർമാരുടെ എണ്ണം |
|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | 50724131 | 495 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 79855109 | 55 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 33698608 | 130 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 11587270 | 42 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 16239960 | 160 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 57232487 | 167 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 165379095 | 275 |
| വൈൽഡ് ലൈഫ് സർക്കിൾ, തിരുവനന്തപുരം | 18082773 | 195 |
| ആകെ | 360929433 | 1519 |

(ഇ) ശേഖരിക്കുന്ന തുകയുടെ 70 ശതമാനവും അതതു സ്ഥലത്തെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് ചെലവഴിച്ചുവരുന്നത്.

(എഫ്) വനം വകുപ്പിനുകീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഓഫീസ് | തുക |
|---|---|
| (1) | (2) |
| സതേൺ സർക്കിൾ, കൊല്ലം | 9009785 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 3707850 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 3568242 |

| (1) | (2) |
|---|---|
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 5072368 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 12621120 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 512740 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 137256069 |
| വൈൽഡ് ലൈഫ് സർക്കിൾ, തിരുവനന്തപുരം | 17027671 |
| ആകെ | 188775845 |

## ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ സർവ്വേയർ തസ്തിക

104 (6177) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ എത്ര സർവ്വേയർ തസ്തികകളുണ്ട്; അതിൽ എത്ര പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ലാ അടിസ്ഥാനത്തിൽ ലിസ്റ്റ് നൽകാമോ?

ഉത്തരം

വനം വകുപ്പിൽ 41 സർവ്വേയർ തസ്തികകളുണ്ട്. അതിൽ 37 പേർ ജോലി ചെയ്യുന്നുണ്ട്. 4 ഒഴിവുകൾ നിലവിലുണ്ട്.

കൊല്ലം - 1 എണ്ണം

കോഴിക്കോട് - 3 എണ്ണം

## വനം വകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാർ

105 (6178) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിലെ സംരക്ഷണവിഭാഗം ജീവനക്കാരുടെ ഇരുപത്തിനാല് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം പുന:ക്രമീകരിച്ച് ഡ്യൂട്ടി ഓഫ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 10-7-2019 -ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള സ്റ്റേറ്റ് ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് ഓർഗനൈസേഷൻ ഭാരവാഹികളും വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളുൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പാക്കുവാൻ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി സമ്പ്രദായം പുനഃക്രമീകരിച്ച് ഡ്യൂട്ടി ഓഫ് അനുവദിച്ചിട്ടില്ല.

(ബി) ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഉന്നയിച്ച ഡ്യൂട്ടി ഓഫ് അനുവദിക്കുന്നത്. യൂണിഫോം അലവൻസ് അനുവദിക്കുന്നത്, വാച്ചർമാരുടെ തസ്തിക ഏകീകരിക്കുന്നത്, സ്ഥിരപ്പെടുത്തിയ വാച്ചർമാരുടെ പ്രശ്നങ്ങൾ, ചന്ദനക്കാട്ടുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ, വനം വകുപ്പ് ജീവനക്കാർക്ക് ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തുന്നത് എന്നീ ആവശ്യങ്ങൾ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ വനം വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) യോഗതീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച പരിശോധന വിവിധ തലങ്ങളിൽ നടന്നുവരുന്നു.

**വനം വകുപ്പ് ജീവനക്കാർക്ക് വാങ്ങിയ വാക്കിടോക്കി**

106 (6179) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ജീവനക്കാർക്ക് വാക്കിടോക്കി വാങ്ങുവാൻ 2017 ജനുവരി മുതൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് എത്ര വാക്കിടോക്കി വാങ്ങിയിട്ടുണ്ട്; വാക്കിടോക്കി ആർക്കെല്ലാമാണ് നൽകിയത്; എല്ലാ ഉപകരണങ്ങളും പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ചുമതലയുള്ള സി.സി.എഫ്., സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; റിപ്പോട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) വനം വകുപ്പിൽ വാങ്ങുന്ന പല ഉപകരണങ്ങളും പ്രവർത്തിക്കുന്നില്ലെന്ന പരാതി പരിശോധിക്കുമോ; പ്രവർത്തിക്കാത്ത ഉപകരണങ്ങളെക്കുറിച്ച് എന്തെങ്കിലും ഫയൽ വനം വകുപ്പ് ആസ്ഥാനത്ത് നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിലെ ജീവനക്കാർക്ക് വാക്കിടോക്കി വാങ്ങുന്നതിന് 2017-18 സാമ്പത്തികവർഷം 16.85 ലക്ഷം രൂപയും 2018-19 സാമ്പത്തികവർഷം 32.14 ലക്ഷം രൂപയും 2019-20 സാമ്പത്തികവർഷം 54.85 ലക്ഷം രൂപയും അനുവദിച്ചുകിട്ടിയിട്ടുണ്ട്. അനുവദിച്ച തുകയിൽ 2017-18 സാമ്പത്തിക വർഷം

79000 രൂപയും 2018-19 സാമ്പത്തിക വർഷം 6,52,106 രൂപയും ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷത്തിൽ അനുവദിച്ചിട്ടുള്ള തുക ഉപയോഗപ്പെടുത്തി ഡിജിറ്റൽ വാക്കിടോക്കികൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2017-18, 2018-19 സാമ്പത്തികവർഷത്തിൽ അനുവദിച്ച തുകയിൽ നിന്നും 7.31 ലക്ഷം രൂപ ഉപയോഗിച്ച് 51 വാക്കിടോക്കികൾ വാങ്ങിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ വാക്കിടോക്കികൾ-പെരിയാർ ഈസ്റ്റ് ഡിവിഷൻ 23 എണ്ണം, മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ 28 എണ്ണം എന്നിങ്ങനെയാണ്. പെരിയാർ ഈസ്റ്റ് ഡിവിഷനിലെ 23 വാക്കിടോക്കികൾ റേഞ്ച് ഓഫീസർ, തേക്കടി/വള്ളക്കടവ്/പെരിയാർ എന്നിവർക്കാണ് നൽകിയിട്ടുള്ളത്. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലെ 28 വാക്കിടോക്കികൾ ഇരവികുളം നാഷണൽ പാർക്ക് അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനും ചിന്ന അസിസ്റ്റന്റ് വൈൽഡ് വാർഡനും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ വാക്കിടോക്കികളും പ്രവർത്തനക്ഷമമാണ്.

(സി) വനം വകുപ്പിന്റെ അംഗീകരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതായതുകൊണ്ടും പ്രത്യേകമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതായ സാഹചര്യം ഇല്ലാത്തതുകൊണ്ടും ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഡി) പരാതികൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ എല്ലാ ഉപകരണങ്ങളും 3 മുതൽ 5 വർഷം വരെയുള്ള വാറന്റി ഉൾപ്പെടെയാണ് വാങ്ങുന്നത്. വാറണ്ടിയുടെ കാലാവധി അവസാനിക്കുന്നമുറയ്ക്ക് ടി ഉപകരണങ്ങൾ വാർഷിക മെയിന്റനൻസ് കരാർ ഏർപ്പെടുത്തിയാണ് പരിപാലിച്ചുവരുന്നത്. ഉപകരണങ്ങൾ പ്രവർത്തന യോഗ്യമാല്ലാതാവുന്ന അവസരത്തിൽ നിയമാനുസൃതമായി ഉപകരണങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയാണ് ചെയ്യുന്നത്. പ്രവർത്തിക്കാത്ത ഉപകരണങ്ങളെക്കുറിച്ച് ഫയലൊന്നും തന്നെ നിലവിലില്ല.

## വയനാട് ജില്ലയിലെ സ്വാഭാവിക വനം സംരക്ഷിക്കാൻ നടപടി

107 (6180) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എവിടെയെങ്കിലും വനം വകുപ്പ് സ്വാഭാവിക വനം വെട്ടിമാറ്റി തേക്ക് പ്ലാന്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വയനാട് ജില്ലയിലെ സ്വാഭാവിക വനം സംരക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ വനം വകുപ്പ് സ്വാഭാവിക വനം വെട്ടിമാറ്റി തേക്ക് പ്ലാന്റേഷൻ ആരംഭിക്കാൻ തീരുമാനം എടുത്തിട്ടില്ല. സ്വാഭാവിക വനം വെട്ടി തോട്ടങ്ങളാക്കുന്നത് 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമപ്രകാരം നിരോധിച്ചിട്ടുള്ള പ്രവൃത്തിയാണ്.

(ബി) വനാതിർത്തികളിൽ ജണ്ട കെട്ടി വേർതിരിച്ച്, വനം കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കുന്നുണ്ട്. സ്വാഭാവിക വനത്തിന് ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിക്കുന്നത് കാട്ടുതീ മൂലമാണ്. വയനാട് നോർത്ത്, വയനാട് സൗത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ ഡിവിഷനുകളിലെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ നൂതന 'റിമോട്ട് സെൻസിംഗ്' വിദ്യയുടെ സഹായത്തോടെ ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കാട്ടുതീ പ്രതിരോധത്തിന് സ്ഥിരം ജീവനക്കാരെയും താൽക്കാലിക ജീവനക്കാരെയും നിയോഗിച്ചുവരുന്നുണ്ട്. സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. വയനാട് ജില്ലയിലെ സ്വാഭാവിക വനങ്ങളിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നശിപ്പിക്കുന്നതിനും മഞ്ഞക്കൊന്നയുടെ വ്യാപനം തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ വനവത്കരണ പ്രവർത്തനങ്ങൾ**

108 (6181) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ആയതിനായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ആലത്തൂർ, നെന്മാറ, കുഴൽമന്ദം ബ്ലോക്കുകളിൽ വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം വഴിയോരത്തണൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് മുതലായ പദ്ധതികളാണ് നടപ്പിലാക്കിയത്. ആയതിന്റെ ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 13,15,969 |
| 2017-18 | 11,65,149 |
| 2018-19 | 27,44,395 |
| ആകെ | 52,25,513 |

**വനവിസ്തൃതി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

109 (6182) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ.ജോർജ് എം. തോമസ്:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ശരാശരിയേക്കാളും ഗണ്യമായ തോതിൽ ഉയർച്ചയുള്ള സംസ്ഥാനത്തിന്റെ വനവിസ്തൃതി സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വനാവകാശ നിയമം കർശനമായി നടപ്പാക്കുകയും തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കുന്നതിനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തിന് ആവശ്യമായ തടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആഭ്യന്തര തടി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കാടിന് പുറത്ത് കാർഷിക വനവൽക്കരണം നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ ഭൂമിയേറ്റെടുക്കുക വഴി വേർപെട്ടുപോയ നൈസർഗിക വനപ്രദേശങ്ങളെ കൂട്ടിയോജിപ്പിക്കുവാൻ കഴിയുമെന്ന അഭിപ്രായം പരിഗണിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. ദേശീയ വന വിസ്തൃതി ശരാശരി 23.24% വരുന്നിടത്ത് സംസ്ഥാന വന വിസ്തൃതി 29.65% വരുന്നുണ്ട്.

(ബി) വനാവകാശ നിയമം നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

2006-ലെ വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. റവന്യൂ വകുപ്പും വനം വകുപ്പും ഈ

നിയമം നടപ്പിലാക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. വനാവകാശ നിയമപ്രകാരം ഗ്രാമസഭകളിൽ വ്യക്തിഗത വനാവകാശ രേഖകൾക്കായി ലഭിച്ച 43239 അപേക്ഷകളിൽ 39069 അപേക്ഷകൾ ഗ്രാമസഭ പാസ്സാക്കി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിക്ക് നൽകുകയും കമ്മിറ്റി പാസ്സാക്കിയ 27644 അപേക്ഷ ജില്ലാതല കമ്മിറ്റിക്ക് നൽകുകയുമുണ്ടായി. ഇതിൽ 26580 അപേക്ഷകൾ ജില്ലാ കമ്മിറ്റി പാസ്സാക്കി 25848 അപേക്ഷകൾക്ക് ടൈറ്റിൽ നൽകിയിട്ടുള്ളതാണ്.

സാമൂഹിക വനാവകാശ രേഖകൾക്കുള്ള 1012 അപേക്ഷകളിൽ 475 എണ്ണം സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി പാസ്സാക്കി ജില്ലാ കമ്മിറ്റിക്ക് നൽകുകയും അതിൽ 358 അപേക്ഷ ജില്ലാ കമ്മിറ്റി പാസ്സാക്കി 174 അപേക്ഷകൾക്ക് ടൈറ്റിൽ നൽകിയിട്ടുമുണ്ട്. കമ്മ്യൂണിറ്റി റിസോഴ്സ് മാപ്പ് തയ്യാറാക്കുന്നതിനുള്ള കാലതാമസമാണ് ടൈറ്റിലുകൾ നൽകുന്നതിലുള്ള കാലതാമസം. വനാവകാശ രേഖകൾക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട സബ് ഡിവിഷണൽ ലെവൽ കമ്മിറ്റികളിലും ജില്ലാതല കമ്മിറ്റികളിലുമാണ് പെൻഡിംഗ് ആയിട്ടുള്ളത്. ഇത് പാസ്സാക്കി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് യഥാക്രമം റവന്യൂ ഡിവിഷണൽ ഓഫീസർമാരും ജില്ലാ കളക്ടർമാരുമാണ്. വനാവകാശ നിയമപ്രകാരം ആദിവാസി വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി വനഭൂമി നൽകുന്നതിനുള്ള ചുമതല വനം വകുപ്പിനാണ്. ആയത് പ്രകാരം 763 അപേക്ഷകൾ ലഭിച്ചതിൽ 763 അപേക്ഷകൾ ഗ്രാമസഭ ശിപാർശ ചെയ്തിട്ടുള്ളതും, അതിൽ 620 അപേക്ഷകൾ വനം വകുപ്പ് പാസ്സാക്കിയിട്ടുള്ളതും ആയതിൽ 466 എണ്ണം നൽകിയിട്ടുള്ളതുമാണ്.

വനാവകാശ നിയമപ്രകാരം ആദിവാസികൾ അവരുടെ കൈവശ ഭൂമികളിൽ നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ ഉപജീവനമാർഗ്ഗത്തിനായി വെട്ടി ഉപയോഗിക്കുന്നതിനും വിൽക്കുന്നതിനുമുള്ള അവകാശം ആദിവാസികൾക്ക് ഉള്ളതാണ്. ടി അവകാശം വനം വകുപ്പ് ആദിവാസികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സാമൂഹിക വനാവകാശം അനുവദിക്കപ്പെട്ടിട്ടുള്ള വനത്തിലെ തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികളിൽ പൂർണ്ണമായി നിക്ഷിപ്തമാണ്. ഇപ്രകാരം ആദിവാസികൾ ശേഖരിക്കുന്ന കാട്ടുതേൻ അടക്കമുള്ള തടിയേതര വിഭവങ്ങൾ വനവികാസ ഏജൻസികളുടെ കീഴിലുള്ള വനശ്രീ ഇക്കോ ഷോപ്പുകളിൽ സംഭരിച്ച് വിൽപ്പന നടത്തി ആദിവാസികൾക്ക് മെച്ചപ്പെട്ട വില നൽകുന്നുണ്ട്. ഇപ്രകാരമുള്ള 35 ഇക്കോ ഷോപ്പുകളും രണ്ട് മൊബൈൽ യൂണിറ്റുകളും നിലവിലുണ്ട്. ഇത്തരത്തിൽ വനവിഭവ വിപണനം വഴി 6.5 കോടിയുടെ വിറ്റുവരവ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വനശ്രീ ഇക്കോ ഷോപ്പുകൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ വനങ്ങളിൽ നിന്നും 145 ഇനം വനവിഭവങ്ങൾ ശേഖരിക്കുന്നതിന് പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വർഷംതോറും അനുമതി നൽകിവരുന്നുമുണ്ട്.

(സി) ആഭ്യന്തര തടി ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിൽ കാടിന് പുറത്ത് കൃഷിഭൂമിയിൽ വൃക്ഷത്തൈകൾ നടുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗം ഹരിത കേരളം പദ്ധതി മുഖേന 2018-19 വരെ 712.04 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ ഭൂമികളിൽ തടി ഉല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്കാണ് തൈകളുടെ എണ്ണം അനുസരിച്ച് ധനസഹായം നൽകുന്നത്. ഈ പദ്ധതികളെല്ലാംതന്നെ വനേതര പ്രദേശങ്ങളിലും സ്വകാര്യ ഭൂമികളിലും തടി ലഭ്യത വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ സാമൂഹ്യ വനവത്കരണ വിഭാഗം 63 ലക്ഷം വൃക്ഷത്തൈകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ 3.28 ലക്ഷം വലിയ കൂടതൈകൾ വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും വിവിധ സർക്കാർ വകുപ്പുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള സ്ഥലങ്ങളിലും വനം വകുപ്പ് നേരിട്ടും ഇതര വകുപ്പുകൾ/സ്ഥാപനങ്ങളുമായും, ഹരിത കേരള മിഷന്റെ പച്ചത്തുരുത്ത് പദ്ധതി മുഖേനയും ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തമായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(ഡി) വേർപെട്ടുപോയ വനപ്രദേശങ്ങളെ കൂട്ടിയോജിപ്പിക്കുന്നതിന് വനമേഖലയോട് ചേർന്ന് കിടക്കുന്നതും വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്നതുമായ സ്വകാര്യ വനേതര ഭൂമി ഏറ്റെടുക്കുന്നതിന് CAMPA CAF Act 2016, CAF Rules 2018 എന്നീ നിയമങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി ലാന്റ് ബാങ്ക് രൂപീകരിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരളയുടെ കീഴിലും വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

## പാട്ടത്തിന് നൽകിയ സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള അനുമതി

110 (6183) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി കുടിവെള്ളപദ്ധതി, കിഫ്ബി വഴി നടപ്പാക്കുന്നതിന്റെ ഭാഗമായി, വനം വകുപ്പ് പ്ലാന്റേഷൻ കോർപ്പറേഷന്

പാട്ടത്തിന് നൽകിയ സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി അനുമതി നൽകുന്നതിനായുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി വനം വകുപ്പിന്റെ അനുമതി അടിയന്തരമായി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി എന്നിവിടങ്ങളിൽ കിഫ്ബി വഴി കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഫോറസ്റ്റ് കൺസർവ്വേഷൻ ആക്ട് 1980 സെക്ഷൻ 2 പ്രകാരം 0.1143 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിനായി ഓൺലൈനായി പ്രൊപ്പോസൽ സമർപ്പിക്കുകയും വിശദപരിശോധനയ്ക്കുശേഷം ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരവും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്റ്റേജ് - 1 അനുമതി നൽകിയിട്ടുണ്ട്.

(ബി) യൂസർ ഏജൻസി സ്റ്റേജ് -1 അനുമതിയിലെ നിബന്ധനകൾ പാലിച്ച് റിപ്പോർട്ട് ഓൺലൈനായി അയച്ചുതരുന്നമുറയ്ക്ക് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊട്ടാരക്കര മണ്ഡലത്തിൽ കാവും കുളവും പദ്ധതി**

111 (6184) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവും കുളവും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി കൊട്ടാരക്കര മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത അപേക്ഷകൾ പ്രകാരം പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഏതൊക്കെ സ്ഥലങ്ങൾക്ക് ഫണ്ട് നൽകി എന്നതിന്റെ വിശദാംശങ്ങളും നവീകരണത്തിന്റെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കാവും കുളവും എന്നപേരിൽ വനം വകുപ്പിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ 24-12-2016-ലെ ജി.ഒ.(ആർ.റ്റി.) 485/16 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത ഉത്തരവ്

പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കാവിനുള്ളിൽ ഉൾപ്പെടുന്ന കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയാണ് ധനസഹായം നൽകിവരുന്നത്.

കൊട്ടാരക്കര മണ്ഡലത്തിൽനിന്നും കാവ് സംരക്ഷണത്തിനായി 2018-19-ൽ 2 അപേക്ഷകൾ ലഭിച്ചിരുന്നു. എന്നാൽ കാവിന്റെ വിസ്തൃതിയുടെയും ജൈവിക പാരിസ്ഥിതിക സവിശേഷതയുടെയും അടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ ആനുകൂല്യം ലഭിക്കുന്നതിനായി ടി കാവുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. 2019-20-ൽ കൊട്ടാരക്കര മണ്ഡലത്തിൽനിന്നും ടി പദ്ധതിക്കായി നാല് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചാഫീസർക്ക് നൽകിയിട്ടുണ്ട്.

(സി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**വനവൽക്കരണം വ്യാപകമാക്കുന്നതിന് സൗജന്യ വൃക്ഷത്തൈകൾ**

112 (6185) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണം വ്യാപകമാക്കുന്നതിനായി വൃക്ഷത്തൈകൾ സൗജന്യമായി നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വനവൽക്കരണം വ്യാപകമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ബോധവൽക്കരണ പരിപാടികളുടെ വിവരങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സാമൂഹ്യവനവൽക്കരണ വിഭാഗം എല്ലാ വർഷവും പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ജൂൺ 5-ന് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യമായും, തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജനസംഘടനകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് തൻവർഷത്തെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൗജന്യമായോ സഹായ നിരക്കിലോ തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. ഫലമൂല്യം, ഔഷധമൂല്യം, തടിഉപയോഗം, അലങ്കാരമൂല്യം എന്നീ വിഭാഗങ്ങളിൽപ്പെട്ട തൈകളാണ് ഹരിത കേരളം പദ്ധതിപ്രകാരം വിതരണം ചെയ്തുവരുന്നത്. 2019-20 വർഷത്തിൽ ഹരിത കേരളം പദ്ധതിപ്രകാരം 63.18 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വനത്തിനുപുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിലേയ്ക്കായി സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, institutional plantation തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ലോക പരിസ്ഥിതി ദിനമായ ജൂൺ 5-നോട് അനുബന്ധിച്ച് ഹരിത കേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിദ്യാർത്ഥികൾക്ക് സൗജന്യമായും, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായോ സഹായ നിരക്കിലോ തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങളിലും വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളത്തൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യസ്ഥലങ്ങളിൽ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കാവുകളുടെയും കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസ്സുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച്, പരിസ്ഥിതി, വനശാസ്ത്രം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും വനവത്കരണം, പരിസ്ഥിതി സംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ചുവരുന്നു.

## മാവേലിക്കരയിലെ ലോക കേരള കേന്ദ്രവുമായി ബന്ധപ്പെട്ട വനം വകുപ്പ് നടപടികൾ

113 (6186) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള കേന്ദ്രം മാവേലിക്കരയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര കണ്ണമംഗലം വില്ലേജിൽ സർവ്വേ നമ്പർ 1/1, 1/8, 1/9, 1/10, 1/11 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള 2.01103 ഹെക്ടർ സ്ഥലത്ത് ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടി സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് നോർക്കയുടെ ഓഫീസിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ട്. ടി വിഷയത്തിന്മേൽ 10-2-2010 തീയതിയിലെ ജി.ഒ.(ആർ.ടി.) 68/2010 വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിസ്ഥിതി കമ്മിറ്റി മുഖേന പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരിസ്ഥിതി കമ്മിറ്റിയുടെ പരിശോധനയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ആയത് ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

## വനം വകുപ്പിന്റെ കീഴിലുള്ള തടി ഡിപ്പോകൾ

114 (6187) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ എത്ര തടി ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം; ഇവിടത്തെ ജീവനക്കാരുടെ എണ്ണം എത്ര; ഏതെല്ലാം തസ്തികകൾ; വ്യക്തമാക്കുമോ;

(ബി) 2017 ജനുവരി മുതൽ ഓരോ ഡിപ്പോയും വഴി വിറ്റതും ലേലം ചെയ്തതുമായ തടിയുടെ വിവരം ലഭ്യമാക്കുമോ;

(സി) മുൻകാലങ്ങളെ അപേക്ഷിച്ച് വില്പന കുറവാണെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പുതിയതായി പ്ലാന്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; നിലവിലുള്ള പ്ലാന്റേഷനുകളുടെ വിവരം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിന്റെ കീഴിൽ 28 തടി ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്.

അച്ചൻകോവിൽ-മുള്ളുമല അനക്സ്, കുളത്തൂപ്പുഴ, തെന്മല, ആര്യങ്കാവ്, കോന്നി, അരീക്കകാവ്,പത്തനാപുരം, കടയ്ക്കാമൺ, വീയ്യപുരം, തുയ്യം, പാറമ്പുഴ, വെട്ടിക്കാട്, തലക്കോട്, കോതമംഗലം, മുടിക്കൽ, വീട്ടൂർ, ചാലക്കുടി, ചെട്ടിക്കുളം, വരാപ്പുഴ, അരുവക്കോട്, നെടുങ്കയം, വാളയാർ, ചാലിയം, കണ്ണോത്ത്, കുപ്പാടി, ബാവലി, പരപ്പ എന്നീ തടി ഡിപ്പോകളാണ് പ്രവർത്തിക്കുന്നത്. തടി വിൽപ്പന ഡിവിഷനുകളിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) 2017 ജനുവരി മുതൽ ഓരോ ഡിപ്പോയും വഴി വിറ്റതും ലേലം ചെയ്തതുമായ തടിയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*

(സി) ആറ് തടിവിൽപ്പന ഡിവിഷനുളാണ് കേരളത്തിലുള്ളത്. ആവയവയിൽ പുനലൂർ, കോഴിക്കോട് എന്നീ തടി വിൽപ്പന ഡിവിഷനുകളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് തടി വിൽപ്പനയിൽ ചെറിയ തോതിലുള്ള വർദ്ധനവ് ഉണ്ട്. തിരുവനന്തപുരം തടി വിൽപ്പന ഡിവിഷനിൽ മുൻകാലത്തെ നിലയിലുള്ള വിൽപ്പനയുണ്ട്. പാലക്കാട്, കോട്ടയം, പെരുമ്പാവൂർ എന്നീ തടി വിൽപ്പന ഡിവിഷനുകളിൽ തടി വിൽപ്പനയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്.

(ഡി) നിലവിലുള്ള പ്ലാന്റേഷനുകൾ അംഗീകരിക്കപ്പെട്ടിട്ടുള്ള വർക്കിംഗ് പ്ലാനുകളിലെ നിബന്ധനകൾപ്രകാരം വെട്ടി പുതിയതായി പ്ലാന്റേഷനുകളുണ്ടാക്കിവരുന്നുണ്ട്. എന്നാൽ, വന്യജീവി സങ്കേതങ്ങളിലെയും, ദേശീയോദ്യാനങ്ങളിലെയും പ്ലാന്റേഷനുകൾ വെട്ടി ഈയിടങ്ങളിൽ പുതിയ പ്ലാന്റേഷനുകൾ ആരംഭിക്കാൻ കഴിയില്ല. കേരളത്തിലെ വനങ്ങളിലെ ആകെ പ്ലാന്റേഷനുകളുടെ വിസ്തൃതി 2017-18-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം 1,55,689.684 ഹെക്ടറാണ്. വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. റേഞ്ച്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫോറസ്റ്റ് ഓഫീസർ അടക്കമുള്ള റേഞ്ച് ഉദ്യോഗസ്ഥർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും, സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കുമാണ് പ്ലാന്റേഷനുകൾ ആരംഭിക്കുവാൻ ചുമതലയുള്ളത്.

## വന്യജീവി സങ്കേതങ്ങളിൽ സംഘടിപ്പിക്കുന്ന പ്രകൃതി പഠന ക്ലാസ്സുകൾ

115 (6188) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളിൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എത്ര ദിവസത്തെ പഠന ക്ലാസ്സുകളാണ് സംഘടിപ്പിക്കുന്നത്; ഏതൊക്കെ വന്യജീവി സങ്കേതങ്ങളിലാണ് ഇത് സംഘടിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) 2018-19 ൽ ഇത്തരം പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനായി വനം വകുപ്പ് എന്ത് തുകയാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വിവിധ വനമേഖലകളിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പരിസ്ഥിതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകൾക്കും മറ്റ് സാമൂഹിക സാംസ്കാരിക സംഘടനകൾക്കും ക്ലാസുകൾ, ട്രക്കിംഗ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രകൃതി പഠന ക്ലാസുകൾ വകുപ്പ് നടത്തിവരുന്നുണ്ട്.

(ബി) മൂന്ന് ദിവസം വരെയുള്ള പഠന ക്യാമ്പുകളാണ് നടത്തുന്നത്. പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്ന വന്യജീവി സങ്കേതങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ | നെയ്യാർ വന്യജീവി സങ്കേതം<br>പേപ്പാറ വന്യജീവി സങ്കേതം<br>അഗസ്ത്യവനം |
| 2 | ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ | ശെന്തുരുണി വന്യജീവി സങ്കേതം |
| 3 | പെരിയാർ ടൈഗർ റിസർവ്വ് | തേക്കടി, വള്ളക്കടവ് (പെരിയാർ ഈസ്റ്റ് ഡിവിഷൻ)<br>കുമരകം, പമ്പ (പെരിയാർ വെസ്റ്റ് ഡിവിഷൻ) |

| | | |
|---|---|---|
| 4 | മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ | ഇരവികുളം വന്യജീവി സങ്കേതം<br>ചിന്നാർ വന്യജീവി സങ്കേതം<br>ഷോല നാഷണൽ പാർക്ക് |
| 5 | ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ | വെള്ളപ്പാറ<br>തട്ടേക്കാട് പക്ഷി സങ്കേതം |
| 6 | പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ | പീച്ചി വന്യജീവി സങ്കേതം<br>ചിമ്മിനി വന്യജീവി സങ്കേതം |
| 7 | പറമ്പിക്കുളം ടൈഗർ റിസർവ് | പറമ്പിക്കുളം ടൈഗർ റിസർവ് |
| 8 | സൈലന്റ് വാലി വൈൽഡ് ലൈഫ് ഡിവിഷൻ | സൈലന്റ് വാലി നാഷണൽ പാർക്ക് (മുക്കാലി) |
| 9 | വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ | മുത്തങ്ങ<br>തോൽപ്പെട്ടി<br>ചെതലത്ത് |
| 10 | ആറളം വൈൽഡ് ലൈഫ് ഡിവിഷൻ | ആറളം വന്യജീവി സങ്കേതം |

(സി) വന്യജീവി വിഭാഗത്തിനുകീഴിൽ 2018-19 വർഷത്തിൽ പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനായി 1,48,75,018 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ആനകളോടുള്ള ക്രൂരത**

116 (6189) ശ്രീ. പി. കെ. അബ്ദു റബ്ബ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനകളോടുള്ള ക്രൂരത വർദ്ധിച്ച് വരുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) നാട്ടാന പരിപാലന നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഉത്സവ ആവശ്യത്തിനായി ഉപയോഗിക്കുന്ന ആനകളെ സംബന്ധിച്ച് 2015-ൽ ബഹു. സുപ്രീം കോടതി നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാട്ടാനകൾക്ക് മതിയായ പരിചരണം ലഭ്യമാക്കാത്തത്, വിശ്രമമില്ലാതെ ഉത്സവങ്ങളിൽ എഴുന്നള്ളിക്കുന്നത്, മുറിവുകളും പരിക്കുകളും ഉള്ള ആനകളെ എഴുന്നള്ളിക്കുന്നത്, മദപ്പാടുള്ള ആനകളെ എഴുന്നള്ളിക്കുന്നത്, ആനകളെ അകാരണമായി ക്രൂരമായ മർദ്ദനത്തിനും പീഡനത്തിനും വിധേയമാക്കുന്നത്, ആവശ്യമായ ആഹാരവും കുടിവെള്ളവും പാർപ്പിട സൗകര്യവും നൽകാത്തത്, രോഗാവസ്ഥയിലുള്ള ആനകൾക്ക് മതിയായ ചികിത്സ നൽകാത്തത് എന്നിവ സംബന്ധിച്ച് നിരവധി പരാതികൾ മുൻപിനാലെ ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ 2012-ലെ നാട്ടാന പരിപാലന നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കിവരുന്നതിന്റെ അടിസ്ഥാനത്തിൽ സമീപകാലത്ത് നാട്ടാനകളോടുള്ള ക്രൂരത കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാട്ടാനകളെ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 2012-ലെ നാട്ടാന പരിപാലന നിയമത്തിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം കാലാകാലങ്ങളിൽ നാട്ടാനകളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നാട്ടാനകളുടെ ഉടമകൾക്കും നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) ആന ഉടമസ്ഥ സംഘടന അടക്കം എതിർ കക്ഷികളായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നടന്നുവരുന്ന ഡബ്ല്യൂ.പി.(സി.) നമ്പർ 743/14 കേസ്സിലെ 18-8-2015 തീയതിയിലെ ഇടക്കാല ഉത്തരവുപ്രകാരം ആനകളെ ഉത്സവാഘോഷങ്ങളിൽ എഴുന്നള്ളിപ്പിക്കുന്ന എല്ലാ ഉത്സവ കമ്മിറ്റികളും ടി ഉത്തരവ് തീയതി മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ ജില്ലാ ഉത്സവ മോണിട്ടറിംഗ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. ഉത്തരവ് പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാത്ത ചില ക്ഷേത്രങ്ങളിൽ ആനകളെ എഴുന്നള്ളിപ്പിക്കുന്നതിന് തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി നിയമോപദേശം ഉൾപ്പെടെ ലഭ്യമാക്കി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## നാട്ടാനകളുടെ മരണസംഖ്യ വർദ്ധിച്ചുവരുന്ന സാഹചര്യം

117 (6190) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്രമമില്ലാത്ത ജോലിയും പീഡനങ്ങളുംമൂലം സംസ്ഥാനത്ത് നാട്ടാനകളുടെ മരണസംഖ്യ വർദ്ധിച്ചുവരുന്നതായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) 2017-ൽ ചരിഞ്ഞ ആനകളുടെ ഇരട്ടി എണ്ണം 2018-ൽ ചരിയുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഉടമകളിൽ നിന്ന് നിശ്ചിത കാലത്തേക്ക് ആനകളെ വാടകയ്ക്കും പാട്ടത്തിനും എടുക്കുന്ന ഇടനിലക്കാർ ആനകളുടെ ക്ഷേമകാര്യം ഒട്ടും ശ്രദ്ധിക്കാത്തതും മരണസംഖ്യ കൂടാൻ കാരണമായോ;

(ഡി) ഇത് സംബന്ധമായി വനം വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2017-ൽ 18 നാട്ടാനകളും 2018-ൽ 34 നാട്ടാനകളും ചരിഞ്ഞു.

(സി) നിയമവിരുദ്ധമായി ഉടമകളിൽനിന്ന് നിശ്ചിത കാലത്തേയ്ക്ക് ആനകളെ വാടകയ്ക്കും പാട്ടത്തിനുമെടുക്കുന്ന ഇടനിലക്കാർ 2012-ലെ നാട്ടാന പരിപാലന നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ആനകളെ പരിപാലിക്കാത്തതും ആനകളുടെ മരണസംഖ്യ കൂടാൻ കാരണമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമിതലാഭത്തിനായി വിശ്രമമില്ലാതെ ഉത്സവങ്ങൾക്ക് എഴുന്നള്ളിക്കുന്നതും പീഡിപ്പിക്കുന്നതും കാരണം ആനകളുടെ മരണസംഖ്യ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി സംരക്ഷണ നിയമത്തിന്റെ സെക്ഷൻ 43(1) പ്രകാരം നാട്ടാനകളെയോ മറ്റ് വന്യജീവികളെയോ സാമ്പത്തിക ലാഭത്തിനായി ഏതെങ്കിലും വിധത്തിൽ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുള്ളതാണ്. നാട്ടാനകളെ പാട്ടത്തിനും വാടകയ്ക്കുമെടുക്കുന്നത് 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ സെക്ഷൻ 40(2), 43(1) എന്നിവയുടെ ലംഘനവും സെക്ഷൻ 50(1) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്.

(ഡി) 2017 വർഷം 18-ഉം, 2018-ൽ 34-ഉം, 2019-ൽ നാളിതുവരെ 16 നാട്ടാനകളും ചരിഞ്ഞിട്ടുണ്ട്. 2018-ൽ നാട്ടാനകളുടെ മരണനിരക്ക് അസാധാരണമായി ഉയർന്നതിനെത്തുടർന്ന് ഇതിനെക്കുറിച്ച് പഠിക്കാനും

മരണകാരണങ്ങൾ കണ്ടെത്താനുമായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ബി.ഡി.സി.) ചെയർമാനായി വെറ്ററിനറി ഡോക്ടർമാരുടെ ഒരു വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുകയുണ്ടായി. ടി വിദഗ്ദ്ധസംഘം ചരിഞ്ഞ ആനകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും പോസ്റ്റ്മോർട്ടം റിപ്പോർട്ട്, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ച് നാട്ടാനകളുടെ ഉയർന്ന മരണനിരക്കിനുള്ള കാരണങ്ങൾ കണ്ടെത്തുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പോഷകാഹാരക്കുറവ്, വിശ്രമമില്ലായ്മ, അമിത ജോലിഭാരം, തെറ്റായ ആഹാരരീതി എന്നിവയാണ് ആനകളുടെ മരണനിരക്ക് അസാധാരണമായി വർദ്ധിക്കുന്നതിന് കാരണമായി സമിതി കണ്ടെത്തിയിട്ടുള്ളത്. കൂടാതെ, ശരിയായ സമയത്ത് ചികിത്സ നൽകാതിരിക്കുക, ശരിയായ പരിചരണവും സംരക്ഷണവും നൽകാതിരിക്കുക എന്നീ കാരണങ്ങളാലും ആനകളുടെ മരണനിരക്ക് വർദ്ധിക്കുന്നതിനിടയാക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നാട്ടാനകളുടെ സംരക്ഷണത്തിന് വിവിധ തലങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ, ആനയുടെ ജീവശാസ്ത്രപരമായ പ്രത്യേകതകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിചരണരീതി, ശാസ്ത്രീയമായ ഭക്ഷണരീതി, കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ നിരീക്ഷണ/പരിപാലന നടപടികൾ, രോഗാവസ്ഥയിലുള്ള നാട്ടാനകളുടെ വിദഗ്ദ്ധ ചികിത്സ, മദപ്പാടിലുള്ള നാട്ടാനകളുടെ പരിചരണം എന്നിവ സംബന്ധിച്ച് വിശദമായ സർക്കുലർ പുറപ്പെടുവിച്ച് അതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷിനാശം വരുത്തുന്ന മൃഗങ്ങളെ കൊല്ലുന്നതിനുള്ള വ്യവസ്ഥകൾ

118 (6191) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ ഗ്വാളിയോർ റയോൺസ് വകയായുള്ള മുന്നൂറ് ഏക്കർ സ്ഥലം കാട് വളർന്നു പന്തലിച്ച് നിൽക്കുന്നതിനാൽ പന്നി ഉൾപ്പെടെയുള്ള മൃഗങ്ങളുടെ താവളമായി മാറിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലത്തുള്ള പന്നികളെ വെടിവച്ച് കൊല്ലുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ;

(സി) കൃഷിനാശം വരുത്തുന്ന മൃഗങ്ങളെ വെടിവച്ച് കൊല്ലുന്നതിന് പുതുതായി ഏർപ്പെടുത്തിയ വ്യവസ്ഥകൾ വിശദമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മാവൂർ ഗ്വാളിയാർ റയോൺസ് പ്രവർത്തിച്ചിരുന്ന സ്ഥലം കാട്ടുമൂടി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലമല്ല. കാട്ടുപന്നികൾ ഇത്തരം കാടുകളിൽ ധാരാളമായുണ്ട്.

(ബി) നിലവിലെ സർക്കാർ ഉത്തരവുപ്രകാരവും വന്യജീവി (സംരക്ഷണ) നിയമപ്രകാരവും മാത്രമേ പ്രവർത്തിക്കാനാകുകയുള്ളൂ. ഇവിടെ നിന്ന് കാട്ടുപന്നികൾ സ്ഥിരമായി ഇറങ്ങി കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

(സി) കൃഷിനാശം വരുത്തുന്ന മൃഗങ്ങളെ വെടിവച്ചു കൊല്ലുന്നതിന് പുതുതായി 16-2-2019-ൽ സ.ഉ.(കൈ)നമ്പർ 7/2019/വനം എന്ന നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം കാട്ടുപന്നി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ നിന്ന് അവയെ ഒഴിവാക്കുന്നതിന് ആ പ്രദേശങ്ങളുടെ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ വൈൽഡ് ലൈഫ് വാർഡന്മാർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തിയിട്ടുണ്ട്. കൃഷിക്കും മനുഷ്യജീവനും നാശംവരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിനുള്ള അധികാരം ബന്ധപ്പെട്ട സ്ഥലങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് വികേന്ദ്രീകരിച്ചു നൽകിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ 8-3-2019-ലെ WL4-466/11 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 16-2-2019-ൽ സ.ഉ.(കൈ) നമ്പർ 7/2019/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**പൂഞ്ഞാർ മണ്ഡലത്തിലെ കോരുത്തോട് മേഖലയിൽ കാട്ടാനയുടെ ശല്യം**

119 (6192) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ കോരുത്തോട് മേഖലയിൽ കാട്ടാനയുടെ ശല്യം നിയന്ത്രിക്കുവാൻ വനം വകുപ്പ് പുതിയതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വനത്തിനുള്ളിൽ ക്യാമറകൾ സ്ഥാപിച്ച് കാട്ടാനകളുടെ വരവ് മുൻകൂട്ടി അറിയുവാൻ ഉള്ള സംവിധാനം നടപ്പിലാക്കുമോ; വിശദമാക്കുമോ;

(സി) കാട്ടാനകളെ നിയന്ത്രിക്കുവാൻ ഫോറസ്റ്റ് വാച്ചർമാരെ താത്കാലികമായി കോരുത്തോട് മേഖലയിൽ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കോരുത്തോട് മേഖലയിലെ പട്ടാളക്കുന്ന്, മൈനാങ്കുളം വനഭാഗങ്ങളിലെ കാട്ടാനശല്യം നിയന്ത്രിക്കുന്നതിനായി 5 കി. മീ. സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കാട്ടാനകളുടെ വരവ് മുൻകൂട്ടി അറിയിക്കാൻ ഒരു ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കാട്ടാനകളെ നിയന്ത്രിക്കാൻ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വരുന്ന എരുമേലി റെയ്ഞ്ചിലെ വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷന് കീഴിലുള്ള കോരുത്തോട് ഭാഗത്തെ സ്റ്റാഫിനെ നിയോഗിച്ചിട്ടുള്ളതും ഇവരെ സഹായിക്കുന്നതിനായി 2 താൽക്കാലിക വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതുമാണ്.

**കുളക്കാടൻ മലയുടെ അതിർത്തിയിൽ കമ്പിവേലി കെട്ടി സംരക്ഷണം**

120 (6193) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ഷൊർണ്ണൂർ മണ്ഡലത്തിലെ കുളക്കാടൻ മലയുടെ അതിർത്തിയിൽ കമ്പിവേലി കെട്ടി സംരക്ഷിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പാലക്കാട് ഈസ്റ്റേൺ സർക്കിളിന് പരിധിയിലുള്ള പാലക്കാട് ഡിവിഷനിലെ ഒറ്റപ്പാലം റേഞ്ചിലെ കുളക്കാടൻ മലയുടെ അതിർത്തി കമ്പിവേലി കെട്ടി സംരക്ഷിക്കാവാനുള്ള പദ്ധതി നിലവിലില്ല.

**വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി**

121 (6194) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കോന്നി നിയോജകമണ്ഡലത്തിൽ ഈ നടപടികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(സി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം എത്ര ഹെക്ടർ കൃഷി നശിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനുവേണ്ടി വനാതിർത്തിയിൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, കയ്യാലകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്ന വിവരം പ്രദേശവാസികളെ അറിയിക്കുന്നതിനുവേണ്ടി എസ്.എം.എസ്. അലർട്ട് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങിയാൽ അവയെ കാട്ടിലേയ്ക്കുതന്നെ തിരിച്ചുവിടുന്നതിന് ദ്രുതകർമ്മ സേനയുടെ സ്ഥിരം ഉദ്യോഗസ്ഥരും താൽക്കാലിക ജീവനക്കാരും കൃത്യമായി പ്രവർത്തിച്ചുവരുന്നുണ്ട്. വേനൽക്കാലങ്ങളിൽ ജലദൗർലഭ്യംമൂലം വന്യജീവികൾ വനാതിർത്തിക്ക് പുറത്തേയ്ക്കിറങ്ങാതിരിക്കാൻ വനത്തിനുള്ളിൽ കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നു. കൂടാതെ, ശോഷണം സംഭവിച്ച വനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു.

(ബി) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി 113.33 കി. മീ. ദൂരം സോളാർ വേലിയും, 3.042 കി. മീ. ദൂരം ട്രഞ്ചും സ്ഥാപിച്ചിട്ടുണ്ട്.

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തികളുടെ ഭൂമിയിലായതിനാൽ നാശം സംഭവിച്ച സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി 144 അപേക്ഷകൾ ലഭിക്കുകയും ആയതിന് 15,04,861 രൂപ നഷ്ടപരിഹാരമായി അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്.

വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനുവേണ്ടി വനാതിർത്തിയിൽ സൗരോർജ്ജവേലികൾ, കിടങ്ങുകൾ, കയ്യാലകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, വേനൽക്കാലങ്ങളിൽ ജലദൗർലഭ്യംമൂലം വന്യജീവികൾ വനാതിർത്തിക്ക് പുറത്തേയ്ക്കിറങ്ങാതിരിക്കാൻ വനത്തിനുള്ളിൽ കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നു.

### വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം

122 (6195) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി മരണപ്പെടുന്നവരുടെ കുടുംബങ്ങൾ, ആക്രമണത്തിൽ പരിക്കേൽക്കുന്നവർ എന്നിവർക്ക് നിലവിൽ നൽകുന്ന നഷ്ടപരിഹാരം എന്താണെന്ന് അറിയിക്കാമോ;

(ബി) നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷിക്കേണ്ടത് എവിടെയാണെന്നും എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി മരണപ്പെട്ടുന്നവരുടെ കുടുംബാംഗങ്ങൾക്ക് 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം. പ്രകാരം 10 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിവരുന്നു. വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ അവകാശികൾക്ക് നൽകപ്പെടുന്ന നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ നൽകിവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകാൻ വ്യവസ്ഥയുണ്ട്. ചികിത്സാ ചെലവ് അനുവദിക്കുന്നത്, ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്.

(ബി) നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷകർ അവരുടെ പരിധിയിലെ റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| മനുഷ്യ ജീവഹാനി | മരണ സർട്ടിഫിക്കറ്റ്<br>അനന്തരാവകാശ സർട്ടിഫിക്കറ്റ്<br>പോസ്റ്റുമോർട്ടം റിപ്പോർട്ട്<br>എഫ്.ഐ.ആർ.<br>അപേക്ഷകന്റെ/അവകാശിയുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖ<br>ബാങ്ക് പാസ് ബുക്കിന്റെ കോപ്പി (ദേശസാത്കൃത ബാങ്ക്) |
| പരിക്ക് | മെഡിക്കൽ ബില്ലുകൾ<br>ആധാർ, റേഷൻ കാർഡ് എന്നിവയുടെ കോപ്പി<br>ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം<br>അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരം (പാസ് ബുക്കിന്റെ കോപ്പി) |

## ആലത്തൂർ മണ്ഡലത്തിൽ വന്യമൃഗങ്ങൾമൂലമുണ്ടായ കൃഷിനാശം

123 (6196) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ കടന്നുകയറ്റം മൂലമുണ്ടായ കൃഷിനാശത്തിന്റെ കണക്ക് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) വന്യമൃഗങ്ങളുടെ കടന്നുകയറ്റംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നാളിതുവരെ വനം വകുപ്പ് നൽകിയ നഷ്ടപരിഹാരം എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ കടന്നുകയറ്റം മൂലമുണ്ടായ കൃഷിനാശത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | പഞ്ചായത്ത് | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | കിഴക്കഞ്ചേരി | 21.2287 |
| 2 | മേലാർകോട് | 0.3645 |
| 3 | കുഴൽമന്ദം | 0.2022 |

(ബി) ആലത്തൂർ മണ്ഡലത്തിൽ ഇപ്രകാരം കൃഷിനാശം സംഭവിച്ചവർക്ക് 1,53,381 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

## കേന്ദ്ര സർക്കാർ പാസ്സാക്കിയ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം

124 (6197) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിനായി ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഇല്ല. ചട്ടങ്ങൾ രൂപീകരിക്കാൻവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇടിമിന്നലേറ്റ് മരണം സംഭവിച്ച വളർത്തുമൃഗങ്ങളുടെ എണ്ണം

125 (6198) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഇടിമിന്നലേറ്റ് മരണം സംഭവിച്ച വളർത്തുമൃഗങ്ങളുടെ എണ്ണമെത്രയെന്നും അതിൽ പശു, ആട് തുടങ്ങിയ ഉപജീവനോപാധികളായവ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇടിമിന്നലേറ്റ് മരിക്കുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് സർക്കാർ ധനസഹായമോ നഷ്ടപരിഹാരമോ നൽകുന്നുണ്ടോ;

(സി) ഇത്തരത്തിൽ മരിക്കുന്ന ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് നഷ്ടപരിഹാരമോ ധനസഹായമോ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ ഈ വർഷം 38 ഉരുക്കൾ ഇടിമിന്നലേറ്റ് നഷ്ടപ്പെട്ടതിന്റെ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അപേക്ഷകൾ തരംതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പശു | 28 |
| 2 | ആട് | 3 |
| 3 | പോത്ത് | 2 |
| 4 | പശുക്കുട്ടി | 3 |
| 5 | കന്നുക്കുട്ടി | 2 |
| | ആകെ | 38 |

(ബി) നൽകുന്നുണ്ട്.

(സി) നഷ്ടപരിഹാരം നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിൻജൻസി ഫണ്ടിൽനിന്നും വിവിധ കാരണത്താൽ മരണപ്പെടുന്ന പക്ഷിമൃഗാദികളുടെ

ഉടമകൾക്ക് ധനസഹായം നൽകിവരുന്നു. ഇൻഷ്വറൻസ് നഷ്ടപരിഹാരമോ, ജില്ലാ കളക്ടർ മുഖേനയുള്ള ധനസഹായമോ ലഭിക്കാത്തവർക്ക് മാത്രമാണ് ഇപ്രകാരം ധനസഹായം നൽകിവരുന്നത്. പ്രകൃതിക്ഷോഭം, ആന്ത്രാക്സ്, പന്നിപ്പനി, പേവിഷബാധ, ആട്ടവസന്ത, പക്ഷിപ്പനി എന്നീ രോഗങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കും, വന്യജീവി ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം എന്നീ അത്യാഹിതങ്ങൾക്കും തുക നൽകിവരുന്നു. തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പശു/എരുമ-16,400 (കറവയില്ലാത്ത് 15,000), ആട്-1650 (പരമാവധി 4 എണ്ണം), കാള/പോത്ത്-15,000, പശുക്കുട്ടി-10,000, കോഴി/താറാവ് ഒരെണ്ണത്തിന് 50 വീതം (പരമാവധി 50,000) എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ ഈ ഇനത്തിൽ വകയിരുത്തി ചെലവഴിച്ചുവരുന്നു. കർഷകൻ സാമ്പത്തിക സഹായത്തിനുള്ള നിശ്ചിത അപേക്ഷ അതത് പഞ്ചായത്തുകളിലെ മൃഗാശുപത്രികളിലാണ് നൽകേണ്ടത്. ബന്ധപ്പെട്ട വെറ്ററിനറി സർജന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ട്, വിലനിർണ്ണയ സാക്ഷ്യപത്രം, ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നത്.

## പന്ന്യന്നൂർ മൃഗാശുപത്രി കെട്ടിടനിർമ്മാണം

126 (6199) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ പന്ന്യന്നൂർ മൃഗാശുപത്രി കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ഉള്ളതെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പന്ന്യന്നൂർ മൃഗാശുപത്രി കെട്ടിടനിർമ്മാണത്തിനുവേണ്ടി 2019-20 സാമ്പത്തിക വർഷത്തിൽ 37,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(ബി) ടെക്നിക്കൽ സാംങ്ഷൻ ലഭിക്കുന്നതിനുവേണ്ടി സൈറ്റ് പരിശോധന കഴിഞ്ഞു. ടെൻഡർ നടപടി ഉടൻ ആരംഭിക്കുന്നതാണ്.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

**മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

127 (6200) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) കെപ്കൊ കുടുംബശ്രീ പങ്കാളിത്തത്തോടെ ഇറച്ചിക്കോഴി വിപണിയിൽ നടത്തുന്ന പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ; വിപണിയിൽ നിർണ്ണായക പങ്കാളിത്തം കൈവരിക്കാനായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മാംസോല്പാദനരംഗത്ത് ഏക പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; സ്ഥാപനം നവീകരിച്ച് വിപണി വിപുലീകരിക്കാൻവേണ്ട ഇടപെടൽ നടത്തുമോ; അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 പഞ്ചായത്തുകളിൽ മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ വീതം 20 പഞ്ചായത്തുകൾക്ക് ആകെ 100 ലക്ഷം രൂപ 2019-20-ൽ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഇറച്ചിക്കോഴി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും അന്യസംസ്ഥാന കുത്തകകൾ കേരളത്തിലെ ഇറച്ചിക്കോഴി വിപണി നിയന്ത്രിക്കുന്നത് അവസാനിപ്പിക്കുന്നതിനും ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കുന്നതിനുംവേണ്ടി മൃഗസംരക്ഷണ വകുപ്പും കെപ്കോയും കുടുംബശ്രീയും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് കെപ്കോ-കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ പദ്ധതി.

കെപ്കോയുടെ അധീനതയിലുള്ള കുടപ്പനക്കുന്ന് ഇറച്ചിക്കോഴി പ്രജനനകേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന മേൽത്തരം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു നിശ്ചിത നിരക്കിൽ വളർത്താൻ നൽകുകയും കോഴികൾക്ക് 40-45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് കെപ്കോ ചിക്കൻ എന്ന പേരിൽ വിപണനം നടത്തുകയും ചെയ്യുന്നു. ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി 1000 കോഴികൾ വീതമുള്ള യൂണിറ്റുകൾ ഇതിനകം രൂപീകരിച്ചുകഴിഞ്ഞു.

കുടുംബശ്രീ പദ്ധതി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനമൊട്ടാകെ ഈ പദ്ധതി നടപ്പാക്കുന്നതോടെ കോഴിയിറച്ചി വിപണിയിൽ കെപ്കോ കുടുംബശ്രീയുടെ നിർണ്ണായക പങ്കാളിത്തം ഉറപ്പാക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി നിലവിൽ 800 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ കെപ്കോ, കുടുംബശ്രീയുടെ 53 ബ്രോയിലർ ഫാമുകളിൽ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ നൽകുകയും വളർച്ച പൂർത്തിയാകുമ്പോൾ കിലോയ്ക്ക് 85 രൂപ നിരക്കിൽ ഫാമുകളിൽ നിന്നും തിരിച്ചെടുക്കുകയും ചെയ്യുന്നു. തുടർന്നുള്ള വിപണന സംവിധാനം കെപ്കോയുടെ നേതൃത്വത്തിൽ അവരുടെ സെയിൽസ് ഔട്ട്ലെറ്റുകളിലൂടെയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. നിലവിൽ ആകെയുള്ള ബ്രോയിലർ വിപണിയുടെ ഒരു ശതമാനത്തിനുതാഴെ മാത്രമാണ് ഇത്തരം സംവിധാനത്തിലൂടെ വിപണിയിലെത്തുന്നത്. ആയതിനാൽ വിപണിയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ സാധിച്ചിട്ടില്ല. എന്നാൽ സമീപഭാവിയിൽത്തന്നെ കേരള ചിക്കൻ പദ്ധതിയിലൂടെ ആകെ വിപണിയുടെ 50% വിപണനം നടത്താൻ സാധിക്കുന്ന തരത്തിലുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. അതിലൂടെ വിപണിയിൽ നിർണ്ണായക പങ്കാളിത്തം കൈവരിക്കാൻ സാധിക്കും.

(സി) ഉണ്ട്. 1973-ൽ പ്രവർത്തനം ആരംഭിച്ച എം.പി.ഐ. തുടർച്ചായി നഷ്ടത്തിൽ പ്രവർത്തിക്കുകയും പ്രവർത്തനം മുരടിച്ചുനിന്ന സാഹചര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ഇതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഇക്കാലഘട്ടത്തിൽ നടത്തി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി ഇതിനെ മാറ്റിയിട്ടുണ്ട്.

1. മാംസാഹാരത്തിന് കൂടുതൽ പ്രിയം വന്ന സാഹചര്യത്തിൽ അതിനനുസരിച്ച് സംശുദ്ധമായ മാംസം ഉല്പാദിപ്പിച്ചുനൽകുന്നതിന് ഒരു അത്യാധുനിക അബറ്റയർ (അത്യാധുനിക മാംസ സംസ്കരണ ഫാക്ടറി) 31.02 കോടി രൂപ ചെലവിൽ പണി പൂർത്തിയാക്കി ഇടയാറിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രതിദിനം 400 മൃഗങ്ങളെ (200 കാള/പോത്ത്, 200 പന്നി) കശാപ്പുചെയ്ത് സംസ്കരിക്കുന്നതിനായി ബൊവൈൻ പ്ലാന്റ്, സ്വയിൻ പ്ലാന്റ്, ഇ.റ്റി.പി. പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. ഇതിനുപരി ഉറവിടത്തിൽത്തന്നെ മൃഗങ്ങളുടെ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഉപോല്പന്നങ്ങളാക്കി മാറ്റാനുള്ള മോഡേൺ ടെക്നോളജി ഉപയോഗിച്ചുള്ള ഒരു അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ് (റെന്ററിംഗ് പ്ലാന്റ്) ഇവിടെ പ്രവർത്തിക്കുന്നു. പ്രതിദിനം 25 മെട്രിക് ടൺ മാംസം ഉല്പാദനശക്തി ഈ പ്ലാന്റുകൾക്കുണ്ട്. വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദനം 60 ശതമാനത്തിലെത്തുമ്പോൾ നാലാം വർഷം 77 കോടി രൂപയുടെ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്. 33.75% ഉല്പാദനശക്തി ആർജ്ജിക്കുമ്പോൾ ബ്രേക്ക് ഇവൻ ലെവലിൽ എത്തുന്നതാണ്. പ്രതിദിനം 12 മെട്രിക് ടൺ ഖരമാലിന്യങ്ങൾ ഇവിടെ പ്രോസെസ്സ് ചെയ്യാൻ കഴിയും.

2. നിലവിലുള്ള ഫാക്ടറിയിൽ കൂടുതൽ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നു. ആട്, കോഴി, താറാവ്, മുയൽ, കാട എന്നിവയുടെ ഇറച്ചി ഉല്പന്നങ്ങൾ ഇവിടെ ഉല്പാദിപ്പിച്ചുവരുന്നു.

3. പ്രവർത്തനമൂലധനത്തിനായി നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പരമാവധി ഉല്പാദനശക്തി ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്ത് സംശുദ്ധമായ ഇറച്ചി വിതരണം ചെയ്യാനുള്ള പദ്ധതിയാണുള്ളത്. പരിചയസമ്പന്നരും വിദഗ്ദ്ധരുമായ വെറ്ററിനറി ഡോക്ടർമാരും ഫുഡ് ടെക്നോളജിസ്റ്റുകളും മൈക്രോ ബയോളജിസ്റ്റുകളും മറ്റ് സാങ്കേതികവിദഗ്ദ്ധരും ചേർന്ന് ശാസ്ത്രീയമായ രീതിയിൽ ഭക്ഷ്യസുരക്ഷാ നിയമങ്ങൾ പാലിച്ച് ഉല്പാദിപ്പിക്കുന്ന എം.പി.ഐ. ഉല്പന്നങ്ങൾക്ക് ജനങ്ങളുടെയിടയിൽ പ്രിയം വർദ്ധിച്ചിട്ടുണ്ട്.

4. പുതിയ തലമുറയുടെ മാംസാഹാര പ്രിയം കണക്കിലെടുത്ത് ഒരു മൂല്യവർദ്ധിത മാംസ സംസ്കരണ ഫാക്ടറി 13.5 കോടി രൂപ മുതൽമുടക്കി കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിൽ സ്ഥാപിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലുമാണ്. മൂല്യവർദ്ധിത മാംസ ഉല്പന്നങ്ങളായ സോസേജ്, നഗട്ട്സ്, കബാബ്, മീറ്റ് ബോൾ, കട്‌ലറ്റ്, പച്ചക്കറികളും പഴവർഗ്ഗങ്ങളും മുട്ടയും മറ്റും

ചേർത്തുള്ള റെഡി ടു ഈറ്റ് ഉല്പന്നങ്ങൾ ഈ ഫാക്ടറിയിൽ ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രതിദിനം 2000 കി. ഗ്രാം ഉല്പന്നങ്ങളാണ് സംസ്കരിക്കാൻ ഉദ്ദേശിക്കുന്നത്. എം.പി.ഐ.-യുടെ ഹെഡ് ഓഫീസ് കേന്ദ്രീകരിച്ചുള്ള ഹൈടെക് സ്ലോട്ടർ ഹൗസിൽ ഉല്പാദിപ്പിച്ച് ശുദ്ധിയാക്കി കൊണ്ടുവരുന്ന ഇറച്ചിയാണ് ഈ ഫാക്ടറിയിൽ പ്രോസെസ്സ് ചെയ്യുന്നത്. നേരിട്ടും അല്ലാതെയും ഏകദേശം 300 പേർക്ക് ഇവിടെ തൊഴിൽ സാധ്യതയുണ്ട്. സ്ത്രീ ശാക്തീകരണത്തിന് മുന്തിയ പ്രാധാന്യം ഇവിടെ നൽകുന്നു.

5. എം.പി.ഐ.-ക്ക് ചാലക്കുടിയിൽ സ്വന്തമായുള്ള 16 ഏക്കർ സ്ഥലത്ത് 19.5 കോടി രൂപ ചെലവിൽ ഒരു കാള/പോത്ത്, കിടാരി വളർത്തൽ കേന്ദ്രം സ്ഥാപിക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം ലഭിച്ചാലുടൻ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. 30000 കിടാരികളെ വളർത്തിയെടുക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുവഴി കമ്പനി സ്ഥാപിച്ചിട്ടുള്ള അത്യാധുനിക മാംസ സംസ്കരണ ഫാക്ടറിയിൽ കശാപ്പിനായി ഇവയെ ഉപയോഗിക്കാൻ ഒരുപരിധിവരെ സാധിക്കും.

6. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കാനായി തഴെപ്പറയുന്ന പദ്ധതികൾകൂടി കമ്പനി വിഭാവനം ചെയ്ത് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

എ) പൗൾട്രി പ്രോസസ്സിംഗ് പ്ലാന്റിനോടനുബന്ധിച്ച് ഒരു റെന്ററിങ്ങ് പ്ലാന്റ് 3 കോടി രൂപ ചെലവിൽ സ്ഥാപിച്ച് കോഴി മാലിന്യങ്ങൾ സംസ്കരിക്കാനും ഉപോല്പന്നങ്ങൾ ഉല്പാദിപ്പിക്കാനുമാണ് ഈ പദ്ധതി.

ബി) <u>പൗൾട്രി ഫാം കം പ്രോസസ്സിംഗ് യൂണിറ്റ്</u> സ്ഥാപിച്ച് പ്രവർത്തിക്കാനുള്ള പദ്ധതിയാണിത്. 320 ലക്ഷം രൂപയാണ് ഇതിന്റെ മുതൽമുടക്ക്. ഇതുവഴി സ്ത്രീ ശാക്തീകരണത്തിന് കൂടുതൽ ഊന്നൽ നൽകാനും ഇറച്ചിക്കോഴി ഉല്പാദനം വർദ്ധിപ്പിക്കാനും കഴിയും.

സി) <u>മോഡേൺ മീറ്റ് ഷോപ്പ് കം റസ്റ്റോറന്റ്</u> - സംസ്ഥാനത്തെ ജനവാസ കേന്ദ്രങ്ങളിൽ സംശുദ്ധമായ ഇറച്ചി ഉല്പന്നങ്ങൾ വിതരണം നടത്തുന്നതിനും പാകം ചെയ്ത ഇറച്ചി ഉല്പന്നങ്ങൾ വിൽക്കുന്നതിനും യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിനും മോഡേൺ മീറ്റ് ഷോപ്പ് കം റസ്റ്റോറന്റ് സ്ഥാപിക്കാനുള്ള പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്. തുടക്കത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഇവ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. 250 ലക്ഷം രൂപയാണ് ഇതിന്റെ മുതൽമുടക്ക്.

ഡി) ഭക്ഷ്യസുരക്ഷാ നിയമങ്ങൾ ജനങ്ങളിലേക്കും മാംസ സംസ്കരണവും വിതരണവും നടത്തുന്നവരിലേയ്ക്കും എത്തിക്കാൻ എം.പി.ഐ.-യുടെ നേതൃത്വത്തിൽ ഒരു അവയർനെസ്സ് പ്രോഗ്രാമിന് എൽ.ഇ.ഡി. വെഹിക്കിൾ ഡിസ്പ്ലേ തിരുവനന്തപുരത്ത് നിന്ന് കാസർഗോഡ് വരെയുള്ള ജില്ലകളിൽ പ്രദർശനം നടത്തുകയുണ്ടായി.

ഇ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എം.പി.ഐ.-യുടെ മാംസ വില്പനശാലകൾ സ്ഥാപിച്ചു നൽകുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. ഇത് വിപുലീകരിക്കാനുള്ള പദ്ധതിയുണ്ട്.

എഫ്) ആർ.കെ.വി.വൈ. സ്കീം പ്രകാരം പിഗ് സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിച്ച് നൽകിവരുന്നുണ്ട്. ഇതുപ്രകാരം ഒരു ഗുണഭോക്താവിന് 20 പന്നിക്കുഞ്ഞുങ്ങളെ നൽകി തിരിച്ചെടുക്കുന്ന സമ്പ്രദായമാണിത്. പുതിയ സ്കീം പ്രകാരം 1200 പന്നിക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകിയിട്ടുണ്ട്.

ജി) മാർക്കറ്റിംഗ് സംവിധാനം താഴെപ്പറയുന്ന പ്രകാരം ത്വരിതപ്പെടുത്തിയിട്ടുണ്ട്.

• ഇപ്പോൾ 600 ഡീലേഴ്സിനെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇറച്ചി ഉല്പന്നങ്ങളുടെ വിതരണത്തിനായി നിയോഗിച്ചിട്ടുണ്ട്. ഈ വർഷം അവസാനം 1000-ൽ എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി കേരളത്തിന്റെ എല്ലാ ജില്ലകളിലും എം.പി.ഐ. ഉല്പന്നങ്ങൾ ലഭ്യമാക്കാനാണ് പദ്ധതി.

- മാർക്കറ്റിംഗ് സംവിധാനം വികേന്ദ്രീകരിച്ച് 4 റീജിയണായി മാർക്കറ്റിംഗ് രംഗത്തെ പ്രൊഫഷണലുകളെ നിയോഗിച്ചിട്ടുണ്ട്.
- സർക്കാർ വകുപ്പുകൾക്ക് ആവശ്യമുള്ള മാംസോല്പന്നങ്ങൾ പൊതുമേഖലാ സ്ഥാപനമായ എം.പി.ഐ.-യിൽനിന്നും നൽകുന്നതിനുള്ള കാര്യം പരിശോധിച്ചുവരുന്നു.
- ഉല്പാദന വർദ്ധനവ് നേടുന്നമുറയ്ക്ക് മാംസം കയറ്റുമതി ചെയ്യാനുള്ള നടപടികളും ഉദ്ദേശിക്കുന്നുണ്ട്.

7. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്ത മൃഗ അവയവങ്ങൾ മനുഷ്യ ഹൃദയ/മസ്തിഷ്ക ശസ്ത്രക്രിയകൾക്ക് ഉപയോഗിക്കാനുള്ള ശാസ്ത്ര സാങ്കേതികവിദ്യ നടപ്പിലാക്കാൻ എം.പി.ഐ. ഒരു ധാരണാപത്രം ഉണ്ടാക്കുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

8. കേരള ചിക്കൻ പദ്ധതിയുടെ വിജയത്തിനും എം.പി.ഐ. പ്രവർത്തിക്കുന്നു. സംസ്ഥാനത്തുടനീളം അറവുശാല മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള റെന്ററിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും പരിചയവും എം.പി.ഐ.-ക്ക് ഉണ്ട്.

9. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുമായി എം.പി.ഐ. കരാറിലേർപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ 2019 ജൂലൈ 15 മുതൽ കുടുംബശ്രീ യൂണിറ്റുകൾ വളർത്തിത്തരുന്ന ഇറച്ചിക്കോഴികളെ എം.പി.ഐ.-യുടെ ഇടയാറിലെ ആധുനിക ഇറച്ചിക്കോഴി മാംസ സംസ്കരണ പ്ലാന്റിൽ എത്തിച്ച് സംസ്കരിക്കുകയും അത് വിപണനം നടത്തിവരികയും ചെയ്യുന്നു.

**ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിലുള്ള പദ്ധതികൾ**

128 (6201) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിൽ കർഷകർക്ക് ജീവനോപാധി നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിൽ കർഷകർക്ക് ജീവനോപാധി നൽകുന്ന പദ്ധതിയായ പിന്നാമ്പുറ ആടുവളർത്തൽ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്.

പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും 633.60 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 1600 ഗുണഭോക്താക്കൾക്ക് 10 പെണ്ണാടും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി മുഖേന ധനസഹായം നൽകുന്നത്. ഒരു യൂണിറ്റിന്റെ പദ്ധതി ചെലവ് 66,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. 60:30:10 എന്ന അനുപാതത്തിലാണ് (കേന്ദ്രം - 60%, സംസ്ഥാനം - 30%, ഗുണഭോക്തൃ വിഹിതം - 10%) പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര വിഹിതമായ ഒരു യൂണിറ്റിന് 39,600 രൂപയും സംസ്ഥാന വിഹിതമായി 19,800 രൂപയും ചേർത്ത് 59,400 രൂപയാണ് സർക്കാർ സഹായമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്. ഗുണഭോക്തൃ വിഹിതമായി 6600 രൂപയാണ് ഗുണഭോക്താവ് വഹിക്കേണ്ടത്.

(ബി) ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 മുതൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡെവലപ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 2019-20-ൽ 191 യൂണിറ്റിന് തുക അനുവദിച്ചിട്ടുണ്ട്.

**നാടൻ പശുക്കളുടെ സംരക്ഷണത്തിനും വളർച്ചക്കും ഉതകുന്ന പദ്ധതികൾ**

129 (6202) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ക്ഷീരവികസന ബോർഡിന്റെ കണക്കുപ്രകാരം രോഗപ്രതിരോധശേഷിയും ഗുണമേന്മയും കൂടുതലുള്ള നാടൻ കന്നുകാലി ജനുസ്സുകളുടെ എണ്ണം കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലാവസ്ഥാ വ്യതിയാനം അതിജീവിക്കുന്നതും കൊഴുപ്പ് കൂടിയ പാൽ ഉല്പാദിപ്പിക്കുന്നതുമായ നാടൻ പശുക്കളുടെയും മറ്റും സംരക്ഷണത്തിനും വളർച്ചയ്ക്കും ഉതകുന്ന എന്തെങ്കിലും പദ്ധതി പ്രത്യേകമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നാടൻ പശുക്കളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും നവീനവും സമഗ്രവുമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നടപ്പിലാക്കിയിട്ടുണ്ട്. എം.എസ്.ഡി.പി. പദ്ധതിയുടെ ഭാഗമായി നാടൻ പശുക്കളെ വാങ്ങി വളർത്തുന്നതിനുവേണ്ടി ഒരു പശുവിന് 36,500 രൂപ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

2019-20 വർഷത്തിൽ ഒരു പശു വീതമുള്ള 70 യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിന് തുക വകയിരുത്തി പ്രവർത്തനം നടത്തിവരുന്നു. കാസർഗോഡ് കുള്ളൻ, ഗിർ, വെച്ചൂർ മുതലായ തനത് ഇനങ്ങളെയാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

നാടൻ പശുക്കളെ കൂടുതൽ വളർത്തുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളിൽ അതേ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജം നിക്ഷേപിക്കുന്നതിനായി ഈ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ഗാഢ

ശീതീകരിച്ച ബീജമാത്രകൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് സംസ്ഥാനത്തിനകത്തെ ആവശ്യമുള്ള എല്ലാ കൃത്രിമ ബീജദാന കേന്ദ്രങ്ങളിലും എത്തിക്കുകയും സൗജന്യ കൃത്രിമ ബീജദാനം നൽകുകയും ചെയ്യുന്നുണ്ട്.

വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി പതിനായിരം രൂപ വിവിധ പദ്ധതികളിലൂടെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നൽകിവരുന്നു.

രാജ്യത്തെ അംഗീകൃത നാടൻ ജനുസ്സുകളെ ശാസ്ത്രീയമായി സംരക്ഷിച്ചുപോരുന്ന കർഷകർക്കും നാടൻ ജനുസ്സിൽപ്പെട്ട വർഗ്ഗഗുണമുള്ള ഉരുക്കളെ ശാസ്ത്രീയമായി പരിപാലിക്കുന്ന സംഘടനകൾ, സൊസൈറ്റികൾ, കർഷക കൂട്ടായ്മകൾ എന്നിവർക്കും പുരസ്കാരങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നു.

കേരളത്തിന്റെ തനത് നാടൻ ജനുസ്സുകളായ വെച്ചൂർ പശുക്കൾക്കായി പ്രത്യേക പ്രജനന പദ്ധതി നടപ്പിലാക്കുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 79 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

നാടൻ ജനുസ്സുകളായ സഹിവാൾ, വെച്ചൂർ എന്നീ പശുക്കളിൽ ഭ്രൂണമാറ്റം നടത്തി ഈ ജനുസ്സുകളുടെ കൂടുതൽ പശുക്കുട്ടികളെ ഉല്പാദിപ്പിക്കുന്നതിനായി 2.48 കോടി രൂപയുള്ള കേന്ദ്ര സർക്കാർ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും പദ്ധതി നടപ്പിലാക്കിവരുകയും ചെയ്യുന്നു.

വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയെ സംരക്ഷിക്കുന്നതിന്, തൃശ്ശൂർ ജില്ലയിലെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പുത്തൂർ ലൈവ്സ്റ്റോക്ക് ഫാമിൽ ഈ ഇനത്തിൽപ്പെട്ട പശുക്കളേയും കന്നുകുട്ടികളേയും പരിപാലിച്ചുപോരുന്നു.

**ക്ഷീര കർഷകരുടെ നഷ്ടം**

130 (6203) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ വില കൂട്ടിയിട്ടും ക്ഷീരകർഷകരുടെ നഷ്ടം കുറഞ്ഞിട്ടില്ലായെന്നും, കാലിത്തീറ്റയുടെയും പിണ്ണാക്കിന്റെയും വിലവർദ്ധനവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവുമാണ് ഇതിന് കാരണമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് പരിഹാരമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉല്പാദന മേഖലയിൽ മാറ്റിവയ്ക്കുന്ന തുകയിൽ കുറഞ്ഞത് 10% തുക ക്ഷീരകർഷകർക്കുവേണ്ടി മാറ്റിവയ്ക്കുന്നത് സർക്കാർ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തീറ്റവിളകളുടെ ലഭ്യതക്കുറവും കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതിനാലും കാലിത്തീറ്റയുടെ വിലവർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാൽ പാൽവില വർദ്ധിപ്പിക്കുന്ന സമയത്ത് പൊതുമേഖലയിലും സഹകരണമേഖലയിലും പ്രവർത്തിക്കുന്ന കാലിത്തീറ്റ കമ്പനികൾ കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പാലിന്റെ വിപണന വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ 3.35 രൂപയും കർഷകർക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതം ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 4 രൂപ വരെ അധിക വില നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം ക്ഷീരമേഖലയ്ക്ക് മാറ്റിവയ്ക്കണമെന്ന ആശയം തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാം ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം

131 (6204) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചാത്തമംഗലം റീജിയണൽ പൗൾട്രി ഫാമിനോടനുബന്ധിച്ചുള്ള ട്രെയിനിംഗ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് പ്രവർത്തനമാണ് ഇവിടെ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണത്തിന് 86,00,000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) പൂർത്തീകരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ സംരംഭകത്വ പരിശീലനവും വെറ്ററിനറി സയൻസ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ ഭാഗമായ ട്രെയിനിംഗുകളും നടത്താൻ ഉദ്ദേശിക്കുന്നു.

## ബ്രോയിലർ കോഴികളിൽ വ്യാപകമായി ഹോർമോൺ കുത്തിവയ്പ്

132 (6205) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രോയിലർ കോഴികളിൽ വ്യാപകമായി ഹോർമോൺ/ ആന്റിബയോട്ടിക് കുത്തിവയ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് ആരോഗ്യത്തിന് ഹാനികരമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇറച്ചിക്കോഴികളുടെ വിലവർദ്ധനവ് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടില്ല.

(ബി) ഇറച്ചിക്കോഴി വിപണിയിൽ വില്പനയ്ക്കെത്തുമ്പോൾ ആന്റിബയോട്ടിക്/ ഹോർമോൺ എന്നിവ ഹാനികരമായ അളവിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ എറണാകുളത്ത് മരടിലുള്ള സ്റ്റേറ്റ് ലബോറട്ടറി ഫോർ മറൈൻ, അഗ്രികൾച്ചർ & ലൈവ് സ്റ്റോക്ക് പ്രോഡക്ട്സ് (SLMAP) എന്ന ലാബിൽ സർവ്വയലൻസ് പരിശോധനകൾ നടത്തുന്നുണ്ട്.

(സി) കേരളത്തിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ഇറച്ചിക്കോഴിയുടെ വിലവർദ്ധനവ് തടയുന്നതിനുമായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ ആയൂർ തോട്ടത്തറ ഹാച്ചറിയിൽ ബ്രോയിലർ ബ്രീഡിംഗ് ഫാം തുടങ്ങുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറ്റച്ചൽ ജഴ്സിഫാമിൽ ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായി. ഓരോ ആഴ്ചയിലും 40,000 ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും.

കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഒരു ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. തൃശ്ശൂർ ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഒരു ഹാച്ചറി പ്രവർത്തിച്ചുവരുന്നു.

കെപ്കോയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനനകേന്ദ്രം നവീകരിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം ഒന്നേകാൽ ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ ഉത്പാദിപ്പിച്ച് ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്ത് വളർത്തിയെടുത്ത് 40-45 ദിവസം അല്ലെങ്കിൽ രണ്ട് കിലോ ഭാരമുണ്ടാകുമ്പോൾ കെപ്കോ തന്നെ വില കൊടുത്ത് തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഗുണമേന്മയുള്ള ഇറച്ചിയാക്കി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമെ കോൺട്രാക്ട് ഫാമിംഗ് രീതിയും നടപ്പാക്കിവരുന്നു. കൂടുതൽ കർഷകർ ഇറച്ചിക്കോഴി വളർത്തൽ രംഗത്തേയ്ക്ക് കടന്നുവരുന്നതനുസരിച്ച് അവർക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ നൽകുന്നതിന് കൂടുതൽ പാരന്റ് സ്റ്റോക്കിനെ വാങ്ങി വളർത്തുന്നതിന് പുതിയ പൗൾട്രി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി എന്നിവരുമായി സഹകരിച്ചുകൊണ്ട് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 800 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. പുതിയ ബ്രോയിലർ ഫാമുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും കർഷകർക്ക് കുടുംബശ്രീ സാമ്പത്തിക സഹായം നൽകിവരുന്നു. ഉല്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുവേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പാരന്റ് പക്ഷികൾ (ബ്രീഡർസ്റ്റോക്ക്) മുതൽ ഹാച്ചറികൾ, മാംസസംസ്കരണത്തിനുള്ള റെന്ററിങ് പ്ലാന്റുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണമായ ഉൽപ്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

133 (6206) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സങ്കര ഇനത്തിലുള്ള കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം ഇതിനകം എത്ര കന്നുകാലികളെ ഇൻഷ്വർ ചെയ്തു; വ്യക്തമാക്കുമോ;

(ബി) പ്രകൃതി ദുരന്തം മൂലവും മറ്റും നഷ്ടം സംഭവിക്കുന്ന ക്ഷീരകർഷകർക്ക് കന്നുകാലി ഒന്നിന് പരമാവധി എന്ത് തുകയാണ് ഇൻഷ്വറൻസ് പരിരക്ഷയിലൂടെ ലഭിക്കുന്നതെന്നും പരമാവധി എത്ര കന്നുകാലികൾക്കാണ് ഇൻഷ്വറൻസ് തുക ലഭിക്കുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഉരുക്കളുടെ മരണത്തിനും ഉത്പാദനക്ഷമതാ നഷ്ടത്തിനുമുള്ള പരിരക്ഷ ഉറപ്പാക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി മൂന്നാം വർഷത്തിൽ എത്തിനിൽക്കുന്നു. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50%-വും എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70%-വും സർക്കാർ സബ്സിഡിയായി നൽകുന്നു.

2017-18 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ എൻ.എൽ.എം. എന്ന പദ്ധതിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഗോസമൃദ്ധി 2017-18 എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി. ടി പദ്ധതികളിൽ ഉരുവിന്റെ പ്രീമിയം നിരക്ക് 1 വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 3% ആയിരുന്നു.

2018-19 സാമ്പത്തിക വർഷം കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളാണ് എൻ.എൽ.എം. പ്ലസ് 2017-18, ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതികൾ. പദ്ധതിയിൽ ഉരുവിനും ഉരുവിന്റെ ഉടമയായ കർഷകനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നു. ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.8%-വും മൂന്ന് വർഷത്തേയ്ക്ക് 6.54%-വും ആയിരുന്നു പ്രീമിയം നിരക്ക്.

2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ 66.7 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ 5 കോടി രൂപയും വകയിരുത്തി നടപ്പിലാക്കുന്ന

ഗോസമൃദ്ധി-എൻ.എൽ.എം. 2019-20 എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.15%-വും മൂന്ന് വർഷത്തേയ്ക്ക് 5.419%-വും ആണ് പ്രീമിയം നിരക്ക്.

സങ്കര ഇനത്തിലുള്ള കന്നുകാലികൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതിയാണിത്. 1 ലക്ഷം രൂപ വരെ മതിപ്പുവിലയുള്ള സങ്കരയിനം ഉരുവിനു ഇതേ പ്രീമിയം നിരക്കിൽ ഇൻഷ്വർ ചെയ്യാമെന്നുള്ളത് ഈ പദ്ധതിയുടെ നേട്ടമാണ്. 65,000 രൂപയ്ക്ക് മുകളിലുള്ള സങ്കരയിനം ഉരുവിന്റെ പ്രീമിയം പൂർണ്ണമായും ഗുണഭോക്തൃ വിഹിതമാണ്.

മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾ മുഖാന്തിരം 2017-18 മുതൽ നാളിതുവരെ 1,31,389 ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(ബി) ഇൻഷ്വർ ചെയ്തിട്ടുള്ള എല്ലാ കന്നുകാലികൾക്കും പ്രകൃതി ദുരന്തം മൂലവും, മറ്റ് അപകടംമൂലവുമുണ്ടാകുന്ന മരണത്തിന് അവയെ ഇൻഷ്വർ ചെയ്തിരിക്കുന്ന തുക ക്ലെയിം തുകയായി (claim amount) ലഭ്യമാകുന്നതാണ്.

ഇൻഷ്വർ ചെയ്തിട്ടുള്ള എല്ലാ കന്നുകാലികൾക്കും പരമാവധി എണ്ണം എന്ന പരിധിയില്ലാതെ പ്രകൃതി ദുരന്തംമൂലമോ അല്ലാതെയോ ആകസ്മിക മരണം സംഭവിച്ചാൽ ഉടമയായ കർഷകന് ഇൻഷ്വറൻസ് തുക ലഭിക്കുന്നതാണ്.

## മലപ്പുറം ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി

134 (6207) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര വെറ്ററിനറി പോളിക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ;

(ബി) മലപ്പുറം ജില്ലയിൽ ഒരു മുനിസിപ്പാലിറ്റിയിൽ ഒന്ന് വീതം എന്ന തോതിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) മലപ്പുറം ജില്ലയിൽ ഒരു താലൂക്കിൽ ഒന്ന് എന്ന തോതിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി ക്ലിനിക്ക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) 50 എണ്ണം.

| | | |
|---|---|---|
| തിരുവനന്തപുരം | - | 2 |
| കൊല്ലം | - | 4 |
| പത്തനംതിട്ട | - | 3 |
| ആലപ്പുഴ | - | 6 |
| കോട്ടയം | - | 4 |
| ഇടുക്കി | - | 2 |
| എറണാകുളം | - | 5 |
| തൃശ്ശൂർ | - | 6 |
| പാലക്കാട് | - | 4 |
| മലപ്പുറം | - | 4 |
| കോഴിക്കോട് | - | 2 |
| വയനാട് | - | 2 |
| കണ്ണൂർ | - | 6 |
| കാസർഗോഡ് | - | 0 |

(ബി) താലൂക്കടിസ്ഥാനത്തിൽ വെറ്ററിനറി പോളിക്ലിനിക് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മലപ്പുറം ജില്ലയിലെ നിലമ്പൂർ വെറ്ററിനറി ഹോസ്പിറ്റൽ, കൊണ്ടോട്ടി വെറ്ററിനറി ഹോസ്പിറ്റൽ, പരപ്പനങ്ങാടി വെറ്ററിനറി ഡിസ്പെൻസറി എന്നിവയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി പോളിക്ലിനിക് സംവിധാനം പരിഗണനയിലുണ്ട്. ഒരു താലൂക്കിൽ ഒന്ന് എന്ന ലക്ഷ്യം ഘട്ടംഘട്ടമായി കൈവരിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**വെറ്ററിനറി കേന്ദ്രങ്ങൾ**

135 (6208) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെറ്ററിനറി ക്ലിനിക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളോ ആധുനിക ചികിത്സാ സൗകര്യങ്ങളോ മതിയായ രീതിയിൽ ഇല്ലായെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൃഗസ്നേഹികൾക്കും കർഷകർക്കും സൗകര്യപ്രദമായ തരത്തിൽ വെറ്ററിനറി കേന്ദ്രങ്ങൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കൂടുതൽ വിപുലമായ സജ്ജീകരണങ്ങളോടെയും മുഴുവൻ സമയം പ്രവർത്തിക്കുന്ന തരത്തിലും വെറ്ററിനറി കേന്ദ്രങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഭാവിയെ കരുതിയും വർദ്ധിച്ച ആവശ്യമനുസരിച്ചും വെറ്ററിനറി കേന്ദ്രങ്ങളിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കർഷകരുടെ വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിന് വെറ്ററിനറി കേന്ദ്രങ്ങൾ ആധുനികവത്കരിച്ചു കൊണ്ടിരിക്കുകയാണ്.

(സി) വെറ്ററിനറി പോളിക്ലിനിക്കുകളിൽ ഇരുത്തിനാല് മണിക്കൂറും സേവനം ലഭ്യമാകുന്ന സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ആധുനിക രോഗനിർണ്ണയ സംവിധാനം, കൂടുതൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, ജില്ലാ/താലൂക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികൾക്ക് കൂടുതൽ പ്രവർത്തന സമയം, ഡോക്ടർമാർക്ക് പരിശീലനം, ആധുനിക സാങ്കേതികവിദ്യയുടെ സഹായം ചികിത്സയിൽ ഉൾപ്പെടുത്തുക എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## വെഞ്ഞാറമൂട് വെറ്ററിനറി ഹോസ്പിറ്റൽ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി

136 (6209) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ വെഞ്ഞാറമൂട് കേന്ദ്രമായി പ്രവർത്തിക്കുന്ന വെറ്ററിനറി ഹോസ്പിറ്റലിനെ വെറ്ററിനറി പോളിക്ലിനിക് ആയി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ഇതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

## മൃഗചികിത്സാരംഗത്ത് ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ

137 (6210) ശ്രീ. കെ. രാജൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷി-മൃഗാദികളിൽ കണ്ടുവരുന്ന വിവിധതരത്തിലുള്ള അസുഖങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനുമുള്ള എന്തെല്ലാം സംവിധാനങ്ങൾ മൃഗസംരക്ഷണ വകുപ്പിനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മൃഗചികിത്സാരംഗത്ത് ആധുനിക ചികിത്സാ രോഗനിർണ്ണയ സംവിധാനങ്ങളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രികളിൽ എന്തൊക്കെ സജ്ജീകരണങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിൽ ഏതൊക്കെ തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; ഇവിടെ സ്പെഷ്യാലിറ്റി കേഡറിൽ കൂടുതൽ തസ്തികകൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ഇ) മൃഗസംരക്ഷണ വകുപ്പിന്റെ ഏതെങ്കിലും സ്ഥാപനത്തിൽ ആന്റിബയോട്ടിക് അംശം പരിശോധിക്കുന്നതിനുള്ള സൗകര്യമുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിൽ വിവിധ ലബോറട്ടറി ഡിവിഷനുകളിലായി ഇന്ന് നിലവിൽ കാണപ്പെടുന്ന മൃഗങ്ങളെ ബാധിക്കുന്നതും മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേയ്ക്ക് പടരുന്നതുമായ എല്ലാ പ്രധാനപ്പെട്ട അസുഖങ്ങൾക്കും രോഗനിർണ്ണയ സംവിധാനം നിലവിലുണ്ട്. സാധാരണ ഉപയോഗിച്ചുവരുന്ന രോഗനിർണ്ണയ സംവിധാനങ്ങളായ പോസ്റ്റ്മോർട്ടം പരിശോധന, ഹിസ്റ്റോപ്പാത്തോളജി, പരാദരോഗ നിർണ്ണയ സംവിധാനം, കാലിത്തീറ്റയിലെയും മറ്റും പൂപ്പൽബാധ, മൈക്രോസ്കോപ്പിക് അധിഷ്ഠിത രോഗനിർണ്ണയം, ശരീരസ്രവങ്ങളുടെ പരിശോധന, വെറ്ററോലീഗൽ പരിശോധനാ സംവിധാനം എന്നിവയ്ക്ക് പുറമെ താഴപ്പറയുന്ന ആധുനിക സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

- എലിസ
- ഇമ്മ്യൂണോക്രോമോറ്റോഗ്രാഫി
- കോൺവെൻഷണൽ പി.സി.ആർ.
- നെസ്റ്റഡ് പി.സി.ആർ.
- റിയൽ ടൈം പി.സി.ആർ.(ടാക്മാൻ, സൈബർ ഗ്രീൻ എന്നീ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായത്)
- ഫ്ലൂറസെന്റ് ആന്റിബോഡി ടെസ്റ്റ്
- പോയിസൺ ടെസ്റ്റിംഗ് ഫെസിലിറ്റി (നൈട്രേറ്റ്, സയനൈഡ്, സിങ്ക് ഫോസ്ഫൈഡ്)
- ഡയഗനോസ്റ്റിക് ഓങ്കോളജി

<u>രോഗനിർണ്ണയ സംവിധാനം നിലവിലുള്ള വകുപ്പിന് കീഴിലെ മേഖലാലാബുകൾ</u>

- 1 ഏവിയൻ ഡിസീസ് ഡയഗണോസ്റ്റിക് ലബോറട്ടറി, തിരുവല്ല 3 ആർ.പി. ലാബ്, പാലക്കാട്
- 4.14 ജില്ലാ ക്ലിനിക്കൽ ലാബുകൾ

<u>ഉൽപ്പന്ന പരിശോധന ലാബ്</u>

1. സ്റ്റേറ്റ് ലാബ് ഫോർ മറൈൻ ആന്റ് അഗ്രി പ്രോഡക്ട്സ്, മരട്, എറണാകുളം

(ബി) ഉണ്ട്.

(സി) സർജറി, മെഡിസിൻ, ഗൈനക്കോളജി, പാതോളജി വിഭാഗത്തിൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം, എല്ലാത്തരം മൃഗങ്ങൾക്കുമുള്ള ചികിത്സാസൗകര്യം, എല്ലുരോഗ ശസ്ത്രക്രിയ ഉൾപ്പെടെ എല്ലാ സർജറികളും, Blood Transfusion, ലാബ് സൗകര്യം, അൾട്രാ സൗണ്ട് സ്കാനിംഗ്, കാർഡിയോളജി യൂണിറ്റ്, ഇ.സി.ജി. (ഡിജിറ്റൽ എക്സ്റേ മെഷീൻ വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു) എന്നീ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം കുടപ്പനക്കുന്ന് മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിൽ നിലവിൽ ഡെപ്യൂട്ടി ഡയറക്ടർ - 1, സീനിയർ വെറ്ററിനറി സർജൻ-1, വെറ്ററിനറി സർജൻ (ക്ലിനിക്കൽ മെഡിസിൻ, ഗൈനക്കോളജി/ സർജറി)-2, ക്ലാർക്ക്-1, അസിസ്റ്റന്റ് എഞ്ചിനീയർ-1, എക്സ്-റേ ടെക്നീഷ്യൻ - 1, എന്നിങ്ങനെ സ്ഥിരം തസ്തികകളാണ് നിലവിലുള്ളത്.

ഇവിടെ സ്പെഷ്യാലിറ്റി കേഡറിൽ കൂടുതൽ തസ്തികകൾ ആവശ്യമാണ്.

(ഇ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ ഓക്സിടെട്രാസൈക്ലിൻ, എൻട്രോഫ്ലോക്സാഡിൻ എന്നീ ആന്റിബയോട്ടിക്കുകളുടെ റെസിഡ്യൂ ലെവൽ കണ്ടെത്തുന്നതിനുള്ള HPLC സാങ്കേതികവിദ്യ നിലവിലുണ്ട്.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ മൃഗാശുപത്രി

138 (6211) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിനുകീഴിൽ വരുന്ന ഏതെല്ലാം മൃഗാശുപത്രികളാണ് അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത നേരിടുന്നതെന്ന് അറിയിക്കുമോ; എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ ആശുപത്രികൾക്ക് ഒരുക്കി നൽകാനുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഏതെങ്കിലും മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത മൃഗാശുപത്രികളിൽ സ്ഥിരം ഡോക്ടർമാരുടെയോ ജീവനക്കാരുടെയോ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ ഓരോ മൃഗാശുപത്രിയിലും ഏതെല്ലാം ജീവനക്കാരുടെ കുറവുണ്ടെന്ന് അറിയിക്കുമോ; ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വെട്ടത്തൂർ മൃഗാശുപത്രിയിൽ ജലനിധിയുടെ കീഴിലുള്ള ജലവിതരണ സംവിധാനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സ്ഥലപരിമിതി ഉള്ളതുകൊണ്ട് പാഴ്‌വസ്തുക്കൾ നശിപ്പിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(ബി) ഇല്ല.

(സി) വെറ്ററിനറി ഡിസ്‌പെൻസറിയിൽ വെറ്ററിറി സർജൻ ഡെപ്യൂട്ടേഷനിലാണ് പ്രവർത്തിക്കുന്നത്. വെറ്ററിനറി പോളിക്ലിനിക്കിൽ ലാബ് ടെക്നീഷ്യൻ പോസ്റ്റിൽ ആളില്ല (പി.എസ്.സി. വഴിയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്).

## നാടൻ കന്നുകാലികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ്

139 (6212) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലുണ്ടായ മാറ്റങ്ങൾ കാരണം സംസ്ഥാനത്ത് സങ്കരയിനം കന്നുകാലികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് കാർഷിക, കാലാവസ്ഥാ വ്യവസ്ഥകളുമായി പൊരുത്തപ്പെട്ട് വളരുന്നതിന് ശേഷിയുള്ളവയും

വളരെ കുറഞ്ഞ പരിപാലന ചെലവുകൾ മാത്രമുള്ളവയുമായ നാടൻ കന്നുകാലികളുടെ എണ്ണം ശോഷിച്ചുകൊണ്ടിരിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വ്യാവസായികാടിസ്ഥാനത്തിലുള്ള ക്ഷീരോല്പാദനം ലാഭകരമാകാത്ത അവസ്ഥയിൽ ഇപ്രകാരമുള്ള തനതു ജനുസ്സുകളെ ഉപയോഗപ്പെടുത്തുക വഴി ഗാർഹികോപയോഗത്തിനുള്ള ക്ഷീരോല്പാദനം സാധ്യമാകുമെന്നിരിക്കെ തനതു ജനുസ്സുകളുടെ സംരക്ഷണത്തിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ നാടൻ കന്നുകാലികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2003-ലെ പതിനേഴാമത് കന്നുകാലി സെൻസസ്സ് പ്രകാരം സംസ്ഥാനത്ത് നാടൻ കന്നുകാലികളുടെ എണ്ണം 387182 ആയിരുന്നു. ആയത് 2007-ലെ പതിനെട്ടാമത് കന്നുകാലി സെൻസസ്സ് പ്രകാരം 118872 ആയി കുറയുകയും തുടർന്ന് 2012-ലെ പത്തൊമ്പതാമത് സെൻസസ്സ് പ്രകാരം 77045 ആയി കുറയുകയും ചെയ്തിട്ടുണ്ട്.

(ബി) വ്യവസായികാടിസ്ഥാനത്തിലുള്ള ക്ഷീരോല്പാദനം വളരെയേറെ കർഷകരുടെ തൊഴിലും ജീവിതമാർഗ്ഗവുമാണ്. ലാഭകരമായി ഈ തൊഴിൽ ചെയ്യുന്ന ധാരാളം കർഷകർ സംസ്ഥാനത്തുണ്ട്. സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് അടുക്കുന്നത് ഉൽപ്പാദനശേഷി കൂടിയ സങ്കരയിനം പശുക്കളിലൂടെയാണ്. രാജ്യത്തുതന്നെ ഉല്പാദനക്ഷമതയിൽ സംസ്ഥാനം പഞ്ചാബിന്റെ പിന്നിൽ രണ്ടാം സ്ഥാനത്താണ്.

തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ സംരക്ഷണം, ഗാർഹികാവശ്യങ്ങൾക്കായി നാടൻ പശുക്കളുടെ വർദ്ധിച്ച ആവശ്യകത, നമ്മുടെ കാലാവസ്ഥക്കിണങ്ങിയ ഇനങ്ങളുടെ സംരക്ഷണം എന്നിവ ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്നു.

കൂടാതെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതി വഴിയും തനത് നാടൻ പശുക്കളെ സംരക്ഷിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരളത്തിലെ നാടൻ ജനുസ്സായി National Bureau of Animal Genetic Resources (NBAGR) അംഗീകാരം ലഭിച്ച വെച്ചൂർ ഇനത്തിന് പുറമെ കാസർഗോഡ് കുള്ളൻ, വടകര കുള്ളൻ, പെരിയാർ, ചെറുവള്ളി കുള്ളൻ എന്നിവയാണ് തനത് നാടൻ പശുവിനങ്ങളായി കരുതപ്പെടുന്നത്.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ജനിതക മേന്മയുള്ള തനത് നാടൻ പശുക്കളുടെ ബീജം ഉല്പാദിപ്പിച്ച്, കൃത്രിമ ബീജദാനത്തിനായി മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കുന്നു.

കേരളത്തിലെ ഒരു പ്രധാന നാടൻ പശുവിനമായ വെച്ചൂർ പശുവിനെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്ന്, ജെഴ്സി ഫാം, വിതുര എന്നീ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വെച്ചൂർ പശുവിനെ സംരക്ഷിക്കുവാനായി ഒരു ഫാം നടത്തിവരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള ഒരു സ്ഥാപനം ഇവയുടെ സംരക്ഷണ പ്രവർത്തനം ഏറ്റെടുത്തു നടത്തുന്നു.

വടക്കൻ കേരളത്തിലെ നാടൻ പശു ഇനമായ "കാസർഗോഡ് ഡ്വാർഫ്" എന്ന ഇനത്തെ സംരക്ഷിക്കാൻ മാത്രമായി കാസർഗോഡ് ബദിയടുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം നടത്തിവരുന്നു.

വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300 ഓളം കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10000 രൂപ വിവിധ പദ്ധതികളിലായി കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നൽകിവരുന്നു. കേരളത്തിന്റെ തനത് നാടൻ ഇനങ്ങളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ വിത്തുകാളകൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ബുൾ സ്റ്റേഷനുകളിൽ ലഭ്യമാണ്. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കേരളത്തിൽ തൃശ്ശൂർ, പുത്തൂരിലുള്ള ഫാമിൽ എല്ലാത്തരം നാടൻ പശുക്കളുടെയും ശേഖരം ഉണ്ട്. ഇവയുടെ ഗാഢ ശീതീകരിച്ച ബീജം നാടൻ പശുക്കളെ വളർത്തുന്ന കർഷകരുടെ ആവശ്യാനുസരണം മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികൾ, കൃത്രിമ ബീജദാന കേന്ദ്രങ്ങൾ എന്നിവ വഴി സൗജന്യമായി നൽകിവരുന്നു.

ജനിതക വ്യതിയാനം ഉണ്ടാകാതിരിക്കാൻ അതത് തനത് ജനുസ്സുകളിൽപ്പെട്ട പശുക്കളിൽ മാത്രം ഈ ബീജം ഉപയോഗിക്കാൻ ഫീൽഡ് തലത്തിലെ ഉദ്യോഗസ്ഥർക്ക് മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

നാടൻ ജനുസ്സായ ഗിർ, വെച്ചൂർ, സഹിവാൾ എന്നിവയിൽ നിന്നും കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതിനായി ഭ്രൂണമാറ്റ പദ്ധതി കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതി പ്രകാരം കേരള ലൈവ് സ്റ്റോക്ക് ഡെവലപമെന്റ് ബോർഡ് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

## ആനകളോടുള്ള ക്രൂരത തടയുന്നതിന് നടപടി

140 (6213) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരിയായ പരിശീലനം നേടാത്തവരും ചട്ടങ്ങൾ പാലിക്കാത്തവരുമായ പാപ്പാൻമാർ അമ്പലങ്ങളിലും മറ്റും ആനകളെ എഴുന്നള്ളിക്കുമ്പോൾ ആന ഇടയുന്നതും അപകടങ്ങൾ ഉണ്ടാകുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ആന പാപ്പാൻമാർക്ക് നിലവിൽ ഏതു വിധത്തിലുള്ള പരിശീലനമാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(സി) ആനകളോടും മറ്റും ക്രൂരത കാട്ടുന്നത് തടയുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ആനകളെ എഴുന്നള്ളിക്കുന്നതിനും മറ്റും കൃത്യമായ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) 2012-ലെ നാട്ടാന പരിപാലന ചട്ടത്തിൽ പാപ്പാന്മാരുടെ പ്രവൃത്തി പരിചയത്തിന്റെ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പ്രകാരം കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവൃത്തിപരിചയമുള്ള പാപ്പാന്മാരെ മാത്രമേ ആനകളെ പരിചരിക്കുന്നതിന് നിയോഗിക്കാൻ പാടുള്ളൂ. കൂടാതെ ഓരോ പാപ്പാനേയും സഹായിക്കാൻ ഒരു കാവടിയെ ഉടമ നിയോഗിക്കേണ്ടതാണെന്നും ടി നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. ടി ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് നാട്ടാനകളെ അമ്പലങ്ങളിലും മറ്റും എഴുന്നെള്ളിക്കുന്നത്. ടി വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി ഓരോ ജില്ലയിലേയും സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശരിയായ പരിശീലനം നേടാത്തവരും ചട്ടങ്ങൾ പാലിക്കാത്തവരുമായ പാപ്പാന്മാർ മൂലം ആന ഇടയുന്നതും അപകടങ്ങൾ ഉണ്ടാകുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള വനം വകുപ്പ് പാപ്പാന്മാർക്കായി 5 ദിവസത്തെ പരിശീലന പരിപാടി നടത്തിവരുന്നു. ഈ പരിശീലനത്തിൽ ആനകളുടെ ജീവശാസ്ത്രം, ജീവിതശൈലി സംബന്ധമായ വിഷയങ്ങളും, നാട്ടാനപരിപാലനം, ആരോഗ്യപരിപാലനം, ആനകളുടെ സ്വഭാവരീതികൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. തൃശ്ശൂർ, കൊല്ലം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലായി 189 ആന പാപ്പാന്മാർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലന പദ്ധതി സംസ്ഥാന പദ്ധതി വിഹിതമായ കൺസർവേഷൻ ഓഫ് ബയോ-ഡൈവേഴ്സിറ്റിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കേരളത്തിലെ നാട്ടാനകളെ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 2012-ൽ കേരള നാട്ടാന പരിപാലന ചട്ടം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ചട്ടത്തിന്റെ റൂൾ 10 പ്രകാരം നാട്ടാനകൾക്ക് നേരെയുള്ള ക്രൂരതകളെ കൈകാര്യം ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഒരു ജില്ലാ കമ്മിറ്റി രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കൺവീനറും, പോലീസ് സൂപ്രണ്ട്/പോലീസ് കമ്മീഷണർ, ജില്ലാ വെറ്ററിനറി ഓഫീസർ, ഫയർഫോഴ്സ് പ്രതിനിധി, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ആന ഉടമകളുടെ സംഘടനയുടെ പ്രതിനിധി, നാട്ടാനകളെ പരിപാലിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന തൊഴിലാളികളിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന 2 പ്രതിനിധികൾ, മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയുന്നതിനുള്ള സൊസൈറ്റിയിലെ (എസ്.പി.സി.എ.) ഒരു അംഗം, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന കേരള ഉത്സവ സംഘാടക സമിതിയുടെ പ്രതിനിധി എന്നിവർ ഉൾപ്പെടുന്നതാണ് ടി ജില്ലാ കമ്മിറ്റി.

നാട്ടാനകളോട് ക്രൂരത കാണിക്കുന്നവർക്ക് എതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കണമെന്നും ഇത്തരം കേസ്സുകളിൽ നാട്ടാനകളെ വനം വകുപ്പ് ഏറ്റെടുക്കണമെന്നും ബഹു. സുപ്രീം കോടതി 18-8-2015-ലെ ഡബ്ല്യൂ.പി. (സി) 743/2014 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ നിബന്ധനകൾ കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ 03/2015) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* ടി സർക്കുലറിലെ നിർദ്ദേശങ്ങൾ ആന ഉടമസ്ഥർക്കും ദേവസ്വം ബോർഡുകൾക്കും ആന ഉടമസ്ഥ സംഘടനകൾ, ജില്ലാ കളക്ടർമാർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എല്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ടി സർക്കുലർ പുറപ്പെടുവിച്ചതിന് ശേഷവും നാട്ടാനകൾക്ക് എതിരെയുള്ള ക്രൂരത സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, നാട്ടാനകൾക്കെതിരെയുള്ള ക്രൂരത തടയുന്നതിനായി കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ 4/2018 നമ്പർ സർക്കുലർ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ച് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ഇതോടൊപ്പം നാട്ടാനകൾക്കെതിരെയുള്ള പീഡനം തടയുന്നതിന്റെ ഭാഗമായും, നാട്ടാന പരിപാലന നിയമം കർശനമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത നാട്ടാനകളെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓൺലൈൻ പോർട്ടൽ സംവിധാനം 1-7-2018-ൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ടി പോർട്ടലിൽ രേഖപ്പെടുത്തിയ നാട്ടാനകളുടെ വിവരങ്ങളുടെ പുരോഗതി മാസത്തിൽ രണ്ട് തവണ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരിശോധിച്ചുവരുന്നു.

(ഡി) ആനകളെ എഴുന്നള്ളിപ്പുകളിലും മറ്റും നാട്ടാനകളെ പങ്കെടുപ്പിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 2012-ലെ നാട്ടാന പരിപാലന ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് ടി ചട്ടപ്രകാരം രൂപീകരിച്ച ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ കമ്മിറ്റിയാണ്. ടി നിയമപ്രകാരം മദപ്പാട്, അസുഖം, മുറിവ്, ക്ഷീണം, ഗർഭം എന്നിവ ഉള്ള ആനകളെ പൊതുപരിപാടികളിൽ പങ്കെടുപ്പിക്കുന്നതിന് നിരോധനമുണ്ട്. ആനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകളും ചട്ടങ്ങളും കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരും പോലീസ് ഉദ്യോഗസ്ഥരും, വനം വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പുവരുത്തണമെന്ന് 20-3-2013-ലെ 2853/ഡി2/2013/വനം നമ്പർ സർക്കുലർ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ശിവശങ്കരൻ എന്ന ആനയ്ക്ക് കാഴ്ചശക്തിയില്ലാത്തതിനാൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. നീലകണ്ഠൻ എന്ന ആനയ്ക്ക് കാലിന് വൈകല്യമുള്ളതിനാൽ ദീർഘകാല പുനരധിവാസ പദ്ധതി തയ്യാറാക്കി ആജീവനാന്തം പുനരധിവാസത്തിന്റെ ഭാഗമായി വനം വകുപ്പിന്റെ കാപ്പുകാടുള്ള ആന പുനരധിവാസ കേന്ദ്രത്തിൽ മാറ്റിയിട്ടുണ്ട്. കുട്ടിശങ്കരൻ എന്ന ആനയെ നാട്ടാന പരിപാലന ചട്ടങ്ങളും ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവുകളും നിരന്തരമായി ലംഘിച്ച് അനധികൃതമായി വിവിധ പേരുകളിൽ എഴുന്നള്ളിച്ചത് കാരണം പൊതുപരിപാടികളിലും ഉത്സവങ്ങളിലും പങ്കെടുപ്പിക്കരുതെന്ന് ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തെച്ചിക്കോട്ട് കാവ് രാമചന്ദ്രൻ എന്ന ആന ഇടഞ്ഞുണ്ടായ അനിഷ്ട സംഭവത്തിൽ 2 പേർ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് വനം വകുപ്പ് നാട്ടാന പരിപാലന ചട്ടങ്ങൾ പ്രകാരം 15 ദിവസത്തേയ്ക്ക് ടി ആനയെ നിരോധിച്ചിരുന്നു. ഈ ആനയുടെ മോശമായ ആരോഗ്യസ്ഥിതിയും കാഴ്ചക്കുറവും പരിഗണിച്ച് നിരോധനം തുടരാൻ തൃശ്ശൂർ ജില്ലാ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

അന്ധത ഉൾപ്പെടെയുള്ള ശാരീരിക വൈകല്യങ്ങളുള്ള നാട്ടാനകളെ ഉത്സവങ്ങളിലും പൊതുപരിപാടികളിലും എഴുന്നള്ളിക്കുന്നതായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്ധത ഉൾപ്പെടെയുള്ള ശാരീരിക വൈകല്യങ്ങളോടുകൂടിയ നാട്ടാനകളെ പൊതുപരിപാടികളിൽ പങ്കെടുപ്പിക്കരുതെന്ന് കാണിച്ചുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ 01/2016-ൽ സർക്കുലർ പുറപ്പെടുവിച്ചുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അപകടരഹിതമായി നാട്ടാനകളെ എഴുന്നള്ളിപ്പിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 03/2018 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

## സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾ

141 (6214) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഏതെല്ലാം മൃഗാശുപത്രികൾ ഉണ്ട്; അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്ന ഏതൊക്കെ മൃഗാശുപത്രികൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വെറ്ററിനറി ഡിസ്പെൻസറി വേങ്ങരയ്ക്ക് സ്വന്തമായി കെട്ടിടമില്ല.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ള സ്ഥാപനങ്ങളൊന്നും തന്നെയില്ല.

വെറ്ററിനറി ഡിസ്പെൻസറി കണ്ണമംഗലം, വെറ്ററിനറി ഡിസ്പെൻസറി പറപ്പൂർ, വെറ്ററിനറി ഡിസ്പെൻസറി കുന്നുംപുറം എന്നിവയ്ക്ക് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

(ബി) വെറ്ററിനറി ഡിസ്പെൻസറി വേങ്ങരയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2019-20 വർഷത്തെ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം 40 ലക്ഷം രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നീക്കിവച്ചിട്ടുണ്ട്.

## ഡെയറി ഡെവലപ്മെന്റ് കോർപ്പറേഷൻ

142 (6215) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരുടെ ക്ഷേമം ലക്ഷ്യമിട്ട് കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കാൻ ക്ഷീര സഹകരണ സംഘങ്ങളിലെ കരുതൽ ധനം ഉപയോഗപ്പെടുത്തി ഡെയറി ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ക്ഷീരസഹകരണ സംഘങ്ങളിലെ കരുതൽ ധനം ഉപയോഗപ്പെടുത്തി ഡെയറി ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(ബി) കോർപ്പറേഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച പ്രാഥമിക ചർച്ചകൾ പുരോഗമിച്ചുവരുന്നു.

**ആലത്തൂർ നിയോജകമണ്ഡലം - ക്ഷീരഗ്രാമം പദ്ധതി**

143 (6216) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളെ ക്ഷീരഗ്രാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ക്ഷീരോല്പാദനത്തിന് അനുയോജ്യമായതും കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നത്.

**നെടുമങ്ങാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

144 (6217) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ഷീരവികസന വകുപ്പ് മുഖാന്തിരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18-ൽ നെടുമങ്ങാട് ബ്ലോക്കിൽപ്പെട്ട മണ്ഡലത്തിലെ പ്രദേശങ്ങളിൽ ഡെയറി സോണും 2018-19-ൽ വെമ്പായം ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കി.

നെടുമങ്ങാട് മണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*

**ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്റർ**

145 (6218) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ കർഷകർ നൽകുന്ന പാലിന്റെ ഗുണമേന്മ അളക്കുവാനുള്ള ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്റർ എല്ലാ സംഘങ്ങളിലും ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ബി) ഇതനുസരിച്ച് ഗുണനിലവാരം കൂടിയ പാൽ എത്തിക്കുന്ന കർഷകർക്ക് വിലയിൽ എന്തെങ്കിലും വ്യത്യാസം ലഭിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എ.എം.സി. യൂണിറ്റുകൾ ഉണ്ടെങ്കിലും അതുപയോഗിച്ച് കർഷകർ നൽകുന്ന പാൽ അളക്കുകയോ അതനുസരിച്ചുള്ള വില നൽകുകയോ ചെയ്യാത്ത സംഘങ്ങളെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇപ്രകാരമുള്ള പരാതികളിൽ സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഇ) പരാതികൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ ക്ഷീരസംഘങ്ങളിലും ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്റർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുണ്ട്.

(ബി) ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് കൊഴുപ്പിന്റെയും (fat) കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടേയും അടിസ്ഥാനത്തിലാണ് വില നൽകുന്നത്. കൊഴുപ്പിന്റേയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടേയും പാലിലുള്ള തോത് വർദ്ധിപ്പിക്കുന്നതനുസരിച്ച് പാൽവിലയിലും വർദ്ധനവ് വരുന്നു.

(സി) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) പാലിന്റെ ഗുണനിലവാര പരിശോധയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ അന്വേഷണം നടത്തുകയും ഗുണനിലവാര പരിശോധന കർശനമാക്കി പാലിന്റെ ശരിയായ സംഭരണ വില കർഷകർക്ക് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ക്ഷീരസംഘങ്ങളിലുള്ള പാൽ സംഭരണം ഗുണനിലവാര പരിശോധന നടത്തിയും, വില നൽകുന്നത് ഗുണനിലവാരം അടിസ്ഥാനമാക്കിയുമാകണമെന്ന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖേനയും ബ്ലോക്ക് തലത്തിലുള്ള ക്ഷീരവികസന യൂണിറ്റുകൾ മുഖേനയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മിൽമ പാലിന്റെ വില വർദ്ധനവ്**

146 (6219) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ പാലിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയതെന്ന് അറിയിക്കുമോ;

(ബി) മിൽമയുടെ ഇപ്പോഴത്തെ പ്രതിദിന വില്പന എത്ര ലക്ഷം ലിറ്ററാണെന്ന് അറിയിക്കുമോ; മിൽമ നിലവിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും പാൽ വാങ്ങുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതിനും നിലവിൽ വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും ദൗർലഭ്യം പാലുല്പാദനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് ബദൽ മാർഗ്ഗമാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2019 ആഗസ്റ്റ് മാസത്തിൽ വില്പന വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു ലിറ്റർ പാലിന് 4 രൂപയാണ് വർദ്ധിപ്പിച്ചത്.

(ബി) മിൽമ ഇപ്പോൾ പ്രതിദിനം 12 ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും 13.5 ലക്ഷം ലിറ്റർ പാൽ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽ നിന്നും ലഭിക്കുന്ന പാൽ വിപണനത്തിന് തികയാത്ത സാഹചര്യത്തിൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും പ്രതിദിനം ശരാശരി 1,75,000 ലിറ്റർ പാൽ കൊണ്ടുവരുന്നുണ്ട്.

(സി) സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്കെത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ 2018-ലും 2019-ലും ഉണ്ടായ കനത്ത മഴക്കെടുതികളും പ്രകൃതിക്ഷോഭവും മൂലമാണ് സ്വയംപര്യാപ്തതയിലെത്തുന്നതിന് തടസ്സമായത്.

കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം, മൃഗചികിത്സാ സൗകര്യങ്ങളുടെ ലഭ്യതക്കുറവും അതിനുവേണ്ടി വരുന്ന ഭാരിച്ച ചെലവും, കൃത്രിമ ബീജസങ്കലനത്തിലൂടെ ഉൽപാദനക്ഷമത കൂടിയ കിടാക്കളെ ഉൽപാദിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, പുല്ലിന്റെയും വൈക്കോലിന്റെയും ദൗർലഭ്യം, പരിശീലനം സിദ്ധിച്ച കറവക്കാരുടെ ദൗർലഭ്യവും, വർദ്ധിച്ചുവരുന്ന കറവക്കൂലി, നല്ലയിനം കറവപശുക്കളെ ലഭിക്കാനുള്ള ബുദ്ധിമുട്ട്, അന്തരീക്ഷത്തിലെ ഉയർന്ന ആർദ്രതയും കാലാവസ്ഥാ മാറ്റങ്ങളുംമൂലം പശുക്കൾക്ക് അടിക്കടി ഉണ്ടാകുന്ന രോഗങ്ങൾ എന്നിവയാണ് പാലിന്റെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തത നേടുന്നതിനും നിലവിൽ വിഘാതമായി നിൽക്കുന്ന മറ്റു ഘടകങ്ങൾ.

(ഡി) പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും ദൗർലഭ്യം പാലുല്പാദനത്തെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക് പച്ചപ്പുല്ല്/വൈക്കോൽ ലഭ്യമാക്കുന്നതിനായി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

ക്ഷീര കർഷകർക്ക് 20 സെന്റിൽ അധികം സ്ഥലം പുൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 21500 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. പുൽകൃഷി ചെയ്യുന്നവർക്കായി സൗജന്യമായി പുൽക്കടകളും ജലസേചന സൗകര്യത്തിനായി മോട്ടോർ, പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി 10,000 രൂപ വരെ നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ഷീര സംഘങ്ങൾ മുഖേന വനിത, പുരുഷ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന തീറ്റപ്പുൽകൃഷി നടത്തി, തീറ്റപ്പുല്ല് ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിന് യൂണിറ്റിന് 75,000 രൂപയുടെ ധനസഹായം നൽകുന്ന പദ്ധതിയും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നു. ഒരു ഹെക്ടർ സ്ഥലത്ത് തരിശു സ്ഥല പുൽകൃഷി ചെയ്യുന്നതിന് 93,007 രൂപ ധനസഹായം നൽകുന്നുണ്ട്.

ക്ഷീര സംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ വൈക്കോൽ/പച്ചപ്പുല്ല് വിതരണം നടത്തുന്നതിന് സംഘങ്ങൾക്ക് 1 ലക്ഷം രൂപ വരെ സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു.

മിൽമയുടെ മേഖല യൂണിയനുകൾ പ്രാദേശിക പുൽകൃഷി സംരംഭകർക്ക് ധനസഹായം നൽകി പുൽകൃഷി നടത്തുകയും ഇതുവഴി ലഭിക്കുന്ന തീറ്റപ്പുൽ കർഷക ഭവനങ്ങളിൽ വിതരണം നടത്തുകയും ചെയ്യുന്നു. മൂന്നര രൂപ വിലയുള്ള ഒരു കിലോ പച്ചപ്പുല്ലിന് 1.70 രൂപ തോതിൽ സബ്സിഡി നൽകുന്നു.

**മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമയുടെ സംസ്കരണശാല**

147 (*T6220) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കാൻ അനുമതി ലഭിച്ച മിൽമ സംസ്കരണശാലയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ക്ഷീരവികസനവകുപ്പ് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഇല്ലെങ്കിൽ സംസ്കരണശാലയുടെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) മങ്കട നിയോജകമണ്ഡലത്തിൽ മൂർക്കനാട് സ്ഥിതി ചെയ്യുന്ന മലപ്പുറം ഡെയറി പ്ലാന്റിന്റെ പ്രധാന കെട്ടിടങ്ങളുടെ സിവിൽ ജോലികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. പ്രധാന പ്ലാന്റിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മിൽമയുടെ മലബാർ മേഖലാ യൂണിയനാണ് ഇതുസംബന്ധിച്ച നടപടി സ്വീകരിക്കുന്നത്.

**കാലിത്തീറ്റ വിലവർദ്ധനമൂലമുണ്ടായ പ്രതിസന്ധി**

148 (6621) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ വിലനിലവാരം 2016-17,2017-18, 2018-19 വർഷങ്ങളിൽ എപ്രകാരമായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) 2018, 2019-ലെ പ്രളയത്തിൽ ദുരിതത്തിലായ ക്ഷീരകർഷകർക്ക് കാലിത്തീറ്റയുടെ വിലവർദ്ധന മൂലമുണ്ടായ പ്രതിസന്ധികളിൽ നിന്ന് സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(സി) പ്രസ്തുത നടപടികൾ നിലവിലെ പ്രതിസന്ധികൾ മറികടക്കാൻ പര്യാപ്തമാണോയെന്ന പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) വിലനിലവാരം അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) 2018-ലെ പ്രളയബാധിത പ്രദേശങ്ങളിൽ നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ്, തമിഴ്നാട്, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരള ഫീഡ്സ് ലിമിറ്റഡ്, മറ്റു സ്വകാര്യ പൊതുമേഖലാ ഏജൻസികൾ എന്നിവർ നൽകിയ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ മുതലായവ വിതരണം ചെയ്യുകയുണ്ടായി.

കൂടാതെ 1968.1 മെട്രിക് ടൺ കാലിത്തീറ്റ, 1603.2 മെട്രിക് ടൺ പച്ചപ്പുൽ, 63.48 മെട്രിക് ടൺ ടി.എം.ആർ. തീറ്റ, 28.44 മെട്രിക് ടൺ ധാതുലവണ മിശ്രിതം എന്നിവ വാങ്ങി വിതരണം ചെയ്തു.

കാലിത്തീറ്റയുടെ വിലവർദ്ധനവിൽ നിന്നും കർഷകർക്ക് ആശ്വാസം ലഭിക്കുന്നതിനായി സംസ്ഥാനത്തെ ഭൂരിഭാഗം പഞ്ചായത്തുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ സബ്സിഡി/മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 പ്രളയത്തിൽ മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ് മുഖേന കേരള ഫീഡ്സിന്റെ കാലിത്തീറ്റ ധാതുലവണ മിശ്രിതം ടി.എം.ആർ. ബ്ലോക്ക് എന്നിവ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. പ്രളയമേഖലകളിൽ ക്ഷീരകർഷകർക്ക് 2018 സെപ്റ്റംബർ മാസം കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ ചാക്കൊന്നിന് 100 രൂപ വിലക്കിഴിവിൽ ആകെ 1,78,015 ചാക്ക് കാലിത്തീറ്റ 1,78,01,500 രൂപ വിലക്കിഴിവിൽ പൊതുവിപണിയിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദുരന്ത നിവാരണ വകുപ്പിൽ നിന്നും നൽകിയ 2.60 കോടി രൂപ വിനിയോഗിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. 2019-ൽ പ്രളയബാധിത മേഖലകളിൽ മിൽമ, കേരള ഫീഡ്സ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി കാലിത്തീറ്റ, ധാതുലവണ മിശ്രിതം സമ്പുഷ്ടീകരിച്ച് വൈക്കോൽ കട്ട, ടി.എം.ആർ. എന്നിവ 80,38,380 രൂപയുടെ്ടുള്ളത് വാങ്ങി വിതരണം ചെയ്തു. മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ മൃഗസംരക്ഷണ ക്ഷീര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ഒരുപരിധിവരെ സഹായകരമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വാഭാവിക പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി

149 (6222) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിൽ നഗരവൽക്കരണം വ്യാപകമായതിനാൽ ചെറിയ കുന്നുകളും പുൽമേടുകളും ഇല്ലാതാവുന്ന അവസ്ഥ കാരണം ക്ഷീര കർഷകർക്ക് സ്വാഭാവിക പുല്ലിന്റെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാട്ടിൻ പ്രദേശങ്ങളിലെ ക്ഷീരകർഷകർക്ക് ഉയർന്ന വിലയ്ക്ക് കാലിത്തീറ്റ വാങ്ങുന്നത് പ്രയാസകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സ്വാഭാവികമായ പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ ക്ഷീര വികസന വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ക്ഷീരകർഷകരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനായി കാലിത്തീറ്റ വില വർദ്ധനവിൽ നിന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിന് കാലിത്തീറ്റയുടെ ഉപയോഗം കുറച്ച്, തീറ്റവിളകളേയും തീറ്റപ്പുല്ലിനേയും കൂടുതൽ ആശ്രയിച്ച് ക്ഷീരവൃത്തി കൂടുതൽ ആദായകരമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ കൂടുതൽ പശുക്കളെ വളർത്തുന്ന നഗരപ്രദേശങ്ങളിലുള്ള കർഷകർക്ക് ഹൈഡ്രോപോണിക്ക് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നു.

(സി) സ്വാഭാവികമായ പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ക്ഷീരവികസന വകുപ്പ് 2019-20-ൽ 7.6 കോടി രൂപയുടെ തീറ്റപ്പുൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 20 സെന്റിൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് പുൽക്കടകളുടെ വില ഉൾപ്പെടെ ഹെക്ടറിന് 21,500 രൂപ സഹായം നൽകുന്നു.
2. പുൽകൃഷി ചെയ്യുന്നതിന് താത്പര്യമുള്ള മുഴുവൻ കർഷകർക്കും സൗജന്യമായി പുൽക്കടകൾ ലഭ്യമാക്കുന്നുണ്ട്.
3. ക്ഷീരസംഘങ്ങൾ മുഖേന പുരുഷ/വനിത സ്വാശ്രയഗ്രൂപ്പുകൾ രൂപീകരിച്ച് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനും

ഉൽപ്പാദിപ്പിക്കുന്ന പുല്ല് കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുന്നതിനുമുള്ള പദ്ധതിയുണ്ട്. ഇതിനായി ഒരു ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 75,000 രൂപ ധനസഹായം നൽകുന്നു.

4. സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ പുൽക്കൃഷി നടത്തുകയും ഉൽപ്പാദിപ്പിക്കുന്ന പുല്ല് കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 93,007 രൂപയാണ് സഹായമായി നൽകുന്നത്.

5. ഹ്രസ്വകാല തീറ്റവിളകളായ ചോളം, മണിചോളം, വൻപയർ എന്നിവ കൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകർക്ക് വിത്ത് സൗജന്യമായി നല്കുന്നു.

6. തീറ്റപ്പുൽകൃഷി ചെയ്യുന്ന കർഷകർക്ക് പുല്ല് അരിഞ്ഞുകൊടുക്കുന്നതിനുള്ള ചാഫ് കട്ടർ, ജലസേചന സൗകര്യം ഒരുക്കുന്നതിനായി മോട്ടോർ എന്നിവ വാങ്ങുന്നതിന് വിലയുടെ 50% പരമാവധി 10,000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു.

7. കാലിത്തീറ്റവിളകളായി ഉപയോഗിക്കാവുന്ന വൃക്ഷവിളകളായ അഗത്തി, ശീമക്കൊന്ന, സുബാബുൾ എന്നിവ കൃഷി ചെയ്യുന്നതിനും അസോള കൃഷി ചെയ്യുന്നതിനും സഹായം നൽകുന്നുണ്ട്.

8. സ്ഥലത്തിന്റെ അഭാവം ഉള്ളവർക്കും തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുമായി ഹൈഡ്രോപോണിക്സ് യൂണിറ്റുകൾ അനുവദിക്കുന്നുണ്ട്. 2 പശുയൂണിറ്റിന് 80,000 രൂപയും 5 പശുയൂണിറ്റിന് 1,13,000 രൂപയും 8 പശുയൂണിറ്റിന് 1,45,000 രൂപയും ധനസഹായം നൽകുന്നുണ്ട്.

കേരള കന്നുകാലി വികസന ബോർഡ് കുടുംബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽകൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് 16,000 രൂപ ധനസഹായം നൽകുന്നു. കർഷകർക്ക് പരിശീലനവും, നടീൽ വസ്തുക്കളും ഈ പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നു. ഒരു വർഷം 500 ഏക്കർ വരെ കൃഷി ചെയ്യുവാൻ സഹായം നൽകുന്നുണ്ട്. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത് ഓരോ പ്രദേശത്തിനും അനുയോജ്യമായ തീറ്റപ്പുല്ലിനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരേക്കർ വീതമുള്ള മാതൃകാ പുൽകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75,000 രൂപ വരെ യൂണിറ്റ് ഒന്നിന് ധനസഹായം നൽകിവരുന്നു.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

150 (6223) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതെങ്കിലും തരത്തിലുള്ള ശിപാർശ/നിർദ്ദേശം പ്രസ്തുത മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത നിയോജകമണ്ഡലത്തിൽ ക്ഷീരകർഷകർക്ക് ആശ്വാസകരമായ രീതിയിൽ പദ്ധതി നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ധാരാളം പഞ്ചായത്തുകളിൽ നിന്നും ക്ഷീരഗ്രാമത്തിനായി ശിപാർശകൾ ലഭിക്കുന്നുണ്ട്. പെരിന്തൽമണ്ണ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ശിപാർശ/നിർദ്ദേശം ലഭിച്ചോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി)ക്ഷീരോല്പാദനത്തിന് അനുയോജ്യമായതും കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മൃഗശാലകളിൽ സന്ദർശകർക്ക് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ

151 (6224) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മൃഗശാലകൾ ഉണ്ടെന്നും അവ ഓരോന്നും എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുവെന്നും അറിയിക്കാമോ;

(ബി) മൃഗശാലകളിൽ സന്ദർശകർക്ക് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ രണ്ട് മൃഗശാലകളാണുള്ളത്. അവ തിരുവനന്തപുരത്തും തൃശ്ശൂർ ജില്ലയിലെ ചെമ്പുകാവ് എന്ന സ്ഥലത്തുമാണ് സ്ഥിതി ചെയ്യുന്നത്.

(ബി) മൃഗശാലകളിൽ സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലാ സന്ദർശനം നടത്തുന്നവരുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി ക്ലോക്ക് റൂം, സന്ദർശകർക്ക് സഞ്ചരിക്കുന്നതിനായി ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ, വ്യത്യസ്ത കഴിവുള്ളവർക്ക് ഉപയോഗിക്കുന്നതിനായി വീൽ ചെയറുകൾ, ഷീ ടോയ്‌ലറ്റ്, സ്ത്രീ സൗഹാർദ്ദപരമായ ഇ-ടോയ്‌ലറ്റ്, ശീതീകരിച്ച കുടിവെള്ളം ലഭിക്കുന്ന കിയോസ്കുകൾ, സന്ദർശകർക്ക് വിവരങ്ങൾ നൽകുന്നതിനായി ഇൻഫർമേഷൻ കൗണ്ടർ, സൈൻ ബോർഡുകൾ, ഫസ്റ്റ് എയ്ഡ് ബോക്സുകൾ, സന്ദർശകരായി എത്തുന്ന മുലയൂട്ടുന്ന അമ്മമാർക്കായി ഫീഡിംഗ് മുറി, സന്ദർശകർക്ക് ഭക്ഷണം കഴിക്കുന്നതിനായി ഡയിനിംഗ് ഏരിയ, വിശ്രമ കേന്ദ്രങ്ങൾ എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. വംശനാശം നേരിടുന്ന ജന്തുജാലങ്ങളെ പരിചയപ്പെടുത്തുന്നതിനായുള്ള ഇന്റർപ്രട്ടേഷൻ സെന്ററുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

തൃശ്ശൂർ മൃഗശാലയിൽ ഇൻഫർമേഷൻ കൗണ്ടർ, ക്ലോക്ക്റൂം, ഫുഡ് ഷെൽട്ടർ, കുടിവെള്ള പോയിന്റുകൾ, വിവരങ്ങൾ നൽകുന്നതിനാവശ്യമായ സൈൻ ബോർഡുകൾ, വ്യത്യസ്ത കഴിയുള്ളവർക്ക് ഉപയോഗിക്കുന്നതിനായി വീൽ ചെയറുകൾ, റാമ്പുകൾ, വിശ്രമ കേന്ദ്രങ്ങൾ, ഇ-ടോയ്‌ലെറ്റ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

### ചെറുകിട ജലസേചന പദ്ധതികളുടെ വൈദ്യുതി നിരക്ക്

152 (6225) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിഫ്റ്റ് ഇറിഗേഷൻ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) എച്ച്.ടി. ലൈൻ ഉപയോഗിച്ച് വൈദ്യുതി കണക്ഷൻ എടുത്ത പദ്ധതികൾക്ക് വലിയ തുക വൈദ്യുതി ചാർജ്ജായി അടക്കേണ്ടി വരുന്നത് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെറുകിട ജലസേചന പദ്ധതികളുടെ വൈദ്യുതി നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വൈദ്യുതി വകുപ്പ് മന്ത്രിതലത്തിൽ കൂടിയാലോചന നടത്തി തീരുമാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലിഫ്റ്റ് ഇറിഗേഷൻ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ് അടക്കുന്നത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അതത് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 100 കെ.വി.-യിൽ കൂടുതൽ കണക്ടട് ലോഡ് ഉള്ള സ്കീമുകളിൽ എച്ച്.ടി. കണക്ഷൻ എടുക്കാതിരുന്നാൽ വലിയ തുക പിഴ അടയ്ക്കേണ്ടിവരുന്നതാണ്. എച്ച്.ടി. കണക്ഷനെടുക്കുന്നതിന് പ്രാരംഭ നിക്ഷേപം ആവശ്യമാണെങ്കിലും പ്രസ്തുത കണക്ഷനെടുക്കുന്നതാവും ലാഭകരം.

(സി) നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## പൊതുടാപ്പുകൾ നിർത്തലാക്കാനുള്ള തീരുമാനം

153 (6226) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ജലജീവൻ മിഷന്റെ ഭാഗമായി സംസ്ഥാനത്തെ രണ്ട് ലക്ഷത്തോളം പൊതുടാപ്പുകൾ നിർത്തലാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി ആദിവാസി, പട്ടികജാതി-വർഗ്ഗ കോളനികൾ, തീരദേശ മേഖല എന്നിവിടങ്ങളിലുള്ളവരെ എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും ടാപ്പ് വഴിയുള്ള കുടിവെള്ള കണക്ഷൻ നൽകുന്നതിന് വിഭാവന ചെയ്യുന്നുണ്ട്. ടി പദ്ധതി നടപ്പിലാക്കുമ്പോൾ ഗ്രാമീണ മേഖലയിൽ ഇപ്പോൾ ഉള്ള പൊതുടാപ്പുകളുടെ ആവശ്യകത പരിശോധിക്കുന്നതാണ്.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

154 (6227) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ഉണ്ടായ വെള്ളപ്പൊക്കത്തിന് ശേഷം സംസ്ഥാനത്തെ മിക്ക ജില്ലകളിലെയും കിണർ, സമാനമായ മറ്റ് കുടിവെള്ള സ്രോതസ്സുകൾ എന്നിവ മലിനീകരിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ മലിനമായ കുടിവെള്ളം ഗുണനിലവാരപരിശോധന നടത്താൻ ജലവിഭവ വകുപ്പ് പ്രളയാനന്തര കാലത്ത് നൽകിയ സേവനങ്ങൾ വിശദമാക്കാമോ ;

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018-ലെ വെള്ളപൊക്കത്തിൽ സ്വകാര്യ കുടിവെള്ള സ്രോതസ്സുകൾ മിലനപ്പെട്ടതു കണക്കിലെടുത്തു അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജല അതോറിറ്റിയുടെ സ്ഥിരം ലാബുകൾക്കു പുറമെ ഏഴോളം താത്കാലിക ലാബുകൾ പ്രവർത്തിപ്പിച്ചുകൊണ്ട് സൗജന്യമായി 26645 ജല സാമ്പിളുകൾ പരിശോധിക്കുകയുണ്ടായി. സന്നദ്ധ സംഘടനകൾ ലഭ്യമാക്കിയ മൊബൈൽ ക്ലോറിനേഷൻ യൂണിറ്റുകൾ, പ്യൂരിഫിക്കേഷൻ യൂണിറ്റുകൾ തുടങ്ങിയവയുടെ ഉചിതമായ വിതരണത്തിനും, ഇൻസ്റ്റലേഷനും വേണ്ട സാങ്കേതിക പിന്തുണ നൽകി. കൂടാതെ കിണർ ജലത്തിന്റെ പ്രളയാനന്തര ഗുണനിലവാര പരിശോധനയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ കർമപരിപാടിയിൽ ലാബുകളുടെ സേവനം ലഭ്യമാക്കാൻ വാട്ടർ അതോറിറ്റിക്ക് സാധിച്ചു. 2019-ൽ പ്രളയത്തോടനുബന്ധിച്ച് സ്വകാര്യ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെട്ടത് കണക്കിലെടുത്തു അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജല അതോറിറ്റിയുടെ 28 ലബോറട്ടറികളിൽ സൗജന്യ കുടിവെള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഇതിലൂടെ 11876 സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള ലാബുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എല്ലാ ലാബുകൾക്കും NABL അംഗീകാരം നേടിയെടുക്കുന്നതിലാണ് ഇപ്പോൾ അതോറിറ്റി ഊന്നൽ നൽകിയിരിക്കുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.

## കബനി, കടമത്തോട്, നൂൽപ്പുഴ പദ്ധതികൾ

155 (6228) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദീതടത്തിൽ നിന്നും കേരളത്തിന് അനുവദിച്ചിട്ടുള്ള 30 ടി.എം.സി. ജലം സംസ്ഥാനത്തിന്റെ ആവശ്യത്തിന് വിനിയോഗിക്കാൻ നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ബി) കബനി, കടമത്തോട്, നൂൽപ്പുഴ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ശ്രമത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) ചെങ്കളാർ പദ്ധതിയെക്കുറിച്ചും കാവേരി നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ചും അറിയിക്കാമോ;

(ഡി) പാലക്കാട് അട്ടപ്പാടിയിലെയും സമീപപ്രദേശങ്ങളിലെയും ജലസേചന-കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന ഭവാനി നദീതട പദ്ധതികളെക്കുറിച്ച് വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കാവേരി നദീതടത്തിൽ നിന്ന് കേരളത്തിന് അനുവദിച്ചിട്ടുള്ള ജലവിഹിതം ഉപയോഗിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്:

i. പാമ്പാർ നദീതടത്തിലെ പട്ടിശ്ശേരി ഡാം (0.075 TMC)

ii. പാമ്പാർ നദീതടത്തിലെ തലയാർ സ്കീമിൽ വരുന്ന അപ്പർചട്ട മൂന്നാർ, ലോവർ ചട്ട മൂന്നാർ ഡാമുകൾ (0.78 TMC)

iii. ഭവാനി നദീതടത്തിലെ അട്ടപ്പാടി വാലി ജലസേചന പദ്ധതി (2.87 TMC)

iv. ഭവാനി നദീതടത്തിലെ പാന്തൻതോട് ഡൈവേർഷൻ പദ്ധതി (0.29 TMC)

v. അഗളി-ഇട്ടുക്കി ജലസേചന പദ്ധതി (0.57 TMC)

vi. കബനി നദീതടത്തിലെ കാരാപ്പുഴ ജലസേചന പദ്ധതി (2.8 TMC)

vii. ഭവാനി നദീതടത്തിലെ നൈൽ & ലിഫ്റ്റ് ജലസേചന പ്രവൃത്തി (1.28 TMC)

viii. ബാണാസുര സാഗർ പദ്ധതി (0.84 TMC)

ix. കബനി നദീതടത്തിലെ

a) കടമാൻതോട് (1.53 TMC)

b) ചൂണ്ടാലിപ്പുഴ (1.31 TMC)

c) നൂൽപ്പുഴ (1.25 TMC)

d) കല്ലാംപതി (2.49 TMC)

e) തിരുനെല്ലി (1.81 TMC)

f) തൊണ്ടാർ (1.75 TMC)

g) പെരിങ്ങോട്ടുപുഴ (1.37 TMC)

കൂടാതെ കബനി, പമ്പാർ, ഭവാനി ബേസിനിൽ ചെറുകിട ജലസേചന പദ്ധതികൾക്കായി ട്രൈബ്യൂണൽ അവാർഡിൽ അനുവദിച്ചിട്ടുള്ള ജലം ഉപയോഗിക്കുന്നതിന് വേണ്ടി അനുയോജ്യമായ ചെറുകിട പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ കോഴിക്കോട് - വയനാട് ജില്ലകളിലായി ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾക്കായി കാവേരി നദിയുടെ പോഷക നദികളിൽ നിന്നും പ്രതിവർഷം 6.48 ടി.എം.സി. ജലം ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതിയുടെ (നിലവിലുള്ളതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ പദ്ധതികളുടെ വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിനായി താല്പര്യപത്രം (EoI) ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കാവേരി നദീജല ട്രൈബ്യൂണൽ കേരളത്തിന് അനുവദിച്ചിട്ടുള്ള 30 TMC ജലത്തിന്റെ പാമ്പാർ നദീതട വിഹിതമായ 3 TMC-യിൽ 0.80 TMC ചെങ്ങലാർ പദ്ധതിക്കുവേണ്ടിയുള്ളതാണ്. ഇതിൽ പട്ടിശ്ശേരി ഡാം, കാന്തല്ലൂർ ഡാം, പുല്ലാരടി ഡാം എന്നീ മൂന്ന് പ്രവൃത്തികളായിരുന്നു ആവിഷ്കരിച്ചിരുന്നത്. എന്നാൽ പുല്ലാരടി ഡാം, കാന്തല്ലൂർ ഡാം എന്നിവയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിലെ തടസ്സംമൂലം നടപ്പിലാക്കുവാൻ കഴിയുന്നില്ല. പട്ടിശ്ശേരി ഡാമിന്റെ പ്രവൃത്തി നടന്നുവരുന്നു. ആയത് 2021 ഏപ്രിലിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ അഗളി പഞ്ചായത്തിലെ ചിറ്റൂരിൽ ശിരുവാണിപുഴയ്ക്ക് കുറകെ ഒരു അണക്കെട്ട് നിർമ്മിച്ച് അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, കോട്ടത്തറ മേഖലയിലെ 4255 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചന സൗകര്യം ചെയ്യുന്നതിനുവേണ്ടി AVIP (അട്ടപ്പാടിവാലി ജലസേചന പദ്ധതി) വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 497 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയിട്ടുണ്ട്. ആയത് കേന്ദ്ര ജല കമ്മീഷന് സമർപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്. കൂടാതെ പാരിസ്ഥിതിക അനുമതി, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ലഭിക്കുന്നതിനുവേണ്ടിയുള്ള പഠനം നടന്നുവരുന്നു. അഗളി, തുടുക്ക എന്നീ ജലസേചന പദ്ധതികളുടെ പര്യവേക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഭവാനിപ്പുഴ സ്രോതസ്സായി അഗളിക്കും സമീപ പഞ്ചായത്തുകൾക്കുമായിട്ടുള്ള കുടിവെള്ള പദ്ധതിക്ക് നബാർഡ് RIDFI-ൽ ഉൾപ്പെടുത്തി 2017-18 വർഷത്തിൽ 2500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമായ ഘടകങ്ങൾക്കാണ് ഒന്നാംഘട്ടത്തിൽ അനുമതി നൽകിയിരിക്കുന്നത്. ഇതിൽ പുതൂർ പഞ്ചായത്തിൽ കിണർ, അഗളി പഞ്ചായത്തിലെ കാവുണ്ടിക്കലിൽ 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, തച്ചമലയിൽ ബൂസ്റ്റർ സ്റ്റേഷൻ, റോ വാട്ടർ പമ്പിംഗ് മെയിൻ, അഗളിയിൽ നിലവിലുള്ള കൊട്ടമേട് ഭൂതല സംഭരണിയിലേക്ക് ക്ലിയർ വാട്ടർ ഗ്രാവിറ്റിമെയിൻ, പമ്പ്സെറ്റ്, വൈദ്യുതീകരണ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

കിണറിന്റെ പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. മേയ് മാസം 2020 ഓടുകൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ജലസമൃദ്ധി പദ്ധതി**

156 (6229) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസമൃദ്ധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സംസ്ഥാനത്ത് എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പദ്ധതി സംസ്ഥാനമൊട്ടുക്കും വ്യാപിപ്പിക്കണമെന്ന അന്താരാഷ്ട്ര ജല ഉപദേശക സംഘത്തിന്റെ ശിപാർശ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംയോജിത നീർത്തട പരിപാലന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) വറ്റാത്ത ഉറവയ്ക്കായി " ജലസമൃദ്ധി" എന്ന ലോകശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞ ജലവിഭവ പരിപാലന സംരക്ഷണപദ്ധതി നടപ്പിലാക്കിവരുന്നത് കാട്ടാക്കട അസംബ്ലി നിയോജകമണ്ഡലത്തിലാണ്. 2016 ജൂൺ 5-ന് (ലോക പരിസ്ഥിതി ദിനം) ബഹു. കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ. ജലസമൃദ്ധമായ നിയോജകമണ്ഡലം എന്ന ആശയം മുന്നോട്ടുവയ്ക്കുകയും 2017 മാർച്ച് 22-ന് (ലോക ജലദിനം) ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു. 2016 ജൂൺ 5 മുതൽ 2017 മാർച്ച് 22 വരെയുള്ള കാലയളവുകൊണ്ട് ജനപങ്കാളിത്തത്തോടെ സമഗ്രമായ ഒരു ജലവിഭവസംരക്ഷണ പരിപാലനരേഖ തയ്യാറാക്കുന്നതിന് സാധിച്ചു. 113.80 ചതുരശ്ര കി. മീറ്റർ വിസ്തൃതിയുള്ള മണ്ഡലത്തിൽ 314 കുളങ്ങളും 43000 കിണറുകളും കൂടാതെ 31 കി. മീ. നെയ്യാർ ജലസേചന പദ്ധതിയുടെ കനാലുമുണ്ട്. നെയ്യാർ, കരമന നദീതടങ്ങളിലേയ്ക്ക് ചരിഞ്ഞുകിടക്കുന്നുവെന്നതുകൊണ്ടുതന്നെ മഴക്കാലം കഴിഞ്ഞാൽ ജലലഭ്യത കുറയുന്ന പ്രദേശങ്ങൾ ധാരാളമുണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിന് ഹ്രസ്വകാല കർമ്മപരിപാടിയും ദീർഘകാല കർമ്മപരിപാടിയും സമഗ്ര നീർത്തടാടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്തു.

ജലസമൃദ്ധിയുടെ ഭാഗമായി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. കൃത്രിമ ഭൂജലപോഷണം
2. മഴവെള്ളസംഭരണം
3. കിണർ റീചാർജ്ജിംഗ്
4. മഴക്കുഴികൾ
5. 5 വർഷക്കാലം കൊണ്ട് ഒരു ലക്ഷം വൃക്ഷങ്ങൾ
6. നീർത്തടയാത്രാ/പുഴനടത്തം
7. കുളം ശുചിയാക്കൽ/സംഭരണശേഷി വർദ്ധിപ്പിക്കൽ
8. പാറക്വാറിയിലെ ജലം ഭൂജലപോഷണത്തിന് ഉപയോഗപ്പെടുത്തുക.
9. ഫാം പോണ്ടുകളുടെ നിർമ്മാണം.
10. ജലക്ലബ് - എല്ലാ സ്കൂളുകളിലും
11. ജലമിത്രം - ഒരു വാർഡിൽ 5 പേർ (ആകെ 122 വാർഡുകൾ)
12. ജലഗുണനിലവാര പരിശോധന– എച്ച്.എസ്.എസ്. സ്കൂളുകളിലെ വിദ്യാർത്ഥികൾ - അദ്ധ്യാപകർ

13. ചെറുതോടുകളുടെ പുനരുജ്ജീവനം

14. സാധ്യമാകുന്ന എല്ലാ സ്കൂളുകളിലും ഭൂജലപോഷണം-ഇത് അംഗൻവാടികൾ, സർക്കാർ ആഫീസുകൾ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു.

15. ഹരിതവിദ്യാലയം-മാലിന്യസംസ്കരണം, ജലസംരക്ഷണം, കൃഷിവ്യാപനം

16. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സന്നദ്ധസംഘടനകൾ തുടങ്ങി (17-ൽ ഏറെ) സമഗ്രമായ ഏകോപനം

17. കൃത്യമായ ഇടവേളകളിലെ വിലയിരുത്തലുകൾ

18. ജൈവമാർഗ്ഗങ്ങൾ വലിയതോതിൽ ഉപയോഗിച്ചുള്ള മണ്ണ്-ജലപരിപാലനം

19. നെൽകൃഷി ഉൾപ്പെടെ വ്യാപിപ്പിക്കാൻ സാധിച്ചു.

20. ഉൾനാടൻ മത്സ്യകൃഷി വ്യാപനം

21. 8 സ്ഥാപനങ്ങളിൽ ജല ഓഡിറ്റിംഗ്

22. മൈക്രോ കുടിവെള്ള പദ്ധതി തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞു. ഇതിന്റെ ഗുണഫലങ്ങൾ എന്ന നിലയിൽ ചുവടെപ്പറയുന്നവ നേടുന്നതിന് ചുരുങ്ങിയ കാലംകൊണ്ട് കഴിഞ്ഞിട്ടുണ്ട്.

ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ളമെത്തിക്കൽ, മണ്ഡലത്തിൽ ഒഴിവാക്കാൻ സാധിച്ചു.

◆ ഭൂജലലഭ്യത കണക്കനുസരിച്ച് സെമിക്രിട്ടിക്കൽ ബ്ലോക്കായിരുന്ന നേമം, നിലവിലെ കണക്കനുസരിച്ച് സുരക്ഷിത ബ്ലോക്കിലേയ്ക്ക് മാറി.

◆ പ്രധാന തോടുകളിൽ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലും നീരൊഴുക്ക് നിലനിൽക്കുന്നു.

◆ തദ്ദേശീയ ജലസംരക്ഷണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താൻ ജനങ്ങൾ സന്നദ്ധമായിവരുന്നു. ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്ന മാലിന്യങ്ങൾ വലിയതോതിലുള്ള കുറവ് ദർശിക്കാൻ കഴിയുന്നു. ഇതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ഒരു ചെറുനീർത്തടത്തിലാകെയുള്ള മണ്ണ്-ജലസംരക്ഷണ പ്രവർത്തനമാക്കാനും കഴിഞ്ഞിട്ടുണ്ട്.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ 40 സർക്കാർ സ്ഥാപനങ്ങളിലും 5 അങ്കണവാടികളിലും കിണർ റീചാർജ്ജിംഗ് പദ്ധതി ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കിയ ഭൂജലസംപോഷണ പ്രവർത്തനങ്ങൾ ഭൂജലവിതാനം ഉയർത്തുന്നതിന് വളരെ ഫലപ്രദമായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) 2018 ആഗസ്റ്റിലെ മഹാപ്രളയത്തെത്തുടർന്ന് വലിയ തോതിലുള്ള നാശനഷ്ടമാണ് കേരളത്തിലുണ്ടായത്. ഈ ഘട്ടത്തിൽ വിവിധ അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള പദ്ധതിരേഖ തയ്യാറാക്കുകയുണ്ടായി. പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസെസ്സ്മെന്റ് റിപ്പോർട്ട് (PDNA)-ലെ ജലവിഭവ മേഖലയുമായി ബന്ധപ്പെട്ട അദ്ധ്യായം തയ്യാറാക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചത് നെതർലൻഡ് സർക്കാരിന്റെ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ടീമിലെ അംഗങ്ങളാണ്. PDNA റിപ്പോർട്ടിനെ തുടർന്ന് കുട്ടനാട് മേഖലയുടെ സുസ്ഥിര സംരക്ഷണവുമായി ബന്ധപ്പെട്ട് ഡച്ച് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ടീം വീണ്ടും കേരളം സന്ദർശിക്കുകയുണ്ടായി. പ്രസ്തുത അവസരത്തിൽ കാട്ടാക്കട അസംബ്ലി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന " ജലസമൃദ്ധി" പദ്ധതിയുടെ വിശദാംശങ്ങൾ അറിയുന്നതിനായി പ്രദേശം സന്ദർശിക്കുകയും ജനങ്ങളുമായും തദ്ദേശസ്വയംഭരണസ്ഥാപന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി സംവദിക്കുകയും ചെയ്തു. തുടർന്ന് " കുട്ടനാടിന്റെ സംയോജിത ജലവിഭവപരിപാലനരേഖ" എന്ന റിപ്പോർട്ട് തയ്യാറാക്കിയ ഡച്ച് ടീം കാട്ടാക്കടയിൽ നടപ്പിലാക്കിവരുന്ന ജലസമൃദ്ധി പദ്ധതിയെ " സംയോജിത നീർത്തട പരിപാലന പദ്ധതി"-യുടെ ഉത്തമ മാതൃകയായി വിലയിരുത്തുകയും വ്യാപിപ്പിക്കാൻ കഴിയുന്ന ഒരു പ്രവർത്തനമാണെന്ന് നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി. ജലസമൃദ്ധി പദ്ധതിയുടെ മാതൃക നിലവിൽ ഹരിതകേരള മിഷന്റെ ഉപദൗത്യമായി മണ്ണ്-ജലസംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

(സി) സമഗ്ര ജലസമൃദ്ധി ഉപമിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ സംയോജിത നീർത്തട പരിപാലന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം 913 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയായിട്ടുണ്ട്. ഇതിൽ മുൻഗണനാപ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ധനലഭ്യത അനുസരിച്ച് നിർവ്വഹിച്ചുവരുന്നു.

## ഷൊർണ്ണൂർ കുടിവെള്ള പദ്ധതി

157 (6230) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മുപ്പത്തിയഞ്ച് കോടി രൂപ ചെലവാക്കി കിഫ്ബി മുഖാന്തിരം പണി പൂർത്തിയാക്കിയ ഷൊർണ്ണൂർ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുവാനായി വിതരണ ശൃംഖല നവീകരിക്കുന്നതിനും പുതിയത് സ്ഥാപിക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

കിഫ്ബിയുടെ ധനസഹായത്തോടെ മുപ്പത്തിയഞ്ച് കോടി രൂപ ചെലവാക്കി പണികൾ പൂർത്തീകരിച്ച ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനുംവേണ്ടിയുള്ള വിപുലീകരണ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം പരമാവധി ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കംചെന്ന എ.സി. പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 3 പ്രവൃത്തികൾക്ക് കിഫ്ബിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കൂടാതെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ പുതിയ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ വാണിയംകുളം പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പദ്ധതിക്ക് സ്റ്റേറ്റ് പ്ലാൻ 2019-20-ൽ 5.04 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## പമ്പ റിവർ ബേസിൻ അതോറിറ്റി

158 (6231) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ റിവർ ബേസിൻ അതോറിറ്റി രൂപീകരിച്ചത് എന്നാണ്; എന്തൊക്കെയാണ് അതോറിറ്റി വിഭാവനം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റി വഴി ഏതൊക്കെ പദ്ധതികളാണ് ഇതേവരെ നടപ്പാക്കിയത്; ഇതിന് എത്ര രൂപ ചെലവഴിച്ചു; ഇനി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

**നദീജല സംരക്ഷണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ**

159 (6232) <u>ശ്രീ. എം. ഉമ്മർ:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങളെ സംബന്ധിച്ച സമഗ്രമായ വിവര ശേഖരണം നടത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) 1974-ലെ വാട്ടർ റിസോഴ്സസ് ഓഫ് കേരള പ്രസിദ്ധികരിച്ചതിനു ശേഷം അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് ജലാശയ സംരക്ഷണത്തിനായി സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(സി) നദീജല സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 44 നദികളും അവയുടെ കൈവഴികളും GIS സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ശേഖരിച്ചിട്ടുണ്ട്. കൂടാതെ നദികൾക്കും കൈവഴികൾക്കും കുറുകെയുള്ള ഇറിഗേഷണൽ സ്ട്രക്ചറുകൾ, കുളങ്ങളുടെ വിവരങ്ങൾ എന്നിവയും ശേഖരിച്ചിട്ടുണ്ട്. ഇവയെല്ലാംതന്നെ 2013-14 വരെയുള്ള ശേഖരണത്തിലുള്ളവയാണ്. ഇതുകൂടാതെ, അഖിലേന്ത്യാതലത്തിൽ നടക്കുന്ന ആറാമത് " മൈനർ ഇറിഗേഷൻ സെൻസസ്സിന്റെ" ഭാഗമായി കുളങ്ങൾ ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ സമഗ്രമായ വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കുളങ്ങൾ/ കായലുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. വിവിധ ഏജൻസികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കൃത്യമായ വിവരശേഖരണം നടത്തുന്നതിന് ഇതൊരു പരിമിതിയാണ്.

(ബി) 1974-ലെ വാട്ടർ റിസോഴ്സസ് ഓഫ് കേരള എന്ന പ്രസിദ്ധീകരണമാണ് കേരളത്തിലെ ജലവിഭവസ്ഥിതിയും ഭാവി വികസനപരിപ്രേക്ഷ്യവും വിശദമാക്കുന്ന ആധികാരിക രേഖകളിലൊന്ന്. ജലാശയങ്ങളുടെ സംരക്ഷണം, ഉൾനാടൻ ജലപാതാ വികസനം, ജലസേചന സൗകര്യ വ്യാപനം, നടപ്പിലാക്കാൻ സാധിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, ഗാർഹിക-വ്യാവസായികാവശ്യങ്ങൾക്ക് വേണ്ടിവരുന്ന ജലം, വെള്ളപ്പൊക്ക പ്രതിരോധം, ഓരുവെള്ളക്കയറ്റം തടയൽ, ടൂറിസം സാധ്യത, നീർത്തടാധിഷ്ഠിത വികസനം, തീരപരിപാലനം തുടങ്ങി വിവിധ

മേഖലകളിൽ സ്വീകരിക്കേണ്ട നടപടികൾ പ്രസ്തുത റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. നദികളുടെ തീരപരിപാലനം, നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നിർമ്മിതികൾ, കുളങ്ങളുടെ ആഴം വർദ്ധിപ്പിച്ച് മാലിന്യം നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുക, ഓരുവെള്ളം കയറി നദികൾ/തടാകങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനുള്ള നിർമ്മിതികൾ, ജലസംരക്ഷണത്തിനായുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടസംരക്ഷണം ലക്ഷ്യമിട്ടുള്ള നീർത്തട പ്ലാൻ തയ്യാറാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നദീജലസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് ഓരുവെള്ളം കയറി ജലം മലിനമാകാതിരിക്കുന്നതിനുള്ള റെഗുലേറ്റർ/തടയണ നിർമ്മാണം, ആവശ്യമുള്ളയിടങ്ങളിൽ തീരസംരക്ഷണം, നദികളിലേക്ക് വന്നുചേരുന്ന കൈവഴികളുടെ സംരക്ഷണം, നദീതടത്തിലെ ജലസ്രോതസ്സുകളായ കുളങ്ങളുടെ സംരക്ഷണം, നദികളെത്തന്നെ ചെറുസംഭരണിയാക്കി നീരൊഴുക്ക് സ്ഥായിയാക്കുന്ന വിധത്തിലുള്ള റെഗുലേറ്ററുകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ, നദീജലം മലിനമാക്കുന്നവർക്കെതിരെയുള്ള നിയമനടപടികൾ കൂടുതൽ കർശനമാക്കുന്നതിനും സാധ്യമായിട്ടുണ്ട്. കേരളത്തിൽ മലിനീകരണം നേരിടുന്ന നദികളായ മീനച്ചിൽ, പമ്പ, പെരിയാർ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുവാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിനു കീഴിലുള്ള ഒരു കൺസൾട്ടൻസി നൽകാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനായുള്ള REoI (Request for Expression of Interest) പരസ്യപ്പെടുത്തുകയും അതിന് ലഭിച്ച REoI-കളുടെ മൂല്യനിർണ്ണയം പുരോഗമിക്കുകയും ചെയ്യുന്നു.

**കിണർ റീചാർജിംഗ്**

160 (6233) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വേനൽ കാലത്ത് നേരിടുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുവാൻ ഒരു പരിധി വരെ കിണർ റീചാർജിംഗ് ഫലപ്രദമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ വീടുകളിലും ഈ സംവിധാനം കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

ഭൂജല വകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതിയിൻ കീഴിൽ കിണർ റീചാർജിംഗ് നടപ്പിലാക്കിവരുന്നു. നിലവിൽ പൊതുസ്ഥാപനങ്ങളിലാണ് ഭൂജല വകുപ്പ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ സംവിധാനം സംസ്ഥാനത്തെ മുഴുവൻ വീടുകളിലും നടപ്പിലാക്കുന്നതിന് ഭൂജല വകുപ്പിന് അനുവദിച്ചിട്ടുള്ള നിലവിലെ പ്ലാൻ പദ്ധതിയിൽ സാദ്ധ്യമല്ല.

കെ.ആർ.ഡബ്ല്യു.എസ്.എ-.യുടെ ഭാഗമായ 'മഴകേന്ദ്രം' പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം - ഭൂജല പരിപോഷണം പരിപാടിയിലെ രണ്ട് സുപ്രധാന പദ്ധതികളാണ് കിണർ റീചാർജിംഗും മഴവെള്ള കൊയ്ത്തും. 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ 6 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിലെ 8500 തുറന്ന കിണറുകളിൽ മഴവെള്ളം സംഭരിച്ചുള്ള തുറന്ന കിണർ റീചാർജിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പണത്തിന്റെ ലഭ്യത അനുസരിച്ച് സാങ്കേതികമായി സാധ്യമായ പ്രദേശങ്ങളിൽ ഘട്ടംഘട്ടമായി കിണർ റീചാർജിംഗ് നടപ്പിലാക്കാവുന്നതാണ്.

## കരമനയാറ്, കിള്ളിയാറ് എന്നീ നദികൾ മാലിന്യ മുക്തമാക്കുന്നതിനുള്ള നടപടി

161 (6234) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം മണ്ഡലത്തിലൂടെ ഒഴുകുന്ന കരമനയാറ്, കിള്ളിയാറ് എന്നിവ മാലിന്യങ്ങൾ ഒഴുകിയെത്തുന്നതുമൂലം മലിനമാക്കപ്പെട്ടതായി വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഈ നദികൾ മാലിന്യ മുക്തമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

നേമം മണ്ഡലത്തിലൂടെ ഒഴുകുന്ന പ്രധാന നദികളായ കരമന, കിള്ളി എന്നീ നദികൾക്ക് കുറുകെയുള്ള പാലങ്ങളുടെ ഇരുവശങ്ങളിൽ കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് (KRSM) പദ്ധതി പ്രകാരം മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി 3 മീറ്റർ ഉയരത്തിൽ കമ്പിവേലി, ചെക്ക് ഡാമുകൾ, ബയോഡൈവേഴ്സിറ്റി പാർക്ക്, നടപ്പാത എന്നിവ നിർമ്മിക്കുകയും മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും ചെയ്ത് മലിനീകരണം നിയന്ത്രിച്ചുവരുന്നു.

ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA 673/2018-ലെ ഉത്തരവിൻ പ്രകാരം കേരളത്തിലെ 21 നദീഭാഗങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുകയുണ്ടായി. അതിൽ മാലിന്യത്തോത് കൂടിയ പ്രയോറിറ്റി 1-ൽ ഉൾപ്പെട്ട കരമന നദിയുടെ കർമ്മ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും അനുപ്രകാരമുള്ള പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കരമന നദി ശാസ്ത്രീയ പരിപാലന (പൈലറ്റ്) പദ്ധതി പ്രകാരം കരമനയാറിനേയും കിള്ളിയാറിനേയും സ്വീവേജ് മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുവാൻ വിവിധ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

## നദികളുടെയും കായലുകളുടെയും സംരക്ഷണം

162 (6235) <u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്:</u>
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നദികളുടെ നീരൊഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിനും കായലുകളുടെ സംരക്ഷണത്തിനുമായി സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ നീരൊഴുക്ക് സ്ഥായിയാക്കുന്ന "നീർത്തടാധിഷ്ഠിത പരിപാലന പദ്ധതി"യുടെ ഭാഗമായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിവിധ വികസനവകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സാങ്കേതിക സമിതികൾ രൂപീകരിക്കുകയും ചെറുനീർത്തടാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുതല "നീർത്തടപ്ലാൻ" തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ നീർത്തടത്തിലും മണ്ണ്- ജലസംരക്ഷണം സാധ്യമാക്കുന്നതിനായി റിഡ്ജ് ടു വാലി അടിസ്ഥാനത്തിൽ പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ബജറ്റ് വിഹിതം, തൊഴിലുറപ്പുപദ്ധതി, മറ്റ് ഏജൻസികൾ എന്നിവർ മുഖേന നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികൾ ചെറുതോടുകളിലെ ജലലഭ്യത വർദ്ധിപ്പിച്ചതായി നിരീക്ഷിച്ചിട്ടുണ്ട്. ഇതിന്റെ അനന്തരഫലമായി നദികളിലെ ജലലഭ്യതയും (നീരൊഴുക്കും) വർദ്ധിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ ഇടങ്ങളിൽ നദികളെ ജലസംഭരണികളാക്കി മാറ്റത്തക്കവിധത്തിൽ തടയണ/റെഗുലേറ്റർ എന്നിവ നിർമ്മിക്കുകവഴി നദികളിലെ ജലം കടലിലേക്ക് ഒഴുകിപ്പോകാതെ ഭൂമിയിലേക്ക് ഊർന്നു ഇറങ്ങി ഭൂഗർഭ ജലനിരപ്പ് ഉയർത്താനും കഴിയും. നീരൊഴുക്ക് തടസ്സപ്പെടുന്നയിടങ്ങളിൽ മണലും എക്കലും മറ്റ് തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**നദീതടങ്ങളുടെ ജല ആവാഹശേഷി**

163 (6236) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നദീതടങ്ങളുടെ ജലആവാഹശേഷി വർദ്ധിപ്പിച്ച് പ്രളയംമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒരുപരിധിവരെ നേരിടുന്നതിന് കഴിയുമെന്നകാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

നദീതടങ്ങളുടെ ആവാഹശേഷി വർദ്ധിപ്പിച്ച് പ്രളയം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പാരിസ്ഥിതിക പഠനം ആവശ്യമാണ്. പുഴകളുടെ അടിത്തട്ടിൽ സ്വാഭാവിക നീരൊഴുക്കിന് തടസ്സമാകുന്ന രീതിയിൽ മണൽത്തിട്ടകൾ രൂപപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവ സാൻഡ് ഓഡിറ്റ് നടത്തി അളവ് തിട്ടപ്പെടുത്തി നിലവിലെ നിയമങ്ങൾക്ക് വിധേയമായി നീക്കം ചെയ്താൽ പുഴകളുടെ ആവാഹനശേഷി വർദ്ധിപ്പിക്കാവുന്നതാണ്.

**കരുനാഗപ്പള്ളി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

164 (6237) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം നിർമ്മിക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കരുനാഗപ്പള്ളി മണ്ഡലത്തിൽ ഏതെല്ലാം കുളങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് വിശദീകരിക്കുമോ;

(സി) ക്ഷേത്രക്കുളങ്ങൾക്കൊപ്പം മറ്റ് സ്വകാര്യ കുളങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇത്തരത്തിൽ ഏതെങ്കിലും കുളങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ജലസേചന വകുപ്പിന് കീഴിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ "ഒരു പഞ്ചായത്തിൽ ഒരു കുളം" പദ്ധതിയിൽ കുളങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടില്ല. എന്നാൽ 2013, 2014 സാമ്പത്തിക വർഷത്തിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മൂന്ന് കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. തെക്കും ഭാഗം പഞ്ചായത്തിലെ ഏറംകുളം - 8.50 ലക്ഷം രൂപ

2. കുലശേഖരപുരം പഞ്ചായത്തിലെ കയ്യാലത്തുംകുളം - 15.00 ലക്ഷം രൂപ

3. തഴവ പഞ്ചായത്തിലെ കരയിൽ കുളം - 9.71 ലക്ഷം രൂപ

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ഇപ്പോൾ നിലവിലില്ല. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഇത്തരത്തിലുള്ള കുളങ്ങൾ ഒന്നുംതന്നെ മുൻകാലങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

165 (6238) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ടി മണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അവ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി (2013-14-ൽ ഉൾപ്പെടുത്തി ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ നാല് കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

1) വെള്ളാൻചിറ - ആളൂർ പഞ്ചായത്ത്

2) പൊട്ടക്കുളം - കാറളം പഞ്ചായത്ത്

3) എളമ്പലാട്ട് കുളം - പൂമംഗലം പഞ്ചായത്ത്

4) ഓങ്ങിച്ചിറ - വേളൂക്കര പഞ്ചായത്ത്

## മുല്ലശ്ശേരി കനാലിന്റെ സ്വാഭാവിക ആഴം നിലനിർത്താൻ നടപടി

166 (6239) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴക്കാലത്ത് വെള്ളപ്പൊക്കത്തിനും വേനലിൽ വരൾച്ചയ്ക്കും കാരണമാകുന്ന വിധം എക്കലും മണലും അടിഞ്ഞുകൂടിയ മുല്ലശ്ശേരി കനാലിലെ പതിയാർകുളങ്ങര മുതൽ ഇടിയഞ്ചിറ വരെയുള്ള പ്രദേശം എക്കൽ നീക്കി കനാലിന്റെ സ്വാഭാവിക ആഴം നിലനിർത്താനുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കായലുകളിലെയും ശുദ്ധജലതടാകങ്ങളിലെയും ജല സ്രോതസ്സുകളിലെയും മലിനീകരണം

167 (6240) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായലുകളും ശുദ്ധജല തടാകങ്ങളും ജല സ്രോതസ്സുകളും വ്യാപകമായതോതിൽ മലിനമാക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലമലിനീകരണം കാരണം പല ജലസസ്യങ്ങളുടെയും മത്സ്യങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കായൽ ടൂറിസത്തിന്റെ ഭാഗമായി ഹൗസ് ബോട്ടുകളും മറ്റും സർവ്വീസ് നടത്തുമ്പോൾ പുറംതള്ളുന്ന മാലിന്യങ്ങൾ, ജല സ്രോതസ്സുകളോട് ചേർന്ന് പ്രവർത്തിക്കുന്ന ഫാക്ടറികൾ മറ്റ് സ്ഥാപനങ്ങൾ പുറംതള്ളുന്ന വിഷലിപ്ത മലിനജലം ഇവ ജലമലിനീകരണത്തിന് കാരണമാകുന്നുവെന്ന വസ്തുത ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ജലമലിനീകരണം സൃഷ്ടിക്കുന്ന ജലയാനങ്ങളെ നിയന്ത്രിക്കുന്നതിനും ജലാശയങ്ങളെ മാലിന്യമുക്തമാക്കുന്നതിനും ജലസസ്യങ്ങളുടെയും നീർപക്ഷികളുടെയും മത്സ്യങ്ങളുടെയും മറ്റും സംരക്ഷണത്തിനും സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഹൗസ് ബോട്ടുകൾ, ജലസ്രോതസ്സുകൾക്കടുത്ത് പ്രവർത്തിക്കുന്ന വ്യാവസായിക സ്ഥാപനങ്ങൾ എന്നിവ ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നത് ജലമലിനീകരണത്തിന് കാരണമാകുന്നുണ്ട് എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം കുറയ്ക്കുന്നത് സംബന്ധിച്ച് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം വിലയിരുത്തി നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ്.

(ഡി) ജലയാനങ്ങൾ സൃഷ്ടിക്കുന്ന മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളുമാണ് സ്വീകരിച്ചുവരുന്നത്. വേമ്പനാട് കായലിലെ ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് കോഴിക്കോട് ആസ്ഥാനമായുള്ള CWRDM പഠനം നടത്തിയിട്ടുണ്ട്. കേരളത്തിലെ മൂന്ന് റാംസർ തടാകങ്ങളുടെ സംരക്ഷണത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

**മലമ്പുഴ അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി**

168 (6241) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മലമ്പുഴ അണക്കെട്ടിലെ ചെളിയും മണലും നീക്കം ചെയ്ത് ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

മലമ്പുഴ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് ഉചിതമായ മാതൃകയിൽ ചെളിയും മണലും നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**റെഗുലേറ്ററുകളുടെ കേടുപാടുകൾ തീർക്കാൻ നടപടികൾ**

169 (6242) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ഏതൊക്കെ റെഗുലേറ്ററുകൾക്കും പവർഹൗസിനുമാണ് കേടുപാടുകൾ സംഭവിച്ചതെന്ന് അറിയിക്കുമോ;

(ബി) കേടുപാടുകൾ തീർക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) ജലസേചന, ജലവിതരണ പദ്ധതികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2019-ലെ പ്രളയത്തിൽ തൃത്താലയിലെ വെള്ളിയാങ്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്, ചീരക്കുഴി റെഗുലേറ്റർ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ മൈനർ ഇറിഗേഷൻ കൊല്ലം ഡിവിഷന്റെ കീഴിലുള്ള വി.സി.ബി. കം റെഗുലേറ്ററുകളായ കാരിക്കൽ വി.സി.ബി., കുന്നുവട്ടം വി.സി.ബി., മാമൂട് വി.സി.ബി., കൈപ്പള്ളി വി.സി.ബി. എന്നിവയ്ക്കും ചടയമംഗലം എം.ഐ സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള വെളിനല്ലൂർ പഞ്ചായത്തിൽ മീയന വലിയ വീട്ടിൽ ഏലാതോട് വി.സി.ബി., വെളിനല്ലൂർ പഞ്ചായത്തിൽ ചെങ്കൂർ ഏറത്ത് ഏലാ വി.സി.ബി., ഇളമാട് പഞ്ചായത്തിൽ കിളിക്കോട് ഏലാതോട് വി.സി.ബി. ഉമ്മന്നൂർ പഞ്ചായത്തിൽ കാടാട്ട് ഏറത്ത് നാട് ഭാഗം ഏലാതോട് വി.സിബി, ഉമ്മന്നൂർ കോശ്രുത്ത വിള ഭാഗം ഏലാതോട് വി.സി.ബി. എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

കണ്ണൂർ മൈനർ ഇറിഗേഷൻ ഡിവിഷന്റെ പരിധിയിലുള്ള ചിറ്റാരിപറമ്പ് പഞ്ചായത്തിലെ മുടപ്പത്തൂർ വിയർ കം റെഗുലേറ്ററിന് കേടുപാടുകൾ സംഭവിച്ചു. മലപ്പുറം മൈനർ ഇറിഗേഷൻ ഡിവിഷനു കീഴിലെ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ്, ഒടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിനുകീഴിലെ ചീരക്കുഴി റെഗുലേറ്ററിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ബി.എം. റെഗുലേറ്റർ കം ബ്രിഡ്ജിന്റെ മേൽക്കൂരയുടെ ഷീറ്റുകൾ തകർന്നിട്ടുണ്ട്.

മെക്കാനിക്കൽ ഡിവിഷന്റെ കീഴിൽ 2019- ലെ പ്രളയത്തിൽ താഴെപ്പറയുന്ന 16 റെഗുലേറ്ററുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

1. നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുമണ്ണ റെഗുലേറ്റർ

2. നിലമ്പൂർ മണ്ഡലത്തിലെ ഒടായിക്കൽ റെഗുലേറ്റർ

3. തൃത്താല മണ്ഡലത്തിലെ വെള്ളിയാങ്കൽ റെഗുലേറ്റർ

4. കോഴിക്കോട് മണ്ഡലത്തിലെ കുന്നത്ത് പാലം ലോക്ക് ഷട്ടർ

5. കോഴിക്കോട് മണ്ഡലത്തിലെ ചേരുകള്ളം ലോക്ക് ഷട്ടർ

6. കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെമ്പില്ലികുണ്ട് റെഗുലേറ്റർ

7. ഉദുമ മണ്ഡലത്തിലെ ഉപ്പള പാണ്ടിക്കണ്ടം റെഗുലേറ്റർ

8. മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള ആനിക്കട്ട് റെഗുലേറ്റർ

9. മഞ്ചേശ്വരം മണ്ഡലത്തിലെ ബാബാറാണാ ആനിക്കട്ട് റെഗുലേറ്റർ

10. മഞ്ചേശ്വരം മണ്ഡലത്തിലെ ശ്രീയ ആനിക്കട്ട് റെഗുലേറ്റർ

11. നാട്ടിക മണ്ഡലത്തിലെ ഇല്ലിക്കൽ റെഗുലേറ്റർ

12. മണലൂർ മണ്ഡലത്തിലെ ഇടിയൻചിറ റെഗുലേറ്റർ

13. പുതുക്കാട് മണ്ഡലത്തിലെ ഓടൻചിറ റെഗുലേറ്റർ

14. കളമശ്ശേരി മണ്ഡലത്തിലെ പുറപ്പള്ളിക്കാവ് റെഗുലേറ്റർ

15. കളമശ്ശേരി മണ്ഡലത്തിലെ പാതാളം റെഗുലേറ്റർ

16. ചാത്തന്നൂർ മണ്ഡലത്തിലെ പൊഴിക്കര റെഗുലേറ്റർ

തൃത്താല റെഗുലേറ്ററിന് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിനായി സിവിൽ വർക്കുകൾക്ക് 17 കോടി രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്ക് 1.35 കോടി രൂപയും കണക്കാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ (RKI) ഉൾപ്പെടുത്തിയിട്ടുണ്ട്.

ചീരക്കുഴി റെഗുലറേറ്ററിന്റെ കേടുപാടുകൾ തീർക്കുന്നതിനും ഷട്ടറുകളുടെ പുനർനിർമ്മാണത്തിനുമായി 420.5 ലക്ഷത്തിന്റെ പ്രവൃത്തികൾ Rebuild Kerala Initiative -ൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ ഇറിഗേഷന്റെ അധീനതയിൽ കേടുപാടുകൾ സംഭവിച്ച റെഗുലേറ്ററുകളുടേയും മറ്റു ജലസേചന നിർമ്മിതികളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി, പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മെക്കാനിക്കൽ വിഭാഗത്തിന്റെ മുകളിൽ പരാമർശിച്ചിട്ടുള്ള ക്രമ നമ്പർ 3,11,12,16 എന്നീ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കുവാൻ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താൻ സമർപ്പിക്കപ്പെട്ടിരുന്നു.

പൂക്കോട്ടുമണ്ണ റെഗുലേറ്ററിന്റെ കേടുപാടുകൾ തീർക്കാൻ 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്.

ഉപ്പള ആനിക്കട്ട് റെഗുലേറ്ററിന്റെ കേടുപാടുകൾ തീർക്കാൻ 8,20,000 (എട്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് ഭരണാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ബാക്കിയുള്ള റെഗുലേറ്ററുകളുടെ അറ്റകുറ്റപ്പണികൾക്കായി ഏകദേശം 1 കോടി 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിഗണനയിലാണ്.

(സി) ഇറിഗേഷൻ പ്രോജക്ട്സ് 1 ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിലുള്ള വിവിധ ജലസേചന പദ്ധതികളായ കുറ്റ്യാടി, പഴശ്ശി, കാരാപ്പുഴ, ബാണാസുരസാഗർ, മലമ്പുഴ, മംഗലം, പോത്തുണ്ടി, ചേരാമംഗലം, ചിറ്റൂർപുഴ, വാളയാർ, ഗായത്രി (1&2), കാഞ്ഞിരപ്പുഴ എന്നിവയുടെ കനാലുകൾക്കും അനുബന്ധ നിർമ്മിതികൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 54.44 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കുകയും ആയത് SDRF (State Disaster Response Fund), RKI (Rebuild Kerala Initiative) എന്നിവയിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

2019-ലെ പ്രളയംമൂലം ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 100 സ്കീമുകളിലായി 1.32 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

കേരള ജല അതോറിറ്റിയിൽ 2019 -ലെ പ്രളയത്തിൽ വൈദ്യുതി തകരാർ ഉണ്ടായതു കാരണം പല കുടിവെള്ള സ്കീമുകളും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. കൂടാതെ പമ്പിംഗ് സ്റ്റേഷനുകളിൽ ജലം കയറിയത് പമ്പ്, മോട്ടോർ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെടുത്തുകയും ഇവ കേടാവുകയും ചെയ്തു. ജല ശുദ്ധീകരണശാലകളിൽ അമിതമായ കലക്കൽ വന്നുചേർന്ന കാരണം പ്രവർത്തനം നിലയ്ക്കുകയും കുടിവെള്ള പദ്ധതികൾ മലിനപ്പെടുകയും ചെയ്തു. ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം ജലവിതരണ പൈപ്പുകൾക്ക് സ്ഥാനചലനം സംഭവിച്ചു. ഇപ്പറഞ്ഞ കാരണങ്ങളാൽ ജല ശുദ്ധീകരണവുമായി ബന്ധപ്പെട്ട 745 ഘടകങ്ങൾക്ക് തകരാർ സംഭവിച്ചു. ഇതുമൂലം 23 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. മുൻവർഷത്തെ പ്രളയത്തിൽനിന്ന് ലഭിച്ച അറിവുകൾ ഉൾക്കൊണ്ടുകൊണ്ട് അതിവേഗ പുനരുദ്ധാരണ പ്രവൃത്തികളാണ് അതോറിറ്റി നടപ്പിലാക്കിയത്. വൈദ്യുതി തകരാർമൂലം മാത്രം മുടങ്ങിയ സ്കീമുകളുടെ പ്രത്യേക പട്ടിക തയ്യാറാക്കി KSEB-ക്ക് കൈമാറുകയും KSEB യുദ്ധകാലാടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കുകയും ചെയ്തു. പമ്പ് ഹൗസുകളിലും ശുദ്ധീകരണശാലകളിലും വന്നടിഞ്ഞ മാലിന്യങ്ങൾ നീക്കംചെയ്ത് പ്രവർത്തനസജ്ജമാക്കി കേടുപാടുകൾ സംഭവിച്ച പമ്പ്, മോട്ടോർ, ട്രാൻസ്ഫോമർ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനസജ്ജമാക്കി. പ്രളയജലം കയറി ഉപയോഗശൂന്യമായ

ശുദ്ധീകരണത്തിനുപയോഗിക്കുന്ന രാസവസ്തുക്കൾ നീക്കംചെയ്ത് പകരം സംവിധാനമൊരുക്കി. സ്രോതസ്സുകളിൽ വന്നടിഞ്ഞ മാലിന്യങ്ങൾ അതിവേഗം നീക്കംചെയ്തു. സ്ഥാനചലനം സംഭവിച്ച പൈപ്പുകൾ മാറ്റിസ്ഥാപിച്ച് ജലവിതരണം സുഗമമാക്കി. പ്രളയജലം കയറി മലിനമായ സംഭരണികൾ വൃത്തിയാക്കി ഉപയോഗപ്രദമാക്കി.

കുട്ടനാട് പാക്കേജിന്റെ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ പരിധിയിൽ പ്രളയവുമായി ബന്ധപ്പെട്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി എസ്.ഡി.ആർ.എഫ്. പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തികൾ ചെയ്തുവരുന്നു.

ചീഫ് എഞ്ചിനീയർ പ്രോജക്റ്റ് II-ന്റെ കീഴിലുള്ള ജലസേചന പദ്ധതികളുടെ കനാൽ ശൃംഖലകളിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. രൂപ 1069.91 ലക്ഷത്തിന്റെ കേടുപാടുകളാണ് കണക്കാക്കിയിരിക്കുന്നത്. കേടുപാടുകൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**പി.വി.ഐ.പി.-യുടെ ക്യാച്ച്മെന്റ് ഏരിയയിലെ പുനരധിവാസം**

170 (6243) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ഭൂതത്താൻ കെട്ടിൽ 2013 -ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഒലിച്ചു പോയ പതിനഞ്ചോളം വീടുകളിലെ താമസക്കാരെ ഇപ്പോൾ പി.വി.ഐ.പി.-യുടെ ക്യാച്ച്മെന്റ് ഏരിയയിൽ താൽക്കാലികമായി താമസിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ഇവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ലഭ്യമാക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇവിടെ നിന്നും 2.5 കി. മീ. അകലെ പി.വി.ഐ.പി.- യുടെ തന്നെ കൈവശത്തിലിരിക്കുന്നതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ എൺപത്തിനാല് സെന്റ് സ്ഥലം പ്രസ്തുത ആളുകളെ പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലം ലൈഫ് ഭവന പദ്ധതിയിലെ ഭൂരഹിത, ഭവന രഹിതർക്ക് വീട് വച്ച് കിട്ടുന്നതിനുവേണ്ടി പഞ്ചായത്തിന് വിട്ടുകിട്ടുന്നതിനായി പഞ്ചായത്ത് നൽകിയിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സ്ഥലം ഇത്തരത്തിൽ ഭൂരഹിത ഭവനരഹിതരായിട്ടുള്ളവർക്ക് വീട് വച്ച് നൽകുവാൻ പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂതത്താൻകെട്ട് ബാരേജിൽ മാക്സിമം ലെവലിൽ വെള്ളം ശേഖരിക്കുമ്പോൾ പ്രസ്തുത സ്ഥലം മുങ്ങിപ്പോകുന്നതാണ്. ആയതിനാൽ വാസയോഗ്യമല്ല.

(സി-ഇ) പഞ്ചായത്ത് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ജലവിഭവ വകുപ്പ് പ്രൊപ്പോസൽ പരിശോധിക്കുന്നതാണ്.

**മങ്കട നിയോജകമണ്ഡലത്തിലെ റോഡ് റെസ്റ്റോറേഷൻ ചാർജ്**

171 (6244) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ നിന്നും കുടിവെള്ള പദ്ധതികൾക്കും പൈപ്പ് ലൈൻ നീട്ടുന്നതിനും മറ്റുമായി നൽകുന്ന ഫണ്ടിൽ റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ചാർജ്ജ് നൽകുവാൻ സാധിക്കാതെ എം.എൽ.എ.-മാരുടെ പദ്ധതികളടക്കം പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മങ്കട നിയോജകമണ്ഡലത്തിലെ കുറുവ, ചന്തപ്പറമ്പ്, ചെറുകുളമ്പ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പദ്ധതിക്ക് റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആസ്തി വികസന ഫണ്ടിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പി.ഡബ്ല്യൂ.ഡി.-യിൽ പണമടച്ച് റോഡ് കട്ടിംഗിന് അനുവാദത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വേങ്ങര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

172 (6245) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വേങ്ങര നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി, മേജർ/മൈനർ ഇറിഗേഷൻ ഡിവിഷനുകൾ എന്നിവയ്ക്ക് കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; അതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും അവ പൂർത്തിയാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കാര്യാലയത്തിൽനിന്നും വേങ്ങര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളും നിലവിലെ സ്ഥിതിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കണ്ണമംഗലം കുടിവെള്ള പദ്ധതി ഒതുക്കുങ്ങൽ-പൊന്മള കുടിവെള്ള പദ്ധതി, ഊരകം, വേങ്ങര, പറപ്പൂർ, കുടിവെള്ള പദ്ധതി എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. എ.ആർ. നഗർ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല.

ഊരകം, വേങ്ങര, പറപ്പൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തു. കണ്ണമംഗലം കുടിവെള്ള പദ്ധതി, ഒതുക്കുങ്ങൽ-പൊന്മള കുടിവെള്ള പദ്ധതി എന്നിവ പൂർത്തിയായി. ചാർജിംഗും കമ്മീഷനിംഗും പുരോഗമിക്കുന്നു.

എ. ആർ. നഗർ കുടിവെള്ള പദ്ധതിയുടെ കിണറിന്റെയും പമ്പിംഗ് മെയിനിന്റെയും പമ്പ് ഹൗസിന്റെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ 5mld ശേഷിയുള്ള ജലശുദ്ധീകരണശാല സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാകാൻ താമസം നേരിട്ടതിനാലാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തത്. ഈ പദ്ധതിക്കുവേണ്ടി നിർമ്മിക്കേണ്ട 5mld ശേഷിയുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലശുദ്ധീകരണശാല സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ആരോഗ്യ വകുപ്പിൽനിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ കരാറുകാരൻ 2015-ലെ എഗ്രിമെന്റ് പ്രകാരമുള്ള 239.30 ലക്ഷം രൂപയ്ക്ക് 2019-ൽ പ്രവൃത്തി ചെയ്യാൻ കഴിയുകയില്ല എന്നും 324 ലക്ഷം രൂപ (35% കൂടുതൽ) അനുവദിക്കുകയാണെങ്കിൽ പ്രവൃത്തി ചെയ്യാമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ NRDWP ഫണ്ട് ലഭ്യമല്ലാത്തതിനാൽ ടി പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ സാദ്ധ്യമല്ല. അനുയോജ്യമായ ഫണ്ട് ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതാണ്.

## വയനാട് ജില്ലയിലെ ഡ്രിപ്പ് ഇറിഗേഷൻ

173 (6246) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ ബാണാസുര-കാരാപ്പുഴ പദ്ധതികൾ ഉപയോഗിച്ച് ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുന്ന കാര്യം ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതിയിൽ അത്തിച്ചാൽ ഇറിഗേഷൻ സ്കീം, ചെറുപ്പറ്റ ഇറിഗേഷൻ സ്കീം എന്നീ രണ്ട് ഡ്രിപ്പ് ഇറിഗേഷൻ സ്കീമുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയതിനുള്ള Detailed Project Report തയ്യാറാക്കി വരുന്നു.

## 'കാവേരി പ്രോജക്ട് ഉദ്യോഗസ്ഥർ'

174 (6247) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കാവേരി പ്രോജക്ടുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർ ആണ് നിലവിൽ ജോലി ചെയ്തുവരുന്നത്;

(ബി) ഇവരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ട് ആരംഭിച്ചത് മുതൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 32

(ബി) 1) എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1

| | | |
|---|---|---|
| 2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 1 |
| 3) അസിസ്റ്റന്റ് എഞ്ചിനീയർ/ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | - | 4 |
| 4) ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - | 3 |
| 5) രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - | 5 |
| 6) മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | - | 2 |
| 7) ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | - | 1 |
| 8) ഹെഡ് ക്ലർക്ക് | - | 2 |
| 9) സീനിയർ ക്ലർക്ക് | - | 1 |
| 10) ക്ലർക്ക് | - | 2 |
| 11) ടൈപ്പിസ്റ്റ് | - | 2 |
| 12) ഓഫീസ് അറ്റൻഡന്റ് | - | 4 |
| 13) ഡ്രൈവർ | - | 1 |
| 14) നൈറ്റ് വാച്ച്മാൻ | - | 1 |
| 15) പാർട്ട് ടൈം സ്വീപ്പർ | - | 2 |
| ആകെ | - | 32 |

(സി) കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ അന്തിമവിധി അനുസരിച്ച് കബനി നദീതടത്തിന് അനുവദിച്ച 21 ടി.എം.സി. ജലം സംഭരിക്കാനുതകുന്ന സാധ്യതാപഠനവും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനായി 2008 നവംബർ മാസത്തിൽ സുൽത്താൻ ബത്തേരിയിൽ കാവേരി ഡിവിഷൻ ഓഫീസ് നിലവിൽ വന്നു. ട്രൈബ്യൂണൽ അംഗീകരിച്ച 9 പദ്ധതികളിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കാരാപ്പുഴ, ബാണാസുര സാഗർ എന്നീ പദ്ധതികളൊഴികെ മറ്റ് ഏഴ് പദ്ധതികളായ കടമാൻതോട്, ചൂണ്ടാലി, നൂൽപ്പുഴ, കല്ലമ്പതി, തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടുപുഴ എന്നിവയ്ക്ക് അനുവദിച്ച ജലം വിനിയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ കാര്യാലയത്തിന് കീഴിൽ വരുന്നത്.

29-9-2016 -ന് ISW ചീഫ് എഞ്ചിനീയറുടെ യോഗത്തിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക വഴി ട്രൈബ്യൂണൽ അനുവദിച്ചു തന്നിട്ടുള്ള ജലസംഭരണം നടത്താൻ

സാധിക്കുകയില്ലെന്നും മീഡിയം സൈസ് പ്രോജക്ടുകളായിരിക്കും അഭികാമ്യമെന്നും വിലയിരുത്തി. തുടർന്ന് പ്രസ്തുത പദ്ധതികൾ സമഗ്രമായി പരിശോധിക്കുകയും അനുവദിച്ച ജലം പരമാവധി വേഗത്തിൽ സംഭരിക്കുന്നതിനു വേണ്ടി മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്ത് കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളായ കടമാൻതോട് ജലസേചനപദ്ധതിയും തൊണ്ടാർ ജലസേചനപദ്ധതിയും പ്രാരംഭഘട്ടത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ജനപ്രതിനിധികളുടെയും ജനങ്ങളുടെയും സഹകരണം ഉറപ്പുവരുത്തി എത്രയും പെട്ടെന്ന് പദ്ധതി പ്രാവർത്തികമാക്കുന്നതിനും തദ്ദേശവാസികളുടെ സഹകരണം ഉറപ്പാക്കുന്നതിനുമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പദ്ധതിപ്രദേശത്ത് യോഗങ്ങൾ നടത്തിയിട്ടുണ്ട്.

കടമാൻതോട്, തൊണ്ടാർ ജലസേചന പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള താത്പര്യപത്രം ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 5 പദ്ധതികളുടെ (ചൂണ്ടാലിപ്പുഴ, നൂൽപ്പുഴ, കല്ലമ്പതി, തിരുനെല്ലി, പെരിങ്ങോട്ടുപുഴ) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുമായി മുന്നോട്ടുപോകുന്നതിന്റെ ഭാഗമായി കരട് സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

### വേങ്ങര മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

175 (6248) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ 2016-17 വർഷത്തിനുമുമ്പ് ആരംഭിച്ചതും നിലവിൽ പൂർത്തീകരിക്കാത്തതുമായ എത്ര പദ്ധതികൾ വേങ്ങര നിയോജകമണ്ഡലത്തിലുണ്ട്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലേറുന്നതിന് മുമ്പേ തുടങ്ങിയ ഏതൊക്കെ പ്രവൃത്തികൾ ഇക്കാലത്ത് വേങ്ങര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത ഏതൊക്കെ പദ്ധതികളാണ് ഉള്ളത്; ഇത് പൂർത്തീകരിക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സമെന്താണ്; അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1. ജലനിധി പദ്ധതിയായ വേങ്ങര പഞ്ചായത്തിലെ പാണ്ടികശാലക്കടുത്ത് ബാക്കികയം റെഗുലേറ്ററിന്റെ നിർമ്മാണം എന്ന പ്രവൃത്തി പുരോഗതിയിലാണ്.

2. പറപ്പൂർ പഞ്ചായത്തിലെ തോട്ടത്തിൽ കടവിൽ അട്ടീരിതോടിനു കുറുകെ വി.സി.ബി. നിർമ്മാണം എന്ന പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തതാണ്. വീണ്ടും ടെണ്ടർ ചെയ്യുകയും ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽനിന്നും പ്രതികരണമൊന്നും ലഭിച്ചിരുന്നില്ല.

3. ഒതുക്കുങ്ങൽ പഞ്ചായത്തിൽ ചേക്കത്തിക്കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയെങ്കിലും വിശദമായ പര്യവേക്ഷണം ഇപ്പോൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ.

4. ഊരകം പഞ്ചായത്തിൽ തയ്യിൽകടവിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണം 500 ലക്ഷം രൂപയുടെ പദ്ധതി ടെണ്ടർ ചെയ്തെങ്കിലും ടെണ്ടറിന് ഗവൺമെന്റ് അംഗീകരിച്ച നിരക്ക് കരാറുകാരന് സമ്മതമല്ലാത്തതിനാൽ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല.

കേരള ജല അതോറിറ്റിയുമായി ബന്ധപ്പെട്ട പദ്ധതികൾ താഴെ പറയുന്നതാണ്.

1. എ.ആർ.നഗർ കുടിവെള്ള പദ്ധതി (SLSSC)

2. വേങ്ങര പഞ്ചായത്തിലെ വെള്ളിയോട് കുടിവെള്ള പദ്ധതി (SLSSC)

3. വേങ്ങര പഞ്ചായത്തിലെ തട്ടാഞ്ചേരി മല കുടിവെള്ള പദ്ധതി (ന്യൂനപക്ഷ ക്ഷേമ പദ്ധതി)

ബി) 1. ഊരകം പഞ്ചായത്തിലെ കരിമ്പിളിയിൽ ആമകുളം തോടിന്റെ പാർശ്വസംരക്ഷണഭിത്തി നിർമ്മാണം - 9.00 ലക്ഷം

2. ഊരകം പഞ്ചായത്തിലെ കുറ്റിക്കാട്ടൂരിൽ കുറ്റിക്കാട്ടൂർ തോടിന്റെ പാർശ്വ സംരക്ഷണഭിത്തി നിർമ്മാണം - 12.50 ലക്ഷം.

3. വേങ്ങര പഞ്ചായത്തിലെ വലിയതോടിന്റെ പാർശ്വഭിത്തി സംരക്ഷണം (വലിയോറ വി.സി.ബി.) - 16.00 ലക്ഷം

4. വേങ്ങര പഞ്ചായത്തിലെ വലിയോറ എൽ.ഐ. സ്കീമിലെ സെൻട്രൽ കനാലിന്റെ ചെയിനേജ് 24m മുതൽ 237m വരെ പുനരുദ്ധാരണവും ട്രാക്ടർ പാത്തിന്റെ നിർമ്മാണവും - 24 ലക്ഷം.

<u>കേരള ജലനിധിയുമായി ബന്ധപ്പെട്ട പദ്ധതികൾ.</u>

1. കല്ലൻ കോളനി ജലനിധി പദ്ധതി
2. ചോലക്കുണ്ട് ജലനിധി പദ്ധതി
3. പറപ്പൂർ ജലനിധി പദ്ധതി
4. ഇല്ലിപുലാക്കൽ ആശാരിപ്പടി ജലനിധി പദ്ധതി
5. കുരിക്കൾ ബസാർ ജലനിധി പദ്ധതി
6. മിനി സ്റ്റേഡിയം ജലനിധി പദ്ധതി
7. ആസാദ് നഗർ ജലനിധി പദ്ധതി
8. ചെനക്കൽ കുണ്ടാട് ജലനിധി പദ്ധതി
9. പാലാനി ജലനിധി പദ്ധതി
10. കുഴിപ്പുറം ജലനിധി പദ്ധതി
11. ഊരകം വേങ്ങര പറപ്പൂർ ബൾക്ക് വാട്ടർ പദ്ധതി.

മെക്കാനിക്കൽ വിഭാഗത്തിന്റെ പ്രവൃത്തിയായ ബാക്കിക്കയം റെഗുലേറ്ററിന്റെ നിർമ്മാണം വേങ്ങര നിയോജകമണ്ഡലത്തിലുണ്ട്. ഈ പ്രവൃത്തി 10-10-2017- ൽ പൂർത്തീകരിച്ചു.

ഈ സർക്കാർ അധികാരത്തിലേറുന്നതിന് മുമ്പേ തുടങ്ങിയ താഴെ പറയുന്ന പദ്ധതികൾ ജല അതോറിറ്റി മുഖേന വേങ്ങര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

1. ഒതുക്കുങ്ങൽ പഞ്ചായത്തിലെ മുണ്ടോത്ത് പറമ്പ് കുടിവെള്ള പദ്ധതി (LACADS)
2. കണ്ണമംഗലം പഞ്ചായത്തിലുള്ള കുടിവെള്ള പദ്ധതി (SLSSC)
3. ഒതുക്കുങ്ങൽ, പൊന്മള പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി (NABARD)
4. ഊരകം, വേങ്ങര, പറപ്പൂർ കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദനഘടകങ്ങളുടെ നവീകരണ പ്രവൃത്തികൾ (NABARD)

(സി) 1. ജലനിധി പദ്ധതിയായ വേങ്ങര പഞ്ചായത്തിലെ പാണ്ടികശാലക്കടുത്ത് ബാക്കിക്കയം റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിന് സ്ഥലം വിട്ടുകിട്ടാത്തതും

ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് കരാറുകാരൻ വിട്ടു നിൽക്കുന്നതും നിലവിൽ നേരിടുന്ന തടസ്സങ്ങളാണ്.

2. പറപ്പൂർ പഞ്ചായത്തിലെ തോട്ടത്തിൽ കടവിൽ അട്ടീരിതോടിന് കുറുകെ വി.സി.ബി. നിർമ്മാണം എന്ന പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തതാണ്. വീണ്ടും ടെണ്ടർ ചെയ്യുകയും ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽനിന്നും പ്രതികരണമൊന്നും ലഭിച്ചിരുന്നില്ല.

3. വേങ്ങര പഞ്ചായത്തിലെ വലിയോറ എൽ.ഐ. സ്കീമിന്റെ സെക്ഷൻ ഡെലിവറി പൈപ്പുകളുടെ വിതരണവും സ്ഥാപിക്കലും എന്ന പ്രവൃത്തിക്കുവേണ്ടി ക്വട്ടേഷൻ നടപടികൾ പുരോഗമിക്കുന്നു.

4. ഒതുക്കുങ്ങൽ പഞ്ചായത്തിൽ ചേക്കത്തിക്കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചെങ്കിലും വിശദമായ പര്യവേക്ഷണം ആവശ്യമായതിനാൽ പ്രവൃത്തി നടന്നിട്ടില്ല. ഇപ്പോൾ പര്യവേക്ഷണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

5. ഊരകം പഞ്ചായത്തിൽ തയ്യിൽക്കടവിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണം. 500 ലക്ഷം രൂപയുടെ പദ്ധതി ടെണ്ടർ ചെയ്തെങ്കിലും ഗവൺമെന്റ് അംഗീകരിച്ച നിരക്ക് കരാറുകാരന് സമ്മതമല്ലാത്തതിനാൽ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. എന്നാൽ മേൽ പ്രവൃത്തി സ്ഥലത്തിന് താഴ്ഭാഗത്തായി ബാക്കിക്കയത്ത് കടലുണ്ടിപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നു. അതിന്റെ ജലസംഭരണ ലെവലുമായി ഈ പ്രവൃത്തിയുടെ സംഭരണ ലെവൽ താരതമ്യം ചെയ്ത് ഉറപ്പുവരുത്തേണ്ടതായിരുന്നു. അതിനായി ബാക്കിക്കയം മുതൽ തയ്യിൽക്കടവ് വരെ ലെവൽ സർവ്വേ നടത്തേണ്ടതുണ്ട്. കടലുണ്ടിപ്പുഴയിലെ വിവിധ ജലസംഭരണ പദ്ധതികളുടെ സാധ്യാത പഠനത്തിന് ഫ്ലഡ് പ്രോൺ സർവ്വേ നടന്നുവരുന്നുണ്ട്. ആയതു പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത വിയർ നിർമ്മാണം ആവശ്യമുണ്ടോയെന്ന സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കേരള ജല അതോറിറ്റിയുടെ പൂർത്തീകരിക്കാത്ത പദ്ധതികൾ താഴെ പറയുന്നവയാണ്:

1. വേങ്ങര പഞ്ചായത്തിലെ വെള്ളിയോട് കുടിവെള്ള പദ്ധതി - ഈ പദ്ധതിയുടെ പവർ കണക്ഷൻ ലഭ്യമായിട്ടില്ല.
2. വേങ്ങര പഞ്ചായത്തിലെ തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതി - ഈ പദ്ധതിയുടെ പമ്പ് സെറ്റ് സ്ഥാപിച്ച് പവർ കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്.
3. എ.ആർ. നഗർ കുടിവെള്ള പദ്ധതി

ഈ പദ്ധതിയുടെ കിണറിന്റേയും പമ്പിംഗ് മെയിനിന്റേയും പമ്പ് ഹൗസിന്റേയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ 5 MLD ശേഷിയുള്ള ജലശുദ്ധീകരണശാല സ്ഥാപിക്കാനാവശ്യമായ സ്ഥലം ലഭ്യമാകാൻ താമസം നേരിട്ടതിനാലാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തത്. ഈ പദ്ധതിക്കു വേണ്ടി നിർമ്മിക്കേണ്ട 5mld ശേഷിയുള്ള ജലശുദ്ധീകരണശാല സ്ഥാപിക്കുവാൻ ആവശ്യമായ സ്ഥലം ആരോഗ്യ വകുപ്പിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ കരാറുകാരൻ 2015-ലെ എഗ്രിമെന്റ് പ്രകാരമുള്ള 239.30 ലക്ഷം രൂപയ്ക്ക് 2019-ൽ പ്രവൃത്തി ചെയ്യാൻ കഴിയുകയില്ല എന്നും 324 ലക്ഷം രൂപ (35% കൂടുതൽ) അനുവദിക്കുകയാണെങ്കിൽ പ്രവൃത്തി ചെയ്യാമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ NRDWP ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തിയുമായി മുന്നോട്ടു പോകാൻ സാദ്ധ്യമല്ല. അനുയോജ്യമായ ഫണ്ട് ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**വൈക്കം നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

176 (6249) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് അനുമതി നൽകിയതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) വൈക്കം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിക്കപ്പെട്ട പൂത്തോട്ട, മുറഞ്ഞപ്പുഴ, ഇത്തിപ്പുഴ എന്നീ റെഗുലേറ്റർ കം ബ്രിഡ്ജുകളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രവൃത്തികൾ സംബന്ധിച്ച ചീഫ് എഞ്ചിനീയർ (I&A) യുടെ കാര്യാലയത്തിലെ വിശദാംശവും ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജിന്റെ കാര്യാലയത്തിലെ വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) വൈക്കം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിക്കപ്പെട്ട മൂവാറ്റുപുഴ ആറിനു കുറുകെയുള്ള പൂത്തോട്ട, മുറിഞ്ഞപ്പുഴ എന്നിവിടങ്ങളിൽ റെഗുലേറ്ററിന്റെയും, ഇത്തിപ്പുഴ എന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും നിർമ്മാണത്തിനായുള്ള പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വാമനപുരം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

177 (6250) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈനർ/മേജർ ഇറിഗേഷൻ, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖാന്തരം വാമനപുരം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അതിൽ പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിൽ വാട്ടർ അതോറിറ്റി മുഖാന്തിരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും മൈനർ/മേജർ ഇറിഗേഷൻ എന്നിവയിൽ ജലസേചന വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*

(ബി) കേരള വാട്ടർ അതോറിറ്റി

1. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി - പൈപ്പ് നീട്ടിയിടുന്ന പ്രവൃത്തി പാലക്കോണം പിച്ചിമംഗലം മുതൽ പള്ളിമുക്ക് എം.എൽ.എ. റോഡ് വരെ - 15 ലക്ഷം.

2. കല്ലറ സമഗ്ര കുടിവെള്ള പദ്ധതി - ജലശുദ്ധീകരണശാലയിൽ വെന്റിംഗ് പോയിന്റ് നിർമ്മാണം -10 ലക്ഷം

3. പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര കുടിവെള്ള പദ്ധതി - 200 mm AC ട്രാൻസ്മിഷൻ മെയിൻ മാറ്റി 1700 മീറ്റർ നീളത്തിൽ 200 mm DI K9 പൈപ്പ് ഇടുന്ന പ്രവൃത്തി - 47 ലക്ഷം.

4. പനവൂർ, പുല്ലമ്പാറ, വെമ്പായം സമഗ്ര കുടിവെള്ള പദ്ധതി - പഴയതും കേടായതുമായ 75 mm PVC 6 Kg ഡിസ്ട്രിബ്യൂഷൻ മെയിൻ മാറ്റി 75 mm PVC 10 Kg (380 M) ഇടുന്ന പ്രവൃത്തി - ചെമ്മനാകുന്ന് കോളനി - 2.56 ലക്ഷം.

ജലസേചന വകുപ്പ്

1. പെരിങ്ങമല പഞ്ചായത്തിലെ നരിക്കൽ -തെന്നൂർ -വലിയകട ഏല

തോടിന്റെ ബണ്ട് ബലപ്പെടുത്തുന്നതും ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായ പ്രവൃത്തി -22.50 ലക്ഷം

2. പനവൂർ പഞ്ചായത്തിലെ വഞ്ചുവം പാലത്തിന്റെ നിർമ്മാണം - 33.00 ലക്ഷം

3. നന്ദിയോട് പഞ്ചായത്തിലെ പഞ്ചമുടമ്പ് ചൂരാഴിത്തലയ്ക്കൽ തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - 15.00 ലക്ഷം

(സി) കേരള വാട്ടർ അതോറിറ്റി

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ മൂന്നാം ഘട്ടം.

2. വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി.

3. പെരിങ്ങമ്മല, തെന്നൂർ വില്ലേജുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.

4. ആനാട് പഞ്ചായത്തിലെ കല്ലിയോട് മുതൽ വട്ടറത്തല വരെ പൈപ്പ് നീട്ടിയിടുന്ന പ്രവൃത്തി (PER ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്)

5. ആനാട് ഗ്രാമീണ കുടിവെള്ള പദ്ധതി 163 PVC പൈപ്പ് നീട്ടിയിടുന്ന പ്രവൃത്തി - ആനാട് ഗ്രാമ പഞ്ചായത്തിലെ ഇരിഞ്ചയം കാവുമുക്ക് മുതൽ കൈരളി നഗർ മീൻമൂട് വരെ. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ പദ്ധതികളുടെ DPR തയ്യാറാക്കി അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

ജലസേചന വകുപ്പ്

1. നെല്ലനാട് പഞ്ചായത്തിലെ പറവിളക്കോണം ചിറയുടെ നവീകരണം - 10.00 ലക്ഷം

2. നെല്ലനാട് പഞ്ചായത്തിലെ പുത്തൂർ വലിയതോടിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം -7.00 ലക്ഷം

3. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ മാന്തുരുത്തി തോട്ടിൽ വി.സി.ബി., സംരക്ഷണ ഭിത്തി എന്നിവയുടെ നിർമ്മാണവും അനുബന്ധപ്രവൃത്തികളും - 14.00 ലക്ഷം

4. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ അരുവിപ്പുറത്ത് ചെക്ക് ഡാം നിർമ്മാണത്തിനുവേണ്ടിയുള്ള പര്യവേക്ഷണ പ്രവൃത്തികൾ - 4.94 ലക്ഷം

**നാദാപുരം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

178 (6251) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിൽ കച്ചേരി പാറപ്പുറത്ത് ബണ്ടിൽ നിന്നും തുരുത്തി, കച്ചേരി-മലയംകുളം ഭാഗത്ത് ജലസേചനത്തിന് നൽകിയ അപേക്ഷ പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കുമോ?

(ബി) എങ്കിൽ ഇതിന്റെ ഭരണാനുമതി ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കച്ചേരിപാറപുറത്ത് ബണ്ടിൽ നിന്നും തുരുത്തി, കചേരി മലയംകുളം ഭാഗത്ത് ജലസേചന പദ്ധതിക്കുവേണ്ടിയുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രവൃത്തിയുടെ ആവശ്യകതയും പ്രായോഗികതയും കണക്കിലെടുത്ത്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാരാപ്പുഴ ജലസേചന പദ്ധതി**

179 (6252) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ ജലസേചന പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും; വിശദമാക്കാമോ;

(ബി) സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശമനുസരിച്ച് പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യവും ജീവനക്കാരെ നിയമിക്കുന്ന കാര്യവും പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 1976- ൽ ആരംഭിച്ച് 2010 -ൽ ഭാഗികമായി കമ്മീഷൻ ചെയ്ത കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഹെഡ് വർക്ക്സ്, ഇടതുകര – വലതുകര കനാലുകളുടെ പ്രവൃത്തികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. ശാഖ കനാലുകളുടെ 47.26 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50 ശതമാനവും പൂർത്തിയായിട്ടുണ്ട്.

കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടങ്ങളായി തിരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമെന്ന നിലയിൽ നിലവിലുള്ള കനാലുകൾ പൂർണ്ണമായും ജലസേചനയോഗ്യമാക്കി 2020-ൽ ജലസേചനം നടത്തുവാൻ ഉദ്ദേശിക്കുന്നു. സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ച് വലതുകര കനാലിൽ നിന്ന് ആരംഭിക്കുന്ന ഡിസ്ട്രിബ്യൂട്ടറികളും ഇടതുകര കനാലിൽ നിന്ന് ആരംഭിക്കുന്ന കോട്ടൂർ ബ്രാഞ്ച് കനാലും മൂന്ന് ഡിസ്ട്രിബ്യൂട്ടറികളും 2021 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക കണക്കാക്കി അടുത്തവർഷങ്ങളിലെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. നിലവിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണനയിലില്ല.

## ഇടമലയാർ ലിങ്ക് കനാലിന്റെ നിർമ്മാണം

180 (6253) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ലിങ്ക് കനാലിന്റെ നിർമ്മാണം പൂർത്തീകരിച്ച് ചാലക്കുടി, പുതുക്കാട്, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, അങ്കമാലി എന്നീ അഞ്ച് മണ്ഡലങ്ങളിൽ കൃഷിക്കും കുടിവെള്ളത്തിനും ജലസേചനത്തിനും കൂടുതൽ സൗകര്യമൊരുക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ലിങ്ക് കനാൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ചാലക്കുടിപ്പുഴയിലെ വെള്ളം ഒറ്റയടിയ്ക്ക് ഒഴുകിപ്പോകുന്നത് തടഞ്ഞ് നിർത്തി കുടിവെള്ളത്തിനും ജലസേചനത്തിനും പ്രയോജനപ്പെടുത്തുന്നതിനുമായി സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 7-6-2019-ലെ പ്ലാനിംഗ് ബോർഡ് മീറ്റിംഗിലെ നിർദ്ദേശമനുസരിച്ച് ലിങ്ക് കനാലിന്റെയും തുമ്പൂർമൂഴി വിയറിന് മുകളിൽ വിഭാവനം ചെയ്യുന്ന ചെക്കുഡാമുകളുടെയും ഒരു താരതമ്യ പഠനം നടത്തി വസ്തുനിഷ്ഠമായ ഒരു റിപ്പോർട്ട് പ്ലാനിംഗ് ബോർഡിൽ സമർപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചാലക്കുടിപ്പുഴയിൽ തുമ്പൂർമൂഴിയ്ക്കും അതിരപ്പിള്ളിയ്ക്കുമിടയിൽ കണ്ണൻകുഴിയിലും വെറ്റിലപ്പാറയിലും രണ്ട് സ്റ്റോറേജ് ഡാമുകൾക്കുള്ള റിവൈസ്ഡ് പ്രൊപ്പോസൽ ഐ.ഡി.ആർ.ബി.-യുടെ ഡിസൈനുവേണ്ടി പദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

181 (6254) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പിന് കീഴിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ ഭരണാനുമതി ലഭിച്ചതും ഇപ്പോൾ പ്രവൃത്തി നടന്നു വരുന്നതുമായ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) ഈ കാലയളവിൽ ഭരണാനുമതി ലഭിച്ചെങ്കിലും ഇനിയും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികളുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രവൃത്തിയുടേയും പേരും എസ്റ്റിമേറ്റ് തുകയും പദ്ധതി നിലനിൽക്കുന്ന പഞ്ചായത്തിന്റെ പേരും വ്യക്തമാക്കുമോ;

(ഇ) പ്രവൃത്തി നടന്നു വരുന്ന പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കാലയളവിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളതും ഇപ്പോൾ വകുപ്പിന്റെ/സർക്കാരിന്റെ പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതെങ്കിലുമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജലവിഭവ വകുപ്പിനുകീഴിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജലവിഭവ വകുപ്പിന് കീഴിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും ഇപ്പോൾ പ്രവൃത്തി നടന്നുവരുന്നതുമായ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(ഡി-എഫ്)) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

## കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

182 (6255) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്നതും ഗുണനിലവാരം ഇല്ലാത്തതുമായ കുടിവെള്ള വിതരണ പൈപ്പുകൾ പൊട്ടി ഉന്നത നിലവാരത്തിൽ പുനരുദ്ധരിച്ച റോഡുകൾ തകരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള റോഡ് തകർച്ച തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) റാന്നി നിയോജകമണ്ഡലത്തിലെ ഒട്ടുമിക്ക റോഡുകളും ബി. എം. & ബി. സി. നിലവാരത്തിൽ പുനരുദ്ധരിക്കുവാൻ നടപടിയായ സാഹചര്യത്തിൽ ഈ റോഡുകളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പേ മാറ്റി സ്ഥാപിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) ഏതൊക്കെ റോഡുകളിൽ ഇത്തരത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പ് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുകയെന്നും അറിയിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്തയോഗം ചേർന്ന് നടപടികൾ വേഗത്തിലാക്കാൻ സർക്കാർ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. റോഡ് വികസനം വ്യാപകമായപ്പോൾ പ്രത്യേകിച്ചും റോഡ് വീതി കൂട്ടുന്നതുകാരണവും ആധുനിക യന്ത്രസജ്ജീകരണങ്ങളായ compactor vibrator ഉപയോഗിക്കുന്നതുമൂലവും പഴയ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ റോഡിന്റെ നടുവിലാകുകയും പൊട്ടലുകൾക്കിടയാക്കുകയും ചെയ്യുന്നു. റോഡ് വികസനത്തിന്റെ ഭാഗമായി വീതി വർദ്ധിപ്പിച്ച റോഡുകളുടെ മദ്ധ്യഭാഗത്തുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ വശങ്ങളിൽ സ്ഥാപിക്കുന്നതിന് ജല അതോറിറ്റി

ഉദ്യോഗസ്ഥരും പി.ഡബ്ല്യൂഡി. ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി പി.ഡബ്ല്യു.ഡി. റോഡ് നവീകരണത്തിനും പുനരുദ്ധാരണത്തിനും മുമ്പായി പരമാവധി പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഉന്നതനിലവാരത്തിൽ റോഡുകൾ നവീകരിക്കുമ്പോൾ യൂട്ടിലിറ്റി കോറിഡോറുകളും ക്രോസിംഗ് ഡക്ടുകളും ആവശ്യമായ സ്ഥലങ്ങളിൽ ക്വിക്ക് റിലീഫ് വാൽവ് സ്ഥാപിച്ചും പൈപ്പ് പൊട്ടൽമൂലമുള്ള റോഡ് തകർച്ച ഒഴിവാക്കാൻ സാധിക്കുന്നതാണ്. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, വിവിധ ഡെപ്പോസിറ്റ് വർക്കുകൾ. എം.എൽ.എ. എസ്.ഡി.എഫ്. എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(ബി) റാന്നി നിയോജകമണ്ഡലത്തിലെ റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് റോഡുകളിലെ പൈപ്പുകൾ മാറ്റിസ്ഥാപിച്ച് റോഡ് പുനഃസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി PWD-ക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കേരള വാട്ടർ അതോറിറ്റിയുടെ ഫീൽഡ് ഓഫീസിൽനിന്നും ആവശ്യകത അറിയിക്കുന്നത് അനുസരിച്ചാണ് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത്. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട്) പ്രവൃത്തികൾക്ക് 382.64 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. മേല്പറഞ്ഞ 10 സർക്കിളുകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച 1050.86 കോടി രൂപയുടെ പ്രവൃത്തികളിൽ, 143.45 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജലചോർച്ച ഒഴിവാക്കാൻ വേണ്ടിയുള്ളതാണ്. കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കാനായി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 7047.64 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ഇതുവരെ നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാനിൽ അനുവദിച്ച 100 കോടി രൂപയിൽ 15 കോടി രൂപ റോഡുപണികൾ നടക്കുന്നതിന്റെ ഭാഗമായി പൈപ്പുകൾ മാറ്റാൻ വേണ്ടി നീക്കിവച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ നടന്നുവരുന്ന പദ്ധതികളിൽ റോഡ് കട്ടിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ PWD-യിൽനിന്നും അനുവാദം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി റോഡ് കട്ടിംഗ് വിഷയം നേരിടുന്ന പ്രതിസന്ധികൾ സംബന്ധിച്ച് തീരുമാനമെടുക്കാനായി ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റോഡ് കട്ടിംഗ് വിഷയത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ തീരുമാനമുണ്ടാകാത്ത വിഷയങ്ങൾ സെക്രട്ടറിതല കമ്മിറ്റിയിൽ ഉന്നയിക്കാനും ഉചിതമായ തീരുമാനം കൈക്കൊള്ളാനും ആയതിൻ പ്രകാരം 11.4.2019 -ൽ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി, ACS (LSGD) യും, Principal Secretary (PWD) യും ചേരുന്ന ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കൂടാതെ ശുദ്ധജല വിതരണ പദ്ധതികളുടെ പൈപ്പ് ലൈനുകൾ, ഭൂഗർഭജല കേബിളുകൾ, മറ്റു കേബിളുകൾ, സ്വീവേജ് പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കുന്നതും പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പരിശോധിച്ച് ഉചിതമായ തീരുമാനങ്ങളെടുക്കുന്നതിനായി ബന്ധപ്പെട്ട നിയമസഭാ മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനായും ബന്ധപ്പെട്ട പൊതുമരാമത്ത് അസിസ്റ്റന്റ് എൻജിനീയർ, റോഡ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത് ചെയർമാൻ/ ചെയർപേഴ്സൺ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റി 4-7-2019-ലെ G.O.(Rt) No.819/2019/പൊ.മ.വ., പ്രകാരം രൂപീകരിക്കുകയുണ്ടായി. ഇതിൻപ്രകാരം പല റോഡ് കട്ടിംഗ് പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കുന്നുണ്ട്.

## തിരുവേഗപ്പുറ പഞ്ചായത്തിലെ കാലടി കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

183 (6256) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ തിരുവേഗപ്പുറ പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കാലടി കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്യാവുന്ന അവസ്ഥയിൽ എത്തിയിട്ടുണ്ടോ; പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കും; നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തികരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി മണ്ഡലത്തിൽ തിരുവേഗപ്പുറ പഞ്ചായത്തിൽ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളൊന്നുംതന്നെ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ

ജലസേചന വകുപ്പിന്റെ പരിഗണനയിലില്ല. നിലവിൽ പ്രസ്തുത പഞ്ചായത്തിൽ ജലസേചന വകുപ്പിനുകീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാലടിക്കുന്ന് എൽ.ഐ.എസ്. 1997-ൽ കമ്മീഷൻ ചെയ്തതാണ്. ഈ സ്കീമിന്റെ മെയിൻ കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ ടെണ്ടർ നടപടികളെല്ലാം പൂർത്തിയായി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) പി.എം. (2018-19) കാലടിക്കുന്ന് എൽ.ഐ.എസ്.-ന്റെ മെയിൻ കനാലിന്റെ അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും - 15 ലക്ഷം രൂപ – പ്രവൃത്തി പൂർത്തിയായി.

2) പി.എം. (2018-19) കാലടിക്കുന്ന് എൽ.ഐ.എസ് -ന്റെ വാലറ്റ ഭാഗത്തെ കനാലിന്റെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ - 7.5 ലക്ഷം രൂപ. ഇതിനോടകം 75% പൂർത്തിയായിട്ടുണ്ട്. 2019 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) എസ്.ഡി.ആർ.എഫ്. (2018-19) - വെള്ളപ്പൊക്കത്തിൽ തകർന്ന കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - 25 ലക്ഷം രൂപ. നാളിതുവരെ 35% പൂർത്തിയായിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.

**പട്ടാമ്പിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ തടയണ**

184 (6257) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന തടയണയുടെ നിലവിലുള്ള സ്റ്റാറ്റസ് അറിയിക്കാമോ; ഈ പദ്ധതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

ഭാരതപ്പുഴയ്ക്ക് കുറുകെ പട്ടാമ്പി ക്രോസ്‌വേയുടെ അപ്സ്ട്രീമിലായി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി ഡിസൈൻ അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. എന്നാൽ ടി റെഗുലേറ്റർ, നിലവിലുള്ള ചെങ്ങനാംകുന്ന് റെഗുലേറ്ററിന്റെ ഏകദേശം 4.50 കിലോമീറ്റർ ഡൗൺസ്ട്രീമിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരം ഈ റെഗുലേറ്ററിന് 3.50 മീറ്റർ ഉയരമുണ്ട്. എന്നാൽ ഇതു പ്രകാരം പ്രസ്തുത റഗുലേറ്റർ നിർമ്മിച്ചാൽ ചെങ്ങനാംകുന്ന് റെഗുലേറ്ററിലേയ്ക്ക് വെള്ളം കയറി നിൽക്കാൻ സാധ്യതയുണ്ട്. ആയതിനാൽ ടി സ്ഥലത്ത് റെഗുലേറ്ററിന് പകരം 1.50 മീറ്റർ ഉയരത്തിലുള്ള തടയണ നിർമ്മിച്ചാൽ ചെങ്ങനാംകുന്ന് റെഗുലേറ്റർ വരെ ജലം സംഭരിക്കാനും കീഴായൂർ, ഞാങ്ങാട്ടിരി, തിരുമിറ്റക്കോട് തുടങ്ങിയ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലേയ്ക്ക് ജലലഭ്യത

ഉറപ്പുവരുത്താനും സാധിക്കുന്നതാണ്. ആയതിനുള്ള റീഡിസൈൻ ഐ.ഡി.ആർ.ബി.-യിൽ നിന്ന് ലഭ്യമാക്കി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വള്ളിക്കുന്ന് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

185 (6258) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ ഈ സർക്കാർ നിലവിൽ വന്നതുമുതൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്ലാൻ ഫണ്ടിൽനിന്നും വള്ളിക്കുന്ന് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വൻകിട ജനസേചനവിഭാഗവും ചെറുകിട വിഭാഗവും വള്ളിക്കുന്ന് മണ്ഡലത്തിൽ ഏറ്റെടുത്തു നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഭരണാനുമതിയുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ഡി) ചേലാമ്പ്ര പഞ്ചായത്തിലെ പുല്ലിപ്പുഴയിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക് ഡാം വേണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജലനിധി രണ്ടാംഘട്ടത്തിൽ ചേലാമ്പ്ര പഞ്ചായത്തിൽ 3074 കുടുംബങ്ങൾക്കുവേണ്ടി കിൻഫ്രയിൽ നിന്നും ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യുന്ന ഒരു ബൾക്ക് വാട്ടർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു വേണ്ടിയുള്ള അഡീഷണൽ ടാങ്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ജലനിധി രണ്ടാംഘട്ടത്തിലെ മൂന്നിയൂർ പഞ്ചായത്തിൽ രണ്ട് ചെറു കുടിവെള്ള പദ്ധതികളും അയ്യായിരത്തിലധികം കുടുംബങ്ങൾക്കുവേണ്ടിയുള്ള ഒരു വലിയ പദ്ധതിയുമാണ് ജലനിധിയിൽ ഉൾപ്പെടുത്തിയത്. ഇതിൽ ചെറുകുടിവെള്ള പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി പരിപാലനത്തിനായി ജനകീയ സമിതികൾക്ക് കൈമാറിയിട്ടുണ്ട്. 24.90 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള മൂന്നിയൂർ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ജലസേചനവും ഭരണവും) ചീഫ് എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജലനിധി സുസ്ഥിര ജലനിധിയിൽ ഉൾപ്പെടുത്തി പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ 4 കുടിവെള്ള വിതരണപദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്കീമിന്റെ പേരും തുകയും

| | |
|---|---|
| അരുവി | - 1.94 ലക്ഷം രൂപ |
| ചാരുത | - 2.22 ലക്ഷം രൂപ |
| നീർധാര | - 2.44 ലക്ഷം രൂപ |
| പുള്ളിയമ്പലം | - 2.54 ലക്ഷം രൂപ |

ജലസേചന വിഭാഗത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ) നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങളും ഭരണാനുമതിയുടെ പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ചേലാമ്പ്ര പഞ്ചായത്തിലെ പുല്ലിപ്പുഴയിൽ ഉപ്പുവെള്ള നിർമ്മാർജ്ജന തടയണയോടുകൂടിയ വി.സി.ബി. കം ബ്രിഡ്ജിന് വേണ്ടിയുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. തുടർനടപടികൾക്കായി ചെറുകിട ജലസേചന സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോടിന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ആവശ്യകതയും പ്രായോഗികതയും കണക്കിലെടുത്ത് ഇൻവെസ്റ്റിഗേഷൻ നടത്തി ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങൾ സംബന്ധിച്ച മാപ്പുകൾ

186 (6259) <u>ശ്രീ. സി. ദിവാകരൻ:</u>

<u>ശ്രീ. ആർ. രാമചന്ദ്രൻ:</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങൾ സംബന്ധിച്ച മാപ്പുകൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങളുടെ മാപ്പിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി തയ്യാറാക്കുന്ന ആക്ഷൻ പ്ലാനിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഡാമുകളുടെ വിവരങ്ങൾ ആധികാരിക രേഖയായി ഉപയോഗിക്കുന്നതിന് കേന്ദ്ര ജലകമ്മീഷന്റെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഡാമുകളുടെ താഴെ ഒഴുക്കിന്റെ ദിശയിൽ വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങൾ തിരിച്ചറിയാൻവേണ്ടി കേന്ദ്ര ജല കമ്മീഷന്റെ സഹായത്തോടെ 14 ഡാമുകളുടെ വെള്ളപ്പൊക്ക സാധ്യതാ മാപ്പ് (Inundation Map) തയ്യാറാക്കിയിട്ടുണ്ട്.

(ബി) വെള്ളപ്പൊക്ക സാധ്യതാ മാപ്പിന്റെ അടിസ്ഥാനത്തിൽ 14 ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ (EAP) തയ്യാറാക്കിയിട്ടുണ്ട്.

(സി) എമർജൻസി ആക്ഷൻ പ്ലാനിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ, വേണ്ട തയ്യാറെടുപ്പുകൾ, പരിഹാര പ്രവൃത്തികൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) കേന്ദ്ര ജല കമ്മീഷന്റെ പോർട്ടലിൽ പ്രസിദ്ധീകരിക്കാനായി ഡാമുകളെ സംബന്ധിച്ച ഒരു ഡാറ്റാ ബാങ്ക് DHARMA (Dam Health and Rehabilitation Monitoring Application) എന്ന പേരിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ ഡാമുകളെ സംബന്ധിച്ച വിവരങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ നൽകുന്നതിന് അതത് ഡാം എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരം രേഖപ്പെടുത്തൽ ഏകദേശം 83% പൂർത്തീകരിച്ചു.

**പുഴകളുടെ അടിത്തട്ടിലുള്ള മണൽ നീക്കം ചെയ്യുന്നതിന് നടപടി**

187 (6260) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളിലും മറ്റും അടിഞ്ഞു കൂടിയിട്ടുള്ള മണൽ നീക്കം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പുഴകളുടെ അടിത്തട്ടിലുള്ള മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ പുഴകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും സംഭരണശേഷി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) പുഴകളുടെ പുനരുജ്ജീവനത്തിനായി ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 ആഗസ്റ്റിലെ മഹാപ്രളയം, 2019 ആഗസ്റ്റിലെ പ്രളയം എന്നിവയുടെ ഫലമായി പുഴകളുടെ ചില ഭാഗങ്ങളിൽ മണലും എക്കലും അടിഞ്ഞുകൂടിയിട്ടുണ്ട്. ശാസ്ത്രീയ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, ജലസേചന വകുപ്പ് നദികൾക്കുകുറുകെ നിർമ്മിച്ചിട്ടുള്ള റെഗുലേറ്റർ/ തടയണകൾക്കടുത്ത് അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്യുന്നതിന് 8-11-2019-ലെ സ.ഉ. (കൈ) നമ്പർ 50/2019/ജ.വി.വ, പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) പുഴകളുടെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ജലസേചനവകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല. ആവർത്തിച്ചുണ്ടായ പ്രളയത്തെത്തുടർന്ന് പുഴകളുടെ ചില ഭാഗങ്ങൾക്ക് ആഴം കുറഞ്ഞതായി നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ, ശാസ്ത്രീയമായ പഠനത്തിനുശേഷം മാത്രമേ ഇത്തരത്തിൽ അടിഞ്ഞുകൂടിയ മണൽ/എക്കൽ എന്നിവ മാറ്റി ആഴം കൂട്ടാൻ സാധിക്കൂ. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) പുഴകളുടെ പുനരുജ്ജീവനത്തിന് നിലവിൽ ദ്വിമുഖ സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഒന്ന്, ജനപങ്കാളിത്തത്തോടുകൂടിയ നദീശുചീകരണ-സംരക്ഷണം (ഹരിത കേരള മിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്കുപുറമേ ജനപ്രതിനിധികളുടെ നേതൃത്വവും ഇക്കാര്യത്തിലുണ്ട്.) രണ്ട്, മേൽപ്പറഞ്ഞവിധത്തിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തിയ നദികളുടെ സുസ്ഥിര നീരൊഴുക്ക് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിക്കുന്നു. നദീതടാടിസ്ഥാനത്തിൽ ഇടപെടൽ നടത്തിയാൽ മാത്രമേ പുഴകളുടെ സംരക്ഷണത്തിന് സ്ഥായീഭാവം കൈവരിക്കാൻ സാധിക്കൂ. ഇതിനായി ചെറുനീർത്തടങ്ങളുടെ "നീർത്തടപ്ലാനുകൾ" തയ്യാറാക്കുന്ന പ്രവർത്തനം 913 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയാക്കാൻ സാധിച്ചു. ഇതോടൊപ്പം പുഴകളിലെ ജലഗുണനിലവാരം ഉറപ്പാക്കുക എന്ന ലക്ഷ്യംകൂടി സാധ്യമാകുംവിധം ജലമലിനീകരണം നടത്തുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ കൂടുതൽ

ശക്തമാക്കിയിട്ടുണ്ട്. ഇതിനുപുറമേ 21 നദികളുടെ 21 ഭാഗങ്ങൾ കൂടുതൽ മലിനീകരണത്തിന് വിധേയമാണെന്ന കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ കണ്ടെത്തലിന്റെ ഭാഗമായി, പ്രസ്തുത ഭാഗങ്ങളിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

## തെക്കുമ്പാട് മാർജിനൽ എർത്തൺ ബണ്ട്

188 (6261) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തെക്കുമ്പാട് ദ്വീപിൽ മാർജിനൽ എർത്തൺ ബണ്ട് നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തിക്ക് പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത പര്യവേക്ഷണ പ്രവൃത്തി എത്രയും വേഗം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തെക്കുമ്പാട് ദ്വീപിൽ മാർജിനൽ എർത്തൺ ബണ്ട് നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തിക്ക് പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം 60,000 രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

189 (6262) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ അതോറിറ്റി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെലവഴിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) ഇനി ചെയ്യാനുദ്ദേശിക്കുന്ന കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1985-ൽ രൂപീകൃതമായ കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി (CADA)യുടെ ലക്ഷ്യം ഗുണഭോക്താക്കളായ കർഷകരുടെ ആവശ്യപ്രകാരം തയ്യാറാക്കുന്ന പദ്ധതികൾ അവരുടെ സജീവ പങ്കാളിത്തത്തോടെ ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുകയെന്നുള്ളതാണ്. ഓരോ സ്ലൂയിസുകളിലെയും ആയക്കെട്ടിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകരെ ഉൾപ്പെടുത്തിയ കർഷക സമിതികളും കനാൽ കമ്മിറ്റികളും പ്രോജക്ട് കമ്മിറ്റികളും ചേർന്നതാണ് കാഡായുടെ പ്രവർത്തനഘടകം. 7-2-2017-ലെ സ.ഉ.(കൈ)നമ്പർ 7/2017/ജ.വി.വ. പ്രകാരം കാഡാ നിർത്തലാക്കി. കാഡാ ചാനലുകളുടെ നവീകരണം അതതു പ്രോജക്ടുകളുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയാണ് ഇപ്പോൾ നടത്തിവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം ജില്ലയിൽ മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് CADWM പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 2.48 കോടി രൂപയുടെ 27 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും പ്രവർത്തനങ്ങൾ ആരംഭിച്ച് ജില്ലയിൽ 4 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.

പാലക്കാട് ജില്ലയിൽ കാഡാ പ്രവൃത്തികൾക്കായി 2018-19 വർഷത്തിൽ 9 കോടി രൂപയും 2019-20 വർഷത്തിൽ 10 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ ഉൾപ്പെട്ട കാഡാ പ്രവൃത്തികൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 2043.40 ലക്ഷം |
| 2018-19 | 519.60 ലക്ഷം |

(ഡി) എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ PMKSY CADWM-ൽ ഫീൽഡ് ഡ്രെയിൻ നിർമ്മാണം, സിസ്റ്റം കറക്ഷൻ എന്നിവയുടെ 26 പ്രവൃത്തികളും കോട്ടയം ഫീൽഡ് ചാനൽ, സിസ്റ്റം കറക്ഷൻ എന്നിവയുടെ 27 പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്. കൂടാതെ എറണാകുളം

ജില്ലയിൽ ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ നിർമ്മാണം, സിസ്റ്റം കറക്ഷൻ മൈക്രോ ഇറിഗേഷൻ ഉൾപ്പെടെയുള്ള 28 പ്രവൃത്തികൾക്കും കോട്ടയം ജില്ലയിൽ ഫീൽഡ് ചാനൽ, മൈക്രോ ഇറിഗേഷൻ എന്നിവയ്ക്കും ഇടുക്കി ജില്ലയിലെ ഫീൽഡ് ചാനൽ നിർമ്മാണത്തിനും അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

പാലക്കാട് ജില്ലയിലെ മലമ്പുഴ, മംഗലം, ചേരാമംഗലം, പോത്തുണ്ടി, ചിറ്റൂർപ്പുഴ എന്നീ പദ്ധതികൾക്കുകീഴിലെ ഫീൽഡ് ചാനൽ നവീകരണവുമായി ബന്ധപ്പെട്ട് 2019-20 വർഷത്തേയ്ക്ക് അനുമതി നൽകിയിട്ടുള്ള കാഡാ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കരമനയാറിന്റെ തീരസൗന്ദര്യവൽക്കരണം

190 (6263) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം മണ്ഡലത്തിലൂടെ കടന്നുപോകുന്ന കരമനയാറിന്റെ, കരമന ഭാഗങ്ങളിൽ നദീതീര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിച്ച നടപ്പാതയുടെയും പാർക്കിന്റെയും പ്രവൃത്തികൾ കൂടുതൽ വികസിപ്പിക്കുന്നതിനും അത് ഉപയോഗിക്കുന്നവർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനും സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കരമനയാറിന്റെ നദീതീര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ടിൽ (പൈലറ്റ്) ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ട് - ആഴാങ്കൽ ജംഗ്ഷനിൽ കരമന നാഷണൽ ഹൈവേ റോഡ് പാലത്തിന്റെ ഇടതുവശത്തെ ബണ്ട് റോഡിന്റെ മെയിന്റനൻസ് പ്രവൃത്തികൾ. | 120 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | ബയോഡൈവേഴ്സിറ്റി പാർക്ക് - രണ്ടാംഘട്ടം - കരമന, കാലടിയിൽ നടപ്പാത സ്വാഗത കവാടം, വേലി എന്നിവയുടെ നിർമ്മാണം. | 65 ലക്ഷം രൂപ | 96% പൂർത്തീകരിച്ചു |

ഈ പദ്ധതികളുടെ തുടർനടത്തിപ്പും ഭാവി വികസനവും തിരുവനന്തപുരം കോർപ്പറേഷനെയോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെയോ (ഡി.റ്റി.പി.സി.) ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**അനധികൃത കുഴൽക്കിണർ നിർമ്മാണം**

191 (6264) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര കുഴൽ കിണറുകൾ നിർമ്മിക്കുന്നുണ്ടെന്നും ഇതിൽ ഭൂജല വകുപ്പ്, സ്വകാര്യ ഡ്രില്ലിംഗ് ഏജൻസികൾ എന്നിവർ നിർമ്മിക്കുന്നവ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ റിഗ്ഗുകൾ എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; ഇങ്ങനെ രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) സ്വകാര്യറിഗ്ഗുകൾ നിർമ്മിക്കുന്ന കുഴൽ കിണറുകൾ സംബന്ധിച്ച വിവരം ഭൂജല വകുപ്പിന് സമർപ്പിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം;

(ഡി) രജിസ്റ്റർ ചെയ്യാത്ത സ്വകാര്യ റിഗ്ഗുകൾ യഥേഷ്ടം കുഴൽകിണറുകൾ നിർമ്മിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) സംസ്ഥാനത്തെ നോട്ടിഫൈഡ് ബ്ലോക്കുകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ അനധികൃത കുഴൽകിണർ നിർമ്മാണം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനധികൃത കുഴൽകിണർ നിർമ്മാണം കണ്ടെത്തുന്നതിനും തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം ഭൂജലവകുപ്പ് വഴി നിർമ്മാണം നടത്തിയ കുഴൽക്കിണറുകളുടേയും സ്വകാര്യ റിഗ്ഗുകൾ ഉപയോഗിച്ച് ടെൻഡർ വഴി ഭൂജലവകുപ്പ് നിർമ്മിച്ചതും വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ഡ്രില്ലിംഗ് ഏജൻസികൾ നിർമ്മിച്ച കുഴൽക്കിണറുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഭൂജലവകുപ്പ് നിർമ്മിച്ച കുഴൽക്കിണറുകൾ | സ്വകാര്യ ഡ്രില്ലിംഗ് ഏജൻസികൾ നിർമ്മിച്ച കുഴൽക്കിണറുകൾ (ടെൻഡർ വിളിച്ചവ) | സ്വകാര്യ ഡ്രില്ലിംഗ് ഏജൻസികൾ നിർമ്മിച്ച കുഴൽക്കിണറുകൾ രജിസ്റ്റർ ചെയ്തത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 181 | 28 | 0 |
| 2 | കൊല്ലം | 138 | 69 | 0 |
| 3 | പത്തനംതിട്ട | 66 | 18 | 0 |
| 4 | ആലപ്പുഴ | 156 | 20 | 22 |
| 5 | ഇടുക്കി | 32 | 249 | 0 |
| 6 | കോട്ടയം | 151 | 153 | 0 |
| 7 | എറണാകുളം | 26 | 0 | 69 |
| 8 | തൃശ്ശൂർ | 96 | 117 | 0 |
| 9 | പാലക്കാട് | 13 | 25 | 0 |
| 10 | മലപ്പുറം | 34 | 148 | 148 |
| 11 | കോഴിക്കോട് | 71 | 14 | 51 |
| 12 | വയനാട് | 79 | 2 | 108 |
| 13 | കണ്ണൂർ | 2 | 77 | 151 |
| 14 | കാസർഗോഡ് | 28 | 67 | 366 |
| | ആകെ | 1073 | 987 | 915 |

(ബി)

| ക്രമ നമ്പർ | ജില്ല | ഭൂജലവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ റിഗ്ഗുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 27 |
| 2 | കൊല്ലം | 21 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 4 |
| 5 | ഇടുക്കി | 25 |
| 6 | കോട്ടയം | 19 |
| 7 | എറണാകുളം | 5 |
| 8 | തൃശ്ശൂർ | 27 |
| 9 | പാലക്കാട് | 25 |
| 10 | മലപ്പുറം | 62 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 10 |
| 13 | കണ്ണൂർ | 38 |
| 14 | കാസർഗോഡ് | 68 |
| | ആകെ | 346 |

സ്വകാര്യ കുഴൽക്കിണർ നിർമ്മാതാക്കൾക്ക് രജിസ്ട്രേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 7-7-2015-ലെ 24952/ഭൂജല 1/14/ജ.വി.വ. നമ്പർ സർക്കുലർപ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ സ്ഥിരതാമസമായുള്ളവർ, 2. Voter ID Card/Aadhaar Card എന്നിവയുള്ളവർ, 3 വർഷം പ്രവൃത്തി പരിചയമുള്ളവർ, സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ വ്യക്തികൾക്കും ഏജൻസികൾക്കും ലൈസൻസ് നൽകുന്നതാണ്.

2. ഡ്രില്ലിംഗ് ഏജൻസികൾക്ക് സ്വന്തമായ ഡ്രില്ലിംഗ് ഏർപ്പെടുത്താവുന്നതാണ്. ഈ ഏജൻസികൾക്ക് സ്വന്തമായ റിഗ്ഗുകളോ, വാടകയ്ക്ക് ലഭ്യമാകുന്നവയോ ഉപയോഗിക്കാവുന്നതാണ്. ഏജൻസി രജിസ്ട്രേഷന് 50,000 രൂപയും

ഒന്നിൽക്കൂടുതൽ റിഗ്ഗുകൾ ഉപയോഗിക്കുന്നതിന് 10,000 രൂപയും രജിസ്ട്രേഷൻ ഫീസായി നിശ്ചയിച്ചിരിക്കുന്നു. ഒരു ഏജൻസിക്ക് പരമാവധി മൂന്ന് റിഗ്ഗുകൾ വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. വർഷംതോറും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കുന്നതിനായി 5,000 രൂപ ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

3. കോസ്റ്റൽ ബൽറ്റുകളിൽ കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ഫിൽറ്റർ പോയിന്റ് യൂണിറ്റുകളുടെ രജിസ്ട്രേഷൻ ഫീസ് 10,000 രൂപയായി നിശ്ചയിച്ചിരിക്കുന്നു.

4. കുഴിക്കുന്ന കിണറിന്റെ കണക്കുകൾ മൂന്ന് മാസത്തിലൊരിക്കൽ അതോറിറ്റിക്ക് നൽകേണ്ടതാണ്.

(സി) സമർപ്പിക്കാറുണ്ട്.

(ഡി) രജിസ്റ്റർ ചെയ്യാത്ത സ്വകാര്യ റിഗ്ഗുകൾ കുഴൽക്കിണറുകൾ കുഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതമായി കുഴൽക്കിണർ നിർമ്മാണത്തിൽ ഏർപ്പെടുന്ന പ്രൈവറ്റ് റിഗ്ഗുകൾക്ക് പിഴ ഈടാക്കുകയും പിന്നീട് പ്രസ്തുത ഏജൻസികൾക്ക് രജിസ്ട്രേഷൻ പുതുക്കി നൽകാതിരിക്കുകയും ചെയ്യുന്നു.

(ഇ) ഉണ്ട്. അനധികൃതമായ കുഴൽക്കിണർ നിർമ്മാണം വിജ്ഞാപനം (നോട്ടിഫൈഡ്) ചെയ്യപ്പെട്ട ബ്ലോക്കുകളിൽ ശ്രദ്ധയിൽപ്പെട്ടാൽ ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ട് 2002-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## റിഗ്ഗുകളെ നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ

192 (6265) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കുഴൽ കിണർ നിർമ്മാണത്തിനായി സംസ്ഥാനത്തേയ്ക്ക് വരുന്ന റിഗ്ഗുകളെ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഭൂജല വകുപ്പിൽ രജിസ്റ്റർ ചെയ്ത എത്ര കുഴൽ കിണർ ഏജൻസികൾ ഉണ്ടെന്ന് വിശദമാക്കുമോ;

(സി) 2002- ലെ ഭൂജല നിയന്ത്രണ ക്രമീകരണ നിയമം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും കുഴൽക്കിണർ നിർമ്മാണത്തിനായി സംസ്ഥാനത്തേക്ക് വരുന്ന റിഗ്ഗുകൾ ഉൾപ്പെടെയുള്ള സ്വകാര്യ റിഗ്ഗുകളെ നിയന്ത്രിക്കുന്നതിനായി ഉതകുന്ന നിയമഭേദഗതി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002-ൽ വരുത്തുന്നതിനുള്ള ശിപാർശകൾ സംസ്ഥാന ഭൂജല അതോറിറ്റി അംഗീകരിച്ച് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ആകെ 231 ഏജൻസികൾ

| ക്രമ നമ്പർ | ജില്ല | ഭൂജല വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ഏജൻസികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 18 |
| 2 | കൊല്ലം | 21 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 4 |
| 5 | ഇടുക്കി | 16 |
| 6 | കോട്ടയം | 14 |
| 7 | എറണാകുളം | 4 |
| 8 | തൃശ്ശൂർ | 23 |
| 9 | പാലക്കാട് | 17 |
| 10 | മലപ്പുറം | 43 |
| 11 | കോഴിക്കോട് | 8 |
| 12 | വയനാട് | 8 |
| 13 | കണ്ണൂർ | 22 |
| 14 | കാസർഗോഡ് | 28 |
| | ആകെ | 231 |

(സി) നിലവിലുണ്ട്. കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി പൊതുതാൽപ്പര്യം മുൻനിർത്തി 2004 മാർച്ച് 16-ലെ 673-ാം നമ്പർ കേരള അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം 16-12-2003-ാം തീയതി മുതൽ പ്രാബല്യം നൽകികൊണ്ട് കേരള സംസ്ഥാന ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിൽവന്നു. സർക്കാർ ഉത്തരവ് നമ്പർ (SRO.No.1155/2003, തീയതി 11-12-2003 പ്രകാരമുള്ള നോട്ടിഫിക്കേഷൻ നമ്പർ 6997/ GW1/ 03/ WRD).

**കുഴൽക്കിണർ നിർമ്മാണം**

193 (6266) ശ്രീ. വി. ടി. ബൽറാം:

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കുഴൽക്കിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പിന് ലഭിച്ച അപേക്ഷകളിന്മേൽ എന്ന് വരെയുള്ള അപേക്ഷകൾക്ക് കുഴൽക്കിണർ നിർമ്മിച്ച് നൽകിയെന്നും ഇനി എത്ര അപേക്ഷകർക്ക് കുഴൽക്കിണർ നിർമ്മിച്ച് നൽകാനുണ്ടെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) കുടിവെള്ള ആവശ്യത്തിനായുള്ള കുഴൽക്കിണർ നിർമ്മാണ അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാൻ ഭൂജല വകുപ്പിന് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണവും പരിഹാരവും വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വരൾച്ച നേരിടുന്ന കാലഘട്ടങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചില ജില്ലകളിൽ സ്വകാര്യ ഏജൻസികളുടെ കുഴൽക്കിണർ നിർമ്മാണം നിയന്ത്രിക്കുകയും ചില ജില്ലകളിൽ നിരോധനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഭൂജല പര്യവേക്ഷണം പൂർത്തിയാക്കി കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന് ലഭിച്ച അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിച്ചതിന്റേയും കുഴൽക്കിണർ നിർമ്മിച്ച് നൽകാനുള്ള അപേക്ഷകളുടെ എണ്ണത്തിന്റേയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ച മാസക്രമം | കുഴൽക്കിണർ നിർമ്മിച്ച് നൽകാനുള്ളത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 2019 ആഗസ്റ്റ് | 58 |
| 2 | കൊല്ലം | 2019 മാർച്ച് | 25 |
| 3 | പത്തനംതിട്ട | 2019 ജനുവരി | 10 |
| 4 | ആലപ്പുഴ | 2019 ആഗസ്റ്റ് | 52 |
| 5 | ഇടുക്കി | 2019 മാർച്ച് | 15 |
| 6 | കോട്ടയം | 2019 ഒക്ടോബർ | 18 |
| 7 | എറണാകുളം | 2019 ഒക്ടോബർ | 12 |
| 8 | തൃശ്ശൂർ | 2018 നവംബർ | 32 |
| 9 | പാലക്കാട് | 2019 ഫെബ്രുവരി | 5 |
| 10 | മലപ്പുറം | 2019 ഫെബ്രുവരി | 53 |
| 11 | കോഴിക്കോട് | 2019 ഒക്ടോബർ | 14 |
| 12 | വയനാട് | 2018 ജൂൺ | 28 |
| 13 | കണ്ണൂർ | 2019 ഒക്ടോബർ | 22 |
| 14 | കാസർഗോഡ് | 2018 മാർച്ച് | 12 |
| | ആകെ | -- | 356 |

(സി) കുടിവെള്ളാവശ്യത്തിന് ഭൂജലപര്യവേഷണത്തിനും കുഴൽക്കിണർ നിർമ്മിക്കുന്നതിനും ഭൂജല വകുപ്പിൽ സേവനാവകാശ നിയമപ്രകാരം ഒരുവർഷ കാലാവധിയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഓരോ ജില്ലകളിലും ലഭിക്കുന്ന സർക്കാർ വർക്കുകൾക്ക് മുഗണന നൽകാനും സേവനാവകാശ നിയമം വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ സർക്കാർ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടിവരുമ്പോൾ ഭൂജല പര്യവേഷണത്തിന് കാലതാമസം നേരിടേണ്ടി വരുന്നു. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഭൂജല പര്യവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമായ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ കരാർ അടിസ്ഥാനത്തിൽ ഹൈഡ്രോ ജിയോളജിസ്റ്റുമാരെ നിയോഗിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിവരുന്നു. ഭൂജല

പര്യവേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുഴൽക്കിണർ നിർമ്മാണം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. പല ജില്ലകളിലും കാലപ്പഴക്കമുള്ള റിഗ്ഗുകൾ മാറ്റി പുതിയവ വാങ്ങാനുള്ള നടപടിയും വകുപ്പ് സ്വീകരിച്ചുവരുന്നു.

## പ്രളയംമൂലം ജലവിഭവ വകുപ്പിനുണ്ടായ നഷ്ടം

194 (6267) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയംമൂലം ജലവിഭവ വകുപ്പിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രളയംമൂലം സംസ്ഥാനത്തെ നദികളും കുടിവെള്ള സ്രോതസ്സുകളും മലിനപ്പെട്ടത് മൂലമുണ്ടായ പ്രതിസന്ധികൾ മറികടക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 2018 വർഷത്തിലുണ്ടായ അപ്രതീക്ഷിത പ്രളയംമൂലം ഭൂജലവകുപ്പിന് ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പ്രവൃത്തി | | | രൂപ |
|---|---|---|---|---|---|
| | | ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം | കുഴൽക്കിണർ വൃത്തിയാക്കൽ | കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ | |
| 1 | പത്തനംതിട്ട | 6 | 63 | 9 | 6,07,123 |
| 2 | ആലപ്പുഴ | 31 | 6 | | 11,54,260 |
| 3 | ഇടുക്കി | - | 2 | 1 | 25,673 |
| 4 | കോട്ടയം | 7 | - | - | 3,17,530 |
| 5 | എറണാകുളം | 1 | - | 1 | 11,064 |
| 7 | പാലക്കാട് | 77 | 2 | - | 26,82,729 |
| 8 | മലപ്പുറം | - | 4 | 2 | 60,993 |
| 9 | കോഴിക്കോട് | - | 2 | 1 | 15,559 |
| 10 | കണ്ണൂർ | - | 2 | - | 11,030 |
| | ആകെ | 188 | 83 | 14 | 84,50,000 |

2019 വർഷത്തിലുണ്ടായ പ്രളയംമൂലം ഭൂജല വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾക്ക് നഷ്ടം സംഭവിച്ചിട്ടില്ല.

2018, 2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയംമൂലം ജലസേചന വകുപ്പിന് ആകെ യഥാക്രമം 1068 കോടി രൂപയുടെയും 575.32 കോടി രൂപയുടെയും നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇവയിൽ ജലസേചന പ്രവൃത്തികൾക്കായി നിർമ്മിച്ചിരുന്ന ജലസംഭരണികളുടെ ഷട്ടറുകൾ, കനാലുകൾ, ചെക്ക് ഡാം, വി.സി.ബി., എൽ.ഐ. സ്കീം എന്നിവയും ബണ്ടുകൾ, സംരക്ഷണ ഭിത്തികൾ, കടലാക്രമണ പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നാശനഷ്ടങ്ങളും ഉൾപ്പെടുന്നു.

ജലസേചന വകുപ്പിന്റെ പദ്ധതി വിഭാഗം 2-ന്റെ കീഴിലുള്ള വിവിധ ജലസേചന പദ്ധതികളിൽ 2018-ൽ 9607.49 ലക്ഷം രൂപയുടേയും 2019-ൽ 1,795.91 ലക്ഷം രൂപയുടേയും നാശനഷ്ടങ്ങളുണ്ടായി.

| ക്രമ നമ്പർ | പദ്ധതി | 2018 (രൂപ ലക്ഷം) | 2019 (രൂപ ലക്ഷം) |
|---|---|---|---|
| 1 | നെയ്യാർ | 294.2 | 20 |
| 2 | കല്ലട | 226.7 | 344.05 |
| 3 | പമ്പ | 2400 | --- |
| 4 | മൂവാറ്റുപുഴവാലി | 427.5 | 608 |
| 5 | പെരിയാർവാലി | 771 | 523.5 |
| 6 | ഇടമലയാർ | 121.2 | 0.11 |
| 7 | ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം | 1029.09 | 36.5 |
| 8 | ചിമ്മിനി | 173 | --- |
| 9 | വാഴാനി | 181 | 161.75 |
| 10 | ചീരക്കുഴി | 1435 | 100 |
| 11 | കോൾ നിലങ്ങൾ | 2548.8 | 2 |
| | ആകെ | 9607.49 | 1795.91 |

കോൾ നിലങ്ങളിലെ ഏനാമാക്കൽ, ഇടിയഞ്ചിറ, ഇല്ലിക്കൽ, മാഞ്ഞാംകുഴി, തൃക്കൂർ, കുത്തുമാക്കൽ, കൊറ്റംകോട് വളവ് എന്നീ റെഗുലേറ്ററുകൾക്കും ചീരക്കുഴി റഗുലേറ്ററിനും സാരമായ കേടുപാടുകൾ സംഭവിച്ചു. പ്രളയം സാരമായി ബാധിച്ച മറ്റ് പദ്ധതികൾ ചാലക്കുടി, പമ്പ എന്നിവയാണ്. ചിമ്മിനി ഡാമിന്റെ സ്റ്റില്ലിംഗ് ബേസിന് താഴ്ഭാഗത്തുള്ള ഏപ്രൺ പൂർണ്ണമായി തകർന്നു. വാഴാനി പദ്ധതിയുടെ

ജലവിതരണ കനാലുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചു. മിക്ക പദ്ധതികളുടെയും ജലവിതരണ/സംഭരണ സംവിധാനങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചു.

2018-ലെ പ്രളയത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 483 ശുദ്ധജല പദ്ധതികൾക്ക് നാശനഷ്ടമുണ്ടായി. 20000-ത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നശിച്ചു. ശുദ്ധീകരണശാലകളുടെ പ്രവർത്തനം തകരാറിലായതുകാരണം പ്രതിദിനം 1396 ദശലക്ഷം ലിറ്റർ ശുദ്ധജല ഉത്പാദനം തടസ്സപ്പെട്ടു. കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതികളുടെ പ്രവർത്തനം നിലച്ചത് അതീവഗുരുതര സ്ഥിതിയുണ്ടാക്കി. ഇതിനുപുറമെ 39 മുനിസിപ്പാലിറ്റികളും 346 പഞ്ചായത്തുകളും ബാധിക്കപ്പെട്ടിട്ടുണ്ട്. മേൽ വിവരിച്ച നാശനഷ്ടങ്ങൾ നികത്തി ജലവിതരണം പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ മറ്റു അനുബന്ധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധി, സംസ്ഥാന പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നായി 1640 വിവിധ പ്രവൃത്തികൾക്കായി 77.88 കോടി രൂപയുടെ അനുമതി നൽകുകയുണ്ടായി. 2019 വർഷത്തെ മഴക്കെടുതിയിൽ വൈദ്യുത തകരാറുണ്ടായതു കാരണം പല കുടിവെള്ള സ്കീമുകളും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. കൂടാതെ പമ്പിംഗ് സ്റ്റേഷനുകളിലേക്കുള്ള പ്രവേശനം വെള്ളക്കെട്ട് കാരണം തടസ്സപ്പെട്ടതിനാൽ പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. അമിതമായ കലക്കൽ കാരണം ജലശുദ്ധീകരണശാലകളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. ചില ജലവിതരണ പൈപ്പുകൾക്ക് സ്ഥാനചലനം സംഭവിച്ചത് കാരണം കുടിവെള്ള വിതരണം തടസ്സപ്പെട്ടു. 236 സ്കീമുകൾ ആകെ നിർത്തിവയ്ക്കേണ്ടിവന്നു. 745 ജലശുദ്ധീകരണവുമായി ബന്ധപ്പെട്ട ഘടകങ്ങൾക്ക് തകരാർ സംഭവിച്ചു. കേരള ജല അതോറിറ്റിക്ക് 23 കോടിയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

2018-ലെ പ്രളയംമൂലം ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ 153 സ്കീമുകളിലുമായി 9.93 കോടി രൂപയുടെയും ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 365 സ്കീമുകളിലായി 8.52 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ പ്രവൃത്തികൾക്കായി ആകെ 10.18 കോടി രൂപ SDRF ൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ 2019-ലെ പ്രളയംമൂലം ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 100 സ്കീമുകളിലായി 1.32 കോടി രൂപയുടെ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്. കേടുപാടുകൾ പരിഹരിക്കുന്നതിനായി നടപടികളെടുത്തുവരുന്നു.

2018-2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയംമൂലം കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ വെളിയാനാട്, ചമ്പക്കുളം എന്നീ ബ്ലോക്കുകളിൽപ്പെടുന്ന പാടശേഖരങ്ങളുടെ പുറംബണ്ടിൽ (ആകെ 1175.16 കി.മീ.)

നാശനഷ്ടം സംഭവിക്കുകയും ആലപ്പുഴ, കോട്ടയം ജില്ലകളിലുള്ള ഒട്ടുമിക്ക തോടുകളിലും നീർച്ചാലുകളിലും മണ്ണും മാലിന്യങ്ങളും വന്നടിഞ്ഞ് കൂടുകയും ഇവയുടെ ആഴം കുറഞ്ഞ് നീരൊഴുക്കിന് തടസ്സമാകുകയും, സംരക്ഷണഭിത്തികൾക്ക് കേടുപാടുകൾ സംഭവിക്കുകയും ജനങ്ങളുടെ വസ്തുവകകൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഏകദേശം 44.62 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ 24.3 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തനം നടപ്പിലാക്കി വരുന്നു.

(ബി) പ്രളയംമൂലം മലിനപ്പെട്ട കുടിവെള്ള സ്രോതസ്സുകളിൽനിന്നും പരിശോധനയ്ക്കായി ലഭ്യമായ 1399 സാമ്പിളുകൾ ഭൂജലവകുപ്പ് സ്ഥാപിച്ചിട്ടുള്ള അനലറ്റിക്കൽ ലാ ബോറട്ടറികളിൽ ജലഗുണനിലവാരം പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രളയംമൂലം വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകളിൽ വ്യാപകമായി മണ്ണും എക്കലും പാഴ്വസ്തുക്കളും വന്നടിഞ്ഞു. ഇവ ഇൻടേക്ക് പോയിന്റുകളിലേയും ഇൻഫിൽട്രേഷൻ ഗ്യാലറികളുടെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. പ്രളയജലം പമ്പ് ഹൗസുകളിലെ കിണറുകളിലും വ്യാപകമായി മണ്ണും, ചെളിയും, എക്കലും നിക്ഷേപിക്കപ്പെട്ടു. ഇവയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. സ്രോതസ്സായ കിണറിലേക്കുള്ള ജല വിതരണം സുഗമമാക്കുന്നതിന് മണ്ണും എക്കലും മാലിന്യങ്ങളും നീക്കി പമ്പിംഗ് സാധ്യമാക്കി. കിണറുകളിലെ മലിനജലം പമ്പ് ചെയ്ത് മാറ്റുകയും, ഇവയിൽ വന്നടിയുന്ന മണ്ണും എക്കലും നീക്കം ചെയ്ത് കഴുകി വൃത്തിയാക്കി, സൂപ്പർ ക്ലോറിനേഷൻ നടത്തി ജലവിതരണം പുനരാരംഭിച്ചു.

പ്രളയ ബാധിത പ്രദേശത്ത് കുടിവെള്ള സ്രോതസ്സുകളിലെ ജലം പരിശോധിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു കൊണ്ടുള്ള ലഘു ലേഖകൾ ജലനിധി വിതരണം ചെയ്തിട്ടുണ്ട്. പ്രളയംമൂലം ചില ജലനിധി പദ്ധതിയുടെ സ്രോതസ്സുകൾ മലിനമായിട്ടുണ്ട്. ഇത്തരം സ്രോതസ്സുകൾ യഥാസമയം വൃത്തിയാക്കി അണുവിമുക്തമാക്കി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുട്ടനാട് പാക്കേജിൽ എസ്.ഡി.ആർ.എഫ്-ലും ബഡ്ജറ്റ് പ്രവൃത്തിയിലും ഉൾപ്പെടുത്തി കനാലുകളിലും തോടുകളിലും അടിഞ്ഞുകൂടിയ ചെളികൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു.

പ്രളയംമൂലം സംസ്ഥാനത്തെ നദികളും കുടിവെള്ള സ്രോതസ്സുകളും ചെളിയും

മണലും മറ്റവശിഷ്ടങ്ങളും അടിഞ്ഞ് മലിനീകരണപ്പെട്ടിട്ടുണ്ട്. ജലസേചന നിർമ്മിതികളായ റഗുലേറ്റർ, വി.സി.ബി. മുതലായവയുടെ സമീപത്ത് അടിഞ്ഞുകൂടിയിട്ടുള്ള മേൽപ്പറഞ്ഞ ചെളിയും മണലും മറ്റവശിഷ്ടങ്ങളും നീക്കം ചെയ്യാനുള്ള നിർദ്ദേശം ഫീൽഡ് ആഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ പ്രളയംമൂലം നദികളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും മറ്റു വസ്തുക്കളും നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

### ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച്

195 (6268) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലഭ്യമാകുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെ തന്നെ പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് പദവിയോടുകൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറി, പതിനാല് ജില്ലാ ലാബുകളും ഉൾപ്പെടുന്നതാണ് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം. ഇവിടങ്ങളിലെല്ലാംതന്നെ വാട്ടർ അതോറിറ്റി സ്കീമുകളിൽനിന്നും കൃത്യമായ ഇടവേളകളിൽ പരിശോധനാ വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ പരിശോധന നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. കേന്ദ്ര പദ്ധതിയായ NRDWP-യുടെ ഭാഗമായി ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളത്തിന് ആശ്രയിക്കുന്ന കിണർ, കുഴൽക്കിണർ തുടങ്ങിയ സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം വാർഡ് സർവ്വേയുടെ ഭാഗമായി ഈ ലാബുകളിൽ പരിശോധിച്ചു വരുന്നു. ഇതിനെല്ലാം പുറമേ പ്രളയം, വരൾച്ച, പകർച്ചവ്യാധി വ്യാപനം തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക ലാബുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സജ്ജീകരിച്ച് കുടിവെള്ള ഗുണനിലവാര പരിശോധന നടത്താറുണ്ട്.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഭൂജല വകുപ്പിന് കീഴിൽ അനലിറ്റിക്കൽ ലാബോറട്ടറികൾ നിലവിലുണ്ട്. ഭൂജല വകുപ്പ് സംസ്ഥാനത്ത് വിവിധ ജില്ലകളിൽ

സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലത്തിന്റെ ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് പഠനവിധേയമാക്കിവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് അവരുടെ ആവശ്യാനുസരണം നിശ്ചിത ഫീസ് ഈടാക്കി കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ടും പരിഹാരമാർഗ്ഗങ്ങളും ഭൂജല വകുപ്പ് നൽകിവരുന്നു.

## കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനിന്റെ തകരാർ

196 (6269) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിക്ക ജില്ലകളിലും കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ അടിക്കടി തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ എത്ര പ്രാവശ്യം വീതം പൈപ്പ്ലൈനുകൾ തകരാറിലായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഭാവിയിൽ ഇത്തരത്തിൽ പൈപ്പ്ലൈനുകൾ പൊട്ടുന്നത് തടയുവാൻ എന്തൊക്കെ നിരീക്ഷണ സംവിധാനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൈപ്പ് ലൈനുകൾ പൊട്ടുന്ന വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ സമയബന്ധിതമായി പരിഹരിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. 2000-01 കാലഘട്ടത്തിന് മുൻപുള്ള പദ്ധതികളിൽ ഉപയോഗിച്ചുവരുന്ന എ.സി. പ്രിമോ പൈപ്പുകളുടെ കാലപ്പഴക്കംമൂലവും റോഡുവികസനം വ്യാപകമായപ്പോൾ (പ്രത്യേകിച്ചും റോഡ് വീതി കൂട്ടുമ്പോൾ) പഴയ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ റോഡിന്റെ നടുവിലാകുന്നതുമൂലവും പൊട്ടലുണ്ടായി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ജലവിതരണ ശൃംഖലയിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറക്കുന്നതിലേയ്ക്കായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തിവരുന്നു. ഇതിനായി എല്ലാ ഡിവിഷൻ ഓഫീസുകളുടെ കീഴിലും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാട്ടർ കണക്ഷനുകളിലെ ചോർച്ച കണ്ടെത്തി പരിഹരിക്കാൻ ഉപഭോക്താക്കൾക്ക്

നോട്ടീസ് നൽകിയും വീഴ്ച വരുത്തിയാൽ വിച്ഛേദിച്ചും നടപടികൾ സ്വീകരിക്കാറുണ്ട്. ചില നഗരങ്ങളിൽ പൈപ്പ് പൊട്ടലുകൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം നിലവിൽ പ്രവർത്തിക്കുന്നു.

(ബി) കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ തകരാറിലായ പൈപ്പുകളുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

1. തിരുവനന്തപുരം : 15502
2. കൊല്ലം :5236
3. പത്തനംതിട്ട : 5546
4. കോട്ടയം : 3957
5. ആലപ്പുഴ : 5393
6. എറണാകുളം : 12032
7. ഇടുക്കി : 1902
8. തൃശ്ശൂർ : 9267
9. പാലക്കാട് : 6363
10. മലപ്പുറം : 7431
11. കോഴിക്കോട് : 2607
12. വയനാട് : 2390
13. കണ്ണൂർ : 4042
14. കാസർഗോഡ് : 1679

(സി)

- പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൈപ്പുകൾ വാങ്ങുമ്പോൾ കേരള വാട്ടർ അതോറിറ്റി തേർഡ് പാർട്ടി മുഖേന പ്രീ-ഡെലിവറി ഇൻസ്പെക്ഷൻ നടത്തുന്നുണ്ട്.

- ഗുണനിലവാരം പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനായി പോസ്റ്റ് ഡെലിവറി ടെസ്റ്റിംഗ് നടത്താൻ CIPET തുടങ്ങിയ ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- പദ്ധതി പ്രദേശങ്ങളിൽ പൈപ്പ് ഇട്ടതിനുശേഷം water pressure test നടത്തി എന്തെങ്കിലും അപാകതകൾ കണ്ടാൽ ഉടൻതന്നെ ആ പൈപ്പുകളെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കാറുണ്ട്.

• കൂടുതൽ സമ്മർദ്ദം വരുന്ന പൈപ്പുകളിൽ പ്രഷർ റിലീസ് വാൽവുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

• സർക്കാരിന്റെ പരിഗണനയിലുള്ള എ.ഡി.ബി. ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലചോർച്ച ദേശീയ ബെഞ്ച് മാർക്ക് നിലവാരമായ 20% -ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.

## കൊല്ലം ജില്ലയിലെ ഞാങ്കടവ് കുടിവെള്ള പദ്ധതി

197 (6270) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വൻകിട കുടിവെള്ള പദ്ധതിയായ ഞാങ്കടവ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ ഏതെല്ലാം പ്രദേശങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ അടങ്കൽ തുക എത്രയാണെന്നും വിശദീകരിക്കുമോ;

(സി) ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ നിലവിൽ കുടിവെള്ള പദ്ധതികളില്ലാത്ത കരുനാഗപ്പള്ളി മണ്ഡലത്തിലെ തഴവ, തൊടിയൂർ, കുലശേഖരപുരം ഗ്രാമപഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) അമൃതിലും കിഫ്ബിയിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊല്ലം കോർപ്പറേഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലും കൊറ്റംകര, പെരിനാട് എന്നീ പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അമൃത് പദ്ധതിയിലുൾപ്പെടുത്തിയ ഒന്നാംഘട്ട പദ്ധതിക്ക് 78.35 കോടി രൂപയുടെയും കിഫ്ബിയിൽ ഉൾപ്പെടുത്തിയ രണ്ടാംഘട്ട പദ്ധതിക്ക് 235 കോടി രൂപയുടെയും ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കൊല്ലം കോർപ്പറേഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലും കൊറ്റംകര, പെരിനാട് എന്നീ പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

എന്നാൽ ഈ പദ്ധതി പ്രാവർത്തികമാകുമ്പോൾ നിലവിൽ വിതരണം ചെയ്യുന്ന ശാസ്താംകോട്ട പ്ലാന്റിൽ നിന്നുള്ള കുടിവെള്ളം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽക്കൂടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയുള്ള സാധ്യതാ പഠനം കേരള വാട്ടർ അതോറിറ്റിയുടെ PPD (Project Planning & Design) വിഭാഗത്തിൽ പുരോഗമിച്ചു വരികയാണ്. എന്നാൽ കൊല്ലം കോർപ്പറേഷനുവേണ്ടി ആവിഷ്കരിച്ച കടപുഴ പദ്ധതി പ്രാവർത്തികമായെങ്കിൽ മാത്രമേ മേൽപ്പറഞ്ഞ തരത്തിൽ ജലവിതരണം സാധ്യമാവുകയുള്ളൂ.

## പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

198 (6271) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും നബാർഡ് ഫണ്ട് ഉപയോഗിച്ചും കല്ല്യാശ്ശേരി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും സ്ഥാപിച്ചിട്ടുള്ള പൈപ്പ്ലൈനിന്റെ ദൈർഘ്യം അറിയിക്കാമോ; ഇതിനായി ഓരോ പഞ്ചായത്തിലും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഓരോ പഞ്ചായത്തിലും എത്ര ഗുണഭോക്താക്കൾക്ക് ജലവിതരണം നടത്തി വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജിക്ക സഹായത്തോടെയുള്ള പട്ടുവം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മൊത്തം 625 കി.മീ. വിതരണ ശൃംഖല സ്ഥാപിച്ചതിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*. ടി പദ്ധതിയുടെ വിതരണ ശൃംഖലയുടെ ബാക്കി ഭാഗം ഒന്നാംഘട്ടം നബാർഡ് ധനസഹായത്തോടെ 1,495 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ചതിന്റെയും അനുമതി ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദ വിവരങ്ങൾ കല്യാശ്ശേരി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. രണ്ടാംഘട്ടം സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി അനുമതി ലഭിക്കുകയുണ്ടായി. ഈ പ്രവൃത്തിയുടെ വിശദ വിവരം കല്ല്യാശ്ശേരി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നിലവിൽ കല്ല്യശ്ശേരി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഗാർഹിക വാട്ടർ കണക്ഷൻ വഴി കുടിവെള്ള വിതരണം നടക്കുന്നുണ്ട്. അത് താഴെപ്പറയും വിധമാണ്.

| പഞ്ചായത്ത് | ഗുണഭോക്താക്കൾ |
|---|---|
| ചെറുകുന്ന് | 9700 |
| കല്ല്യാശ്ശേരി | 8800 |
| മാട്ടൂൽ | 1100 |
| കണ്ണപുരം | 1600 |
| പട്ടുവം | 6800 |
| കടന്നപ്പള്ളി-പാണപ്പുഴ | 6500 |
| ഏഴോം | 6500 |

## റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ മങ്കട നിയോജകമണ്ഡലത്തിലെ പദ്ധതികൾ

199 (6272) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഭാഗമായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഏതൊക്കെയാണ്;

(ബി) ഇത്തരം പ്രോജക്ടുകളിൽ മങ്കട നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പദ്ധതിയുടെ പുരോഗതിയും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) റീബിൽഡ് കേരളയുടെ ഒന്നാംഘട്ടത്തിൽ 400 കോടി രൂപയാണ് ജലവിഭവ വകുപ്പിന് വകയിരുത്തിയിരിക്കുന്നത്.

പ്രളയം ഗുരുതരമായി ബാധിച്ച ജില്ലകളിൽപ്പെട്ട ആറ് സ്കീമുകളുടെ പൂർത്തീകരണത്തിനായുള്ള 182.6 കോടി രൂപയുടെയും കൊച്ചി പോലുള്ള നഗരങ്ങൾക്കുവേണ്ടിയുള്ള സെപ്റ്റേജ് & സ്വീവേജ് മാനേജ്മെന്റിനായുള്ള

വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 17.00 കോടി രൂപയുടെയും എനർജി ഒപ്റ്റിമൈസേഷന് 7.00 കോടി രൂപയുമുള്ള പ്രൊപ്പോസലും ചേർത്ത് 206.60 കോടി രൂപയുടെ കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾക്ക് HLEC- യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) റീബിൽഡ് കേരളയുടെ ഒന്നാംഘട്ടത്തിൽ പ്രളയം ഗുരുതരമായി ബാധിച്ച ഏഴ് ജില്ലകളിൽപ്പെട്ട പദ്ധതികൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ മലപ്പുറം ജില്ല ഉൾപ്പെടാത്തതിനാൽ മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ബാധകമല്ല.

**അരുവിക്കരയിലെ തെളിനീർ പദ്ധതി**

200 (6273) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വിലയ്ക്ക് ബോട്ടിൽ കുടിവെള്ളം നിർമ്മിക്കുന്നതിനായി അരുവിക്കരയിൽ നിർമ്മിച്ച തെളിനീർ പദ്ധതിയിൽ നിന്നും പിന്മാറി പ്രസ്തുത പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷന് കൈമാറുവാൻ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ജല അതോറിറ്റിക്ക് ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെടുത്തിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(സി) കുറഞ്ഞ വിലയിൽ കുപ്പിവെള്ളം ജനങ്ങളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അരുവിക്കരയിൽ നിർമ്മിച്ച കുപ്പിവെള്ള പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ KIIDC-നെ ഏൽപ്പിക്കാൻ കേരള വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ജല അതോറിറ്റിക്ക് ലഭിക്കേണ്ട വരുമാനത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമതീരുമാനം ആയതിനുശേഷമേ അറിയാൻ സാധിക്കുകയുള്ളൂ.

(സി) ആയതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## ആലപ്പുഴ ജില്ലയിലെ കുടിവെള്ള പൈപ്പ് ലൈൻ തകരാർ

201 (6274) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ എത്ര തവണ ഏതൊക്കെ സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ തകരാറിലായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പൈപ്പ് ലൈൻ അകാരണമായി തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) കുടിവെള്ള പൈപ്പ്ലൈൻ പൊട്ടിയത് സംബന്ധിച്ച അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു; വിവരിക്കുമോ;

(ഡി) ഭാവിയിൽ ഇത്തരത്തിൽ പൈപ്പ് ലൈനുകൾ പൊട്ടുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ആലപ്പുഴ മുനിസിപ്പാലിറ്റിക്കും സമീപ 8 പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ 7 തവണയും ചേർത്തല നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായ വിതരണ ശൃംഖലയിൽ 4 തവണയും വലിയ പൈപ്പ് പൊട്ടൽ ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ വലിയ പൈപ്പ് പൊട്ടൽ ഉൾപ്പെടെ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ആലപ്പുഴ ജില്ലയിലെ ആകെ പൈപ്പ് ലീക്കുകളുടെ എണ്ണം 5393 ആണ്. ഇവ യഥാസമയം പരിഹരിച്ച് കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണം നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്. പൈപ്പ് ലൈനുകൾ പൊട്ടുന്ന വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ സമയബന്ധിതമായി പരിഹരിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. 2000-01 കാലഘട്ടത്തിന് മുൻപുള്ള പദ്ധതികളിൽ ഉപയോഗിച്ചിരുന്ന എ.സി, പ്രിമോ, പൈപ്പുകളുടെ കാലപ്പഴക്കംമൂലവും റോഡുവികസനം വ്യാപകമായപ്പോൾ (പ്രത്യേകിച്ചും റോഡ് വീതി കൂട്ടുമ്പോൾ) പഴയ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ റോഡിന്റെ നടുവിലാകുന്നതുമൂലവും പൊട്ടലുണ്ടായി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ജലവിതരണ ശൃംഖലയിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തിവരുന്നു. ഇതിനായി എല്ലാ ഡിവിഷൻ ഓഫീസുകളുടെ കീഴിലും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാട്ടർ കണക്ഷനുകളിലെ ചോർച്ച കണ്ടെത്തി പരിഹരിക്കുവാൻ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകിയും വീഴ്ച വരുത്തിയാൽ വിച്ഛേദിച്ചും നടപടികൾ സ്വീകരിക്കാറുണ്ട്. ചില നഗരങ്ങളിൽ പൈപ്പ് പൊട്ടലുകൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം നിലവിൽ പ്രവർത്തിക്കുന്നു.

(സി) ആലപ്പുഴ കുടിവെള്ള പദ്ധതിയിൽ സ്ഥാപിച്ച 1000 എം.എം.എച്ച്.ഡി.പി.ഇ. പൈപ്പ് അടിക്കടി പൊട്ടുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപണ വിധേയരായ നാല് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. വിശദമായ അന്വേഷണം തുടങ്ങി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി)

1. പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൈപ്പുകൾ വാങ്ങുമ്പോൾ കേരള വാട്ടർ അതോറിറ്റി തേർഡ് പാർട്ടി മുഖേന പ്രീ-ഡെലിവറി ഇൻസ്പെക്ഷൻ നടത്തുന്നുണ്ട്.

2. ഗുണനിലവാരം പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനായി പോസ്റ്റ് ഡെലിവറി ടെസ്റ്റിംഗ് നടത്താൻ CIPET തുടങ്ങിയ ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. പദ്ധതി പ്രദേശങ്ങളിൽ പൈപ്പിട്ടതിനുശേഷം water pressure test നടത്തി എന്തെങ്കിലും അപാകതകൾ കണ്ടാൽ ഉടനെതന്നെ ആ പൈപ്പുകളെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കാറുണ്ട്.

4. കൂടുതൽ സമ്മർദ്ദം വരുന്ന പൈപ്പുകളിൽ പ്രഷർ റിലീസ് വാൽവുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. സർക്കാരിന്റെ പരിഗണനയിലുള്ള എ.ഡി.ബി. ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനമൊരുക്കുന്നതിനുള്ള പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജലചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലചോർച്ച ദേശീയ ബെഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കാനും ലക്ഷ്യമിടുന്നു.

## അരുവിക്കരയിലെ 76 എം.എൽ.ഡി. പ്ലാന്റിന്റെ നിർമ്മാണം

202 (6275) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 'അമൃത്' പദ്ധതിയിലുൾപ്പെടുത്തി 56 കോടി രൂപ ചെലവിൽ അരുവിക്കരയിൽ നിർമ്മിക്കുന്ന 76 എം.എൽ.ഡി. പ്ലാന്റിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; എത്രയുംവേഗം പൂർത്തീകരിക്കാൻ എന്തെല്ലാം പ്രായോഗിക നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്; ഡിസൈനുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാലതാമസമുണ്ടോ; നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ എന്തൊക്കെയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും, ഇതിനോടകം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ എതെല്ലാം ടാങ്കുകളിലേയ്ക്ക് വെള്ളം കയറ്റുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കാമോ; നിലവിൽ വാട്ടർ അതോറിറ്റി ഒബ്സർവേറ്ററി, ജിക്ക, ഗംഗാദേവി ഒബ്സർവേറ്ററി എന്നീ ടാങ്കുകളിൽ പൂർണ്ണമായും വെള്ളം കയറ്റുന്നതിനുള്ള സംവിധാനം ഇതുമായി ബന്ധപ്പെട്ട് ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് ഫ്ളോചാർട്ട്/ ആക്ഷൻ പ്ലാൻ തയ്യാറാക്കുമോ; എത്ര മാസത്തിനുള്ളിൽ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അമൃത് പദ്ധതിയിലുൾപ്പെടുത്തി 70 കോടി രൂപ ഭരണാനുമതിയിൽ അരുവിക്കരയിൽ നിർമ്മിക്കുന്ന 75 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ എല്ലാം സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഡിസൈനുമായി ബന്ധപ്പെട്ട് കാലതാമസമൊന്നുമില്ല. 60% പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ 75 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെ നിർമ്മാണം, റോ വാട്ടർ പമ്പ് ഹൗസിന്റെ നിർമ്മാണം, സബ് സ്റ്റേഷന്റെ നിർമ്മാണം, റോ വാട്ടർ പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോമർറുകൾ എന്നിവ സ്ഥാപിക്കൽ, റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, ബ്രേക്ക് പ്രഷർ ടാങ്കിന്റെ (ബി.പി.റ്റി.) നിർമ്മാണം, മലിനജല റീ സൈക്ലിംഗ് യൂണിറ്റ് സ്ഥാപിക്കൽ, നിലവിലുള്ള ശുദ്ധജലവാഹിനി കുഴലുകളുമായി

കുട്ടിയോജിപ്പിക്കൽ എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിക്കായി ഇതിനോടകം 1891.578 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അരുവിക്കരയിൽ നിന്നും തിരുവനന്തപുരം നഗരത്തിലേയ്ക്ക് ശുദ്ധജലം വഹിക്കുന്ന പൈപ്പ് ലൈനുകളുമായി യോജിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതുവഴി പ്രസ്തുത ടാങ്കുകളിലെ ജലവിതാനം വർദ്ധിപ്പിക്കാനാകും.

(സി) പദ്ധതി പൂർത്തിയാക്കുന്നതിനുള്ള ഫ്ലോചാർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

**മൈലം ഗ്രാമപഞ്ചായത്തിലെ ജലവിതരണ പൈപ്പുകൾ**

203 (6276) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെട്ട മൈലം ഗ്രാമപഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചത് എന്നാണ്; ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി എന്താണ്;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിലവിൽ ആലോചനയുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തിയ പട്ടാഴി, പട്ടാഴി വടക്കേക്കര, മൈലം, തലവൂർ പഞ്ചായത്തുകളിലേക്കുള്ള ജലവിതരണ പദ്ധതി രണ്ടാം ഘട്ടത്തിന് 11-6-2018-ലെ WRD 025-01-PA-01 നമ്പർ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 60.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) അഞ്ചാമത്തെ പാക്കേജിൽ ഉൾപ്പെട്ട മൈലം പഞ്ചായത്തിലേക്കുള്ള വിതരണ ശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തി 14-8-2019-ന് സാങ്കേതിക അനുമതി നൽകി 19-8-2019-ൽ ടെണ്ടർ നടപടികൾ ആരംഭിച്ചു. 14-10-2019-ൽ പ്രസ്തുത പ്രവൃത്തിയുടെ ടെക്നിക്കൽ ബിഡ് തുറക്കുകയും അനുബന്ധ പ്രീക്വാളിഫിക്കേഷൻ നടപടികൾ ഇപ്പോൾ പുരോഗമിച്ചുവരികയുമാണ്

(സി) പ്രസ്തുത പ്രവൃത്തി 2021-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ജലശുദ്ധീകരണ മാർഗ്ഗങ്ങൾ**

204 (6277) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുടനീളം പൈപ്പ് ലൈനുകൾ വഴി വിതരണം ചെയ്യുന്ന ജലം ശുദ്ധിയാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അവലംബിക്കുന്ന വിവിധ ശുദ്ധീകരണ മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പൈപ്പ് ലൈനുകൾ വഴി വിതരണം ചെയ്യുന്ന ജലം തിളപ്പിക്കാതെ തന്നെ കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്നതാണോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്രോതസ്സിൽനിന്നും സ്വീകരിക്കുന്ന ജലം സാധാരണയായി പ്രീ-ക്ലോറിനേഷൻ എയറേഷൻ, റാപ്പിഡ് മിക്സിംഗ്, ഫ്ലോക്കുലേഷൻ, സെഡിമെന്റേഷൻ, ഫിൽറ്ററേഷൻ പോസ്റ്റ് ക്ലോറിനേഷൻ എന്നീ മാർഗ്ഗങ്ങളിലൂടെ ശുദ്ധീകരിച്ച് മാലിന്യമുക്തമാക്കിയാണ് കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾവഴി വിതരണം ചെയ്യുന്നത്.

(ബി) ജലശുദ്ധീകരണശാലകളിൽനിന്നും വിതരണ ശൃംഖലയുടെ അവസാന ഭാഗം വരെ നിശ്ചിത അളവിൽ ആവിഷിപ്ത ക്ലോറിന്റെ സാന്നിദ്ധ്യം ലഭ്യമാകുന്ന തരത്തിലാണ് കേരള വാട്ടർ അതോറിറ്റി ശുദ്ധീകരിച്ച ജലവിതരണം നടത്തുന്നത്. ഇത് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം നിശ്ചിത ഇടവേളകളിൽ കുടിവെള്ള പദ്ധതികളിലെ സാമ്പിളുകൾ പരിശോധിച്ച് നിരീക്ഷിക്കുന്നുമുണ്ട്. ഈ ജലം തിളപ്പിക്കാതെതന്നെ കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്നതാണ്.

**കേരള വാട്ടർ അതോറിറ്റിയുടെ പരിഷ്കരണങ്ങൾ**

205 (6278) ശ്രീ. എസ്. ശർമ്മ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ദാസൻ:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നബാർഡ് ധനസഹായത്തോടെയുള്ള എത്ര ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് ഈ കാലയളവിൽ ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് ആരംഭിച്ച കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോണിന്റെ (കെ.ഡബ്ല്യൂ.ഐ.ഇസഡ്) ആദ്യ സംരംഭമെന്ന നിലയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് മനുഷ്യ പ്രയത്നത്തിന് പകരം റോബോട്ടുകളെ ഉപയോഗിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി ജനമിത്ര എന്ന പേരിൽ ഓൺലൈൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി, കിഫ്ബി എന്നീ സാമ്പത്തിക സ്രോതസ്സുകളിലുൾപ്പെടുത്തി നാളിതുവരെ ചെറുതും വലുതുമായ 89 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും 416 ദശലക്ഷം ലിറ്ററോളം കുടിവെള്ളം അധികമായി ഉല്പാദിപ്പിക്കുകയും 606880 പുതിയ വാട്ടർ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ കേരള വാട്ടർ അതോറിറ്റി ആകെ 2539959 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതു കൂടാതെ നബാർഡ്, സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് എന്നീ ശീർഷകങ്ങളിലായി 7,368.142 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രളയവും വരൾച്ചയും നിമിത്തമുള്ള കുടിവെള്ള മേഖലയിലെ ആഘാതം കുറയ്ക്കാൻ വാട്ടർ അതോറിറ്റിയുടെ മികച്ച പ്രവർത്തനത്തിലൂടെ സാധിച്ചു. ശബരിമല തീർത്ഥാടന കാലത്തും വാട്ടർ അതോറിറ്റിക്ക് മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ നല്ല പ്രകടനം നടത്തുവാൻ സാധിച്ചു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയിലെ വിവിര സാങ്കേതികവിദ്യാ വിഭാഗം കാര്യക്ഷമമാക്കുവാനും ശാക്തീകരിക്കാനും നടപടി ആരംഭിച്ചു. കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ മുതൽ മുകൾത്തട്ടിലേക്കുള്ള എല്ലാ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏൽപ്പെടുത്തി. പൊതുജനങ്ങൾക്കുള്ള പരാതികൾ നേരിട്ട് രേഖപ്പെടുത്താൻ വാട്ടർ അതോറിറ്റി സംവിധാനം ഒരുക്കിയിട്ടുണ്ട്. പരാതി പരിഹാര സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 1916 എന്ന ടോൾ ഫ്രീ നമ്പർ നിലവിൽ വന്നു. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുടങ്ങി. ഉപഭോക്താവിന് എളുപ്പത്തിൽ വാട്ടർ ചാർജ്ജ് ഒടുക്കാനായി Quick Pay സംവിധാനം നടപ്പിലാക്കി. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് മുഖേന പണം സ്വീകരിക്കുന്നതിന് POS മെഷീൻ സ്ഥാപിച്ചുവരുന്നു. ഓൺലൈൻ പേമെന്റിൽ കൂടുതൽ ബാങ്കുകളെയും Pay TM,

BBPS എന്നിവയും ഉൾപ്പെടുത്താനുള്ള നടപടിയിലാണ്. തെരഞ്ഞെടുക്കപ്പെട്ട നഗര ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വാട്ടർ കണക്ഷനുകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ബി) നബാർഡ് ധനസഹായത്തോടെയുള്ള 13 ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് ഈ കാലയളവിൽ ഭരണാനുമതി നൽകിയിട്ടുണ്ട്

(സി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ സ്വീവറേജ് മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി "ബാൻഡികൂട്ട്" എന്ന പേരിൽ ഒരു റോബോട്ട് സംവിധാനം ജെൻ്റോബോട്ടിക്സ് എന്ന സ്റ്റാർട്ടപ്പ് സ്ഥാപനംവഴി കേരള ജല അതോറിറ്റിയുടെ സഹകരണത്തോടെ വികസിപ്പിച്ചിട്ടുണ്ട്. പോരായ്മകൾ പരിഹരിച്ച് മെച്ചപ്പെടുത്തിയ റോബോട്ട് സംവിധാനം പാട്ട വ്യവസ്ഥയിൽ (lease) ഉപയോഗപ്പെടുത്തി തിരുവനന്തപുരം നഗരാതിർത്തിയിലെ മാൻഹോളുകൾ വൃത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ ജനങ്ങളുടെ പരാതി പരിഹാര സംവിധാനം നിരീക്ഷിക്കാനും സമയബന്ധിതമായി പരിഹരിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനുമായി രൂപകല്പന ചെയ്ത 'ജനമിത്ര' സോഫ്റ്റ്‌വെയർ എല്ലാ ഡിവിഷനുകളിലും ഉപയോഗിച്ചുവരുന്നു. 2017 ഫെബ്രുവരി മുതൽ നിലവിൽ വന്ന പ്രസ്തുത സോഫ്റ്റ്‌വെയറിൽ പരാതികൾ രജിസ്റ്റർ ചെയ്യാനും അവ പരിഹരിക്കുന്നതു വരെ നിരീക്ഷിക്കാനും മാനേജിംഗ് ഡയറക്ടർ മുതൽ മന്ത്രി വരെയുള്ളവർക്ക് സോഫ്റ്റ് വെയർ ഉപയോഗിച്ച് പരാതികളിന്മേൽ നിർദ്ദേശം നൽകാനും പരസ്പരം സംവദിക്കാനും വ്യവസ്ഥയുണ്ട്.

**ജലക്ഷാമം നേരിടുന്നതിനുള്ള പദ്ധതികൾ**

206 (6279) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്തെ ജലക്ഷാമം നേരിടാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം കോന്നി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വേനൽക്കാലത്തെ ജലക്ഷാമം നേരിടുന്നതിന് കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ)

നടപ്പിലാക്കിവരുന്ന മഴവെള്ള സംഭരണം 'ഭൂജലപരിപോഷണം' പദ്ധതിയുടെ ഭാഗമായി 34 ഗ്രാമപഞ്ചായത്തുകളിലെ 7100 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള ജലസംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

- 'ജലസൗഹൃദ വിദ്യാലയം' പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

- കൃത്രിമ ഭൂഗർഭജല സംപോഷണ പരിപാടിയുടെ ഭാഗമായി 10 ഗ്രാമപഞ്ചായത്തുകളിലെ 8500 തുറന്ന കിണറുകൾ മഴവെള്ളം കടത്തിവിട്ട് റീചാർജ്ജ് ചെയ്യുന്നതിന് പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്.

- രണ്ട് പിന്നോക്ക വിഭാഗ കോളനികളിൽ കമ്മ്യൂണിറ്റി മാനേജ്ഡ് മഴവെള്ള സംഭരണികൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

- തിരുവനന്തപുരം നഗരത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ വിപുലമായ രീതിയിൽ മഴവെള്ളം സംഭരിക്കുന്നതിനും കൃത്രിമ ഭൂഗർഭ ജലസംപോഷണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് ഈ സാമ്പത്തികവർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

ജലക്ഷാമം നേരിടാൻ കേരള വാട്ടർ അതോറിറ്റി താഴെ പറയുന്ന പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ആവർത്തിച്ചുണ്ടാകുന്ന ജലദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ജലം വേണ്ടരീതിയിൽ സംഭരിക്കാനാവശ്യമായ മുൻകരുതലുകളെടുക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്നതിനും ആവശ്യമുള്ളപക്ഷം പൈപ്പ് ലൈനുകൾ നീട്ടിയും വരൾച്ചാദുരിതാശ്വാസനിധി ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കിയും വിതരണ ശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും പമ്പിംഗ് സമയം ആവശ്യാനുസരണം വർദ്ധിപ്പിച്ചും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചും പ്രവർത്തനശേഷി കുറഞ്ഞ പമ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചും ആവശ്യമുള്ള ഇലക്ട്രിക് റിപ്പയർ ചെയ്തു തീർത്തും കിണർ, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും യഥാസമയം നീക്കം ചെയ്തും ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിനുവേണ്ട ബോധവത്കരണം നടത്തിയും ആവശ്യമുള്ള സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ചും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് അത്യാവശ്യഘട്ടങ്ങളിൽ ടാങ്കർ ലോറി മുഖാന്തരം ജലവിതരണം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) കോന്നി പഞ്ചായത്തിൽ ജലനിധി ഒന്നാംഘട്ട പദ്ധതിയിലൂടെ 22 കുടിവെള്ള വിതരണ സ്കീമുകൾ നിർമ്മിച്ച് 1001 വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ 25 മഴവെള്ള സംഭരണ പദ്ധതികളിലൂടെ 754 വീടുകളിൽ മഴവെള്ള സംഭരണിയും നിർമ്മിച്ചിട്ടുണ്ട്. കോന്നി പഞ്ചായത്തിലെ 21 ജലനിധി കുടിവെള്ള വിതരണ സ്കീമുകളും നിലവിൽ ജലവിതരണം നടത്തുന്നുണ്ട്. കോന്നി പഞ്ചായത്തിലെ 10 ജലനിധി കുടിവെള്ള സ്കീമുകളുടെ നവീകരണത്തിന് സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റി മുഖേന കോന്നി നിയോജകമണ്ഡലത്തിൽ മലപ്പാറ ശുദ്ധജലവിതരണ പദ്ധതിയിലും കോന്നി അരുവാപ്പുലം പദ്ധതിയിലും സ്രോതസ്സിൽ തടയണ നിർമ്മിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി പൈപ്പ് ലൈനില്ലാത്ത സ്ഥലങ്ങളിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ചും പമ്പിംഗ് സമയം ക്രമീകരിച്ച് വിവിധ ഘട്ടങ്ങളിലായി വിവിധ പ്രദേശങ്ങളിൽ ജലം എത്തിച്ചും ലീക്കുകൾ അടിയന്തിരമായി പരിഹരിച്ചും ജലക്ഷാമം പരിഹരിക്കാൻ ശ്രമിക്കുന്നു.

കോന്നി നിയോജകമണ്ഡലത്തിലെ കോന്നി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 909.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച സീതത്തോട് -നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻടേക്ക് കിണറും പമ്പ് ഹൗസും 13mld ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണവും പൂർത്തിയാക്കി. 120 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 3 ബൂസ്റ്റിംഗ് സ്റ്റേഷൻ, ജലസംഭരണികൾ, പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയുടെ കരാർ നൽകുന്നതിന്റെ ഭാഗമായി വർക്ക് ഓർഡർ നൽകി. സീതത്തോട് പഞ്ചായത്തിൽ സ്ഥാപിക്കേണ്ട ടാങ്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, പമ്പിംഗ്/ഗ്രാവിറ്റി മെയിനുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ എന്നിവ നടന്നുവരുന്നു. കൂടാതെ പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ കോന്നി നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | തൽസ്ഥിതി |
|---|---|---|
| കോന്നി-അരുവാപ്പുലം ജലവിതരണ പദ്ധതി-പമ്പ് ഹൗസ് മുതൽ കോന്നി - അരുവാപ്പുലം വരെ 250mm AC ഗ്രാവിറ്റി മെയിൻ മാറ്റി 250mm DI K9 പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി. | 285.46 | സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| വള്ളിക്കോട് കൊടുമൺ സമഗ്ര കുടിവെള്ള പദ്ധതി- വള്ളിക്കോട് ജലശുദ്ധീകരണശാല മുതൽ വാഴമുറ്റം കുരിശുവരെയും സിയോൺ കുന്നു മുതൽ കൊടുമൺ വരെയും കേടായ AC പൈപ്പുകൾ മാറ്റുന്ന പ്രവൃത്തി. | 610.23 | പ്രവൃത്തി ടെണ്ടർ ചെയ്തു. |
| കോന്നി-അരുവാപ്പുലം ജലവിതരണ പദ്ധതി - ഊട്ടു പാറയിലേക്കുള്ള 100mm GI പൈപ്പ് മാറ്റുന്ന പ്രവൃത്തി | 156.29 | പ്രവൃത്തിയുടെ വർക്ക് ഓർഡർ നല്കി |

**നാട്ടിക ഫർക്ക സി.ഡബ്ല്യൂ.എസ്.എസ്. വിപുലീകരണ പദ്ധതി**

207 (6280) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക, മണലൂർ, ഗുരുവായൂർ മണ്ഡലങ്ങളിലെ 10 പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന നാട്ടിക ഫർക്ക സി.ഡബ്ല്യൂ.എസ്.എസ്. വിപുലീകരണ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) സേതുകുളം മുതൽ വാടാനപ്പള്ളി ഗണേശമംഗലം സമ്പ് വരെ അഞ്ഞൂറ് എം.എം. പ്രിമോ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ഇ) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നാട്ടിക, മണലൂർ, ഗുരുവായൂർ മണ്ഡലങ്ങളിലെ 10 പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന നാട്ടിക ഫർക്ക സി.ഡബ്ല്യൂ.എസ്.എസ് വിപുലീകരണ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 6996 ലക്ഷം രൂപയാണ്.

(ബി&സി) സർക്കാരിൽ നിന്നും തത്വത്തിലുള്ള അംഗീകാരവും കിഫ്ബിയിൽ നിന്നും 69.96 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ച നാട്ടിക ഫർക്ക സി.ഡബ്ല്യൂഎസ്.എസ്. വിപുലീകരണ പദ്ധതി നടത്തിപ്പിനായി രണ്ട് പാക്കേജുകളായി വിഭജിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാം പാക്കേജിൽ ഉത്പാദന ഘടകങ്ങളായ 26 എം.എൽ.ഡി. ശുദ്ധീകരണശാല, 9m വ്യാസമുള്ള കിണറും പമ്പ് ഹൗസും, റോ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണശാലയുടെ ചുറ്റുമതിൽ, നിലവിലുള്ള 20 എം.എൽ.ഡി. ശുദ്ധീകരണശാലയുടെയും, കിണറിന്റെയും പുനരുദ്ധാരണം, റോ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയും പാക്കേജ് രണ്ടിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഫയർ ഹൈഡ്രൻഡ് സ്ഥാപിക്കൽ എന്നിവയും ഉൾപ്പെടുത്തി രണ്ട് പാക്കേജുകൾക്കും ടെണ്ടർ വിളിച്ചിട്ടുണ്ട്. ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിയുടെ കരാർ നൽകിക്കഴിഞ്ഞാൽ 24 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി&ഇ) സേതുകുളം മുതൽ വാടാനപ്പള്ളി ഗണേശമംഗലം സമ്പ് വരെ അഞ്ഞൂറ് എം.എം. പ്രിമോ പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും, കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്ന പദ്ധതിയിലുൾപ്പെടുത്തി 19.65 കോടി രൂപയുടെ അനുമതി ലഭിക്കുകയും ആയതിന്റെ ദർഘാസ് നടപടികൾ നടന്നുവരുന്നു. കരാർ നൽകി കഴിഞ്ഞാൽ 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ശബരിമലയിലെ ശുദ്ധജല വിതരണം**

208 (6281) ശ്രീ. ആർ. രാജേഷ്:

ശ്രീ. രാജു എബ്രഹാം:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന മണ്ഡല-മകര വിളക്ക് കാലത്ത് പമ്പയിലും ശബരിമലയിലും ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയത്തെത്തുടർന്ന് താറുമാറായ ശുദ്ധജല വിതരണ സംവിധാനങ്ങൾ സത്വരമായി പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ശബരിമലയിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തീർത്ഥാടകർക്കായി കാനന പാതകളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതുൾപ്പെടെ എന്തെല്ലാം മാർഗ്ഗങ്ങളാണ് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പമ്പയിലും ശബരിമലയിലും ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തിവരുന്നു.:

- 13mld ശേഷിയുള്ള പമ്പ ശുദ്ധജല വിതരണ പദ്ധതിയുടെ ത്രിവേണിയിൽ സ്ഥിതിചെയ്യുന്ന പമ്പ് ഹൗസിൽ നിന്നും ശുദ്ധീകരിച്ച ജലം പമ്പയിലെ ഭൂതല സംഭരണിയിൽ ശേഖരിച്ച് ക്ലോറിനേഷൻ ചെയ്തു പമ്പയിലും നീലിമല ബോട്ടം പമ്പ്ഹൗസിലും എത്തിച്ച് നീലിമല ടോപ് പമ്പ്ഹൗസ് അപ്പാച്ചിമേട് പമ്പ്ഹൗസ് എന്നിവ വഴി ശരംകുത്തി സംഭരണിയിലും സന്നിധാനത്തെ ദേവസ്വം സംഭരണികളിലും ശേഖരിച്ച് സന്നിധാനത്തും ശരണപാതയിലും വിതരണം ചെയ്യുന്നു.
- ശുദ്ധജലം ശേഖരിക്കുന്നതിനായി പമ്പ (കേരള വാട്ടർ അതോറിറ്റി - 2.80 ലക്ഷം ലിറ്റർ, ദേവസ്വം ബോർഡ് - 4 ലക്ഷം ലിറ്റർ), നീലിമല ബോട്ടം (കേരള വാട്ടർ അതോറിറ്റി -2 ലക്ഷം ലിറ്റർ), അപ്പാച്ചിമേട് (കേരള വാട്ടർ അതോറിറ്റി -2 ലക്ഷം ലിറ്റർ), ശരംകുത്തി (കേരള വാട്ടർ അതോറിറ്റി-6 ലക്ഷം ലിറ്റർ, ദേവസ്വം ബോർഡ് - 40 & 10 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ ജലസംഭരണികൾ നിലവിലുണ്ട്.
- പമ്പ, ശരണപാത – സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 447 കിയോസ്കുകളിൽ 1230 ടാപ്പുകളിലൂടെ ശുദ്ധജല വിതരണം നടത്തുന്നുണ്ട്.
- സ്വാമി അയ്യപ്പൻ റോഡിൽ ശുദ്ധജല വിതരണത്തിന് പൈപ്പുകൾ സ്ഥാപിച്ച് ചരൽമേട് വരെയും പൊതു ടാപ്പുകളിൽ ശുദ്ധജലം എത്തിക്കുന്നു.

- ഇടത്താവളങ്ങളായ നിലയ്ക്കൽ, പ്ലാപ്പള്ളി, ളാഹ, നാറാണംതോട്, ചാലക്കയം എന്നിവിടങ്ങളിലേക്കും പോലീസ് ക്യാമ്പുകളിലേക്കും ടാങ്കർ ലോറികൾ വഴി ശുദ്ധജലമെത്തിച്ചുവരുന്നു.

- പ്രധാന ഇടത്താവളങ്ങളായ എരുമേലിയിലെ ഏറ്റുമാനൂർ ശിവക്ഷേത്രത്തിലും കോട്ടയം തിരുനക്കര ശിവക്ഷേത്രത്തിലും തീർത്ഥാടകർക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള എല്ലാ നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

- നിലയ്ക്കലിൽ ആവശ്യാനുസരണം പമ്പയിൽ നിന്നും സീതത്തോടിൽ നിന്നും ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിക്കുന്നുണ്ട്. ഇതിനായി കേരള വാട്ടർ അതോറിറ്റിയുടെയും ദേവസ്വം ബോർഡിന്റെയും ജല സംഭരണികളിൽ ആകെ 65.75 ലക്ഷം ലിറ്റർ സംഭരണ ശേഷി നിലയ്ക്കൽ ഭാഗത്തുണ്ട്.

- ജലശുദ്ധീകരണത്തിനായി പമ്പയിൽ പ്രഷർ ഫിൽറ്റർ സംവിധാനവും ഇലക്ട്രോ ക്ലോറിനേഷൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

- ടാറ്റ project വഴി R.O. Plant സ്ഥാപിച്ചു.

- സെൻസർ ടാപ്പോടുകൂടിയ 10 കിയോസ്കുകൾ പുതുതായി സ്ഥാപിച്ചു.

- തീർത്ഥാടന കാലത്ത് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ആവശ്യാനുസരണം ഗുണനിലവാര പരിശോധന നടത്തി വേണ്ട നടപടികൾ സ്വീകരിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലം മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ തലംവരെയുള്ള ഉദ്യോഗസ്ഥരെ കേരള വാട്ടർ അതോറിറ്റി പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്.

- ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഉപകരണ സംവിധാനങ്ങളുടെയെല്ലാം അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ട്.

(ബി) പ്രളയത്തെത്തുടർന്ന് ശബരിമല ശുദ്ധജല വിതരണ പദ്ധതിയുടെ ത്രിവേണി ഇൻടേക്ക് പവർ ഹൗസിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്ത് പമ്പിംഗ് പുനരാരംഭിച്ചു. കൂടാതെ ഒഴുകി പോയ പൈപ്പ് ലൈനുകൾ കഴിഞ്ഞ സീസണിന് മുമ്പുതന്നെ പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നു.

(സി) ഉണ്ട്; പമ്പയിൽ 5-ഉം ശരണപാത- സന്നിധാനത്ത് 7-ഉം നിലയ്ക്കൽ 27-ഉം R.O. പ്ലാന്റുകൾ സ്ഥാപിച്ച് ശുദ്ധജലം വിതരണം ചെയ്തു വരുന്നു.

(ഡി) കാനന പാതയുടെ ഭാഗമായ പമ്പ മണപ്പുറം മുതൽ ചെറിയനാവട്ടം വരെ സ്ഥിരമായും ചെറിയനാവട്ടം മുതൽ വലിയിനവട്ടം വരെ മണ്ഡല മകര വിളക്ക് സീസണിൽ മാത്രമായി താൽക്കാലിക പൈപ്പ് ലൈനുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതു

കൂടാതെ കാളകെട്ടി സ്കീമിൽ നിന്നും മൂക്കമ്പെട്ടി-കോരുത്തോട് റോഡിൽ 11 പൊതു ടാപ്പുകളും ഉമരപ്പാറ സ്കീമിൽ നിന്നും ഇരുമ്പൂന്നിക്കര-കോയിൽക്കാവ് റോഡിൽ അഞ്ചിടങ്ങളിലും പൊതു ടാപ്പുകൾ സ്ഥാപിച്ച് ആവശ്യാനുസരണം ശുദ്ധജലം വിതരണം ചെയ്തുവരുന്നു.

## കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.ടൈപ്പിസ്റ്റ് നിയമനം

209 (6282) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ ടൈപ്പിസ്റ്റിന്റെ കേഡർ തസ്തിക എത്രയെണ്ണമാണ് അംഗീകരിച്ചിരിക്കുന്നത്; ഓരോ തസ്തികയുടെയും കേഡർ എണ്ണം വെളിപ്പെടുത്താമോ;

(ബി) ടൈപ്പിസ്റ്റിന്റെ പ്രസ്തുത കേഡർ തസ്തികയിൽ ഇപ്പോൾ സ്ഥിരം നിയമനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എത്രയെന്നും ഏതൊക്കെ തസ്തികയിലെന്നും വെളിപ്പെടുത്തുമോ;

(സി) ഒഴിവുള്ള ടൈപ്പിസ്റ്റ് തസ്തികകളിൽ കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; സ്ഥിരം തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്താത്തതിന്റെ സാംഗത്യം വെളിപ്പെടുത്തുമോ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന സ്ഥിരം ടൈപ്പിസ്റ്റ് തസ്തികകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റിന്റെ കേഡർ തസ്തികയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | എൽ.ഡി. ടൈപ്പിസ്റ്റ് | 65 |
| 2. | യു.ഡി. ടൈപ്പിസ്റ്റ് | 65 |
| 3. | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 65 |
| 4. | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 64 |
| 5. | ഫെയർ കോപ്പി സൂപ്രണ്ട് | 6 |

(ബി) ടൈപ്പിസ്റ്റ് തസ്തികയിൽ ഇപ്പോൾ സ്ഥിരം നിയമനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | എൽ.ഡി. ടൈപ്പിസ്റ്റ് | 6 |
| 2. | യു.ഡി. ടൈപ്പിസ്റ്റ് | 63 |
| 3. | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 64 |
| 4. | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 64 |
| 5. | ഫെയർ കോപ്പി സൂപ്രണ്ട് | 6 |

(സി&ഡി) നിലവിൽ ഒഴിവുള്ള ടൈപ്പിസ്റ്റ് തസ്തികകളിൽ കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല. ടി തസ്തികയിലേക്കുള്ള നിയമനത്തിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**അമര കുടിവെള്ള പദ്ധതി**

210 (6283) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ തൃക്കൊടിത്താനം പഞ്ചായത്തിലെ അമര കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ഓവർഹെഡ് ടാങ്കിന്റെ പുനർനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) സമയബന്ധിതമായി ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് തുക ഉപയോഗിച്ചാണ് ചെയ്യപ്പെടുന്നത്. പ്രസ്തുത പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ട്. ജലസംഭരണിയുടെ ഡിസൈനും (ജല അതോറിറ്റിയുടെ ഡിസൈൻ വിഭാഗമായ വാസ്കോൺ അംഗീകരിച്ച), ജലസംഭരണി നിർമ്മിക്കാനാവശ്യമായ സ്ഥലവും കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. ഡിസൈൻ പ്രകാരം കോൺക്രീറ്റിന്റെ മിക്സ് ഡിസൈൻ ചെയ്തു കിട്ടുന്നതിനും കൂടാതെ കമ്പിയുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുമായി കോട്ടയം രാജീവ് ഗാന്ധി

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നൽകിയിരിക്കുകയാണ്. പ്രാഥമിക ജോലികളായ സെറ്റ് ഔട്ടും എർത്ത് വർക്ക് എക്സ്കവേഷനും ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജിൽനിന്നും പരിശോധനാഫലം ലഭ്യമായ ശേഷം ബാക്കി പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കും.

(ബി) ജൂലൈ മാസം 2020-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) സമയബന്ധിതമായി ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിലേക്ക് അവലോകന യോഗം നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഇടപെടലുകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തുവരുന്നു.

**ഊരകം പതിയാർകുളങ്ങരയിലെ കുടിവെള്ള പദ്ധതി**

211 (6284) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഊരകം പതിയാർകുളങ്ങരയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഊരകം പതിയാർകുളങ്ങരയിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് 12 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കിണർ വൃത്തിയാക്കൽ, യീൽഡ് ടെസ്റ്റ്, പമ്പ് ഹൗസ് നിർമ്മാണം, സെൻട്രിഫ്യൂഗൽ മോട്ടോർ, പ്രഷർ ഫിൽട്ടർ, ക്ലോറിനേഷൻ യൂണിറ്റ് സ്ഥാപിക്കൽ, പമ്പിംഗ് മെയിൻ സ്ഥാപിക്കൽ എന്നിവയാണ് പ്രസ്തുത പ്രവൃത്തിയുടെ ഘടകങ്ങൾ. ഇതിൽ പ്രഷർ ഫിൽട്ടർ സ്ഥാപിക്കൽ ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തിയായി. പ്രഷർ ഫിൽട്ടർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഡിസംബർ മാസത്തിൽ പൂർത്തീകരിച്ച് പഞ്ചായത്തിന് കൈമാറാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഉഴവൂർ-വെളിയന്നൂർ, കടുത്തുരുത്തി എന്നീ കുടിവെള്ള പദ്ധതികളുടെ സ്തംഭനാവസ്ഥ

212 (6285) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ഉഴവൂർ-വെളിയന്നൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കുള്ള ടാർ കട്ടിംഗ് ചാർജും കടുത്തുരുത്തി പഞ്ചായത്തിലെ മിനി സിവിൽ സ്റ്റേഷൻ റോഡ് റീസ്റ്റോറേജ് ചാർജും കേരള വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് അടയ്ക്കാത്തതു കാരണം ആസ്തി വികസന പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതിക്ക് നേരിടുന്ന സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അതുസംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി കടുത്തുരുത്തി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫിനാൻസ് മാനേജർക്ക് നൽകിയിരുന്ന 12-6-2019-ലെ കത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) ആസ്തി വികസന പദ്ധതിപ്രകാരം നിർദ്ദേശിച്ച പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആസ്തി വികസന ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിയുടെ ബജറ്റ് വിഹിതം ലഭിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പിന് തുക ഒടുക്കുന്നതാണ്.

(ബി) കേരള വാട്ടർ അതോറിറ്റി കടുത്തുരുത്തി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 12-6-2019-ലെ കത്ത് മുഖേന പൊതുമരാമത്ത് വകുപ്പിന് നൽകുവാനുള്ള തുക ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പണം അനുവദിച്ച് നൽകിയിട്ടില്ല. ആസ്തി വികസന ഫണ്ടിൽ നിന്ന് 20 കോടി രൂപ വിടുതൽ നല്കാൻ കേരള വാട്ടർ അതോറിറ്റി സർക്കാരിനോട് അപേക്ഷിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്. ടി തുക അനുവദിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പിന് തുക ഒടുക്കുന്നതാണ്.

(സി) ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പിൽ തുക അടയ്ക്കുന്നതും റോഡ് കട്ടിംഗ് അനുവാദം കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കുന്നതുമാണ്.

## പാലക്കാട് നിയോജകമണ്ഡലത്തിൽ ബൾക്ക് വാട്ടർ സപ്ലൈ സ്കീം

213 (6286) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണം ഉറപ്പാക്കുന്ന ബൾക്ക് വാട്ടർ സപ്ലൈ സ്കീം പാലക്കാട് നിയോജകമണ്ഡലത്തിൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പൊതുടാപ്പുകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശുദ്ധജലവിതരണം ഉറപ്പാക്കുന്ന ബൾക്ക് വാട്ടർ സപ്ലൈ സ്കീം പാലക്കാട് നിയോജകമണ്ഡലത്തിൽ വിപുലപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പൊതുടാപ്പുകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് വാട്ടർ അതോറിറ്റി പഠനം നടത്തിയിട്ടില്ല.

## നെടുമങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

214 (6287) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി മുഖാന്തരം നടപ്പാക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഭരണാനുമതി ലഭ്യമാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി മുഖേന നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ (SR)ഓഫീസിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. നെടുമങ്ങാട് മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും വെള്ളനാട് ഗ്രാമപഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയും.

2. കരകുളം, അരുവിക്കര പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.

3. നെല്ലനാട്, മാണിക്കൽ, വാമനപുരം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി.

4. നെടുമങ്ങാട് മണ്ഡലത്തിലെ വെമ്പായം, മാണിക്കൽ, കരകുളം പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി.

5. നെടുമങ്ങാട് മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിലെ കോളനികളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.

(ബി&സി)

1. നെടുമങ്ങാട് മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും വെള്ളനാട് ഗ്രാമപഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയും

പ്രസ്തുത പദ്ധതിക്കായി 72.31 കോടി രൂപയുടെ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് അനുമതിക്കായി ചീഫ് എഞ്ചിനീയർ (SR) ഓഫീസിൽ സമർപ്പിച്ചിരുന്നെങ്കിലും പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായുള്ള സ്ഥലത്തെ മണ്ണ് പരിശോധന നടത്തി രൂപരേഖ തയ്യാറാക്കി നവീകരിച്ച എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ജലസംഭരണി നിർമ്മിക്കുന്നതിനായി കൊറ്റാമലയിൽ 50 സെന്റ് സ്ഥലവും, കുളക്കോട് 20 സെന്റ് സ്ഥലവും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് കൈമാറുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക പരിമിതിയുണ്ടെന്ന് അറിയിച്ചതുമൂലം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

2.കരകുളം, അരുവിക്കര പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.

2-4-2019-ൽ ചീഫ് എഞ്ചിനീയർ, പി.പി.ഡി.& വാസ്കോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാന പ്രകാരം അരുവിക്കര പഞ്ചായത്തിൽ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി അധികമായി വേണ്ടി വരുന്ന 5.50 എം.എൽ.ഡി. ശുദ്ധജലം നിലവിലെ 72 എം.എൽ.ഡി. ശേഷിയുള്ള

ജലശുദ്ധീകരണശാലയിൽനിന്നും നൽകുന്ന കാര്യം പരിഗണിക്കുന്നതിനും കൂടാതെ കരകുളം പഞ്ചായത്തിനുവേണ്ടി കുമ്മിയിലെ നിലവിലുള്ള ശുദ്ധീകരണശാലയുടെ ശേഷി 50 ശതമാനംകൂടി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയും പരിഗണിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ആയതിന് അന്തിമരൂപം നൽകി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി പി.പി.ഡി .വിഭാഗം നടത്തി വരുന്നു.

3. <u>നെല്ലനാട്, മാണിക്കൽ, വാമനപുരം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി</u>

ഈ പദ്ധതിയിലൂടെ നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ മാണിക്കൽ പഞ്ചായത്തിനും പ്രയോജനം ലഭിക്കുന്നതാണ്. വാമനപുരം നദി ഉറവിടമാക്കി 25 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും ജലസംഭരണികളും പൈപ്പ് ലൈനുകളും ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 85 കോടി രൂപയുടെ പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കിയിരുന്നു. അതിന്റെ തുടർച്ചയായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി പി.പി.ഡി. വിഭാഗം സ്വീകരിച്ചുവരുന്നു.

4.<u>നെടുമങ്ങാട് മണ്ഡലത്തിലെ വെമ്പായം, മാണിക്കൽ, കരകുളം പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി</u>

നെടുമങ്ങാട് മണ്ഡലത്തിൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഉയർന്ന പ്രദേശങ്ങളിലെ കോളനികളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് 16 കോടി രൂപയുടെ ഡി.ഇ.ആർ. സമർപ്പിച്ചതിൽ നെടുമങ്ങാട് മണ്ഡലത്തിലെ വെമ്പായം, മാണിക്കൽ, കരകുളം പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് കോർപ്പസ് ഫണ്ടിൽനിന്നും 142.83 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള പദ്ധതിക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല.

5. <u>നെടുമങ്ങാട് മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിലെ കോളനികളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.</u>

പനവൂർ, പുല്ലമ്പാറ, വെമ്പായം എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ വെമ്പായം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 90 എം.എം. പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിന് 93 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും ജി.എസ്.ടി. ഉൾപ്പെടുത്തി പുതുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം

215 (6288) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അൻപതോളം കുടുംബങ്ങൾ കുടിവെള്ള ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നായർ കോളനിയിൽ കുടിവെള്ളത്തിന് പുതിയ സോഴ്സ് ലഭ്യമല്ല എന്നതുകൊണ്ട് തൊട്ടടുത്ത കല്ലനോട് കുടിവെള്ള പദ്ധതിയിൽ നിന്നും നായർ കോളനിയിലേക്ക് കുടിവെള്ള വിതരണം സാധ്യമാണോ എന്ന് പരിശോധിക്കുമോ;

(സി) കല്ലനോട് കുടിവെള്ള പദ്ധതിയിലെ ജലലഭ്യത ശാസ്ത്രീയമായി പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാഫലം ലഭ്യമാക്കാമോ;

(ഡി) നായർ കോളനിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

### ഉത്തരം

(എ) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അൻപതോളം കുടുംബങ്ങൾ കുടിവെള്ള ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കല്ലനോട് കുടിവെള്ള പദ്ധതി ജല അതോറിറ്റി നിർമ്മാണം പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള പദ്ധതിയാണ്. ഈ പദ്ധതിയിൽനിന്നും നായർ കോളനിയിലേക്ക് കുടിവെള്ള വിതരണം സാധ്യമാണോയെന്ന് പരിശോധിച്ചിരുന്നു. കഴിഞ്ഞ വേനൽക്കാലത്ത് പ്രസ്തുത പദ്ധതിയുടെ കിണറിൽ പരമാവധി 50,000 ലിറ്റർ വെള്ളം മാത്രമേ പ്രതിദിനം പമ്പ് ചെയ്യാൻ സാധിച്ചിട്ടുള്ളൂ. ഈ വെള്ളം നിലവിലുള്ള കല്ലനോട് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് മാത്രമേ മതിയാകുകയുള്ളൂ.

(സി) കല്ലനോട് കുടിവെള്ള പദ്ധതിയിലെ ജലലഭ്യത ശാസ്ത്രീയമായി പരിശോധിച്ചിട്ടുണ്ട്. 5 മീറ്റർ വ്യാസമുള്ള കിണറിൽ വേനൽക്കാലത്ത് 2.50 മീറ്റർ ആഴത്തിൽ ലഭ്യമായ സ്റ്റോറേജ് 50000 ലിറ്റർ മാത്രമാണ്.

(ഡി) നായർ കോളനിയിൽ ജലനിധി മുഖേന ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി പ്രസ്തുത കോളനിയിലേയ്ക്ക് കുടിവെള്ള പദ്ധതിക്കായി പ്രാഥമിക പഠനം നടത്തിയിരുന്നെങ്കിലും സ്രോതസ്സിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തത് കാരണം പദ്ധതി തയ്യാറാക്കാനായിട്ടില്ല.

## കൊയിലാണ്ടിയിലെ കിഫ്ബി കുടിവെള്ള പദ്ധതി

216 (6289) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കൊയിലാണ്ടിയിൽ നടന്നുവരുന്നതും കിഫ്ബി വഴി 85 കോടി രൂപ അനുവദിച്ചതുമായ ഒന്നാംഘട്ടം കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടം (ഡിസ്ട്രിബ്യൂഷൻ) നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; അറിയിക്കുമോ ;

(സി) ഡിസ്ട്രിബ്യൂഷൻ പ്ലാനിന് ധനകാര്യ അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഡിസ്ട്രിബ്യൂഷൻ പദ്ധതിയുടെ ഫയൽ നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലകൾ ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിനുവേണ്ടി 89 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) അനുമതി ലഭിച്ചിട്ടില്ല.

(ഡി) സർക്കാരിൽനിന്നും പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയതിനുശേഷം ടി പദ്ധതി കിഫ്ബിയിൽ സമർപ്പിച്ചാണ് ഭരണാനുമതി ലഭ്യമാക്കുന്നത്.

## കോന്നി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

217 (6290) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രവൃത്തി ആരംഭിച്ച പദ്ധതികൾ ഏതെങ്കിലും പൂർത്തിയാക്കാനുണ്ടോ; വിശദവിവരം നൽകുമോ;

(സി) പുതിയ പദ്ധതികൾ ഏതെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് താമസംവിനാ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോന്നി നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മൈലപ്ര ഗ്രാമീണ കുടിവെള്ള പദ്ധതി
2. പൂതനാംകുഴി ഗ്രാമീണ കുടിവെള്ള പദ്ധതി
3. മലയാലപ്പുഴ ഗ്രാമീണ കുടിവെള്ള പദ്ധതി
4. കോന്നി-അരുവാപ്പുലം ഗ്രാമീണ കുടിവെള്ള പദ്ധതി
5. കോന്നി-താഴം ഗ്രാമീണ കുടിവെള്ള പദ്ധതി
6. വള്ളിക്കോട്-കൊട്ടമൺ ഗ്രാമീണ കുടിവെള്ള പദ്ധതി
7. ചിറ്റാർ ഗ്രാമീണ കുടിവെള്ള പദ്ധതി
8. സീതത്തോട് ഗ്രാമീണ കുടിവെള്ള പദ്ധതി
9. പ്രമാടം ഗ്രാമീണ കുടിവെള്ള പദ്ധതി
10. മലപ്പാറ ഗ്രാമീണ കുടിവെള്ള പദ്ധതി
11. താന്നിത്തോട് ഗ്രാമീണ കുടിവെള്ള പദ്ധതി
12. കൂടൽ ഏനാദിമംഗലം ഗ്രാമീണ കുടിവെള്ള പദ്ധതി
13. സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 909 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ 13 mld ജലശുദ്ധീകരണശാലയുടെ ഇൻടേക്ക് കിണർ, പമ്പ്ഹൗസ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി.

<u>വാട്ടർ അതോറിറ്റി നടപ്പിലാക്കി ബെനിഫിഷറി കമ്മിറ്റിക്ക് കൈമാറിയ ചെറുകിട പദ്ധതികൾ</u>

1. പ്രമാടം പഞ്ചായത്തിലെ വേങ്ങവിള - ചുവടുപാറ പദ്ധതി
2. അരുവാപ്പുലം പഞ്ചായത്തിലെ കനകക്കുന്ന് കുടിവെള്ള പദ്ധതി
3. കലഞ്ഞൂർ പഞ്ചായത്തിലെ കുറിഞ്ഞി കുടിവെള്ള പദ്ധതി
4. അരുവാപ്പുലം പഞ്ചായത്തിലെ പ്ലാത്തടം-മുറ്റാംകുഴി കുടിവെള്ള പദ്ധതി
5. കലഞ്ഞൂർ പഞ്ചായത്തിലെ ഇഞ്ചിപ്പാറ-പാക്കാണം കുടിവെള്ള പദ്ധതി

(ബി)

1. പത്തനംതിട്ട ഡിവിഷന് കീഴിൽ ചെറുകിട പദ്ധതിയിൽ ഉൾപ്പെട്ട പ്രമാടം പഞ്ചായത്ത് മേലേമുരുപ്പുമണ്ണ് ഭാഗം കുടിവെള്ള പദ്ധതി പൂർത്തീകരിക്കാനുണ്ട്.

2. പ്രമാടം പഞ്ചായത്തിലെ പനനിൽക്കുംമുകൾ കുടിവെള്ള പദ്ധതി, ഗംഗ കുടിവെള്ള പദ്ധതി എന്നിവ ആരംഭിക്കുവാനുണ്ട്.

3. അടൂർ പ്രോജക്റ്റ് ഡിവിഷന് കീഴിൽ കോന്നി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. പദ്ധതി മാർച്ച് മാസം 2020-ൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

4. സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം (12000 ലക്ഷം രൂപയുടെ ഭരണാനുമതി) പാക്കേജ് ഒന്നിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വർക്ക് ഓർഡർ നൽകി.

   കൂടാതെ കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ:

5. കോന്നി, അരുവാപ്പുലം-250mm AC ഗ്രാവിറ്റി മെയിൻ മാറ്റി 250 mm DI സ്ഥാപിക്കുന്ന പ്രവൃത്തി. എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

6. കിഫ്ബി-വള്ളിക്കോട് കൊടുമൺ-വള്ളിക്കോട് TP മുതൽ വാഴമുട്ടം കുരിശുവരെയും സീയോൺകുന്ന് മുതൽ കൊടുമൺ വരെയുമുള്ള AC പൈപ്പ് മാറ്റി സ്ഥാപിക്കൽ. റീടെണ്ടർ നടപടിയിലാണ്.

7. കിഫ്ബി കോന്നി ഊട്ടുപാറ ഗ്രാവിറ്റി മെയിൻ മാറ്റി സ്ഥാപിക്കൽ വർക്ക് ഓർഡർ നൽകി.

(സി) പ്രഖ്യാപിച്ചിട്ടില്ല.

## മാള, ചാലക്കുടി നിയോജകമണ്ഡലങ്ങളിൽ ജല അതോറിറ്റിയുടെ പ്രവൃത്തികൾ ചെയ്ത കരാറുകാരുടെ ബിൽ

218 (6291) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018- ലെ പ്രളയത്തോടനുബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ മാള, ചാലക്കുടി നിയോജകമണ്ഡലങ്ങളിൽ ജല അതോറിറ്റിയുടെ പ്രവൃത്തികൾ ചെയ്ത കരാറുകാരുടെ ബില്ല് മാറിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) ഇവർക്ക് അടിയന്തരമായി ബില്ല് മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിക്ക് സംസ്ഥാന സർക്കാരിൽനിന്നും G.O. (Rt)No.551/2018/DMD തീയതി 2-11-2018 ഉത്തരവ് പ്രകാരം 16.62 കോടി രൂപ വിട്ടുതൽ ചെയ്തു നൽകാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകി. ഇതിൽ മേൽപ്പറഞ്ഞ ഉത്തരവിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ കേരള വാട്ടർ അതോറിറ്റിക്ക് 2.34 കോടി രൂപ ലഭ്യമാക്കി നൽകി. ഈ തുക ബില്ലുകളുടെ സീനിയോറിറ്റി പരിഗണിച്ച് കരാറുകാർക്ക് നൽകി. സർക്കാർ അനുവദിച്ച തുകയുടെ ബാക്കിയായ 14.28 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് വിട്ടുതൽ നൽകുവാനുള്ള പ്രവൃത്തികൾ തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഓഫീസിൽ നടന്നുവരുന്നു. G.O.(Rt)No.910/2018/WRD തീയതി 21-12-2018 ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ പുനരുദ്ധീകരിക്കുന്നതിനുവേണ്ടി 65.03 കോടി രൂപയുടെ പണികൾക്ക് ഭരണാനുമതി നൽകിയെങ്കിലും തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

(സി) ജല അതോറിറ്റിക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകളുടെ സീനിയോറിറ്റി പരിഗണിച്ച് തുക നൽകുന്നതാണ്.

**തൊഴിലാളികളുടെ പെൻഷൻ**

219 (6292) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ഏത് തരം പെൻഷനാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കോൺട്രിബ്യൂട്ടറി പെൻഷൻ സംഘടിത വ്യവസായ മേഖലയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡുകൾ വഴി ഇപ്പോൾ തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ വളരെ തുച്ഛമാണെന്നത് വസ്തുതയല്ലേ; എങ്കിൽ ഇത് കാലോചിതമായ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സംഘടിത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ഇ.പി.എഫ്. പെൻഷനാണ് നിലവിലുള്ളത്. കൂടാതെ തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക-വാണിജ്യസ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകൾ സ്വന്തം ഫണ്ടിൽ നിന്നും പെൻഷൻ തൊഴിലാളികൾക്ക് നൽകി വരുന്നു.

(ബി) ഇല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-ൽ ക്ഷേമനിധി പെൻഷനുകൾ 600 രൂപയിൽനിന്നും 1000 രൂപയായും 2017-ൽ 1100 രൂപയായും 2019-ൽ 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

**തോട്ടം തൊഴിലാളി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

220 (6293) <u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട കുത്തക കമ്പനികളുടെ ഇടപെടലിന്റെ ഫലമായി തേയില, കാപ്പി തുടങ്ങിയ ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ വില ഉയർന്നു നിൽക്കുമ്പോഴും ചെറുകിട കർഷകർക്ക് പച്ച തേയിലയ്ക്കും കാപ്പിക്കുരുവിനും ന്യായവില ലഭിക്കാത്തത് കർഷകരോടൊപ്പം തോട്ടം തൊഴിലാളികളെയും പ്രതിസന്ധിയിലാക്കിയിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നതിനും അവർക്ക് ഇ.എസ്.ഐ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വാസയോഗ്യമായ ഭവനങ്ങൾ നല്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) തോട്ടം തൊഴിലാളികൾ ഏറ്റവും അധികം കേന്ദ്രീകരിച്ചിരിക്കുന്ന മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 27-2-2019-ന് നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് 2019 ഫെബ്രുവരി മാസം മുതൽ പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസം നൽകുവാൻ ധാരണയിലെത്തി കരാറുണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത ധാരണ പ്രകാരമുള്ള ആനുകൂല്യം തൊഴിലാളികൾക്ക് ലഭിച്ചു വരുന്നുണ്ട്. വേതന പരിഷ്കരണം സംബന്ധിച്ച് വിഷയം ചർച്ച ചെയ്യുന്നതിന് വേണ്ടി 14-11-2019-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിരുന്നു. തുടർയോഗം 21-11-2019-ന് ചേരുവാൻ നിശ്ചയിച്ചിട്ടുണ്ട്.

തോട്ടം മേഖലയെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട്, ലൈഫ് പദ്ധതി മുഖേന ലഭ്യമാക്കാൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ നടത്തിപ്പിനായി ലൈഫ് മിഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സംസ്ഥാനത്തെ തോട്ടം തൊഴിലാളികളെ നാല് കാറ്റഗറിയായി തരം തിരിച്ച് തൊഴിൽ വകുപ്പ് നടത്തിയ സർവ്വേയിൽ 32591 പേർ ഭൂരഹിതരും ഭവനരഹിതരുമാണെന്ന് കണ്ടെത്തുകയും ടി സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരം ലൈഫ് മിഷന് സമർപ്പിച്ചിട്ടുള്ളതുമാണ്.

ടി പദ്ധതി പ്രകാരം തോട്ടം മേഖലയിൽ ജോലി ചെയ്യുന്നതും സ്വന്തമായി സ്ഥലമുള്ളതും ഭവനരഹിതരുമായ തൊഴിലാളികൾക്ക് 4 ലക്ഷം രൂപ ചെലവിൽ 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങളും സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും നിർമ്മിച്ചു നൽകുവാനാണ് ലക്ഷ്യമിടുന്നത്. ഇതിലേക്കായി ലൈഫ് മിഷൻ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 10 പേരെ തെരഞ്ഞെടുക്കുകയും, ഇവർക്കുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിന് കീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും ടി ഭൂമി റവന്യൂ വകുപ്പിൽ നിന്നും

കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. കൂടാതെ വയനാട്ടിൽ പ്രളയബാധിതരായ തോട്ടം തൊഴിലാളികൾക്ക് ബിവറേജസ് കോർപ്പറേഷന്റെ CSR ഫണ്ട് ഉപയോഗിച്ച് 100 വീടുകൾ നിർമ്മിച്ചു നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) മൂന്നാറിൽ ഡെപ്യൂട്ടി ലേബർ ഓഫീസ്, പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ് എന്നിവ റ്റാറ്റാ ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാസവാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. തോട്ടം തൊഴിലാളികളുടെ ക്ഷേമവും പരാതി പരിഹാരവും കണക്കിലെടുത്ത് ഒരു ലേബർ ഓഫീസ് കോംപ്ലക്സ് മൂന്നാറിൽ സ്ഥാപിക്കുന്നതിന് നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച ഡി.പി.ആർ. സർക്കാർ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും യോഗ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും നിർമ്മാണ ഏജൻസിയുമായി കരാർ ഏർപ്പെടുകയും കരാറിലെ വ്യവസ്ഥ പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് ആയി 40 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

## ഒഡെപെക് മുഖേന തൊഴിലവസരം

221 (6294) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഡെപെക് മുഖേന ഏതെല്ലാം രാജ്യങ്ങളിലേക്ക് ഏതെല്ലാം തസ്തികയിൽ എത്രപേർക്ക് തൊഴിലവസരം ലഭ്യമാക്കി എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം രാജ്യം തിരിച്ച് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഡെപെക് മുഖേന സൗദി അറേബ്യ, കുവൈറ്റ്, ഒമാൻ, ഖത്തർ, യ.എ.ഇ., അയർലൻഡ്, യു.കെ എന്നിവിടങ്ങളിലേയ്ക്ക് സ്റ്റാഫ് നഴ്സ്, ടെക്നീഷ്യൻ, സെയിൽസ് മാർക്കറ്റിംഗ്, ഓഫീസ് സ്റ്റാഫ്, ഡ്രൈവർ, സെക്യൂരിറ്റി സ്റ്റാഫ്, എഡ്യൂക്കേറ്റർ, എഞ്ചിനീയർ, ഡോക്ടർ എന്നീ തസ്തികകളിലായി 1368 പേർക്ക് തൊഴിലവസരം ലഭ്യമാക്കി.

(ബി) വിശദാംശം രാജ്യം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | സൗദി അറേബ്യ | കുവൈറ്റ് | ഒമാൻ | ഖത്തർ | യു. എ.ഇ. | അയർലൻഡ് | യു. കെ. | ആകെ |
|---|---|---|---|---|---|---|---|---|
| 2016-17 | 363 | - | - | 2 | 190 | 4 | - | 559 |
| 2017-18 | 219 | 1 | 16 | - | 65 | 2 | 3 | 306 |
| 2018-19 | 220 | - | 2 | - | 92 | 1 | 16 | 331 |
| 2019-20 | 124 | - | 2 | - | 11 | - | 35 | 172 |

**ഒഡെപെക് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

222 (6295) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഡെപെക് മുഖേന എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഡെപെക്കിൽ നഴ്സുമാർക്ക് യു.കെ.-യിലെ NHS ട്രസ്റ്റ് ഹോസ്പിറ്റലുകളിൽ ജോലി ചെയ്യാൻ അവസരമൊരുക്കുന്ന 'ഗ്ലോബൽ ലേണേഴ്സ് പ്രോഗ്രാം' എന്ന പദ്ധതിക്ക് തുടക്കമിട്ടു. വിദേശ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ നഴ്സുമാരെ പ്രാപ്തരാക്കുന്നതിനുവേണ്ട അടിസ്ഥാന യോഗ്യതകളായ IELTS, OET എന്നിവയ്ക്ക് പരിശീലനം നൽകുന്നതിനുള്ള പരിശീലനകേന്ദ്രങ്ങൾ തിരുവനന്തപുരം, എറണാകുളം, ഡൽഹി എന്നിവിടങ്ങളിൽ ആരംഭിക്കുകയും ഇതിനായി ട്രെയിനിംഗ് ഡിവിഷൻ ആരംഭിക്കുകയും ചെയ്തു. വിദേശ/ആഭ്യന്തര വിനോദയാത്ര പാക്കേജ് ടൂറുകൾ സംഘടിപ്പിക്കുന്നതിന് ടൂർ ഡിവിഷൻ ആരംഭിച്ചു. മാലിദ്വീപ് ആരോഗ്യമന്ത്രാലയത്തിലേയ്ക്ക് ഹെൽത്ത് കെയർ പ്രൊഫഷണൽസിനെ റിക്രൂട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

**തൊഴിൽരംഗത്തെ ചൂഷണം കുറയ്ക്കാൻ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ**

223 (6296) ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രംഗത്തെ ചൂഷണം കുറച്ചുകൊണ്ടു വരുന്നതിനായി തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) തൊഴിൽ നിയമങ്ങളെയും മറ്റ് പരിഹാരമാർഗ്ഗങ്ങളെയും സംബന്ധിച്ച് സാധാരണക്കാരായ തൊഴിലാളികൾക്ക് സഹായകരമായ രീതിയിൽ അവബോധം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളും വാണിജ്യസ്ഥാപനങ്ങളുമടക്കമുള്ള തൊഴിലിടങ്ങളിൽ പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണിവരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും നടത്തുന്നുണ്ട്.

(ബി) ഉണ്ട്. വകുപ്പുമന്ത്രി തലത്തിലും ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർ (ഇ) എന്നിവരുടെ നേതൃത്വത്തിലും കൃത്യമായ ഇടവേളകളിൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ ജോലി അവലോകനം നടത്താറുണ്ട്.

(സി) വിവിധ തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് കൈപുസ്തകങ്ങൾ അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്വമാണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽവകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്.

സ്ഥാപന പരിശോധനാവേളയിൽ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ വിവിധ തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് തൊഴിലാളികളെയും ബോധവൽക്കരിക്കാറുണ്ട്.

വിവിധ തൊഴിൽ നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായി "തൊഴിൽ ക്ഷേമരംഗം" എന്ന പേരിൽ ഒരു ദ്വൈമാസിക സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്.

**ഒഡെപെക് ഏകജാലക സംവിധാനം**

224 (6297) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യം നേടുന്നവർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ഒഡെപെക് ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സംവിധാനം വഴി ഇതിനകം ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് തൊഴിൽ ലഭിച്ചു; വിശദമാക്കുമോ;

(സി) നെതർലാൻഡിൽ നഴ്സുമാരെ നിയമിക്കുവാൻ അവിടത്തെ സർക്കാർ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഒഡെപെക് വഴി നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒഡെപെക് ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(സി) ഇക്കാര്യത്തിൽ ചർച്ച നടത്തിയിരുന്നു. നെതർലാൻഡിൽ നഴ്സുമാരെ നിയമിക്കുന്നതിന് ഒഡെപെക് അപേക്ഷ ക്ഷണിച്ചിട്ടില്ല.

**വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ലഭ്യമാക്കുന്ന മൊബൈൽ ആപ്പ്**

225 (6298) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം ആർജ്ജിച്ചവർക്ക് സ്വയം തൊഴിൽ സാദ്ധ്യത കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് അവരുടെ സേവനം ഉപയോഗപ്പെടുത്താനുമായി തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാകുന്നുണ്ടോ;

(ബി) ഏതൊക്കെ തൊഴിൽ മേഖലകളിലുള്ളവരുടെ സേവനമാണ് മൊബൈൽ ആപ്പിലൂടെ ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുജനങ്ങൾക്ക് ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ലഭ്യമാക്കുന്ന മൊബൈൽ ആപ്പ് എന്നത്തേക്ക് തയ്യാറാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ദൈനംദിന ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ദ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാനുതകുന്ന മൊബൈൽ ആപ്ലിക്കേഷൻ "സ്കിൽരജിസ്ട്രി" എന്ന പേരിൽ തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, വ്യാവസായിക പരിശീലന വകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വകുപ്പ് എന്നിവരുടെ സഹകരണത്തോടെ പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന രീതിയിൽ 10-7-2019-ൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലാണ് സേവനം ലഭ്യമാക്കിരിക്കുന്നത്.

തൊഴിൽ വൈദഗ്ദ്ധ്യമുള്ളവർക്ക് സർവ്വീസ് പ്രൊവൈഡറായും ഇവരുടെ സേവനം ആവശ്യമുള്ളവർക്ക് കസ്റ്റമറായും ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രാഥമിക ഘട്ടത്തിൽ വ്യാവസായിക പരിശീലന വകുപ്പ് കുടുംബശ്രീ വഴി പരിശീലനം ലഭിച്ച തിരുവനന്തപുരം ജില്ലയിലെ വിദഗ്ദ്ധ തൊഴിലാളികളെ ഈ

ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ചുവരികയാണ്. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെ AC, Washing Machine, Refrigerator, Oven, Fan/Iron Box, Computer, Mixer & Grinder Service and Repair, Electrician, Plumber, Carpenter, Painter, Coconut Climber, Day care-Child care in home, Driver, Gardening & Landscaping Geriatric care-in home/hospitals, Grass cuttting, Home Cleaning/House Keeping, House Maid, Laundry & Ironing, Masonry-Small Construction work/Renovation/Compost pit/Ring work, Mobile Beauty Parlour – Service at home,Santhwnam-Health check up at home (Sugar, Cholesterol, BP), Television Repair and Installation എന്നിങ്ങനെ 24 സേവനമേഖലകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലൂടെ പൊതുജനങ്ങൾക്ക് സർട്ടിഫൈഡ് ടെക്നീഷ്യന്മാരെയും സ്വയംതൊഴിൽ വൈദഗ്ദ്ധ്യമുള്ള സേവനദാതാക്കളെയും ഒറ്റ ക്ലിക്കിൽ കണ്ടെത്താൻ സാധിക്കും

(സി) ഐ.ടി.ഐ., കുടുംബശ്രീ ട്രെയിനിംഗ് പ്രോഗ്രാം വഴി രജിസ്റ്റർ ചെയ്യുന്നവരെ അതതു വകുപ്പുകൾതന്നെ സാക്ഷ്യപ്പെടുത്തി അപ്രൂവൽ ചെയ്യുന്ന സംവിധാനമാണ് ഇതിൽ ഏർപ്പെടുത്തിയിട്ടുള്ളത്. വാർഡുതലത്തിൽ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഇല്ലാതെ വരുന്ന തൊഴിൽ വൈദഗ്ദ്ധ്യമുള്ള വ്യക്തികളെ കണ്ടെത്തി സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിക്കുന്നതിന് പഞ്ചായത്തുതലത്തിലെ വാർഡ് മെമ്പർമാർ അതത് മേഖലയിലെ അവരുടെ പ്രവൃത്തിപരിചയംകൂടി വിലയിരുത്തി പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്.

സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷനിലൂടെ ഇടനിലക്കാരില്ലാതെ വ്യക്തികൾക്ക് സ്വന്തം കഴിവിനനുസരിച്ചുള്ള തൊഴിൽസാധ്യത കണ്ടെത്താനും ഉപഭോക്താക്കൾക്ക് അവരുടെ ആവശ്യങ്ങൾക്കനുയോജ്യമായ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാനും സാധിക്കും.

(ഡി) പൊതുജനങ്ങൾക്ക് ദൈനംദിന ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ലഭ്യമാക്കുന്ന മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലാണ് ഇതിന്റെ സേവനം ലഭ്യമാക്കിയിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയശേഷം മറ്റ് ജില്ലകളിലും വ്യാപിപ്പിക്കും.

## തൊഴിൽ നൈപുണ്യ മേഖലയിലെ പദ്ധതികൾ

226 (6299) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ നൈപുണ്യ മേഖലയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്നതരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താൽപ്പര്യം കണക്കിലെടുത്തുകൊണ്ട് മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തക്കവിധത്തിലും തൊഴിൽമേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുമാണ് പരിശീലന പദ്ധതികൾ KASE ആവിഷ്കരിച്ചുവരുന്നത്. നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ
3. കൗശൽ കേന്ദ്രങ്ങൾ
4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
5. അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ
6. സ്റ്റേറ്റ് ജോബ് പോർട്ടൽ
7. സ്കിൽ രജിസ്ട്രി

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

1. എംപ്ലോയബിലിറ്റി സെന്ററുകൾ
2. കരിയർ ഡെവലപ്മെന്റ് സെന്റർ

**നവജീവൻ പദ്ധതി**

227 (6300) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലും, കാർഷിക രംഗത്തും ആവശ്യമുള്ള തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനകം എത്ര പേർക്ക് ഈ മേഖലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകി;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അമ്പത്തിയഞ്ചിനും അറുപത്തിയഞ്ചിനും ഇടയിൽ വയസ്സുള്ളവർക്ക് നവജീവനെന്ന പേരിൽ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വകാര്യമേഖലയിൽ ആവശ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ വഴി സംഘടിപ്പിക്കുന്ന ജോബ് ഫെയറുകൾ/പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്വകാര്യമേഖലയിൽ തൊഴിലാളികളെ ലഭ്യമാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറും നടത്തിവരുന്നു. പ്ലാന്റേഷൻ കോർപ്പറേഷൻ, അഗ്രിഫാം, റബ്ബർ ബോർഡ്, തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്ക് കാർഷികരംഗത്ത് ആവശ്യമായ തൊഴിലാളികളെ ഉദ്യോഗദായകന്റെ ആവശ്യാനുസരണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നൽകാറുണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകൾ വഴി 2019 ആഗസ്റ്റ് 31 വരെ 1380 ജോബ് ഫെയറുകൾ സംഘടിപ്പിക്കുകയും അതുവഴി 52289 പേർക്ക് സ്വകാര്യ മേഖലയിൽ ജോബ് ഓഫറുകൾ നൽകിയിട്ടുമുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ വഴി നാളിതുവരെയായി 29 പ്ലേസ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കുകയും 849 പേർക്ക് സ്വകാര്യമേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വകുപ്പ് നടത്തിവരുന്ന നിയുക്തി തൊഴിൽ മേളകളിലൂടെ നാളിതുവരെ 23692 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ വകുപ്പ് നേരിട്ട് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് നവജീവൻ. ഈ പദ്ധതിക്ക് 20-3-2017-ലെ സ.ഉ.(കൈ) നമ്പർ 16/17/തൊഴിൽ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ കരട് ചട്ടങ്ങൾക്ക് അംഗീകാരം നൽകുന്നത് സർക്കാരിന്റെ പരിശോധനയിലാണ്. നവജീവൻ പദ്ധതിക്ക് രണ്ട് ഘടകങ്ങളുണ്ട്. സ്വയംതൊഴിൽ പദ്ധതിയും ഡാറ്റാ ബാങ്കും. മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളിലൂടെ പലിശരഹിത വായ്പ നൽകാനാണ് സ്വയംതൊഴിൽ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. വിവിധ മേഖലകളിൽ പരിചയവും വൈദഗ്ധ്യവുമാർജ്ജിച്ചിട്ടുള്ള മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിന്റെ ഉന്നമനത്തിനും പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതാണ് പദ്ധതിയുടെ രണ്ടാമത്തെ ഘടകംകൊണ്ട് ഉദ്ദേശിക്കുന്നത്. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്**

228 (6301) <u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ:</u>
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ നൈപുണ്യ വികസന പദ്ധതികളുടെ ഏകോപനത്തിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നവീന തൊഴിൽ മേഖലകളിലേയ്ക്ക് യുവജനതയെ സജ്ജരാക്കുന്നതിന് എന്തെല്ലാം ഗവേഷണങ്ങളും നൂതന ആശയങ്ങളുമാണ് 'കെയ്സ്' മുഖേന പരിപോഷിപ്പിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കെയ്സ്-ന്റെ കീഴിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ വഴി എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നത്;

(ഡി) ഏതെല്ലാം നൈപുണ്യ വികസന മേഖലകളിലാണ് 'കെയ്സ്'-ന്റെ കീഴിൽ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്നും കെയ്സ്-നെ സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ ആയി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ടോ എന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവയ്ക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതിനുമായി ഭരണപരമായ ഒരു ചട്ടക്കൂട് രൂപീകരിക്കുകയും അതിന്റെ ഭാഗമായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ സ്കിൽ സെക്രട്ടേറിയറ്റായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായപ്രമുഖർ, വിവിധ സ്ഥാപനങ്ങൾ /വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഭരണപരമായ ചട്ടക്കൂടിന്റെ മറ്റൊരു ഘടകമായ "സ്കിൽ ലൈസിയം" സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റിന്റെ ചിന്താ കേന്ദ്രമായി പ്രവർത്തിക്കും. പ്രസ്തുത ലൈസിയം പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നതോടെ തൊഴിൽ നൈപുണ്യ വിടവ് മനസ്സിലാക്കുന്നതിനും വിശദമായ പഠനങ്ങൾ നടത്തുന്നതിനും നൂതന ആശയങ്ങൾ പരിപോഷിപ്പിക്കുന്നതിനും സാധ്യമാകുന്നതാണ്.

(സി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി അതിനനുസൃതമായ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇന്റർവ്യൂ സ്കിൽസ്, ഐ.ടി. സ്കിൽസ് എന്നിവയിൽ പരിശീലനം നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ തൊഴിൽ മേളകളിലൂടെ സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

(ഡി) നഴ്സിംഗ്, ഓയിൽ ആൻഡ് റിഗ് സെക്യൂരിറ്റി, ടീച്ചിംഗ്, വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, കൺസ്ട്രക്ഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ, ഡിസൈൻ എന്നീ മേഖലകളിലാണ് നിലവിൽ 'KASE'-ന്റെ കീഴിൽ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. ദേശീയ സംസ്ഥാന ജില്ലാതലങ്ങളിലുള്ള നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി KASE- നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

## തൊഴിൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം

229 (6302) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽമേഖല ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റിൽപ്പെടുന്നതാണോ; എങ്കിൽ തൊഴിലാളികൾക്ക് പ്രയോജനകരമായി തൊഴിൽ നിയമങ്ങൾ കൊണ്ടുവരുവാനും നിലവിലുള്ളവയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

അതെ. സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമങ്ങളിൽ ഭേദഗതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുമുണ്ട്. കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പിഴശിക്ഷ വർദ്ധിപ്പിക്കുന്നതിനും ഷോപ്പുകളിൽ തൊഴിലാളികൾക്ക് ഇരിക്കാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) നിയമം, 2018 ഭേദഗതി വരുത്തിയിട്ടുണ്ട്. എല്ലാ തൊഴിലാളികൾക്കും അവധി ലഭിക്കാനുതകുന്ന തരത്തിലും രാജ്യത്ത് ഇലക്ഷൻ നടക്കുന്ന ദിവസം തൊഴിലാളികൾക്ക് അവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആൻഡ് ഫെസ്റ്റിവെൽ ഹോളിഡെയ്സ്) ആക്ട് 1958-ന്റെ ഒരു ഭേദഗതി ബിൽ സമർപ്പിച്ചിട്ടുണ്ട്. പേമെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം സംസ്ഥാനത്ത് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ ക്ലെയിം അതോറിറ്റിയായി നിയമിക്കാനുള്ള വിജ്ഞാപനം പേമെന്റ് ഓഫ് വേജസ് ആക്ടിന്റെ പരിഗണനയിലാണ്. കൂടാതെ മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേവല വേതന അവകാശ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ തൊഴിൽ നിയമ പരിരക്ഷ ലഭിക്കാത്ത അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക ജീവനക്കാർക്കായി വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് സേവന വേതന ക്രമീകരണ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

## സ്വകാര്യമേഖലയിലെ വനിതാ ജീവനക്കാരുടെ പ്രസവാവധി

230 (T*6303) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലെ വനിതാ ജീവനക്കാർക്ക് ശമ്പളത്തോടെ പ്രസവാവധി നൽകുവാൻ നിയമം കൊണ്ടുവരുമോ;

(ബി) സർക്കാർ തസ്തികയിലെ സമാന തസ്തികയിൽ ജോലി ചെയ്യുന്ന സ്വകാര്യ മേഖലയിലെ ഉദ്യോഗസ്ഥർക്ക് സമാന വേതനം നൽകുവാൻ നിയമ നിർമ്മാണം കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്കായി മെഡിസെപ്പ് പോലുള്ള പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം മൈനുകൾ, പ്ലാന്റേഷൻ, കടകൾ, മറ്റ് വാണിജ്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന സംഘടിതവും അസംഘടിതവുമായ മേഖലകളിൽ നേരിട്ടോ ഏജൻസി മുഖേനയോ നിയമനം ലഭിച്ച എല്ലാ വനിതാ ജീവനക്കാരും ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നു. പ്രസ്തുത നിയമത്തിലെ രണ്ടാം വകുപ്പ് പ്രകാരം സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഏതെങ്കിലും സ്ഥാപനങ്ങളെയോ വ്യവസായങ്ങളെയോ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം കേരള സംസ്ഥാനത്തെ സ്വകാര്യ/അൺ എയ്ഡഡ് സ്കൂളുകളിലെ സ്ത്രീ ജീവനക്കാർക്കും മേറ്റേണിറ്റി ബെനിഫിറ്റ് ആക്ട് ബാധകമാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ശിപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## അസംഘടിതമേഖലയിലെ തൊഴിൽനയം

231 (6304) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും, അവ പരിഹരിക്കുന്നതിനും കഴിയുന്ന ഒരു വകുപ്പായി തൊഴിൽ വകുപ്പിനെ മാറ്റിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ;

(ബി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച തൊഴിൽ നയം മൗലികമായ തൊഴിൽ പ്രശ്നങ്ങളിൽ നിസ്സംഗത പാലിക്കുന്നതും, അസംഘടിത മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നും ഇല്ലാത്തതുമാണെന്ന വിമർശനം വസ്തുതാപരമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ;

(സി) അനൗപചാരിക തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രതിദിനമുള്ള കുറഞ്ഞ കൂലി അറുന്നൂറ് രൂപയായി ഉയർത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ഡി) എല്ലാ പരമ്പരാഗത വ്യവസായങ്ങളിലും ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ തൊഴിൽ തർക്കങ്ങൾ വളരെ കുറഞ്ഞ തോതിലാണ് റിപ്പോർട്ട് ചെയ്യുന്നത്. തൊഴിൽ മേഖലയിൽ തർക്കങ്ങളുണ്ടാകുമ്പോൾ തൊഴിൽ വകുപ്പിലെ അനുരഞ്ജന ഉദ്യോഗസ്ഥർ യഥാസമയം തർക്കങ്ങളിലിടപെട്ട് പരാതിക്ക് രമ്യമായ പരിഹാരം കാണാറുണ്ട്.

(ബി) ടി വിമർശനം വസ്തുതാപരമല്ല. അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനവും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തി നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയാക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് തൊഴിൽ നയപ്രകാരം പ്രഖ്യാപിച്ചിട്ടുള്ളത്.

(ഡി) 2010-11 സാമ്പത്തികവർഷം മുതൽ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് വരുമാനം താങ്ങൽ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) നടപ്പാക്കിവരുന്നു. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയായ കയർ, ഫിഷറീസ്, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി & സിഗാർ, കശുവണ്ടി എന്നീ മേഖലയിലെ തൊഴിലാളികൾക്ക് വർഷത്തിൽ 60 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്കവിധത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1250 രൂപ ഒരു തൊഴിലാളിക്ക് സാമ്പത്തിക സഹായമായി അനുവദിച്ചുവരുന്നു. 1-10-2010 മുതൽ പദ്ധതി നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ പരമ്പരാഗത വ്യവസായ മേഖലകളിലും പദ്ധതി നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### ചുമട്ടുതൊഴിലാളികൾക്കായുള്ള ഇൻഷ്വറൻസ് പദ്ധതി

232 (6305) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളികൾക്കായി സർക്കാർ നടപ്പിലാക്കിവരുന്ന ഇൻഷ്വറൻസ് പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ചുമട്ടുതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിവരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയുടെ കീഴിൽ വരുന്ന 804 തൊഴിലാളികൾ ഇ.എസ്.ഐ.-യുടെ പരിധിയിൽവരുന്നു. ബാക്കിയുള്ള 120 കാര്യാലയങ്ങൾക്കുകീഴിൽ പണിയെടുക്കുന്ന അൺഅറ്റാച്ച്ഡ് വിഭാഗം, സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ല. എന്നാൽ തൊഴിലാളികൾക്കും ആശ്രിതർക്കും 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിൽ വ്യവസ്ഥ ചെയ്യുംപ്രകാരം ചികിത്സ/അപകട ആനുകൂല്യങ്ങൾ ലഭ്യമാക്കിവരുന്നു. ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായി നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ക്രമക്കേട്

233 (6306) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയതിൽ കോടിക്കണക്കിന് രൂപയുടെ തിരിമറി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് തിരിമറി കണ്ടെത്തിയത്; എത്ര കോടി രൂപയുടെ തിരിമറിയാണ് കണ്ടെത്തിയത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട് തിരിമറികളൊന്നും കണ്ടെത്തിയിട്ടില്ല. എന്നാൽ ബോർഡിന്റെ മലപ്പുറം ജില്ല ആഫീസിൽ അംശദായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് തിരിമറി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ, പോലീസ് എഫ്.ഐ.ആർ. നമ്പർ 136/19 നമ്പർ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിരിക്കുന്നു.

## നിർമ്മാണത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

234 (6307) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണത്തൊഴിലാളികൾക്കായി എന്തൊക്കെ ക്ഷേമ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) 2018-ൽ നാഷണൽ ക്യാമ്പയിൻ കമ്മിറ്റി ഫോർ സെൻട്രൽ ലെജിസ്ലേഷൻ ഓൺ കോൺട്രാക്ട് ലേബർ എന്ന സംഘടന നൽകിയ കേസ്സിൽ, നിർമ്മാണത്തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകണമെന്നാണ് സുപ്രീംകോടതി വിധിച്ചതെന്ന് അറിയിക്കുമോ ;

(സി) നിർമ്മാണ തൊഴിൽ മേഖലയിൽ നിലവിലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടത്തണമെന്ന സുപ്രീകോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നാഷണൽ ക്യാമ്പയിൻ കമ്മിറ്റി ഫോർ സെൻട്രൽ ലെജിസ്ലേഷൻ ഓൺ കൺസ്ട്രക്ഷൻ ലേബർ എന്ന സംഘടന നൽകിയ കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 4-10-2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രാലയം ഇതുസംബന്ധിച്ച് കരട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം വിഭാവനം ചെയ്തിട്ടുള്ള ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ജീവനും അവശതയ്ക്കുമുള്ള ധനസഹായം (Life and disability cover)
2. ആരോഗ്യം-പ്രസവ ധനസഹായം (Health and Maternity cover)
3. വിദ്യാഭ്യാസം (Education)
4. ഭവന പദ്ധതി (Housing)
5. നൈപുണ്യ വികസനം (Skill development)
6. അവയർനെസ് പദ്ധതികൾ (Awareness Programs)
7. പെൻഷൻ (Pension)

(സി) സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഒരു ഘടന തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതന വ്യവസ്ഥകൾ**

235 (6308) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ വേതനം 20,000 രൂപയായി നിജപ്പെടുത്തണമെന്നും ഇരുനൂറിനു മുകളിൽ കിടക്കകളുള്ള ആശുപത്രികളിൽ സർക്കാർ നഴ്സിന് തുല്യമായ വേതനം ഇവർക്ക് നൽകണമെന്നും സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റി ശിപാർശ നൽകിയിരുന്നോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ശിപാർശ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതു സംബന്ധിച്ച് മിനിമം വേജസ് കമ്മിറ്റി എന്ത് തീരുമാനമാണ് എടുത്തതെന്ന് വിശദമാക്കുമോ;

(ഡി) ബഹു. സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റി ശിപാർശ ചെയ്ത അടിസ്ഥാന ശമ്പളം സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നൽകിയിരുന്നു.

(ബി) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ മിനിമം വേതനം അലവൻസുകളുൾപ്പെടെ 20,000 രൂപയായി നിശ്ചയിച്ചുകൊണ്ട് സർക്കാർ മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിനെതിരെ ആശുപത്രിയുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്യുകയും WP(c) 25524/18, WP(c) 23406/18 എന്നീ കേസ്സുകളിൽ ടി കേസ്സിലെ കക്ഷികൾക്ക് സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണ്. പത്ത് കേസ്സുകളിൽ മിനിമം വേതനം നടപ്പിലാക്കാത്ത തൊഴിലുടമകൾക്കെതിരെ coersive step എടുക്കുന്നത് താൽക്കാലികമായി വിലക്കിക്കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി&ഡി) സ്വകാര്യ ആശുപത്രി മിനിമം വേജസ് കമ്മിറ്റി, ടി സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശയുടെ കൂടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം അലവൻസുകളടക്കം 20,000 രൂപയായി നിശ്ചയിക്കുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശ പരിശോധിച്ച് സംസ്ഥാനത്ത് നഴ്സുമാരടക്കമുള്ള സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

## ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

236 (6309) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ബീഡി/ചുരുട്ട് തൊഴിലാളികൾക്ക് പുതിയ മേഖലകളിൽ തൊഴിലവസരങ്ങൾ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്; ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത തൊഴിലാളികൾക്ക് പരിശീലനം നൽകുന്നത്;ഇതിലൂടെ ഇതിനകം എത്ര തൊഴിലാളികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ കഴിഞ്ഞു; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ബീഡിയുടെ ഉപഭോഗത്തിലുണ്ടായ ഗണ്യമായ ഇടിവ്, പുകവലി നിരോധിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുകൾ, പുകവലിക്കെതിരായ സംഘടിതമായ ബോധവത്കരണം എന്നിവ സംസ്ഥാനത്തെ ബീഡി വ്യവസായമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബീഡി തൊഴിലാളികൾക്ക് പുതിയ മേഖലകളിൽ തൊഴിലവസരങ്ങൾ നൽകുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. ബ്രോയിലർ ചിക്കൻ ഫാം
2. മിനി പൗൾട്രി ഫാം
3. മിനി ക്വായിൽ ഫാം (കാടക്കോഴി വളർത്തൽ)
4. മിനി ഡെയറി ഫാം
5. മിനി ഗോട്ട് ഫാം
6. റെഡിമെയ്ഡ് ഗാർമെന്റ്സ് ആൻഡ് ടെയിലറിംഗ് യൂണിറ്റ്
7. ഫാൻസി ഷോപ്പ്
8. മൊബൈൽ ഫോൺ അക്സസ്സറീസ് ആൻഡ് റീചാർജ്ജ്
9. മൊബൈൽ ടീ ഷോപ്പ്
10. ബ്യൂട്ടി പാർലർ
11. ഹൗസ് ഹോൾഡ് ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്
12. വെൽഡിംഗ് യൂണിറ്റ്

കൂടാതെ തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടി കോളേജ് തലത്തിൽ ലാപ്ടോപ്പും സ്കൂൾതലത്തിൽ സൈക്കിൾ, അംഗപരിമിതിയുള്ള സ്കൂൾ കുട്ടികൾക്ക് ട്രൈ സൈക്കിൾ എന്നിവയും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കുന്നതിനായി സർക്കാർ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തൊഴിലാളികളുടെ കോളേജുതലത്തിലുള്ള കുട്ടികൾക്ക് ലാപ്ടോപ്പ്, സ്കൂൾ കുട്ടികൾക്ക് സൈക്കിൾ, അംഗപരിമിതിയുള്ള സ്കൂൾ കുട്ടികൾക്ക് ട്രൈ സൈക്കിൾ എന്നിവ തികച്ചും സൗജന്യമായാണ് നൽകുന്നത്. മറ്റ് പന്ത്രണ്ട് പദ്ധതികളിൽ 80% സർക്കാർ ഗ്രാന്റും 20% ഗുണഭോക്താക്കളും വഹിക്കണം. ഈ പന്ത്രണ്ട് പദ്ധതികൾക്കും പരിശീലനം നൽകും. മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ പരിശീലനം 460 പേർക്ക് ഇതിനകം നൽകി കഴിഞ്ഞു. പദ്ധതിയുടെ തുടർപ്രവർത്തനം നടന്നുവരുന്നു.

**കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യം**

237 (6310) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത് വയസ്സ് പൂർത്തീകരിച്ചവർക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് നൽകാനുള്ള അംശാദായ ആനുകൂല്യം ഇനിയും നൽകുവാനുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത ആനുകൂല്യം തിരികെ നൽകുവാനുള്ള എത്ര അപേക്ഷകരുണ്ടെന്ന് അറിയിക്കാമോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രസ്തുത ആനുകൂല്യം ലഭിക്കുവാനുള്ള അപേക്ഷകരുടെ കണക്ക് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2011 ജനുവരി മുതൽ 254298 അപേക്ഷകളിലായി 241 കോടിയോളം രൂപ അതിവർഷാനുകൂല്യമിനത്തിൽ കുടിശ്ശികയായിരുന്നു. മുൻസർക്കാർ ഈയിനത്തിൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് യാതൊരു സാമ്പത്തിക സഹായവും അനുവദിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തികവർഷത്തിൽ 30 കോടി രൂപയും 2018-19 സാമ്പത്തികവർഷത്തിൽ 100 കോടി രൂപയുമടക്കം 130 കോടി രൂപ പ്രത്യേക ധനസഹായമായി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് 2011 ഏപ്രിൽ മുതൽ 2013 ഡിസംബർ വരെയുള്ള ഒരു ലക്ഷത്തോളം അപേക്ഷകളിൽ അതിവർഷാനുകൂല്യ കുടിശ്ശിക നൽകാൻ ബോർഡിന് സാധിക്കുന്നതാണ്.

(ബി) ആലപ്പുഴ ജില്ലയിൽ 2019 സെപ്റ്റംബർ വരെ 23631 അപേക്ഷകർക്ക് ആനുകൂല്യം നൽകാനുണ്ട്.

(സി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടില്ലാത്തതിനാൽ ഓരോ വില്ലേജ്/പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ അറിയാൻ നിലവിൽ സംവിധാനമില്ല.

**തെങ്ങ് കയറ്റത്തൊഴിലാളികളുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

238 (6311) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും അപകടകരമായ മേഖലയിൽ ജോലി ചെയ്യുന്ന തെങ്ങ് കയറ്റ തൊഴിലാളികളുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് സർക്കാരിന്റെ കാലത്താണ് തെങ്ങ് കയറ്റ തൊഴിലാളികളുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കിയത് എന്ന് വെളിപ്പെടുത്താമോ;

(സി) എപ്പോഴും അപകടം സംഭവിക്കാൻ സാധ്യതയുള്ള മേഖലയിൽ ജോലി ചെയ്യുന്ന തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുവാൻ തയ്യാറാവുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) തൊഴിൽ വകുപ്പ് മുഖേന തെങ്ങു കയറ്റ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്ന തെങ്ങുകയറ്റ തൊഴിലാളികൾ ഉൾപ്പെടെയുള്ള മരംകയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. ടി പദ്ധതിയിലെ അംഗങ്ങളെ 'പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമായോജന (PMJJBY)'-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്:

| | | |
|---|---|---|
| സ്വാഭാവികമരണം | - | 2,00,000 രൂപ |
| അപകട മരണം | - | 4,00,000 രൂപ |
| ഭാഗികമായ അവശത | - | 1,00,000 രൂപ |
| പൂർണ്ണമായ അവശത | - | 2,00,000 രൂപ |
| ശവസംസ്കാര ചെലവുകൾക്ക് | - | 5,000 രൂപ |
| 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന പദ്ധതിയംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പ് | } | 1,200 രൂപ |

## തോട്ടം മേഖലയുടെ പുനരുദ്ധാരണം

239 (6312) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ നടപ്പാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയക്കെടുതിയും തുടർന്നുണ്ടായ കാലാവസ്ഥാ മാറ്റവും ഈ മേഖലയെ എപ്രകാരമാണ് പ്രതികൂലമായി ബാധിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇക്കാരണങ്ങളാൽ പ്രസ്തുത മേഖലയിലുണ്ടായ വൻ ഉല്പാദനനഷ്ടം നികത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) തോട്ടം മേഖലകളിൽ ഭൂമിയും വീടും ഇല്ലാത്ത തൊഴിലാളികൾക്ക് താമസ സൗകര്യം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിലേയ്ക്ക് സർക്കാർ നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ ഭൂരിഭാഗവും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ നൽകേണ്ടിയിരുന്ന സീനിയറേജ് പൂർണ്ണമായും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽനിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന ശിപാർശകളായ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിനും കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്നതിനുമുള്ള ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും ആയതിനുള്ള നിയമഭേദഗതിക്കായുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ പ്ലാന്റേഷൻ മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള കരട് പ്ലാന്റേഷൻ നയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തോട്ടം തൊഴിലാളികളുടെ ഭവന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രളയക്കെടുതിയും കാലാവസ്ഥാ മാറ്റവുംമൂലം 2018 വർഷത്തിൽ പ്ലാന്റേഷൻ മേഖലയിൽ ഏകദേശം 15 കോടി രൂപയുടെയും ചെറുകിട തോട്ടം

മേഖലയിൽ 30 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 45 കോടി രൂപയുടെ വേതനനഷ്ടം ഈ മേഖലയിലുണ്ടായിട്ടുണ്ട്. കൂടാതെ തേയിലയിൽ 35 ശതമാനവും റബ്ബറിൽ 25 ശതമാനവും കാപ്പിയിൽ 20 ശതമാനവും ഉൽപ്പാദന നഷ്ടവും ഉണ്ടായിട്ടുണ്ട്.

2019 വർഷത്തിലുണ്ടായ പ്രളയം വയനാട് ജില്ലയിലെ തോട്ടം മേഖലയെ സാരമായി ബാധിക്കുകയുണ്ടായി. ഇതുമൂലം കേരളത്തിന്റെ തോട്ടം മേഖലയിലാകെ 3.82 കോടി രൂപ വേതനനഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) പ്രകൃതിദുരന്തംമൂലം തോട്ടം മേഖലയിലെ കർഷകർക്കുണ്ടായ നഷ്ടം നികത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട്, ലൈഫ് പദ്ധതി മുഖേന ലഭ്യമാക്കാൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ നടത്തിപ്പിനായി ലൈഫ് മിഷനെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സംസ്ഥാനത്തെ തോട്ടം തൊഴിലാളികളെ നാല് കാറ്റഗറികളായി തരംതിരിച്ച് തൊഴിൽ വകുപ്പ് നടത്തിയ സർവ്വേയിൽ 32591 പേർ ഭൂരഹിതരും ഭവനരഹിതരുമാണെന്ന് കണ്ടെത്തുകയും ടി സർവ്വേപ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരം ലൈഫ് മിഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തോട്ടം മേഖലയിൽ ജോലി ചെയ്യുന്നതും സ്വന്തമായി സ്ഥലമുള്ളതും ഭവനരഹിതരുമായ തൊഴിലാളികൾക്ക് 4 ലക്ഷം രൂപ ചെലവിൽ 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങളും സ്വന്തമായി ഭൂമിയില്ലാത്തവർക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും നിർമ്മിച്ചുനൽകാനാണ് ടി പദ്ധതിപ്രകാരം ലക്ഷ്യമിടുന്നത്. ഇതിലേയ്ക്കായി ലൈഫ് മിഷൻ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പത്തുപേരെ തെരഞ്ഞെടുക്കുകയും ആയതുപ്രകാരമുള്ള ടി ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. തോട്ടം മേഖലയിൽ ജോലിചെയ്യുന്ന സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിന് കീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും ടി ഭൂമി റവന്യൂ വകുപ്പിൽനിന്ന് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു.

കൂടാതെ വയനാട്ടിൽ തോട്ടം തൊഴിലാളികൾക്ക് ബീവറേജസ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് 100 വീടുകൾ നിർമ്മിച്ച് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണം**

240 (6313) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയുടെ ജീവനാഡിയായിരുന്ന പരമ്പരാഗത തൊഴിലായ കൊല്ലപ്പണി, കളിമൺപാത്ര നിർമ്മാണം, ഈറ്റകൊണ്ടുള്ള ഉല്പന്ന നിർമ്മാണം എന്നിവ നിലവിൽ പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രതിസന്ധിമൂലം ഈ മേഖലയിൽ പണിയെടുത്തിരുന്ന നൂറുകണക്കിന് കുടുംബങ്ങൾ പട്ടിണിയിലും ബുദ്ധിമുട്ടിലും ആണെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത മേഖലയിലെ തൊഴിലാളികളെ രക്ഷിക്കുവാൻ എന്ത് നടപടിയാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവും കൊല്ലപ്പണി, കളിമൺപാത്ര നിർമ്മാണം എന്നീ പരമ്പരാഗത തൊഴിൽ മേഖലകളിലേയ്ക്ക് പുതുതായി ആളുകൾ കടന്നുവരാത്തതും ഈ മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. ഈറ്റ വനവിഭവം ആയതിനാൽ തൊഴിലാളികൾക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഈറ്റ ഇപ്പോൾ ആവശ്യത്തിന് ലഭിക്കുന്നില്ല.

(ബി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ കൊല്ലപ്പണി, കളിമൺപാത്ര നിർമ്മാണം എന്നീ പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് അംഗങ്ങളാകാവുന്നതാണ്. അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തരാനുകൂല്യം, അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ, വിവാഹം, വീട് നിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ എന്നിവ നൽകുന്നതാണ്. കൊല്ലപ്പണി, കളിമൺ പാത്രനിർമ്മാണം തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിൽ സംരക്ഷണത്തിന് ഗവൺമെന്റ് തലത്തിൽ പ്രത്യേക ആശ്വാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ സാമ്പത്തിക താങ്ങൽ ധനസഹായം വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. ബോർഡ് ഫണ്ട് ഉപയോഗിച്ച് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക തീർത്ത് നൽകാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ഈറ്റ തൊഴിലാളികൾക്ക് ഉൽപ്പന്നങ്ങൾ

നിർമ്മിക്കാൻ തൊഴിൽ പരിശീലനം നൽകുന്നതിന് ബോർഡിന്റെ 2019-20 ബഡ്ജറ്റിൽ 3 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ടി തുക ഉപയോഗിച്ച് പരിശീലന പരിപാടി നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന ബാംബൂ മിഷൻ, ഉറവ് വയനാട് എന്നിവരുടെ സഹകരണം തേടിയിട്ടുണ്ട്.

## പരമ്പരാഗത എണ്ണയാട്ട് തൊഴിലാളികളുടെ പ്രയാസങ്ങൾ

241 (6314) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത എണ്ണയാട്ട് തൊഴിലാളികളുടെ ജീവിതം അതീവ ബുദ്ധിമുട്ടിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിവരുന്ന പരമ്പരാഗത തൊഴിൽ സംരക്ഷണ പദ്ധതിയിൽ പ്രസ്തുത വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) ഇല്ലെങ്കിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകുന്ന പരിഗണന എണ്ണയാട്ട് വ്യവസായ തൊഴിലാളികൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## അസംഘടിത മേഖലയിലുള്ള തൊഴിലാളികൾ

242 (6315) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദഗ്ദ്ധ തൊഴിലാളികളുടെ ശതമാന കണക്ക് എത്രയാണ്;

(ബി) തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ ആവശ്യമായ പരിശീലനം നൽകി വിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് രജിസ്ട്രേഷനും ആനുകൂല്യങ്ങൾക്കും ആധാർ നിർബന്ധമാക്കിയിട്ടുണ്ടോ;

(ഡി) ആധാർ ഇല്ലാത്തതിന്റെ പേരിൽ തൊഴിൽ രജിസ്ട്രേഷനും ആനുകൂല്യവും നിഷേധിക്കുന്ന നടപടി നീതീകരിക്കാവുന്നതാണോ; അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിദഗ്ധ തൊഴിലാളികളുടെ ശതമാന കണക്ക് പ്രത്യേകമായി ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) തൊഴിലാളികൾക്ക് സ്കിൽ ഇംപ്രൂവ് ചെയ്യുന്നതിനുവേണ്ടി തൊഴിൽ വകുപ്പിനുകീഴിലുള്ള Kerala Academy for Skill Excellence-ന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(സി&ഡി) അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നടത്തുന്നതിനോ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനോ ആധാർ ഇതുവരെ നിർബന്ധമാക്കിയിട്ടില്ല.

## അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക

243 (6316) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോപ്പ്സ് ആൻഡ് കൊമേഴ്സിയൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എത്രയാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ, മിനിമം വേതനം, തൊഴിൽ സാഹചര്യം എന്നിവ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിൽ എത്ര ഉദ്യോഗസ്ഥരുണ്ട്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സംസ്ഥാനത്തുള്ള സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധന നടത്തുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികയുടെ എണ്ണം വർദ്ധിപ്പിച്ച് തൊഴിൽ വകുപ്പ് ശാക്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ലേബർ കമ്മീഷണറുടെ Labour Commissionerate Automation System (LCAS)-ൽ ലഭ്യമായ ഡാറ്റ പ്രകാരം 1960-ലെ ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് വകുപ്പ് 5(എ), ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾ 1961 പ്രകാരം സംസ്ഥാനത്ത് 13-11-2019 വരെ 351615 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്ഥാപനങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ, മിനിമം വേതനം, തൊഴിൽ സാഹചര്യം എന്നിവ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ 101 ഉദ്യോഗസ്ഥരുണ്ട്.

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 14 എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തിവരുന്നു. ഇതിൻപ്രകാരം കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് 1961, പേമെന്റ് ഓഫ് ബോണസ് ആക്ട് 1965, പേമെന്റ് ഓഫ് വേജസ് ആക്ട് 1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് സബ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോർട്ടിൽ എസ്.റ്റി. കേസ്സുകളും ഫയൽ ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാനതലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കിവരുന്നു. വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ സ്ക്വാഡ് പരിശോധനകളും സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

(സി) തൊഴിൽ വകുപ്പിൽ ഇപ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥർ പരിശോധനകൾ കൃത്യമായി നടത്തിവരുന്നുണ്ട്. തൊഴിൽ വകുപ്പ് ശാക്തീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## തൊഴിലാളികളുടെ മിനിമം വേതനം, ഗ്രാറ്റുവിറ്റി എന്നിവ സംബന്ധിച്ച കേസ്സുകൾ

244 (6317) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ മിനിമം വേതനവും, ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട് വർഷങ്ങളായി കെട്ടികിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് വേണ്ടി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് അധികാരം നൽകിയ ശേഷം പ്രസ്തുത കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷം ഓരോ ജില്ലയിലും ഇത്തരത്തിൽപ്പെട്ട എത്ര കേസ്സുകൾ തീർപ്പാക്കി; ഇനി എത്ര കേസ്സുകൾ തീർപ്പാക്കാനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ 1948-ലെ മിനിമം വേതന നിയമത്തിന്റെ സെക്ഷൻ 20 പ്രകാരം ക്ലെയിം അതോറിറ്റിയായും 1972-ലെ പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് സെക്ഷൻ 3 പ്രകാരം കൺട്രോളിംഗ് അതോറിറ്റിയായും ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് ക്വാസി ജുഡീഷ്യൽ നടപടികളിൽ കൂടുതൽ പരിചയമുള്ളതിനാൽ പരമാവധി ഹിയറിംഗ് നടത്തി ഇരുകക്ഷികളെയും കേട്ട് പിഴവിന് ഇടവരുത്താത്ത നിലയിൽ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കി തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാൻ സാധിക്കുന്നുണ്ട്.

(ബി) നിലവിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർതലത്തിലുള്ള വിവരം ചുവടെപ്പറയുന്നു:

ഡെപ്യൂട്ടി ലേബർ കമ്മീഷണർ, തിരുവനന്തപുരം

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസ്സുകൾ | 151 | 638 | 789 |
| മിനിമം വേതന കേസ്സുകൾ | 71 | 253 | 324 |

ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കൊല്ലം

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസ്സുകൾ | 392 | 1121 | 1513 |
| മിനിമം വേതന കേസ്സുകൾ | 97 | 452 | 549 |

ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോട്ടയം

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസ്സുകൾ | 16 | 106 | 122 |
| മിനിമം വേതന കേസ്സുകൾ | 240 | 1270 | 1510 |

ഡെപ്യൂട്ടി ലേബർ കമ്മീഷണർ, എറണാകുളം

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസ്സുകൾ | 311 | 388 | 699 |
| മിനിമം വേതന കേസ്സുകൾ | 107 | 85 | 192 |

ഡെപ്യൂട്ടി ലേബർ കമ്മീഷണർ, തൃശ്ശൂർ

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസ്സുകൾ | 96 | 265 | 361 |
| മിനിമം വേതന കേസ്സുകൾ | 291 | 325 | 616 |

ഡെപ്യൂട്ടി ലേബർ കമ്മീഷണർ, പാലക്കാട്

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസ്സുകൾ | 115 | 86 | 201 |
| മിനിമം വേതന കേസ്സുകൾ | 139 | 329 | 468 |

ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോഴിക്കോട്

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസ്സുകൾ | 51 | 7 | 58 |
| മിനിമം വേതന കേസ്സുകൾ | 106 | 46 | 152 |

ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കണ്ണൂർ

| | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | ആകെ |
|---|---|---|---|
| ഗ്രാറ്റുവിറ്റി കേസ്സുകൾ | 49 | 93 | 142 |
| മിനിമം വേതന കേസ്സുകൾ | 134 | 547 | 681 |

**ഇതരസംസ്ഥാന തൊഴിലാളികൾ**

245 (6318) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്കായി സർക്കാർ കൊണ്ടുവന്ന ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷൻ ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ നിലവിലെത്ര പേർ സംസ്ഥാനത്തുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് ഐ.ഡി. കാർഡ് നൽകുന്നുണ്ടോ; എങ്കിൽ അത് തയ്യാറാക്കുന്നതിന് ഏത് കമ്പനിയെ ആണ് ചുമതലപ്പെടുത്തി യിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഇതരസംസ്ഥാന തൊഴിലാളികൾക്കായി സർക്കാർ നടപ്പിലാക്കിയ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ 12-11-2019 വരെ 470163 പേരെ അംഗങ്ങളായി ചേർക്കുകയും എൻറോൾമെന്റ് നടന്നുവരികയും ചെയ്യുന്നുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആൻഡ് ടാക്സേഷൻ ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ടിൻപ്രകാരം ഇരുപത്തിയഞ്ച് ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ തൊഴിൽ ചെയ്തുവരുന്നതായി പറഞ്ഞിരുന്നു.

(സി) ഉണ്ട്. കൽക്കത്ത ആസ്ഥാനമായിട്ടുള്ള മെസ്സേഴ്സ് സ്മാർട്ട് ഐ.ടി. സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയെയാണ് രജിസ്ട്രേഷൻ നടത്തി കാർഡ് വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

## ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിലെ ഇടനിലക്കാർ

246 (6319) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിൽ മേഖലയിലും വാസസ്ഥലത്തും ഇടനിലക്കാരുടെ ചൂഷണത്തിനിരയാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി ഇടനിലക്കാരില്ലാതെ ലഭിക്കുന്നതിനായി ലേബർ ബാങ്ക് പോലുള്ള സംവിധാനം ഒരുക്കുവാൻ സർക്കാർ മുൻകയ്യെടുക്കുമോ; ആയത് സർക്കാർ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) അപ്നാഘർ പദ്ധതി വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; ഇതര സംസ്ഥാന തൊഴിലാളികൾ ഏറ്റവും കൂടുതൽ താമസിച്ചു വരുന്ന പട്ടാമ്പി പോലുള്ള താലൂക്കുകളിലെങ്കിലും ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി ഇടനിലക്കാരില്ലാതെ ലഭ്യമാക്കുന്നതിനായി ലേബർ ബാങ്ക് പോലുള്ള സംവിധാനം ഒരുക്കുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ഇതരസംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമപരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണാനും ഫെസിലിറ്റേഷൻ സെന്ററുകൾ വഴിയും തൊഴിൽ വകുപ്പ് സംഘടിപ്പിച്ചുവരുന്ന ബോധവൽക്കരണ പരിപാടികൾ വഴിയും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി വ്യാപിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

247 (6320) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മണലൂർ മണ്ഡലത്തിൽ പുതുതായി ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇ.എസ്.ഐ. കോർപ്പറേഷൻ നടത്തുന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ എണ്ണത്തിന് അനുസരിച്ചാണ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നത്. ഇ.എസ്.ഐ. കോർപ്പറേഷൻ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ സർക്കാരിന്റെയും ഇ.എസ്.ഐ. കോർപ്പറേഷന്റെയും നയപരമായ തീരുമാനത്തിലൂടെയാണ് സാധാരണയായി പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നത്. ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങുന്നതിന് മലയോര പ്രദേശങ്ങളിൽ 1000 ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളും സാധാരണ പ്രദേശങ്ങളിൽ 2000 ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളും ആവശ്യമാണ്. 20 കിലോമീറ്റർ ചുറ്റളവിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറിയാണ് അനുവദനീയമായിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതിൽ കട്ടപ്പന, മുക്കം ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചു. സുൽത്താൻ ബത്തേരി, മാനന്തവാടി, മന്നാംകണ്ടം, കണ്ണൻദേവൻ ഹിൽസ് എന്നീ നാല് ഡിസ്പെൻസറികൾക്കുള്ള പ്രവർത്തനാനുമതി കൂടി ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ തലത്തിൽ അനുമതി നൽകിയ വെഞ്ഞാറമൂട്, കുളത്തുപ്പുഴ, റാന്നി, പീരുമേട്, കുമിളി, കൂത്താട്ടുകുളം, ആലത്തൂർ, മണ്ണാർക്കാട്, കുറ്റനാട്, കൊണ്ടോട്ടി, ബാലുശ്ശേരി, താമരശ്ശേരി എന്നീ ഇ.എസ്.ഐ. ഡിസ്പെൻസറികൾക്ക് കൂടി പ്രവർത്തനാനുമതി ലഭ്യമാക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## മലപ്പുറം ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറികൾ

248 (6321) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ തൊഴിലാളി വിഭാഗങ്ങളെയും തൊഴിൽ സ്ഥാപനങ്ങളെയും ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ കൂടുതൽ ഇ.എസ്.ഐ. ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ മലപ്പുറം, കോട്ടയ്ക്കൽ, കുറ്റിപ്പുറം, നിലമ്പൂർ, വാഴയ്ക്കാട്, മഞ്ചേരി, പെരിന്തൽമണ്ണ എന്നിവിടങ്ങളിലായി ഏഴ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇ.എസ്.ഐ. പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജലവിഭവം, കൃഷി, റവന്യൂ (ദേവസ്വം), പൊതുമരാമത്ത്, ലീഗൽ മെട്രോളജി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ കാഷ്വൽ/കരാർ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ തോട്ടം തൊഴിലാളികളെയും ഇ.എസ്.ഐ. പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഡിസ്പെൻസറി ആരംഭിക്കുന്നതിന് 2017-ൽ കേരള സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ കേന്ദ്ര ഓഫീസിൽനിന്നും പ്രവർത്തനാനുമതി നാളിതുവരെ ലഭിച്ചിട്ടില്ല. ടി. ഡിസ്പെൻസറിക്ക് പ്രവർത്തനാനുമതി നൽകണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ താഴേക്കോടിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറി കം ബ്രാഞ്ച് ഓഫീസ് (DCBO) പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## മിനിമം വേതനം ഉറപ്പുവരുത്താൻ നടപടി

249 (6322) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത തൊഴിലുകൾക്ക് ആയത് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി എന്തെങ്കിലും നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത മേഖലകളിലും അടിസ്ഥാന വേതനം (കേവല വേതനം) ഉറപ്പുവരുത്തുന്നതിലേയ്ക്കായി മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത മൂന്ന് മേഖലകളിൽ (എയർപോർട്ട്, സ്റ്റീൽ കാസ്റ്റിംഗ്, ആയുർവേദം തുടങ്ങിയ മേഖലകളെ) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം

250 (6323) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മേഖലയിലും മിനിമം വേതനം ഉറപ്പാക്കുമെന്ന് തൊഴിൽനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഇത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പുറപ്പെടുവിച്ചത്; വ്യക്തമാക്കുമോ;

(സി) അന്തിമ വിജ്ഞാപനം ഇറക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) അന്തിമ വിജ്ഞാപനം അടിയന്തരമായി ഇറക്കി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് കരട് പ്രാഥമിക വിജ്ഞാപനം 28-7-2016-ലെ 20549/ഇ 1/2015/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ വിജ്ഞാപനം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിരുന്നില്ല.

(സി&ഡി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനത്തിനെതിരെ ഫയൽ ചെയ്യപ്പെട്ട WP(C) 26803/2017(A) നമ്പർ കേസ്സിൽ 12-3-2016-ലെ ഇടക്കാല ഉത്തരവിൻപ്രകാരം മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപനം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയായിരുന്നു. എന്നാൽ കരട് വിജ്ഞാപനത്തിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് സ്റ്റേ ഒഴിവാക്കി ബഹുമാനപ്പെട്ട ഹൈക്കോടതി 14-11-2019-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ പരിശോധന നടത്തി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ദിവസക്കൂലി മിനിമം അറുന്നൂറ് രൂപയാക്കുന്നതിന് നടപടി**

251 (6324) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദിവസക്കൂലി മിനിമം അറുന്നൂറ് രൂപ ലഭ്യമാക്കാനുള്ള സർക്കാർ നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ്; നാളിതുവരെ ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ തൊഴിലാളികൾക്ക് മിനിമം ദിവസക്കൂലി ഇനിയും പുതുക്കി നിശ്ചയിക്കേണ്ടുന്ന മേഖലകൾ ഏതെല്ലാം; ആയത് എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കും; വിശദാംശം വ്യക്തമാക്കാമോ;

(സി) മിനിമം കൂലി പുതുക്കി നൽകാത്തതുകൊണ്ട് തൊഴിൽ വകുപ്പ് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര സ്ഥാപനങ്ങൾക്കെതിരെ എപ്രകാരമുള്ള നടപടി എടുത്തിട്ടുണ്ട്; അവ ഏതെല്ലാം; വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ കുറഞ്ഞ വേതനം നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതാണ് സർക്കാരിന്റെ തൊഴിൽനയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ആയതുപ്രകാരം കുറഞ്ഞ പ്രതിദിന വേതനം 600 രൂപ ആയിരിക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. വിവിധ മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുന്ന ഘട്ടത്തിൽ ഈ പൊതുസമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആശുപത്രി മേഖലയിൽ ഇതിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇനിയും 39 തൊഴിൽമേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) മിനിമം കൂലി പുതുക്കി നൽകാത്ത സ്ഥാപനങ്ങളിൽ തൊഴിൽവകുപ്പ് പരിശോധന നടത്തി ക്ലെയിം പെറ്റീഷൻ നൽകിയിട്ടുള്ളവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

**തൊഴിലും പരിശീലനവും**

252 (6325) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള തൊഴിലും പരിശീലനവും കൊണ്ടുദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലും പരിശീലനവും എന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ പ്രവർത്തനങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് ചെലവഴിച്ച തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദ്യാർത്ഥികളുടെയും യുവാക്കളുടെയും നൈപുണ്യ വികസനത്തിനായി അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ തെരഞ്ഞെടുക്കുന്നതിന് പര്യാപ്തമാക്കത്തക്കതരത്തിലുള്ള പാഠ്യവിഷയങ്ങൾ ഉൾപ്പെടുത്തി പരിശീലന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിപാടികൾ സംഘടിപ്പിക്കുക, തൊഴിൽ നേടുന്നതിന് പര്യാപ്തരാക്കുക, തൊഴിൽ മേളകൾ നടത്തുക എന്നിവയാണ് തൊഴിലും പരിശീലനവും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ (NCVT) നിബന്ധനകൾക്ക് വിധേയമായി നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്കിൽ (NSQF) ഉൾപ്പെട്ടിട്ടുള്ള പാഠ്യപദ്ധതികളാണ് വ്യാവസായിക പരിശീലന വകുപ്പ് മുഖേനയും സംസ്ഥാന സ്കിൽ മിഷനായ KASE മുഖേനയും നടപ്പിലാക്കുന്നത്. ജോബ് മാർക്കറ്റിലെ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്തി പരിശീലനാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുന്നതിന് വിവിധ തൊഴിൽദായകരെ പങ്കെടുപ്പിച്ച് ജോബ് ഫെയർ നടത്തുന്നുണ്ട്. തൊഴിൽ പരിശീലനം കഴിഞ്ഞ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) മുഖേനയും തൊഴിൽ മേളകൾ നടത്താറുണ്ട്.

(ബി) തൊഴിലും പരിശീലനവും എന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള 10 സർക്കാർ ഐ.ടി.ഐ.-കളെ KIIFB-യുടെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഐ.ടി.ഐ.യുടെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ധനുവച്ചപുരം |
| 2 | കൊല്ലം | ചന്ദനത്തോപ്പ് |
| 3 | ആലപ്പുഴ | ചെങ്ങന്നൂർ |
| 4 | കോട്ടയം | ഏറ്റുമാനൂർ |
| 5 | ഇടുക്കി | കട്ടപ്പന |
| 6 | തൃശ്ശൂർ | ചാലക്കുടി |
| 7 | പാലക്കാട് | മലമ്പുഴ |
| 8 | കോഴിക്കോട് | കൊയിലാണ്ടി |
| 9 | കണ്ണൂർ | കണ്ണൂർ |
| 10 | കാസർഗോഡ് | കയ്യൂർ |

ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ., ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ ഇന്റർനാഷണൽ ഐ.ടി.ഐ.-കളാക്കുന്നതിന്റെ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17 പുതിയ സർക്കാർ ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഐ.ടി.ഐ.യുടെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | വർക്കല, വാമനപുരം |
| 2 | കൊല്ലം | കൊട്ടാരക്കര, ചടയമംഗലം, മയ്യനാട് |
| 3 | ഇടുക്കി | ചിത്തിരപുരം |
| 4 | എറണാകുളം | തുറവൂർ |
| 5 | പാലക്കാട് | പെരുമാട്ടി |
| 6 | കോഴിക്കോട് | പേരാമ്പ്ര, ചാത്തമംഗലം |
| 7 | കണ്ണൂർ | പടിയൂർ, പിണറായി, പന്ന്യന്നൂർ |
| 8 | കാസർഗോഡ് | കോടോം-ബേളൂർ, കുറ്റിക്കോൽ, പീലിക്കോട് |
| 9 | വയനാട് | വെള്ളമുണ്ട |

ഇതോടൊപ്പംതന്നെ ഐ.ടി.ഐ.-കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ നിരവധി പ്രവൃത്തികളും ഈ സർക്കാർ അധികാരത്തിലേറിയശേഷം ചെയ്തിട്ടുണ്ട്.

കേരളത്തിലെ യുവജനങ്ങൾക്ക് തൊഴിലും പരിശീലനവും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരമായ ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ അറിവും പരിശീലനവും നൽകുന്നതിനായി കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പിന്റെതന്നെ കീഴിൽ പ്രവർത്തിക്കുന്ന കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ലൂടെയും പരിശീലന പദ്ധതികൾ നടപ്പാക്കിവരുന്നു. ഇവിടെ നടത്തുന്ന വിവിധ നൈപുണ്യ വികസന പരിശീലന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(എ) സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

I. നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു.

II. സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനായി ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന Pragmatic Educational Society-യുമായി സഹകരിച്ച് CATS എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു.

III. ഓയിൽ ആൻഡ് റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOiR എന്ന സ്ഥാപനം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

IV. ടീച്ചിംഗ് മേഖലയിൽ ബിരുദധാരികളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ അദ്ധ്യാപകരുടെ നൈപുണ്യ വികസനം ഉന്നംവച്ച് സദ്ഭാവന ഗ്രൂപ്പുമായി സഹകരിച്ചുകൊണ്ട് CRETT എന്ന മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചുവരുന്നു.

വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചേർന്ന് SWAT എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ പ്രവർത്തിച്ചുവരുന്നു.

(സി) അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ

വിവിധ വ്യവസായ മേഖലകളിൽ നിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങളുടെ കോഴ്സുകൾക്ക് KASE-ന്റെ അംഗീകാരം ലഭ്യമാക്കുന്നു. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച്

കോഴ്സുകൾ രൂപകൽപ്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിക്കൊടുക്കുകയെന്ന വ്യവസ്ഥയിന്മേലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ നൽകുന്നത്.

M/s. Intercad Systems Private Limited, M/s. Sports Management Research Institute എന്നീ സ്ഥാപനങ്ങൾ തിരുവനന്തപുരം ജില്ലയിലും M/s. Hedge School of Applied Economics, M/s. Blitz Academy എന്നീ സ്ഥാപനങ്ങൾ കൊച്ചിയിലും M/s. Dhanwanthari Educational and Charitable society ഇടുക്കി ജില്ലയിലെ തൊടുപുഴയിലും M/s. Atheos Institute of Skill Excellence പാലക്കാട് ജില്ലയിലും പ്രവർത്തിച്ചുവരുന്നു.

(ഡി) <u>സ്റ്റേറ്റ് ജോബ് പോർട്ടൽ</u>

വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും മറ്റ് സേവനദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ഈ സേവനം ലഭ്യമാണ്.

(ഇ) <u>സ്കിൽ രജിസ്ട്രി</u>

ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാനുതകുന്ന ഒരു സംവിധാനം സ്കിൽ രജിസ്ട്രി എന്ന പേരിൽ വികസിപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ ഈ സംവിധാനം നിലവിൽ വന്നു.

(സി) വ്യാവസായിക പരിശീലന വകുപ്പ് മുഖേന ചെലവഴിച്ച തുകയുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. KASE-ന്റെ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നത് സംസ്ഥാന അടിസ്ഥാനത്തിലാണ്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ചവറയിലുള്ള IIIC-യുടെ പ്രവത്തനങ്ങൾക്കായി ഈ സർക്കാർ അധികാരമേറ്റശേഷം 37 (മുപ്പത്തിയേഴ്) കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഐ.ടി.ഐ-.കളിലെ പരിശീലനത്തിനാവശ്യമായ കൂടുതൽ പശ്ചാത്തല സാഹചര്യങ്ങൾ ഒരുക്കുന്നത് സംസ്ഥാനതലത്തിലാണ്. ടി പ്രവർത്തനങ്ങൾ ട്രെയിനിംഗ് ഡയറക്ടറേറ്റ്/റീജിയണൽ ഡയറക്ടറേറ്റ്, കണ്ണൂർ/ഐ.ടി.ഐ.-കൾ/ ആർ.ഐ. സെന്ററുകൾ വഴി നടത്തുന്നതിനുള്ള സംവിധാനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിലെ കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചത്.

**ഇ.എസ്.ഐ. വിഹിതം നാല് ശതമാനമായി കുറയ്ക്കണമെന്ന നിർദ്ദേശം**

253 (6326) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുടമാ വിഹിതം 3.25 ശതമാനവും തൊഴിലാളി വിഹിതം 0.75 ശതമാനവും എന്ന അനുപാതത്തിൽ ആകെ ഇ.എസ്.ഐ. വിഹിതം നാല് ശതമാനമായി കുറയ്ക്കണമെന്ന് കേന്ദ്ര തൊഴിൽമന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; ഇതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിലുള്ള കേന്ദ്രനയം തൊഴിലാളി വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ;

(സി) കേന്ദ്രനയം തിരുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കത്തയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-7-2019 മുതൽ തൊഴിലുടമകളുടെ വിഹിതം 3.25 ശതമാനവും തൊഴിലാളികളുടെ വിഹിതം 0.75 ശതമാനവും എന്ന അനുപാതത്തിൽ ആകെ വിഹിതം 4 ശതമാനമായി 13-6-2019-ൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത് കേന്ദ്രസർക്കാരിന്റെ നയപരമായ തീരുമാനമാണ്. വരുമാനത്തിലുണ്ടാകുന്ന കുറവ് കോർപ്പറേഷന്റെ ഭാവി പ്രവർത്തനങ്ങൾക്കും തൊഴിലാളി താത്പര്യങ്ങൾക്കും വിരുദ്ധമാണ്.

(സി) ഇ.എസ്.ഐ. കോർപ്പറേഷന്റെ ത്രികക്ഷി ഗവേണിംഗ് ബോഡിയുടെ

ഏകകണ്ഠ തീരുമാനം അവഗണിച്ച് കേന്ദ്ര സർക്കാർ തൊഴിലുടമാ വിഹിതത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. ഈ നയം തിരുത്തണമെന്നാവശ്യപ്പെട്ട് തൊഴിലും എക്സൈസും വകുപ്പുമന്ത്രി കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിന് മറുപടി ലഭിച്ചിട്ടില്ല.

## കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിലെ കോഴ്സുകൾ

254 (6327) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിൽ നിലവിൽ നടത്തിവരുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) അക്കാദമി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീന കോഴ്സുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)-ന്റെ കീഴിലുള്ള വിവിധ മികവിന്റെ കേന്ദ്രങ്ങളും അക്രെഡിറ്റഡ് സ്ഥാപനങ്ങളും മുഖേന നടന്നുവരുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നൈപുണ്യ വികസന മിഷനായ KASE പരിശീലന പങ്കാളികൾ വഴിയാണ് നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പാക്കിവരുന്നത്. KASE-ഉം പരിശീലന പങ്കാളികളും ചേർന്ന് വരുത്തിയിട്ടുള്ള കരാർ പ്രകാരം പരിശീലനം പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽലഭ്യത ഉറപ്പുവരുത്തേണ്ട ചുമതല പരിശീലന പങ്കാളികളിൽ നിക്ഷിപ്തമാണ്.

(സി) നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിലെ പരിശീലന പങ്കാളിത്തത്തിന് താല്പര്യമുള്ളവരിൽനിന്നും അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് അവയുടെ സാദ്ധ്യത പരിശോധിച്ചശേഷമാണ് KASE നൈപുണ്യ വികസന കോഴ്സുകൾ നടപ്പിലാക്കുന്നത്. പുതുതായി മീഡിയ ആൻഡ് മാനേജ്മെന്റ് മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകൾക്ക് അക്രെഡിറ്റേഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കുന്ന പദ്ധതികൾ

255 (6328) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ അന്വേഷകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട നയം രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിനായി സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിൽ സെന്റർ ഫോർ എക്സലൻസ് ഏതൊക്കെ മേഖലകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; അവയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഏതെങ്കിലും മേഖലയിൽ തിരുത്തൽ ആവശ്യമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് ഡിസൈനിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എടുത്ത തീരുമാനം വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്നതരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തത്തക്കവിധത്തിലും തൊഴിൽ മേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുമാണ് പരിശീലന പദ്ധതികൾ KASE ആവിഷ്കരിച്ചുവരുന്നത്. നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ
3. കൗശൽകേന്ദ്രങ്ങൾ
4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
5. അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ
6. സ്റ്റേറ്റ് ജോബ് പോർട്ടൽ
7. സ്കിൽ രജിസ്ട്രി

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

1. എംപ്ലോയബിലിറ്റി സെന്റർ
2. കരിയർ ഡെവലപ്മെന്റ് സെന്റർ

(ബി) സംസ്ഥാനത്തെ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് കരട് നയം രൂപീകരിക്കാൻ ട്രെയിനിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങളും ഏകോപനത്തിനും നയരൂപീകരണത്തിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി രൂപീകരിച്ച ഭരണപരമായ ചട്ടക്കൂടിന്റെ ഭാഗമായുള്ള കാര്യനിർവ്വഹണ സമിതികളിലൊന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ .

(സി) നഴ്സിംഗ്, ഓയിൽ ആൻഡ് റിഗ്, സെക്യൂരിറ്റി, ടീച്ചിംഗ്, വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, കൺസ്ട്രക്ഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ എന്നീ മേഖലകളിലാണ് നിലവിൽ 'കെയ്സ്'-ന്റെ കീഴിൽ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. ഈ മികവിന്റെ കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന പരിശീലന പദ്ധതികൾ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മാനേജിംഗ് ഡയറക്ടറുടെ മേൽനോട്ടത്തിൽ അവലോകനം നടത്താറുണ്ട്. ഈ മികവിന്റെ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പരിശീലനം പൂർത്തീകരിക്കുന്നവർക്ക് കൂടുതൽ പ്ലേസ്മെന്റ് ഉറപ്പുവരുത്തുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**മരട് ഐ.ടി.ഐ.-യിലെ ട്രേഡുകൾ**

256 (6329) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ മരട് ഐ.ടി.ഐ.-യിൽ നിലവിൽ ഏതെല്ലാം ട്രേഡുകൾ ആണ് ഉള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവിടെ കൂടുതൽ കാലാനുസൃതമായ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ്, മെക്കാനിക്ക്, വെൽഡർ എന്നീ മൂന്ന് ട്രേഡുകളുണ്ട്.

(ബി&സി) നിലവിൽ ഐ.ടി.ഐ. പ്രവർത്തിക്കുന്നത് താൽക്കാലിക കെട്ടിടത്തിലാണ്. ഇവിടെ കൂടുതൽ ട്രേഡുകൾ തുടങ്ങുന്നതിനുള്ള സൗകര്യമില്ല. ഐ.ടി.ഐ.-യ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**തേവലക്കര ഗവൺമെന്റ് ഐ.ടി.ഐ.-യുടെ വികസനം**

257 (6330) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജകമണ്ഡലത്തിലെ തേവലക്കര ഗവ. ഐ.ടി.ഐ. വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇവിടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പ്രത്യേക ബാച്ച്**

258 (6331) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എല്ലാ സർക്കാർ ഐ.ടി.ഐ. -കളിലുമായി എത്ര വിദ്യാർത്ഥികൾക്കാണ് 2019- ൽ പ്രവേശനം നൽകിയത് എന്നറിയിക്കാമോ;

(ബി) വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യിൽ 2019-ൽ പ്രവേശനത്തിനായി ലഭിച്ച അപേക്ഷകളിൽ എത്ര ശതമാനം പേർക്ക് പ്രവേശനം നൽകാൻ കഴിഞ്ഞിട്ടുണ്ട്;

(സി) വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ. യുടെ പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ തൊഴിൽ പരിശീലന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പ്രത്യേക ബാച്ച് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ, നെന്മേനി, വെള്ളമുണ്ട എന്നീ മൂന്ന് സർക്കാർ ഐ.ടി.ഐ.-കളിലായി 367 വിദ്യാർത്ഥികൾക്ക് 2019-ൽ പ്രവേശനം നൽകിയിട്ടുണ്ട്.

(ബി) 2019-ൽ പ്രവേശനത്തിനായി 5853 അപേക്ഷകൾ ലഭിച്ചിരുന്നു. പ്രവേശനം നൽകാൻ ലഭ്യമായിട്ടുള്ള 68 സീറ്റുകളിലും പ്രവേശനം നൽകി. ഇത് മൊത്തം അപേക്ഷകളുടെ 1.16 ശതമാനമാണ്.

(സി) വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യുടെ പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കെട്ടിട നിർമ്മാണത്തിന് 1.21 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാൻ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗത്തെ) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കൽപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യുമായി ബന്ധപ്പെട്ട ഫയലിന്മേൽ സ്വീകരിച്ച നടപടികൾ

259 (6332) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ഗവ. ഐ.ടി.ഐ.-യുമായി ബന്ധപ്പെട്ട് തൊഴിലും നൈപുണ്യവും വകുപ്പിലെ സി3/164/2018 എന്ന നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിലെ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഫയലിൽ ഇനി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) കൽപ്പറ്റ സർക്കാർ ഐ.ടി.ഐ.-യെ ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ആയി ഉയർത്തുന്ന വിഷയമാണ് സി3/164/2018 നമ്പർ ഫയലിൽ പരിശോധിച്ചിരുന്നത്. നിലവിലെ സാഹചര്യത്തിൽ ഈ വിഷയം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന തീരുമാനം ഫയലിൽ കൈക്കൊണ്ടിട്ടുണ്ട്. മറ്റ് തുടർനടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

**കൈവല്യ വായ്പാ പദ്ധതി**

260 (T*6333) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന കൈവല്യ വായ്പാ പദ്ധതി പ്രകാരം എത്ര പേർക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വായ്പ അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽനിന്നും എത്ര അർഹമായ അപേക്ഷകളാണ് ഇപ്രകാരം ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്കാണ് വായ്പ അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) 2018-19 സാമ്പത്തികവർഷം ഇടുക്കിയിൽ എത്ര അപേക്ഷകർക്കാണ് വായ്പ നൽകിയിട്ടുള്ളത്; പദ്ധതി കൂടുതൽപേർക്ക് ലഭ്യമാകത്തക്കവിധം നടപടിക്രമങ്ങൾ ലളിതമാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കൈവല്യ പദ്ധതിപ്രകാരം 985 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവല്യ വായ്പ പദ്ധതിപ്രകാരം ഇടുക്കി ജില്ലയിൽ 420 അർഹമായ അപേക്ഷകൾ ലഭിക്കുകയും അതിൽ 45 പേർക്ക് വായ്പ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷം ഇടുക്കി ജില്ലയിൽ 10 അപേക്ഷകൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കൂടുതൽ പേർക്ക് വായ്പ നൽകാൻ സാധിക്കാത്തത്. നിലവിൽ നടപടിക്രമങ്ങൾ ലളിതമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്കാലിക നിയമനങ്ങൾ

261 (6334) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധസർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ താല്ക്കാലിക നിയമനങ്ങൾ നടത്താവൂ എന്ന നിയമം നിലവിലുണ്ടോ;

(ബി) ഇത് പ്രകാരമാണോ സംസ്ഥാനത്തെ മേൽ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത്; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് വകുപ്പ് നടത്തുന്നത്;

(സി) ഇക്കാര്യം കൂടുതൽ ശക്തമാക്കുന്നതിന് പുതിയ നിയമനിർമ്മാണം കൊണ്ടുവരുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്.

(ബി) സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾ/തലവന്മാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും കർശനനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 9(a)(i) പ്രകാരം സർക്കാർ വകുപ്പുകളിലെ എല്ലാ താൽക്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തേണ്ടതാണെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് 5-2-2014-ലെ 25941/ജി2/2013/ലേബർ നമ്പർ സർക്കുലറിലും 22-2-2016-ലെ 1046913/ജി2/2016/തൊഴിൽ നമ്പർ കത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് പുതിയ നിയമനിർമ്മാണ സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

## എംപ്ലോയ്മെന്റ് വകുപ്പിൽ സീനിയോറിറ്റി മാനദണ്ഡം ലംഘിച്ച് നിയമനം

262 (6335) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് വകുപ്പിൽ സീനിയോറിറ്റി മാനദണ്ഡങ്ങൾ ലംഘിച്ച് ഏതെല്ലാം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് എത്ര നാമനിർദ്ദേശങ്ങൾ ഏതെല്ലാം തസ്തികകളിലേക്ക് നൽകിയിട്ടുള്ളതായി വിജിലൻസ് സെൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നാമനിർദ്ദേശങ്ങൾ വഴി എത്ര ഉദ്യോഗാർത്ഥികളുടെ ന്യായമായ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ ഉൾപ്പെടുന്ന സംവരണ വിഭാഗങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഇത്തരം ചട്ടവിരുദ്ധകാര്യങ്ങൾ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ജില്ലകളിലെ ഓഫീസുകളിലാണ് ചട്ടവിരുദ്ധ നാമനിർദ്ദേശങ്ങൾ നൽകിയതെന്ന് അറിയിക്കാമോ;

(ഇ) ചട്ടവിരുദ്ധ നാമനിർദ്ദേശം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പരാതികളിന്മേൽ ഏതെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ, നിയമനം എന്നിവയിലേക്ക് പരിഗണിക്കാത്ത സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ;

(ജി) അറിയിപ്പ് ലഭിച്ചിട്ടും ഏതെല്ലാം തസ്തികകളിലേക്കാണ് യോഗ്യരായവരെ പരിഗണിക്കാത്തതെന്ന് വ്യക്തമാക്കാമോ; കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിച്ച് വകുപ്പിലെ കെടുകാര്യസ്ഥത ഇല്ലാതാക്കുവാൻ നടപടി എടുക്കുമോ?

<u>ഉത്തരം</u>

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് വകുപ്പിൽ സീനിയോറിറ്റി മാനദണ്ഡങ്ങൾ ലംഘിച്ച് നാമനിർദ്ദേശം നൽകിയതുമായി ബന്ധപ്പെട്ട് വകുപ്പിലെ വിജിലൻസ് സെൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

ആരോഗ്യ വകുപ്പിൽ കുക്ക് ഗ്രേഡ്-II തസ്തികയിൽ 2 ഉദ്യോഗാർത്ഥികളെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒരു ഉദ്യോഗാർത്ഥിയെയും ലെജിസ്ലേറ്റീവ് സെക്രട്ടേറിയറ്റിൽ ഫുൾടൈം സാനിറ്റേഷൻ വർക്കർ തസ്തികയിൽ ഒരു ഉദ്യോഗാർത്ഥിയെയും കോട്ടയം ഓയിൽ പാമിൽ പ്ലാന്റ് ഓപ്പറേറ്റർ തസ്തികയിൽ ആറ് ഉദ്യോഗാർത്ഥികളെയും എസ്.സി. ഡെമോൺസ്ട്രേറ്റർ തസ്തികയിൽ രണ്ട് ഉദ്യോഗാർത്ഥികളെയും തെറ്റായി നാമനിർദ്ദേശം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 12 ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലംഘിച്ചിട്ടുണ്ടെങ്കിലും പകരം തെരഞ്ഞെടുത്തത് അതേ സംവരണ വിഭാഗത്തിൽനിന്ന് തന്നെയായതിനാൽ സംവരണക്രമം തെറ്റിച്ചിട്ടില്ല.

(സി) മേൽ ഉദ്യോഗസ്ഥന് കുറ്റപത്രം നൽകുകയും ശിക്ഷണനടപടിയുടെ ഭാഗമായി ടിയാനെ ഡി.പി.സി.യിൽനിന്നും ഒഴിവാക്കുകയും ടിയാന്റെ ഇൻക്രിമെന്റ് ആറ് മാസത്തേയ്ക്ക് തടയുകയും തുടർന്ന് കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് മാറ്റുകയും ചെയ്തു. കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ ഇപ്രകാരമുള്ള അപാകത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വകുപ്പിലെതന്നെ ഉന്നത ഉദ്യോഗസ്ഥയെക്കൊണ്ട് അന്വേഷണം നടത്തുകയും റിപ്പോർട്ട് പരിശോധിക്കുകയും ചെയ്യുകയുണ്ടായി. ആയതിൽ കുറ്റക്കാരനെന്നുകണ്ട ഉദ്യോഗസ്ഥന് കുറ്റപത്രം നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കൊല്ലം ജില്ലയിലെ കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആലപ്പുഴ ജില്ലയിലെ കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങിയ ഓഫീസുകളിലാണ് ഇപ്രകാരം ചട്ടവിരുദ്ധമായി നാമനിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഇ) ഉണ്ട്. കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ ഇപ്രകാരമുള്ള അപാകത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിശദമായ അന്വേഷണം നടത്തുകയും കുറ്റക്കാരനെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ഉദ്യോഗദായകന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റുകൾ നൽകുക മാത്രമാണ് ചെയ്യുന്നത്. ഇന്റർവ്യൂ, നിയമനം എന്നിവ ഉദ്യോഗദായകന്റെ അധികാരപരിധിയിലാണ് വരുന്നത്.

(ജി) ഡെമോൺസ്ട്രേറ്റർ, ഫയർമാൻ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, മെയിൽ വർക്കർ, ഡ്രൈവർ, സാനിറ്റേഷൻ വർക്കർ, ക്യാഷ് കളക്ടർ, സാനിറ്ററി കെമിസ്റ്റ്, ലാബ് അസിസ്റ്റന്റ് ഗ്രേഡ്-2, പമ്പ് ഓപ്പറേറ്റർ, ഇലക്ട്രീഷ്യൻ, ലാബ് അസിസ്റ്റന്റ്, ഫുൾടൈം സ്വീപ്പർ, ട്രേഡ് അപ്രന്റീസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, മാനേജർ തുടങ്ങിയ തസ്തികകളിലേയ്ക്ക് മാവേലിക്കര, കായംകുളം എന്നീ

ഓഫീസുകളിൽനിന്നും യഥാസമയം ലിസ്റ്റ് നൽകിയിട്ടില്ലെങ്കിലും ജില്ലയിലെ മറ്റ് എക്സ്ചേഞ്ചുകളിൽനിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുകയും അർഹരായവർക്ക് നിയമനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. യോഗ്യരായവരുടെ ലിസ്റ്റുകൾ യഥാസമയം നൽകാത്ത മേൽപരാമർശിച്ച ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പിലെ ഉന്നതോദ്യോഗസ്ഥർ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## തൊഴിൽരഹിത വേതനം

263 (T*6336) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിത വേതനം ലഭിക്കുന്നതിന് പതിനഞ്ച് ദിവസം മുമ്പ് അർഹതയുള്ളവർ വെരിഫിക്കേഷൻ നടത്തണമെന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ;

(ബി) ഏതൊക്കെ രേഖകളാണ് വെരിഫിക്കേഷൻ സമയത്ത് നൽകേണ്ടത്; അവരിൽ നിന്നും സത്യവാങ്മൂലം ഒപ്പിട്ട് വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തൊഴിൽരഹിത വേതനം കൈപ്പറ്റുവാൻ ആധാറുമായി ലിങ്ക് ചെയ്ത പാസ്സ്ബുക്കിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജരാക്കേണ്ടതുണ്ടോ; ആയത് ഹാജരാക്കിയില്ലെങ്കിൽ തൊഴിൽരഹിത വേതനം നിഷേധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) തൊഴിൽരഹിത വേതന പദ്ധതി വിതരണത്തിന് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 15-10-2019-ലെ സ.ഉ. (അച്ചടി)നമ്പർ 139/2019/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കായി അനുബന്ധമായി ചേർക്കുന്നു*.

## ഇ.എസ്.ഐ. വിഹിതത്തിലെ കുറവ്

264 (6337) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നിലവിൽ എത്ര രൂപ വരെ ശമ്പളം പറ്റുന്നവരെയാണ് ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ലിംഗഭേദമില്ലാതെ എല്ലാവരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് പരിഗണിക്കുമോ;

(സി) 15 വർഷമായി നിലനിന്ന തൊഴിലാളി വിഹിതം 1.75 ശതമാനവും തൊഴിലുടമ വിഹിതം 4.75 ശതമാനവും എന്ന നിരക്ക് 2019 ആയപ്പോൾ 0.75 ശതമാനവും 3.25 ശതമാനവും ആയി കുറച്ചതിലൂടെ ഇ.എസ്.ഐ. ആശുപത്രിയിലെ സൗകര്യങ്ങൾ ഇല്ലാതായിട്ടുള്ള കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2017 മുതൽ 21,000 രൂപവരെ ശമ്പളം പറ്റുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ ലിംഗഭേദമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(സി) ഇ.എസ്.ഐ. വിഹിതം കുറച്ചതിനുശേഷം സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ നിലവിലുണ്ടായിരുന്ന സൗകര്യങ്ങളൊന്നും ഇല്ലാതാക്കിയിട്ടില്ല.

**സംസ്ഥാനത്തെ ലേബർ കോർട്ടുകളുടെ പ്രവർത്തനം**

265 (6338) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലേബർ കോർട്ടുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അത് ഫലപ്രദമാണോയെന്ന് അറിയിക്കുമോ;

(ബി) ചെറിയ തൊഴിൽ പ്രശ്നം പോലും പരിഹരിക്കുന്നതിന് വർഷങ്ങൾ എടുക്കുന്ന സ്ഥിതിവിശേഷം തൊഴിലാളികൾക്ക് സാമ്പത്തികമായും മാനസികമായും ഉണ്ടാക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ലേബർ കോർട്ടുകളുടെ എണ്ണം വർദ്ധിപ്പിച്ചും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയും തൊഴിൽ സംബന്ധമായ കേസ്സുകൾ അതിവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ ലേബർ കോടതികളിൽ ഓരോ മാസവും തീർപ്പാക്കാനുള്ളതും തീർപ്പാക്കിയതുമായ കേസ്സുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കി പ്രവർത്തനം വിലയിരുത്താറുണ്ട്. സംസ്ഥാനത്തെ ലേബർ കോടതികളുടെ നിലവിലെ പ്രവർത്തനം ഫലപ്രദമാണെന്ന് കാണുന്നു.

(ബി) ജില്ലാ ലേബർ ഓഫീസർ തലത്തിലും ലേബർ കമ്മീഷണർ തലത്തിലും തീർപ്പാകാതെ അഡ്ജ്യൂഡിക്കേഷനുവേണ്ടി ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാകുന്ന തൊഴിൽ തർക്ക കേസ്സുകൾ 1947-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 12(4) പ്രകാരം ലേബർ കോടതികൾക്കും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾക്കും മൂന്ന് മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന വ്യവസ്ഥയോടെ യഥാസമയംതന്നെ ഉത്തരവ് നൽകാറുണ്ട്.

(സി) ലേബർ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കായി പ്രത്യേക ട്രെയിനിംഗ്

266 (6339) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കായി ഈ സർക്കാർ ഏതൊക്കെ വിഷയങ്ങളിൽ പ്രത്യേക ട്രെയിനിംഗ് നൽകി; വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിന്റെ കീഴിൽ ലഹരി വിമുക്ത സംസ്ഥാനത്തിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കായി കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനങ്ങൾ നൽകിവരുന്നു. അബ്കാരി ആക്ട്, എൻ.ഡി.പി.എസ്. ആക്ട്, ഐ.ടി. ആക്ട്, ഫോറസ്റ്റ് ആക്ട്, മോട്ടോർ വെഹിക്കിൾ ആക്ട്, ദി സിഗരറ്റ്സ് ആൻഡ് അദർ ടുബാക്കോ പ്രോഡക്ട്സ് ആക്ട്, സർവ്വീസ് റൂൾസ്, വിവരാവകാശ നിയമം, വ്യക്തിത്വവികസനം, കമ്മ്യൂണിക്കേഷൻ സ്കിൽ, ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ നടപടിക്രമം എന്നീ വിഷയങ്ങളിലും പ്രത്യേക പരിശീലനം നൽകിവരുന്നു. ഡ്രഗ് ലോ എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട് എൻ.സി.ബി.-യുമായി സഹകരിച്ച് UNODC-യുടെ E-Learning പരിശീലനം, പിസ്റ്റൾ/റിവോൾവർ പരിശീലനം എന്നിവയും നൽകിവരുന്നു.

(ബി) പാല ജനറൽ ആശുപത്രിയിൽ പത്ത് കിടക്കകളുള്ള വിമുക്തി ഡി-അഡിക്ഷൻ സെന്റർ സ്ഥാപിച്ചു. ജില്ലകളിലെ 350 സ്കൂളുകളിലും 45

കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ സ്ഥാപിച്ചു. സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. പിന്നോക്ക മേഖലകളിലെ ജനങ്ങൾക്കുവേണ്ടി ലഹരി വിമുക്ത മെഡിക്കൽ ക്യാമ്പുകൾ, ആദിവാസി മേഖലയിൽ/കോളനികളിൽ സന്ദർശിച്ച് ബോധവത്കരണ ക്ലാസ്സുകൾ, ലഹരിവിരുദ്ധ സന്ദേശം, പ്രമേയമായുള്ള നിരവധി കലാ-കായിക സാംസ്കാരിക പരിപാടികൾ എന്നിവ നടത്തിവരുന്നു.

## വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കരുമരക്കാടിലെ കള്ളുഷാപ്പ്

267 (6340) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ മേഖലയായ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കരുമരക്കാടിൽ കള്ളുഷാപ്പിന് അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷയുടെയും അനുബന്ധങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഷാപ്പ് അടച്ച് പൂട്ടണമെന്നാവശ്യപ്പെട്ട് പരിസരവാസികൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) കള്ള് ഷാപ്പ് അനുവദിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകളുടെ അനുമതി ആവശ്യമുണ്ടോ; അതുസംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഗ്രാമപഞ്ചായത്ത് പരിധിയിൽ കള്ള് ഷാപ്പ് നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നമ്പറുള്ളതും നിർദ്ദിഷ്ട സംരംഭത്തിന്റെ ഒക്യുപ്പൻസിയുള്ളതുമായ കെട്ടിടം വേണമെന്ന നിർദ്ദേശമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ മേഖലയായ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കരുമരക്കാടിൽ കള്ളുഷാപ്പിന് അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷയും പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു*.

(ബി) ഷാപ്പ് അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് പരിസരവാസികൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ടി നിവേദനത്തെ സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് മലപ്പുറം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കള്ളുഷാപ്പ് അനുവദിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകളുടെ അനുമതി ആവശ്യമില്ല. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) അപ്രകാരമുള്ള നിർദ്ദേശമില്ല.

## കാസർഗോഡ് ജില്ലയിലെ എക്സൈസ് ഓഫീസുകൾ

268 (6341) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിൽ എത്ര എക്സൈസ് ഓഫീസുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾ സ്വന്തം കെട്ടിടത്തിലാണോ വാടകക്കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാടകക്കെട്ടിടത്തിലാണെങ്കിൽ എത്രകാലമായി ഇത് തുടരുന്നുവെന്നും ഇപ്പോഴത്തെ വാടക എത്രയാണെന്നും അറിയിക്കുമോ;

(ഡി) കാസർഗോട് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ തുക എത്രയാണെന്നും ഓഫീസ് എവിടെയാണ് നിർമ്മിക്കുന്നതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 15 ഓഫീസുകൾ.

1. എക്സൈസ് ഡിവിഷൻ ഓഫീസ്, കാസർഗോഡ്
2. എക്സൈസ് സർക്കിൾ ഓഫീസ്, കാസർഗോഡ്
3. എക്സൈസ് സർക്കിൾ ഓഫീസ്, ഹോസ്ദുർഗ്ഗ്
4. എക്സൈസ് റേഞ്ച് ഓഫീസ്, നീലേശ്വരം
5. എക്സൈസ് റേഞ്ച് ഓഫീസ്, ഹോസ്ദുർഗ്ഗ്
6. എക്സൈസ് റേഞ്ച് ഓഫീസ്, ബദിയടുക്ക
7. എക്സൈസ് റേഞ്ച് ഓഫീസ്, ബന്തടുക്ക
8. എക്സൈസ് റേഞ്ച് ഓഫീസ്, കുമ്പള
9. എക്സൈസ് റേഞ്ച് ഓഫീസ്, കാസർഗോഡ്
10. ഇ.ഐ.ആൻഡ് ഐ.ബി., കാസർഗോഡ്
11. എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ്, കാസർഗോഡ്

12. എക്സൈസ് ചെക്ക്പോസ്റ്റ്, മഞ്ചേശ്വരം
13. എക്സൈസ് ചെക്ക്പൊസ്റ്റ്, പെർള
14. എക്സൈസ് ചെക്ക്പൊസ്റ്റ്, ആദൂർ
15. എക്സൈസ് സർക്കിൾ ഓഫീസ്, വെള്ളരിക്കുണ്ട്

(ബി) എക്സൈസ് റേഞ്ച് ഓഫീസ് ബദിയടുക്ക വാടകകെട്ടിടത്തിലും മറ്റുള്ള ഓഫീസുകൾ എല്ലാം സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

(സി) 1992 ജൂൺ മുതൽ പ്രവർത്തിക്കുന്നു. നിലവിൽ പ്രതിമാസം 9,114 രൂപ വാടകയായി നൽകിവരുന്നു.

(ഡി) ഉണ്ട്. കാസർഗോഡ് എക്സൈസ് ടവർ നിർമ്മാണത്തിനായി 5.2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് പുലിക്കുന്നിലാണ് നിർദ്ദിഷ്ട എക്സൈസ് ടവർ നിർമ്മിക്കുന്നത്.

## ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കർമ്മ പദ്ധതി

269 (6342) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഡി അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ലഹരി വിരുദ്ധ സന്ദേശം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്താകെ വിമുക്തി മിഷനുകീഴിൽ 14 ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളോട് ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തന വിപുലീകരണം, സെന്ററുകളുടെ ശാക്തീകരണം എന്നിവകൂടി ലക്ഷ്യമാക്കി 1-11-2018 മുതൽ 30-1-2019 വരെ 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം 'എന്നപേരിൽ നടക്കുന്ന 90 ദിന തീവ്രയത്ന പരിപാടി ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്.

(ബി) വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കോളേജ് തലത്തിൽ 507-ഉം സ്കൂൾ തലത്തിൽ 3438-ഉം ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകൾക്കായി വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പി.ടി.എ. സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുമായി നിരന്തര ആശയവിനിമയം നടത്തിവരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., എന്നിവയുമായി സഹകരിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു.

വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ ചിന്ത പകരുന്നതായ വിഷയങ്ങളുൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, കയ്യെഴുത്തുമാസിക തയ്യാറാക്കൽ, പോസ്റ്റർരചന, പ്രസംഗം എന്നിവ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊണ്ട ഹ്രസ്വചിത്ര മത്സരം സംഘടിപ്പിച്ചിട്ടുണ്ട്. " നാളത്തെ കേരളം ലഹരിവിമുക്ത നവകേരളം" എന്ന പ്രത്യേക പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**വിമുക്തി ബോധവൽക്കരണ സെൽ**

270 (6343) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാതലങ്ങളിൽ മദ്യം,മയക്കുമരുന്ന് എന്നിവയ്ക്കെതിരായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സെൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിമുക്തി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് നൽകിവരുന്ന ഔദ്യോഗിക സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. വിമുക്തി പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാതലങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് 14 ജില്ലയിലും ഓരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിമുക്തി

മിഷൻ ജില്ലാ മാനേജർമാരായി നിയമിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 14 ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. കൂടാതെ 90 ദിന തീവ്രയത്ന ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് സംസ്ഥാനതലത്തിലും ഓരോ ജില്ലയിലും കൂടുതൽ എക്സൈസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാന/ജില്ലാ ഡയറക്ടറേറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) വിമുക്തി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് അതത് ജില്ലകളിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഓഫീസുകളുമായി ബന്ധപ്പെട്ട് ഓഫീസ് പ്രവർത്തിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. വിമുക്തി മിഷന്റെ ജില്ലാ ഓഫീസുകളുടെ പ്രവർത്തനത്തിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ വാഹനം ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

### ലഹരിവസ്തുക്കളുടെ ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യാൻ നടപടി

271 (6344) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യുക എന്നത് കൂടി വിമുക്തി പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ എത്രമാത്രം വിജയം വരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി 2018-19- ൽ എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ലഹരിവർജ്ജന സന്ദേശങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലുമെത്തിക്കുന്ന വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾക്കാണ് വിമുക്തി പദ്ധതി ലക്ഷ്യമിടുന്നത്. ലഹരിവസ്തുക്കളുടെ ശേഖരണം, കടത്തൽ, വിപണനം എന്നിവയുടെ ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നത് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗമാണ്. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏറ്റവും വിജയകരമായി നടത്തിവരുന്നു.

(സി) ലഹരിവിരുദ്ധ ബോധവത്കരണത്തിനായി 2018-19-ൽ 28,37,63,000 രൂപ അനുവദിക്കുകയും ആയതിൽ 12,38,24,073 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിൽ വിമുക്തി മിഷൻ കൗൺസിലിംഗ് സെന്റർ

272 (6345) പ്രൊഫ. കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി മിഷന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ കൗൺസിലിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല.

(ബി) എക്സൈസ് വകുപ്പിനെ മൂന്ന് മേഖലകളായി തിരിച്ചിട്ടുണ്ട്. ഓരോ മേഖലയിലും ഓരോ കൗൺസിലിംഗ് സെന്റർ എന്നതാണ് മാനദണ്ഡം. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

## വിമുക്തി പദ്ധതി

273 (6346) ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ.അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരി മുക്തമാക്കുവാൻ ലക്ഷ്യമിട്ട് രൂപീകരിച്ച വിമുക്തി പദ്ധതി വെള്ളാനയായി മാറുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അടുത്ത വർഷം ജനുവരി 30 വരെ നീളുന്ന എന്തെങ്കിലും പ്രത്യേക പദ്ധതി ഇതിന്റെ ഭാഗമായി നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) മദ്യാസക്തരെ കണ്ടെത്തി അവരെ അതിൽ നിന്നും മോചിപ്പിക്കുവാനുള്ള എന്ത് പദ്ധതിയാണ് ഇതിലൂടെ ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ 2018-19 ലെ വിറ്റ് വരവ് എത്രയാണ്; 2014-15-നെ അപേക്ഷിച്ച് ഇതിൽ എന്ത് വർദ്ധനയാണ് വന്നിട്ടുള്ളത്; അറിയിക്കാമോ;

(ഇ) മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുന്നതിന് പകരം പുതിയ ബാറുകൾക്ക് വർഷം തോറും ലൈസൻസ് നൽകുകയും അതുവഴി മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നടപടി വിമുക്തി പദ്ധതിയുടെ പരാജയത്തിന് കാരണമായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. വിമുക്തി മിഷന്റെ ഭാഗമായി 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ 90 ദിവസത്തെ തീവ്ര ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ച് നവംബർ 1-ാം തീയതി മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്താകെ വിമുക്തി മിഷനുകീഴിൽ 14 ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളോട് ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ശാക്തീകരണത്തിനുമായുള്ള പദ്ധതികൾ 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്കിലും ആശുപത്രികൾ കണ്ടെത്തി ആരോഗ്യ വകുപ്പുമായി ചേർന്ന് ഡി-അഡിക്ഷൻ സബ്-സെന്ററുകൾ രൂപീകരിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ലഹരി ഉപയോഗിക്കുന്നതായി കണ്ടെത്തപ്പെടുന്നവർക്ക് ഉടനടി കൗൺസിലിംഗ് ലഭ്യമാക്കുന്നതിന് സൈക്കോളജി, സോഷ്യോളജി ബിരുദക്കാർക്ക് ഇന്റേൺഷിപ്പ് സൗകര്യം ഏർപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2018-19 സാമ്പത്തികവർഷത്തെ ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ് 14,508 കോടി രൂപയും 2014-15 സാമ്പത്തികവർഷത്തെ വിറ്റുവരവ് 10,013 കോടി രൂപയുമാണ്. 2014-15 വർഷത്തെ അപേക്ഷിച്ച് 2018-19 -ൽ 4,495 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(ഇ) മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ടുമാത്രം ഉപഭോഗം കുറയില്ലായെന്നും അതേസമയം ആവശ്യകത ഇല്ലാതാക്കിയാൽ മാത്രമേ ഉപഭോഗം കുറയുകയുള്ളൂവെന്നും ആവശ്യകത നിലനിൽക്കുന്നിടത്തോളം അധികൃത മദ്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനധികൃത മദ്യത്തിന്റെ വ്യാപനത്തിന് ഇടവരികയും അതുവഴി മദ്യദുരന്തം ഉൾപ്പെടെയുള്ള വിപത്തുകൾ ഉണ്ടാകാനിടയാകുകയും ചെയ്യുമെന്ന വസ്തുത പരിഗണിച്ചാണ് സർക്കാർ പുതിയ മദ്യനയം രൂപീകരിച്ചിട്ടുള്ളത്. മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് സർക്കാർ നയം. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉറപ്പാക്കി, സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആവശ്യകത നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയില്ല. മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സർക്കാർ സംഘടിപ്പിച്ചുവരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉറപ്പാക്കി സമ്പൂർണ്ണ ലഹരിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനായുള്ള മദ്യനയമാണ് സർക്കാർ രൂപീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികളിലും യുവാക്കളിലും മയക്കുമരുന്ന് ഉപഭോഗത്തിനെതിരെയുള്ള ആശയങ്ങൾ പകർന്നു നൽകുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ വഴി സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. വിമുക്തി പദ്ധതി വിജയകരമായി മുന്നോട്ട് പോകുകയാണ്.

## എക്സൈസ് പ്രിവന്റീവ് ഓഫീസർ തസ്തികയിലെ സ്ഥാനക്കയറ്റം

274 (6347) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ എല്ലാ ജില്ലകളിലും കേരള എക്സൈസ് ആൻഡ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (സ്പെഷ്യൽ റൂൾസ്) ചട്ടം 5, 6 എന്നിവയ്ക്ക് വിരുദ്ധമായി മതിയായ യോഗ്യതാ പരീക്ഷകൾ പാസ്സായിട്ടില്ലാത്ത സിവിൽ എക്സൈസ് ഓഫീസർമാരെ അൻപത് വയസ്സ് പൂർത്തിയായി എന്ന കാരണത്താൽ കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II റൂൾ 13AA, 13B എന്നിവയുടെ ആനുകൂല്യം തെറ്റായി വ്യാഖ്യാനിച്ച് സ്ഥാനക്കയറ്റം നൽകി പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ടെസ്റ്റ് യോഗ്യത നേടാതെ അനർഹമായ സ്ഥാനക്കയറ്റം നേടിയവരെ ഒഴിവാക്കി ടെസ്റ്റ് യോഗ്യത നേടിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ക്വാളിഫിക്കേഷൻ നിശ്ചയിച്ച തീയതിയായ 20-8-2011 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) ചട്ടവിരുദ്ധമായി പ്രിവന്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് ആർക്കുംതന്നെ സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

## ബിവറേജ് കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ

275 (6348) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2012 വരെയുള്ള കാലയളവിൽ ബിവറേജ് കോർപ്പറേഷനിൽ സെക്രട്ടേറിയറ്റിൽ നിന്ന് അന്യത്ര സേവനത്തിൽ വന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായും അടയ്ക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) നാളിതുവരെ എത്രപേരുടെ തുക അടച്ചിട്ടുണ്ട് ; ഇനി എത്രപേരുടെ തുക അടയ്ക്കുവാനുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 2001 മുതൽ 2012 വരെ കാലയളവിൽ ബിവറേജസ് കോർപ്പറേഷനിൽ സെക്രട്ടേറിയറ്റിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കിയിരുന്ന മുഴുവൻ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അവർക്ക് അന്ന് നിലവിലുണ്ടായിരുന്ന ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. നാളിതുവരെ കെ.എസ്.ബി.സി.-യിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന 217 സെക്രട്ടേറിയറ്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടുണ്ട്. സമയബന്ധിത ഹയർഗ്രേഡ്, പ്രൊമോഷൻ, പേ റിവിഷൻ തുടങ്ങിയവമൂലം ശമ്പള സ്കെയിലിൽ വ്യത്യാസംവരുന്ന ജീവനക്കാർക്ക് ഇത് സംബന്ധിച്ച് മാതൃവകുപ്പ് നിർണ്ണയം നടത്തി ഇറക്കുന്ന ഉത്തരവ് ബിവറേജസ് കോർപ്പറേഷനിൽ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക ട്രഷറിയിൽ അടയ്ക്കുന്നതിന് സാധിക്കുകയുള്ളൂ.

## കള്ള് പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ

276 (6349) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ള് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) വാഹനങ്ങളിൽ കൊണ്ടുപോകുന്ന കള്ള് പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവർ അനുവർത്തിക്കേണ്ട പരിശോധനാരീതി, യൂണിഫോം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ;

(സി) ചുമതലപ്പെടുത്താത്ത എക്സൈസ് ഉദ്യോഗസ്ഥർ ആലപ്പുഴ ജില്ലയിൽ അനുമതിയില്ലാതെ കള്ള്പരിശോധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അനധികൃത പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയും പരിശോധന നടത്താനിടയായ സാഹചര്യവും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രിവന്റീവ് ഓഫീസർമാർ മുതൽ മുകളിലോട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥർ അവരവരുടെ അധികാര അതിർത്തിയിലുള്ള കള്ളുഷാപ്പുകളിൽ നിന്നും ചെത്ത് തോട്ടങ്ങളിൽനിന്നും കള്ളിന്റെ സാമ്പിൾ ശേഖരിക്കുന്നുണ്ട്. ടി സാമ്പിളുകൾ രാസപരിശോധനയ്ക്ക് അയയ്ക്കുകയും റിപ്പോർട്ട് വരുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

എക്സൈസ് വകുപ്പിന്റെ കീഴിൽ മൂന്ന് മേഖലകളിലായി മൂന്ന് മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി ലാബുകൾ മുഖേന തത്സമയം കള്ള് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥരോ ടി ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ജീവനക്കാരോ വാഹനങ്ങളിൽ കൊണ്ടുപോകുന്ന കള്ള് പരിശോധിക്കുന്നുണ്ട്. ചിറ്റൂരിൽ നിന്നും ഇന്റർ ഡിവിഷൻ കള്ള് അളന്ന് തിട്ടപ്പെടുത്തുന്നുണ്ട്. കള്ള് പരിശോധന സമയത്ത് ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന**

277 (6350) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽക്കുന്നതായുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിന്ന് ഇത്തരത്തിലുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ സ്കൂൾ പരിസരങ്ങളിൽ ലഹരി വിൽപ്പന നടത്തിയത് സംബന്ധിച്ച് 1018 COTPA കേസ്സുകൾ കണ്ടെടുത്ത് 2,03,600 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. 1049 കിലോഗ്രാം നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും 8 എൻ.ഡി.പി.എസ്. കേസ്സുകളിലായി 309 ഗ്രാം കഞ്ചാവ് പിടിച്ചെടുത്ത് 8 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമാനുസരണം തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

# II അടിയന്തരപ്രമേയം

## പോലീസ് മർദ്ദനം

മി. സ്പീക്കർ: കെ.എസ്.യു. നടത്തിയ നിയമസഭാ മാർച്ചിൽ പങ്കെടുത്ത ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. അടക്കമുള്ള നേതാക്കളെ പോലീസ് മർദ്ദിക്കുകയും അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോകാതെ എ.ആർ. ക്യാമ്പിലേക്ക് അറസ്റ്റുചെയ്ത് കൊണ്ടുപോകുകയും ചെയ്ത നടപടിമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ടി. ബൽറാം, കെ. എം. ഷാജി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇന്നലെ (19-11-2019) തിരുവനന്തപുരത്ത് നടന്ന വിദ്യാർത്ഥി സമരത്തിനിടെ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യ്ക്ക് പരിക്കേറ്റ സംഭവം അത്യന്തം ദൗർഭാഗ്യകരമാണ്. കേരള യൂണിവേഴ്സിറ്റിയിൽ ചില ക്രമക്കേടുകൾ നടന്നുവെന്ന് ആരോപിച്ച് എം.എൽ.എ. ഹോസ്റ്റലിന് സമീപത്തുനിന്ന് കെ.എസ്.യു.-വിന്റെ നേതൃത്വത്തിൽ പ്രവർത്തകർ ഇന്നലെ ഉച്ചയ്ക്ക് നിയമസഭാ മന്ദിരത്തിലേയ്ക്ക് പ്രതിഷേധ മാർച്ച് നടത്തുകയുണ്ടായി. പ്രതിപക്ഷ എം.എൽ.എ.-മാർ പ്രസംഗിച്ചശേഷം മുന്നോട്ടുനീങ്ങിയ മാർച്ചിനെ പാളയം വേൾഡ് വാർ മെമ്മോറിയൽ ഭാഗത്തുള്ള വാക്കിംഗ് പോയിന്റിൽവച്ച് പോലീസ് തടഞ്ഞു. തുടർന്ന് റോഡ് ഉപരോധിച്ച് നഗരത്തിൽ ഗതാഗതസ്തംഭനം വരുത്തുകയും ചെയ്തു. മെഗാഫോൺ ഉപയോഗിച്ച് പ്രതിഷേധക്കാരോട് പിരിഞ്ഞുപോകണമെന്ന് നിരവധി തവണ പോലീസ് ആവശ്യപ്പെടുകയും നിയമപ്രകാരമുള്ള മുന്നറിയിപ്പുകൾ നൽകുകയും ചെയ്തിട്ടും പിരിഞ്ഞുപോകാൻ കൂട്ടാക്കാതെ കെ.എസ്.യു. പ്രവർത്തകർ അക്രമാസക്തരായി ബാരിക്കേഡുകൾ തകർത്ത് മുന്നോട്ടുനീങ്ങിയപ്പോൾ പോലീസ് ജലപീരങ്കി, ടിയർ ഗ്യാസ്, ഗ്രനേഡ് എന്നിവ പ്രയോഗിച്ച് സമരക്കാരെ പിരിച്ചുവിടാൻ ശ്രമിക്കുകയുണ്ടായി. തുടർന്ന് പിരിഞ്ഞുപോയ പ്രവർത്തകർ വീണ്ടും ഒരുമിച്ചുകൂടി പാളയം ഫൈൻ ആർട്സ് കോളേജിന് മുന്നിൽ പ്രധാന റോഡ് ഉപരോധിക്കുകയുണ്ടായി. റോഡ് ഉപരോധിച്ച പ്രവർത്തകരെ അറസ്റ്റുചെയ്ത് പോലീസ് വാഹനത്തിൽ എ.ആർ. ക്യാമ്പിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കവേ പാളയം കല്യാൺ സിൽക്ക്സിന് മുന്നിൽവച്ച് അവിടെയുണ്ടായിരുന്ന മറ്റ് പ്രവർത്തകർ പോലീസ് വാഹനം തടഞ്ഞ് മാർഗ്ഗതടസ്സം സൃഷ്ടിച്ചു. തുടർന്ന് പോലീസിനെ പ്രവർത്തകർ ആക്രമിക്കുന്ന സ്ഥിതിയുണ്ടായി. ...(ബഹളം)...

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ. അദ്ദേഹം സംസാരിച്ചതിനുശേഷം ശ്രീ. വി. ടി. ബൽറാമിന് പറയാനുള്ളത് പറയാം. പ്ലീസ്, പ്ലീസ്.... ഇരിക്കൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, ...(ബഹളം)... ഈ സഭയിൽ അംഗമായിരുന്നപ്പോൾ അടികൊണ്ട് എന്റെയും പുറം പൊളിഞ്ഞിട്ടുണ്ട്. ഇതൊന്നും ആദ്യത്തെ സംഭവമല്ല. ......(ബഹളം).... തുടർന്ന് പോലീസിനെ പ്രവർത്തകർ ആക്രമിക്കുന്ന സ്ഥിതിയുണ്ടായി. തുടർന്നുണ്ടായ സംഘർഷത്തിൽ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യ്ക്കും ചില പ്രവർത്തകർക്കും പരിക്കേറ്റു. തുടർന്ന് എം.എൽ.എ.-യെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് പോലീസ് ആംബുലൻസിൽ കയറ്റി. ആംബുലൻസ് മുന്നോട്ട് നീങ്ങിയപ്പോൾ എം.എൽ.എ. നിർബന്ധപൂർവ്വം ആംബുലൻസ് നിർത്തിച്ച് അതിൽ നിന്നിറങ്ങി സ്ഥലത്തുണ്ടായിരുന്ന മാധ്യമപ്രവർത്തകർക്ക് അഭിമുഖം നൽകി. ....(ബഹളം).... ഇതെല്ലാം മാധ്യമ പ്രവർത്തകരുടെ രേഖയിലുണ്ട്. നിങ്ങൾക്ക് പരിശോധിച്ചാൽ കാണാം. നിർത്തിയ ആംബുലൻസിൽനിന്നും ഇറങ്ങി സ്ഥലത്തുണ്ടായിരുന്ന മാധ്യമപ്രവർത്തകർക്ക് അഭിമുഖം നൽകിയശേഷം കെ.എസ്.യു. പ്രവർത്തകരോടൊപ്പം പോലീസ് ബസ്സിൽ കയറി എ.ആർ. ക്യാമ്പിലെത്തുകയും ചെയ്തു. അവിടെവച്ച് പോലീസ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആശുപത്രിയിൽ പോകാൻ കൂട്ടാക്കിയില്ല. തുടർന്ന് നന്ദാവനം എ.ആർ. ക്യാമ്പിലെത്തിയ യു.ഡി.എഫ്. എം.എൽ.എ.-മാർ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ നിർബന്ധിച്ച് ചികിത്സയ്ക്കായി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. സംഭവത്തിൽ കന്റോൺമെന്റ് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥർക്കും പരിക്കേൽക്കുകയുണ്ടായി. സംഭവവുമായി ബന്ധപ്പെട്ട് അറസ്റ്റുചെയ്ത ഇരുപതോളം പ്രവർത്തകർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2108/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്നലെ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യ്ക്ക് പരിക്കേറ്റതുൾപ്പെടെയുള്ള സംഭവങ്ങളിലേയ്ക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും പോലീസ് നടപടിയെക്കുറിച്ചും അന്വേഷണം നടത്താൻ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. വി. ടി. ബൽറാം: സർ, ഒമ്പതും പതിമൂന്നും വയസ്സുള്ള രണ്ട് കുരുന്നുകളെ അതിക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ കൊടുംക്രിമിനലുകൾ രാഷ്ട്രീയ സംരക്ഷണത്താൽ കേസ് അട്ടിമറിച്ച് ഇന്ന് പുറത്ത് സ്വൈരമായി വിഹരിക്കുകയാണ്, സുഖജീവിതം ആസ്വദിക്കുകയാണ്. ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ പ്രതീക്ഷകൾ തല്ലിക്കൊഴിച്ച് ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യുടെ വിശ്വാസ്യതപോലും ഇല്ലാതാക്കിയ എസ്.എഫ്.ഐ.-യുടെയും

ഡി.വൈ.എഫ്.ഐ.-യുടെയും ക്രിമിനലുകൾ ഒരു കുറ്റപത്രംപോലും ഈ ഗവൺമെന്റോ പോലീസോ നൽകാത്തതിന്റെ പേരിൽ ജാമ്യത്തിലിറങ്ങി പുറത്ത് വിഹരിക്കുകയാണ്, സുഖജീവിതം നയിക്കുകയാണ്. കേരള-എം.ജി. സർവ്വകലാശാലകളിലെ പരീക്ഷാ സംവിധാനങ്ങളുടെ വിശ്വാസ്യത പാടേ തകർത്ത് തരിപ്പണമാക്കി മാർക്കുദാനം നടത്തുന്നവർ മന്ത്രിക്കസേരകളിൽ ലജ്ജയില്ലാതെ അമർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഇന്ന് ഈ സഭയിൽ നമ്മോടൊപ്പം എനിക്ക് തൊട്ടുമുന്നിലുള്ള സീറ്റിലിരുന്ന് നടപടികളിൽ പങ്കെടുക്കേണ്ടിയിരുന്ന ഒരു സഹപ്രവർത്തകൻ കേരളത്തിലെ പോലീസിന്റെ അതിക്രൂരമായ ആക്രമണത്തിന് വിധേയനായി തലതല്ലിപ്പൊളിക്കപ്പെട്ട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയാനിടവന്നിട്ടുള്ളത്. കേരളത്തിലെ പ്രതികരിക്കുന്ന വിദ്യാർത്ഥി സംഘടനയുടെ സംസ്ഥാന പ്രസിഡന്റടക്കമുള്ള നിരവധി നേതാക്കളും പ്രവർത്തകരും അതിക്രൂരമായ പോലീസ് നരനായാട്ടിന് വിധേയരായി വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിഞ്ഞ് വേദന തിന്നുകയാണ്. ഇതാണ് ഈ ഗവൺമെന്റിന്റെ ഭരണത്തിൽ ഇന്നത്തെ കേരളത്തിന്റെ അവസ്ഥ. ഇതിനെക്കുറിച്ചാണ് ഞങ്ങൾ ചർച്ച ചെയ്യണമെന്ന് ആഗ്രഹിക്കുന്നത്. ബഹുമാന്യനായ മന്ത്രി ഇവിടെ പോലീസിന്റെ റിപ്പോർട്ടാണ് വായിച്ചത്. ഇന്ന് വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി സഭയിലുണ്ടാകണമെന്ന് ഞങ്ങളെല്ലാം ആഗ്രഹിച്ചിരുന്നു. പക്ഷേ, അദ്ദേഹം തൊട്ടപ്പുറത്തെ സീറ്റിലുണ്ടായിരുന്നെങ്കിലും ഇതേ രീതിയിൽ പോലീസ് എഴുതിക്കൊടുത്ത റിപ്പോർട്ട് വള്ളിപുള്ളി വിസർഗ്ഗം വിടാതെ ആവർത്തിക്കുക എന്നതല്ലാതെ മറിച്ചൊരു വാക്ക് അദ്ദേഹത്തിൽ നിന്നുമുണ്ടാകില്ല എന്നുള്ളതിന് ഈ സഭതന്നെ എത്രയോ അവസരത്തിൽ സാക്ഷ്യംവഹിച്ചിട്ടുണ്ട്. എന്താണ് ഇന്നലെ നടന്നത്? കെ.എസ്.യു.-വിന്റെ ഒരു നിയമസഭാ മാർച്ച് ഇന്നലെ നടന്നു. ശ്രീ. കെ. എം. അഭിജിത്തിന്റെ നേതൃത്വത്തിൽ അഞ്ഞൂറോളം വരുന്ന പ്രവർത്തകർ വളരെ സമാധാനപരമായാണ് ആ മാർച്ചിന് തുടക്കം കുറിച്ചത്. മൂന്ന് മുദ്രാവാക്യങ്ങളാണ് ആ സമരത്തിന്റെ ഭാഗമായി കെ.എസ്.യു. പ്രവർത്തകർ ഉയർത്തിയത്. ഒന്ന്, വാളയാർ സഹോദരിമാരുടെ കൊലപാതകം സി.ബി.ഐ. അന്വേഷിക്കുക. രണ്ട്, യൂണിവേഴ്സിറ്റികളിലെ മാർക്കുദാനത്തിനും കേരള യൂണിവേഴ്സിറ്റി പരീക്ഷാ മാർക്ക് ലിസ്റ്റ് കുംഭകോണത്തിലും സർക്കാർ സുതാര്യമായ അന്വേഷണം പ്രഖ്യാപിക്കുക. മൂന്ന്, പി.എസ്.സി. തട്ടിപ്പ് നടത്തിയ പ്രതികളെ സംരക്ഷിക്കുന്ന നിലപാട് സർക്കാർ അവസാനിപ്പിക്കുക. ഞാൻ ചോദിക്കട്ടെ, ഇതിൽ ഏത് മുദ്രാവാക്യത്തോടാണ് സർക്കാരിന് എതിർപ്പുള്ളത്? വാക്കുകൾകൊണ്ടെങ്കിലും പരസ്യ നിലപാടിന്റെ കാര്യത്തിലെങ്കിലും ഈ സർക്കാർ ഈ മൂന്ന് മുദ്രാവാക്യങ്ങളോടും യോജിക്കുകയല്ലേ? പിന്നെ എന്തിനാണ് ഈ മുദ്രാവാക്യം

ഉയർത്തിപ്പിടിച്ച് സമരംചെയ്ത വിദ്യാർത്ഥികളെ ഇത്ര ക്രൂരമായി അടിച്ചമർത്തുന്നത്? ഇങ്ങനെയൊരു നരനായാട്ട്, പോലീസ്‌രാജ് ഈ തലസ്ഥാനത്തുണ്ടാകാനുള്ള എന്ത് സാഹചര്യമാണ് ഇന്നലെ അവിടെയുണ്ടായത്? സാധാരണ നിയമസഭാ സമ്മേളന കാലത്ത് വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി സംഘടനകളുടെ ആഭിമുഖ്യത്തിലുള്ള നിയമസഭാ മാർച്ചുകൾ ഉണ്ടാകാറില്ലേ? ഇന്നലെ മൂന്ന് നിയമസഭാ മാർച്ചുണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിയമസഭാ മാർച്ചുണ്ടാകുമ്പോൾ എം.എൽ.എ.-മാരടക്കം കടന്നുചെന്ന് അഭിവാദ്യം ചെയ്യാറില്ലേ? വളരെ സമാധാനപരമായി ആ സമരങ്ങൾ പര്യവസാനിക്കുന്നുവെന്ന് ഉറപ്പുവരുത്താറില്ലേ? ആ നിലയിലാണ് ഇന്നലെ എന്റെ സഹപ്രവർത്തകരായ സർവ്വശ്രീ പി. ടി. തോമസ്, കെ. എസ്. ശബരീനാഥ്, ഷാഫി പറമ്പിൽ എന്നിവർ കെ.എസ്.യു.-വിന്റെ സമരത്തെ അഭിവാദ്യം ചെയ്യാനായി കടന്നുചെന്നത്. അവർ പ്രസംഗിച്ചു, എല്ലാ പരിപാടികളും കഴിഞ്ഞ് പ്രവർത്തകർ പിരിഞ്ഞുപോകാൻ തീരുമാനിച്ചു. അതിനിടയിൽ ഒന്നുരണ്ട് തവണ വെള്ളം ചീറ്റലെല്ലാം ഉണ്ടായിട്ടുണ്ട്, ഞങ്ങൾ നിഷേധിക്കുന്നില്ല. സാധാരണ ഗതിയിലുള്ള സമരത്തിന്റെ ഭാഗമായിട്ടുണ്ടാകുന്ന കാര്യങ്ങൾ മാത്രമേ അവിടെ നടന്നിട്ടുള്ളൂ. ഇതെല്ലാം കഴിഞ്ഞ് അവിടെയുണ്ടായിരുന്ന പ്രവർത്തകരിൽ മഹാഭൂരിപക്ഷം പേരെയും വാഹനത്തിൽ കയറ്റി പോലീസ് ക്യാമ്പിലേക്ക് കൊണ്ടുപോയതിനുശേഷം കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.എം. അഭിജിത്തിനെ കയറ്റിയ വാഹനത്തിന്റെ മുന്നിൽവന്ന് നാല് പ്രവർത്തകർ മുദ്രാവാക്യം വിളിച്ചുവെന്നതിന്റെ പേരിലാണ് വലിയ രീതിയിലുള്ള പോലീസ് വേട്ടയുണ്ടായത്.

നാല് വിദ്യാർത്ഥികളെ അതിക്രൂരമായാണ് പോലീസ് തല്ലിച്ചതച്ചത്. ഗ്രനേഡുകൾ എറിയുകയാണ്. ഒരു ഗ്രനേഡ് എറിഞ്ഞശേഷം ഒരു മിനിട്ട് പോലും വെയിറ്റ് ചെയ്യുന്നില്ല. ഗ്രനേഡുകൾ തുടരെത്തുടരെ എറിയുകയാണ്. ആ ഗ്രനേഡുകളാണ് വലിയ പരിക്കിലേയ്ക്ക് നയിച്ചത്. അങ്ങ് ഇന്നലെ പ്രിയപ്പെട്ട ഷാഫി പറമ്പിലിനെ സന്ദർശിച്ചതല്ലേ, മെഡിക്കൽ കോളേജിൽ അങ്ങ് നേരിട്ട് പോയതല്ലേ? ഈ നിയമസഭയിലെ അംഗത്തിന്റെ തല തല്ലിപ്പൊളിച്ചു. രണ്ട് തുന്നലിടേണ്ടിവന്ന മുറിവാണ് അദ്ദേഹത്തിന്റെ ശിരസ്സിലുണ്ടായിരിക്കുന്നത്. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. എം. അഭിജിത്തിനെ പത്തിരുപത്തിയഞ്ചോളം ആളുകൾ വളഞ്ഞിട്ട് തല്ലി; ദേഹമാസകലം പരിക്കേറ്റ് ശ്രീ. കെ.എം. അഭിജിത്ത് ഇന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. അബ്ദുൾ റഷീദിന് കൈമുട്ടിലും മുതുകിലും ഗുരുതരമായി പരിക്കേറ്റിരിക്കുകയാണ്. യൂത്ത് കോൺഗ്രസിന്റെ വർക്കല ബ്ലോക്ക് പ്രസിഡന്റായ ശ്രീ. ജിഹാദിന്റെ തലയിൽ 13

സ്റ്റിച്ചാണുള്ളത്. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. നവീൻ കല്ലമ്പലത്തിന്റെ കൈ ഒടിഞ്ഞിരിക്കുകയാണ്. തിരുവനന്തപുരത്തെ കെ.എസ്.യു. ജില്ലാ പ്രസിഡന്റ് ശ്രീ. സെയ്ദ് അലി കായ്പ്പാടിയുടെ കൈ ഒടിഞ്ഞിരിക്കുകയാണ്. മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ. അൽതാഫിന്റെ കയ്യിലും പരിക്കേറ്റിരിക്കുകയാണ്. നൗഫൽ കണിയാപുരം എന്ന ചെറുപ്പക്കാരന്റെ തല തല്ലിപ്പൊളിച്ചിരിക്കുകയാണ്. അങ്ങ് പോയി കണ്ടിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഒരുപക്ഷേ നിയമസഭാംഗം അല്ലാത്തതുകൊണ്ട് അങ്ങ് സന്ദർശിച്ചോയെന്ന് അറിയില്ല. അവിടെ 21 വയസ്സ് മാത്രം പ്രായമുള്ള ജോബ് അശോകൻ എന്ന ചെറുപ്പക്കാരനുണ്ട്. അദ്ദേഹത്തിന്റെ ഒരു കൈ മുഴുവൻ ഗ്രനേഡ് ആക്രമണത്തിൽ തകർന്നിരിക്കുകയാണ്. മെഡിക്കൽ കോളേജിൽ മതിയായ ചികിത്സ ലഭിക്കില്ലെന്ന ആശങ്കയിൽ അദ്ദേഹത്തെ ഇന്നലെ രാത്രിതന്നെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതായി വന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഒരു വിരൽ അറ്റുപോയേയ്ക്കുമോയെന്ന ആശങ്കയിലാണ്. 48 മണിക്കൂറിനുശേഷമേ അക്കാര്യത്തിൽ എന്തെങ്കിലും പറയാൻ സാധിക്കുവെന്ന സ്ഥിതിയാണ്. എന്താണിവിടെ നടക്കുന്നത്? ആരാണ് ഈ പ്രശ്നമുണ്ടാക്കിയതെന്ന് ഗവൺമെന്റ് ദയവായി പരിശോധിക്കണം. നേരത്തെ നിയമസഭയിലെ ഒരംഗത്തിനെതിരെ ഇതേ രീതിയിലുള്ള ആക്രമണം പോലീസിന്റെ ഭാഗത്തുനിന്നുണ്ടായില്ലേ? ഞങ്ങളുടെ ഭാഗത്തുള്ള എം.എൽ.എ. അല്ല, ഭരണപക്ഷ എം.എൽ.എ. ആണ്. അദ്ദേഹം പുതുമുഖ എം.എൽ.എ. ആയതുകൊണ്ട് ഒരുപക്ഷേ പോലീസിന് തിരിച്ചറിയാൻ സാധിക്കാതെ പോയതാണോയെന്ന് അറിയില്ല. പക്ഷേ, ശ്രീ. ഷാഫി പറമ്പിലിനെ അറിയാത്ത പോലീസുകാരുണ്ടോ? സാധാരണഗതിയിൽ ജനപ്രതിനിധികൾ ഇത്തരത്തിലുള്ള സമര പരിപാടിയിൽ പങ്കെടുക്കുമ്പോൾ അവർക്ക് ഒരു പ്രൊട്ടക്ടീവ് കവർ ഏർപ്പെടുത്താനാണ് പോലീസുകാർ ശ്രമിക്കാറുള്ളത്. അത്തരത്തിലുള്ള ഒരു പ്രിവിലേജും വേണമെന്ന അവകാശവാദത്തിലല്ല ഞങ്ങൾ നിൽക്കുന്നത്. സമരരംഗത്ത് അത്തരത്തിലുള്ള ഒരു സൗജന്യവും ഞങ്ങൾക്ക് ആവശ്യമില്ല. പക്ഷേ, ഇവിടെ ആ നിലയിൽ പ്രൊട്ടക്ടീവ് കവർ ഏർപ്പെടുത്തിയില്ലെന്നുമാത്രമല്ല തെരഞ്ഞുപിടിച്ച് ഒരു എം.എൽ.എ.-യെ അടിച്ചൊതുക്കാനും തലതല്ലിപ്പൊളിക്കാനുമല്ലേ പോലീസ് ശ്രമിക്കുന്നത്? ആരാണ് ഈ വിഷയം ഇത്രമാത്രം വഷളാക്കിയത്? എസ്.ഐ.-യും സി.ഐ.-യും വളരെ സമാധാനപരമായി വിഷയം കൈകാര്യം ചെയ്തിരുന്നുവെന്നാണ് അവിടെ കൂടിയിരുന്ന മുഴുവൻ ആളുകളും മാധ്യമപ്രവർത്തകരും പറഞ്ഞത്. അവസാനഘട്ടത്തിൽ അവിടേയ്ക്ക് കടന്നുവന്ന പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. സുനീഷ് ബാബുവാണ് ഈ പ്രശ്നം ഇത്രമാത്രം വഷളാക്കിയത്. എം.എൽ.എ.യുടെ തലതല്ലിപ്പൊളിക്കാനുള്ള ആജ്ഞ

നൽകിയത് ആ എ.സി.പി.യാണ്. അവിടെ പോലീസ് അസോസിയേഷന്റെ ഭാരവാഹികളായ എത്ര സി.പി.ഐ.(എം.)-കാർ ഉണ്ടായിരുന്നുവെന്ന് നമുക്കറിയാം. പോലീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റായ കന്റോൺമെന്റ് സി.ഐ. ശ്രീ. ഡി.കെ. പൃഥ്വിരാജിന്റെയും ഭാരവാഹിയായ ശ്രീ. പ്രശാന്തിന്റെയും നേതൃത്വത്തിലാണ് ലാത്തിച്ചാർജ് നടക്കുന്നത്. ഈ എ.സി.പി.-യുടെ പശ്ചാത്തലം എന്താണ്? അതിവിടെ പരിശോധിക്കേണ്ടതല്ലേ? തിരുവനന്തപുരം ലാ കോളേജിൽ കെ.എസ്.യു.-ക്കാരെ വളഞ്ഞിട്ട് ആക്രമിച്ച എസ്.എഫ്.ഐ. ക്കാർക്കെതിരെ മ്യൂസിയം സി.ഐ. ശ്രീ. സുനിൽ 307-ാം വകുപ്പുപ്രകാരം കേസെടുത്തു. ഉടനെ അദ്ദേഹത്തെ വേറൊരു കേസിൽപ്പെടുത്തി കാസർഗോഡേയ്ക്ക് സ്ഥലംമാറ്റുകയും ആ കേസന്വേഷണം ഏറ്റെടുത്ത് എസ്.എഫ്.ഐ.-ക്കാരായ ക്രിമിനലുകളെ കേസ്സിൽനിന്നും ഒഴിവാക്കിക്കൊടുക്കുകയും ചെയ്ത പാരമ്പര്യമാണ് എ.സി.പി. ശ്രീ. സുനീഷ് ബാബുവിന്റേത്. ഇങ്ങനെ ക്രിമിനലുകളായ ഉദ്യോഗസ്ഥരാണ് ഇന്നലെ നടന്ന മാർച്ചിൽ നരനായാട്ടിന് നേതൃത്വം നൽകിയത്. ഈ സുനീഷ് ചോദിക്കുന്ന ചോദ്യം മാധ്യമ പ്രതിനിധികളടക്കം കേട്ടതാണ്. 'നിന്റെ എം.എൽ.എ.-യ്ക്ക് രണ്ടെണ്ണം കിട്ടിയപ്പോൾ മതിയായില്ലെടാ' എന്നാണ് അദ്ദേഹം ചോദിച്ചത്. ഒരു പോലീസുദ്യോഗസ്ഥൻ ചോദിക്കുന്ന ചോദ്യമാണ്. ശ്രീ. കെ. എം. അഭിജിത്തിനോട് ഈ സഭയിൽ പറയാൻ സാധിക്കാത്ത രീതിയിലുള്ള തെറിയാണ് ഈ ഉദ്യോഗസ്ഥൻ പറയുന്നത്. ഇങ്ങനെയാണോ ഒരു പോലീസുകാരൻ പെരുമാറേണ്ടത്? ഇതിനിടയിൽ ഒരു പോലീസുകാരൻ ഓടിവന്ന് ശ്രീ. ഷാഫി പറമ്പിലിനെയും ശ്രീ. കെ. എം. അഭിജിത്തിനെയും അടിക്കുന്നു. .....(ബഹളം)..... ഒരു പോലീസുകാരൻ ശ്രീ. ഷാഫി പറമ്പിലിന്റെ കൈ കടിച്ചു മുറിക്കുകയാണ്. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്. നിങ്ങൾ ഇരിക്കൂ. അദ്ദേഹം പറയട്ടെ.

ശ്രീ. വി. ടി. ബൽറാം: സർ, കേരളത്തിലെ പോലീസ് എത്ര അപരിഷ്കൃതമാണ്. ഡാർവിന്റെ പരിണാമ സിദ്ധാന്തമൊന്നും കേരള പോലീസിന് ബാധകമല്ലേ? പരിണാമത്തിന്റെ വിപരീത ദിശയിലേയ്ക്കാണോ കേരളത്തിലെ പോലീസ് പോകുന്നത്? പിണറായി വിജയന്റെ പോലീസ് കുരങ്ങന്മാരുടെ പോലീസായി, ആളുകളെ കടിച്ചുമുറിക്കുന്ന പോലീസായി മാറിയിരിക്കുകയാണോ? ഇത് പോലീസ് സേനയാണോ, വാനരസേനയാണോയെന്ന് നിങ്ങൾ മറുപടി പറയണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പേപ്പട്ടികളെപ്പോലെ, കുരങ്ങന്മാരെപ്പോലെ ആളുകളുടെ കൈ കടിച്ചുമുറിക്കുന്ന പോലീസ് ഇന്നലെകളിലെ നസീമുമാരും ശിവരഞ്ജിത്തുമാരുമാണ്. ഇന്നലെകളിൽ പിൻവാതിലിലൂടെ

പോലീസ് ഫോഴ്സിൽ കയറിയ ക്രിമിനലുകളാണോ ഈ വിദ്യാർത്ഥി വേട്ടയ്ക്ക് നേതൃത്വം നൽകിയതെന്ന് ഞങ്ങൾ സംശയിക്കുകയാണ്. ഇവിടെ ശ്രീ. ഷാഫി പറമ്പിൽ വേട്ടയാടപ്പെടുകയാണ്. എന്താണ് കാരണം? നമുക്കെല്ലാവർക്കും അറിയാം. ശ്രീ. ഷാഫി പറമ്പിൽ ഓട് പൊളിച്ചുവന്നതല്ല. രണ്ട് തവണ പാലക്കാട് നിന്ന് മികച്ച ഭൂരിപക്ഷത്തിൽ വിജയിച്ചുവന്നപ്പോൾ നിങ്ങൾക്ക് അവിടെ രണ്ടാം സ്ഥാനംപോലും നേടാൻ സാധിച്ചില്ല. നിങ്ങൾ അവിടെ മൂന്നാം സ്ഥാനത്തായിരുന്നു. ആ ഷാഫി പറമ്പിലാണ് വാളയാറിലെ വേദനിപ്പിക്കുന്ന വിഷയം സഭയുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽകൊണ്ടുവന്നതെന്ന് നമുക്കറിയാം. അതിന്റെയടിസ്ഥാനത്തിൽ അവരെ നിശബ്ദരാക്കാൻ നിങ്ങൾ തീരുമാനിച്ചാൽ കേരളത്തിലെ പൊതുസമൂഹം അത് വകവച്ചുതരില്ല. വാളയാറിൽ കെ.എസ്.യു. ആദ്യമായിട്ടാണോ സമരം നടത്തുന്നത്? അവിടെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ലോംഗ് മാർച്ചടക്കമുള്ള പരിപാടികൾ നടത്തി. പി.എസ്.സി.-യിലേയ്ക്ക് രണ്ട് തവണ മാർച്ച് നടത്തി, നിരാഹാര സത്യാഗ്രഹം നടത്തി. യൂണിവേഴ്സിറ്റി വിഷയം ഉയർത്തിപ്പിടിച്ച് കേരള സർവ്വകലാശാലയിലേയ്ക്കും എം.ജി. സർവ്വകലാശാലയിലേയ്ക്കും സമരം നടത്തി. ഈ നിലയിലുള്ള വിഷയങ്ങളേറ്റെടുത്തുകൊണ്ടാണ് കെ.എസ്.യു. വിദ്യാർത്ഥി പ്രക്ഷോഭവുമായി മുന്നോട്ടുപോകുന്നത്. കേരള സർവ്വകലാശാലയിലെ മാർക്ക് തട്ടിപ്പ് അട്ടിമറിക്കാനല്ലേ ഗവൺമെന്റ് ശ്രമിക്കുന്നത്? ജില്ലാ തലത്തിലെ ജൂനിയർ ഉദ്യോഗസ്ഥരെ വച്ചുകൊണ്ടുള്ള ക്രൈംബ്രാഞ്ച് അന്വേഷണം മാത്രമാണ് അതിന്റെ പേരിൽ നടത്തുന്നത്. ഇതൊരു സോഫ്റ്റ്‌വെയർ തകരാർ മാത്രമാണെന്ന് വരുത്തിത്തീർക്കാനാണ് സർവ്വകലാശാല ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഉത്തരക്കടലാസ് വിവാദം ലഘൂകരിക്കാനല്ലേ ഈ ഗവൺമെന്റ് ആദ്യം മുതൽ ശ്രമിച്ചുകൊണ്ടിരുന്നത്? എൽ.ഡി.എഫ്. കൺവീനർ ശ്രീ. എ. വിജയരാഘവനടക്കം ആ രീതിയിലുള്ള പ്രസ്താവനകളല്ലേ നടത്തിയത്? സ്വർണ്ണക്കടത്തുകാരെ പിടിക്കുമ്പോൾ സർവ്വകലാശാലയുടെ ഉത്തരക്കടലാസ് കിട്ടുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്. ഇക്കാര്യം ഇന്നലെ പറഞ്ഞതല്ലേ?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഈ സഭയിലെ ഒരംഗത്തിന്റെ പ്രശ്നമാണിത്. പി.എസ്.സി.-യുടെ വിശ്വാസ്യത പ്രശ്നമാണ്. ശിവരഞ്ജിത്തുമാരും നസീമുമാരും പോലീസ് സേനയിലേയ്ക്ക്, സർക്കാർ സർവ്വീസിലേയ്ക്ക് കടന്നുകയറരുതെന്ന വിഷയം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് സമരം നടത്തുന്നത്. അക്കാര്യത്തിൽ സമഗ്രമായ അന്വേഷണം വേണ്ടേ? എന്തിനെയാണ് ഈ ഗവൺമെന്റ് ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്നത്. ഇവരുടെയൊക്കെ ടീ

ഷർട്ടിൽ എഴുതിവച്ചിരിക്കുന്ന ചെഗ്വേരയുടെ ഒരു വാചകമുണ്ട്, 'If you tremble with indignation at every injustice, then you are a comrade of mine'

ഓരോ അനീതിക്കെതിരെയും പ്രതികരിക്കുമ്പോഴാണ് നിങ്ങൾ സഖാവായി മാറുന്നത്. നിങ്ങളുടേത് സെലക്ടീവ് പ്രതികരണങ്ങളാണ്. ജെ.എൻ.യു.-വിൽ വിദ്യാർത്ഥികളുടെ സമരം നടക്കുകയാണ്. ഇന്നലെ പാർലമെന്റിലടക്കം അതുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയം അവതരിപ്പിക്കാൻ വന്നതിനെ ഞാൻ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. രാജ്യസഭയിൽ ആ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത് എസ്.എഫ്.ഐ.-യുടെ മുൻ അഖിലേന്ത്യ നേതാവായ ശ്രീ. കെ. കെ. രാഗേഷ്, എം.പി.-യാണ്. ഇവിടത്തെ മുൻകാല എസ്.എഫ്.ഐ. നേതാക്കൾക്ക് ഈ വിഷയങ്ങളിൽ എന്തെങ്കിലും പ്രതികരണമുണ്ടോ? ബഹുമാന്യനായ മന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഇന്നലത്തെ ഫേസ്ബുക്ക് പോസ്റ്റ് ഞാൻ വായിച്ചു. അതിൽ അദ്ദേഹം പറയുന്നു- "ജെ.എൻ.യു. കുട്ടികളുടെ ചോരകൊണ്ട് ചുവക്കുകയാണ് ദില്ലിയിലെ തെരുവുകൾ. ഒരു കാര്യം ഉറപ്പിച്ചു പറയാം. ഈ സമരത്തിന്റെ ലക്ഷ്യം കുട്ടികൾ നേടുകതന്നെ ചെയ്യും. കാരണം, അവരുടെ ഭാഗത്താണ് ന്യായവും നീതിയും. ഇവ രണ്ടിനുംവേണ്ടി ലോകത്ത് നടന്ന ഒരു വിദ്യാർത്ഥി സമരവും തോറ്റിട്ടില്ല. സർക്കാരിന്റെ പാരാമിലിട്ടറിയും സംഘപരിവാറിന്റെ മുഷ്ക്കും ഈ കുട്ടികൾക്ക് മുന്നിൽ അടിപതറുകതന്നെ ചെയ്യും." ഇന്നലെ 7.22-ന് ഇങ്ങനെയൊരു ഫേസ്ബുക്ക് പോസ്റ്റിടുമ്പോൾ അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സമരത്തിന്റെ ഭാഗമായി തലതല്ലിപ്പൊളിച്ച നിലയിൽ ആശുപത്രിയിൽ കിടക്കുകയാണ്. അദ്ദേഹം ഒളിയമ്പെയ്തതാണോ, ആഭ്യന്തര വകുപ്പിനെതിരെ വിമർശനത്തിനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തിയതാണോ എന്ന് ഞാൻ സംശയിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിയും ശ്രീ. പിണറായി വിജയനും ഒരേ പോലീസ് നയമാണ് ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നത്. സി.പി.ഐ.-യുടെ നേതാവ് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത് പോലീസ് റിപ്പോർട്ട് അതുപോലെ വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റുകാരെ എനിക്ക് ബഹുമാനമില്ലെന്നാണ്. അങ്ങ് ഇപ്പോൾ വായിക്കുന്ന, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നിരന്തരം ആവർത്തിക്കാറുള്ള പോലീസ് റിപ്പോർട്ടിനെക്കുറിച്ചാണ് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്. ഇവിടത്തെ മുഖ്യമന്ത്രിയെയും ഡി.ജി.പി.-യെയും ഉദ്ദേശിച്ചുകൊണ്ട് ഇവർ തമ്മിൽ നേരിട്ട് കാണുമ്പോൾ ആര് ആരെയായിരിക്കും സല്യൂട്ട് ചെയ്യുകയെന്ന് ചോദിച്ചുകൊണ്ട് മുൻ എസ്.എഫ്.ഐ.-ക്കാരൻ കൂടിയായ ഒരു പത്രപ്രവർത്തകൻ ഈയടുത്ത ദിവസമിട്ട ഫേസ്ബുക്ക് പോസ്റ്റ് എനിക്ക് വളരെ കൗതുകകരമായി തോന്നി. ഇവർ രണ്ട്

പേരും ചേർന്ന് ചുവരിൽ തൂക്കിയിരിക്കുന്ന ശ്രീ. നരേന്ദ്ര മോദിയുടെ ഫോട്ടോ നോക്കിയായിരിക്കും സല്യൂട്ട് ചെയ്യുകയെന്ന് രസികനായ മറ്റൊരാൾ അതിന് കമന്റിട്ടു. ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. അമിത് ഷായുടെയും പോലീസ് നയമാണ് ശ്രീ. പിണറായി വിജയനും ഈ ഗവൺമെന്റും ആവർത്തിക്കുന്നത്. ഇവിടെ ഈ സമരം സ്വന്തം ഭാര്യയ്ക്കും പെങ്ങൾക്കും സർക്കാർ ജോലി വാങ്ങിക്കൊടുക്കാൻ വേണ്ടിയുള്ളതല്ല. രക്തസാക്ഷികളെ സൃഷ്ടിച്ച് അവരുടെ അനുസ്മരണ ദിവസങ്ങളിൽ ചൂണ്ടയേറ് മത്സരം നടത്താനല്ല ഞങ്ങൾ സമരം നടത്തിയത്. പകരം, ദളിത് പെൺകുട്ടികൾക്ക് നീതിയും ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങളും വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട മാർക്കും ലഭിക്കാൻവേണ്ടിയുള്ള സമരമാണ്. ഒരു വിരൽ അറ്റുപോയാലും നിങ്ങളുടെ നെറികേടുകൾക്കെതിരെ ചൂണ്ടാൻ നൂറുവിരലുകൾ ഉയർന്നുവരും. ഒരു തല നിങ്ങൾ തല്ലിപ്പൊളിച്ചാൽ നീതി നിഷേധങ്ങൾക്കെതിരെ ഗർജ്ജിക്കുന്ന ആയിരം ശിരസ്സുകൾ ഇവിടെ ഉയർന്നുവരും. അതുകൊണ്ട് ഈ സംഭവത്തിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥരെ അടിയന്തരമായി സസ്പെൻഡ് ചെയ്യണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, സമാധാനപൂർണ്ണമായ ജീവിതമുണ്ടാകുക എന്നത് ഈ നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഈ നാടിന്റെ സമഗ്ര വികസനം ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളത്തിലുള്ളത്. ഞങ്ങൾ പരിശ്രമിക്കുന്നതും അത്തരമൊരു പൊതു അന്തരീക്ഷം കേരളത്തിൽ സൃഷ്ടിച്ചെടുക്കാനാണ്. അതിനുതകുന്ന ഒരു പോലീസ് നയമാണ് കേരളത്തിലെ പിണറായി വിജയൻ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ സൈ്വര്യജീവിതമാണ് പരമപ്രധാനം. ഇക്കാര്യത്തിൽ ഒരുതരത്തിലുള്ള അനാസ്ഥയും അനുവദിക്കുകയില്ല. സമാധാനപരമായ ജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളെ ഇല്ലാതാക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ട്. ഇതിനർത്ഥം പോലീസിനെ കയറൂരിവിടുന്നുവെന്നല്ല. നിയന്ത്രിക്കേണ്ടത് കർശനമായി നിയന്ത്രിച്ചും നടപടിയെടുക്കേണ്ടിടത്ത് നടപടിയെടുത്തും സർക്കാർ മുന്നോട്ടുപോകുകയാണ്. പോലീസ് സേനയിൽ ഒരു വഴിവിട്ട നീക്കവും അനുവദിക്കുകയില്ല. ജനാധിപത്യപരമായ പ്രതിഷേധങ്ങളെ അടിച്ചമർത്തുന്ന നടപടി സർക്കാർ സ്വീകരിക്കുകയില്ല, അത് ഞങ്ങളുടെ നയവുമല്ല. പോലീസിന്റെ ഭാഗത്തുനിന്ന് അതിക്രമമുണ്ടായാൽ അത് അനുവദിച്ചുകൊടുക്കുകയില്ല. ആഭ്യന്തര

സുരക്ഷ, സേവന കർമ്മരംഗം എന്നീ മേഖലകളിൽ ടെക്നോളജി അധിഷ്ഠിത മുന്നേറ്റം സാദ്ധ്യമാക്കുകയാണ് കേരള പോലീസ്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാകാര്യങ്ങൾ ഉറപ്പാക്കാൻ പുതിയ ടെക്നോളജിയുടെ സഹായത്തോടുകൂടി കർമ്മപരിപാടികൾ ആവിഷ്കരിക്കുകയാണ്. ജാഗ്രതയോടെ നിൽക്കുന്ന പോലീസ് സേനയാണ് ക്രമസമാധാന പരിപാലനത്തിന് ആവശ്യം. ജനപ്രതിനിധികൾക്ക് പരിക്കേൽക്കുന്ന സ്ഥിതിയുണ്ടാകാൻ പാടില്ല. അതിനാവശ്യമായ നിതാന്തജാഗ്രത സർക്കാരിന്റെ ഭാഗത്തുനിന്നുണ്ട്. എം.എൽ.എ.-മാർക്ക് മർദ്ദനമേറ്റ സംഭവങ്ങളുണ്ടായ ഘട്ടങ്ങളിൽ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നിലപാടല്ല ഈ സർക്കാരിന്റേത്. സഭയിലെ അംഗമായിരുന്ന ശ്രീ. വി. ശിവൻകുട്ടിക്ക് പ്രകടനക്കാരുടെ കല്ലേറിൽ പരിക്ക് പറ്റിയെന്നാണ് പത്രറിപ്പോർട്ടിൽത്തന്നെ കാണുന്നതെന്നും പരിക്കേറ്റ എം.എൽ.എ. ആക്രമിക്കാൻ പുറപ്പെട്ടുവെന്നുമുള്ള മറുപടി നൽകാനാണ് അന്നത്തെ ആഭ്യന്തരമന്ത്രിയായ ഇന്നത്തെ പ്രതിപക്ഷ നേതാവ് തയ്യാറായത്. ബഹുമാനപ്പെട്ട എം.എൽ.എ. കൊടുത്ത ആ പരാതി ആഭ്യന്തര വകുപ്പുമന്ത്രിക്ക് കൈമാറിയിട്ടുണ്ടെന്ന കാര്യമാണ് സഭയിൽ അന്ന് പറഞ്ഞത്. എം.എൽ.എ.-മാർക്ക് മർദ്ദനമേറ്റ സംഭവങ്ങളുണ്ടായ ഘട്ടങ്ങളിലെല്ലാം ഇത്തരമൊരു നിലപാടായിരുന്നു യു.ഡി.എഫ്.-ന്റെ ഭാഗത്തു നിന്നുണ്ടായിരുന്നത്. ഞാൻ സഭയിൽ അംഗമായിരുന്നപ്പോൾ പോലീസ് മർദ്ദനമേറ്റ് എന്റെ പുറത്ത് തൊലിയുണ്ടായിരുന്നില്ല. അന്ന് യു.ഡി.എഫ്.-ന്റെ ഭരണകാലമായിരുന്നു. ഈ സഭയിൽ മുഖ്യമന്ത്രിയുടെ മുമ്പിൽ വച്ച് ഞാൻ ഷർട്ടഴിച്ച് അദ്ദേഹത്തെ കാണിച്ചു. എന്റെ പുറത്ത് തൊലിയുണ്ടായിരുന്നില്ല. ഇതെല്ലാം ഇവിടെ നേരത്തെയും ഉണ്ടായിട്ടുണ്ട്. അതൊന്നും ഈ ഗവൺമെന്റ് അനുവദിക്കുന്ന പ്രശ്നമേയില്ല. ഇത്തരമൊരു നിലപാടുണ്ടാകാൻ പാടില്ലെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ...(ബഹളം)..... ഞാൻ പറയുന്നത് മുഴുവൻ കേൾക്കൂ. കേട്ടതിനുശേഷം പറയൂ. ശരിയായ രീതിയിൽ കാര്യങ്ങൾ പരിശോധിച്ച് വീഴ്ചവരുത്തിയെന്ന് കണ്ടെത്തിയാൽ അതിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കും. അതിന്റെ ഭാഗമായി ഗവൺമെന്റ് അന്വേഷണം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. സേവനോന്മുഖവും ജനസൗഹൃദപരവുമായ സംസ്കാരം സ്വീകരിക്കണമെന്നതാണ് ഗവൺമെന്റ് പോലീസിന് നൽകിയിട്ടുള്ള നിർദ്ദേശം. ഇവിടെ പരീക്ഷാ ക്രമക്കേടുകളെക്കുറിച്ച് പറയുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ സിവിൽ പോലീസ് ഓഫീസർമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരീക്ഷയിലെ ക്രമക്കേട് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. പ്രതികളെ എല്ലാവരെയും തിരിച്ചറിഞ്ഞ് പോലീസ് കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പ് നടത്തിയിരുന്നു. കേസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവെന്ന നിലയിൽ

പരീക്ഷാസമയത്ത് ഉപയോഗിച്ചുവെന്ന് കരുതുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ ശാസ്ത്രീയ പരിശോധനാ റിപ്പോർട്ടിനുവേണ്ടി കാത്തിരിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ പരീക്ഷാ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ അധികാരികൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് ക്രൈം ബ്രാഞ്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ പ്രശ്നങ്ങളും ഈ സഭയിൽ നിരവധി തവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്.

ഈ മാസം 25-ാം തീയതി കൂത്തുപറമ്പ് രക്തസാക്ഷി ദിനമാണ്. അഞ്ച് ചെറുപ്പക്കാർ വെടിയേറ്റ് മരിച്ച സംഭവം ഓർക്കുന്നത് നല്ലതാണ്. ഇവിടെ ബഹുമാന്യനായ വി. ടി. ബൽറാം ചെഗ്വേരയെ സ്മരിച്ചത് നന്നായി. അദ്ദേഹം ചെഗ്വേരയുടെ ആരാധകനായതിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുന്നു. അന്വേഷണ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ മറ്റ് നടപടി സ്വീകരിക്കാൻ സാധിക്കൂ. ഗവൺമെന്റിന് മുമ്പാകെ ലഭിക്കുന്ന റിപ്പോർട്ട് പോലീസ് നൽകുന്നതാണ്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഗവൺമെന്റ് നിലപാട് സ്വീകരിക്കുന്നത്. അപ്പുറത്തിരിക്കുന്നവരുടെ ഗവൺമെന്റ് ഭരണരംഗത്തുണ്ടായിരുന്നില്ലേ; അപ്പോൾ ഏത് റിപ്പോർട്ടാണ് സ്വീകരിച്ചിരുന്നത്? അതുകൊണ്ട് പോലീസ് റിപ്പോർട്ട് തന്നെയാണ് ഗവൺമെന്റിന്റെ ഭാഗമായി വരുന്നത്. അതെല്ലാം പരിശോധിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഈ സഭയിലെ ബഹുമാന്യനായ എം.എൽ.എ.-യുടെ തല തല്ലിപ്പൊട്ടിച്ചിട്ട് നിന്റെ എം.എൽ.എ.-യ്ക്ക് മതിയായില്ലേടാ എന്ന് ആക്രോശിച്ച എ.സി.പി., സുനീഷ് ബാബുവിനെപ്പറ്റി യാതൊരു ആശങ്കയുമില്ലാത്ത ഡി.ജി.പി., സ്വന്തം ഭാര്യയുടെ യാത്ര സുഗമമായില്ലായെന്ന് പറഞ്ഞ് ആശങ്കപ്പെട്ടത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, തെറ്റായ വാർത്തകൾ ഏറ്റെടുത്ത് സഭയിൽ ഉന്നയിക്കരുത്. ബഹുമാനപ്പെട്ട അംഗം ഇക്കാര്യം പരിശോധിച്ചിട്ട് പറയൂ. കേരളത്തിലെ ഉന്നതനായ പോലീസ് ഉദ്യോഗസ്ഥനെ ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. അടിസ്ഥാനരഹിതവും കുടുംബപരവുമായ കാര്യങ്ങളെക്കുറിച്ചാണ് നിങ്ങൾ പരാമർശിക്കുന്നതെന്ന് ഓർക്കണം. ഡി.ജി.പി.യെയോ ലാ ആന്റ് ഓർഡറിനെയോ സംബന്ധിച്ചല്ല നിങ്ങൾ പറയുന്നത്. ഇക്കാര്യങ്ങളിലൊക്കെ കുറേക്കൂടി ശരിയായ നിലപാട് സ്വീകരിക്കാൻ സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എം.എൽ.എ.-മാർക്ക് മുമ്പും മർദ്ദനമേറ്റിട്ടുണ്ട്. പൊതുപ്രവർത്തകർക്കും എം.എൽ.എ.-മാർക്കുമെതിരെ ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ സന്തോഷിക്കുന്നവരല്ല ഞങ്ങൾ. കാരണം, ഞങ്ങളും ഇതെല്ലാം അനുഭവിച്ചവരാണ്. അതുകൊണ്ടുതന്നെ

ഇതുണ്ടാകാതിരിക്കാനുള്ള ജാഗ്രത ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഇതിനെല്ലാം ദൃക്സാക്ഷിയായ ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെയുണ്ട്. ശ്രീ. കെ. എസ്. ശബരീനാഥനും ശ്രീ. ഷാഫി പറമ്പിലും പോലീസിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിലാണ് അവരെ അറസ്റ്റുചെയ്ത് നീക്കാൻ ശ്രമിച്ചത്. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സഭയിൽ ഇപ്പോൾ നമ്മളോടൊപ്പം ഉണ്ടായിരിക്കേണ്ടിയിരുന്ന പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിലിനെയാണ് ഇന്നലെ പോലീസ് അതിക്രൂരമായി മർദ്ദിച്ചത്. എം.എൽ.എ.-യെ എന്നല്ല സാധാരണക്കാരനെയാണെങ്കിലും അതിക്രൂരമായി പോലീസ് മർദ്ദിക്കുന്ന നടപടിയോട് നമുക്കാർക്കും യോജിക്കാൻ കഴിയില്ല. കുട്ടികൾ പോലീസിനെയാണ് മർദ്ദിച്ചതെന്ന് തോന്നത്തക്ക നിലയിലാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ഏതെങ്കിലുമൊരു പോലീസുകാരൻ മർദ്ദനമേറ്റ് ആശുപത്രിയിൽ അഡ്മിറ്റായിട്ടുണ്ടോ? സമരം ചെയ്തതിന്റെ പേരിൽ പോലീസിന്റെ ഭീകര മർദ്ദനത്തിനിരയായി പത്തുപതിനഞ്ച് ചെറുപ്പക്കാർ മെഡിക്കൽ കോളേജിലും മറ്റ് സ്വകാര്യ ആശുപത്രികളിലും കിടക്കുന്നത് ഇന്നലെ വൈകുന്നേരം ഞാൻ നേരിട്ട് പോയി കണ്ടതാണ്. ഇത്രയും ഭീകരമായ പോലീസ് താണ്ഡവത്തിനുള്ള എന്ത് സാഹചര്യമാണുണ്ടായത്? വലിയ പ്രക്ഷോഭമുണ്ടാകുമ്പോൾ അക്രമാസക്തരാകുന്ന ജനക്കൂട്ടത്തിനുനേരെ പോലീസ് ചിലപ്പോൾ ടിയർ ഗ്യാസ് പ്രയോഗിക്കും, ഗ്രനേഡ് എറിയും, ആളുകളെ പിരിച്ചുവിടാൻവേണ്ടി ലാത്തിവീശും. എന്നാൽ അത്തരത്തിലുള്ള യാതൊരു സംഭവവും അവിടെ ഉണ്ടായില്ല. ശ്രീ. പി. ടി. തോമസ് എം.എൽ.എ. ആണ് പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തത്. അതിനുശേഷം ശ്രീ. ഷാഫി പറമ്പിലും ശ്രീ. കെ. എസ്. ശബരീനാഥനും സംസാരിച്ച് കഴിഞ്ഞപ്പോൾ കുട്ടികളെ പോലീസ് അറസ്റ്റുചെയ്ത് മാറ്റുകയായിരുന്നു. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. എം. അഭിജിത്ത് ഉൾപ്പെടെയുള്ളവരെ വാനിൽക്കയറ്റി കൊണ്ടുപോകുന്ന വേളയിൽ കുറച്ച് കുട്ടികൾ വാഹനം തടയാൻ ശ്രമിച്ചു. ആ കുട്ടികളെ വളഞ്ഞിട്ട് തല്ലുന്നത് കണ്ടുകൊണ്ടാണ് ശ്രീ. ഷാഫി പറമ്പിൽ അവിടെ എത്തിയത്. കുട്ടികളെ അടിക്കരുതെന്ന് പറഞ്ഞപ്പോഴാണ് ശ്രീ. ഷാഫി പറമ്പിലിന് അതിക്രൂരമായ മർദ്ദനമേറ്റത്. ഒരു എം.എൽ.എ.-യുടെ കൈ കടിച്ചുമുറിച്ചത് എത്രമാത്രം അപമാനകരമായ

സംഭവമാണ്. ഇത് പോലീസിന് ചേർന്ന നടപടിയാണോ? കുട്ടികളെ മർദ്ദിച്ചയാളെ പിടിച്ചപ്പോഴാണ് എം.എൽ.എ.-യുടെ കൈ കടിച്ചുമുറിച്ചത്. എന്നിട്ട് അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോകാതെ നന്ദാവനം എ.ആർ. ക്യാമ്പിലേയ്ക്കാണ് കൊണ്ടുപോയത്. അതിൽ പ്രതിഷേധിച്ച് സഭാനടപടികൾ ബഹിഷ്കരിച്ചാണ് ഇവിടെ നിന്നും എം.എൽ.എ.-മാർ പോലീസ് ക്യാമ്പിലേയ്ക്ക് പോകുന്നത്. എം.എൽ.എ. എന്ന ബോർഡുണ്ടായിട്ടും പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീറിന്റെ വാഹനത്തെ പോലീസ് ക്യാമ്പിനകത്തേയ്ക്ക് കടത്തിവിട്ടില്ല. വാഹനത്തിന്റെ മുൻവശത്തെ ഗ്ലാസിൽ കൈ കൊണ്ടടിച്ചിട്ട് നിങ്ങൾ എം.എൽ.എ. ആണോയെന്ന് ചോദിച്ചു. 23 വർഷം എം.എൽ.എ.യും രണ്ട് തവണ മന്ത്രിയുമായ പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീറിനോട് നിങ്ങൾ എം.എൽ.എ. ആണോയെന്ന് ചോദിക്കുകയാണ്. ഈ അനുഭവം നാളെ നിങ്ങൾക്കുമുണ്ടാകും. പ്രതിപക്ഷ ഉപനേതാവ് എത്തിയശേഷമാണ് ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോയത്. എം.എൽ.എ.-യുടെ തലപൊട്ടി ചോരയൊലിച്ചപ്പോഴാണ് മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോയതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയല്ല. അവിടെ നിന്ന് നേരെ നന്ദാവനം എ.ആർ. ക്യാമ്പിലേയ്ക്കാണ് കൊണ്ടുപോയത്. ഇന്നലെ പരിക്കേറ്റ മുഴുവൻ കുട്ടികളെയും ഞാൻ കണ്ടു. മന്ത്രി അദ്ദേഹത്തിന്റെ ശരീരത്തിൽ പോലീസ് മർദ്ദനത്തിന്റെ ഫലമായി പാടുകളുണ്ടായതിനെപ്പറ്റി പറഞ്ഞു. ഈ കുട്ടികളുടെ ശരീരത്തിൽ മുഴുവനും ലാത്തിയുടെ കനത്ത പാടുകളാണ് ഇന്നലെ എനിക്ക് കാണാൻ കഴിഞ്ഞത്. ഇങ്ങനെ അവരെ വളഞ്ഞിട്ട് ആക്രമിക്കേണ്ട എന്ത് കാര്യമാണുണ്ടായത്? കെ.എസ്.യു.-വിന്റെ സംസ്ഥാന പ്രസിഡന്റിനെ എത്ര പോലീസുകാരാണ് വളഞ്ഞിട്ട് അടിച്ചത്? പൊതുമുതൽ നശിപ്പിക്കുകയോ വാഹനങ്ങൾക്ക് കേടുപാടുണ്ടാക്കുകയോ പോലീസിന്റെ വാഹനം തീവയ്ക്കുകയോ പോലീസുകാരെ കല്ലെറിയുകയോ ചെയ്തിട്ടില്ല. ഒരു കാരണവുമില്ലാതെ ശ്രീ. കെ. എം. അഭിജിത്തിനെയും ശ്രീ. ഷാഫി പറമ്പിലിനെയും വളഞ്ഞിട്ടടിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചത് എന്തിനാണ്? പോലീസുദ്യോഗസ്ഥന്മാർ വിചാരിച്ചിരുന്നെങ്കിൽ നിസാരമായി തീരേണ്ട സംഭവമായിരുന്നു. ക്രൂരമനോഭാവമുള്ള പോലീസുദ്യോഗസ്ഥന്മാർ രാഷ്ട്രീയ താല്പര്യംവച്ച് തങ്ങളുടെ യജമാനന്മാർക്കുവേണ്ടി ദാസ്യപണി ചെയ്യുകയാണ്. അല്ലെങ്കിൽ ഇങ്ങനെയൊരു സാഹചര്യം ഉണ്ടാകുമായിരുന്നില്ല, ഒരു എം.എൽ.എ.-യ്ക്ക് ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം അന്വേഷിക്കുമെന്ന് പറഞ്ഞു. ആ പോലീസുകാരെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള അന്വേഷണം മാത്രമേ ഞങ്ങൾക്ക് സ്വീകാര്യമുള്ളൂ. ഇ.എം.എസ്. 1970-ൽ

നടത്തിയ പ്രസംഗം എന്റെ കയ്യിലുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. പോലീസുദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്തുകൊണ്ടായിരിക്കണം നീതിപൂർവ്വമായ അന്വേഷണം നടത്തേണ്ടതെന്നാണ് ഇ.എം.എസ്. പ്രതിപക്ഷ നേതാവായിരുന്നപ്പോൾ പറഞ്ഞത്. ബഹുമാനപ്പെട്ട ഇ. പി. ജയരാജന് മർദ്ദനമേറ്റ കാര്യം അദ്ദേഹമിവിടെ പറഞ്ഞു. അങ്ങനെയുള്ള അദ്ദേഹം പോലീസിന്റെ ഈ ക്രൂരമായ നടപടിയെ ന്യായീകരിക്കാൻ പാടില്ലായിരുന്നു. ഇതുതന്നെയാണ് ശ്രീ. നരേന്ദ്ര മോദിയും ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ ചെയ്യുന്നത്. ശ്രീ. നരേന്ദ്ര മോദി ചെയ്യുന്ന കാര്യമാണ് ശ്രീ. പിണറായി വിജയനും കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നതെന്നാണ് കാണാൻ കഴിയുന്നത്. ഇവർ രണ്ട് പേരും ഒരേ തൂവൽപക്ഷികളായി മാറിയിരിക്കുന്നു. ഏഴ് മാവോയിസ്റ്റുകളെ വെടിവച്ച് കൊന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കുറ്റബോധവുമില്ലായിരുന്നു, ഒരു ഖേദപ്രകടനംപോലും നടത്തിയില്ല. കുട്ടികളെ ഭീകരമായി പോലീസ് മർദ്ദിച്ചിട്ട് ഇവിടെ പോലീസ് നയത്തെ പിന്തുണയ്ക്കുകയാണ്. ശ്രീ. ഷാഫി പറമ്പിലിന്റെ കാര്യം വിടാം. ശ്രീ. എൽദോ എബ്രഹാം എം.എൽ.എ. ഇവിടെയുണ്ടല്ലോ. അദ്ദേഹത്തെ എറണാകുളത്തുവച്ച് പോലീസ് ഭീകരമായി മർദ്ദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കൈ അടിച്ചൊടിച്ചതിൽ ശ്രീ. കാനം രാജേന്ദ്രന് ദുഃഖമുണ്ടായില്ലെങ്കിലും ഞങ്ങൾക്കൊക്കെ ദുഃഖമുണ്ടായി. അദ്ദേഹത്തോട് ഫോണിലൂടെ ഞാൻ വിവരങ്ങൾ അന്വേഷിച്ചു. ഭരണകക്ഷി എം.എൽ.എ. ആയ ശ്രീ. എൽദോ എബ്രഹാമിനുപോലും ഇതാണ് സ്ഥിതിയെങ്കിൽ പിന്നെ ഈ നാടിന്റെ സ്ഥിതിയെന്താണ്? ശ്രീ. ഇ. പി. ജയരാജൻ, നിങ്ങൾ പോലീസിനെ ടെക്നോളജി പഠിപ്പിക്കുന്നത് ഇങ്ങനെയാണോ? ശ്രീ. എൽദോ എബ്രഹാമിനെ ഭീകരമായി മർദ്ദിച്ച ഏതെങ്കിലും പോലീസുകാരുടെ പേരിൽ നടപടിയെടുത്തോ? ഒരു എസ്.ഐ.-യെ മാറ്റിയെന്ന് പറയുന്നത് കേട്ടു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ എന്തെങ്കിലും ചെയ്തോ? സ്പീക്കറും നടപടിയെടുത്തില്ല...... (ബഹളം)....

<u>മി. സ്പീക്കർ</u>: സഭയുടെ മേശപ്പുറത്ത് മിനിഞ്ഞാന്ന് പ്രിവിലേജ് കമ്മിറ്റിയുടെ റിപ്പോർട്ട് വച്ചത് നിങ്ങൾ വായിച്ചോ; ....(.ബഹളം) ....കയ്യിൽ തന്ന പുസ്തകം വായിച്ചോ? .....(ബഹളം).... വായിൽ തോന്നിയതെന്തും വിളിച്ചുപറയാനുള്ള സ്ഥലമല്ല ഇത്. പ്രതിപക്ഷ നേതാവ് ഇതൊക്കെ നിയന്ത്രിക്കണം.... (.ബഹളം).... സഭയുടെ അന്തസ്സിന് ചേരാത്ത പെരുമാറ്റം ഉണ്ടാകരുത്. നിങ്ങൾ ആ റിപ്പോർട്ട് വായിക്കൂ. .....(ബഹളം) ....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ.-യ്ക്ക് പോലീസ് മർദ്ദനമേറ്റപ്പോൾ ഞങ്ങളാരും അതിനെ ന്യായീകരിച്ചില്ല. പോലീസിനെ ടെക്നോളജി പഠിപ്പിക്കുന്ന പുതിയ സംവിധാനമുണ്ടെന്ന് പറഞ്ഞുകൊണ്ട് ഞാൻ പറഞ്ഞതാണ്. എറണാകുളത്തെ പോലീസിന് ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.-യെ അറിയില്ലേ? ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ ഇവിടത്തെ പോലീസിന് അറിയില്ലേ? എം.എൽ.എ. ആണെന്ന് പറഞ്ഞിട്ടും അടിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതാണ് കേരളത്തിലെ പോലീസ്. ശ്രീ. പിണറായി വിജയന്റെ പോലീസും ശ്രീ. നരേന്ദ്ര മോദിയുടെ പോലീസും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നുള്ളതിന്റെ തെളിവാണ് ഓരോ ദിവസവും നടന്നുകൊണ്ടിരിക്കുന്ന ഈ സംഭവ വികാസങ്ങൾ. നമ്മുടെ നാട്ടിൽ സമരങ്ങളുണ്ടാകുന്നത് പുതിയ കാര്യമാണോ? സമരങ്ങൾ ധാരാളമുണ്ടാകും. സമരങ്ങളോട് പോലീസ് സ്വീകരിക്കേണ്ട സമീപനം ഇതല്ല. വിദ്യാർത്ഥി പ്രവർത്തകരുടെ സമരമുണ്ടാകുമ്പോൾ ഒരാളുടെയും തലയ്ക്കടിക്കാൻ പാടില്ലെന്നും ലാത്തിചാർജ്ജുണ്ടാകുമ്പോൾ വേണമെങ്കിൽ കാലിന്റെ മുട്ടിനുതാഴെ അടിക്കണമെന്നും തലയടിച്ച് പൊട്ടിക്കുന്ന സമീപനം പാടില്ലെന്നുമുള്ള കർശന നിർദ്ദേശം ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പോലീസിന് കൊടുത്തിരുന്നു. ഇന്നലെ ഈ പാവപ്പെട്ട കുട്ടികളുടെയെല്ലാം തല അടിച്ചുപൊട്ടിക്കുകയാണ് ചെയ്തത്. മാത്രമല്ല ജോബ് അശോക് എന്ന ചെറുപ്പക്കാരന്റെ കയ്യിൽ ഗ്രനേഡ് തട്ടി കൈ വിരൽ നഷ്ടപ്പെടുന്ന അവസ്ഥയിലാണ്. ഇതിന് എന്ത് ന്യായീകരണമാണുള്ളത്? കേരളത്തിലുണ്ടാകുന്ന വിദ്യാർത്ഥി സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ സഭയിലെ ഒരു എം.എൽ.എ.-യുടെ കാര്യം ഇവിടെ ഉന്നയിക്കുമ്പോൾ അപ്പുറത്തുള്ളവർ അവിടെയിരുന്ന് ചിരിക്കുകയാണ്. ഇതെന്ത് മര്യാദയാണ്? ..(.ബഹളം) ...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഈ സഭയിലെ നമ്മുടെ സഹപ്രവർത്തകന് പോലീസ് മർദ്ദനമേറ്റതിനോട് അനുഭാവം പ്രകടിപ്പിക്കണ്ട, പക്ഷേ അപമാനിക്കരുത്. ഒരു എം.എൽ.എ.-യ്ക്കാണ് ഇത് സംഭവിച്ചിരിക്കുന്നത്.

അന്വേഷിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വാളയാർ സംഭവത്തിൽ സി.ബി.ഐ. അന്വേഷണമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. യൂണിവേഴ്സിറ്റി കോളേജിലെ പരീക്ഷാ തട്ടിപ്പുമായി ബന്ധപ്പെട്ട പ്രശ്നത്തിന് നീതിയുക്തമായ അന്വേഷണമാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. അന്വേഷണത്തിനായി നിങ്ങൾ

ആരെയാണ് ഏല്പിച്ചിരിക്കുന്നത്? ഇത്രയും വലിയ പരീക്ഷാ തട്ടിപ്പ് കേരള യൂണിവേഴ്സിറ്റിയിലുണ്ടായിട്ട് ഒരു സി.ഐ.-യും ഒരു ഡിവൈ.എസ്.പി.-യും മാത്രമുള്ള ജില്ലാ ക്രൈം ബ്രാഞ്ചിനെയാണ് അന്വേഷണം ഏല്പിച്ചിരിക്കുന്നത്. നാണമില്ലേ ശ്രീ. ഇ.പി. ജയരാജൻ? ഇത്രയും വലിയൊരു സംഭവമുണ്ടായിട്ട് എന്തുകൊണ്ട് സംസ്ഥാന ക്രൈം ബ്രാഞ്ചിനെ ഏല്പിക്കുന്നില്ല? എന്തുകൊണ്ട് നിങ്ങൾ ഉത്തരവാദിത്വത്തോടെ പെരുമാറുന്നില്ല? ജില്ലാ ക്രൈം ബ്രാഞ്ചിന്റെ സംവിധാനങ്ങൾ പരിശോധിച്ചാൽ ഇത്രയും വലിയ തട്ടിപ്പുകൾ കണ്ടെത്താൻ അവർക്ക് കഴിയില്ലെന്ന് മറ്റാരെക്കാളും ബോദ്ധ്യമുള്ളവരാണ് നിങ്ങൾ.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഇന്നലെ ശ്രീ. ഷാഫി പറമ്പിലിന് പരിക്കുപറ്റി അദ്ദേഹം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലാണെന്ന് അറിഞ്ഞാണ് ഞങ്ങൾ നന്ദാവനത്തേയ്ക്ക് പോയത്. ശ്രീ. വി. ഡി. സതീശനും ഞങ്ങളുമൊക്കെയാണ് ആദ്യം അവിടെ ചെന്നത്. ശ്രീ. ഷാഫി പറമ്പിലിനെ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോകാൻ ഞങ്ങൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് അദ്ദേഹത്തെ ആംബുലൻസിൽ കയറ്റി. സമരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ വിട്ടയയ്ക്കണമെന്ന് പറഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന ഒരുദ്യോഗസ്ഥൻ മേലുദ്യോഗസ്ഥനെ ഫോണിൽ വിളിച്ച് അനുവാദം വാങ്ങി ജാമ്യംപോലും എടുക്കാതെയാണ് അവരെ വിട്ടയച്ചത്. അവർക്കെതിരെ ഒരു കേസ്സുപോലും രജിസ്റ്റർ ചെയ്തിരുന്നില്ല. കേസെടുത്തുവെന്ന് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കുട്ടികൾ എന്തെങ്കിലും അക്രമം നടത്തിയിരുന്നെങ്കിൽ തീർച്ചയായും അവർക്കെതിരെ കേസെടുക്കുമായിരുന്നു. അവരുടെ പേരിൽ ഒരു എഫ്.ഐ.ആർ. പോലുമുണ്ടായിരുന്നില്ല. ജാമ്യമെടുക്കേണ്ട ആവശ്യംപോലും വന്നിട്ടില്ല. അതുകൊണ്ട് കുട്ടികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് കളവാണെന്ന് പ്രതിപക്ഷനേതാവ് മനസ്സിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അവർ കേസ്സിൽ പ്രതികളാണെങ്കിൽ അപ്പോൾ അവരെ വിട്ടയയ്ക്കുകയില്ലല്ലോ. ജില്ലാ ക്രൈം ബ്രാഞ്ച് അന്വേഷിച്ചാൽ കേരള യൂണിവേഴ്സിറ്റിയിലെ 2016 മുതലുള്ള പരീക്ഷാ തട്ടിപ്പുകൾ കണ്ടെത്താൻ കഴിയുമോ? നിങ്ങൾ ലാഘവബുദ്ധിയോടെയാണ് ഇതിനെ കാണുന്നത്. യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസ്സിൽ കുറ്റപത്രം സമർപ്പിക്കാത്തതുകൊണ്ട് പ്രതികൾക്ക് ജാമ്യം കിട്ടി. പി.എസ്.സി. തട്ടിപ്പുമായി ബന്ധപ്പെട്ടവർക്കെല്ലാം ജാമ്യം കിട്ടി. വാളയാറിലെ കുട്ടികളുടെ അമ്മയും അച്ഛനും വന്നപ്പോൾ നിങ്ങൾ

കോടതിയിൽ പോകൂ, അപ്പോൾ ഞങ്ങൾ പിന്തുണയ്ക്കാം എന്നാണ് നിങ്ങൾ പറഞ്ഞത്. അതിനെ നിങ്ങൾ എത്ര ലാഘവത്തോടെയാണ് കാണുന്നത്? നിങ്ങൾ ആരോടൊപ്പമാണ്? നിങ്ങൾ ഇരകളോടൊപ്പമല്ല, വേട്ടക്കാരോടൊപ്പമാണ്. ഏറ്റവുംകൂടുതൽ പക്ഷപാതപരമായി പെരുമാറുന്ന പോലീസ് നയമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. പ്രതിപക്ഷകക്ഷികൾക്കുനേരെ സ്വീകരിക്കുന്ന സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. പാർട്ടി പറയുന്നതുമാത്രം അനുസരിച്ച് പ്രവർത്തിക്കുന്ന പോലീസായി കേരള പോലീസിനെ നിങ്ങൾ അധഃപതിപ്പിച്ചിരിക്കുകയാണ്. ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും എം.എൽ.എ.-മാർക്കുപോലും രക്ഷയില്ലാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. .... (.ബഹളം)...

(കെ.എസ്.യു. മാർച്ചിനിടെ ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III ശ്രദ്ധ ക്ഷണിക്കൽ

<u>റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, റബ്ബർ കൃഷി നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് വിലസ്ഥിരതാ ഫണ്ടിന്റെ ആനുകൂല്യം ചിരട്ടപ്പാലിനുകൂടി ലഭ്യമാക്കുക, പാലാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി എന്നിവിടങ്ങളിലെ പണം നഷ്ടപ്പെട്ട നിക്ഷേപകർക്ക് അത് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, ഭരണസമിതി അംഗങ്ങൾക്കുമേൽ ചുമത്തിയ സർചാർജ് ഈടാക്കുക, crumb rubber ലാറ്റക്സ് ഫാക്ടറികൾ പ്രവർത്തനക്ഷമമാക്കുക, റബ്ബർ മേഖലയുടെ പുനരുദ്ധാരണത്തിനായി സിയാൽ മാതൃകയിൽ കമ്പനി രൂപീകരിക്കുന്ന നടപടി ത്വരിതപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. .....(ബഹളം..)..

മദ്ധ്യതിരുവിതാംകൂറിലാകെയും പാലായിൽ വിശേഷിച്ചും റബ്ബറിന്റെ വിലയിടിവിനെത്തുടർന്നുണ്ടായ പ്രതിസന്ധി നിലനിൽക്കുകയാണ്. ഈ പ്രദേശങ്ങളിലെ പ്രധാന കൃഷിയും വരുമാന മാർഗ്ഗവും റബ്ബറായിരുന്നു. വർദ്ധിച്ച തോതിലുള്ള കൂലിച്ചെലവ്, വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്, വിലയിടിവ് എന്നീ കാരണങ്ങളാൽ ഈ മേഖല ഇന്ന് പ്രതിസന്ധിയിലാണ്. കൃഷിയെയും അനുബന്ധ തൊഴിൽ മേഖലകളെയും ആശ്രയിച്ച് ജീവിക്കുന്ന നിരവധി കുടുംബങ്ങൾ ഇന്ന് ഭാവി എന്തെന്നറിയാതെ പകച്ചുനിൽക്കുകയാണ്. ടാപ്പിംഗ് നടത്തിയെടുക്കുന്ന റബ്ബർ പാൽ പ്രധാനമായും മൂന്ന് വിധത്തിലാണ് സംസ്കരിക്കുന്നത്. റബ്ബർ ഷീറ്റായി സംസ്കരിക്കുന്നതിന് കൂടുതൽ അദ്ധ്വാനവും ചെലവും വേണ്ടിവരുന്നു. മരങ്ങളിൽനിന്നും ശേഖരിക്കുന്ന പാൽ വലിയ വീപ്പകളിൽ ശേഖരിച്ച് അമോണിയ ചേർത്ത് കട്ടിപിടിക്കാതെ ലാറ്റക്സ് ഫാക്ടറികൾക്ക് നൽകുന്നു. ....(.ബഹളം)... എന്നാൽ ടാപ്പിംഗ് കഴിഞ്ഞ് ചിരട്ടകളിൽ ശേഖരിക്കുന്ന പാൽ തനിയെ ഉറച്ചശേഷം ചിരട്ടയിൽനിന്നും ശേഖരിക്കുന്നതിനെ field coagulum എന്നോ ചിരട്ടപ്പാൽ എന്നോ പറയപ്പെടുന്നു. താരതമ്യേന അദ്ധ്വാനവും സമയവും കുറഞ്ഞ മാർഗ്ഗമാണിത്. ..... (ബഹളം.)..

(പ്രതിപക്ഷാംഗങ്ങളിൽ ചിലർ ഡയസിൽ പ്രവേശിച്ചതിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ മുന്നറിയിപ്പില്ലാതെ ഇറങ്ങിപ്പോയതിനെത്തുടർന്ന് 10.51-ന് തടസ്സപ്പെട്ട സഭ 11.44-ന് പുനരാരംഭിച്ചു.)

(സഭ പുനരാരംഭിച്ചപ്പോൾ കെ.എസ്.യു. മാർച്ചിനിടെ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞങ്ങൾ ഉന്നയിച്ച ആവശ്യത്തിൽ ഉറച്ചുനിൽക്കുകയാണ്. ഈ സഭയിലെ ഒരംഗമായ ശ്രീ. ഷാഫി പറമ്പിലിനെ ഭീകരമായി മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകണം. അന്വേഷണം നടക്കട്ടെ. പക്ഷേ അതിനുമുമ്പ് അവരുടെ പേരിൽ നടപടിയെടുക്കണമെന്ന ആവശ്യത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്. സർക്കാർ അക്കാര്യം പരിഗണിക്കണമെന്ന് വീണ്ടും ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനോട് അഭ്യർത്ഥിക്കുകയാണ്. .......(ബഹളം.)...

മി. സ്പീക്കർ: അദ്ദേഹത്തിന് പറയാനുള്ളത് കേൾക്കൂ...

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ: സർ, അന്വേഷണത്തിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ശിക്ഷിച്ചിട്ടാണോ അന്വേഷണം നടത്തേണ്ടത്? അന്വേഷണ റിപ്പോർട്ട് വരുമ്പോൾ അതിനനുസരിച്ചുള്ള നടപടി സ്വീകരിക്കാം.......(.ബഹളം.)...

(പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുസമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സഭാനടപടികൾ നിർഭാഗ്യകരമായ സാഹചര്യത്തിലേയ്ക്ക് നീങ്ങിയ പശ്ചാത്തലത്തിൽ കക്ഷിനേതാക്കളുടെ യോഗം ചേർന്നിരുന്നു. നിയമസഭയിൽ പ്രതിഷേധ പ്രകടനങ്ങളും വൈകാരിക പ്രകടനങ്ങളും സ്വാഭാവികമാണെങ്കിലും ഇന്ന് വളരെ നിർഭാഗ്യകരമായ സാഹചര്യം സഭയിലുണ്ടായിയെന്ന് ചെയർ നിരീക്ഷിക്കുകയാണ്. സർവ്വശ്രീ റോജി എം. ജോൺ, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത് എന്നീ നാല് സാമാജികർ സഭാനടത്തിപ്പിന്റെ സാമാന്യമര്യാദകളെ ലംഘിക്കുന്ന രീതിയിൽ പെരുമാറിയത് നിർഭാഗ്യകരമായ കാര്യമാണെന്ന് ചെയർ നിരീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട്, കാര്യങ്ങൾ കൂടിയാലോചിച്ച് തീരുമാനിക്കേണ്ടിവരുമെന്ന് അറിയിക്കുകയാണ്. ...... (.ബഹളം....

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

ഓർഡർ..... ഓർഡർ..... ശ്രദ്ധക്ഷണിക്കലുകളും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു. അവയ്ക്കുള്ള മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വയ്ക്കേണ്ടതാണ് *.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ്-1 പ്രകാരമുള്ള കടലാസുകൾ

I മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 304/2018 | ജി.ഒ.(പി) നമ്പർ 4/2018/ജി.എ.ഡി. | 17-5-2018 | അതെ |
| 2 | 707/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 2154/2019/ഹോം | 13-8-2019 | അല്ല |
| 3 | 708/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 2154/2019/ഹോം | 13-8-2019 | അല്ല |
| 4 | 709/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 2154/2019/ഹോം | 13-8-2019 | അല്ല |
| 5 | 710/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 2154/2019/ഹോം | 13-8.-2019 | അല്ല |
| 6 | 711/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 2154/2019/ഹോം | 13-8-2019 | അല്ല |
| 7 | 712/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 2154/2019/ഹോം | 13-8-2019 | അല്ല |
| 8 | 738/2019 | ജി.ഒ.(എം.എസ്.) നമ്പർ 151/2019/ഹോം | 11-10-2019 | അല്ല |
| 9 | 746/2019 | ജി.ഒ.(പി) നമ്പർ 41/2019/ഹോം | 14-10-2019 | അല്ല |
| 10 | 755/2019 | ജി.ഒ.(ആർ..റ്റി.) നമ്പർ 2802/2019/ഹോം. | 15-10-2019 | അല്ല |
| 11 | 759/2019 | ജി.ഒ.(എം.എസ്.) നമ്പർ 158/2019/ഹോം | 18-10-2019 | അല്ല |
| 12 | 760/2019 | ജി.ഒ.(.എം.എസ്.) നമ്പർ 158/2019/ഹോം | 18-10-2019 | അല്ല |
| 13 | 761/2019 | ജി.ഒ.(.എം.എസ്.) നമ്പർ 159/2019/ഹോം | 18-10-2019 | അല്ല |
| 14 | 762/2019 | ജി.ഒ.(.എം.എസ്.) നമ്പർ 159/2019/ഹോം | 18-10-2019 | അല്ല |
| 15 | 771/2019 | ജി.ഒ. (എം.എസ്.)നമ്പർ 163/2019/ഹോം | 20-10-2019 | അല്ല |
| 16 | 809/2019 | ജി.ഒ.(പി) നമ്പർ 48/2019/ഹോം | 5-11-2019 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലോകായുക്ത | 2017 | ആന്വൽ കൺസോളിഡേറ്റഡ് റിപ്പോർട്ട് | അതെ |

II. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 741/2019 | ജി.ഒ.(പി)നമ്പർ 61/2019/ആർ.ഡി. | 9-10-2019 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ് | 2010-11 മുതൽ 2016-17 വരെ | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

III. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 788/2019 | ജി.ഒ.(പി)നമ്പർ 37/2019/ട്രാൻസ്. | 26-10-2019 | അല്ല |
| 2 | 800/2019 | ജി.ഒ.(പി)നമ്പർ 36/2019/ട്രാൻസ്. | 17-10-2019 | അല്ല |

IV. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 681/2019 | ജി.ഒ.(പി)നമ്പർ 140/2019/നി.വ. | 20-10-2019 | അല്ല |
| 2 | 774/2019 | ജി.ഒ.(പി)നമ്പർ 25/2019/ഇൻഡ്. | 24-10-2019 | അല്ല |
| 3 | 808/2019 | ജി.ഒ.(പി)നമ്പർ 143/2019/ഫിൻ. | 23-10-2019 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |

V. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 735/2019 | ജി.ഒ. (ആർ.റ്റി)നമ്പർ 1340/2019/ലോ | 4-10-2019 | അല്ല |

VI. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 387/2019 | ജി.ഒ.(പി)നമ്പർ 54/2019/എച്ച് & എഫ്.ഡബ്ല്യൂ.ഡി. | 11-6-2019 | അതെ |
| 2 | 706/2019 | ജി.ഒ.(പി)നമ്പർ 95/2019/എച്ച്. & എഫ്.ഡബ്ല്യൂ.ഡി. | 29-9-2019 | അല്ല |

VII. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 625/2019 | ജി.ഒ.(പി)നമ്പർ 136/2019/നി.വ. | 3-9-2019 | അല്ല |
| 2 | 725/2019 | ജി.ഒ.(പി)നമ്പർ 153/2019/ടാക്സ് | 9-10-2019 | അല്ല |
| 3 | 732/2019 | ജി.ഒ.(പി)നമ്പർ 154/2019/റ്റി.ഡി. | 9-10-2019 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

VIII. തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 470/2019 | ജി.ഒ.(പി)നമ്പർ 111/2019/റ്റി.ഡി. | 15-7-2019 | അതെ |
| 2 | 513/2019 | ജി.ഒ.(പി)നമ്പർ 66/2019/എൽ. ബി.ആർ. | 20-7-2019 | അതെ |
| 3 | 652/2019 | ജി.ഒ.(പി)നമ്പർ 64/2019/എൽ. ബി.ആർ. | 15-7-2019 | അല്ല |
| 4 | 656/2019 | ജി.ഒ.(പി)നമ്പർ . 81/2019/എൽ. ബി.ആർ. | 8-9-2019 | അല്ല |
| 5 | 722/2019 | ജി.ഒ.(പി)നമ്പർ 83/2019/എൽ. ബി.ആർ. | 8-9-2019 | അല്ല |
| 6 | 723/2019 | ജി.ഒ.(പി)നമ്പർ 82/2019/എൽ. ബി.ആർ. | 8-9-2019 | അല്ല |
| 7 | 791/2019 | ജി.ഒ. (എം.എസ്.)നമ്പർ 60/2019/റ്റി.ഡി. | 29-10-2019 | അല്ല |
| 8 | 819/2019 | ജി.ഒ.(പി)നമ്പർ 92/2019/എൽ. ബി.ആർ. | 18-10-2019 | അല്ല |

IX. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |

X. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 407/2019 | ജി.ഒ.(പി) നമ്പർ 68/2019/ കോ-ഓപ്പ്. | 7-6-2019 | അതെ |
| 2 | 494/2019 | ജി.ഒ.(പി) നമ്പർ 80/2019/കോ-ഓപ്പ്. | 19-7-2019 | അതെ |
| 3 | 582/2019 | ജി.ഒ.(പി) നമ്പർ 79/2019/കോ-ഓപ്പ്. | 11-7-2019 | അതെ |
| 4 | 629/2019 | ജി.ഒ.(പി) നമ്പർ 90/2019/കോ-ഓപ്പ്. | 19-8-2019 | അല്ല |
| 5 | 643/2019 | ജി.ഒ.(പി) നമ്പർ 95/2019/കോ-ഓപ്പ്. | 6-9-2019 | അല്ല |
| 6 | 692/2019 | ജി.ഒ.(പി) നമ്പർ 102/2019/കോ-ഓപ്പ്. | 27-9-2019 | അല്ല |
| 7 | 693/2019 | ജി.ഒ.(പി) നമ്പർ 103/2019/കോ-ഓപ്പ്. | 27-9-2019 | അല്ല |
| 8 | 704/2019 | ജി.ഒ.(പി) നമ്പർ 101/2019/കോ-ഓപ്പ്. | 23-9-2019 | അല്ല |
| 9 | 728/2019 | ജി.ഒ.(പി) നമ്പർ 109/2019/കോ-ഓപ്പ്. | 9-10-2019 | അല്ല |
| 10 | 729/2019 | ജി.ഒ.(പി) നമ്പർ 111/2019/കോ-ഓപ്പ്. | 9-10-2019 | അല്ല |

XI. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 724/2019 | ജി.ഒ.(പി)നമ്പർ 65/2019/ എൽ.എസ്.ജി.ഡി. | 5-10-2019 | അല്ല |
| 2 | 726/2019 | ജി.ഒ.(പി)നമ്പർ 66/2019/ എൽ.എസ്.ജി.ഡി. | 5-10-2019 | അല്ല |

XII. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 433/2019 | ജി.ഒ.(പി)നമ്പർ 6/2019/ജി. ഇ.ഡി.എൻ. | 30-6-2019 | അതെ |

(2) ചട്ടം 47(2) അനുസരിച്ച് ലിസ്റ്റ്-II പ്രകാരമുള്ള കടലാസുകൾ

1. മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4979, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 118, പതിനഞ്ചാം സമ്മേളനത്തിലെ 144, 146, 174, 1890, 2017, 3482 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 653 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 3147, പതിനഞ്ചാം സമ്മേളനത്തിലെ 3056 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2693 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 339-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യം, പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 517, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4673, പതിനൊന്നാം സമ്മേളനത്തിലെ 498, പതിമൂന്നാം സമ്മേളനത്തിലെ 455, പതിനഞ്ചാം സമ്മേളനത്തിലെ 3789, 3840, 5331, 5333 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ എന്നിവയുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3155, പതിനാറാം സമ്മേളനത്തിലെ 2988, പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 4719 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 5586, പതിമൂന്നാം സമ്മേളനത്തിലെ 599, പതിനാലാം സമ്മേളനത്തിലെ 3675, പതിനഞ്ചാം സമ്മേളനത്തിലെ 2772, 2799, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 6260, പതിനഞ്ചാം സമ്മേളനത്തിലെ 4032, 5599 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2095 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

9. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1244 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

10. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 360 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

11. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3962 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

12. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 1654 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

13. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1461 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

14. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4411 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

15. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1583, 4184, 5692 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

16. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1737 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

17. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3914 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## V ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ പരിഗണിച്ചില്ല.)

## VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ

(ii) 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലും 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലും 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

## (i) 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ

### രണ്ടാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞാൻ ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെല്ലാം വിശദീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. ഷാജിയുടെ 251-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

251. ഖണ്ഡം 2 (ഡി)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രന്റെ 272-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 2 (ഇ)-ൽ

ii) "ജില്ലാബോർഡ്" എന്നതിനുപകരം "ജില്ലാ ബോർഡ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. പി. ജയരാജൻ)</u>: സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 286-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 3-ൽ

i) "രൂപീകരിച്ച" എന്ന വാക്കിനുപകരം "രൂപീകരിച്ചിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

ii)"ജില്ലാബോർഡ്" എന്നതിനുപകരം "ജില്ലാ ബോർഡ്" എന്ന് മാറ്റുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>:നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 380-ാം നമ്പർ ഭേദഗതിയും ശ്രീ. എസ്. ശർമ്മയുടെ 391-ാം നമ്പർ ഭേദഗതിയും ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

380. ഖണ്ഡം 6(1)-ൽ,

iii) "കൈപ്പറ്റു " എന്നത് "കൈപ്പറ്റ്" എന്നാക്കുക.

391. ഖണ്ഡം 6(1)-ൽ,

ii) "നേടേണ്ടതാണ് " എന്നതിനുപകരം "നേടേണ്ടതുമാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 425-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

425. ഖണ്ഡം 7-ൽ, "കേന്ദ്രആക്റ്റിൻകീഴിലുള്ള" എന്ന വാക്കിനു പകരം "കേന്ദ്രആക്റ്റിൻ കീഴിലുള്ള" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

എട്ടാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 479-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

479. ഖണ്ഡം 8(3)-ന്റെ വിശദീകരണം (എ)-ൽ "ഏകാംഗികൃത" എന്നതിനു പകരം "ഏകാംഗീകൃത" എന്നത് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒമ്പതാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>:പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി..

<u>പതിനൊന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........
പ്രതികൂലിക്കുന്നവർ...........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

### (ii) 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

#### രണ്ടാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 156 (iii) -ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 2-ൽ

iii) "(3)-ാം വകുപ്പിൽ" എന്നത് "3-ാം വകുപ്പിൽ" എന്നാക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 230-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ആർ)-ൽ

i) "സർക്കാർ" എന്ന വാക്കിനുപകരം "സർക്കാർ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.).

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്ക് 12.02-ന് പിരിഞ്ഞു.

## അനുബന്ധം I

നക്ഷത്രചിഹ്നമിട്ട 513-ാം നമ്പർ ചോദ്യത്തിന്റെ 'ബി' പിരിവിനുള്ള വിശദമായ മറുപടി

ജലദൗർലഭ്യവും കാലാവസ്ഥാ വ്യതിയാനവും അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യം വളരെ വലുതാണ്. വർഷത്തിൽ 5 മാസത്തോളം വേനൽ അനുഭവപ്പെടുന്ന നമ്മുടെ സംസ്ഥാനത്ത് ഇക്കാലയളവിൽ (ജനുവരി മുതൽ മേയ് മാസം വരെ) മണ്ണിൽ ഈർപ്പത്തിന്റെ അളവ് വളരെയധികം കുറവാണ്. ആയതിനാൽ കൃത്യമായി ജലസേചനം നടത്തി കൃഷി ചെയ്യേണ്ടത് അനിവാര്യമായി വരുന്നു. എന്നാൽ കുടിവെള്ളത്തിന് വളരെ ക്ഷാമമനുഭവപ്പെടുന്ന ഇക്കാലത്ത് കാർഷികോൽപ്പാദനം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിലാണ് തുള്ളിനന പോലെയുള്ള ജലസേചനത്തിന്റെ ആവശ്യകത അനിവാര്യമായി വരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയുടെ സമഗ്രമായ വികസനവും കാര്യക്ഷമമായ ജല ഉപയോഗവും ലക്ഷ്യമിട്ടാണ് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നത്.

കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി ഓരോ ജില്ലയിലും ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി കൃഷി വകുപ്പുമായി ചേർന്ന് കൃഷിഭൂമി കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നാല്പത് ഹെക്ടറിന് ഒന്ന് എന്ന രീതിയിൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾ രൂപീകരിച്ചുവരുന്നു.

മൈക്രോ ഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന് ഒരു ഫെർട്ടിഗേഷൻ യൂണിറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുപയോഗിച്ച് ജലസേചനത്തിന് ഉപയോഗിക്കുന്ന വെള്ളത്തിൽ വളം ശാസ്ത്രീയമായ രീതിയിൽ ആവശ്യാനുസരണം മാത്രം ലയിപ്പിച്ച് ഓരോ ചെടിയുടെയും ചുവട്ടിൽ കൃത്യമായ അളവിൽ എത്തിക്കുന്ന മാർഗ്ഗം അവലംബിക്കുന്നതാണ്.

തുള്ളിനനയിലൂടെ ജലം ചെടികൾക്ക് നല്കുന്നതുവഴി ബാഷ്പീകരണ തോതും മറ്റു രീതിയിലുള്ള ജലനഷ്ടവും ഗണ്യമായി കുറച്ച് ഉത്പാദനം വർദ്ധിപ്പിക്കാൻ

സാധിക്കും. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ജലസ്രോതസ്, പമ്പിംഗ് സെറ്റ്, ഫെർട്ടിഗേഷൻ യൂണിറ്റ്, മറ്റ് വാൽവുകൾ, മാലിന്യം നീക്കം ചെയ്യുന്നതിനുള്ള അരിപ്പകൾ എന്നിവ ആവശ്യമാണ്.

ചീഫ് എഞ്ചിനീയർ പ്രോജക്ട് II-ന്റെ കാര്യാലയത്തിന് കീഴിൽ താഴെപ്പറയുന്ന വിവിധ പദ്ധതികളിലായി 1485.23 ഹെക്ടറിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്.

1. നെയ്യാർ ജലസേചന പദ്ധതി-125 ഹെക്ടർ
2. കല്ലട ജലസേചന പദ്ധതി-299 ഹെക്ടർ
3. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി-726 ഹെക്ടർ
4. പെരിയാർ വാലി ജലസേചന പദ്ധതി-43.15 ഹെക്ടർ
5. ഇടമലയാർ ജലസേചന പദ്ധതി-187.59 ഹെക്ടർ
6. ചാലക്കുടി റിവർ ഡൈവർഷൻ സ്കീം-54.29 ഹെക്ടർ
7. വാഴാനി ജലസേചന പദ്ധതി-50.2 ഹെക്ടർ

മേൽപ്രദേശങ്ങളിലെ പരിശോധന കൃഷി വകുപ്പുമായി ചേർന്ന് നടത്തിവരുന്നു.

ചീഫ് എഞ്ചിനീയർ, പ്രോജക്ട് I-ന്റെ കീഴിൽ കുറ്റ്യാടി ജലസേചന പദ്ധതിയിൽ 205 ഹെക്ടർ സ്ഥലത്ത് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. ചിറ്റൂർ ഡിവിഷനുകീഴിൽ വരൾച്ചബാധിത പ്രദേശമായ എരുത്തേമ്പതി പഞ്ചായത്തിലെ നാവിതൻകുളം എന്ന സ്ഥലത്ത് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മലമ്പുഴ, കാഞ്ഞിരപ്പുഴ, മംഗലം, പോത്തുണ്ടി, പഴശ്ശി, കാരാപ്പുഴ പദ്ധതികൾക്ക് കീഴിൽ ഡ്രിപ്പ് ഇറിഗേഷൻ രീതി നടപ്പിലാക്കാൻ സ്ഥലങ്ങൾ കണ്ടെത്തുകയും ആയതിനുള്ള സാധ്യതാ പഠനം നടത്തിവരികയും ചെയ്യുന്നു.

മൈക്രോ ഇറിഗേഷൻ പദ്ധതിപ്രകാരം പീച്ചി ജലസേചന പദ്ധതിയുടെ കീഴിൽ 71 ഹെക്ടർ ഭൂമിയിൽ കൃഷി ആവശ്യത്തിനായി ജലസേചനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.)-യുടെ കീഴിൽ രൂപകല്പന ചെയ്തിട്ടുണ്ട്.

# അനുബന്ധം-II

## ശ്രദ്ധ ക്ഷണിക്കൽ

1. ശ്രീ. മാണി സി. കാപ്പൻ എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ റബ്ബർ ഉത്പാദക ബോണസ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഷീറ്റ് റബ്ബർ, ലാറ്റക്സ് എന്നിവയ്ക്കാണ് നിലവിൽ റബ്ബർ ഉത്പാദക ബോണസ് നൽകിവരുന്നത്. 150 രൂപയാണ് റബ്ബറിന്റെ താങ്ങുവിലയായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. റബ്ബർ ബോർഡ് റബ്ബറിന് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും റബ്ബറിന്റെ താങ്ങുവിലയും തമ്മിലുള്ള വ്യത്യാസമാണ് റബ്ബർ ഉത്പാദക ബോണസായി നൽകുന്നത്. എന്നാൽ ചിരട്ടപ്പാലിന്റെ കമ്പോളവിലയോ വിലനിലവാരമോ റബ്ബർ ബോർഡോ മറ്റ് സർക്കാർ ഏജൻസികളോ ദിവസവും പ്രസിദ്ധീകരിക്കുന്നില്ല. അതുകൊണ്ട് ചിരട്ടപ്പാലിന്റെ അടിസ്ഥാനത്തിൽ ബോണസ് നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

ഷീറ്റ് റബ്ബർ അല്ലെങ്കിൽ ലാറ്റക്സിന് ഗുണനിലവാര മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ചിരട്ടപ്പാലിന് ഇത്തരം ഗുണനിലവാര മാനദണ്ഡങ്ങൾ നിലവിലില്ല. കർഷകർ ഉത്പാദിപ്പിക്കുന്ന ചിരട്ടപ്പാലിലെ ഡ്രൈ റബ്ബർ അളവ് 50% മുതൽ 80% വരെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ അതിനെ സ്റ്റാന്റേഡൈസ് ചെയ്ത് വില നിശ്ചയിക്കാൻ ബുദ്ധിമുട്ടാണ്.

കേന്ദ്ര സർക്കാരിന്റെ പുതിയ റബ്ബർ നയത്തിന്റെ ഭാഗമായി ചിരട്ടപ്പാലിന്റെ ഇൻഡ്യൻ സ്റ്റാൻഡേർഡ് നിശ്ചയിക്കുന്നതിനായി റബ്ബർ ബോർഡിലെ വിദഗ്ദ്ധരുടെ ഒരു പാനൽ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (BIS) നിയോഗിച്ചിട്ടുണ്ട്. ചിരട്ടപ്പാലിന്റെ ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകുന്ന മുറയ്ക്ക് ചിരട്ടപ്പാലിനെക്കൂടി റബ്ബർ ഉത്പാദക ബോണസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. CIAL മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്ന കാര്യം സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്.

പാലാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി എന്നിവ സഹകരണ വകുപ്പിന് കീഴിൽവരുന്ന സ്ഥാപനങ്ങളാണ്.

2. <u>ശ്രീ. അബ്ദുൽ ഹമീദ്. പി. എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി</u>

സംസ്ഥാനത്തെ പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമകാര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ഈ രംഗത്ത് പ്രവർത്തിക്കുന്ന കൂടുതൽ പേരും ഫ്രീലാൻസ്, സ്ട്രിംഗർ, കോൺട്രാക്ട് തുടങ്ങി പല പേരുകളിലായാണ് പ്രവൃത്തിയെടുക്കുന്നത്. ഇവരിൽ പലരും ഒന്നിലധികം മാധ്യമങ്ങളിൽ ഒരേസമയം സേവനമനുഷ്ഠിക്കുന്നുമുണ്ട്. അതിനാൽ ഇവർക്ക് സ്ഥിരം തൊഴിലുടമ ഉണ്ടാകാറില്ല.

ഈ സാഹചര്യം മനസ്സിലാക്കിയാണ് കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധികളിൽ അംഗങ്ങളല്ലാത്തവരെ സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. 1955-ലെ വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസസ് ആൻഡ് മിസലേനിയസ് പ്രൊവിഷൻസ്) ആക്റ്റിന്റെ പരിധിയിൽ വരാത്തവരും ഫ്രീലാൻസ്, പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങിയ മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവർക്കും ഇതിൽ അംഗങ്ങളാകാം.

ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിദ്യാഭ്യാസ-ചികിത്സാ-പ്രസവാനുകൂല്യങ്ങൾ, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം തുടങ്ങി നിരവധി ആനുകൂല്യങ്ങൾ ലഭ്യമാണ്. എന്നാൽ ഇവർക്ക് RSBY പദ്ധതിപ്രകാരമുള്ള ചികിത്സാനുകൂല്യം ലഭ്യമല്ല. അതിന് പരിഹാരമായി, സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിൽ ഇൻപേഷ്യന്റ് ചികിത്സതേടുന്ന ക്ഷേമനിധി അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും പരമാവധി പതിനായിരം രൂപയുടെ ചികിത്സാ സഹായവും നൽകിവരുന്നു.

# അനുബന്ധം III

## സബ്മിഷൻ

(1) കഴക്കൂട്ടം താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട ശ്രീ. വി. കെ. പ്രശാന്ത് എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

1957-ൽ നിലവിൽ വന്ന തിരുവനന്തപുരം ജില്ല 2192 ച.കി.മീറ്റർ വിസ്തൃതിയുള്ളതും നിലവിൽ ആറ് താലൂക്കുകൾ ഉൾപ്പെട്ടതുമാണ്. തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, ചിറയിൻകീഴ്, കാട്ടാക്കട, വർക്കല എന്നീ താലൂക്കുകളിൽ യഥാക്രമം 31, 21, 25, 22, 13, 12 എന്നിങ്ങനെ വില്ലേജുകളാണുള്ളത്.

തിരുവനന്തപുരം താലൂക്ക് ആസ്ഥാനത്തുനിന്നും തെക്കുഭാഗത്ത് 13 കി.മീ. അകലെ സ്ഥിതിചെയ്യുന്ന വെങ്ങാനൂർ വില്ലേജ് മുതൽ 30 കി.മീ. അകലെ പടിഞ്ഞാറ് ഭാഗത്തുള്ള വെയ്‌ലൂർ, മേൽതോന്നയ്ക്കൽ വില്ലേജുകളും കിഴക്ക് നേമം വില്ലേജും ഉൾപ്പെട്ടുവരുന്നതാണ് തിരുവനന്തപുരം താലൂക്ക്. വിസ്തീർണ്ണവും ജനസംഖ്യയും വില്ലേജുകളുടെ എണ്ണവും വളരെ കൂടുതലുള്ള തിരുവനന്തപുരം താലൂക്ക് വിഭജിക്കേണ്ടത് ആവശ്യം തന്നെയാണ്. നിലവിൽ തിരുവനന്തപുരം താലൂക്കിലുള്ള ആറ്റിപ്ര, പാങ്ങപ്പാറ, കഴക്കൂട്ടം, മേനംകുളം, കഠിനംകുളം, പള്ളിപ്പുറം, വെയ്‌ലൂർ, മേൽതോന്നയ്ക്കൽ, കീഴ്തോന്നയ്ക്കൽ, അയിരൂപ്പാറ, അണ്ടൂർകോണം, ഉളയായ്ത്തുറ എന്നീ 12 വില്ലേജുകൾ വേർപെടുത്തി കഴക്കൂട്ടം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നത് അവിടെയുള്ള ജനങ്ങൾക്ക് വളരെ ഗുണപ്രദമാകുമെന്ന് മാത്രമല്ല ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉതകുന്നതാകും. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികാവസ്ഥ പരിഗണിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന പൊതുനിലപാടാണെടുത്തിരിക്കുന്നത്.

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. അവരുടെ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ Kerala State Remote Sensing & Environment Centre എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള data ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതുകൂടാതെ എല്ലാ ജില്ലകളിലെയും വില്ലേജുകളുടെ പേര്, വില്ലേജ് ഓഫീസുകളുടെ ലൊക്കേഷൻ, വില്ലേജിൽ ഉൾപ്പെടുന്ന താലൂക്ക്, സ്വയംഭരണ സ്ഥാപനങ്ങളുടെ പേര്, പോളിംഗ് ബൂത്തുകളുടെയും ആകെയുള്ള വോട്ടർമാരുടെയും 2011-ലെ ജനസംഖ്യാ നിരക്ക് തുടങ്ങിയ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത വിവരങ്ങളും സ്കെച്ചും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടീമിന്റെ പഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>തമ്മാനിമറ്റം തൂക്കുപാലത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കേന്ദ്ര ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും അടിയന്തര റിപ്പയർ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകാവുന്നതാണ്. ഇപ്രകാരം ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും അടിയന്തര റിപ്പയറിംഗിന് ഒരു കിലോമീറ്ററിന് 60,000 രൂപയാണ് (അറുപതിനായിരം മാത്രം) അനുവദിക്കാവുന്നത്. 20-5-2015-ലെ സ.ഉ.(കൈ) നമ്പർ 194/2015/ഡി.എം.ഡി. ഉത്തരവുപ്രകാരമുള്ള ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ മാനദണ്ഡങ്ങളിലെ ഇനം നമ്പർ 10-ൽ പാലങ്ങളുടെയും ജലസേചന പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികൾക്ക് അതത് സംസ്ഥാന സർക്കാരുകൾ വിജ്ഞാപനം ചെയ്യുന്ന നിരക്കിൽ സഹായധനം അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ പ്രകൃതി ദുരന്തങ്ങളിൽ തകർന്നുപോയ പാലം പൊളിച്ച് പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ദുരന്ത നിവാരണ പ്രതികരണനിധിയിൽനിന്നും ഭരണാനുമതി നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം തമ്മാനിമറ്റം തൂക്കുപാലം പുനർനിർമ്മിക്കുന്നതിന് ദുരന്തപ്രതികരണ നിധിയിൽനിന്നും ഫണ്ട് അനുവദിക്കാൻ കഴിയുകയില്ല.

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി വിഭാവനം ചെയ്തിട്ടുള്ള റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി തമ്മാനിമറ്റം തൂക്കുപാലം പുനർനിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

(3) <u>കേരള വാട്ടർ അതോറിറ്റിയിലെ ഹെഡ് ഓപ്പറേറ്റർമാരുടെ സൂപ്പർവൈസർ തസ്തിക സംബന്ധിച്ച ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

വാട്ടർ അതോറിറ്റിയിലെ പ്ലാന്റുകളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ ഹെഡ് ഓപ്പറേറ്റർമാർക്ക് സൂപ്പർവൈസറി ചുമതലകൾ നൽകാനും അതുവഴി പ്രവർത്തനം മെച്ചപ്പെടുത്താനും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രവൃത്തിഭാരം ലഘൂകരിക്കാനും അതോറിറ്റി തീരുമാനപ്രകാരം 2016-ൽ പരീക്ഷണാടിസ്ഥാനത്തിൽ ഹെഡ് ഓപ്പറേറ്റർമാർക്ക് സൂപ്പർവൈസറി തസ്തിക നൽകിയിരുന്നു. പ്രസ്തുത തസ്തിക നിലനിർത്തുന്നതിനുള്ള അന്തിമ തീരുമാനമെടുക്കുന്ന കാര്യം കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്. മെയിന്റനൻസ് സബ് ഡിവിഷനുകളിലും പ്ലാന്റുകളിലും മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക അനുവദിക്കുക, കണക്ഷനുകൾക്ക് ആനുപാതികമായി മീറ്റർ റീഡർമാരെയും മീറ്റർ ഇൻസ്പെക്ടർമാരെയും നിയമിക്കുക എന്നിവ അതോറിറ്റിയുടെ നിലവിലെ സാമ്പത്തികസ്ഥിതി അനുസരിച്ച് പരിഗണിക്കാൻ നിർവ്വാഹമില്ല. എങ്കിലും പ്രസ്തുത തസ്തികകളുടെ ആവശ്യകത കേരള വാട്ടർ അതോറിറ്റി പരിശോധിക്കുന്നതാണ്. കൂടാതെ 36 പുതിയ മീറ്റർ ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. സമയബന്ധിതമായി വാട്ടർ അതോറ്റിയുടെ അക്കൗണ്ട്സ് ജോലികൾ പൂർത്തിയാക്കി സമർപ്പിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് 2015-16, 2016-17 വർഷങ്ങളിലെ മാത്രം അക്കൗണ്ട്സ് ജോലികൾക്ക് പുറംകരാർ നൽകിയത്. എന്നാൽ തുടർന്നുള്ള വർഷങ്ങളിലെ (2017-18, 2018-19) അക്കൗണ്ട്സ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വാട്ടർ അതോറിറ്റിതന്നെ പൂർത്തീകരിക്കാനുള്ള നടപടിയിലാണ്.

കേരള വാട്ടർ അതോറിറ്റിയിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമനം, യോഗ്യത, സ്ഥാനക്കയറ്റം എന്നിവ 1966-ലെ സർവ്വീസ് റൂൾസ് പ്രകാരമാണ്. ടി റൂൾസിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്ന കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ അഭ്യർത്ഥനയും ഏതാനും കോടതി വിധികളും മാനിച്ച് കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ നിർദ്ദേശങ്ങൾ പ്രകാരം ടി റൂൾസിന്റെ ഒരു കരട് രൂപീകരിക്കുകയും ചെയ്തു.

സർവ്വീസ് റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 19-7-2010-ൽ പുറപ്പെടുവിച്ച പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. കരട് റൂൾസിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി

മാനേജ്മെന്റ് കേരള വാട്ടർ അതോറിറ്റിയിലെ വിവിധ സംഘടനകളുമായി 20-6-2019-ന് ചർച്ച നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മിനിസ്റ്റീരിയൽ സ്പെഷ്യൽ റൂൾസിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ധനകാര്യ വകുപ്പിന്റെ 17-4-2018-ലെ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ് കേരള വാട്ടർ അതോറിറ്റി വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നത്.

ഒരു കമ്പനി എന്ന രൂപത്തിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കേണ്ട അരുവിക്കരയിലെ കുപ്പിവെള്ള പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉല്പാദനവും വിതരണവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ KIIDC-യെ ഏൽപ്പിക്കാൻ കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗം തീരുമാനമെടുക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകളുടെ അന്തിമതീരുമാനമായിട്ടില്ല.

പങ്കാളിത്ത പെൻഷൻ മറ്റ് സർക്കാർ സ്ഥാപനങ്ങളിലേതുപോലെയാണ് വാട്ടർ അതോറിറ്റിയിലും തുടർന്നുവരുന്നത്. വാട്ടർ അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ജീവനക്കാരുടെയും പെൻഷൻകാരുടെയും സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ടി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതാണ്. ഈ സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയ 356.73 കോടി രൂപയിൽ 153.11 കോടി രൂപ നൽകിയിട്ടുണ്ട്. തുക അനുവദിക്കുന്നതിനായി ലഭിച്ച 71.35 കോടി രൂപയുടെയും 60.93 കോടിരൂപയുടെയും രണ്ട് പ്രൊപ്പോസലുകൾ സർക്കാർ പരിശോധിക്കുന്നുണ്ട്.

ജലഭവനുമുന്നിൽ ജീവനക്കാർ നടത്തുന്ന സമരത്തിന് ആധാരമായി ഉന്നയിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) പരിവർത്തിത ക്രൈസ്തവരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന പരിവർത്തിത ക്രൈസ്തവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവർക്കുവേണ്ടിയുള്ള കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴിയുള്ള സഹായങ്ങൾ വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി വിഭാഗങ്ങളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച പരിവർത്തിത ക്രൈസ്തവർക്ക്, പട്ടികജാതിക്കാർക്ക് അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. എന്നാൽ ഈ വിഭാഗത്തെ പിന്നോക്കവിഭാഗ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ രണ്ട് ശതമാനവും ലാസ്റ്റ് ഗ്രേഡ് ഇതര തസ്തികകളിൽ ഒരു ശതമാനവുമാണ് നിലവിൽ സംവരണം അനുവദിച്ചിട്ടുള്ളത്. ഇതിനുപുറമെ പ്രൊഫഷണൽ വിദ്യാഭ്യാസം, ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രവേശനം എന്നിവയ്ക്ക് മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ എന്ന ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഒരു ശതമാനം വിദ്യാഭ്യാസ സംവരണവും നിലവിൽ അനുവദിക്കുന്നുണ്ട്.

ഈ വിഭാഗക്കാരുടെ പിന്നോക്കാവസ്ഥ പരിഗണിച്ചും അവരുടെ സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ 1980 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന കോർപ്പറേഷന് കോഴിക്കോട്, കോട്ടയം തിരുവനന്തപുരം ജില്ലകളിൽ റീജിയണൽ ഓഫീസുകളുമുണ്ട്. റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിൽ ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം വായ്പാത്തുക തിരിച്ചടയ്ക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനുമായി പ്രതിമാസ കളക്ഷൻ കൗണ്ടറുകൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് മേഖലാ ഓഫീസിനുകീഴിൽ നിലമ്പൂരും തൃശ്ശൂരും കോട്ടയം മേഖലാ ഓഫീസിനുകീഴിൽ പീരുമേട്, മൂവാറ്റുപുഴ, റാന്നി, കമ്പനാട് എന്നിവിടങ്ങളിലും തിരുവനന്തപുരം മേഖലാ ഓഫീസിനുകീഴിൽ കൊട്ടാരക്കരയിലും കളക്ഷൻ സെന്ററുകൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്.

ഈ വിഭാഗത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ലളിതമായ തിരിച്ചടവ് വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷന്റെ പ്രധാന വായ്പാ പദ്ധതികളുടെ വായ്പാത്തുകകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു ലക്ഷം രൂപയായിരുന്ന വിവാഹ വായ്പ രണ്ട് ലക്ഷമായും ഒരു ലക്ഷം

രൂപയായിരുന്ന വ്യക്തിഗത വായ്പ മൂന്ന് ലക്ഷമായും രണ്ട് ലക്ഷം രൂപയായിരുന്ന ഭവന നിർമ്മാണ വായ്പ മൂന്ന് ലക്ഷമായും മൂന്ന് ലക്ഷം രൂപയായിരുന്ന ഭൂരഹിത-ഭവനരഹിത വായ്പ 5.25 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ വിഭാഗങ്ങളിലെ സർക്കാർ ഉദ്യോഗസ്ഥർക്ക് 5 ലക്ഷം രൂപവരെയുള്ള വാഹന വായ്പ, ഉയർന്ന വരുമാനക്കാർക്ക് 5 ലക്ഷം രൂപവരെയുള്ള വ്യക്തിഗത വായ്പയും 10 ലക്ഷം രൂപവരെയുള്ള വ്യവസായ വായ്പയും അനുവദിക്കുന്ന പുതിയ പദ്ധതികളും നടപ്പിലാക്കുകയുണ്ടായി. എസ്.എസ്.എൽ.സി., പ്ലസ് ടു തലംവരെ മാത്രമുണ്ടായിരുന്ന വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം Degree, PG, Professional Course-കൾക്കും ബാധകമാക്കുകയുണ്ടായി. ഇതോടൊപ്പം 'പുനർജനി', 'Spot the Talent' എന്നീ പുതിയ പദ്ധതികളും നടപ്പിൽ വരുത്തുകയുണ്ടായി. ഇതുകൂടാതെ പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികളും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികളും ഈ വിഭാഗക്കാർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

(5) <u>മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച ഡോ. എം. കെ. മുനീർ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി വിഭാഗം ഫാക്കൽറ്റികളുടെ ശമ്പളം 1-1-2006 പ്രാബല്യത്തിൽ പരിഷ്കരിച്ച് നൽകി സർക്കാർ 14-12-2009-ൽ സ.ഉ.(പി)425/2009 ആ.കു.വ .നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പത്ത് വർഷം കൂടുമ്പോൾ ശമ്പള പരിഷ്കരണം അനുവദിക്കേണ്ടതുള്ളതിനാൽ 1-1-2016 പ്രാബല്യത്തിൽ ശമ്പളം പരിഷ്കരിച്ച് നൽകുന്നതിന്റെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയതിനുശേഷം ഇക്കാര്യത്തിൽ ഒരു കരട് പ്രൊപ്പോസൽ 9-4-2019-ലെ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അംഗീകൃത സർവ്വീസ് സംഘടനകളുമായി ഔപചാരിക ചർച്ച നടത്തി അതിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ വ്യക്തമായ അഭിപ്രായം സർക്കാരിൽ സമർപ്പിക്കാനാവശ്യപ്പെട്ട് 2-5-2019-ൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സർക്കാർ കത്ത് നൽകുകയുണ്ടായി. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ സംഘടനകളുമായി ചർച്ച നടത്തി 27-6-2019-ൽ ഇതുസംബന്ധിച്ച യോഗതീരുമാനവും ശിപാർശകളും സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്ന ശമ്പള പരിഷ്കരണ പ്രൊപ്പോസലിന്മേൽ ചില ആക്ഷേപങ്ങളുയർന്നതിനെത്തുടർന്ന് ടി നിവേദനം പരിശോധിക്കാനും പ്രസ്തുത സംഘടനയുടെ പ്രതിനിധികളെ ചർച്ചയ്ക്ക് ക്ഷണിക്കാനും

അതിനുശേഷം വ്യക്തമായ റിപ്പോർട്ടും മെമ്മോറാണ്ടവുമുണ്ടെങ്കിൽ ആയത് സർക്കാരിൽ ലഭ്യമാക്കാനുമാവശ്യപ്പെട്ട് 30-7-2019-ൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകുകയുമുണ്ടായി. ആയതിനുള്ള മറുപടി 24-8-2019-ലെ കത്തുപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ 5-9-2019, 25-9-2019 തീയതികളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ജോയിന്റ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, സ്പെഷ്യൽ ഓഫീസർ എന്നിവരുമായി സർക്കാർ തലത്തിൽ അനൗപചാരിക ചർച്ചകൾ നടത്തിയതിനെത്തുടർന്ന് ശമ്പള പരിഷ്കരണം സംബന്ധിച്ച ഭരണ വകുപ്പിന്റെ പ്രൊപ്പോസൽ അന്തിമമാക്കാനും ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക്അയയ്ക്കാനുമുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണ പ്രൊപ്പോസൽ HEALTH-S2/61/2018-HEALTH നമ്പർ ഫയലുകളിലായി ധനവകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയുണ്ടായി.

1-1-2016 പ്രാബല്യത്തിൽ ശമ്പളം പരിഷ്കരിച്ച് നൽകുന്നതിനും 1-1-2016 മുതൽ 31-12-2018 വരെയുള്ള ശമ്പള കുടിശ്ശിക ജനറൽ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും പേ ബാന്റിലും അക്കാദമിക് ഗ്രേഡ് പേയിലും അധിഷ്ഠിതമായ പഴയരീതി മാറ്റി കേന്ദ്ര/യു.ജി.സി. നിരക്കിലുള്ള പേ മാട്രിക്സ് എന്ന രീതി അവലംബിക്കുന്നതിനും കേന്ദ്ര/യു.ജി.സി./എ.ഐ.സി.ടി.സി. നിരക്കിലുള്ള 3 ശതമാനം വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതിനും അടക്കമുള്ള ശിപാർശകൾ ഉൾക്കൊള്ളുന്നതാണ് സർക്കാരിന്റെ പരിഗണനയിലുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണ പ്രൊപ്പോസൽ

HEALTH-S2/61/2018-HEALTH നമ്പർ ഫയലിന്റെ സൂക്ഷ്മപരിശോധനയ്ക്കായി ധനകാര്യ വകുപ്പ് 3-10-2019-ലെ 1313899/HLT-B2-139/2019-FIN നമ്പർ റിമാർക്സ് പ്രകാരം കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. വിവിധ സർക്കാർ ഉത്തരവുകൾ/ആയതിന്റെ തീർപ്പ് ഫയലുകൾ എന്നിവയും ധനവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ചുവടെ ചേർക്കുന്ന വിശദാംശങ്ങളും ധനവകുപ്പ് ആവശ്യപ്പെടുകയുണ്ടായി:

i. Staff pattern in Medical Education Department.

ii. Details of teaching posts in each category with cadre wise details (Medical, Dental, Pharmacy, etc) including sanctioned and existing strength.

iii. Copy of special rule/executive order in respect of Medical Education Department.

iv. Details of new posts created/abolished since last pay revision with copies of post creation orders.

v. Pay fixation details of all teaching staff coming under medical education department since last pay revision, with details of pay as on 1-1-2016.

vi. Anticipatory financial commitment for the implementation of 7th CPC.

vii. Details of any order/Court direction applicable and special factor relating to the pay revision.

viii. Copies of latest audit report from Accountant General.

ix. Copies of Norms depicting minimum qualification for teaching faculties with respect to Medical Council of India, Dental Council of India, Nursing Council of India & Pharmacy Council of India.

മേൽ പരാമർശിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ലാത്തതിനാൽ ആയത് 6-11-2019-ലെ കത്തുപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ധനവകുപ്പ് ആവശ്യപ്പെട്ട സർക്കാർ ഉത്തരവുകൾ/ആയതിന്റെ തീർപ്പ് ഫയലുകൾ എന്നിവ സഹിതം ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി വീണ്ടും അയയ്ക്കുന്നതാണ്.

പുതുക്കിയ ശമ്പള പരിഷ്കരണം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന് ചൂണ്ടിക്കാട്ടി കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ 28-6-2019-ന് രാവിലെ 10.00 മണി മുതൽ 11.00 മണി വരെ ഒ.പി., അദ്ധ്യാപനം, ലാബ് ജോലികൾ എന്നിവ ബഹിഷ്കരിച്ചിരുന്നു. ഇതേ അസോസിയേഷൻ ഇതേ ആവശ്യമുന്നയിച്ച് 20-11-2019-ന് രാവിലെ 08.00 മണി മുതൽ 11.00 മണി വരെ സൂചനാ പണിമുടക്ക് നടത്താൻ തീരുമാനിച്ചിരിക്കുന്നതായി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗം, ഐ.സി.യു, ലേബർ റൂം, ശസ്ത്രക്രിയകൾ, അടിയന്തര സ്വഭാവമുള്ള സേവനങ്ങൾ എന്നിവ നിർബാധം തുടരുമെന്നും കെ.ജി.എം.സി.ടി.എ. അറിയിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽനിന്നും 6-11-2019-ലെ HEALTH-S2/61/2018-HEALTH നമ്പർ കത്തുപ്രകാരം സർക്കാർ ആരാഞ്ഞിരിക്കുന്ന വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ധനവകുപ്പ് ആവശ്യപ്പെട്ട സർക്കാർ ഉത്തരവുകൾ/ആയതിന്റെ തീർപ്പ് ഫയലുകൾ എന്നിവ സഹിതം ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി വീണ്ടും അയയ്ക്കുന്നതും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതുമാണ്.

(6) <u>പരപ്പനങ്ങാടി ഗവൺമെന്റ് ഫിഷറീസ് ആശുപത്രി, തിരൂരങ്ങാടി ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച ശ്രീ. പി. കെ. അബ്ദു റബ്ബ് എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

2010-ൽ പ്രവർത്തനം ആരംഭിച്ച പരപ്പനങ്ങാടി ഫിഷറീസ് ഡിസ്പെൻസറി ഒരേക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്ത് നിർമ്മിച്ചതും തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ചതുമായ രണ്ട് കെട്ടിടങ്ങളുള്ള ഈ സ്ഥാപനത്തിൽ പ്രതിദിനം 95-ഓളം ഒ.പി. ഉണ്ട്. ഈ ഡിസ്പെൻസറിയിൽനിന്നും 4 കി.മീ അകലെ നെടുവ സാമൂഹികാരോഗ്യകേന്ദ്രവും 9 കി.മീ അകലെ താനൂർ സാമൂഹികാരോഗ്യകേന്ദ്രവും തിരൂരങ്ങാടി താലൂക്ക് ആശുപത്രിയും 2 കി.മീ അകലെ പരപ്പനങ്ങാടി കുടുംബാരോഗ്യ കേന്ദ്രവും സ്ഥിതിചെയ്യുന്നു. മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഈ ഡിസ്പെൻസറി സ്ഥിതിചെയ്യുന്ന പ്രദേശത്തെ ജനസംഖ്യ 2750 ആണ്. ഇവിടെ താഴെ ചേർത്ത പ്രകാരം ആകെ 05 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 1 |
| സ്റ്റാഫ് നഴ്സ് | - | 1 |
| ഫാർമസിസ്റ്റ് | - | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 1 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് | - | 1 |
| ആകെ | - | 5 |

പരപ്പനങ്ങാടി ഫിഷറീസ് ഡിസ്പെൻസറിയുടെ 4 കി. മീ അകലെയുള്ള നെടുവ സാമൂഹികാരോഗ്യ കേന്ദ്രത്തിലും 9 കി.മീ അകലത്തിലുള്ള താനൂർ സി.എച്ച്.സി.-യിലും തിരൂരങ്ങാടി താലൂക്കാശുപത്രിയിലും കൂടുതൽ മെച്ചപ്പെട്ട

സേവനവും കിടത്തി ചികിത്സയും ലഭ്യമാണ്. നിലവിൽ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ നയം.

തിരൂരങ്ങാടി മണ്ഡലത്തിലെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ LAC-ADF ആയ 50 ലക്ഷം രൂപ വിനിയോഗിച്ച് തിരൂരങ്ങാടി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി 10 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തുന്നതിന് 13-5-2013-ലെ ജി.ഒ.(ആർ.റ്റി)നം. 1626/2013/എച്ച്&എഫ്ഡബ്ല്യുഡി ഉത്തരവുപ്രകാരം അനുമതി നൽകുകയും 50 ലക്ഷം രൂപ എസ്റ്റിമേറ്റിൽ 1937.52 സ്ക്വയർ ഫീറ്റിലുള്ള കെട്ടിടം പി.ഡബ്ല്യു.ഡി. വകുപ്പ് മുഖേന പണി പൂർത്തിയാക്കി 8-8-2015-ന് ഉദ്ഘാടനം കഴിഞ്ഞിട്ടുള്ളതുമാണ്. അപ്ഗ്രഡേഷനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ 2019 ആഗസ്റ്റ് മാസത്തിൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, തിരൂരങ്ങാടിയിൽ വച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ജില്ലാ മെഡിക്കൽ ഓഫീസർ, മറ്റ് പ്രതിനിധികൾ എന്നിവരുടെ യോഗം ചേരുകയുണ്ടായി. സ്ഥാപനത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. കിടത്തി ചികിത്സയ്ക്കാവശ്യമായ ഭൗതിക സൗകര്യങ്ങളും ലഭ്യമല്ല. മലപ്പുറം ഡി.എം.ഒ. സ്ഥാപനത്തിലെ ഭൗതിക സാഹചര്യം നേരിട്ട് വിലയിരുത്തി സ്ഥാപനം ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ തസ്തികകൾകൂടി സൃഷ്ടിച്ചുകിട്ടുന്ന മുറയ്ക്ക് മാത്രമേ കിടത്തി ചികിത്സ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(7) <u>കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണം സംബന്ധിച്ച ശ്രീ. എം. സി. കമറുദ്ദീൻ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി നൽകിയ മറുപടി.</u>

കേരളത്തിലെ ഏറ്റവും വടക്കേ അറ്റത്തെ ജില്ലയായ കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഒരു പുതിയ മെഡിക്കൽ കോളേജ് സർക്കാർ തലത്തിൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 24-3-2012-ലെ സ.ഉ.(കൈ) നമ്പർ 98/2012/ആ.കു.വ ഉത്തരവുപ്രകാരം കാസർഗോഡ് ജില്ലയിൽ ബദിയടുക്ക വില്ലേജിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. 21-12-2012-ലെ സ.ഉ (കൈ) നമ്പർ 432/2012/ആ.കു.വ. ഉത്തരവുപ്രകാരം M/s കിറ്റ്കോ ലിമിറ്റഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിശ്ചയിക്കുകയും ചെയ്തു. അതിനുശേഷം 20-5-2013-ലെ സ.ഉ.(കൈ)നമ്പർ 211/2013/റവ.

ഉത്തരവുപ്രകാരം ബദിയടുക്ക വില്ലേജിൽ 25.06.39 ഹെക്ടർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറിക്കിട്ടുകയുണ്ടായി. ഒന്നാംഘട്ട പ്രവൃത്തികൾക്കായി സർക്കാർ 99 ലക്ഷം രൂപ അനുവദിച്ച് നൽകുകയും അതനുസരിച്ച് ക്യാമ്പസ് റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

58.1 കോടി രൂപ നബാർഡ് സഹായം ഉൾപ്പെടെ 68.45 കോടി രൂപ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2-12-2014-ലെ സ.ഉ. (സാധാ)നമ്പർ 75/14/ആ.കു.വ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 8-8-2017-ലെ സ.ഉ. (സാധാ) നമ്പർ 2224/2017/ആ.ക.വ. ഉത്തരവുപ്രകാരം ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 95.08 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ആശുപത്രി ബ്ലോക്കിന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25-11-18-ൽ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 10.7 കോടി രൂപ കരാറുകാരന് അനുവദിച്ചുനൽകിയിട്ടുണ്ട്. നബാർഡ് ധനസഹായം അനുവദിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം (2019-20) 4210-03-105-65 എന്ന ശീർഷകത്തിൽ 4.99 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാഡമിക് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 30.23 കോടി രൂപ കാസർഗോഡ് വികസന പാക്കേജിന്റെ ഭാഗമായി വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായി 18.88 കോടി രൂപ നിർമ്മാണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഇലക്ട്രിഫിക്കേഷൻ, ഇ.എൽ.വി. പ്രവൃത്തികൾ, ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം എന്നിവയ്ക്കായി 84,43,993 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 90% പൂർത്തിയായിട്ടുണ്ട്.

കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി ജലവിതരണത്തിനായി 8 കോടി രൂപയുടെയും ചുറ്റുമതിൽ, പ്രവേശനകവാടം എന്നിവയുടെ നിർമ്മാണത്തിനും ലാന്റ് സ്കേപിംഗിനുമായി 2,68,43,995 രൂപയുടെയും പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു. എലിവേറ്റർ & സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള 1,03,70,480 രൂപയുടെ പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള ഫാക്കൽറ്റികൾക്കുള്ള ഫ്ലാറ്റിന്റെയും പെൺകുട്ടികൾക്കുള്ള ഹോസ്റ്റലിന്റെയും നിർമ്മാണത്തിനാവശ്യമായ തുക കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ DPR കാസർഗോഡ് സ്പെഷ്യൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജ് ഉടൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-9-2019-ൽ വിളിച്ചുചേർത്ത് ചർച്ച ചെയ്യുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ രോഗികളായി എത്തുന്ന ജനങ്ങൾക്ക് എത്രയുംവേഗം ചികിത്സ ലഭ്യമാക്കണമെന്നതിന്റെ തുടക്കമെന്ന നിലയിൽ, ആശുപത്രി കെട്ടിടം പൂർത്തിയാകുന്നതുവരെ നിർമ്മാണം പൂർത്തിയായി വരുന്ന അക്കാദമിക് ബ്ലോക്കിൽ ഒ.പി. ആരംഭിക്കുന്നതിനാവശ്യമായ ക്രമീകരണം നടത്താനുള്ള തീരുമാനം യോഗത്തിൽ കൈക്കൊള്ളുകയുണ്ടായി. ഇതിനായി അക്കാദമിക് ബ്ലോക്കിലും അനുബന്ധ കെട്ടിടത്തിലും പുനരുപയോഗിക്കാൻ കഴിയുന്ന തരത്തിൽ അവശ്യംവേണ്ട താൽക്കാലിക സംവിധാനമൊരുക്കാൻ നിർവ്വഹണ ഏജൻസിയായ കിറ്റ്കോയ്ക്കും ലാബ്, ഫാർമസി തുടങ്ങിയവ തയ്യാറാക്കുന്നതിന് ജില്ലാ പ്രോഗ്രാം മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മെഡിക്കൽ എഡ്യൂക്കേഷനുവേണ്ടിയുള്ളതിൽ ഇനിയും കൈമാറിയിട്ടില്ലാത്ത ഒരു സർവ്വേ നമ്പർകൂടി കൈമാറാനുള്ള നടപടി അടിയന്തരമായി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ടവർക്ക് യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത കെട്ടിടത്തിന് കെട്ടിടനമ്പർ, ഇലക്ട്രിസിറ്റി കണക്ഷൻ, കുടിവെള്ള ലഭ്യത, STP സംവിധാനം ഇവ അടിയന്തരമായി ഒരുക്കേണ്ടതാണെന്നും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആശുപത്രി ജീവനക്കാർക്കും വേണ്ടിയുള്ള അടിസ്ഥാന സൗകര്യമൊരുക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരുന്നു.

(8) <u>ആവണീശ്വരം റെയിൽവേ മേൽപ്പാല നിർമ്മാണം സംബന്ധിച്ച ശ്രീ. കെ. ബി. ഗണേഷ്കുമാർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി.</u>

പത്തനാപുരം നിയോജകമണ്ഡലത്തിലെ ആവണീശ്വരം റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനുള്ള പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ റെയിൽവേ വർക്ക് പ്ലാനിൽ വന്നതായി ഇതുവരെ സംസ്ഥാന സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. വർക്ക് പ്ലാനിൽ കേന്ദ്ര റെയിൽവേ മന്ത്രാലയം ഉൾപ്പെടുത്തിയതിനുശേഷം മാത്രമേ സംസ്ഥാന ബഡ്ജറ്റ് വിഹിതംകൂടി പരിഗണിച്ച് തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെട്ടാൽ സ്ഥലമെടുപ്പ് ഒഴികെയുള്ള പ്രവൃത്തിയുടെ

50 ശതമാനം തുക കേന്ദ്ര റെയിൽവേ വഹിക്കുന്നതാണ്. സ്ഥലമെടുപ്പിനുള്ള തുകയും പ്രവൃത്തിയുടെ 50 ശതമാനവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. റെയിൽവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾപ്രകാരം അവരുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്താനാകുമോയെന്ന കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയമാണ് തീരുമാനിക്കുന്നത്. ഇക്കാര്യം ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേകം കത്തയയ്ക്കുന്നതാണ്.

(9) <u>ചുള്ളിമാനൂർ-തൊളിക്കോട്-വിതുര-പൊന്മുടി റോഡ് നവീകരണം സംബന്ധിച്ച ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

സംസ്ഥാന പാതയായ തിരുവനന്തപുരം-പൊന്മുടി റോഡിലെ ചുള്ളിമാനൂർ-തൊളിക്കോട്-വിതുര-പൊന്മുടി ഭാഗം ഉൾപ്പെടെയുള്ള നെടുമങ്ങാട് പഴകുറ്റി ജംഗ്ഷൻ മുതൽ പൊന്മുടി വരെയുള്ള ദൂരം ആധുനിക രീതിയിൽ പുനരുദ്ധരിക്കുന്നതിനായി സർക്കാരിന്റെ പുതിയ പദ്ധതിയായ റീ- ബിൽഡ് കേരളയിൽ (Rebuild Kerala) ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കെ.എസ്.ടി.പി. മുഖേന കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. കൺസൾട്ടൻസി തയ്യാറാക്കുന്ന DPR-ന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇത് 'This white toping' പദ്ധതിയിൽ ഉൾപ്പെടുത്താമോ എന്നത് സർക്കാർ പരിശോധിച്ചുവരികയാണ്.

10) <u>കോഴിക്കോട് നഗരപാത വികസന പദ്ധതി സംബന്ധിച്ച ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കേരള റോഡ് ഫണ്ട് ബോർഡിന്റെ 13-4-2018-ൽ കൂടിയ 43-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി കോഴിക്കോട് നഗര വികസന പദ്ധതിയുടെ രണ്ടാം ഘട്ടമായി 10 കോറിഡോറുകൾ ഉൾപ്പെടുന്ന 35.045 കിലോമീറ്റർ റോഡുകൾ ഏറ്റെടുത്ത് ഡി.പി.ആർ. തയ്യാറാക്കാൻ തീരുമാനിച്ചു. പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തെയാണ് ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് 13-3-2019-ൽ കൂടിയ 45-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി മേൽ പ്രസ്താവിച്ച 10 കോറിഡോറുകളിൽനിന്നും ഒരു കോറിഡോർ മാറ്റുകയും രണ്ടെണ്ണം പുതുതായി ഉൾപ്പെടുത്തുകയും ചെയ്തു. തുടർന്ന് 33.350 കിലോമീറ്ററായി കുറഞ്ഞു. പ്രസ്തുത കോറിഡോറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. Malikadavu-Thanneerpanthal road- 1.605 km.
2. Karikkamkulam-Civil Station-Kootil Road- 4.150 Km.
3. Kovoor-Medical College-Mundikalthazham road- 3.90 Km.
4. Mozhikkal-Kalandithazham road- 1.60 Km.
5. Mini bypass-Panathuthazham fly over- 1.40 Km.
6. Mankavu-Pookkunnu-Pantheerankadavu road- 6.38 Km.
7. Mananchira-Pavangadu road- 7.00 Km.
8. Kalloothankadavu-Meenchantha Road- 5.015 km
9. Kothipalam-Chakkumkadavu-Pannyiayankara fly over- 0.50 Km.
10. Arayidathupalam-Azhakodi temple-Cherooti nagar-1.00 Km.
11. CWRDM-Peringalam Jn. Road-0.800 Km.

ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി പി.ഡബ്ല്യൂഡി. ഡിസൈൻ വിഭാഗം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലേയ്ക്കായി 23-10-2018-ൽ ഭരണാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ കോറിഡോറുകളിൽ മൂഴിക്കൽ-കാളാണ്ടിത്താഴം റോഡ്, കരിക്കാംകുളം-സിവിൽ സ്റ്റേഷൻ-കോട്ടൂളി എന്നീ റോഡുകളുടെ കരട് അലൈൻമെന്റ് ഈ ആഴ്ചതന്നെ പൂർത്തീകരിക്കാനും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്നമുറയ്ക്ക് ഡിസംബർ അവസാനത്തോടുകൂടി മറ്റ് റോഡുകളുടെയും കരട് അലൈൻമെന്റ് പൂർത്തീകരിക്കാനും 2020 മാർച്ചോടെ രണ്ടാംഘട്ടത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ച് ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(11) റോഡുകളിൽ ജലവിതരണ പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സ്ഥിരം സംവിധാനം സംബന്ധിച്ച ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

റോഡുകളുടെ നിർമ്മാണത്തിലും നവീകരണത്തിലും ബന്ധപ്പെട്ട വകുപ്പുകളിൽ ഏകോപനമില്ലാതെ റോഡ് നിർമ്മാണം പൂർത്തിയായ ഉടൻതന്നെ വെട്ടിപ്പൊളിക്കുന്ന സാഹചര്യം നിലവിലുണ്ട്. റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1. G.O.(Rt) No. 30/2018/PWD dated 5-1-2018

2. G.O.(Rt) No. 1321/2018/PWD dated 24-8-2018.

ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് റോഡുകൾ കുഴിക്കുന്നതിനുള്ള അനുമതി നൽകിവരുന്നത്. കൂടാതെ G.O.(Rt.) No. 819/2019/PWD dated 4-7-2019 പ്രകാരം ശുദ്ധജല വിതരണ പദ്ധതികളുടെ പൈപ്പ് ലൈനുകൾ, മറ്റ് കേബിളുകൾ, സ്വീവേജ് പൈപ്പ് ലൈനുകൾ, വാതക പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കുന്നതും പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ഉചിതമായ തീരുമാനമെടുക്കുന്നതിനായി ബന്ധപ്പെട്ട നിയമസഭാ മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനായും പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് ചെയർമാൻ/ ചെയർപേഴ്സൺ എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പ്രധാന നിർമ്മാണ പ്രവൃത്തികളിലും സ്ഥലലഭ്യത പരിശോധിച്ച് യൂട്ടിലിറ്റി ഡക്ടുകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എസ്റ്റിമേറ്റെടുക്കുന്ന വേളയിൽത്തന്നെ ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ യൂട്ടിലിറ്റി ഡക്റ്റിനുള്ള പ്രൊവിഷൻ നൽകിയാൽ റോഡ് നിർമ്മാണം പൂർത്തിയായ ഉടൻ വെട്ടിപ്പൊളിക്കുന്ന സാഹചര്യം ഒരുപരിധിവരെ ഒഴിവാക്കാവുന്നതാണ്. എന്നാൽ സ്ഥലപരിമിതിമൂലം പല പ്രവൃത്തികളിലും ഡക്ടുകൾ നിർമ്മിക്കാൻ സാധിക്കാറില്ല. നിലവിൽ കിഫ്ബി വർക്കുകൾക്ക് സ്ഥലലഭ്യത പരിശോധിച്ച് യൂട്ടിലിറ്റി ഡക്ടുകൾ നിർമ്മിക്കാറുണ്ട്. നിർമ്മാണം ഉദ്ദേശിക്കുന്ന റോഡുകളിൽ സേവനദാതാക്കളായ വകുപ്പുകളോ കമ്പനികളോ എന്തെങ്കിലും പ്രവൃത്തികൾ ഉദ്ദേശിക്കുന്നുണ്ടോയെന്ന പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ട സേവനദാതാക്കളെ വൻകിട പദ്ധതികൾ ആരംഭിക്കുന്നതിന് 6 മാസം മുമ്പും ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിന് 3 മാസംമുമ്പും രേഖാമൂലം അറിയിക്കാറുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് സേവനദാതാക്കളുടെ പണികൾ പൂർത്തീകരിക്കേണ്ടതാണെന്നുള്ള കർശന നിർദ്ദേശം നൽകാറുണ്ട്. റോഡ്

കുഴിക്കുന്നതിനുള്ള കാലതാമസംമൂലം നിലവിൽ പ്രവൃത്തികൾ ചെയ്യേണ്ടിവരുന്നതിനാൽ Defect Liability period കഴിയാതെതന്നെ വെട്ടിപ്പൊളിക്കേണ്ട സ്ഥിതിയുണ്ടാകുന്നു. KWA, KSEB, BSNL എന്നീ സർക്കാർ സ്ഥാപനങ്ങൾ ഓരോ വർഷവും നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ മുൻകൂറായി പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചാൽ നവീകരിച്ച റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യം ഒരുപരിധിവരെ ഒഴിവാക്കാൻ കഴിയുന്നതാണ്.

വിവിധ സംവിധാനങ്ങളായ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ., പ്രൈവറ്റ് കേബിൾ ഓപ്പറേറ്റർമാർക്കടക്കം പദ്ധതി നടത്തിപ്പിനായി പൈപ്പിടാൻ റോഡാണ് ആശ്രയം. ഇതിന്റെ ചെലവിനായി വകുപ്പുകളോട് ചോദിക്കാതെ ബഡ്ജറ്റിൽത്തന്നെ തുക വകയിരുത്തിയാൽ പണത്തിനുള്ള കാലതാമസം ഒഴിവാക്കാം. അത് ഭരണപരിഷ്കാരത്തിന്റെ ഭാഗമായി ആലോചിക്കാവുന്നതാണ്. ചട്ടം ലംഘിച്ച് റോഡ് പൊളിക്കുന്ന ഉദ്യോഗസ്ഥർക്കും അതിന് സാഹചര്യമൊരുക്കുന്ന PWD എഞ്ചിനീയർമാർക്കും നഷ്ടോത്തരവാദിത്വം ഉറപ്പാക്കുന്ന ചട്ടമുണ്ടാക്കുന്ന കാര്യം പരിഗണനയിലാണ്.

(12) തലശ്ശേരി-മാഹി പാലം പുതുക്കിപണിയുന്നത് സംബന്ധിച്ച ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി.

ദേശീയപാത 17 (പുതിയ ദേശീയപാത 66) കി.മീ. 184/600-ൽ കണ്ണൂർ ജില്ലയെയും പോണ്ടിച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ മാഹിയെയും ബന്ധിപ്പിക്കുന്ന മയ്യഴി പുഴയ്ക്ക് കുറുകെയുള്ള മാഹി പാലം 1933-ലാണ് ഗതാഗതത്തിന് തുറന്നുകൊടുത്തത്. ഇക്കഴിഞ്ഞ 86 വർഷംകൊണ്ട് വാഹനഗതാഗതത്തിന്റെ പെരുപ്പം വളരെ കൂടുതലാണ്. നിലവിൽ ഇരുചക്ര, നാലുചക്ര വാഹനത്തിനും റൂട്ട് ബസ്സിനും ഉപരിയായി ധാരാളം മൾട്ടി ആക്സിൽ (എൽ.പി.ജി. ടാങ്കർ ലോറികൾ, കണ്ടെയ്നർ ലോറികൾ, ടോറസ്സ് ട്രക്കുകൾ) എന്നിവയും ഈ പാലത്തിലൂടെ ഇപ്പോൾ കടന്നുപോകുന്നുണ്ട്. പാലത്തിന്റെ വീതി (Carriage way) നിലവിൽ 5.50 മീറ്ററാണ്. ആയതിനാൽ വാഹനപ്പെരുപ്പം കാരണം കണ്ണൂരിൽനിന്ന് കോഴിക്കോട് ഭാഗത്തേയ്ക്ക് പോകുന്ന വാഹനങ്ങൾക്ക് നിരന്തരമായ ഗതാഗത തടസ്സം അനുഭവപ്പെടുന്നുണ്ട്. ഇത് പലപ്പോഴും കിലോമീറ്ററോളം നീളാറുണ്ട്. കൂടാതെ മാഹി ഭാഗത്തുള്ള അപ്രോച്ച് റോഡ് പെട്ടെന്നുതന്നെ ഒരു വളവിലേയ്ക്ക് പ്രവേശിക്കുന്നതും ഗതാഗത തടസ്സത്തിന് കാരണമാകാറുണ്ട്.

നിലവിൽ ദേശീയപാത നാലുവരിയാക്കുന്നതിന്റെ ഭാഗമായി തലശ്ശേരി മാഹി ബൈപ്പാസിന്റെ പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടത്തിവരുന്നു. അതിന്റെ ഭാഗമായി മയ്യഴി പുഴയ്ക്കു കുറുകെ പാത്തിക്കൽ എന്ന സ്ഥലത്ത് പുതിയ പാലം വരുന്നുണ്ട്. പ്രസ്തുത സ്ഥലം നിലവിലെ മാഹി പാലത്തിന്റെ അപ്സ്ട്രീമിൽ ഉദ്ദേശം 3 കിലോമീറ്റർ അകലത്തിലാണ്. ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി മാഹി പട്ടണത്തിലെ തിരക്ക് ഒരുപരിധിവരെ കുറയുമെങ്കിലും നിലവിലുള്ള മാഹി പാലത്തിലെ തിരക്ക് കുറച്ച് ഗതാഗതം സുഗമമാക്കണമെങ്കിൽ പ്രസ്തുത പാലം വീതി കൂട്ടുകയോ സമാന്തര പാലം നിർമ്മിക്കുകയോ വേണ്ടതാണ്.

കേരളത്തിലെയും മാഹിയിലെയും ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും മറ്റ് സംഘടനകളുടെയും നിരന്തരമായ ആവശ്യം കണക്കിലെടുത്ത് ഒരു പുതിയ പാലത്തിന്റെയും അതിനുള്ള അപ്രോച്ച് റോഡുകളുടെയും അലൈൻമെന്റ് ഡ്രോയിംഗ് 17-7-2014-ൽ പോണ്ടിച്ചേരി പൊതുമരാമത്ത് വകുപ്പിന് അയച്ചുകൊടുത്തിരുന്നു. അവരുടെ ഭാഗത്തുനിന്ന് വരുത്തിയ മാറ്റങ്ങളോടെയുള്ള അലൈൻമെന്റ് പ്ലാൻ ചീഫ് എഞ്ചിനീയർ (പി.7), റോഡ് ഗതാഗത ഹൈവേ മന്ത്രാലയം, ന്യൂഡൽഹിക്ക് അംഗീകാരത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. ആയതിന് ഇതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല.

നിലവിലുള്ള മാഹി പാലത്തിന് സമാന്തരമായി 7 മീറ്റർ കാര്യേജ് വേയോടുകൂടി സമാന്തരപാലം നിർമ്മിച്ചാൽ മാത്രമേ ഈ ഗതാഗത തടസ്സത്തിന് ശാശ്വത പരിഹാരമാകുകയുള്ളൂ. പുതിയ പാലം നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് ഉൾപ്പെടെ ഉദ്ദേശം 30 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(13) <u>സഹകരണ ബാങ്ക് കളക്ഷൻ ഏജന്റുമാരെ സംബന്ധിച്ച ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.-യുടെ സബ്മിഷന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി.</u>

സംസ്ഥാനത്ത് നിലവിലുള്ള ത്രിതല ഹ്രസ്വകാല സഹകരണ വായ്പാ ഘടന ദ്വിതലമായി പുനഃസംഘടിപ്പിക്കുന്നതിനായി സർക്കാർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള അന്തിമാനുമതി റിസർവ് ബാങ്കിൽനിന്നും ലഭിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുമ്പോൾ ജീവനക്കാരുടെ ഏകീകരണത്തിനായി വ്യക്തവും സുതാര്യവും സ്വീകാര്യവുമായ ഒരു എച്ച്.ആർ. പോളിസി സർക്കാർ

ആവിഷ്കരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിലേയും ജീവനക്കാരുടെ താല്പര്യം സംരക്ഷിക്കുന്ന വിധത്തിലായിരിക്കും പ്രസ്തുത നയം രൂപീകരിക്കുന്നത്.

ജില്ലാ സഹകരണ ബാങ്കുകളിൽ സ്ഥിരം ജീവനക്കാർക്ക് പുറമെ ദിവസ വേതനത്തിലും കോൺട്രാക്ട് വ്യവസ്ഥയിലും കമ്മീഷൻ അടിസ്ഥാനത്തിലും വളരെയധികം ജീവനക്കാർ ജോലിയെടുക്കുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽ കളക്ഷൻ ഏജന്റുമാർ കമ്മീഷൻ വ്യവസ്ഥയിലാണ് പ്രവൃത്തിയെടുക്കുന്നത്. ഇവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾ സർക്കാരിന്റെ 8-11-2019-ലെ 660/2019/സഹ. ഉത്തരവുപ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം 22-6-2019-ലെ സ.ഉ.(എം.എസ്.) 22/2019/സഹ. ഉത്തരവ് നമ്പർ പ്രകാരം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാരുടെ പ്രതിമാസ വേതനം 2,500 (രണ്ടായിരത്തി അഞ്ഞൂറ്) രൂപയിൽനിന്നും 4,000 (നാലായിരം) രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു.

കേരള ബാങ്ക് രൂപീകരണ സമയത്ത് എല്ലാ തരത്തിലുമുള്ള ജീവനക്കാരുടെയും താല്പര്യങ്ങൾ സഹകരണ നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് പരിഹരിച്ച് ലയന നടപടികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(14)<u>കുറ്റനാട് ടേക്ക് എ ബ്രേക്ക് പ്രവർത്തനം സംബന്ധിച്ച ശ്രീ. വി. ടി. ബൽറാം എം.എൽ.എ.-യുടെ സബ്മിഷന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് അത്യാവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതിയാണ് 'ടേക്ക് എ ബ്രേക്ക്'. ആധുനിക ടോയ്ലറ്റ് സൗകര്യങ്ങൾ, കോഫി ഷോപ്പ്, പാർക്കിംഗ് ഏരിയ ഇവയൊക്കെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ളതും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്നതുമായ ഭൂമിയിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. പാലക്കാട് ജില്ലയിൽ ബഹുമാനപ്പെട്ട

അംഗത്തിന്റെ മണ്ഡലത്തിൽ വരുന്ന കുറ്റനാട് പദ്ധതിക്കായി തെരഞ്ഞെടുക്കുകയും 45,97,000 രൂപയ്ക്ക് 2015 ആഗസ്റ്റ് മാസം ഭരണാനുമതി നൽകുകയും ചെയ്തു. കുറ്റനാട് പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതായിരുന്നു. നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പ് പൊതുമരാമത്ത് വകുപ്പിന്റെ NOC വാങ്ങേണ്ടതായിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണം നടത്തുമ്പോൾ ആ വകുപ്പിന്റെ NOC വാങ്ങിയായിരുന്നില്ല നിർമ്മാണം പൂർത്തീകരിച്ചത്. നിർമ്മാണം പൂർത്തിയാക്കി കെട്ടിടനമ്പറിന് അപേക്ഷിച്ചപ്പോൾ PWD-യിൽനിന്നും സ്ഥലത്തിന്റെ NOC ഹാജരാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം നിർദ്ദേശിച്ചു. എന്നാൽ തങ്ങളുടെ അനുവാദമില്ലാതെ പ്രവൃത്തി നടത്തിയതിനാൽ NOC നൽകാൻ PWD തയ്യാറായില്ല. നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് കെട്ടിടനമ്പർ അനുവദിച്ചുതന്നാൽ മാത്രമേ 'ടേക്ക് എ ബ്രേക്ക്' തുറന്നുപ്രവർത്തിപ്പിക്കാൻ ടൂറിസം വകുപ്പിന് കഴിയൂ. ഈ വിഷയം ടൂറിസം വകുപ്പ് പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(15) കോടിക്കൽ ഫിഷ് ലാന്റിംഗ് സെന്റർ സംബന്ധിച്ച ശ്രീ. കെ. ദാസൻ എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി നൽകിയ മറുപടി

തിക്കൊടി-കോടിക്കൽ കടപ്പുറത്ത് 200 മീറ്റർ നീളത്തിൽ ഒരു പുലിമുട്ട് ഉൾപ്പെടെ അത്യാവശ്യംവേണ്ട പശ്ചാത്തല സംവിധാനം ഏർപ്പെടുത്തി ഒരു മത്സ്യബന്ധന കേന്ദ്രം നിർമ്മിക്കുന്നതിനായി 14-4-1999-ലെ ജി.ഒ.(ആർ.റ്റി.) 332/99 നമ്പർ സർക്കാർ ഉത്തരവുപ്രകാരം 49.25 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി. ഇതിലെ പ്രധാന ഘടകമായ പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കാൻ 38 ലക്ഷം രൂപയും സ്ഥലമേറ്റെടുത്ത ഇനത്തിൽ 6.73 ലക്ഷം രൂപയും ചുറ്റുമതിൽ കെട്ടുന്നതിന് 1.72 ലക്ഷം രൂപയുമുൾപ്പെടെ ആകെ 46.45 ലക്ഷം രൂപ ചെലവായി. 2005-ൽ പണി പൂർത്തീകരിച്ചു.

പദ്ധതിയിൽ വിഭാവനംചെയ്തു ശേഷിക്കുന്ന പ്രവൃത്തികളായ ലേലപ്പുര, ലോക്കർ മുറികൾ, ശൗചാലയം, ചുറ്റുമതിൽ, ആന്തരിക റോഡ്, പാർക്കിംഗ് ഏരിയ, സെക്യൂരിറ്റി മുറി, വല റിപ്പയർ ചെയ്യുന്ന ഹാൾ, പുലിമുട്ട്, ജലവിതരണം, സൗരോർജ്ജ വിളക്കുകൾ എന്നിവ FIDF പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി ലഭിക്കുന്നതിന് 421.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പദ്ധതി രൂപരേഖയും ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

കോടിക്കൽ കടപ്പുറത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നുവരികയും ആയതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ജി.ഒ. (ആർ.റ്റി.) നമ്പർ 264/2017/എഫ്.&പി.ഡി. തീയതി 31-3-2017 ഉത്തരവ് പ്രകാരം 88.10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയുമുണ്ടായി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. നിർമ്മാണം നടന്നുവരുന്നതും പൂർത്തീകരിച്ചതുമായ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും വികസനത്തിനുമാണ് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നത്.

(16) <u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സംബന്ധിച്ച ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ അഞ്ചാം വകുപ്പ് പ്രകാരം ആക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ എല്ലാ അധികാരങ്ങളും ഉപയോഗിക്കാനും കാര്യനിർവ്വഹണത്തിന് അതിന്റേതായ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്താനും കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത ആക്ടിലെ 5(6) വകുപ്പ് പ്രകാരം കമ്മീഷന് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്ട്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളുമുണ്ട്. സഹകരണ ബാങ്കുകൾ, ദേശസാൽകൃത-ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെടുത്ത വായ്പകളാണ് കമ്മീഷൻ മുഖ്യമായും പരിഗണിക്കുന്നത്. മത്സ്യത്തൊഴിലാളികൾ വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോ അല്ലാതെ എടുത്തിട്ടുള്ള എല്ലാത്തരം വായ്പകളും കടാശ്വാസത്തിനായി പരിഗണിച്ചുവരുന്നു. 2018-ലെ കേരള മത്സ്യത്തൊഴിലളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് 2018-ലെ 38-ാം ആക്ട് പ്രകാരം മത്സ്യത്തൊഴിലാളികൾ 2008 ഡിസംബർ 31 വരെ എടുത്ത വായ്പകൾകൂടി കടാശ്വാസത്തിനായി പരിഗണിച്ചുവരുന്നു.

2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ആക്റ്റ് (2018– ലെ 38-ാം ആക്റ്റ്) 9 എ വകുപ്പ് പ്രകാരം കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിനായി ടി വകുപ്പ് പ്രകാരം ലഭിച്ച പരാതികൾ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് അടിയന്തരമായി ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരിൽനിന്നും ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തതും മത്സ്യഫെഡ് മുഖേന വായ്പ ലഭിച്ചതും ദേശസാൽകൃത-ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും വായ്പയെടുത്തതും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തതുമായ മത്സ്യത്തൊഴിലാളികളുടെയെല്ലാം അപേക്ഷകൾ കടാശ്വാസത്തിന് അർഹത കണ്ടെത്തി. കടാശ്വാസത്തുക അനുവദിക്കാനായി ശിപാർശചെയ്ത പട്ടികകളിൽ 15-ാം ഘട്ട അർഹത പട്ടിക വരെയുള്ള കടാശ്വാസ തുക സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. കടാശ്വാസം ലഭിക്കാത്ത നിരവധി പരാതികൾ ലഭ്യമായ സാഹചര്യത്തിൽ ഇത്തരം പരാതികളുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും അവരുടെ പ്രശ്നങ്ങൾ ബോധിപ്പിക്കുന്നതിന് ഒരവസരം നൽകുന്നതിനായി കമ്മീഷൻ വിവിധ ജില്ലകളിൽ സിറ്റിംഗ്/അദാലത്ത് നടത്തുകയുണ്ടായി. കമ്മീഷൻ ഇതിനോടകം തീർപ്പാക്കിയ അപേക്ഷകളിൽ അനുവദിച്ച കടാശ്വാസ തുക പലിശക്കണക്കിൽ വരവുവച്ചതും കടാശ്വാസ തുക കടക്കണക്കിൽ ചേർക്കാത്തതും കടാശ്വാസ തുക ലഭിച്ചിട്ടും ഈടാധാരങ്ങൾ തിരികെ നൽകാത്തതും അമിത തുക ഈടാക്കിയതും വായ്പ പുതുക്കിയെന്ന കാരണത്താൽ അർഹതപ്പെട്ട കടാശ്വാസം നിഷേധിച്ചതും സംബന്ധിച്ച് വിവിധതരം പരാതികൾ ലഭിക്കുകയുണ്ടായി. ഇത്തരം കേസ്സുകളിൽ നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ, ധനകാര്യ സ്ഥാപനങ്ങൾ, പരാതിക്കാർ എന്നിവരെ സംയുക്തമായി ഉൾപ്പെടുത്തി അതാത് ജില്ലകളിൽവച്ച് കമ്മീഷൻ നടത്തിയ സിറ്റിംഗുകളിൽ ഹിയറിംഗ് നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പട്ടികകളിൽ കടാശ്വാസ തുക ലഭ്യമാകാത്ത പരാതികൾ കമ്മീഷൻ അതാത് സിറ്റിംഗുകളിൽ പരിഗണിച്ച് അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ 31-12-2007-നുമുമ്പ് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമെടുത്തിട്ടുള്ള കടങ്ങളിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്ത് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിവിധ ഓഫീസുകളിൽ പുരോഗമിച്ചുവരുന്ന വേളയിൽ മൊറട്ടോറിയം ഉത്തരവ് വകവയ്ക്കാതെയും അതിനുവിരുദ്ധമായും തുക ഈടാക്കി അക്കൗണ്ട് തീർപ്പാക്കിയ കേസ്സുകളിൽ തുക അവർക്ക് മടക്കി നൽകേണ്ടതാണെന്നും ഇപ്രകാരം അടച്ച തുകയുടെ രേഖകൾ കടക്കാരൻ ഹാജരാക്കുന്ന മുറയ്ക്ക് മടക്കി നൽകേണ്ട തുക കമ്മീഷൻ തീരുമാനിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യുമ്പോൾ സഹകരണ/ഫിഷറീസ് വകുപ്പ് മുഖേനയോ മറ്റ് രീതിയിലോ കടാശ്വാസ കമ്മീഷൻ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**കാർഷിക കടാശ്വാസ പദ്ധതിപ്രകാരം രണ്ട് ലക്ഷം രൂപ വരെയുള്ള കടാശ്വാസം കർഷകർക്ക് നൽകുന്നതുപോലെ മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസം വർദ്ധിപ്പിക്കണമെന്ന വിഷയം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.**